# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2021 ജൂൺ 8, ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

2032/2021

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖവും മ്യൂസിയവും വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| വ്യവസായവും നിയമവും വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യവും വനിത-ശിശുക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

(1) വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1

(2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 94

**II റൂളിംഗ്**

ചോദ്യത്തിനുള്ള നോട്ടീസിന് അനുമതി നൽകിയതിലെ വീഴ്ച .. 342

**III അടിയന്തരപ്രമേയം**

വനം കൊള്ള

—ശ്രീ. പി. ടി. തോമസ്
(അവതരണാനുമതി നിഷേധിച്ചു) .. 343

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) നിർമ്മാണമേഖലയിലെ പ്രതിസന്ധി

—ശ്രീ. എം. രാജഗോപാലൻ .. 365

(2) യു.ജി.സി. അംഗീകാരം ലഭ്യമാക്കൽ

—പ്രൊ. ആബിദ് ഹുസൈൻ തങ്ങൾ .. 368

**V സബ്മിഷൻ**

(1) വായ്പാ കുടിശ്ശിക തിരിച്ചടവ്

—പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) .. 372

(2) കിഫ്ബി ലാൻഡ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം

—ശ്രീമതി സി. കെ. ആശ .. 374

(3) കടൽഭിത്തി നിർമ്മാണം

—ശ്രീ. വി. ജോയി .. 376

(4) വന്യമൃഗശല്യം

—ശ്രീ. എ. പി. അനിൽ കുമാർ .. 378

(5) ഭൂമി ഏറ്റെടുക്കൽ

—ഡോ. സുജിത് വിജയൻപിള്ള .. 380

(6) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം

—ശ്രീ. ഡി. കെ. മുരളി .. 382

(7) മുണ്ടൂർ-ഉത റോഡ് നിർമ്മാണം

—ശ്രീമതി ശാന്തകുമാരി കെ. .. 383

(8) മുളന്തുരുത്തി ആർ. ഒ. ബി. യുടെ അപ്രോച്ച് റോഡ്

—ശ്രീ. അനൂപ് ജേക്കബ് .. 384

(9) ഞാവളിങ്കടവ് പാലം നിർമ്മാണം

—ശ്രീ. പി. പി. സുമോദ് .. 386

(10) വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

—ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി .. 386

**VI ക്രമപ്രശ്നം**

(1) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട്

—ശ്രീ. സി. ആർ. മഹേഷ് .. 388

(2) നിയമസഭാ ചട്ടങ്ങളുടെ മലയാളം തർജ്ജമ

—ശ്രീ. എ. പി. അനിൽ കുമാർ .. 389

**റൂളിംഗ്** .. 391

**VII ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച .. 392

**അനുബന്ധം** .. 476

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2021 ജൂൺ 8, ചൊവ്വ*

വാല്യം 184] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2021 ജൂൺ മാസം 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ :- ഓർഡർ.......ഓർഡർ......ചോദ്യം നമ്പർ *31

### കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി

1 (*31) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പ്രാഥമിക പ്രവൃത്തികൾ ആരംഭിച്ച കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ട പ്രവർത്തനം നടത്തുമോ;

(ബി) വ്യവസായ ഇടനാഴിയിൽ പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാർ തുടങ്ങിവച്ച ഭൂമി ഏറ്റെടുക്കൽ കാര്യക്ഷമമാക്കാൻ നടപടിയുണ്ടാകുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചിട്ടുള്ള ആലുവ ഗിഫ്റ്റ് സിറ്റിയുടെ വിശദാംശം അറിയിക്കുമോ?

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരമൊരുക്കും. കൊച്ചി-ബംഗളൂരു ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. കിൻഫ്രയും വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) ചേർന്ന് സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാരും NICDIT-ഉം കിൻഫ്രയും തമ്മിലുള്ള State Support Agreement (SSA), NICDIT-ഉം കിൻഫ്രയും തമ്മിലുള്ള Share Holders Agreement (SHA) എന്നിവ 2020 ഒക്ടോബർ 22-ന് ഒപ്പുവച്ചു. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം NICDIT-ന്റെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Pupose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി 4-2-2021-ലെ G.O.(Ms)No.23/2021/ID ഉത്തരവ് പ്രകാരം കിൻഫ്രയുടെ നേതൃത്വത്തിൽ "The Kerala Industrial Corridor Development Corporation Ltd.” എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കൊച്ചിയിൽ Global Industrial Finance and Trade City (GIFT City) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ രണ്ടു പദ്ധതികൾക്കുവേണ്ടിയുള്ള ഭൂമി കണ്ടെത്തുകയും ഏറ്റെടുക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(ബി) കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി

ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലക്കാട് ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. 2021 ഡിസംബറോടുകൂടി ഭൂമി ഏറ്റെടുക്കാൻവേണ്ട നടപടികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) വ്യവസായ ഇടനാഴിയുടെ ഭാഗമായി വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് Global Industrial Finance and Trade City (GIFT City). അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ, ഐ.ടി. കോംപ്ലക്സുകൾ, പാർപ്പിട സമുച്ചയങ്ങൾ, കൺവെൻഷൻ സെന്ററുകൾ, വ്യവസായ ടൗൺഷിപ്പ് എന്നിവയുൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഗിഫ്റ്റ് സിറ്റി. വികസിപ്പിച്ച റോഡുകൾ, ടൗൺഷിപ്പ്, മാലിന്യ സംസ്കരണം, സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം, വൈദ്യുതി വിതരണം, ജലവിതരണം ഇവയെല്ലാമുൾപ്പെടുത്തി ഒരു മെഗാ ടൗൺഷിപ്പ് എന്ന രീതിയിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഇതുവഴി പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ 3000 കോടി രൂപയുടെ നിക്ഷേപവും 10000-ത്തോളം ആളുകൾക്ക് നേരിട്ടുള്ള തൊഴിലവസരങ്ങളും 20000-ത്തോളം പരോക്ഷമായ തൊഴിലവസരങ്ങളും അഞ്ച് വർഷത്തിനുള്ളിൽ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 ഹെക്ടർ (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യാഘാത പഠനം പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പബ്ലിക്ക് ഹിയറിംഗ് നിശ്ചയിച്ചിരുന്നെങ്കിലും കോവിഡ് പ്രതിസന്ധി കാരണം ഹിയറിംഗ് മാറ്റിവച്ചിരിക്കുകയാണ്. എന്നിരുന്നാലും ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: സർ, കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴിയിൽ വരുന്ന പെട്രോകെമിക്കൽസ് യൂണിറ്റ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യുകയും എഫ്.എ.സി.ടി. വക 418 ഏക്കർ സ്ഥലം കിൻഫ്ര ഏറ്റെടുത്ത് വ്യവസായികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനാണ് ഉദ്ഘാടനം നിർവ്വഹിച്ചത്. കിൻഫ്ര നൽകുന്ന ഭൂമിക്ക് സാധാരണഗതിയിൽ അഞ്ചുവർഷം തിരിച്ചടവില്ല. എന്നാൽ ഈ ഭൂമിക്ക് ഏക്കറിന് 1,87,000 രൂപയാണ് തിരിച്ചടവ്. കേരളത്തിനുപുറത്ത് പെട്രോകെമിക്കൽസ് റോ മെറ്റീരിയൽ വ്യവസായം നടത്തുന്നവർക്ക് ധാരാളം ഇളവുകളുണ്ട്. ഈ മേഖലയിലേയ്ക്ക് കേരളത്തിലെ വ്യവസായികളെ

ആകർഷിക്കാനും നിലനിർത്താനും കേരളത്തെ നിക്ഷേപ സൗഹൃദമാക്കാനും എന്തെല്ലാം നടപടികളാണ് സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്രസ്തുത ചോദ്യം ഇതുമായി ബന്ധപ്പെട്ടതല്ല. വ്യവസായികളെ ആകർഷിക്കാനും സംസ്ഥാനത്തേയ്ക്ക് ഇൻവെസ്റ്റ്മെന്റ് കൊണ്ടു വരാനുമുള്ള എല്ലാ സംവിധാനങ്ങളുമൊരുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതുപോലെ കേരളത്തിൽ വ്യവസായ വളർച്ചയുണ്ടാക്കിയെടുക്കാനുള്ള ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: സർ, കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴിയിൽ മറ്റ് പഞ്ചായത്തുകൾകൂടി കൂട്ടിച്ചേർക്കാൻ കഴിയുമോ? അതായത് കിൻഫ്രയ്ക്ക് മറ്റ് വ്യവസായ ആവശ്യങ്ങൾക്ക് സ്ഥലം നൽകുന്നതിന് ചില പരിമിതികളുണ്ടെന്ന് മനസ്സിലാക്കുകയും വ്യാപാരത്തിന്റെ പ്രധാന കേന്ദ്രമായ International Container Transhipment Terminal (ICTT) ഉൾപ്പെടെയുള്ള വലിയ വികസന സാധ്യതയുള്ള പ്രദേശത്തെ പഞ്ചായത്തുകൾകൂടി ഇതിൽ കൂട്ടിച്ചേർക്കാനുള്ള സാധ്യതയുണ്ടോ; അതിന് കഴിയുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഈ പദ്ധതിയിൽ ഓരോ ജില്ലയിലും ഏതെങ്കിലുമൊരു സ്ഥലത്ത് സ്ഥലം കിട്ടിയിട്ട് കാര്യമില്ല. നാഷണൽ ഹൈവേയുടെ ഓരം ചേർന്ന് സ്ഥലം കിട്ടിയാൽ മാത്രമേ അത് പ്രയോജനപ്പെടുത്താൻ കഴിയുകയുള്ളൂ. ഇതൊരു ക്ലസ്റ്ററായാണ് പ്രവർത്തിക്കുന്നത്. റിമോട്ട് ഏരിയയിൽ സ്ഥലം ലഭിച്ചാൽ ആരംഭിക്കാൻ പ്രയാസമുണ്ടാകുമെന്നതിനാൽ അതിന്റെ സാധ്യതകൾ പരിശോധിച്ച് യോഗ്യമാണെങ്കിൽ ആ സ്ഥലം ഏറ്റെടുക്കാവുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, വ്യവസായ ഇടനാഴിയുമായി ബന്ധപ്പെട്ട് പാലക്കാടും അയ്യമ്പുഴയിലുമാണ് ഭൂമി കണ്ടെത്തിയിട്ടുള്ളതെന്ന് പറയുകയുണ്ടായി. ഭൂമി കണ്ടെത്തി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതോടുകൂടി manufacturing hub ആയി പാലക്കാട്-കൊച്ചി വരെയുള്ള പ്രദേശങ്ങൾ മാറുകയും അതിന്റെ ഭാഗമായി തൊഴിലവസരങ്ങൾ ലഭ്യമാകുകയും ചെയ്യുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടൊരു മേഖലയാണ് തൃശ്ശൂർ. ദേശീയപാതയും വിമാനത്താവളത്തിന്റെ സാമീപ്യവും റെയിൽ സൗകര്യവുമുള്ള തൃശ്ശൂർ ജില്ലയിൽ ഈ വ്യവസായ ഇടനാഴിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കൊച്ചിയും പാലക്കാടുമാണ് പ്രസ്തുത കോറിഡോറിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ. അതിനിടയിലാണ് തൃശ്ശൂർ വരുന്നത്.

ഇപ്പോഴത്തെ സ്ഥിതിയിൽ തൃശ്ശൂരിൽ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തൃശ്ശൂരിലും ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ബഹുമാന്യനായ മന്ത്രി ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ മറുപടി നൽകിക്കഴിഞ്ഞു. കേരളത്തിൽ പൊതുവായും അതുപോലെ പാലക്കാടുൾപ്പെടെയുള്ള പ്രദേശങ്ങളുടെ വ്യാവസായിക കുതിപ്പിനും വളരെ സഹായകരമായ ഒരു പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ചെന്നൈ-ബംഗളൂരു വ്യവസായ ഇടനാഴിയാണ് മദർ സംവിധാനം. അതിന്റെ ഭാഗമായാണ് കൊച്ചി-പാലക്കാട് ഇടനാഴി പ്രോജക്ട് വരുന്നത്. കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി പ്രോജക്ട് നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് കമ്പനി രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് പറഞ്ഞതിൽ വ്യക്തത വരുത്തിയാൽ നന്നായിരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തം എത്ര ശതമാനം വീതമാണ്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സംസ്ഥാന ഗവൺമെന്റിന്റെ 50 ശതമാനവും NICDIT-ന്റെ 50 ശതമാനവും പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി The Kerala Industrial Corridor Development Corporation Limited എന്ന കമ്പനിയും രൂപീകരിച്ചിട്ടുണ്ട്. ഇത് കേരളത്തിലെ വ്യവസായ വികസനത്തിന് തീർച്ചയായും ഏറെ പ്രയോജനം ചെയ്യുമെന്നാണ് കരുതുന്നത്. തമിഴ്നാട്-ബംഗളൂരു പദ്ധതിയായായാണ് ഇത് നേരത്തെ തുടങ്ങിയതെങ്കിലും പിന്നീടാണ് കൊച്ചിയിൽനിന്ന് പാലക്കാടുവരെ എക്സ്റ്റന്റ് ചെയ്യാൻ തീരുമാനിച്ചത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, കേരളത്തിന്റെ വ്യാവസായിക സാമ്പത്തിക മേഖലയിൽ ഒരു നാഴികക്കല്ലാകുന്നതാണ് കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി. അതിൽ പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കുമെന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു. ഈ വ്യവസായ ഇടനാഴിയിൽ ഏതെല്ലാം വ്യവസായ സംരംഭങ്ങൾക്കാണ് ഏറ്റവും കൂടുതൽ ഊന്നൽ കൊടുക്കുന്നതെന്ന് അറിയിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അത് ഏതൊക്കെയാണെന്ന് കൃത്യമായിട്ടിപ്പോൾ പറയുന്നില്ല. ഏത് വ്യവസായ സംരംഭകർക്കും ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കാനാണ് ലക്ഷ്യമിടുന്നത്. തീർച്ചയായും വ്യത്യസ്ത വ്യവസായ സ്ഥാപനങ്ങൾ, വാണിജ്യ സ്ഥാപനങ്ങൾ അതെല്ലാം ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഇതിന്റെ ഭാഗമായി കൊച്ചിയിൽ Global Industrial Finance and Trade City (GIFT City) കൊണ്ടുവരുമെന്ന് പറഞ്ഞു. അതുപോലെതന്നെ നോളജ് ബേസ്ഡായ ടൗൺഷിപ്പും സിറ്റിയും കൊണ്ടുവരാനുള്ള എല്ലാ സാധ്യതകളും പാലക്കാടും പരിശോധിക്കാവുന്നതാണ്. കേന്ദ്ര ഗവൺമെന്റ് റെയിൽവേ കോച്ച് ഫാക്ടറിക്കുവേണ്ടി ഏറ്റെടുത്ത 200 ഏക്കർ സ്ഥലത്ത് നാളിതുവരെയും ഫാക്ടറി തുടങ്ങുന്നതിനെ സംബന്ധിച്ച് ഒരു സൂചനപോലും തരാതിരിക്കുകയും ടി സ്ഥലം കഴിഞ്ഞ ഒരു ദശകമായി വേസ്റ്റായി ക്കൊണ്ടിരിക്കുകയുമാണ്. ഈയൊരു സാഹചര്യത്തിൽ അതിനേക്കാൾ കൂടുതൽ തൊഴിലവസരങ്ങളും നാടിന് കൂടുതൽ പുരോഗതിയുമുണ്ടാക്കാൻ കഴിയുന്നൊരു പ്രോജക്ട് ഈ ഇടനാഴിയുടെ ഭാഗമായി ആരംഭിച്ച് ആ സ്ഥലം ഉപയോഗപ്പെടുത്താൻ കഴിയുമോയെന്ന് സർക്കാർ പരിശോധിക്കണം. കഞ്ചിക്കോട് റെയിൽവേ സ്റ്റേഷനെ ഇടനാഴിയുടെ ഭാഗമായി ഡെവലപ്പ് ചെയ്യേണ്ടതും വളരെ അനിവാര്യമാണ്. കേരളത്തിന്റെ ഉൽപ്പന്നങ്ങൾ കേരളത്തിന് പുറത്തേയ്ക്ക് കൊണ്ടുപോകാനും തിരിച്ച് ഉൽപ്പന്നങ്ങൾ കൊണ്ടുവരാനുമുള്ള ട്രാൻസ്പോർട്ടേഷൻ കാര്യങ്ങൾക്ക് മാത്രമായി (ഒരു ലോജിസ്റ്റിക് ഹബ്ബായി) കഞ്ചിക്കോടിനെ വികസിപ്പിക്കാനുള്ള നടപടിക്ക് സർക്കാർ നേതൃത്വം നൽകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങൾ ആലോചിക്കാവുന്നതാണ്. ഇവിടെ റെയിൽവേ കോച്ച് ഫാക്ടറി നൽകാമെന്ന് തീരുമാനിച്ചിട്ട് ഒരുപാട് കാലമായെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കഞ്ചിക്കോട് പൊതുവേ വ്യവസായ വികസനത്തിന് നല്ല സാധ്യതയുള്ള സ്ഥലമാണ്. കേരളത്തിന്റെ വ്യവസായ സാധ്യതകൾക്ക് എന്തെല്ലാം ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യുന്നതിനുവേണ്ടിയാണ് ഇത്തരം പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുവന്നിരിക്കുന്നത്. തീർച്ചയായും അങ്ങ് പറഞ്ഞ കാര്യം കൂടി പരിഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിന് ശ്രമിക്കുന്നതാണ്.

ശ്രീ. എ. പ്രഭാകരൻ: സർ, എനിക്ക് രണ്ട് കാര്യങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഒന്ന്, കഞ്ചിക്കോട് കോച്ച് ഫാക്ടറിക്കായി 439 ഏക്കർ സ്ഥലമാണ് എടുത്തിട്ടുള്ളത്. ആ സ്ഥലം നമ്മൾ ഏതെങ്കിലും രീതിയിൽ വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും ഉചിതം. ഇപ്പോൾ കാട്ടാനകളും പുലികളും അവിടെ വിഹരിക്കുന്നത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടായിരിക്കുകയാണ്. രണ്ട്, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് വില്ലേജുകളിൽ കിൻഫ്ര ഏറ്റെടുക്കുന്നുവെന്ന് പറഞ്ഞ് സ്ഥലം ഫ്രീസ് ചെയ്തിരിക്കുകയാണ്. ഇതുമൂലം ആളുകൾക്ക് ഒരാവശ്യത്തിന് ലോണെടുക്കാൻപോലും സാധിക്കാതിരിക്കുകയാണ്. അതുകൊണ്ട് പെട്ടെന്നുതന്നെ സ്ഥലം ഏറ്റെടുക്കാനുള്ള സംവിധാനമുണ്ടാക്കി സാധാരണ ജനങ്ങൾക്കുകൂടി സഹായകമാകുന്ന നിലപാട് സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സ്ഥലം ഏറ്റെടുക്കുന്ന കാര്യം ത്വരിതപ്പെടുത്താനായി പാലക്കാട് റവന്യൂ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും. കഞ്ചിക്കോടിന്റെ വ്യവസായ വികസനത്തിനുള്ള പ്രത്യേക ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഗിഫ്റ്റ് സിറ്റിക്കായി കണ്ടെത്തിയ സ്ഥലം അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലാണ്. അവിടെ ഭൂമിയേറ്റെടുക്കൽ നടപടി പുരോഗമിക്കുകയാണ്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ജനവാസ മേഖലകളിലെ ജനങ്ങളെ വിശ്വാസത്തിലെടുക്കാതെ അവരെ കുടിയൊഴിപ്പിക്കാനുള്ള ശ്രമം നടക്കുന്നുവെന്നൊരുതോന്നൽ ജനങ്ങളിലുണ്ടായതിന്റെ ഫലമായി അതിനെതിരെ സമരസമിതി രൂപീകരിച്ച് കഴിഞ്ഞ കുറേ നാളുകളായി സമരം നടന്നുവരികയാണ്. അത്തരത്തിലുള്ള പ്രതിഷേധത്തിന്റെ ഭാഗമായാണ് പബ്ലിക് ഹിയറിംഗ് പോലും മാറ്റിവയ്ക്കേണ്ട സാഹചര്യമുണ്ടായത്. പരിസ്ഥിതിക്കിണങ്ങുന്ന അല്ലെങ്കിൽ നാടിനുതകുന്ന എല്ലാ വ്യവസായങ്ങളെയും നമ്മൾ സ്വാഗതം ചെയ്യുന്നു. നമ്മളാരും അതിനെതിരല്ല. നമ്മുടെ നാടിന് വളർച്ചയുണ്ടാകണം. പക്ഷേ അവിടെ ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നൊരു കാര്യം, ടി പദ്ധതിക്ക് സമീപത്തായി റവന്യൂ പുറമ്പോക്ക് ഉൾപ്പെടെയുള്ള ഭൂമി ആവശ്യാനുസരണം ലഭ്യമാണെന്നിരിക്കെ അത് പരിഗണിക്കാതെ ജനവാസ മേഖലകൾ തെരഞ്ഞെടുത്തിരിക്കുന്നു അല്ലെങ്കിൽ ജനങ്ങളെ കുടിയിറക്കുന്നുവെന്നതാണ്. ഇക്കാര്യം സംബന്ധിച്ച് ജനങ്ങളും സമര സമിതിയിലെ പ്രതിനിധികളുമുൾപ്പെടെയുള്ളവർ ബഹുമാനപ്പെട്ട മുൻ വ്യവസായ വകുപ്പുമന്ത്രിക്ക് നിവേദനം നൽകിയെങ്കിലും തുടർനടപടികളൊന്നും ഉണ്ടായില്ല. ഈ വിഷയം സർക്കാർ ഗൗരവമായി പരിശോധിക്കുമോ? ആളുകളെ കുടിയിറക്കാതെ, ആവശ്യമായ റവന്യൂ പുറമ്പോക്ക് ഭൂമി അവിടെയുണ്ടെന്ന കാര്യം പരിശോധിച്ച് അത് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ; ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ ഇത്തരം പദ്ധതികളുമായി മുന്നോട്ടുപോകാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, അയ്യമ്പുഴയിലെ 543 ഏക്കർ ഭൂമി ഏറ്റെടുക്കാൻവേണ്ടി സ്ഥലം കണ്ടെത്തിയ കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പബ്ലിക് ഹിയറിംഗ് കോവിഡിന്റെ പശ്ചാത്തലത്തിലാണ് നടത്താൻ കഴിയാതെ പോയത്. എല്ലാ ജനങ്ങളെയും വിശ്വാസത്തിലെടുത്തുകൊണ്ട് വ്യവസായ വികസനം മുന്നോട്ടു കൊണ്ടുപോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. ബാലചന്ദ്രൻ: നിലവിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പല വ്യക്തിഗത സംരംഭങ്ങളും സിക്ക് യൂണിറ്റുകളായി മാറിക്കഴിഞ്ഞിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലെ പല യൂണിറ്റുകളും ഇന്ന് പ്രത്യേകിച്ച് ഈ കോവിഡിന്റെ കാലത്ത് സിക്കായി മാറിക്കൊണ്ടിരിക്കുകയാണ്. ഇത്തരം സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കാൻ സർക്കാരിന് എന്തെങ്കിലും അടിയന്തര പദ്ധതികൾക്ക് ആലോചനയുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കേരളത്തിലെ പല വ്യവസായ യൂണിറ്റുകളും പ്രത്യേകിച്ചും പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലത്തിൽ അതിന് വേഗത വർദ്ധിക്കുന്നില്ലെന്നത് എല്ലാവർക്കുമറിയാം. തീർച്ചയായും കേരളത്തിന്റെ വ്യവസായ വികസനത്തിന്, അതുപോലെ ഇപ്പോൾ പ്രവർത്തനരഹിതമായിക്കിടക്കുന്ന വ്യവസായ യൂണിറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നതാണ്.

മി. സ്പീക്കർ: *32-ാം നമ്പർ ചോദ്യവുമായി *53-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട അംഗം ശ്രീ. ഐ. സി. ബാലകൃഷ്ണൻ നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് രണ്ടു ചോദ്യത്തിനും ഒരുമിച്ച് ഉത്തരം പറയാവുന്നതാണ്.

**സാമ്പത്തിക അച്ചടക്കം**

2 (*32) ശ്രീ. പി. ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ടി. സിദ്ദിഖ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സാമ്പത്തിക അച്ചടക്കം പാലിക്കാതിരുന്നതും നികുതി പിരിവിലുണ്ടായ വീഴ്ചയും ജി.എസ്.ടി. വരുമാനത്തിലുണ്ടായ ഇടിവും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) മുൻ സർക്കാരിന്റെ അവസാന കാലത്ത് പത്ര-ദൃശ്യമാധ്യമങ്ങൾ വഴി കോടിക്കണക്കിന് രൂപയുടെ പരസ്യങ്ങൾ നൽകിയതിലൂടെ സംസ്ഥാനത്തിന്റെ ഖജനാവ് കൂടുതൽ ശുഷ്കമാകുന്നതിന് ഇടയായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) ചെലവ് ചുരുക്കാൻ മുൻസർക്കാർ പ്രഖ്യാപിച്ച പദ്ധതികൾ വിജയപ്രദമായിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ഡി) 1957 മുതൽ 2016 വരെ സംസ്ഥാനം ഭരിച്ച എല്ലാ സർക്കാരുകളും കൂടി വാങ്ങിയതിനേക്കാൾ അധികം കടം 2016-21 കാലഘട്ടത്തിലെ സർക്കാർ വാങ്ങിയിട്ടുണ്ടോ; ഇത് നമ്മുടെ സമ്പദ് വ്യവസ്ഥയെ എപ്രകാരം ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) തകർച്ചയിലായ സമ്പദ് വ്യവസ്ഥയെ അനാവശ്യ ധൂർത്തും ആർഭാടവും കുറച്ചും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും രക്ഷപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്;

(എഫ്) നിലവിലെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) ഇല്ല. കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2020-21-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. ജി.എസ്.ഡി.പി.-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ

പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22-ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചെങ്കിലും ഉയർന്ന കോവിഡ്-19 കേസ്സുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്.

(ബി) ഇടയായിട്ടില്ല. സർക്കാരിന്റെ നയങ്ങളും പ്രവർത്തന പരിപാടികളും പൂർത്തീകരിച്ച വികസന ലക്ഷ്യങ്ങളും പൊതുജനങ്ങളെ അറിയിക്കുകയെന്ന ജനാധിപത്യ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ ഇക്കാര്യത്തിൽ മുൻസർക്കാർ സ്വീകരിച്ചിട്ടുള്ളൂ.

(സി) സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന മുൻ സർക്കാരിന്റെ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധയിനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 5-11-2020-ലെ സ.ഉ.(അ)നമ്പർ 152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധങ്ങളായ കാരണങ്ങളാൽ സംജാതമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങൾ അഭംഗുരം നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളത് മുൻസർക്കാർ നടപ്പിലാക്കിയിട്ടുള്ള വ്യയനിയന്ത്രണ നടപടികളുടെ വിജയം കൂടിയാണ്.

(ഡി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പുപരിധി GSDP-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര സർക്കാർ നിശ്ചയിച്ചുനൽകിയിട്ടുള്ള സംസ്ഥാനത്തിന്റെ അനുവദനീയ കടമെടുപ്പ് പരിധിക്കുള്ളിൽനിന്നുകൊണ്ടാണ് സംസ്ഥാനം കടമെടുക്കുന്നത്. മേൽപ്പറഞ്ഞ പരിധിക്കുള്ളിൽനിന്നുകൊണ്ടു തന്നെയാണ് സംസ്ഥാനം 2016-2021 കാലഘട്ടത്തിൽ കടമെടുപ്പ് നടത്തിയിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാ പരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പ കേന്ദ്രസർക്കാർ

സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാ പരിധിയ്ക്കുപുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 1% ഉപാധികളില്ലാതെയും 1% (0.25% വീതം) താഴെപ്പറയുന്ന സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയോടെയുമാണ് നൽകിയിരുന്നത്.

1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ.
2. ബിസിനസ്സ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക.
3. തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ.
4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ.

മേൽ പരിഷ്കാരങ്ങളെല്ലാം സംസ്ഥാനം നടപ്പിലാക്കുകയും അധിക വായ്പ പൂർണ്ണമായും നേടുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക മാന്ദ്യവും കോവിഡ് മഹാമാരിയും സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും സൃഷ്ടിച്ച ആഘാതം അധിക വായ്പയിലൂടെയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുമാണ് ഒരു പരിധിവരെ മറികടക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുള്ളത്.

(ഇ) കോവിഡിന്റെ അങ്ങേയറ്റം ദുഷ്കരമായ ഈ പ്രതിസന്ധി ഘട്ടത്തിൽ പ്രത്യേകിച്ച് സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകൾ ഏതാണ്ട് പൂർണ്ണമായി അടഞ്ഞിരിക്കുന്ന പശ്ചാത്തലത്തിലും സാമൂഹ്യക്ഷേമ, വികസന ചെലവുകളിൽ പരമാവധി വർദ്ധനവ് വരുത്തി സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനവും ആരോഗ്യ സംരക്ഷണവും സാധാരണ ജനജീവിതവും ഉറപ്പുവരുത്തുക എന്ന സമീപനമാണ് സർക്കാർ വിഭാവന ചെയ്തിട്ടുള്ളത്. ഇതോടൊപ്പം അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനും ഊർജ്ജിതപ്പെടുത്തുന്നതിനും മുൻസർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ച സർക്കാർ വിഭാവന ചെയ്തിട്ടുണ്ട്. അതേസമയം മഹാമാരിയുടെ പശ്ചാത്തലത്തിൽ സമസ്ത മേഖലകളും ദുരിതമനുഭവിക്കുന്ന ഈ ഘട്ടത്തിൽ പ്രധാന നികുതി, നികുതിയേതര ഇനങ്ങളിൽ വർദ്ധനവ് വരുത്തുവാൻ സർക്കാർ നിലവിൽ ഉദ്ദേശിക്കുന്നില്ല.

(എഫ്) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കേണ്ട സാഹചര്യം നിലവിലില്ല.

3 (*53) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്നുവെന്നത് വസ്തുതയല്ലേ; അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; ഇത് കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രം വായ്പാ പരിധി അഞ്ച് ശതമാനമായി ഉയർത്തിയത് നിലവിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് സഹായകമാകുമെന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് ധനദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുവാൻ സാധ്യതയുണ്ട്.

(ബി&സി) കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ നയങ്ങളുടെയും സംസ്ഥാന സർക്കാരിനോട് പുലർത്തുന്ന വിവേചനപരമായ സമീപനത്തിന്റെയും കൂടി ഫലമായി സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും

നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിനിന്നുകൊണ്ടും തരണം ചെയ്യാനാണ് മുൻസർക്കാർ ശ്രമിച്ചത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിരുന്നു.

1. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനെസ്റ്റി സ്കീമുകൾ ബഡ്ജറ്റുകളിലൂടെ നടപ്പിലാക്കി.

2. റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തി.

3. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിണിയും പരിശോധനകളും ശക്തമാക്കി.

4. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

5. വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചു.

6. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു.

പ്രതിസന്ധി ഘട്ടങ്ങളിലും വികസന ക്ഷേമ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ മുന്നോട്ടുകൊണ്ടുപോകാൻ സാധിച്ചത് നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച പ്രവർത്തനങ്ങളുടെ വിജയം കൂടിയാണ്.

(ഡി) 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയായി 27,130 കോടി രൂപയാണ് (ജിഎസ്ഡിപി-യുടെ 3%) കേന്ദ്രസർക്കാർ നിശ്ചയിച്ച് നൽകിയിരുന്നത്. എന്നാൽ കോവിഡ്-19 മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ് വ്യവസ്ഥയ്ക്കും വരുമാന സ്രോതസ്സിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ വാർഷിക വായ്പാപരിധി ജി.എസ്.ഡി.പി.-യുടെ 3 ശതമാനത്തിൽനിന്ന് 5 ശതമാനമായി വർദ്ധിപ്പിച്ചുനൽകിയിരുന്നു. ഇതുപ്രകാരം സംസ്ഥാനത്തിന് രണ്ടുശതമാനം അധിക വായ്പയായി ഏകദേശം 18,087 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ അധിക വായ്പയിൽ ഒരു ശതമാനം ഉപാധികളില്ലാതെയും ഒരു ശതമാനം (0.25% വീതം) താഴെപ്പറയുന്ന

സംസ്ഥാനതല പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന വ്യവസ്ഥയോടെയുമാണ് നൽകിയിരുന്നത്.

1. 'ഒരു രാജ്യം ഒരു റേഷൻ കാർഡ് സംവിധാനം' നടപ്പിലാക്കൽ.
2. ബിസിനസ്സ് സുഗമമാക്കുന്നതിന് ജില്ലാ തലത്തിലും ലൈസൻസിംഗ് സംവിധാനത്തിലും പരിഷ്കാരങ്ങൾ നടപ്പിലാക്കുക.
3. തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പരിഷ്കാരങ്ങൾ.
4. ഊർജ്ജ മേഖലയിലെ പരിഷ്കാരങ്ങൾ.

പ്രസ്തുത പരിഷ്കാരങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ നടപ്പിലാക്കിക്കൊണ്ട് അധിക വായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം അധിക വായ്പയെടുത്തുകൊണ്ട് ആരോഗ്യരംഗത്തുൾപ്പെടെ, ഉയർന്ന പദ്ധതിച്ചെലവും സാമൂഹ്യമേഖലാ ചെലവും കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്കും സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനും കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം അധിക വായ്പയിലൂടെയും മറ്റ് ചെലവ് ചുരുക്കൽ നടപടികളിലൂടെയും ഒരു പരിധിവരെ ലഘൂകരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങയുടെ 'സി' ഉത്തരത്തിൽ പറഞ്ഞിരിക്കുന്നത് ധൂർത്ത് അവസാനിപ്പിക്കാൻ (കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കലടക്കം) ധാരാളം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നാണ്. ക്ലിഫ് ഹൗസിന്റെ മോടിപിടിപ്പിക്കലിനുവേണ്ടി 92 ലക്ഷം രൂപ ചെലവഴിച്ച് നടപടിയാരംഭിച്ചു എന്നാണ് മാധ്യമവാർത്ത. ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. വി. എസ് അച്ചുതാനന്ദന്റെ ഇരട്ടപ്പദവിയെന്ന ഡിസ്ക്വാളിഫിക്കേഷൻ ഒഴിവാക്കാൻ വേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തിയാണ് അദ്ദേഹത്തെ ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായി നിയോഗിച്ചത്. 13 റിപ്പോർട്ടുകൾ അദ്ദേഹം സമർപ്പിച്ചു. ആ കമ്മീഷന്റെ പ്രവർത്തനത്തിനായി 10.80 കോടി രൂപ ചെലവഴിച്ചുവെന്നാണ് വിവരാവകാശ നിയമപ്രകാരമുള്ള കണക്ക്. ഇതിലേതെങ്കിലും ഒരു റിപ്പോർട്ടിന്റെ അറ്റമോ മൂലയോ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ? സാമ്പത്തിക അച്ചടക്കമെന്ന് പറഞ്ഞ് ഭരണപരിഷ്കാര കമ്മീഷൻ മുന്നോട്ടുവച്ച 13 റിപ്പോർട്ടുകളിൽ ഒന്നുപോലും

നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല. നിയമപരിഷ്കരണ കമ്മീഷൻ 11 റിപ്പോർട്ടുകൾ സമർപ്പിച്ചു. അതും ഒന്നുപോലും പരിഗണിക്കുന്നില്ല. അതോടൊപ്പംതന്നെ ഏകദേശം .....(ബഹളം...) എനിക്ക് സ്വതന്ത്രമായും നിർഭയമായും സംസാരിക്കാൻ അവസരമുണ്ടാകണം.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ്, അങ്ങ് ചോദിക്കൂ...

ശ്രീ. പി. ടി. തോമസ്: സർ, എന്നാൽപ്പിന്നെ ഈ തടസ്സങ്ങൾ അങ്ങ് ഒഴിവാക്കി തരൂ... ഇതൊക്കെ ഞങ്ങൾക്ക് അറിയാത്തതുകൊണ്ടാണോ?

മി. സ്പീക്കർ: ചോദ്യം ചുരുക്കി ചോദിക്കൂ...

ശ്രീ. പി. ടി. തോമസ്: സർ, സാമ്പത്തിക അച്ചടക്കം പാലിക്കുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയും കോടാനുകോടി രൂപയുടെ അധികച്ചെലവും മോടിപിടിപ്പിക്കലും തകൃതിയായി നടക്കുകയും ചെയ്യുന്നതെങ്ങനെ യോജിച്ചു പോകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, യഥാർത്ഥത്തിൽ ചോദ്യവുമായി ചേരുന്ന ഉപചോദ്യമല്ലെങ്കിലും, സർക്കാരിന്റെ പത്തും നൂറും നൂറ്റിയിരുപതും ഇരുനൂറും വർഷങ്ങൾ പുരാതനമായ കെട്ടിടങ്ങൾ പലതും നാശോന്മുഖമായതിനെ റിപ്പയർ ചെയ്ത് നിർത്തുകയെന്നൊരു കാര്യമുണ്ട്. ഇതുമാത്രമല്ല, ഇനിയും പലയിടത്തും പണി ചെയ്യുന്നുണ്ട്; ചില പ്രത്യേക വീടുകളെപ്പറ്റിയാണ് അങ്ങ് പറഞ്ഞത്, അത്തരം കാര്യങ്ങൾ ചെയ്യേണ്ടിവരും. പക്ഷേ അതല്ല ഗവൺമെന്റിന്റെ ഇക്കാര്യത്തിലെ നിലപാട്. ധൂർത്ത് എന്നുപറഞ്ഞാൽ ഏറ്റവും മിനിമമായി സർക്കാർ ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ചല്ല. അതുപോലെ ഭരണപരിഷ്കാര കമ്മീഷന്റെയും നിയമപരിഷ്കാര കമ്മീഷന്റെയുമൊക്കെ നിർദ്ദേശങ്ങൾ വന്നിട്ടുണ്ടെങ്കിൽ അതെല്ലാം യഥാവിധി പരിശോധിച്ച് അതിനുവേണ്ട നടപടി സ്വീകരിക്കും. അതൊന്നും ഈ കാര്യവുമായി ബന്ധപ്പെട്ട് വരുന്നതല്ല. ചെലവ് ചുരുക്കുന്നതിനുവേണ്ടി പരമാവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഇനിയും നമുക്ക് ഒരുമിച്ച് ചെയ്യണം എന്നുള്ളത് മാത്രമാണ് പറയാനുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, 2020-21-ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചിരുന്നതിനേക്കാൾ 18.77 ശതമാനം വരുമാനം ഇടിവുണ്ടായ സാഹചര്യത്തിൽ എങ്ങനെയാണ് ഇതിനെ മറികടക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്? കേരളത്തിന്റെ തനത് വരുമാനത്തിന്റെ 60 ശതമാനം ലഭിക്കുന്നത് പാവപ്പെട്ടവരിൽനിന്നാണ്. അതായത് മദ്യം, ഭാഗ്യക്കുറി, മോട്ടോർ വാഹനങ്ങൾ, പെട്രോൾ തുടങ്ങിയവയിൽനിന്ന്. അങ്ങനെയുള്ള സാഹചര്യത്തിൽ

ഈ വരുമാനം വർദ്ധിപ്പിക്കാനുള്ള എന്ത് നടപടികളാണ് സ്വീകരിക്കുന്നത്? 2001 മാർച്ചിൽ 26,259 കോടി രൂപയായിരുന്ന പൊതുകടം വർദ്ധിച്ച് മൂന്നര ലക്ഷം കോടി രൂപയ്ക്കടുത്ത് എത്തിനിൽക്കുന്ന ഏറ്റവും സങ്കീർണ്ണമായ അല്ലെങ്കിൽ സാമ്പത്തികമായി നമ്മെ ഞെട്ടിപ്പിക്കുന്ന സാഹചര്യം ഈ ഗവൺമെന്റിന്റെ മുമ്പിൽനിൽക്കേ ഏതെല്ലാം അടിയന്തര സാമ്പത്തിക അച്ചടക്ക നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഒരു മാജിക് ദണ്ഡുകൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് സർക്കാർ കരുതുന്നില്ല. അത്രയും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ് നമ്മുടെ രാജ്യം. ബഡ്ജറ്റിനകത്തും പ്രധാനമായും പറഞ്ഞത് അതുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ്. പക്ഷേ ഇപ്പോഴത്തെ സാഹചര്യത്തിൽ ചികിത്സ പോലെയുള്ള കാര്യങ്ങളിൽ കുറവ് വരുത്താൻ കഴിയില്ല. അതുകൊണ്ടാണ് 3 ശതമാനമുള്ള പൊതുകടം 5 ശതമാനമാക്കി വർദ്ധിപ്പിക്കാൻ കേന്ദ്രമുൾപ്പെടെ പറഞ്ഞത്. അത് എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെടുന്നതാണ്. കേരളം മാത്രമല്ല കോൺഗ്രസ്, ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളുൾപ്പെടെ ഈ ആവശ്യം പറഞ്ഞു. അത്തരം കാര്യങ്ങൾ താൽക്കാലികമായി നമുക്ക് നേരിടേണ്ടിവരും. അതുകൊണ്ടാണ് അത്തരമൊരു തീരുമാനം ആ മേഖലയിലെടുത്തത്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാനായി കുറച്ചുകാര്യങ്ങൾ ചെയ്യുമെന്ന് ബഡ്ജറ്റിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. ആഭ്യന്തര വരുമാനം വർദ്ധിപ്പിക്കാൻ ഏറ്റവും വലിയ പ്രതിസന്ധിയുടെ ഈ അഞ്ചാറു മാസത്തിൽ അധികം കഴിയുമെന്ന് തോന്നുന്നില്ല. പക്ഷേ ഇതുകഴിഞ്ഞാൽ കുറച്ചുകൂടി അത് വർദ്ധിപ്പിക്കാനുള്ള കളക്ടീവായിട്ടുള്ള ശ്രമമുണ്ടാകണമെന്നാണ് ആലോചിക്കുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഇവിടെ മറുപടി നൽകിയ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*32)-ന്റെ (ബി) ഉത്തരത്തിൽ സർക്കാരിന്റെ നയങ്ങളും പ്രവർത്തന പരിപാടികളും പൂർത്തീകരിച്ച വികസന ലക്ഷ്യങ്ങളും പൊതുജനങ്ങളെ അറിയിക്കുകയെന്ന ജനാധിപത്യപരമായ കടമ നിർവ്വഹിക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ മാത്രമേ ഇക്കാര്യത്തിൽ മുൻസർക്കാർ സ്വീകരിച്ചിട്ടുള്ളൂ എന്നുപറഞ്ഞു. അതാണ് പരസ്യം കൊടുക്കുന്നതിനുവേണ്ടി ആധികാരികമായ ഒരു രേഖയായി അങ്ങ് ഇവിടെ പറയുന്നത്. അങ്ങനെയാണെങ്കിൽ 2019-ൽ 38 ലക്ഷം രൂപയുടെ പരസ്യമാണ് ഈ ഗവൺമെന്റ് കൊടുത്തത്. 2020-21 വന്നപ്പോൾ അത് 25 കോടി രൂപയ്ക്കുള്ള പരസ്യമായി മാറി. ഈ കടമ നിറവേറ്റുമ്പോൾ എങ്ങനെയാണ് ഈ ജമ്പുണ്ടായതെന്നുള്ളത് പറയാമോ; രണ്ട്, നമ്മുടെ പൊതുകടത്തിന്റെ തിരിച്ചടവിനെക്കുറിച്ച് അങ്ങ് പറഞ്ഞു. ഈ കടത്തിന്റെ

തിരിച്ചടവ് എന്നുകൊണ്ട് തീർക്കാം; കിഫ്ബിക്കുവേണ്ടിയും മസാല ബോണ്ടിന് വേണ്ടിയും പണം കടമെടുത്തിട്ടുണ്ട്. അതിന്റെ തിരിച്ചടവ് ആരംഭിച്ചോ; എത്ര കോടി രൂപ തിരിച്ചടച്ചു; ഓരോ വർഷവും എത്ര രൂപവച്ച് കൊടുക്കേണ്ടി വരും; എന്നുകൊണ്ടിത് അവസാനിക്കും?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യം ധാരാളം പരസ്യം കൊടുത്തോ എന്നുള്ളത് മാത്രമാണ്. അങ്ങ് ഇവിടെ പറഞ്ഞ 2019-ലേയും അതിനടുത്ത വർഷത്തേയും കണക്കുകൾ ശരിയാണോയെന്ന് പരിശോധിക്കണം. പരസ്യയിനത്തിൽ പ്രാഥമികമായി ചെലവഴിച്ച തുക 38 ലക്ഷം രൂപയിൽനിന്നും 2020-21-ൽ 25 കോടി രൂപയിലേയ്ക്ക് പോയിക്കാണുമെന്ന് തോന്നുന്നില്ല. ഇതുസംബന്ധിച്ച് പ്രാഥമികമായ കണക്ക് പരിശോധിച്ച് പറയാം. ഒരു സർക്കാർ വിവിധ കാര്യങ്ങളെ സംബന്ധിച്ച് പരസ്യം കൊടുക്കും. കഴിഞ്ഞ തവണ ബഡ്ജറ്റ് തുകയിൽ നല്ലൊരു ഭാഗം തുക കോവിഡ് സംബന്ധിച്ച പരസ്യവുമായി ബന്ധപ്പെട്ട് കൊടുക്കേണ്ടി വന്നിട്ടുണ്ടെന്ന കാര്യം ഓർമ്മിപ്പിക്കുകയാണ്. മാത്രമല്ല, കോവിഡിന് എതിരായ മുൻകരുതലുകൾ നാം എങ്ങനെയാണ് എടുക്കേണ്ടത്; എന്തൊക്കെയാണ് ചെയ്യേണ്ടത്; തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ധാരാളം പരസ്യങ്ങൾ ആ മേഖലയിൽ കൊടുത്തിട്ടുണ്ട്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദീകരിക്കാനായി പരസ്യം കൊടുത്തിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. ഗവൺമെന്റ് ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളിലേയ്ക്ക് എത്തണം. അത് ഏത് ഗവൺമെന്റും ചെയ്യുന്ന കാര്യമാണ്. നിയന്ത്രണത്തിൽ തന്നെയാണ് അക്കാര്യങ്ങൾ ചെയ്യുന്നത്. അദ്ദേഹം പറഞ്ഞ മറ്റ് കാര്യങ്ങളായ കിഫ്ബി വഴി എടുക്കുന്ന ലോണുകൾ, തിരിച്ചടവ് ഉൾപ്പെടെയുള്ളവ വേറെ ചോദ്യമായി എടുക്കേണ്ടതാണ്. ഈ ചോദ്യത്തിന്റെ ഭാഗമായി വരുന്നതല്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സാമ്പത്തിക അച്ചടക്കത്തെക്കുറിച്ചാണ് ചോദ്യം. ഈ കാലഘട്ടത്തിൽ ധനവിനിയോഗത്തെ സംബന്ധിച്ച് വളരെ വിവേകപൂർണ്ണമായ മുൻഗണനകളുണ്ടാകേണ്ട ഒരു കാലമാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ പഠനത്തിനുള്ള ഉപകരണങ്ങളായ ഫോണും ലാപ്ടോപ്പുമില്ലാതെ വിഷമിക്കുന്നത്. സ്മാരകങ്ങൾക്കുവേണ്ടിയുള്ള നിർദ്ദേശം അങ്ങയുടെ ബഡ്ജറ്റിലുണ്ട്. സംസ്ഥാനത്തെ പഠന സൗകര്യമില്ലാത്ത മുഴുവൻ പെൺകുട്ടികൾക്കും ലാപ് ടോപ്പും ഫോണും നൽകുന്ന ഒരു പദ്ധതി കെ. ആർ. ഗൗരിയമ്മയുടെ പേരിൽ സ്മാരകമായി പ്രഖ്യാപിക്കുവാൻ പറ്റുമോ? കേന്ദ്ര സർക്കാർ വാക്സിൻ വാങ്ങി നൽകുമെന്ന് പറഞ്ഞതുകൊണ്ട് ആയിരം കോടി രൂപ മാറ്റി വച്ചത് ഇവിടെയുണ്ട്.

സംസ്ഥാനത്തെ കോളേജുകളിലും സ്കൂളുകളിലും പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും ലാപ് ടോപ്പും ഫോണും മറ്റ് ഉപകരണങ്ങളും നൽകുന്നതിനുവേണ്ടി അതിൽ നിന്ന് വളരെ ചെറിയ തുക മാറ്റിവച്ചാൽ മതി. കുട്ടികൾ എം.എൽ.എ.മാരെ വിളിക്കുകയാണ്. അവർ സമ്മർദ്ദത്തിലാണ്. സമ്പന്നരായ എം.എൽ.എ.മാർക്ക് ഫോണും ലാപ് ടോപ്പും വാങ്ങിക്കൊടുക്കാൻ കഴിയുമായിരിക്കും. ഒന്നരക്കൊല്ലമായി കടകൾ അടഞ്ഞുകിടക്കുന്നത് കാരണം വളരെയധികം പ്രയാസമാണ്. ആർ. ബാലകൃഷ്ണപിള്ളയുടെയോ കെ. ആർ. ഗൗരിയമ്മയുടെയോ സ്മരണയുടെ പേരിൽ വിവേകപൂർണ്ണമായ തീരുമാനം എടുക്കുന്നതിനായി, അവരുടെ പേരിൽ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങിക്കൊടുക്കുന്ന പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് രാജ്യത്തിന് മാതൃകയാകുന്ന ധനകാര്യ വകുപ്പുമന്ത്രിയായി മാറാൻ ശ്രീ. കെ. എൻ. ബാലഗോപാലിന് കഴിയുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഏറ്റെടുക്കാൻ പറ്റാത്ത ചില പ്രഖ്യാപനങ്ങൾ നടത്തി മാതൃകയാകാൻ കഴിയുന്ന ഒരു കാര്യമല്ല, അങ്ങനെ മാതൃകയാകാൻ കഴിയില്ല. കയ്യടിക്കുവേണ്ടി ഒരു കാര്യം പറഞ്ഞിട്ടും കാര്യമില്ല. കയ്യടിക്കുവേണ്ടി ചോദ്യം ചോദിക്കാം, പക്ഷെ ഉത്തരം അങ്ങനെ പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ബുദ്ധിമുട്ട് എം.എൽ.എ. എന്ന നിലയിൽ ഞങ്ങളെല്ലാവരും അനുഭവിക്കുന്നുണ്ട്. എന്നെ ഇന്ന് രാവിലെയും ഒരമ്മ വിളിച്ചു. അവർ രണ്ട് കുട്ടികളുടെ അമ്മയാണ്. ലാപ് ടോപ്പിന്റെ കാര്യം ഇവിടെ പറഞ്ഞിട്ടുണ്ട്. അത് കെ.എസ്.എഫ്.ഇ.യുടെ സ്കീമാണ്. കഴിഞ്ഞ ദിവസം കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥരുമായി ഞങ്ങൾ ഇക്കാര്യം വീണ്ടും സംസാരിച്ചു. രണ്ട് ലക്ഷം ലാപ് ടോപ്പ് കൊടുക്കാമെന്നാണ് പറഞ്ഞത്. ഇവിടെ പറഞ്ഞതുപോലെ അവ സമയത്ത് ലഭിക്കാത്തതിന്റെ പ്രശ്നമുണ്ട്. കാരണം ഓർഡർ കൊടുത്താൽ പത്ത് മുതൽ പന്ത്രണ്ട് ആഴ്ച വരെ സമയമെടുക്കും. അൻപതിനായിരം ലാപ് ടോപ്പ് നിർമ്മിച്ചുവരുന്നതിന്റെ സമയമുണ്ട്. ഇപ്പോൾ കുറേ മോഡൽ വന്നിട്ടുണ്ട്. ഇനിയിപ്പോൾ കൊടുക്കാൻ സാധിക്കും. ഞാൻ ആ കുട്ടിയുടെ അമ്മയോട് ഇക്കാര്യം പറഞ്ഞു. അവർ വിചാരിക്കുന്നത് സർക്കാരിന് ഇങ്ങനെയൊരു സ്കീം ഉണ്ടെന്നാണ്. എം.എൽ.എ.മാർ തന്നെ രണ്ടുതരം അഭിപ്രായങ്ങൾ പറഞ്ഞു. അക്കാര്യം ഞാൻ ഈ ഫ്ലോറിൽ തുറന്ന് പറയുകയാണ്. എം.എൽ.എ. ഫണ്ടിൽനിന്നും തുക കൊടുക്കണമെന്ന് ചില സുഹൃത്തുക്കൾ ഇവിടെ പറഞ്ഞു. അത് ചെയ്യാൻ പറ്റുന്ന കാര്യമല്ല, അത് ആലോചിക്കേണ്ട കാര്യമാണ്. ഇത് ആളുകളിലേയ്ക്ക് എത്തിക്കണം. നിങ്ങൾ ഒരു സ്കീം പറഞ്ഞാൽ, പത്തുലക്ഷം ആളുകൾ ആവശ്യപ്പെട്ടാൽ പതിനായിരം കോടി രൂപയെങ്കിലും വേണ്ടിവരും.

കണക്കുകൂടി നോക്കിയിട്ട് വേണം ഇക്കാര്യങ്ങൾ പറയാൻ. കണക്കില്ലാതെയല്ല ഞാൻ പറയുന്നത്. ഇത്തരം ആളുകളെ സഹായിക്കാൻ പല പദ്ധതികളുണ്ട്. ഞങ്ങളൊക്കെ ചെയ്യുന്നത് ഇവിടെ പല എം.എൽ.എ.മാരും ചെയ്യുന്നതുപോലെ നാട്ടിൽ സ്പോൺസർ ചെയ്യാൻ കഴിയുന്ന ആളുകളെ പരമാവധി സഹകരിപ്പിച്ചുകൊണ്ട് ഇത്തരം കാര്യങ്ങൾ ചെയ്യുകയാണ്. അതിനും ഒരു പരിമിതിയുണ്ട്. പക്ഷേ അത് ചെറിയൊരു കാര്യമല്ല. എന്നാൽ ആളുകളെ സഹായിക്കാൻ പരമാവധി നമ്മൾ ഒരുമിച്ച് ചേർന്ന് ചെയ്യേണ്ട കുറേ കാര്യങ്ങളുണ്ട്. ഗവൺമെന്റിന്റെ ഭാഗമായി അങ്ങനെ പ്രഖ്യാപിക്കുന്നത് പ്രായോഗികമല്ല. വിദ്യാഭ്യാസ വകുപ്പും അത്തരം കാര്യങ്ങളെ സംബന്ധിച്ച് പരമാവധി സഹായം പല സ്കീമുകളിൽക്കൂടി കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, സ്റ്റേറ്റിന്റെ കടബാധ്യത മൂന്നര ലക്ഷം കോടി രൂപയിൽ എത്തിനിൽക്കുമ്പോൾ ചെലവ് ചുരുക്കലിന്റെ ഭാഗമായി, ഗൗരവതരമായ നയം സ്വീകരിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റിന് നിരവധി അഭിഭാഷകരും അഡ്വക്കേറ്റ് ജനറൽ ഓഫീസും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും ഉൾപ്പെടെ നൂറുകണക്കിന് അഭിഭാഷക സമൂഹം ഉള്ളപ്പോൾ, കൊലപാതക കേസുകളും അഴിമതി കേസുകളും ശരത്ത് ലാൽ, കൃപേഷ്, ഷുഹൈബ് എന്നിവരുടെ കൊലപാതക കേസ്സുകളും വാദിക്കാൻ ഫസ്റ്റ് ക്ലാസ് ടിക്കറ്റും സെവൻ സ്റ്റാർ അക്കോമഡേഷനും നൽകി പുറത്തുനിന്ന് അഭിഭാഷകരെ കൊണ്ടുവരുന്ന നയം സർക്കാർ അവസാനിപ്പിക്കുമോ? അതുപോലെ ഓർണമെന്റലായ ചില കമ്മീഷനുകളും അപ്പോയിന്റ്മെന്റുകളും സർക്കാരിന്റെ ഖജനാവിന് വൻ ബാദ്ധ്യതയായി വരുന്നു. ടി.വി.യും മൊബൈലും കുട്ടികൾക്ക് കൊടുക്കുവാൻ സാധിക്കാത്ത സന്ദർഭത്തിൽ ഇത്തരം കമ്മീഷനുകളും അപ്പോയിന്റ്മെന്റുകളും ഒഴിവാക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അഭിഭാഷകരെ പുറത്തുനിന്ന് കൊണ്ടുവരുന്നത് ഒഴിവാക്കാൻ കഴിയില്ല. സുപ്രീം കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന വക്കീലന്മാരെയും നമ്മുടെ ഈ നിയമ സിസ്റ്റത്തിനകത്ത് കൊണ്ടുവരേണ്ടി വരും. തുടർന്നും അത്യാവശ്യത്തിന് കൊണ്ടുവരേണ്ടിവരും. അത് നമുക്ക് പൂർണ്ണമായും ഒഴിവാക്കാൻ കഴിയില്ല. അത് ഏതുകാലത്തും ചെയ്യുന്ന രീതിയുമാണ്. രണ്ടാമത്, കമ്മീഷനുകൾക്കും മറ്റും വലിയ ബാദ്ധ്യത വരാതെയും അനാവശ്യ ചെലവുകളുണ്ടാകാതെയും കാര്യങ്ങൾ നിയന്ത്രിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഉണ്ടാകുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ജി.എസ്.ടി. കേരള ധനസ്ഥിതിയെ മുന്നോട്ടുനയിക്കുമെന്നും കേരളത്തിന്റെ നികുതി വരുമാനം ഉയർത്തുമെന്നുമായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ വെളിപ്പെടുത്തൽ. ഈ സർക്കാരിന്റെ അഭിപ്രായം മറിച്ചാണോ; എങ്കിൽ നയത്തിൽ മാറ്റം സംഭവിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; വിവരസാങ്കേതികവിദ്യ മുഖേന വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് സംസ്ഥാനത്ത് നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുമെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ ഏതൊക്കെ വകുപ്പുകൾ മുഖേനയാണ് അത് ചെയ്യുന്നത്; ഈ നികുതി പിരിവിൽ എന്തെങ്കിലും മാറ്റം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ജി.എസ്.ടി.യെ സംബന്ധിച്ച് അദ്ദേഹം ചോദിച്ചത് രാഷ്ട്രീയ ചോദ്യമാണ്. ജി.എസ്.ടി. വരുന്ന ഘട്ടത്തിൽ വരുമാനം കൂടുമെന്ന ധാരണ പൊതുവിൽ ഉണ്ടായിരുന്നു. എന്നാൽ അതിന്റെ അപകടം മനസ്സിലാക്കിയാണ് ഞങ്ങൾ അവിടെ വിയോജനക്കുറിപ്പെഴുതിയത്. ഇന്ത്യൻ പാർലമെന്റിലെ രാജ്യസഭയിലെ സെലക്ട് കമ്മിറ്റിയിൽ വിയോജനക്കുറിപ്പെഴുതിയ രണ്ടുമൂന്നു പാർട്ടികളിൽ സി.പി.ഐ.(എം)-ഉം., സി.പി.ഐ.യുമുണ്ട്. ഞാനും അതിൽ അംഗമായിരുന്നു. സി.പി.ഐ.യുടെ ജനറൽ സെക്രട്ടറി ശ്രീ. ഡി. രാജയുണ്ടായിരുന്നു. അതിൽ വിയോജനക്കുറിപ്പ് കൊടുത്തത് ഞങ്ങളുടെ പൊളിറ്റിക്കൽ അഭിപ്രായമാണ്. കോൺഗ്രസ്സാണ് ജി.എസ്.ടി.യുടെ കാര്യത്തിൽ ഇനീഷ്യേറ്റീവ് എടുത്തത്. ഞങ്ങൾ സെലക്ട് കമ്മിറ്റിയിൽ എല്ലാവരോടും പറഞ്ഞു. അവർ ആ നിലപാട് സ്വീകരിച്ചില്ല. ഇതിലെ അപകടം കണ്ട് ഞങ്ങളുടെ അഭിപ്രായം പറഞ്ഞു. ഇന്ത്യയിലെ മൂന്നോ നാലോ പാർട്ടികൾ പറഞ്ഞ അഭിപ്രായം എല്ലാവരും അംഗീകരിക്കേണ്ടിവന്നു. ഞങ്ങൾക്ക് അതിനകത്ത് നിലപാടുണ്ട്. അഭിപ്രായ വ്യത്യാസമില്ല. അദ്ദേഹത്തിന്റെ രണ്ടാമത്തെ ചോദ്യമാണ് ടാക്സ് ഏതൊക്കെയായി ക്ലബ്ബ് ചെയ്യുമെന്നുള്ളത്. ക്ലബ്ബ് ചെയ്യുന്ന കാര്യം പറഞ്ഞിട്ടുണ്ട്. അതിൽ പ്രത്യേക ആംനെസ്റ്റി ഉൾപ്പെടെയുള്ള കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇനി ഇതിൽ കുറച്ചുകൂടി നികുതി വരാനുണ്ട്. കോവിഡിന്റെ സമയത്താണ് ഇത് പറഞ്ഞത്. കോവിഡിന്റെ സമയത്ത് അവർക്ക് അതുതന്നെ അടച്ചുതീർക്കാൻ പറ്റാത്ത പരിമിതികളുണ്ട്. വീണ്ടും പരമാവധി നികുതി കിട്ടാനുള്ള ശ്രമങ്ങൾ നടത്തേണ്ടതുണ്ട്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേരളത്തിലെ വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഒരു ഡിജിറ്റൽ ഡിവൈഡ് നിലനിൽക്കുന്നുവെന്നത് സഭ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന്റെ സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിലും ആരോഗ്യ രംഗത്തുൾപ്പെടെയുള്ള അത്യാവശ്യ

കാര്യങ്ങൾക്ക് പണം എവിടെനിന്നെങ്കിലും കണ്ടെത്തി ചെലവഴിക്കുമെന്നത് സർക്കാരിന്റെ നയമാണെന്ന് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കേരളം എന്നും ആരോഗ്യ, വിദ്യാഭ്യാസ മേഖലകളെ ഒരുപോലെ പ്രാധാന്യത്തോടെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. പത്തുലക്ഷത്തോളം കുട്ടികൾക്ക് പഠിക്കാനാവശ്യമായ ഡിവൈസുകളില്ലാതെ ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം അങ്ങുതന്നെ സഭയിൽ പറഞ്ഞു. നമുക്ക് സ്പോൺസർഷിപ്പിലൂടെ എത്രപേർക്ക് ഡിവൈസ് വാങ്ങിക്കൊടുക്കുവാൻ സാധിക്കും? കഴിഞ്ഞ ശനിയാഴ്ച മൂന്ന എ.ഇ.ഒ.മാർ വിളിച്ച മീറ്റിംഗിൽ പങ്കെടുത്തു. അവർ നൽകിയ കണക്കുപ്രകാരം എന്റെ നിയോജകമണ്ഡലത്തിൽ മാത്രം ഡിവൈസ് ഇല്ലാത്ത എഴുന്നൂറിലധികം കുട്ടികളുണ്ട്. ഒരു ദിവസംകൊണ്ട് എനിക്ക് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്തിട്ടുണ്ട്. ഇത് പൊതുവായ ഒരു കാര്യമാണ്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ അഭിപ്രായം പറയണം. 140 നിയോജക മണ്ഡലങ്ങളിലെയും ശരാശരി കണക്ക് പരിശോധിച്ചാൽ വളരെ വലിയ സംഖ്യ വരും. അതുകൊണ്ട് അവർക്ക് ഇത് എങ്ങനെ ലഭ്യമാകും; സ്പോൺസറെ കിട്ടിയിട്ടില്ലെങ്കിലും എം.എൽ.എ. ഫണ്ട് വിനിയോഗിക്കാമോ; മറ്റെന്തെങ്കിലും കാര്യങ്ങൾ ചെയ്യാമോ? സ്പോൺസർഷിപ്പുൾപ്പെടെ പരമാവധി കാര്യങ്ങൾ ഞങ്ങൾ ചെയ്തുകൊള്ളാം. അതിനകത്ത് യാതൊരു സംശയവുമില്ല. ബാക്കിവരുന്ന കാര്യങ്ങളിലെങ്കിലും ഗവൺമെന്റിന് തീരുമാനം പ്രഖ്യാപിക്കാൻ കഴിയുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാനത്തിന്റെ ഭാവിയെ സംബന്ധിച്ചിടത്തോളം ഇത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്തിന്റെ ഭാവിയെന്ന് പറയുമ്പോൾ വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിന്റെ അടിത്തറ ഉറപ്പിക്കുകയെന്നത് വളരെ പ്രധാനമാണ്. ഇക്കാര്യത്തിൽ ഒരു ഡിജിറ്റൽ ഡിവൈഡ് ഉണ്ടാകാൻ പാടില്ല. അതിന് ആവശ്യമായ കരുതൽ നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. അതിനാവശ്യമായ നടപടികൾ സർക്കാർ മാത്രമല്ല ഇവിടെ പറഞ്ഞതുപോലെ ഏതെല്ലാം തരത്തിൽ വിവിധ സ്രോതസ്സുകളിൽനിന്ന് സമാഹരിക്കാൻ പറ്റുമോ, ആ സ്രോതസ്സുകളെയെല്ലാം ഒന്നിച്ച് നിർത്തിക്കൊണ്ട് ഇത് നല്ല രീതിയിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. ഇപ്പോൾ നിലവിലുള്ള പ്രശ്നം രണ്ട് മൂന്ന് തരത്തിലാണ്. ഒന്ന്, ഇവിടെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ സംസ്ഥാനത്ത് ഒരു വിഭാഗം കുട്ടികൾ ആവശ്യമായ ഡിജിറ്റൽ ഉപകരണങ്ങളായ ടി.വി.യോ, കമ്പ്യൂട്ടറോ, ലാപ്ടോപ്പോ, ഫോണോ എന്തായാലും വാങ്ങാൻ ശേഷിയില്ലാത്തവരാണ്. പലതരം പ്രശ്നങ്ങൾ അവർ നേരിടുന്നുണ്ട്. ഇന്ന് നാം കാണേണ്ട വസ്തുത കോവിഡിന്റെ രണ്ടാം തരംഗത്തിലാണ് നമ്മൾ ഇപ്പോൾ

നിൽക്കുന്നത്. ഒന്നാം ഘട്ടത്തിൽ രണ്ടാം തരംഗത്തെപ്പറ്റി ആരും പറഞ്ഞിരുന്നില്ല. ഇപ്പോൾ മൂന്നാം തരംഗത്തെക്കുറിച്ച് ആലോചിക്കുകയാണ്. മൂന്നാം തരംഗം വന്നാൽ അതിനുശേഷം പിന്നീട് തരംഗം വരുന്നുണ്ടോയെന്ന് നമുക്കറിയില്ല. കോവിഡ് കുറച്ചുകാലമുണ്ടാകുമെന്ന് നമ്മൾ കാണേണ്ടതായിട്ടുണ്ട്. അതുകൊണ്ട് ഓൺലൈൻ വിദ്യാഭ്യാസമെന്നത് അത്ര വേഗം അവസാനിപ്പിക്കാൻ കഴിയുമെന്ന് ഉറപ്പിച്ച് പറയാൻ കഴിയാത്ത അവസ്ഥയാണ്. പാഠപുസ്തകങ്ങൾപോലെതന്നെ വിദ്യാർത്ഥികളുടെ കയ്യിൽ ഡിജിറ്റൽ ഉപകരണമുണ്ടാകുകയെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അത് വാങ്ങാൻ ശേഷിയില്ലാത്തവർക്ക് ഡിജിറ്റൽ ഉപകരണങ്ങൾ കയ്യിൽ ഉണ്ടാവുകയില്ല. അതിനാവശ്യമായ നടപടികൾ വിവിധ സ്രോതസ്സുകളെ ഒന്നിച്ച് അണിനിരത്തിക്കൊണ്ട് നടപ്പാക്കണമെന്ന് തന്നെയാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ മറ്റൊരു ഭാഗം, സംസ്ഥാനത്തെ പല സ്ഥലങ്ങളിലും കണക്ടിവിറ്റിയുടെ പ്രശ്നമുണ്ട്. ആ കണക്ടിവിറ്റി എങ്ങനെ ഉറപ്പിക്കാൻ കഴിയും, അക്കാര്യത്തിൽ ഇപ്പോൾതന്നെ ഒരു യോഗം വിളിച്ചിട്ടുണ്ട്. ആദിവാസി മേഖലയാണ് ഏറ്റവും പ്രധാനം, അല്ലാത്ത സ്ഥലങ്ങളുമുണ്ട്. ആ പ്രശ്നം ചർച്ചചെയ്യുന്നുണ്ട്. ആ കണക്ടിവിറ്റി എങ്ങനെ ഉറപ്പിക്കാൻ പറ്റുമെന്നത് പരിശോധിക്കുകയാണ്. അതിൽ വിവിധ മേഖലകളുടെ സഹായം വേണ്ടിവരും. അതിലൊന്ന് കെ.എസ്.ഇ.ബി.-യുടെ ലൈൻ വിവിധ സ്ഥലങ്ങളിൽ പോയിട്ടുണ്ടാകും. വിവിധ സ്ഥലങ്ങളിൽ നമ്മുടെ കേബിൾ നെറ്റ്‌വർക്ക് പ്രവർത്തിക്കുന്നുണ്ടാകും. ഇങ്ങനെയുള്ള പലയാളുകളുടെയും പല സ്ഥാപനങ്ങളുടെയും സഹായം സ്വീകരിച്ചുകൊണ്ട് നെറ്റ്‌വർക്ക് കണക്ടിവിറ്റി ഉറപ്പിക്കാൻ പറ്റുമോ എന്ന ഭാഗവും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പിന്നെ വരുന്നൊരു പ്രശ്നം, ചില കുടുംബങ്ങൾക്ക് ഇന്റർനെറ്റ് പ്രൊവൈഡർ കൊടുക്കുന്ന ഇന്റർനെറ്റിന് ഫീസ് കൊടുക്കണം. അത് എങ്ങനെ സൗജന്യമായി ലഭിക്കും അതല്ലെങ്കിൽ താങ്ങാവുന്ന ഫീസിൽ എങ്ങനെ ലഭിക്കും, അക്കാര്യത്തിൽ എന്തെങ്കിലും സാമ്പത്തിക ബാദ്ധ്യത വരുന്നുണ്ടെങ്കിൽ അത് വഹിക്കാൻ കഴിയാത്ത കുട്ടികളെ എങ്ങനെ സഹായിക്കാൻ പറ്റും, ഇങ്ങനെയുള്ള എല്ലാ വശങ്ങളും ആലോചിച്ചു കൊണ്ട് കുട്ടികൾക്ക് ഭാരമില്ലാത്ത തരത്തിൽ അക്കാര്യത്തിൽ തീരുമാനത്തിൽ എത്തിക്കുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുന്നത്, വിവിധ കാര്യങ്ങൾ ആലോചിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആലോചനയുടെ ഘട്ടത്തിൽ ആയതുകൊണ്ടാണ് നിങ്ങളോട് പറയാതിരുന്നത്. നമുക്ക് എല്ലാവർക്കും കൂടി ഇക്കാര്യം പ്രവൃത്തിപഥത്തിലേയ്ക്ക് എത്തിക്കാമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ കാര്യം തീർച്ചയായും ഏറ്റവും നല്ല കാര്യം തന്നെയാണ്. കാരണം ഞങ്ങളൊക്കെ ഇന്ന്

വലിയ മാനസിക സമ്മർദ്ദത്തിലാണ്. അദ്ദേഹത്തിന്റെ ഈ നല്ല വാക്കുകൾ തീർച്ചയായും കേരളത്തിലെ ജനങ്ങളും സ്വീകരിക്കുന്ന കാര്യം തന്നെയാണ്. ഇപ്പോൾ ഇവിടെ പറഞ്ഞതിൽ രണ്ട് പ്രശ്നമുണ്ട്. ഗവൺമെന്റ് ചെയ്യാമെന്നൊരു വാക്കുപറഞ്ഞാൽ അത് ചെയ്യേണ്ട സാഹചര്യമുണ്ട്. അല്ലെങ്കിൽ ഞങ്ങൾ സ്പോൺസർമാരുടെ അടുത്ത് ചെല്ലുമ്പോൾ ഗവൺമെന്റ് ചെയ്യാൻ തീരുമാനിച്ചല്ലോ എന്നുപറഞ്ഞുകൊണ്ട് ഒഴിവാകുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ട് ഈ തീരുമാനവുമായിട്ടുതന്നെ മുന്നോട്ടുപോകണം. വളരെ സന്തോഷമുണ്ട്. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞു. ഇന്ന് കേരളത്തിൽ സർക്കാർ മാത്രമല്ല ജനങ്ങളും വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. പെട്രോളിനും ഡീസലിനും 100 രൂപ വരെ വരുന്ന സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ജനങ്ങൾ വലിയ പ്രശ്നത്തിലാണ്. ഇതിനോടനുബന്ധിച്ച് നിത്യോപയോഗ സാധനങ്ങളുൾപ്പെടെ വില വർദ്ധിക്കുന്ന സാഹചര്യമുണ്ടായി. മുൻകാലങ്ങളിലെ ഗവൺമെന്റിനെപ്പോലെ സ്വാഭാവികമായിട്ടും സർക്കാരിന് നികുതിയുണ്ട്; ആ സംസ്ഥാന നികുതി ഒഴിവാക്കി ജനങ്ങൾക്കുള്ള ഭാരം കുറയ്ക്കുന്നതിനുവേണ്ടി ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായി. ജനങ്ങളെ സഹായിക്കാൻവേണ്ടി കടം വരെ എടുക്കുമെന്ന് വളരെ ആർജ്ജവത്തോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ടെങ്കിൽ ആ ആർജ്ജവത്തോടെതന്നെ സർക്കാരിന്റെ നികുതി കുറച്ച് ജനങ്ങളെ സഹായിക്കാനുള്ള നടപടിയിലേയ്ക്ക് ഗവൺമെന്റ് പോകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, അതിനെക്കുറിച്ച് ആലോചിക്കാത്തത് കൊണ്ട് അത്തരത്തിലുള്ള ഒരു മറുപടി ഇപ്പോൾ പറയാൻ കഴിയില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ വാക്കുകൾ ശ്രദ്ധിക്കുകയായിരുന്നു. അങ്ങേയറ്റം ആശങ്കയോടുകൂടിയാണ് ഡിജിറ്റൽ ഡിവൈഡ് പരിഹരിക്കണമെന്ന് അദ്ദേഹം പറഞ്ഞത്. ബഹുമാനപ്പെട്ട ചെയറിന്റെ അനുവാദത്തോടുകൂടി ഞാൻ ഒരു നിർദേശം വയ്ക്കാൻ ആലോചിക്കുകയാണ്. ഞാൻ ഇത് പറയുമ്പോൾ തെറ്റിദ്ധരിക്കരുത്. ആക്ഷേപിക്കാൻ ഈ അവസരം ഉപയോഗിക്കരുത്. നമ്മുടെ രാജ്യത്ത് 2G Spectrum എന്ന വലിയ അഴിമതിയും കുംഭകോണവും വലിയ ആക്ഷേപവും നടന്നതിന്റെ പ്രിൻസിപ്പിൾ എന്തായിരുന്നുവെന്ന് ഇന്ന് ഈ സഭയ്ക്ക് കൂടുതൽ വ്യക്തമായി മനസ്സിലാകും. ഡോ. മൻമോഹൻ സിംഗ് ആഗ്രഹിച്ചത്, അതായത് പുതിയ 2G, 3G വരുമ്പോൾ മുംബൈയിലും കൽക്കട്ടയിലും ചെന്നൈയിലും ബാംഗ്ലൂരിലും സർവ്വീസ് കൊടുക്കുവാൻ ആളുകളുണ്ടാകും. ഛത്തിസ്ഗഢിലും ഒറീസയിലുമുള്ള അവസ്ഥ തന്നെയല്ലേ

കേരളത്തിന്റേയും അവസ്ഥ. അട്ടപ്പാടിയിലും ഇടമലക്കുടിയിലും കൊടുക്കാൻ ആളില്ല. എനിക്കൊരു നിർദ്ദേശം വയ്ക്കാനുള്ളത്, അട്ടപ്പാടിയോ ഇടമലക്കുടിയോ പോലുള്ള ആദിവാസി മേഖലയിൽ പതിനഞ്ച് ദിവസത്തിനകം ടവർ സ്ഥാപിക്കാൻ തയ്യാറാണെങ്കിൽ നിങ്ങൾക്ക് ടാക്സ് ഡിഡക്ഷൻ നൽകാൻ സർക്കാർ തയ്യാറാണെന്ന് പ്രൈവറ്റ് മൊബൈൽ കമ്പനിക്കാരോട് പറയുകയാണെങ്കിൽ പതിനഞ്ച് ദിവസത്തിനുള്ളിൽ കേരളം മുഴുവൻ ഡിജിറ്റലാകും. സ്വകാര്യ മേഖലയെ വികസന പ്രവർത്തനങ്ങൾക്ക് അനുകൂലമായി ഉപയോഗിക്കാവുന്ന മാനസികാവസ്ഥ വേണം. പതിനഞ്ച് ദിവസം മതി. പ്രൈവറ്റ് കമ്പനിക്കാരോട് പറഞ്ഞുനോക്കൂ. ഇല്ലാത്ത സ്ഥലങ്ങളിൽ 4G കൊടുക്കണം. അതാണ് നമ്മുടെ ഡിമാന്റ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇക്കാര്യത്തിൽ എല്ലാ പ്രൊവൈഡേഴ്സിന്റെയും യോഗം വിളിച്ചുകഴിഞ്ഞിട്ടുണ്ട്. എന്താണ് ചെയ്യാൻ പറ്റുകയെന്നത് സംബന്ധിച്ച് അവരുമായി ചർച്ച ചെയ്യാൻ പോകുന്നുണ്ട്. അവരുടെ ആവശ്യം എന്താണെന്ന് അറിയുകയും നമ്മുടെ ആവശ്യം അവരോടും പറയുകയും ചെയ്യാം. അങ്ങനെ കാര്യങ്ങൾ പരിഹരിക്കാൻ തന്നെയാണ് നോക്കുന്നത്.

ശ്രീമതി യു. പ്രതിഭ: സർ, 2011-ൽ എൽ.ഡി.എഫ്. സർക്കാർ ഭരണമൊഴിയുമ്പോൾ മൊത്തം കടം 25.5 ശതമാനമായിരുന്നു. അതിനുശേഷം 2016-ൽ യു.ഡി.എഫ്. സർക്കാർ ഭരണമൊഴിയുമ്പോൾ ജി.എസ്.ഡി.പി.യുടെ 29 ശതമാനം കടമുണ്ടായിരുന്നു. ഇതിൽ ഏറ്റവും കൗതുകകരമായ വസ്തുത യു.ഡി.എഫ്. സർക്കാർ പെൻഷനടക്കം 1,725 കോടി രൂപ കുടിശ്ശിക വരുത്തിയിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാർ ഇപ്പോൾ 30,515 കോടി രൂപ പെൻഷനായി കൊടുക്കുന്നുണ്ട്. ഒരു കാര്യവും ചെയ്യാതെയാണ് യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വലിയ സാമ്പത്തിക ബാദ്ധ്യത കേരള സംസ്ഥാനത്തിനുണ്ടായതെങ്കിൽ വലിയ പ്രോജക്ടുകളും ക്ഷേമപ്രവർത്തനങ്ങളും നടപ്പാക്കിയതിന്റെ ഫലമായാണ് ഇപ്പോൾ സാമ്പത്തിക ബാദ്ധ്യത വന്നിരിക്കുന്നത്. ജി.എസ്.ടി. കൗൺസിൽ കൂടിയിട്ട് ഏകദേശം 7 മാസക്കാലമായി എന്നാണ് അറിയുന്നത്. ഈ ഏഴുമാസക്കാലയളവിൽ കേന്ദ്രത്തിൽനിന്നും നമുക്ക് കിട്ടാനുള്ള വിഹിതങ്ങളിൽ വലിയ കുറവ് വന്നിട്ടില്ലേ; അത്തരത്തിലുള്ള കാര്യങ്ങൾ നമ്മുടെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്രത്തിൽനിന്ന് വലിയ തുക പലയിനത്തിലും കിട്ടാനുണ്ടെന്നുള്ള കാര്യം സത്യമാണ്. പ്രധാനമായും

ജി.എസ്.ടി.യുടെ കുടിശ്ശികയുൾപ്പെടെ കിട്ടാനുണ്ട്. മറ്റുള്ളവ നേരത്തെ വരുത്തിയിട്ടുള്ള കാര്യങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റാണ്. അത് ചോദ്യത്തിന് മറുപടിയായി പറയേണ്ടതല്ല. കേന്ദ്രത്തിൽനിന്നും കിട്ടാനുള്ള പണം കിട്ടുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങ് ഇവിടെ ജി.എസ്.ടി.യെക്കുറിച്ച് സംസാരിച്ചു. പാർലമെന്റിൽ നിങ്ങൾ ജി.എസ്.ടി.ക്ക് എതിരായിട്ടുള്ള നിലപാട് സ്വീകരിച്ചല്ലോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജി.എസ്.ടി.ക്ക് അനുകൂലമായ നിലപാടായിരുന്നു. ഇവിടെ ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചത് അന്നത്തെ റെക്കോർഡിലുണ്ട്. അതായത് ജി.എസ്.ടി. വന്നാൽ ഏറ്റവും കൂടുതൽ വരുമാനമുണ്ടാകുന്ന സംസ്ഥാനം കേരളമായിരിക്കും. അത് ലാസ്റ്റ് പോയിന്റാണ്. ഇത് കൺസ്യൂമർ സ്റ്റേറ്റാണ്. 30 ശതമാനം നികുതി വർദ്ധനവുണ്ടാകുമെന്നുള്ള നിലപാടാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗമായി സ്വീകരിച്ചത്. സംസ്ഥാന സർക്കാരിന് കുടിശ്ശികയായി 13,000 കോടി രൂപയോളം പിരിക്കാനുണ്ട്. അത് പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ മുഴുവൻ പൂർണ്ണമായി പരാജയപ്പെട്ടു. എല്ലാ സോഫ്റ്റ്‌വെയറും എല്ലാ ആംനെസ്റ്റി സ്കീമും ഫെയിലായി. എല്ലാ കച്ചവടക്കാരെയും കുടിശ്ശിക കൊടുക്കാനുള്ള ആളുകളെയുമൊക്കെ പീഡിപ്പിക്കുന്ന തരത്തിലായിരുന്നു സോഫ്റ്റ്‌വെയറും ആംനെസ്റ്റി സ്കീമും. രണ്ടുമൂന്ന് ആംനെസ്റ്റി സ്കീമുകളുണ്ട്. ഒരു റെസ്പോൺസും ഇല്ലാത്ത വളരെ മോശമായ ആംനെസ്റ്റി സ്കീമായിരുന്നു അത്. എന്റെ ചോദ്യം, മുമ്പ് പരാജയപ്പെട്ട ആംനെസ്റ്റി സ്കീമിന്റെ ന്യൂനതകൾ പരിഹരിച്ചുകൊണ്ട് സംസ്ഥാനത്ത് 13,000 കോടി രൂപയുടെ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയുന്ന തരത്തിലുള്ള സമഗ്രമായ ഒരു ആംനെസ്റ്റി സ്കീം കൊണ്ടുവരാൻ അങ്ങ് തയ്യാറാകുമോ എന്നതാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് വളരെ നല്ലൊരു നിർദ്ദേശമാണ്. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി ഇപ്പോഴുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ടുതന്നെ ആംനെസ്റ്റി സ്കീമിന്റെ കാര്യത്തിൽ സമഗ്രമായ പരിശോധന നടത്താം. മെച്ചപ്പെട്ട കാര്യങ്ങളുണ്ടാക്കാൻ വേണ്ടി ശ്രമിക്കാം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സാമ്പത്തിക അച്ചടക്കമാണ് ചോദ്യം. ഇവിടെ സദുദ്ദേശ്യംകൊണ്ടാണ് ജനങ്ങളുടെ കഷ്ടപ്പാടുകണ്ട് പല പ്രഖ്യാപനങ്ങളും നടത്തുന്നത്. പക്ഷെ സാമ്പത്തിക വരുമാനത്തിന്റെ കമ്മികൊണ്ട് പിന്നീട്

ഇതൊക്കെ നടപ്പിലാകാതെ പോകുകയാണ്. വെള്ളപ്പൊക്ക സമയത്ത് ക്യാമ്പിൽ താമസിക്കുന്നവർക്ക് ഗവൺമെന്റും സന്നദ്ധ സംഘടനകളുമൊക്കെ ഒരുപാട് വാഗ്ദാനങ്ങൾ കൊടുത്തു. ഇന്ന് ഏഷ്യാനെറ്റ് ചാനലിൽ കണ്ടു, ആ ക്യാമ്പിൽ കഴിയുന്ന ആദിവാസികൾക്കും മറ്റും ഒരു സഹായവും കിട്ടുന്നില്ലായെന്നുള്ള പരിദേവനവുമായി അവർ അവിടെത്തന്നെ കഴിയുകയാണ്. അതുപോലെതന്നെ ഈ ഡിജിറ്റൽ ഡിവൈഡിൽ കുട്ടികൾക്ക് പഠിക്കാൻ പുസ്തകം വാങ്ങണം. എല്ലാവർക്കും പുസ്തകം സൗജന്യമല്ലല്ലോ? അതുപോലെ നേരത്തെ പറഞ്ഞ ഉപകരണങ്ങളുടെ കുറവുമുണ്ട്. സാമ്പത്തിക അച്ചടക്കം പാലിച്ച് നമ്മൾ നടത്തുന്ന ആക്ടിവിറ്റികളിൽ കുറച്ചെങ്കിലും സേവ് ചെയ്യുന്ന ഒരു പരിപാടി ഗവൺമെന്റിനുള്ളതായി ഇന്നത്തെ ചോദ്യത്തിൽ കാണുന്നില്ല. ഹൈസ്പീഡ് റെയിൽ പോലെയുള്ള വൻകിട പ്രോജക്ടുകൾക്കും അടിസ്ഥാന സൗകര്യങ്ങൾക്കും എത്രയൊക്കെയാണ് ഇൻവെസ്റ്റ് ചെയ്തിരിക്കുന്നത്? മാജിക്ക് വടിയൊന്നുമില്ലായെന്നും പറയുന്നു. ഇതൊക്കെ പ്രഖ്യാപനങ്ങളാകുകയല്ലാതെ അവസാനം സാമ്പത്തിക അച്ചടക്കം പാലിക്കാതിരുന്നാൽ ഗവൺമെന്റിന് വരുമാനമില്ലാതാകുകയും ഇതൊക്കെ നടക്കാതെ പോകുകയും ചെയ്യുമെന്നുള്ളത് ഒരു വസ്തുതയല്ലേ? അതുകൊണ്ട് സാമ്പത്തിക അച്ചടക്കം എന്നതിനെക്കുറിച്ച് ഒരു കാഴ്ചപ്പാട് ധനകാര്യവകുപ്പുമന്ത്രി പറയണ്ടേ? മാജിക്ക് വടിയൊന്നുമില്ലായെന്ന് പറഞ്ഞിരുന്നാൽ ഈ പ്രഖ്യാപനങ്ങളൊക്കെ ജലരേഖയായി മാറും. അല്ലാതെ വേറെയൊന്നും ഉണ്ടാകുകയില്ല എന്നുള്ളതല്ലേ വസ്തുത?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ആദ്യത്തെ ചോദ്യം, പദ്ധതികൾ പ്രഖ്യാപിക്കുന്നത് നടക്കുന്നില്ലായെന്നതാണ്. എന്നാൽ അങ്ങനെയല്ല, പദ്ധതികൾ പ്രഖ്യാപിക്കുന്നത് നല്ലതുപോലെ പൂർത്തീകരിച്ചുവെന്നാണ് കഴിഞ്ഞ കാലത്തെ അനുഭവം. ഇനിയും പരമാവധി കാര്യങ്ങൾ പൂർത്തീകരിക്കാൻ തന്നെയാണ് ഈ സർക്കാർ ശ്രമിക്കുക. രണ്ടാമത്, ഒരു കാര്യം അദ്ദേഹം ഇവിടെ പറഞ്ഞത് ഒന്നുരണ്ട് സ്ഥലത്തെ ദുരിതാശ്വാസ ക്യാമ്പിന്റെ കാര്യം ഇന്ന് ടി.വി.യിൽ കണ്ടുവെന്നാണ്. ദുരിതാശ്വാസ ക്യാമ്പിലൊക്കെ അങ്ങനെ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ യാതൊരു തർക്കവുമില്ല, അടിയന്തരമായി ഇടപെട്ട് ഗവൺമെന്റ് ആ കാര്യത്തിൽ പരിഹാരമുണ്ടാക്കും. ഒറ്റപ്പെട്ട ചില സംഭവങ്ങൾ ചിലയിടത്ത് ഉണ്ടായിക്കാണും. അതിന് പരിഹാരമുണ്ടാക്കും. പ്രഖ്യാപിച്ച പരിപാടികളെല്ലാം നടപ്പിലാക്കും. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനെ സംബന്ധിച്ച് നേരത്തെ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കും.

## സാമൂഹ്യസുരക്ഷാ - ക്ഷേമ പെൻഷനുകൾ

4 (*33) ശ്രീ. എം. മുകേഷ്:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീമതി ദെലീമ:

ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി അതിജീവിക്കുന്നതിന് മുൻ സർക്കാർ വർദ്ധിപ്പിച്ചുനൽകിയ പെൻഷൻ യഥാസമയം നൽകുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) വിവിധ സാമൂഹ്യസുരക്ഷാ-ക്ഷേമ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം എത്രയെന്നതിന്റെ കണക്ക് ലഭ്യമാണോ;

(സി) ഇത്തരത്തിലുള്ള വിവിധ പെൻഷനുകൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന തുകയും കേന്ദ്രസർക്കാർ വിഹിതവും എത്ര വീതമെന്ന് അറിയിക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, (എ) 3-2-2021-ലെ സ.ഉ.(എംഎസ്)നമ്പർ 16/2021/ധന. ഉത്തരവ് പ്രകാരം മുൻ സർക്കാർ സാമൂഹ്യസുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 2021 ഏപ്രിൽ മാസം മുതൽ 1600 രൂപയായി വർദ്ധിപ്പിച്ചിരുന്നു. വർദ്ധിപ്പിച്ച നിരക്കിൽ 2021 ഏപ്രിൽ, മേയ് മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ യഥാക്രമം 25-3-2021-ലെ സ.ഉ(സാധാ) നമ്പർ 2889/2021/ധന, 24-5-2021-ലെ സ.ഉ(സാധാ) നമ്പർ 4139/2021/ധന ഉത്തരവുകൾ പ്രകാരവും, ക്ഷേമനിധി ബോർഡ് പെൻഷനുകൾ യഥാക്രമം 25-3-2021-ലെ സ.ഉ(സാധാ) നമ്പർ2890/2021/ധന, 21-5-2021-ലെ സ.ഉ(സാധാ)നമ്പർ 4100/2021/ധന ഉത്തരവുകൾ പ്രകാരവും അനുവദിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മാസത്തെ പെൻഷൻ വിഷുവിന് മുമ്പ് വിതരണം നടത്തിയിട്ടുണ്ട്. മേയ് മാസത്തെ പെൻഷൻ വിതരണം നടത്തിവരുന്നു. ഇതിനായി ജൂൺ 5 വരെ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) ലഭ്യമാണ്.

(സി) വിവിധ പെൻഷനുകൾക്കായി സംസ്ഥാന സർക്കാർ നൽകുന്ന തുകയും കേന്ദ്ര സർക്കാർ വിഹിതവും എത്ര വീതമെന്നുള്ളത് അനുബന്ധമായി ചേർത്തിട്ടുണ്ട്. അത് ഇവിടെ വായിക്കാം.

<u>ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ</u>

1. പ്രായം 80 വയസ്സിനുതാഴെയുള്ളവർക്ക് സംസ്ഥാനവിഹിതം 1400 രൂപയാണ് കൊടുക്കുന്നത്. കേന്ദ്രത്തിൽനിന്ന് പ്രതിമാസം 200 രൂപയാണ് നൽകുന്നത്.

2. പ്രായം 80 വയസ്സിനുമുകളിലുള്ളവർക്ക് കേന്ദ്ര സർക്കാർ 500 രൂപയും സംസ്ഥാന സർക്കാർ 1100 രൂപയുമാണ് നൽകുന്നത്.

<u>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ</u>

3. 80 വയസ്സിന് താഴെയുള്ള അംഗപരിമിതിയുള്ളവർക്ക് കേന്ദ്രസർക്കാർ ഒരു ധനസഹായവും നൽകുന്നില്ല. സംസ്ഥാന സർക്കാർ 1600 രൂപ നൽകുന്നുണ്ട്.

4. അംഗപരിമിതി 80 ശതമാനവും അതിന് മുകളിലുമുള്ളവർക്ക് (18 മുതൽ 80 വയസ്സിന് താഴെ വരെ) കേന്ദ്രസർക്കാർ 300 രൂപയും സംസ്ഥാനസർക്കാർ 1300 രൂപയുമാണ് കൊടുക്കുന്നത്.

5. അംഗപരിമിതി 80 ശതമാനത്തിന് മുകളിലുള്ള (80 വയസ്സിനും അതിനുമുകളിലും) ആളുകൾക്ക് കേന്ദ്രസർക്കാർ 500 രൂപയും സംസ്ഥാനസർക്കാർ 1100 രൂപയുമാണ് കൊടുക്കുന്നത്.

6. അംഗപരിമിതി 80 ശതമാനവും അതിന് മുകളിലും (18 വയസ്സിന് താഴെ) ഉള്ള കുട്ടികൾക്ക് കേന്ദ്രത്തിൽനിന്ന് ഒരു ധനസഹായവുമില്ല. 1600 രൂപയും സംസ്ഥാന സർക്കാർ തന്നെയാണ് കൊടുക്കുന്നത്.

<u>ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ</u>

7. 40 വയസ്സിനുതാഴെയുള്ളവർക്ക് കേന്ദ്രത്തിൽനിന്ന് ഒരു ധനസഹായവും കൊടുക്കുന്നില്ല. 1600 രൂപയും സംസ്ഥാന സർക്കാർ തന്നെയാണ് കൊടുക്കുന്നത്.

8. 40 വയസ്സുമുതൽ 80 വയസ്സിനുതാഴെയുള്ളവർക്ക് 300 രൂപ കേന്ദ്ര സർക്കാർ നൽകുന്നു. സംസ്ഥാന സർക്കാർ 1300 രൂപയും കൊടുക്കുന്നു.

9. 80 വയസ്സും അതിന് മുകളിലുമുള്ളവർക്ക് 500 രൂപ കേന്ദ്രസർക്കാർ കൊടുക്കുമ്പോൾ സംസ്ഥാന സർക്കാർ 1100 രൂപ കൊടുക്കുന്നു.

കർഷകത്തൊഴിലാളി പെൻഷൻ

10. കേന്ദ്രത്തിൽനിന്ന് ഒരു ധനസഹായവുമില്ല. 1600 രൂപയും സംസ്ഥാന സർക്കാരാണ് കൊടുക്കുന്നത്.

50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ

11. കേന്ദ്രത്തിൽനിന്ന് ഒരു ധനസഹായവുമില്ല. 1600 രൂപയും സംസ്ഥാന സർക്കാരാണ് കൊടുക്കുന്നത്.

ശ്രീ. എം. മുകേഷ്: സർ, സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താക്കളിൽ കേന്ദ്രസഹായം ലഭിക്കുന്ന എത്ര പെൻഷൻകാരാണുള്ളത്; അവർക്ക് പെൻഷൻ വിഹിതം യഥാസമയം കേന്ദ്രസർക്കാരിൽനിന്ന് ലഭ്യമാകുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഞാൻ ഇവിടെ വായിച്ച കണക്കുകൾ തന്നെയാണ് അതിനുള്ള മറുപടി.

ശ്രീ. എം. മുകേഷ്: സർ, പല പെൻഷനും കേന്ദ്രസർക്കാർ ഫണ്ട് വിനിയോഗിച്ചാണ് നൽകുന്നതെന്ന പ്രചരണത്തിന്റെ നിജസ്ഥിതി ഇപ്പോൾ അദ്ദേഹം വായിച്ചു. എന്നാൽ വികലാംഗർക്കും വിധവകൾക്കും മറ്റുമായി കേന്ദ്രസർക്കാർ നൽകുന്ന പെൻഷൻ വിഹിതം നാമമാത്രമായതുകൊണ്ട് സംസ്ഥാന വിഹിതവുംകൂടി ഉപയോഗിച്ചാണല്ലോ പെൻഷൻ നൽകിവരുന്നത്. ഇതുമൂലം സംസ്ഥാന സർക്കാരിനുണ്ടായിട്ടുള്ള അധിക ബാദ്ധ്യത എത്രയാണ്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് വളരെ കൃത്യമായി പരിശോധിച്ച് കണക്ക് പിന്നീട് നൽകാം.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, അർഹതപ്പെട്ടവർക്കെല്ലാം സാമൂഹ്യസുരക്ഷാ പെൻഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്; കഴിഞ്ഞ 5 വർഷക്കാലം പുതിയതായി എത്ര ആളുകൾക്ക് ഈ പെൻഷൻ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കണക്കുകൾ സംബന്ധിച്ച് പ്രത്യേകം ഒരു ചോദ്യമുണ്ടെങ്കിൽ അപ്പോൾ ഉത്തരം നൽകാം.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ധനദൃഢീകരണ നടപടികൾ

5 (*34) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. ജി. സ്റ്റീഫൻ :
ശ്രീ. കെ. പ്രേംകുമാർ :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വിഹിതത്തിൽ കുറവുണ്ടാകുന്നതും ജി.എസ്.ടി വിഹിതം യഥാസമയം ലഭ്യമാക്കാത്തതുംപോലുള്ള കേന്ദ്രസർക്കാരിന്റെ വികല നയങ്ങളും സംസ്ഥാനത്തോടുള്ള വിവേചനപൂർണ്ണമായ നിലപാടുകളും സംസ്ഥാനത്തിന്റെ ധനദൃഢീകരണ നടപടികളെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്കുസേവന നികുതി നടപ്പിലാക്കിയതും ചരക്കുസേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ആയത് ധനദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തും. അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്കുകൾ പ്രകാരം 2020-21-ൽ കേന്ദ്രനികുതി വിഹിതത്തിൽ ബഡ്ജറ്റിൽ പ്രതീക്ഷിച്ചതിൽനിന്നും ഏതാണ്ട് 45%-ന്റെ ഇടിവുണ്ടായിട്ടുണ്ട്. അതേസമയം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനത്തിന്റെ കുറവ് രേഖപ്പെടുത്തി. 2021-22-ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങളുണ്ടാകാവുന്നതാണ്.

(ബി) കോവിഡ് സൃഷ്ടിക്കുന്ന പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രസർക്കാരിന്റെ നിസ്സംഗത സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ ഇടിവ് സൃഷ്ടിക്കാനും ചെലവിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും ഇടയാക്കുമെന്നതിനാൽ വികസന പ്രവർത്തനങ്ങളുടെ നൈരന്തര്യത്തിന് ബഡ്ജറ്റിന് പുറത്തുള്ള വിഭവസമാഹരണം തുടരാനുള്ള സാധ്യത പരിശോധിക്കുന്നുണ്ടോ?

കേന്ദ്രസർക്കാരിന്റെ വാക്സിൻ നയവും കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തികസഹായം നൽകുന്നതിൽ തുടരുന്ന നിസ്സംഗതയും കോവിഡ് സംസ്ഥാനത്ത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗൗരവതരമാക്കിയിരിക്കുന്നു. ഈ ഘട്ടത്തിൽ സാധാരണ ജനജീവിതവും പൊതുജനാരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിന് സാമൂഹ്യക്ഷേമ, ആരോഗ്യ മേഖലകളിൽ അധികച്ചെലവ് വഹിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ആയത് പരിഗണിക്കുമ്പോൾ ഉയർന്ന വരുമാനക്കമ്മിയും ധനക്കമ്മിയും ഉണ്ടാകുവാൻ സാധ്യതയുണ്ട്. അങ്ങനെയൊരു പശ്ചാത്തലത്തിൽ സംസ്ഥാന അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ബഡ്ജറ്റിന് പുറത്തുനിന്നും കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യ പൂർത്തീകരണത്തിനുതകുന്ന രീതിയിൽ തുടരുന്നതാണ്.

(സി) നികുതിദായകരോട് സൗഹൃദ സമീപനം പുലർത്തുമ്പോൾത്തന്നെ നികുതിച്ചോർച്ച ഒഴിവാക്കാൻവേണ്ട നടപടികൾകൂടി ഊർജ്ജിതപ്പെടുത്തുമോ യെന്ന് വ്യക്തമാക്കുമോ?

കോവിഡ് സൃഷ്ടിച്ച വിഷമഘട്ടത്തിൽ നികുതിദായകരോട് ഒരു സൗഹൃദ സമീപനം സ്വീകരിക്കേണ്ടത് അനിവാര്യമാണ്. അതോടൊപ്പം നികുതി പിരിവ് കാര്യക്ഷമവും ഊർജ്ജിതവുമാക്കുന്നതിനുതകുന്ന നടപടികളും ആവശ്യമാണ്. ഇതിന്റെ ഭാഗമായി വിവര സാങ്കേതികവിദ്യാ ഉപകരണങ്ങളുപയോഗിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഡാറ്റാ അധിഷ്ഠിത തീരുമാനങ്ങൾ പ്രാപ്തമാക്കുന്നതിന് നികുതി വകുപ്പിനെ സജ്ജമാക്കുക, VAT കുടിശ്ശിക പിരിവ് പ്രക്രിയയുടെ ലഘൂകരണം, ലോട്ടറി ഏജന്റുമാർക്ക് ഷോപ്പ് രജിസ്ട്രേഷൻ, രജിസ്ട്രേഷൻ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കൽ, ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കൽ എന്നിവ പരിഗണനയിലാണ്.

## ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിയമം

6 (*35) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്കുള്ള ബാങ്കിംഗ് നിയന്ത്രണ ഭേദഗതി നിയമം അടുത്ത സാമ്പത്തിക വർഷം മുതൽ നടപ്പാക്കണമെന്ന് കേന്ദ്രത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) പ്രസ്തുത നിയമം നടപ്പാക്കുന്നത് സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ടി ഭേദഗതി നിയമപ്രകാരം ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ RBI ലൈസൻസില്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ല. പബ്ലിക് ഇഷ്യൂവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്വിറ്റി/പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി തിരിച്ചുനൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, സഹകരണ ബാങ്കുകളിലെ ഭരണസമിതികളെ പിരിച്ചുവിടാനുള്ള വ്യവസ്ഥ, കൂടാതെ സഹകരണ ബാങ്കുകളുടെ management, audit, winding up എന്നിവയുമായി ബന്ധപ്പെട്ട ചില വ്യവസ്ഥകളും ടി നിയമത്തിലുണ്ട്. സഹകരണ തത്വങ്ങൾക്കനുസൃതമല്ലാത്ത ടി വ്യവസ്ഥകൾ ബാങ്കിംഗ് റെഗുലേഷൻ ആക്ട് ബാധകമായ സഹകരണ സ്ഥാപനങ്ങളുടെ താല്പര്യങ്ങളെ ബാധിക്കുന്നവയാണ്. ടി നിയമത്തിലെ വകുപ്പ് 3 പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസ്സുമായുള്ള ഒരു സഹകരണസംഘവും അവയുടെ പേരിന്റെ ഭാഗമായോ ബിസിനസ്സിന്റെ ഭാഗമായോ ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കുകയും ചെക്കുകളുടെ drawee ആയി പ്രവർത്തിക്കാതിരിക്കുക യുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വ്യവസ്ഥ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ എന്നിവയെ ബാധിക്കുന്നവയാണ്. ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽനിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക് ' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പെടെ, ടി നിയമത്തിലെ വകുപ്പ് 3-ന് വിധേയമായുള്ള നടപടികളും സ്വീകരിക്കേണ്ടതുണ്ട്.

(സി) ഇതുസംബന്ധിച്ച് എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണു ദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിനുമുമ്പ് ഈ നിയമത്തിലെ, സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് സംസ്ഥാന നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തുനിന്നുള്ള പാർലമെന്റംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനു ശേഷമുള്ള ഭാവിനടപടികൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി യോഗം വിളിച്ചു ചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണം**

7 (*36) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ റിഫൈനറിയുൾപ്പെടെ രാജ്യത്തെ തന്ത്രപ്രധാനവും അല്ലാത്തതുമായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളെയും സ്വകാര്യവത്കരിക്കാനുള്ള നടപടിയുമായി കേന്ദ്രസർക്കാർ മുന്നോട്ടു പോകുമ്പോൾ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന നിലപാട് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കാനുള്ള കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനം വലിയ തോതിൽ വിജയം കണ്ട സ്ഥിതിക്ക് ആ ദിശയിൽ കൂടുതൽ നടപടികളുണ്ടാകുമോ?

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നടപടികളുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയസമീപനമാണ് സ്വീകരിച്ചുവരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ചു നിർത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച്

നടത്തിയ പ്രാഥമിക അവലോകന യോഗത്തിൽ ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉത്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകുന്ന പദ്ധതികൾ മേഖല തിരിച്ച് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഓരോ സ്ഥാപനങ്ങളുടേയും പ്രവർത്തന- അവലോകന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തും. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ സ്ഥാപന മേധാവികളുമായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്. പൊതുമേഖലയെ സംരക്ഷിക്കുന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കാസർഗോഡ് ആസ്ഥാനമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്.എൻ.എൽ.-നെ ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഏറ്റെടുപ്പ് പൂർത്തിയായതിനുശേഷം കിൻഫ്ര സമർപ്പിച്ച റെസൊല്യൂഷൻ പ്ലാൻ പ്രകാരം സ്പെഷ്യൽ ഓഫീസറുടെ മേൽനോട്ടത്തിൽ കമ്പനി പ്രവർത്തിപ്പിക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തീരുമാനിക്കുന്നതാണ്. കൂടാതെ ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലേയും മാനേജിംഗ് ഡയറക്ടർമാരുടെ പ്രവർത്തന മികവ് വിലയിരുത്തുവാനും മാനേജിംഗ് ഡയറക്ടർമാരുടെ ഒഴിവുള്ള സ്ഥാപനങ്ങളിൽ പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡുവഴി നികത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥിതി വിലയിരുത്തിയിരുന്നോ; വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാരുമായി ഒരു ഓൺലൈൻ യോഗം വിളിച്ചുചേർക്കുകയും കമ്പനികളുടെ പ്രവർത്തനമേഖല, മുൻകാല പ്രവർത്തനങ്ങൾ, നിലവിലെ സ്ഥിതി, ഭാവി പദ്ധതികൾ എന്നിവ സംബന്ധിച്ച് അവലോകനം നടത്തുകയുമുണ്ടായി. വ്യവസായ മേഖലയിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രതിസന്ധി പൊതുമേഖലയേയും കാര്യമായി ബാധിച്ചിട്ടുണ്ട്. സ്ഥാപനങ്ങളുടെ പ്രവർത്തന- അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഫലമായി ആധുനികവത്കരണം, വിപുലീകരണം,

വൈവിധ്യവത്കരണം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർപ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. മാസ്റ്റർപ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഗവേഷണ മേഖല ശക്തിപ്പെടുത്തുവാനും വിവിധ ഗവേഷണ സ്ഥാപനങ്ങളുമായും സർവ്വകലാശാലകളുമായും ഗവേഷണ പ്രവർത്തനങ്ങളിൽ സഹകരിക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

## ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിലെ നിക്ഷേപം

8 (*37) ശ്രീ. മുഹമ്മദ് മുഹസിൻ. :
ശ്രീ. പി. ബാലചന്ദ്രൻ :
ശ്രീ. സി. സി. മുകുന്ദൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസംസ്കരണ വ്യവസായ മേഖലയിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നിരവധി പ്രവർത്തനങ്ങളും പദ്ധതികളും വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഉത്പാദന മേഖലയിലുള്ള സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിനുമേൽ സാമ്പത്തികസഹായം നൽകുന്ന പദ്ധതിയായ സംരംഭക സഹായ പദ്ധതി (ESS)-യിൽ ഭക്ഷ്യ സംസ്കരണ മേഖലയെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി അധിക സഹായമായി ആകെ സ്ഥിര നിക്ഷേപത്തിന്റെ 10%, പരമാവധി 10 ലക്ഷം രൂപ അധിക സബ്സിഡി ഉൾപ്പെടെ 30 ലക്ഷം രൂപവരെ സബ്സിഡിയായി നൽകി പ്രോത്സാഹിപ്പിക്കുന്നു. കേന്ദ്ര ഭക്ഷ്യ വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) പദ്ധതിവഴി സൂക്ഷ്മ ഭക്ഷ്യ സംസ്കരണ മേഖലയിലെ വായ്പാബന്ധിത പദ്ധതികൾക്ക് സാമ്പത്തികസഹായം നൽകുന്നു. വ്യക്തിഗത സംരംഭങ്ങൾക്ക് പദ്ധതി ചെലവിന്റെ 35%, പരമാവധി 10 ലക്ഷം രൂപവരെയാണ് സബ്സിഡി. ജില്ലാതലത്തിൽ കണ്ടെത്തിയിട്ടുള്ള ഒരു ജില്ല ഒരു പ്രോഡക്റ്റ് (ODOP) ഉത്പന്നത്തിന്റെ സംസ്കരണത്തിന് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന മറ്റ് ഭക്ഷ്യ ഉത്പന്നങ്ങളുടെ സംസ്കരണ സ്ഥാപനങ്ങൾക്കും ഈ പദ്ധതി പ്രകാരമുള്ള സഹായം നൽകുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിനായി

കേന്ദ്രവിഹിതമായ 675 ലക്ഷം രൂപയുടെ ഭാഗമായ സംസ്ഥാന വിഹിതമായി 450 ലക്ഷം രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ്സ് ഇൻകുബേഷൻ (ARISE) എന്ന പദ്ധതിവഴി കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ തുടങ്ങുന്നവരെ Kerala Institute of Entrepreneurship Development (KIED) മുഖേന ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുകയും അവർക്കാവശ്യമായ incubation support പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുകയും ചെയ്യുന്നു. ഇതിനായി KIED ഗവേഷണ സ്ഥാപനങ്ങളുമായി MOU-വിൽ ഏർപ്പെട്ടിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന സംരംഭകരെ കണ്ടെത്തുകയും പ്രാഥമിക പരിശീലനം വെബിനാർവഴി സംഘടിപ്പിക്കുകയും ചെയ്യുന്നു. കിൻഫ്ര മലപ്പുറം ജില്ലയിലെ കാക്കഞ്ചേരിയിൽ ഭക്ഷ്യസംസ്കരണ പാർക്ക് സ്ഥാപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയത്തിന്റെ മെഗാ ഫുഡ് പാർക്ക് പദ്ധതിയിലുൾപ്പെടുത്തി 50 കോടി രൂപയുടെ ധനസഹായത്തോടുകൂടി കിൻഫ്രയും ചേർത്തലയിൽ KSIDC-യും മെഗാ ഫുഡ് പാർക്കുകൾ ഇതിനായി സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഈ മേഖലയിൽ കേന്ദ്രസഹായ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത മേഖലയിൽ ചെറുകിട സംരംഭങ്ങളുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

(ബി&സി) ഭക്ഷ്യ സംസ്കരണ മേഖലയിലെ സൂക്ഷ്മ സംസ്കരണ സംരംഭങ്ങൾക്ക് സഹായം നൽകുന്നതിനുള്ള കേന്ദ്ര ഭക്ഷ്യ-വ്യവസായ മന്ത്രാലയത്തിന്റെ പദ്ധതിയായ PMFME (Prime Ministers Formalization of Micro Food Processing Enterprises) എന്ന പദ്ധതി വ്യവസായ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. സംഘടിത മേഖലയിലുള്ള സൂക്ഷ്മ വ്യക്തിഗത സംരംഭങ്ങളുടെ മത്സരശേഷി മെച്ചപ്പെടുത്തുന്നതിനും കാർഷിക ഉത്പാദക സംഘടനകൾ (FPOs), സ്വയം സഹായ സംഘങ്ങൾ (SHGs), ഉത്പാദക സഹകരണ സംഘങ്ങൾ (SHGs) എന്നിവയെ അവയുടെ മൂല്യശൃംഖലകളിലാകമാനം പിന്തുണയ്ക്കുന്നതുമാണ് ഈ പദ്ധതി. അടുത്ത 4 വർഷംകൊണ്ട് ഭക്ഷ്യസംസ്കരണ മേഖലയിൽ സംസ്ഥാനത്ത് 4000 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. കൂടാതെ കിൻഫ്ര കേന്ദ്ര ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ ധനസഹായത്തോടുകൂടി (ക്ലസ്റ്റർ പദ്ധതി) തൊടുപുഴയിലെ മുട്ടത്ത് സ്പൈസസ് പാർക്ക് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നു.

(ഡി) ഈ രംഗത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

അതാത് മേഖലകളിൽ ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നിവയ്ക്കായി പദ്ധതികൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുവാനും പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## വൈദ്യുതി ദുരുപയോഗം തടയാൻ നടപടി

9 (*38) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗവും മോഷണവും കണ്ടെത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നറിയിക്കാമോ?

സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗവും മോഷണവും തടയുന്നതിന് കെ.എസ്.ഇ.ബി. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ കീഴിൽ പ്രത്യേക സംവിധാനം നിലവിലുണ്ട്. ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ (APTS) ഘടന ഇപ്രകാരമാണ് - തിരുവനന്തപുരം ആസ്ഥാനമാക്കി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ (APTS) ഓഫീസും അതിനുകീഴിൽ തിരുവനന്തപുരത്തും കോഴിക്കോടുമായി രണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ കീഴിൽ മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. വൈദ്യുതി ദുരുപയോഗ പരിശോധനകൾ നടത്തുന്നതിനായി ഓരോ മേഖലകളുടേയും അധികാര പരിധിയിൽ വരുന്ന എല്ലാ ജില്ലകൾക്കും ഓരോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ ജില്ലാതല ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് ആകെ 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഓരോ സ്ക്വാഡുകളും അവരുടെ പരിധിയിൽ വരുന്ന ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിലെ ജീവനക്കാരെ വൈദ്യുതി മോഷണം സംബന്ധിച്ച് ബോധവത്കരണം നടത്തുകയും സ്ക്വാഡിന്റെ പ്രവർത്തനത്തെപ്പറ്റി പൊതുജനങ്ങൾക്ക് അറിയിപ്പുനൽകുകയും ചെയ്തുവരുന്നു. അധിക വൈദ്യുതി ഉപയോഗിക്കുന്ന LT/HT/EHT ഉപഭോക്താക്കളുടെ വൈദ്യുതി

ഉപഭോഗം എ.പി.റ്റി.എസ്. നിരന്തരം നിരീക്ഷിച്ചുവരുന്നു. പ്രധാനമായും സ്ക്വാഡിന്റെ പ്രവർത്തനം വൈദ്യുതി മോഷണവും താരിഫ് ദുരുപയോഗവും മറ്റ് വൈദ്യുതി ദുരുപയോഗങ്ങളും കണ്ടെത്തുകയെന്നതാണ്. വൈദ്യുതി ദുരുപയോഗത്തിനും മോഷണത്തിനും Indian Electricity Act 2003 Sec.126, 135 പ്രകാരമുള്ള നടപടികളും എടുത്തുവരുന്നു.

(ബി) വർദ്ധിച്ചുവരുന്ന വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വൈദ്യുത മേഖലയിൽ ജോലിചെയ്യുന്നവർക്കും മേൽനോട്ടം വഹിക്കുന്നവർക്കും പൊതുജനങ്ങൾക്കും വൈദ്യുത പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടമുണ്ടാകാതിരിക്കാൻവേണ്ടി കെ.എസ്.ഇ.ബി. ലിമിറ്റഡ് സുരക്ഷാ നയം രൂപീകരിച്ചിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ 2010-ലെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളുമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാനയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് അപകടമുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് പ്രീ-മൺസൂൺ മെയ്ന്റനൻസ്, പൊതുജന ബോധവത്കരണം, ജീവനക്കാർക്കുള്ള പരിശീലനം എന്നിവയടക്കമുള്ള മുൻകരുതൽ നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുണ്ട്.

(സി) വൈദ്യുത അപകടങ്ങളിൽപ്പെട്ട് മരണമടയുന്നവരുടെ കുടുംബാംഗങ്ങൾക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ആശ്വാസ ധനസഹായത്തിന്റെ അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ ആശ്വാസ ധനസഹായം/ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. കോടതി കേസുകൾ, അനന്തരാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള കാലതാമസം എന്നിവമൂലം ചില കേസുകളിൽ ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അനുവദിക്കുന്നതിൽ കാലതാമസം വരുന്നുണ്ട്.

## സഹകരണ സംഘങ്ങളിലെ പലിശ

10 (*39) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ പലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെയും നൽകുന്ന വായ്പകളുടെയും പലിശ നിരക്ക് പുതുക്കി നിശ്ചയിക്കുന്നത് റിസർവ് ബാങ്ക് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വായ്പാ നയങ്ങൾക്കനുസൃതമായി ഇതര ബാങ്കിംഗ് സ്ഥാപനങ്ങളിലെ പലിശ നിരക്കുമായി താരതമ്യപ്പെടുത്തി ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള പലിശ നിർണ്ണയ ഉപസമിതി സമർപ്പിക്കുന്ന ശിപാർശയുടെ അടിസ്ഥാനത്തിലാണ്. 19-1-2021-ൽ ചേർന്ന പലിശ നിർണ്ണയ ഉപസമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 22-1-2021-ൽ നിക്ഷേപ വായ്പാ പലിശ നിരക്കുകൾ കുറച്ചിരുന്നു. നിലവിലെ സാഹചര്യത്തിൽ പലിശ നിരക്കുകൾ പുതുക്കുന്നത് സംബന്ധിച്ച് പലിശ നിർണ്ണയ യോഗം വിളിച്ചുചേർക്കുന്നതും പ്രാഥമിക സംഘങ്ങളിലെ പലിശ നിരക്ക് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതുമാണ്.

(ബി) കോവിഡ് പശ്ചാത്തലത്തിൽ സഹകരണ സംഘങ്ങളിൽനിന്നുള്ള വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുന്നതും പിഴപ്പലിശ ഒഴിവാക്കുന്നതും പരിഗണിക്കുമോ?

സംസ്ഥാനത്ത് കോവിഡ്-19 രോഗബാധയെത്തുടർന്ന് വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മൊറട്ടോറിയം അനുവദിച്ച് ആർ.ബി.ഐ. നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കുംകൂടി ബാധകമാക്കി എല്ലാ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-5-2020 വരെയും തുടർന്ന് 1-6-2020 മുതൽ 31-8-2020 വരെയും മൊറട്ടോറിയം ദീർഘിപ്പിച്ച് സഹകരണസംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മൊറട്ടോറിയം കാലത്തെ പിഴപ്പലിശ ഈടാക്കുവാൻ പാടുള്ളതല്ലെന്നും ബാങ്ക്/സഹകരണ സ്ഥാപനം സ്വന്തം ഫണ്ടുപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവുചെയ്ത് നൽകാവുന്നതാണെന്നും സർക്കുലറിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക് ലോണുകൾക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതും തിരിച്ചടവുകൾക്ക് ഇളവ് നൽകുന്നതും സംബന്ധിച്ച തീരുമാനങ്ങളെടുക്കേണ്ടത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്. കോവിഡിന്റെ രണ്ടാം വ്യാപനത്തെത്തുടർന്നുള്ള അടച്ചിടലിനുശേഷം ആർ.ബി.ഐ.-യോ കേന്ദ്ര സർക്കാരോ മൊറട്ടോറിയം സംബന്ധിച്ച പ്രഖ്യാപനം നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്ത് കോവിഡ് മരണങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ റിസ്ക് ഫണ്ടുവഴി നൽകുന്ന ധനസഹായത്തിനുള്ള നടപടിക്രമങ്ങളിൽ ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

18-11-2008-ലെ സ.ഉ.(കൈ)നമ്പർ249/2008/സഹ. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് നിലവിൽ ആനുകൂല്യങ്ങൾ വായ്പക്കാർക്ക് അനുവദിച്ചുവരുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ പൂർത്തീകരിക്കുന്നതിന് ശ്രദ്ധ ചെലുത്തുന്നതാണ്.

## സഹകരണ മേഖലയിലെ പുതിയ പദ്ധതികൾ

11 (*40) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷം സഹകരണ വകുപ്പ് മുഖേന 26 സംസ്ഥാന പദ്ധതികളിലായി 15933.00 ലക്ഷം രൂപയും 3 എൻ.സി.ഡി.സി. പദ്ധതികളിലായി 6500.00 ലക്ഷം രൂപയുമുൾപ്പെടെ ആകെ 22433.00 ലക്ഷം രൂപയുടെ വിവിധ പദ്ധതികളിലൂടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനും നെല്ലിന്റെ സംഭരണ- സംസ്കരണ-വിപണന പ്രവർത്തനങ്ങൾക്കായി ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനും സഹകരണ മേഖലയിലെ ഉത്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് E-Marketing പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനും പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം നൽകുന്നതിനും

കാർഷികോത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും കൂടാതെ സംസ്ഥാനത്തെ വിവിധതരത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ബി) യുവജനങ്ങൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ സഹകരണ മേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണ സംരംഭകത്വം - തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം എന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി യുവജനങ്ങൾക്കും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സഹകരണ മേഖലയെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ നയങ്ങളെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

1949-ലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് കേന്ദ്രസർക്കാർ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം കൊണ്ടുവരുകയും 29-9-2020-ന് പാർലമെന്റിൽ പാസ്സാക്കുകയും ചെയ്തിരുന്നു. ടി നിയമത്തിലെ വ്യവസ്ഥകൾ സംസ്ഥാനത്തെ സഹകരണ മേഖലയിലെ സ്ഥാപനങ്ങളുടെ താല്പര്യങ്ങളെ ബാധിക്കുന്നവയാണ്. ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) ബിൽ നിയമമായതിനുശേഷമുള്ള ഭാവിനടപടികൾ ചർച്ച ചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതുതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിൽ ടി യോഗം വിളിച്ചുചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല. കേന്ദ്ര സർക്കാരിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് സംസ്ഥാനത്ത് ശാഖകൾ ആരംഭിക്കുന്നതിന് NOC ലഭ്യമാക്കണമെന്ന സെൻട്രൽ രജിസ്ട്രാറുടെ നിർദ്ദേശത്തിന്മേൽ, ഇത്തരം സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യാപക പരാതി ഉയർന്നിട്ടുള്ള സാഹചര്യത്തിലും ടി സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാഹചര്യത്തിലും ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## വൈദ്യുതി വിതരണ രംഗത്തെ സ്വകാര്യവത്കരണം

12 (*41) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണരംഗം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാർ നയത്തെ ചെറുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യാതെതന്നെ ജനങ്ങൾക്ക് ലഭിക്കുന്ന സേവനം മെച്ചപ്പെടുത്തുവാനും കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുവാനും കഴിയുന്ന ബദൽ നയങ്ങളാണ് കേരളം നടപ്പാക്കിവരുന്നത്. പൊതുമേഖലയിലെ ബോർഡിന്റെ പ്രവർത്തന നേട്ടം കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തുകയും നയത്തിലെ അപാകതകൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രാലയം വിവിധ സംസ്ഥാനങ്ങളിലെ വൈദ്യുതി വിതരണ കമ്പനികളുടെ പ്രകടനം വിലയിരുത്തുന്ന എട്ടാമത് റേറ്റിംഗ് പ്രകാരം (8th Integrated Rating of State Distribution Utilities) കെ.എസ്.ഇ.ബി. തങ്ങളുടെ നില ചരിത്രത്തിൽ ആദ്യമായി A ആയി മെച്ചപ്പെടുത്തി. കൂടാതെ പ്രസരണ-വിതരണ നഷ്ടം 14.37% ആയിരുന്നത് 2019-20-ൽ 12.08% ആയി കുറച്ചു. ഇതിൽ വിതരണ നഷ്ടം രാജ്യത്തിനുതന്നെ മാതൃകയാവുന്ന 8.7% മാത്രമാണ്. സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ സംസ്ഥാനത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചതിനുപുറമേ ഇടതടവില്ലാതെ എല്ലാവർക്കും വൈദ്യുതി എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചു. കടുത്ത വേനലിലും പവർകട്ട്, ലോഡ്ഷെഡ്ഡിംഗ് എന്നിവ ഒഴിവാക്കാൻ നടപടികൾ സ്വീകരിച്ചു. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനുതകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ദ്യുതി 2021 പദ്ധതിയുമായി മുന്നോട്ടുപോകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിച്ചു. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചു. തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻവേണ്ട വിധത്തിൽ ചട്ടങ്ങൾ പരിഷ്കരിച്ചു. 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക്

ഉടമസ്ഥാവകാശരേഖ കൂടാതെയും 1500 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചു. ആരാധനാലയങ്ങൾ, രാഷ്ട്രീയ പാർട്ടി ഓഫീസുകൾ, ലൈബ്രറികൾ, കലാ-സാംസ്കാരിക സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അംഗൻവാടികൾ, ഹോർട്ടികോർപ്പുകൾ, മിൽമാ ബൂത്തുകൾ എന്നിവയ്ക്ക് സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിച്ചു. കൂടാതെ തറവാട്ടുവീട്ടുകളിൽ താമസിക്കുന്ന വെവ്വേറെ കുടുംബങ്ങൾക്ക് പ്രത്യേകം സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള അനുമതിയും നൽകി. മുൻ സർക്കാരിന്റെ കാലത്ത് മൂന്നുതവണ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് അനുമതി നൽകി. ഉപഭോക്തൃ സേവന കേന്ദ്രം ശക്തിപ്പെടുത്തി. ഉപഭോക്താവ് കെ. എസ്. ഇ. ബി. ഓഫീസിൽ എത്താതെ ഓൺലൈനായിത്തന്നെ സേവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കാൻ അവസരമൊരുക്കി. HT/EHT ഉപഭോക്താക്കൾക്കായി ഗ്രീൻചാനൽ സംവിധാനം ഏർപ്പെടുത്തി. സർക്കാർ ഓഫീസുകൾക്കും ടെലികോം സ്ഥാപനങ്ങൾപോലെ വളരെയധികം കണക്ഷനുകളുള്ള സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം കൊണ്ടുവന്നു. സൗരപദ്ധതിയിലൂടെ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സാർവ്വത്രികമാക്കുവാനും മുതൽമുടക്ക് കൂടാതെയോ കുറഞ്ഞ മുതൽ മുടക്കിലോ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാനും അവസരമൊരുക്കി രാജ്യത്തിനുതന്നെ മാതൃകയായി. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനം ഉറപ്പുവരുത്താൻ സംസ്ഥാന വ്യാപകമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. ഇതിനോടകംതന്നെ 7 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

(ബി) സംസ്ഥാനത്തിന്റെ ഭാവി ഊർജ്ജ ആവശ്യകത ഫലപ്രദമായി നിറവേറ്റുന്നതിനായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി പൂർത്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ KIIFB (Kerala Infrastructure Investment Fund Board), PSDF (Power System Development Fund), MNRE (Ministry of New & Renewable Energy) എന്നിവയുടെ ധനസഹായത്തോടെ ഏകദേശം 10,000 കോടി രൂപ ചെലവ് കണക്കാക്കിയുള്ള പ്രവൃത്തികളാണ് രണ്ട് ഘട്ടങ്ങളിലായി പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. ഒന്നാംഘട്ടത്തിൽ KIIFB, PSDF ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 178 കി.മീ. 400 കെ.വി. ലൈനും 845 കി.മീ. 220 കെ.വി.

ലൈനും ഉൾപ്പെടുന്ന 9 ലൈൻ പാക്കേജുകളും 12 സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന 5 പാക്കേജുകളും ഉണ്ട്. ഇതിൽ 1589 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിക്കഴിഞ്ഞു. പൂർത്തിയായ പദ്ധതികളിൽ 5 സബ്സ്റ്റേഷനുകളും 178 കി.മീ. 400 കെ.വി. ലൈനും 450 കി.മീ. 220 കെ.വി. ലൈനും ഉൾപ്പെടുന്നു. രണ്ടാംഘട്ടത്തിൽ KIIFB, MNRE എന്നിവയുടെ ധനസഹായത്തോടെ പൂർത്തീകരിക്കാൻ 11 ലൈൻ പാക്കേജുകളും 13 സബ്സ്റ്റേഷനുകളും വിഭാവനം ചെയ്തിട്ടുണ്ട്. ഒന്നാംഘട്ടം 2022-ലും രണ്ടാംഘട്ടം 2024-ലും പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. ഒരു ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം ഷൊർണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്നു. കൂടാതെ കേരളത്തിന്റെ തെക്കു-വടക്ക് മേഖലയിലെ നിർമ്മാണ പ്രവൃത്തികളുടെ മേൽനോട്ടത്തിനായി കളമശ്ശേരിയും ഷൊർണ്ണൂരും ആസ്ഥാനമായി രണ്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ ഓഫീസുകളും സജ്ജമാക്കിയിട്ടുണ്ട്. പ്രസ്തുത ഓഫീസിന് കീഴിലുള്ള വിവിധ കൺസ്ട്രക്ഷൻ വിഭാഗങ്ങളിലൂടെ വിശദമായ പദ്ധതി റിപ്പോർട്ട്, എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാമ്പത്തിക സ്രോതസ്സുകളായ KIIFB, PSDF, MNRE എന്നിവയിൽനിന്നുള്ള അനുമതി നേടിയെടുക്കുകയും ചെയ്തുവരുന്നു. സമയബന്ധിതമായി ടെണ്ടർ നടപടികൾ പൂർത്തിയാക്കി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി പ്രസ്തുത പദ്ധതി വിവിധ പാക്കേജുകളായി നടപ്പിലാക്കി കൃത്യമായ പുരോഗതി വിലയിരുത്തി പ്രതിഫലം നൽകിവരുന്നു. ഗവൺമെന്റിന്റെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടിൽ ഉൾപ്പെട്ട ടി പദ്ധതിയുടെ പുരോഗതി ബോർഡുതലത്തിൽ വിലയിരുത്തുന്നതിനുപുറമെ ചീഫ് സെക്രട്ടറി ഉൾപ്പെടുന്ന ഉന്നതതല കമ്മിറ്റിയും കൃത്യമായ ഇടവേളകളിൽ അവലോകനം ചെയ്തുവരുന്നു.

(സി) വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം നൂതന സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നൂതന സംവിധാനങ്ങളാണ് നിലവിലുള്ളത്. 24x7 പ്രവർത്തിക്കുന്ന ഉപഭോക്തൃ സേവന കേന്ദ്രം ശക്തിപ്പെടുത്തി ഉപഭോക്താവ് കെ.എസ്.ഇ.ബി. ഓഫീസിൽ എത്താതെ ഓൺലൈനായിത്തന്നെ സേവനങ്ങൾക്കായി അപേക്ഷ സമർപ്പിക്കാൻ അവസരമൊരുക്കി. HT/EHT ഉപഭോക്താക്കൾക്കായി ഗ്രീൻ ചാനൽ സംവിധാനം ഏർപ്പെടുത്തി. സർക്കാർ ഓഫീസുകൾക്കും ടെലികോം സ്ഥാപനങ്ങൾപോലെ വളരെയധികം കണക്ഷനുകളുള്ള സ്വകാര്യ / പൊതുമേഖലാ സ്ഥാപനങ്ങൾക്കും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനം കൊണ്ടുവന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിൽ

ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികളും മറ്റു പരാതികളും അതത് സെക്ഷൻ ഓഫീസിലെ ഫോൺ നമ്പരിലോ 1912 എന്ന കേന്ദ്രീകൃത 24x7 ടോൾ ഫ്രീ കസ്റ്റമർ കെയർ നമ്പരിലോ, കൂടാതെ കെ.എസ്.ഇ.ബി.യുടെ കസ്റ്റമർ കെയർ പോർട്ടലായ wss.kseb.in വഴി ഓൺലൈനായോ അറിയിക്കാൻ കഴിയും. 1912 സംവിധാനത്തിൽ IVRS വഴിയോ നേരിട്ട് കസ്റ്റമർ കെയർ എക്സിക്യൂട്ടീവുമായി സംസാരിച്ചോ പരാതി നൽകാനുള്ള അവസരമുണ്ട്. കൂടാതെ WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും കമ്പി പൊട്ടിവീഴുന്നതുപോലുള്ള അടിയന്തര സന്ദർഭത്തിൽ ഇത് വിളിച്ചറിയിക്കുന്നതിനായി 9496010101, 9496061061 എന്നീ hotline നമ്പറുകളും നിലവിലുണ്ട്. ഓരോ പരാതിയും നിശ്ചിത സമയത്തിനുള്ളിൽ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ചീഫ് എഞ്ചിനീയർ തലംവരെയുള്ള മേലുദ്യോഗസ്ഥർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ കഴിയും. സ്വന്തം അധികാരപരിധിയിലുള്ള സെക്ഷൻ ഓഫീസുകളിലെ പരിഹരിക്കപ്പെടാത്ത പരാതികളുടെ പട്ടിക എല്ലാദിവസവും രാവിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് എസ്. എം. എസ്. ആയി ലഭിക്കുകയും ചെയ്യും. കൂടാതെ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓഫ് പെർഫോമൻസിൽ, സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് നൽകേണ്ടുന്ന സേവനങ്ങളും അത് പാലിക്കപ്പെട്ടില്ലെങ്കിൽ നഷ്ടപരിഹാരം നൽകാനുള്ള സംവിധാനങ്ങളും, ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനായി കൊട്ടാരക്കര, എറണാകുളം, കോഴിക്കോട് എന്നിവ കേന്ദ്രീകരിച്ച് ഉപഭോക്തൃ പരാതി പരിഹാര ഫോറം, എറണാകുളം ആസ്ഥാനമായി കേരള ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ തുടങ്ങിയവയുടെ പ്രവർത്തനവും നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ നൂതന സംവിധാനങ്ങളുപയോഗിച്ചുകൊണ്ട് ഉപഭോക്തൃ സംതൃപ്തി കൈവരിക്കാനുതകുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## കേരള റബ്ബർ ലിമിറ്റഡ് കമ്പനി

13 (*42) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകരെ സഹായിക്കുന്നതിന് റബ്ബർ മേഖലയിലെ മൂല്യവർദ്ധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ 2-2-19-ലെ ജി.ഒ. (എം.എസ്) 16/2019/ഐ.ഡി. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കേരള റബ്ബർ ലിമിറ്റഡ് കമ്പനിയുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കുമോ?

മൂല്യവർധിത റബ്ബർ ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി "കേരള റബ്ബർ ലിമിറ്റഡ് " എന്ന പേരിൽ സിയാൽ മാതൃകയിൽ ഒരു കമ്പനി സർക്കാർ രൂപീകരിച്ചു. പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം, കിറ്റ്കോയെ കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി. ഏർപ്പെടുത്തുകയും പദ്ധതിയുടെ കരട് ഡി.പി.ആർ. കിറ്റ്കോ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, കയറ്റുമതിയുടെ കൂടുതൽ സാധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് മൂല്യവർദ്ധന സംരംഭങ്ങളുടെ ഭാഗമായി കമ്പനിയുടെ കീഴിൽ ഉത്പാദനത്തിനായി മൂന്ന് ഉത്പന്നങ്ങൾ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഓഫ് ദി റോഡ് (ഒ.ടി.ആർ.) ടയറുകൾ, ഹീറ്റ് റെസിസ്റ്റന്റ് ലാറ്റക്സ് ത്രെഡ് (എച്ച്. ആർ. എൽ. ടി.), മെഡിക്കൽ ഗ്ലൗസ് എന്നിവയാണ് ഷോർട്ട് ലിസ്റ്റ് ചെയ്ത ഉത്പന്നങ്ങൾ. എന്നാൽ കണ്ണൂരിൽ ഒരു മെഡിക്കൽ ഗ്ലോവ് നിർമ്മാണ യൂണിറ്റ് സ്ഥാപിക്കാൻ കേരള സർക്കാർ ഇതിനകം തന്നെ പദ്ധതിയിട്ടിരിക്കുന്നതിനാൽ ഈ ഉത്പന്നത്തെ കെ.ആർ.എൽ.ന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. മൊത്തം 100 ഏക്കറിൽ മൂന്ന് ഘട്ടങ്ങളായി വികസിപ്പിക്കുന്ന പദ്ധതിക്ക് മൊത്തം നിക്ഷേപം 1050 കോടി രൂപയായി കണക്കാക്കിയിരുന്നു.

(ബി) പ്രസ്തുത കമ്പനിക്കായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ?

ഇല്ല. സംസ്ഥാന സർക്കാർ ഏറ്റെടുത്ത ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ കോട്ടയം ജില്ലയിലെ വേളൂരിലുള്ള ഭൂമിയാണ് നിലവിൽ പ്രസ്തുത പദ്ധതിക്കായി സർക്കാർ പരിഗണിക്കുന്നത്.

(സി) ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം

14 (*43) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ വെന്റിലേറ്റർ ഉൾപ്പെടെ വിവിധ മെഡിക്കൽ ഉപകരണങ്ങൾക്കുണ്ടായ കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാനത്ത് ഇവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ 2021-22 സാമ്പത്തിക വർഷം വെന്റിലേറ്റർ ഉൾപ്പെടെയുള്ള മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. ഇതിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുമുണ്ട്. ഇതുസംബന്ധിച്ച വിശദമായ പദ്ധതി രൂപരേഖ കമ്പനി തലത്തിൽ തയ്യാറായിവരുന്നു. വി.എസ്.എസ്.സി./ഐ.എസ്.ആർ.ഒ.യുടെ സാങ്കേതികവിദ്യ ഉപയോഗിച്ച് ഓക്സിജൻ കോൺസൻട്രേറ്ററും ഡിബൽ/ഡി.ആർ.ഡി.ഒ.യുടെ സാങ്കേതിക സഹായത്തോടുകൂടി ഐ.സി.യു. ഗ്രേഡ് വെന്റിലേറ്ററും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ യഥാക്രമം കെൽട്രോൺ മൺവിള യൂണിറ്റിലും കരകുളം യൂണിറ്റിലും പുരോഗമിക്കുകയാണ്. ഓക്സിജൻ കോൺസൻട്രേറ്റർ ആഗസ്റ്റ് 2021-ലും ഐ.സി.യു. ഗ്രേഡ് വെന്റിലേറ്റർ സി.ഇ. സർട്ടിഫിക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് 2021 നവംബറിലും വിതരണത്തിനെത്തിക്കുവാനാണ് കെൽട്രോൺ ലക്ഷ്യമിട്ടിരിക്കുന്നത്. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശപ്രകാരം കെ.എസ്.ടി.പി. മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനുവേണ്ടി ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുമായും വെന്റിലേറ്റർ നിർമ്മിക്കുന്നതിനായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോഴിക്കോടുമായും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ

ആലപ്പുഴ ജില്ലയിലെ 23 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് ജില്ലാപഞ്ചായത്ത് മുഖേന 23 സ്വാബ് കളക്ഷൻ ബൂത്തും കേരള മെഡിക്കൽ സർവ്വീസ്സ് കോർപ്പറേഷൻ, ആലപ്പുഴ കളക്ടറേറ്റ് എന്നിവിടങ്ങളിലേയ്ക്ക് U.V. Disinfection booth-ഉം നിർമ്മിച്ച് വിതരണം ചെയ്തിട്ടുണ്ട്. വെന്റിലേറ്റർ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്.

**ഓക്സിജൻ ഉത്പാദനം**

15(*44) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി.രാജീവ്) സദയം മറുപടി നൽകുമോ:**

(എ) കോവിഡിന്റെ രണ്ടാം തരംഗത്തിൽ സംസ്ഥാനത്തിനാവശ്യമായ ഓക്സിജൻ ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ മുന്നോട്ടുവന്നിട്ടുണ്ടോ;

(ബി) കേരള മിനറൽസ് ആൻഡ് മെറ്റൽസ് അധിക ഓക്സിജൻ ആരോഗ്യ മേഖലയ്ക്ക് വിതരണം ചെയ്തിട്ടുണ്ടോ; അതിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; അറിയിക്കാമോ?

(എ&ബി) ഉണ്ട്. കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ പുതിയതായി സ്ഥാപിച്ച 70 TPD ഓക്സിജൻ പ്ലാന്റിൽനിന്നും ആരോഗ്യ മേഖലയ്ക്കായി 7 TPD ലിക്വിഡ് ഓക്സിജൻ നൽകിവരുന്നുണ്ട്. ദ്രവീകൃത ഓക്സിജൻ (ഏകദേശം 6 ടൺ ദിനംപ്രതി) പെസോയുടെ നിർദ്ദേശാനുസരണം ലൈസൻസുള്ള ഓക്സിജൻ ഗ്യാസ് സിലിണ്ടർ ഉത്പാദകർവഴിയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴിയും കോവിഡ് ആവശ്യത്തിനായി കേരളത്തിലെ മെഡിക്കൽ കോളേജ് ഉൾപ്പെടുന്ന വിവിധ ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്തുവരുന്നു. കൂടാതെ സംസ്ഥാനത്ത് കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കോവിഡ് രോഗികളെ കിടത്തി ചികിത്സിക്കുന്നതിനായി കെ.എം.എം.എൽ.ന്റെ സമീപത്തെ ശങ്കരമംഗലം ഗവ. സ്കൂൾ കെട്ടിടത്തിലും അതിന്റെ ഗ്രൗണ്ടിലും കോവിഡ് ദ്വിതീയ ചികിത്സാ സംവിധാനം കമ്പനി തയ്യാറാക്കി പ്രവർത്തനത്തിനായി ആരോഗ്യമിഷന് കൈമാറിക്കഴിഞ്ഞു. നിലവിൽ പുറമേനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന ദ്രവീകൃത ഓക്സിജന്റെ ഒരു പങ്ക് ചവറ കെ.എം.എം.എൽ.ന്റെ ദ്രവീകൃത ടാങ്കിൽ സൂക്ഷിച്ച് ആവശ്യാനുസരണം ആശുപത്രികൾക്ക് വിതരണം നടത്തുകയും ചെയ്യുന്നു. നാളിതുവരെ കെ.എം.എം.എൽ-ൽ ഉത്പാദിപ്പിച്ച ഏകദേശം 1150 ടൺ ദ്രവീകൃത ഓക്സിജൻ പൂർണ്ണമായും കോവിഡ് ആവശ്യത്തിനായി വിതരണം നടത്തി. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ദ്രവീകൃത ഓക്സിജന്റെ കപ്പാസിറ്റി

10 TPD ആയി ഉയർത്തുന്നതിനും അനുബന്ധ പദ്ധതികൾക്കുമായി 4.37 കോടി രൂപ സർക്കാർ കമ്പനിക്ക് നൽകിയിട്ടുണ്ട്. ദ്രവീകൃത ഓക്സിജന്റെ കപ്പാസിറ്റി 10 TPD ആയി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

## കിഫ്ബി പ്രവൃത്തികളുടെ നിർവ്വഹണം

16 (*45) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യരംഗത്ത് കുതിപ്പ് സൃഷ്ടിക്കുന്നതിന് കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിയ കിഫ്ബിവഴിയുള്ള പ്രവൃത്തികളുടെ നിർവ്വഹണം ത്വരിതപ്പെടുത്താൻ പ്രത്യേക ശ്രദ്ധ പതിപ്പിക്കുമോ?

സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബിവഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. സർക്കാരിന്റെ വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് വിദൂരഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുകയെന്നതാണ് കിഫ്ബിയുടെ സ്ഥാപിത ലക്ഷ്യം. കിഫ്ബി മുഖേന നാളിതുവരെ ആകെ 63259.32 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനു പുറമെ, നൂതന സാങ്കേതികവിദ്യകളുടെ

സഹായത്തോടുകൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. കിഫ്ബിയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്തിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളും പൊതു ജനങ്ങളുടെ ഇടയിൽ പരമാവധി എത്തിക്കുവാനും ഇവ സംബന്ധിക്കുന്ന ആശങ്കകൾ ഏതെങ്കിലും ഉണ്ടാകുന്നപക്ഷം അവ ഫലപ്രദമായി ദൂരീകരിക്കുന്നതിനുമുള്ള നടപടികൾ എല്ലാ ഘട്ടത്തിലും കിഫ്ബി സ്വീകരിച്ചു വരുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മക രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയ ബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടുപോകുന്നത്. പദ്ധതി നിർവ്വഹണ ഏജൻസികൾക്കാവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബിവഴി നേരിട്ട് നടപ്പിലാക്കുന്നതു കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് സാങ്കേതിക സഹായവും നൽകിവരുന്നുണ്ട്. ഇതിനുപുറമെ പദ്ധതി നിർവ്വഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. കൂടുതൽ പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലേയ്ക്ക് കടന്നതോടെ പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന ബോധ്യത്തിൽ കൂടുതൽ മാനവവിഭവശേഷി ഉപയോഗിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിൽ ശാസ്ത്രീയമായി മാനവവിഭവ ശേഷി വിനിയോഗിച്ചുകൊണ്ടും സാങ്കേതികവിദ്യയുടെ സഹായത്തോടെയും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ബി) പക്ഷപാതരഹിതമായി സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും വികസന പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് അനുവദിച്ച പദ്ധതികളെ തുരങ്കം വയ്ക്കാൻ സങ്കുചിത താല്പര്യക്കാരും ചില കേന്ദ്ര ഏജൻസികളും നടത്തുന്ന നീക്കങ്ങളെ തുറന്നുകാണിക്കാനായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2016-ൽ ഐകകണ്ഠ്യേനയാണ് കേരള നിയമസഭ കിഫ്ബി ഭേദഗതി നിയമം പാസ്സാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തനമികവാണ് കിഫ്ബി കാഴ്ചവച്ചത്. വളരെ പ്രൊഫഷണലായുള്ള

പ്രവർത്തനരീതികളാണ് കിഫ്ബിയെ ഇതിന് സഹായിച്ചത്. ആരോഗ്യം, വിദ്യാഭ്യാസം, പൊതുഗതാഗതം എന്നിവയുൾപ്പെടെയുള്ള എല്ലാ മേഖലകളിലും ചുരുങ്ങിയ കാലംകൊണ്ടുതന്നെ സംസ്ഥാനത്തുടനീളം പക്ഷപാതരഹിതമായി സമഗ്ര വികസനം കൈവരിക്കാൻ കിഫ്ബിക്ക് കഴിഞ്ഞിട്ടുണ്ട്. തന്മൂലം ആഭ്യന്തര – അന്താരാഷ്ട്ര തലങ്ങളിൽ ശ്രദ്ധ പിടിച്ചുപറ്റാൻ കിഫ്ബിക്ക് സാധിച്ചു. മാറ്റങ്ങൾ കൺമുമ്പിൽ കണ്ടുതുടങ്ങി. ഇങ്ങനെ നാളത്തെ കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാംതന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നും ഉണ്ടായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധമാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകരണം നൽകുവാൻ സർക്കാരിനും കിഫ്ബിക്കും കഴിഞ്ഞു. ഉചിതമായ ഈ ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തു സൂക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്തു മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ടുപോകുവാൻ കഴിയൂ. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുവാനും കിഫ്ബി മുഖേനയുള്ള കേരളത്തിന്റെ സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് ഈ സർക്കാരിന്റെ തീരുമാനം.

(സി) സുതാര്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് കിഫ്ബിയിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയെന്നറിയിക്കുമോ?

ഗുണനിലവാര പരിശോധന നടത്തുന്നതിന് കിഫ്ബിക്ക് സ്വന്തമായി ഒരു സാങ്കേതിക പരിശോധനാ വിഭാഗം (ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗ്) ഉണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം സൂക്ഷ്മപരിശോധന നടത്തി ഫീൽഡ് ഒബ്സർവേഷൻ ഷീറ്റുകളും ഒബ്സർവേഷൻ മെമ്മോകളും SPV-ക്ക് നൽകുന്നുണ്ട്. സാങ്കേതിക പരിശോധനാ സമിതി നൽകിയ നിർദ്ദേശങ്ങൾക്കനുസൃതമായി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമേ ഒബ്സർവേഷൻ മെമ്മോകൾ പിൻവലിക്കാറുള്ളൂ. അതോടൊപ്പം ബിൽ തുക നൽകുന്നതിനുമുമ്പ് കിഫ്ബി പരിശോധനാ പ്രകാരം നൽകിയ ഒബ്സർവേഷൻ

മെമ്മോകളിലെ നിർദ്ദേശങ്ങൾ പാലിച്ചുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. മേൽനിർദ്ദേശങ്ങൾ പാലിക്കാത്ത സാഹചര്യത്തിൽ പ്രവൃത്തി തടഞ്ഞു വയ്ക്കുന്നതടക്കമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. താഴെപ്പറയുന്ന സംവിധാനങ്ങൾ ടെക്നിക്കൽ ഇൻസ്പെക്ഷൻ വിംഗിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സഹായകമാകുന്നു.

i. ഓട്ടോ ലാബ്: പദ്ധതികളുമായി ബന്ധപ്പെട്ട സാമ്പിളുകൾ പരിശോധിക്കുവാനും സൈറ്റ് പരിശോധിക്കുവാനും രൂപകല്പന ചെയ്തിട്ടുള്ള സംവിധാനമാണ്. കൂടാതെ സർവ്വേ, ദൃശ്യവിവരങ്ങളുടെ സമാഹാരം എന്നിവയും ഓട്ടോലാബ് ഏറ്റെടുത്തുനടത്തുന്നു.

ii. ഡ്രോൺ ബേസ്ഡ് ക്വാളിറ്റി/പ്രോഗ്രസ്സ് മോണിറ്ററിംഗ് സിസ്റ്റം: അത്യാധുനിക ഡ്രോൺ ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന റോഡുകൾ, തോടുകൾ, ജലവിതരണ സംവിധാനങ്ങൾ എന്നിവയുടെ ആകാശ ചിത്രങ്ങളെടുക്കുകയും പ്രവർത്തനങ്ങളുടെ പുരോഗതി മനസ്സിലാക്കുകയും ചെയ്യുന്നു.

iii. സെൻട്രൽ ടെസ്റ്റിംഗ് ലാബ്: KIIFB ആസ്ഥാനത്ത് പ്രവർത്തിക്കുന്ന പൂർണ്ണമായും സജ്ജീകരിച്ച ലാബ്, ഫീൽഡുകളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നു.

iv. നോൺ-ഡിസ്ട്രിക്റ്റീവ് ടെസ്റ്റിംഗ് എക്യുപ്മെന്റ്: കിഫ്ബിയുടെ അത്യാധുനിക ഉപകരണങ്ങൾ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താതെ ഗുണനിലവാര പരിശോധനയ്ക്ക് സഹായകമാകുന്നു.

v. ക്വാളിറ്റി മോണിറ്ററിംഗ് സ്റ്റുഡിയോ: നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ പുരോഗതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കിഫ്ബി ഓഫീസിൽ ഇരുന്നുതന്നെ വിലയിരുത്താൻ ഇതിലൂടെ സാധിക്കുന്നു.

vi. നെറ്റ്‌വർക്ക് ലാബ് സിസ്റ്റം: നൂതന സാങ്കേതികോപകരണങ്ങളു പയോഗിച്ച് മെറ്റീരിയലുകളുടെ അത്യാധുനിക ടെസ്റ്റിംഗ് ലാബ്. ടെക്നിക്കൽ റിസോഴ്സ് സെന്റർ: സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ (CMD) നിയന്ത്രണത്തിലും സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ ഏകീകരണത്തിലും പ്രവർത്തിക്കുന്ന ഈ വിഭാഗം എസ്.പി.വി.കൾക്കാവശ്യമുള്ള സാങ്കേതിക സഹായങ്ങളും ലഭ്യമാക്കുന്നു. ഇവയ്ക്കുപുറമെ പൊതുജനങ്ങൾക്കും നിക്ഷേപകർ ക്കുമുൾപ്പെടെ ആർക്കും കിഫ്ബിയുടെ പ്രവർത്തനങ്ങളിലോ പദ്ധതികളിലോ ഉള്ള പരാതികളും അഭിപ്രായങ്ങളും അറിയിക്കുന്നതിനും അവയിൽ നടപടികൾ സ്വീകരിക്കുന്നതിനും ഒരു ഓൺലൈൻ പരാതി പരിഹാര സംവിധാനം (Grievance Redressal Portal) നിലവിലുണ്ട്. കിഫ്ബിയുടെ വെബ്സൈറ്റിലാണ് ഇതിനുള്ള സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന

പരാതികൾ പരിശോധിക്കുന്നതിനും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട സെക്ഷന് കൈമാറുന്നു. പരാതികൾ സമയബന്ധിതമായി തീർപ്പാക്കിവരുന്നതിൽ കിഫ്ബി ശ്രദ്ധ പുലർത്താറുണ്ട്. ഈ സംവിധാനം മുഖേന സമർപ്പിക്കുന്ന തന്റെ പരാതികളുടെ സ്ഥിതി കൃത്യമായി അറിയുവാനും പരാതിക്കാരന് സാധിക്കും. അതോടൊപ്പം എല്ലാ സർക്കാർ സംവിധാനങ്ങൾക്കും ബാധകമായിട്ടുള്ള RTI, CMO Portal എന്നിവയിലൂടെ ലഭിക്കുന്ന പദ്ധതികളും പരിശോധിച്ചു വരുന്നു. കൂടാതെ കരാറുകാർക്ക് അവർ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ നിജസ്ഥിതി അറിയുന്നതിനുള്ള ഓൺലൈൻ സംവിധാനവും കിഫ്ബിയിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളും അവയുടെ കാലികസ്ഥിതിയും കിഫ്ബിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. കിഫ്ബിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പൊതുസമൂഹത്തിനുണ്ടാകുന്ന ആശങ്കകൾ ദൂരീകരിക്കുന്നതിനും കിഫ്ബിയുടെ നേട്ടങ്ങൾ ഉടനടി പൊതുസമൂഹത്തെ അറിയിക്കുന്നതിനുമായി ഒരു ഫേസ്ബുക്ക് പേജും നിലവിലുണ്ട്. മേൽ സൂചിപ്പിച്ച സംവിധാനങ്ങളിലൂടെ കിഫ്ബിയുടെ പ്രവർത്തനങ്ങളുടെ സുതാര്യതയും പ്രവൃത്തികളുടെ ഗുണനിലവാരവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്.

### കോവിഡ്- 19 സൃഷ്ടിക്കുന്ന സാമ്പത്തിക ആഘാതം

17 (*46) ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കെ. ആൻസലൻ:

ശ്രീ. പി. പി. സുമോദ്:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കോവിഡ് സംസ്ഥാനത്ത് സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തികാഘാതം വിലയിരുത്താൻ സാധിച്ചിട്ടുണ്ടോ?

കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം 2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. GSDP-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ

പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികച്ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാനക്കമ്മിയും അതുപോലെ ധനക്കമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ചുകഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകാനിടയുള്ളത് കണക്കിലെടുത്ത് കേന്ദ്രസർക്കാർ ഏതെങ്കിലും തരത്തിലുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ടോ?

കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ വാർഷിക വായ്പാപരിധി 2020-21-ൽ GSDP-യുടെ 3 ശതമാനത്തിൽനിന്നും 5 ശതമാനമായി വർദ്ധിപ്പിച്ചു നൽകിയിരുന്നു. ഈ രണ്ട് ശതമാനം അധിക വായ്പയിൽ ഒരുഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ നടപ്പിലാക്കിക്കൊണ്ട് 2 ശതമാനം അധികവായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 4 ശതമാനമായി നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഇതിൽ 0.5% മൂലധനച്ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപരിധിക്കുപുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും വാക്സിനേഷന്റെ പ്രവർത്തനച്ചെലവിനുമായി ആകെ 657.27 കോടി രൂപയുടെ കേന്ദ്രസഹായം National Health Mission മുഖേന ലഭിച്ചിട്ടുണ്ട്.

(സി) ദുരിതമകറ്റാൻ സ്വീകരിച്ചിട്ടുള്ള വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കും പ്രതിരോധ പ്രവർത്തനത്തിനും ചികിത്സാ സൗകര്യവർദ്ധനവിനും കേന്ദ്രസർക്കാർ എന്തെല്ലാം സഹായം ഇതുവരെ ലഭ്യമാക്കിയിട്ടുണ്ടെന്നറിയിക്കുമോ?

സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ 2020-21 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന 419 കോടി രൂപയുടെ 50% കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഉപയോഗിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിരുന്നു. ഇതിനുപുറമേ 2020-21-ലെ സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ opening balance (542.10 കോടി)-ന്റെ 10% കൊറോണ പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകി. പി.എം. കെയർ ഫണ്ടിൽനിന്നും 19.496 കോടി രൂപ കേന്ദ്രസർക്കാർ അനുവദിക്കുകയും അതിഥി തൊഴിലാളികൾക്കുവേണ്ടിയുള്ള കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പി.എം. കെയർ ഫണ്ട് വിനിയോഗിക്കുകയും ചെയ്യുന്നു. നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാന ദുരന്തപ്രതികരണ നിധിയുടെ 50% കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് വിനിയോഗിക്കുവാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ ആത്മനിർഭർ ഭാരത് പദ്ധതി പ്രകാരം 2020 മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തെ അതിഥിത്തൊഴിലാളികൾക്ക് ആളൊന്നിന് 5 കിലോ വീതം അരിയും 1 കിലോ വീതം പയറുവർഗ്ഗങ്ങളും സൗജന്യമായി വിതരണം നടത്തുന്നതിനായി 15480.012 MT അരിയും 745.058 MT പയറുവർഗ്ഗങ്ങളും അനുവദിച്ചിരുന്നു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി PMGKAY പദ്ധതി പ്രകാരം എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളിലുൾപ്പെട്ട കുടുംബങ്ങളിലെ ഒരംഗത്തിന് 5 കിലോ വീതം ഭക്ഷ്യധാന്യവും 1 കിലോ വീതം പയറുവർഗ്ഗങ്ങളും 2020 ഏപ്രിൽ മുതൽ ജൂൺ വരെ വിതരണം നടത്തുന്നതിനായി 232200.180 MT അരിയും 11214.27 MT പയറുവർഗ്ഗങ്ങളും അനുവദിച്ചിരുന്നു. ജൂലൈ മുതൽ നവംബർ വരെ പദ്ധതി ദീർഘിപ്പിച്ചതിനെത്തുടർന്ന് PMGKAY 2nd phase-ൽ 289922.944 MT അരിയും 70782.357 MT ഗോതമ്പും 18310.219 MT പയറുവർഗ്ഗങ്ങളും ലഭ്യമായിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 2021 മേയ്, ജൂൺ മാസങ്ങളിൽ PMGKAY പദ്ധതി പ്രകാരം വിതരണം നടത്തുന്നതിനായി 126487.177 MT അരിയും 28312.943 MT ഗോതമ്പും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിതരണം നടന്നുവരികയാണ്. കേന്ദ്രസർക്കാരിൽ നിന്നും National Health Mission മുഖേന ലഭിച്ച 657.27 കോടി രൂപ മരുന്ന്, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കോവിഡ് നിവാരണ പ്രവർത്തനങ്ങൾക്കും ചെലവാക്കിവരുന്നു.

## പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധന

18 (*47) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉത്പന്നങ്ങളുടെ അനുസ്യൂതമായ വിലക്കയറ്റം സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ?

വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉത്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധന ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യസാധനങ്ങളുടെയും വിലക്കയറ്റത്തിനിടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ ഉയർന്ന തൊഴിലില്ലായ്മയും ഗാർഹിക വരുമാനത്തിലുണ്ടായ ഇടിവും കുടുംബ ബഡ്ജറ്റിന്റെ താളം തെറ്റിച്ചു. കോവിഡുമൂലം അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കൈക്കൊണ്ടുവരുന്ന ക്രിയാത്മക നടപടികൾക്ക് വില വർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

(ബി) കേന്ദ്രസർക്കാരിന് സമാനമായി സംസ്ഥാന സർക്കാരിനും നികുതി വരുമാനം ലഭിക്കുന്നതിനാലാണോ ഈ കോവിഡ് കാലത്തുപോലും സാധാരണ ജനങ്ങൾക്ക് നികുതി ഭാരത്തിൽ ഇളവ് നൽകാത്തതെന്ന് വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. നിലവിൽ കേരളത്തിലെ പൊതുവില്പന നികുതി പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം ആണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 31-5-2018-ലെ എസ്.ആർ. ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 1-6-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. ഇതിലൂടെ വിലയിൽ ഏകദേശം ഒരു രൂപയോളം കുറവുണ്ടായി. എന്നാൽ കേന്ദ്രഗവണ്മെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ താഴുന്നതാണ്.

(സി) ഇക്കാര്യത്തിൽ മുൻ യു.ഡി.എഫ്. സർക്കാർ കാട്ടിയ മാതൃകയെങ്കിലും സ്വീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ തയ്യാറാകുമോ?

14-5-2011-ൽ പെട്രോളിന്റെ സംസ്ഥാന നികുതി നിരക്ക് 29.01%-ഉം ഡീസലിന്റേത് 24.69%-ഉം ആയിരുന്നു. ഇന്ധന വില വർദ്ധനവിനനുസരിച്ച് കൂടിയ വിലയിന്മേലുള്ള അധിക നികുതി വേണ്ടെന്നുവയ്ക്കുന്ന സാഹചര്യമുണ്ടായെങ്കിലും 18-2-2015-ലെ എസ്.ആർ.ഒ. 92/2015 പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 31.80% ആയി ഉയർത്തുകയും ഡീസലിന്റേത് 24.52% ആക്കി നിശ്ചയിക്കുകയും ചെയ്യുകയുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 1-6-2018 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 30.08% ആയും ഡീസലിന്റേത് 22.76% ആയും കുറയ്ക്കുകയാണ് ചെയ്തത്.

**കാർഷിക വിളകൾക്കുള്ള തറവില**

19 (*48) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ തുടക്കമിട്ട കാർഷിക വിളകൾക്കുള്ള തറവില ഉറപ്പാക്കുന്ന പദ്ധതിക്കായി മതിയായ തുക സർക്കാരിൽനിന്ന് ലഭിക്കാത്തതു കാരണം കർഷകർ കടുത്ത പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ് എന്ന പേരിൽ 16 ഇനം പഴം - പച്ചക്കറികൾക്ക് അടിസ്ഥാന വില നിശ്ചയിച്ചു. ടി പദ്ധതി 2020 നവംബർ 1 മുതൽ പ്രാബല്യത്തിൽ വന്നു. കർഷകർ AIMS പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും ആനുകൂല്യം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകിക്കൊണ്ടുമാണ് പദ്ധതി നടപ്പിലാക്കിയത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. ഈ കാലയളവിൽ, മേൽ പദ്ധതിക്ക് 10.00 കോടി രൂപ അനുവദിക്കുകയും അതിൽ 3.00 കോടി രൂപ നൽകുകയും ചെയ്തു. ഏകദേശം 1.50 കോടി രൂപ കർഷകർക്ക് ഇനിയും നൽകുവാനുണ്ട്. ഈ തുക നടപ്പുസാമ്പത്തിക വർഷത്തിൽ നൽകുവാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) വിപണി മാന്ദ്യത്തിനിടയിൽ സർക്കാർ തലത്തിലുള്ള സംഭരണം തടസ്സപ്പെട്ടിരിക്കുന്നതിനാൽ ജീവിതം വഴിമുട്ടിയ കർഷകർക്ക് ബഡ്ജറ്റ് വകയിരുത്തലുകളുടെ പുനഃക്രമീകരണത്തിലൂടെ കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

കോവിഡ്-19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് നിലവിൽ 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് പുനഃക്രമീകരണത്തിലൂടെ കൂടുതൽ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിഗണനയിലാണ്. ഇതിനുപുറമെ അധിക ധനസമാഹരണം മുഖേന അധിക തുക നല്കുന്നതിനുള്ള നടപടികളും പരിശോധിക്കുന്നതാണ്.

(സി) കർഷകർക്ക് ലോൺ മൊറട്ടോറിയം നീട്ടിനൽകുന്നതും കാലാവധി നീട്ടിനൽകുന്ന കാര്യവും പരിഗണിക്കുമോ?

2021 മാർച്ച് 1-നും ജൂൺ 30-നും ഇടയിൽ പുതുക്കേണ്ട ഹ്രസ്വകാല കാർഷിക വായ്പകൾ (KCC) 2021 ജൂൺ 30-ന് പുതുക്കിയാൽ മതിയാകും. കൂടാതെ ഇത്തരത്തിൽ പുതുക്കുന്ന വായ്പകൾക്ക് പിഴപ്പലിശ ഈടാക്കുന്നില്ലെന്ന് മാത്രമല്ല സബ്സിഡിയും ലഭിക്കുമെന്നുള്ള നിർദ്ദേശം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും നബാർഡും ചേർന്ന് ബാങ്കുകൾക്ക് ഇതിനകം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം കർഷകർക്ക് മൊറട്ടോറിയത്തിന് സമാനമായ ഇളവ് നൽകും. അതോടൊപ്പം അടുത്ത SLBC യോഗത്തിൽ കർഷകർക്ക് കാർഷിക ലോണുകൾക്കുള്ള മൊറട്ടോറിയം നീട്ടിനൽകാനുള്ള അജണ്ടകൂടി ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

**ഊർജ്ജോത്പാദന പദ്ധതികൾ**

20 (*49) <u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. ഇ. കെ. വിജയൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) അക്ഷയ ഊർജ്ജോത്പാദന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

അക്ഷയ ഊർജ്ജോത്പാദന പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി 'സൗര' പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജപദ്ധതികൾ നടപ്പിലാക്കുകവഴി കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കുകയും ഹരിത ഊർജ്ജ രൂപങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുകവഴി പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. അക്ഷയഊർജ്ജ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക വഴി കർഷകർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരുടെ ഉത്പന്നങ്ങൾക്ക് മൂല്യവർദ്ധനയും അധികവരുമാനവും ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഹൈഡ്രജൻ ഇന്ധനം പോലെയുള്ള ആധുനിക ഊർജ്ജോത്പാദന മാർഗ്ഗങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകവഴി ലക്ഷ്യം കണ്ടെത്താനാണ് പദ്ധതിയിടുന്നത്. കേരളം ഊർജ്ജ ആവശ്യങ്ങൾക്കുവേണ്ട വൈദ്യുതിയുടെ 70 ശതമാനവും കേന്ദ്രപൂളിൽനിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള നിലയങ്ങളിൽനിന്നും വാങ്ങിയാണ് നിർവ്വഹിക്കുന്നത്. കേരളത്തിൽ മുൻ വർഷങ്ങളിലുണ്ടായ പ്രകൃതിദുരന്തങ്ങൾക്ക് സമാനമായതും കൂടുതൽ ആഘാതമുണ്ടാക്കിയതുമായ ദുരന്തങ്ങൾ മറ്റ് സംസ്ഥാനങ്ങളിലൊക്കെ ഉണ്ടാകുന്ന സാഹചര്യത്തിൽ, സുസ്ഥിരമായ ഒരു ഊർജ്ജഭാവിക്ക് കേരളം ഊർജ്ജ സ്വയംപര്യാപ്തത കൈവരിക്കേണ്ടതുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഊർജ്ജത്തെ മുഖ്യമായി ആശ്രയിക്കുന്നത്/ഉപയോഗപ്പെടുത്തുന്നത് ഒരു ആശാവഹമായ രീതിയല്ലെന്ന് മനസ്സിലാക്കി സർക്കാർ ആന്തരിക ഊർജ്ജോത്പാദനത്തിന് കൂടുതൽ ഊന്നൽ നൽകണമെന്ന് കരുതുന്നുണ്ട്. പാരിസ്ഥിതിക കാരണങ്ങൾ മൂലമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നതിനാലും നടപ്പിൽവരുത്തുന്നതിന് മറ്റ് പദ്ധതികളെ അപേക്ഷിച്ച് കൂടുതൽ സമയം വേണമെന്നതിനാലും വലിയ ജലവൈദ്യുത പദ്ധതികളോടൊപ്പം അക്ഷയ ഊർജ്ജ സ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തണമെന്ന് സർക്കാർ ലക്ഷ്യംവയ്ക്കുന്നു.

(ബി) സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഊർജ്ജ കേരള മിഷന്റെ ഭാഗമായി കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സൗരപദ്ധതിയിലൂടെ 1000 മെഗാവാട്ട് ഉത്പാദനശേഷി നിലവിലുള്ള വൈദ്യുത ശൃംഖലയിലേയ്ക്ക് കൂട്ടിച്ചേർക്കാനാണുദ്ദേശിക്കുന്നത്. സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 284.9548 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ പൂർത്തീകരിച്ചു. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിതശേഷി (മെഗാ വാട്ട്) | പൂർത്തീകരിച്ച തീയതി |
|---|---|---|---|
| | റൂഫ് ടോപ്പ് സോളാർ, ഫ്ലോട്ടിംഗ് സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ | | |
| 1 | കൊല്ലങ്കോട് സബ് സ്റ്റേഷൻ പരിസരത്ത് | 100 | 8-8-2016 |
| 2 | പടിഞ്ഞാറത്തറ ഡാമിനു മുകളിൽ | 0.40 | 29-8-2016 |
| 3 | ഇടയാർ സബ് സ്റ്റേഷൻ സെക്ഷൻ & ഓഫീസ് പരിസരത്ത് | 1.25 | 5-9-2016 |
| 4 | ജനറേഷൻ റൂഫ് ടോപ്പ് പദ്ധതി 17 എണ്ണം | 0.7 | 7-2017 |
| 5 | പാലക്കാട് 5 ആദിവാസി കോളനി (ഡി.ഡി.ജി.) | 0.047 | 30-11-2016 |
| 6 | പാലക്കാട് 2 ആദിവാസി കോളനികൾ (ഡി.ഡി.ജി.) | 0.018 | 30-11-2016 |
| 7 | ബാരാപോൾ കനാൽ ടോപ്പ് ഗ്രിഡ് കണക്ട് കനാൽ ടോപ്പ് | 3.00 | 17-11-2016 |
| 8 | കെ.എസ്.ഇ.ബി. ട്രാൻസ്മിഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (27 എണ്ണം) | 0.910 | 02-2018 |
| 9 | കെ.എസ്.ഇ.ബി. ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (12 എണ്ണം) | 0.46 | 21-12-2017 |
| 10 | തിരുവനന്തപുരം വൈദ്യുതി ഭവനത്തിന്റെ മുകളിൽ | 0.03 | 17-5-2017 |
| 11 | ബാണാസുരസാഗർ റിസർവോയർ/കക്കയം ഗ്രിഡ് കണക്ട് ഫ്ലോട്ടിംഗ് | 0.5 | 4-12-2017 |
| 12 | കെ.എസ്.ഇ.ബി. പ്രസരണ-വിതരണ വിഭാഗങ്ങളിലെ അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽ (23 എണ്ണം) | 0.445 | 31-5-2019 |

| | | | |
|---|---|---|---|
| 13 | ഗവൺമെന്റ് ഇൻസ്റ്റിറ്റ്യൂഷൻസ് സൗത്ത് (4 എണ്ണം) | 0.0575 | 09-12 |
| 14 | മഞ്ചേശ്വരം, കാസർഗോഡ് | 0.50 | 5-30-2017 |
| 15 | കുറ്റിപ്പുറം | 0.50 | 11-28-2017 |
| 16 | പേഴയ്ക്കാപ്പള്ളി-മൂവാറ്റുപുഴ, എറണാകുളം | 1.25 | 1-15-2018 |
| 17 | പോത്തൻകോട് സബ്സ്റ്റേഷൻ പരിസരത്ത് | 2.00 | 2-2-2018 |
| 18 | പീരുമേട്, ഇടുക്കി | 0.50 | 4-23-2018 |
| 19 | തലക്കുളത്തൂർ, കോഴിക്കോട് | 0.65 | 4-22-2017 |
| 20 | ബാരാപോൾ കനാൽ ബാങ്ക് ഗ്രിഡ് കണക്ട് കനാൽ ബാങ്ക് | 100 | 11-7-2016 |
| 21 | പൊന്നാനി, മലപ്പുറം | 0.50 | 1-16-2019 |
| 22 | കൊട്ടിയം, കൊല്ലം | 0.60 | 1-24-2020 |
| 23 | കഞ്ചിക്കോട് (ഗ്രൗണ്ട് മൗണ്ടഡ്) | 1.00 | 8-20-2015 |
| 24 | ചാലയൂർ ആദിവാസി കോളനിയിലെ വീടുകളുടെ മേൽക്കൂരയിൽ | 0.096 | 8-31-2015 |
| 25 | പൊരിങ്ങൽക്കുത്ത് പവർഹൗസിന്റെ മേൽക്കൂരയിൽ | 0.050 | 9-10-2015 |
| 26 | ഫ്ലോട്ടിംഗ് സോളാർ-ബാണാസുരസാഗർ റിസർവോയറിൽ | 0.010 | 1-21-2016 |
| 27 | ബാണാസുരസാഗർ-റിസർവോയറിൽ പരിസരത്തുള്ള സോളാർ ട്രീ, സോളാർ ഫൗണ്ടൻ, സോളാർ ഫ്ലവർ, സോളാർ കാനപ്പി | 0.003372 | 1-21-2016 |
| | ആകെ | 17,476872 | |

| | | | |
|---|---|---|---|
| II | കൺസ്യൂമേഴ്സ് (റൂഫ് ടോപ്പ് ഇൻസ്റ്റലേഷൻ) | 130.651 | |
| III | സിയാൽ | 26.432 | |
| IV | അനെർട്ട്-കുഴൽമന്ദം | 2 | |
| V | KMRL | 5.395 | |
| VI | HINDALCO | 3 | |
| VII | അമ്പലത്തറ സോളാർ പാർക്ക് | 50 | |
| VIII | പൈവേളിഗൈ | 50 | |
| ആകെ (I to VIII) | | 284.9548 | |

ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് എഗ്രിമെന്റ് 20-1-2020-ൽ ഒപ്പുവച്ചു. പണി പുരോഗമിച്ചുവരുന്നു. വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പദ്ധതി എൻ.എച്ച്.പി.സി. ആണ് നടപ്പാക്കുന്നത്. ഇടുക്കി ജില്ലയിലെ റിസർവോയറുകളിൽ ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള സർവ്വേ പ്രാരംഭ ദശയിലാണ്. കേന്ദ്രസർക്കാർ സ്ഥാപനമായ സോളാർ എനർജി കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് (SECI) ഇടുക്കി റിസർവോയറിൽ 50 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിവരുന്നു. SECI മുഖേന ബാണാസുരസാഗർ റിസർവോയറിൽ 100 മെഗാവാട്ട് പ്ലാന്റ് സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്. ഇതിന്റെ പഠനം പ്രാരംഭദശയിലാണ്. ഇടുക്കി റിസർവോയറിൽ എൻ.റ്റി.പി.സി. വിശദമായി പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ 25 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി ചെറുതോണിയിലും 100 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതി അഞ്ചുരുളിയിലും സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ ഏറ്റുമാനൂർ വില്ലേജിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ഭൂമിയിൽ

ആരംഭിച്ചിരിക്കുന്ന 1 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റ് 2021-22-ൽ പൂർത്തീകരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 14 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പാലക്കാട് ജില്ലയിലെ നെന്മാറയിലുള്ള കെ.എസ്.ഇ.ബി.എൽ.ന്റെ അധീനതയിലുള്ള ഭൂമിയിൽ 1.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് നിർമ്മാണത്തിനായുള്ള വർക്ക് ഓർഡർ 4-5-2021-ൽ നൽകിയിട്ടുണ്ട്. ഇതുപ്രകാരം 6 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽനിന്നും പ്രതിവർഷം ഏകദേശം 18 ലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. PM-KUSUM പദ്ധതിയുടെ ഭാഗമായി ആകെ 40 മെഗാവാട്ട് സൗരോർജ്ജ പ്ലാന്റുകളുടെ നിർമ്മാണത്തിനായി എം.എൻ.ആർ.ഇ.യിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കർഷകരുടെ തരിശുഭൂമിയിൽ സൗരോർജ്ജ പ്ലാന്റുകൾ നിർമ്മിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിനായി കർഷകരിൽനിന്നും രജിസ്ട്രേഷൻ സ്വീകരിച്ച് അനുയോജ്യമായ തരിശുനിലങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ PM-KUSUM പദ്ധതിയുടെ ഭാഗമായി ഫീഡർ തലത്തിലുള്ള സൗരോർജ്ജവത്കരണത്തിനായി എം.എൻ.ആർ.ഇ.യിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. 2000 പമ്പുകളെ സൗരോർജ്ജവത്കരിക്കാനുള്ള 2000 ഗ്രിഡ് ബന്ധിത പമ്പുകളുടെ സൗരോർജ്ജ വത്കരണമാണ് ഇതിൽ ലക്ഷ്യമിട്ടിട്ടുള്ളത്. കാർഷികാവശ്യത്തിനായുള്ള പമ്പുകൾ കൂടുതലായി ഉപയോഗിച്ചിട്ടുള്ള ഫീഡറുകളുടെ പരിധിയിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് കൃഷിയാവശ്യത്തിനായുള്ള വൈദ്യുതി ഉത്പാദിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 30 ശതമാനം സബ്സിഡിയാണ് ഈ പദ്ധതിക്കായി എം.എൻ.ആർ.ഇ. വകയിരുത്തിയിട്ടുള്ളത്. ഇതിനായുള്ള സ്ഥലം കണ്ടെത്തുന്ന തിനായുള്ള രൂപരേഖ തയ്യാറാക്കിവരുന്നു. സൗരോർജ്ജ ഉത്പാദനശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി അനെർട്ട് വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകിക്കൊണ്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ.

2. സർക്കാർ സ്ഥാപനങ്ങളുടെ സൗര വൈദ്യുതീകരണം.

3. കാർഷിക പമ്പുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും സൗരവത്കരണം.

4. മേൽക്കൂരകൾ ഉപയോഗപ്പെടുത്തി ശൃംഖലാബന്ധിത വൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് നിയമനിർമ്മാണം.

5. കൃഷിയോഗ്യമല്ലാത്ത തുറസ്സായ സ്ഥലം പ്രയോജനപ്പെടുത്തി സോളാർ പവർ പ്ലാന്റ് സ്ഥാപിച്ച് ശൃംഖലയിൽ വൈദ്യുതി നൽകുന്ന പദ്ധതി.

6. ജലാശയങ്ങളുടെ മേൽപ്പരപ്പിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം

(സി) സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

നിലവിൽ ഈ പദ്ധതി കെ.എസ്.ഇ.ബി.എൽ.ന്റെ പരിഗണനയിലില്ല. കാറ്റ്, സൗരോർജ്ജം എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കേന്ദ്ര സർക്കാർ സ്ഥാപനമായ സി-ഡാക്കുമായി സഹകരിച്ച് അനെർട്ട് ഇടുക്കി ജില്ലയിലെ രാമക്കൽമേട്ടിൽ 2 മെഗാവാട്ട് സോളാർ-വിൻഡ് പവർ പ്ലാന്റിന്റെ ആദ്യഘട്ടമായ 1 മെഗാവാട്ട് സോളാർ പവർ പ്ലാന്റിന്റെ പണി ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടം വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. കേന്ദ്രസർക്കാർ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന സോളാർ-വിൻഡ് ഹൈബ്രിഡ് ഊർജ്ജ പാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വൈദ്യുതി ബോർഡ്, അനെർട്ട് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ബൃഹദ് പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെയും അനെർട്ടിന്റെയും നേതൃത്വത്തിൽ സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 'സൗര ഊർജ്ജമിഷൻ' പദ്ധതി സംയുക്തമായി നടപ്പിലാക്കിവരുന്നു. 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിങ്ങനെയും കൈവരിക്കാനുള്ള പ്രവർത്തനമാണ് നടന്നുവരുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോത്പാദനത്തിൽ ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിലാണ് നിലയങ്ങൾ സ്ഥാപിക്കുന്നത്. വൈദ്യുതി ഉപഭോഗം, താരിഫ് കാറ്റഗറി എന്നിവയനുസരിച്ച് വ്യത്യസ്ത വിഭാഗങ്ങളിലുള്ള ഉപഭോക്താക്കൾക്ക് ഗുണകരമാകുന്ന വിധം വ്യത്യസ്ത മോഡലുകൾ കെ.എസ്.ഇ.ബി.എൽ. മുന്നോട്ടുവച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. പദ്ധതികൾ

21 (*50) ശ്രീ. വി. ജോയി:
ശ്രീമതി കാനത്തിൽ ജമീല:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് നടത്തുന്ന പ്രധാന ബിസിനസ്സുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

കെ.എസ്.എഫ്.ഇ. നടത്തുന്ന ബിസിനസ്സുകളെ പൊതുവെ നാലായി തിരിക്കാം.

1. ചിട്ടി
2. വായ്പകൾ
3. നിക്ഷേപ പദ്ധതികൾ
4. സാമൂഹ്യ സുരക്ഷാ പദ്ധതികൾ

1. ചിട്ടി:

i. സ്വദേശിച്ചിട്ടി:

ചിട്ടി ബിസിനസ്സാണ് കെ.എസ്.എഫ്.ഇ.യുടെ പ്രധാനപ്പെട്ട ബിസിനസ്സ്. 1982-ലെ കേന്ദ്ര ചിട്ടി നിയമമനുസരിച്ചും അതിനനുസൃതമായി കേരളാ ഗവൺമെന്റ് ആവിഷ്കരിച്ച ചിട്ടി റൂൾസ് 2012-ഉം അനുസരിച്ചാണ് ചിട്ടി നടത്തുന്നത്. 31-3-2021-ന്റെ കണക്കനുസരിച്ച് പ്രതിമാസം 2409.64 കോടി രൂപയുടെ സലയുള്ള ചിട്ടികൾ കെ.എസ്.എഫ്.ഇ നടത്തുന്നുണ്ട്. ഇവയിലെല്ലാംകൂടി 2079184 വരിക്കാരുണ്ട്. ഇപ്പോൾ ലേലച്ചിട്ടികൾക്കുപുറമെ നറുക്കും ലേലവുമുള്ള 12 ഡിവിഷനുകൾവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നറുക്ക് ലേലച്ചിട്ടികളും കെ.എസ്.എഫ്.ഇ. നടത്തുന്നുണ്ട്.

ii. പ്രവാസിച്ചിട്ടി:

കേരളത്തിൽ വസിക്കുന്നവർക്ക് മാത്രമായിരുന്നു ചിട്ടിയിൽ ചേരാൻ അർഹതയുണ്ടായിരുന്നത്. എന്നാൽ 2018 അവസാനം കെ.എസ്.എഫ്.ഇ. പ്രവാസിച്ചിട്ടി ആരംഭിച്ചതോടെ പ്രവാസികൾക്കും ചിട്ടിയിൽ ചേരാൻ

അവസരമുണ്ടായി. പ്രവാസിച്ചിട്ടി പദ്ധതിയിൽ ഇപ്പോൾ 61.21 കോടി രൂപയുടെ പ്രതിമാസച്ചിട്ടി നടത്തുന്നുണ്ട്. ആകെ 41287 ചിട്ടി ഇടപാടുകാരുണ്ട്. ഇതുവരെ 408.22 കോടി രൂപ കിഫ്ബി ബോണ്ടിൽ ഈ പദ്ധതിയിൽനിന്നും നിക്ഷേപിച്ചിട്ടുണ്ട്.

2. <u>വായ്പാ പദ്ധതികൾ</u>:

ബാങ്കുകൾ നൽകുന്ന വായ്പകൾ മിക്കവാറും എല്ലാംതന്നെ കെ.എസ്.എഫ്.ഇ.യും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.എഫ്.ഇ.യുടെ പ്രധാനപ്പെട്ട വായ്പാ പദ്ധതികൾ താഴെക്കൊടുക്കുന്നു.

1. സ്വർണ്ണപ്പണയ വായ്പ
2. ചിട്ടി വായ്പ
3. കെ.എസ്.എഫ്.ഇ. ഭവന വായ്പ
4. കെ.എസ്.എഫ്.ഇ. വ്യക്തിഗത വായ്പ

ഇവകൂടാതെ കാർ വായ്പ, ചിട്ടി പാസ്സ് ബുക്ക് വായ്പ, എഫ്.ഡി. വായ്പ എന്നിവയും സുഗമ അക്ഷയ ഓവർഡ്രാഫ്റ്റ്, മംഗല്യ ലോൺ, കൺസ്യൂമർ വെഹിക്കിൾ വായ്പ തുടങ്ങിയവയും കെ.എസ്.എഫ്.ഇ. ലേലവുമുള്ള 12 ഡിവിഷനുകൾവരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നറുക്ക ലേലച്ചിട്ടികളും കെ.എസ്.എഫ്.ഇ. നടത്തുന്നുണ്ട്. ലാപ് ടോപ്പ് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ കെ.എസ്.എഫ്.ഇ. ആരംഭിച്ച പദ്ധതിയാണ് വിദ്യാശ്രീ. 500 രൂപ വീതം 30 മാസം അടയ്ക്കുന്ന പദ്ധതിയാണിത്. 3 മാസം അടച്ചു കഴിഞ്ഞാൽ ലാപ് ടോപ്പ് ലഭ്യമാകുന്നതിന് അർഹത നേടും. എച്ച്.പി, ലെനോവ, കൊക്കോണിക്സ്, ഏസർ എന്നീ കമ്പനികളുടെ ലാപ് ടോപ്പുകളാണ് ലഭ്യമാക്കുക. 14250 രൂപയാണ് ലാപ്ടോപ് വാങ്ങുന്നതിനായി ലഭിക്കുക. കൂടുതൽ തുകയുള്ള ലാപ്ടോപ്പാണ് തിരഞ്ഞെടുക്കുന്നതെങ്കിൽ ബാക്കി തുക പദ്ധതി കാലയളവ് കഴിഞ്ഞു 6 മാസംകൊണ്ട് അടച്ചുതീർക്കേണ്ടതാണ്. കൃത്യമായി അടയ്ക്കുന്ന അംഗങ്ങൾക്ക് 10, 20 തവണകളിലെ അടവ് സംഖ്യ ഒഴിവാക്കിക്കൊടുക്കുന്നതും 30-ാമത്തെ തവണ സംഖ്യ സമാനമായ പുതിയ സ്കീം തുടങ്ങാൻ ഉദ്ദേശിക്കുന്നെങ്കിൽ അതിന്റെ ആദ്യതവണയായി നൽകുന്നതുമാണ്. ഇതുകൂടാതെ വിവിധ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും തദ്ദേശഭരണ സ്ഥാപനങ്ങളും സബ്സിഡികൾ നൽകുകയാണെങ്കിൽ, അവയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് വരവു വയ്ക്കേണ്ടതാണ്. ലാപ് ടോപ്പ് വേണ്ടാത്ത അംഗങ്ങൾ 13-ാം തവണ മുതൽ 14250 രൂപയ്ക്ക് അർഹരായിരിക്കും. ഈ തുകയ്ക്ക് പദ്ധതി കാലാവധി കഴിയുന്നതുവരെ സ്ഥിര നിക്ഷേപ പലിശ നൽകുന്നതാണ്. കോവിഡ്

രോഗികൾക്കും കുടുംബാംഗങ്ങൾക്കും സമാശ്വാസമെന്ന നിലയിൽ "സൗഖ്യ സ്വർണ്ണപ്പണയ വായ്പ" നടപ്പിൽ വരുത്തിയിട്ടുണ്ട്. 5% മാത്രമാണ് ഇതിന്റെ വാർഷിക പലിശ നിരക്ക്. കോവിഡ് ഒന്നാം തരംഗത്തിന്റെ കാലയളവിൽ കേരളത്തിൽ തിരികെയെത്തിയ പ്രവാസികൾക്ക് സമാശ്വാസമെന്ന നിലയിൽ പ്രവാസി സൗഹൃദം, പ്രവാസി മിത്രം എന്നീ സ്വർണ്ണപ്പണയ വായ്പകൾ നടപ്പാക്കിയിരുന്നു. ആദ്യത്തേത് ഇന്ത്യയ്ക്ക് പുറത്ത് ജോലിചെയ്തിരുന്ന, കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തിയ പ്രവാസികൾക്കും രണ്ടാമത്തേത് ഇന്ത്യയ്ക്കുള്ളിൽത്തന്നെ കേരളത്തിനുപുറത്ത് ജോലി ചെയ്തിരുന്ന തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്കും വേണ്ടിയായിരുന്നു. 1,50,000 രൂപവരെ 3% വാർഷിക പലിശ നിരക്കിൽ ലഭ്യമാക്കുന്ന സ്വർണ്ണപ്പണയ വായ്പാ പദ്ധതിയായിരുന്നു അത്. കോവിഡ് ഒന്നാം തരംഗത്തിന്റെ കാലത്ത് വിദ്യാഭ്യാസം ഓൺലൈനിലേയ്ക്ക് മാറിയപ്പോൾ പല കുട്ടികൾക്കും സ്മാർട്ട് ഫോണോ, ടി.വി.യോ ഇല്ലാത്ത അവസ്ഥയുണ്ടായിരുന്നു. അത് പരിഹരിക്കാനായി തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന അയൽപക്ക പഠനകേന്ദ്രങ്ങളിൽ സ്മാർട്ട് ടി.വി.കൾ സ്ഥാപിക്കാനായി കെ.എസ്.എഫ്.ഇ. ഓൺലൈൻ വിദ്യാസഹായി എന്ന പദ്ധതി ആരംഭിച്ചു. ഇതുപ്രകാരം ഓരോ കേന്ദ്രങ്ങളിലും ടി.വി. സ്ഥാപിക്കാനായി 10,000 രൂപ വീതം കെ.എസ്.എഫ്.ഇ. നൽകുകയുണ്ടായി. തദ്ദേശഭരണ സ്ഥാപനങ്ങൾ നിർദ്ദേശിച്ച ആറായിരത്തോളം കേന്ദ്രങ്ങളിൽ ഇത്തരത്തിൽ ടി.വി.കൾ സ്ഥാപിക്കുകയുണ്ടായി.

(ബി) അടിസ്ഥാന വികസനത്തിനായി സംസ്ഥാന സർക്കാരിന്റെ വിവിധ പ്രോജക്റ്റുകളിൽ നിക്ഷേപിക്കുന്നതിനായി ആരംഭിച്ച പ്രവാസി ചിട്ടി പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

കെ.എസ്.എഫ്.ഇ. പ്രവാസിചിട്ടി പദ്ധതി കേരളത്തിന് പുറത്ത് ജോലി ചെയ്യുന്ന പ്രവാസികൾക്ക് ചിട്ടിയിൽ ചേരാനുള്ള പദ്ധതിയാണ്. ഇന്ത്യയ്ക്ക് പുറത്തുള്ള രാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കും കേരളത്തിനുപുറത്ത് മറ്റു സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ഈ ചിട്ടിയിൽ ചേരാവുന്നതാണ്. ഏതാണ്ട് പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ഈ ചിട്ടിയിൽ, പ്രവാസ സ്ഥലത്തു താമസിച്ചുകൊണ്ടുതന്നെ ചേരാനും മാസത്തവണസംഖ്യ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും സാധിക്കും. 31-5-2021-ന്റെ കണക്കനുസരിച്ച് 61.21 കോടി രൂപ പ്രതിമാസ സലയുള്ള ചിട്ടികൾ ഈ പദ്ധതിയിൽ ആരംഭിച്ചിട്ടുണ്ട്. 41287 പ്രവാസികൾ ഈ ചിട്ടിയിൽ ചേർന്നിട്ടുണ്ട്. കിഫ്ബിയിൽ 408.22 കോടി രൂപയുടെ നിക്ഷേപവും ഇതുവരെ നടത്തിയിട്ടുണ്ട്. 2018 നവംബറിലാണ് ഈ ചിട്ടികളുടെ രജിസ്ട്രേഷൻ ആരംഭിച്ചത്.

പ്രവാസി മലയാളികൾക്ക് സുരക്ഷിതമായൊരു സമ്പാദ്യമാർഗ്ഗം എന്നതിനൊപ്പം സംസ്ഥാനത്തിന്റെ വികസന പ്രക്രിയയിൽ പങ്കുചേരാൻ അവർക്കവസരം ഒരുക്കിക്കൊടുക്കുന്ന പദ്ധതി കൂടിയാണിത്. ഇതിൽ അടയ്ക്കുന്ന തുകകളും തുടങ്ങുന്ന ചിട്ടികളുടെ സെക്യൂരിറ്റിത്തുകയും കിഫ്ബിയിൽ ബോണ്ട് രൂപത്തിൽ നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. ചിട്ടി വിളിച്ചെടുക്കുമ്പോൾ കോൾ ഓപ്ഷൻ വഴി ആവശ്യമുള്ള തുക ഇതിൽനിന്നും പിൻവലിക്കുകയും ചെയ്യാം. ഇന്ത്യയ്ക്ക് പുറത്ത് വസിക്കുന്ന മലയാളികൾക്ക് ചിട്ടിയിൽ ചേരാൻ അവസരം നൽകുന്ന ഏക നിയമാനുസൃത പദ്ധതിയാണിത്. തങ്ങളുടെ വരുമാനമനുസരിച്ച് ചേരാവുന്ന ചിട്ടികളുടെ വിപുലമായ ഒരു ശ്രേണി കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾക്കുകീഴിൽ ലഭ്യമാണ്.

(സി) കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഏതാണ്ട് പൂർണ്ണമായും ഓൺലൈനായി പ്രവർത്തിക്കുന്നതുകൊണ്ട് കോവിഡ് പ്രതിസന്ധിയുടെ കാലയളവിൽപ്പോലും പ്രവാസിച്ചിട്ടി തുടരാൻ സാധിച്ചിട്ടുണ്ട്. സ്വാഭാവികമായും കോവിഡ് പ്രതിസന്ധിയിൽ പ്രവാസി മലയാളികൾക്കുണ്ടായ സാമ്പത്തിക ബുദ്ധിമുട്ടുകൾമൂലം ഇക്കാലയളവിൽ ആരംഭിക്കുന്ന ചിട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായെങ്കിൽപ്പോലും കെ.എസ്.എഫ്.ഇ. പ്രവാസിച്ചിട്ടി ക്രമാനുഗതമായ പുരോഗതി തന്നെയാണ് കാണിക്കുന്നത്. കോവിഡിന്റെ ആദ്യതരംഗം ആരംഭിച്ച 2020 മാർച്ച് 31-ന്റെ കണക്കനുസരിച്ച് 22.04 കോടി രൂപയുടെ പ്രതിമാസ ചിട്ടി സലയും 15220 ഇടപാടുകാരുമാണുണ്ടായിരുന്നത്. ഒരു വർഷം കഴിഞ്ഞപ്പോൾ 2021 മാർച്ച് 31-ന്റെ കണക്കനുസരിച്ച് പ്രവാസിച്ചിട്ടിയുടെ പ്രതിമാസ സല 57.01 കോടി രൂപയും ഇടപാടുകാരുടെ എണ്ണം 35615-ഉം ആയി ഉയർന്നു. 2021 മേയ് 31-ന്റെ കണക്കിൽ അത് യഥാക്രമം 61.12 കോടിരൂപയും 41287 ഇടപാടുകാരുമായി ഈ പദ്ധതി വളർച്ച നേടിയിട്ടുണ്ട്.

(ഡി) കെ.എസ്.എഫ്.ഇ. പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

കെ.എസ്.എഫ്.ഇ. പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് കാലാകാലങ്ങളിൽ നടപടികൾ സ്വീകരിച്ചുവരാറുണ്ട്. ഇത് ഇപ്പോഴും തുടർന്നുവരികയാണ്. പ്രധാനമായും ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് സാങ്കേതികവത്കരണത്തിലാണ്. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി ഏതാണ്ട് പൂർണ്ണമായും ഡിജിറ്റൽ പ്ലാറ്റ്ഫോമിലാണ് നടന്നു വരുന്നത്. ഓൺലൈൻവഴി

ചിട്ടിയിൽ ചേരാനും തവണ സംഖ്യകൾ അടയ്ക്കാനും ലേലത്തിൽ പങ്കെടുക്കാനും കഴിയും. ആ സൗകര്യം കേരളത്തിനുള്ളിൽ വസിക്കുന്നവർ ചേരുന്ന ചിട്ടികൾക്കുകൂടി ബാധകമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു. അതുപോലെതന്നെ ചിട്ടിത്തവണ സംഖ്യയും വായ്പാത്തവണ സംഖ്യയും അടയ്ക്കാനുള്ള ഓൺലൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 2020 ഏപ്രിൽ മാസത്തിൽ 100 കോടി രൂപയിലധികം ഓൺലൈൻ വഴി ചിട്ടി/വായ്പ അടവ് വന്നിട്ടുണ്ട്. ഇതിനായുള്ള മൊബൈൽ ആപ്പും താമസിയാതെ നിലവിൽ വരുന്നതാണ്. കെ.എസ്.എഫ്.ഇ.യുടെ ഇപ്പോൾ ഉപയോഗിക്കുന്ന കോർ സൊല്യൂഷൻ സോഫ്റ്റ്‌വെയറിന്റെ അപാകതകൾ പരിഹരിച്ച് പുതിയൊരു സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ആലോചനകൾ നടന്നുവരുന്നു. കാലാനുസൃതമായി പല പദ്ധതികളും ഉടച്ചുവാർക്കാനും പുതിയ പദ്ധതികൾ കൊണ്ടുവരാനും കെ.എസ്.എഫ്.ഇ. ശ്രമിക്കുന്നുണ്ട്. ഉദാഹരണത്തിന് സ്വർണ്ണ വില കൂടിയ സാഹചര്യത്തിൽ സ്വർണ്ണപ്പണയ വായ്പയിൽ ടോപ്പ് അപ്പ് വായ്പാസൗകര്യം ഏർപ്പെടുത്തി. ഇതനുസരിച്ച് പുതിയ വിലയുടെ അടിസ്ഥാനത്തിൽ പണയ സംഖ്യ കൂട്ടിക്കിട്ടുവാനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമായി. ജനമിത്ര എന്ന പേരിൽ EMI അടിസ്ഥാനത്തിലുള്ള സ്വർണ്ണപ്പണയ വായ്പ ഏർപ്പെടുത്തി. ഇങ്ങനെ കാലാനുസൃതമായി പദ്ധതികളുടെ സ്വഭാവവും ഘടനയും ഡിജിറ്റലൈസേഷനും നടത്തുന്ന രീതിയാണ് കെ.എസ്.എഫ്.ഇ. അവലംബിച്ചിട്ടുള്ളത്.

## പവർക്കട്ടില്ലാത്ത കേരളം

22 (*51) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) പവർക്കട്ടില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കഴിഞ്ഞ സർക്കാർ വിജയകരമായി നടപ്പിലാക്കിയ പദ്ധതികളുടെ തുടർ പ്രവർത്തനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിന്റെ 30 ശതമാനം മാത്രമേ ആഭ്യന്തര ഉത്പാദനത്തിൽനിന്നും നിറവേറ്റാൻ സാധ്യമാകുകയുള്ളൂ. എന്നാൽ പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കാൻ സാധിക്കുന്നത് സംസ്ഥാനത്തിന് പുറമേനിന്നും വിവിധ കരാറുകളിലൂടെയും പവർ എക്സ്ചേഞ്ച് വഴിയും താരതമ്യേന

കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങിയിട്ടാണ്. ഇതിനായി കേന്ദ്ര വൈദ്യുതി നിലയങ്ങളുമായി 1741 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറും സംസ്ഥാനത്തിനുപുറത്തുള്ള പൊതു-സ്വകാര്യ ഉത്പാദകരുടെ താപനിലയങ്ങളിൽ നിന്നും 1215 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിലും കെ.എസ്.ഇ.ബി.എൽ. ഏർപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ വേനൽക്കാലത്തേയ്ക്ക് കരുതിവയ്ക്കുന്ന ജല സംഭരണം ആവശ്യാനുസരണം ഉപയോഗിച്ച് ജലവൈദ്യുതി നിലയങ്ങളിൽനിന്നുള്ള ഉത്പാദനം ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയ്ക്കുപുറമെ വേനൽക്കാലത്തെ സംസ്ഥാനത്തിന്റെ വർദ്ധിക്കുന്ന ഉപഭോഗത്തിനനുസൃതമായി പ്രതീക്ഷിക്കുന്ന അധിക വൈദ്യുതിക്കമ്മി കെ.എസ്.ഇ.ബി. ലിമിറ്റഡ് മുൻകൂട്ടി വിലയിരുത്തുകയും സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തോടെ ബാങ്കിംഗ് കരാറിലൂടെയും ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറിലൂടെയും നികത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം നിലവിൽ ഏർപ്പെട്ടിട്ടുള്ള ദീർഘകാല കരാറുകളുടെയും 2021-ൽ ഏർപ്പെട്ട ഹ്രസ്വകാല കരാറുകളുടെയും ബാങ്കിംഗ് സംവിധാനത്തിലൂടെയും ലഭ്യമായ വൈദ്യുതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* പവർകട്ടില്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വരും വർഷങ്ങളിലെ വൈദ്യുതിയുടെ ആവശ്യകത മുൻകൂട്ടി കണക്കാക്കി കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും എത്തിക്കുന്നതിനുള്ള വിവിധ കരാറുകളിൽ ഏർപ്പെടാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തര വൈദ്യുതോത്പാദനത്തിന് പുറമെയാണിത്. സംസ്ഥാനത്തെ ഊർജ്ജ ആവശ്യകത നിറവേറ്റാനുള്ള പ്രസരണ ശൃംഖല ഉറപ്പുവരുത്തുന്നതിനായി ട്രാൻസ്ഗ്രിഡ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതും പ്രവൃത്തികൾ നടപ്പിലാക്കിവരുകയും ചെയ്തുവരുന്നു. ഇതുകൂടാതെ ഇടമൺ-കൊച്ചി 400 കെ. വി. ലൈൻ, പുഗലൂർ-തൃശ്ശൂർ HVDC ലൈൻ എന്നീ കേന്ദ്രപദ്ധതികൾ പൂർത്തീകരിച്ചതിലൂടെ സംസ്ഥാനത്തിന്റെ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ചവയും നിർമ്മാണം പുരോഗമിച്ചുകൊണ്ടിരുന്നവയുമായ ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുതുതായി നിർമ്മാണം തുടങ്ങുവാനുദ്ദേശിച്ചിരുന്ന ജലവൈദ്യുത പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങുവാനും ഉദ്ദേശിക്കുന്നു. കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പര്യവേഷണ പഠനങ്ങളും നടന്നുവരുന്നു. പവർകട്ട് ഇല്ലാത്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇ.എം.സി. താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരുന്നു. കേന്ദ്ര ഊർജ്ജ സംരക്ഷണ നിയമം 2001 പ്രകാരം നിയുക്ത ഉപഭോക്താക്കളായി പ്രഖ്യാപിക്കപ്പെട്ട 12 വൻകിട ഊർജ്ജ ഉപഭോക്താക്കളുടെ വാർഷിക ഊർജ്ജ ഉപഭോഗത്തിന്റെ മേൽനോട്ടം നടത്തിവരുന്നു. മേൽനോട്ട, നിരീക്ഷണ സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും (HT&EHT കൺസ്യൂമേഴ്സ്) ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി. വാണിജ്യ വ്യവസായ കെട്ടിടങ്ങളിൽ ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തുന്നതിന് 100 kVA-ക്ക് മുകളിൽ വൈദ്യുതി ആവശ്യം വരുന്ന കെട്ടിടങ്ങൾക്ക് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (ECBC) നിർബന്ധമാക്കിക്കൊണ്ടുള്ള കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നടപ്പിൽവരുത്തുന്നതിനുള്ള പരിശീലന പരിപാടികളും മറ്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. സർക്കാർ കെട്ടിടങ്ങളിലെ ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ ഓഡിറ്റ് നടത്തുകയും അതിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും 5 സ്റ്റാർ റേറ്റഡ് ഫാനുകളും സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. സർക്കാർ ആശുപത്രികളുടെ ഊർജ്ജ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ഉപകരണങ്ങൾമാറ്റി ഊർജ്ജ കാര്യക്ഷമതകൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മാതൃകാ ഊർജ്ജ കാര്യക്ഷമത ഗ്രാമപഞ്ചായത്ത് എന്ന പദ്ധതി നിലവിലുണ്ട്. കേരളത്തിലെ 14 ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായശാലകളിൽ ഊർജ്ജസംരക്ഷണം ഉറപ്പുവരുത്തുവാൻ വ്യവസായ പാർക്കുകളും ക്ലസ്റ്ററുകളും കേന്ദ്രീകരിച്ച് 25 ശില്പശാലകൾ നടത്തുവാൻ പദ്ധതിയിടുന്നു. ഊർജ്ജസംരക്ഷണ വിഷയത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കുന്നതിന്റെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് സ്മാർട്ട് എനർജി പ്രോഗ്രാം. ഇതിന്റെ ഭാഗമായി 7841 സ്കൂളുകളെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നായി സംഘടിപ്പിച്ച് 70000-ത്തോളം കുട്ടികളുടെ നേതൃത്വത്തിൽ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ഈ പദ്ധതി മറ്റ് സ്കൂളുകളിലേയ്ക്കും വ്യാപിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൊതു ജനങ്ങൾക്ക് ഊർജ്ജസംരക്ഷണരംഗത്ത് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി സർക്കാരിതര സ്ഥാപനങ്ങൾവഴി (NGO) ഊർജ്ജസംരക്ഷണ ക്ലാസ്സുകളും പദ്ധതികളും നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഈ വർഷം എല്ലാ നിയോജകമണ്ഡലങ്ങളിലെയും സർക്കാർ ഓഫീസുകളിലെ ജീവനക്കാർക്ക് ഊർജ്ജസംരക്ഷണ ക്ലാസ്സുകൾ നടത്തിവരുന്നു.

(ബി) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ പരമാവധി വിനിയോഗം സാധ്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നത് ?

നമ്മുടെ സംസ്ഥാനത്ത് സൗരോർജ്ജം, കാറ്റ് മുതലായ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുകയെന്നത് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ചെലവേറിയതും ശ്രമകരവുമാണ്. ജനസാന്ദ്രതയേറിയതും ഫലഭൂയിഷ്ഠവുമായ ഭൂപ്രദേശമായ കേരള സംസ്ഥാനത്ത് ഇത്തരം പദ്ധതികൾക്കനുയോജ്യമായ തരിശുഭൂമി ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാകാനുള്ള ബുദ്ധിമുട്ടാണ് ഇതിലെ പ്രധാന പരിമിതി. ആയതിനാൽ പുരപ്പുറ സൗരോർജ്ജ പദ്ധതിക്കാണ് ഇവിടെ ഊന്നൽ കൊടുക്കുന്നത്. കാറ്റിനെ സംബന്ധിച്ചാണെങ്കിൽ പദ്ധതികൾക്ക് അനുയോജ്യമായ കാറ്റിന്റെ ലഭ്യതയുള്ളത് കേരളത്തിൽ ഇടുക്കി, പാലക്കാട് ജില്ലകളിൽ മാത്രമാണ്. അതുകൊണ്ട് ഈ ജില്ലകളിൽ കേന്ദ്രീകൃതമായാണ് കാറ്റിൽനിന്നുള്ള വൈദ്യുതി നിലയങ്ങൾ സ്ഥാപിതമാകുന്നത്. ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകളെ അതിജീവിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ നയത്തിനനുസൃതമായി കെ.എസ്.ഇ.ബി.യും സ്വകാര്യസംരംഭകരും ഇത്തരം പദ്ധതികൾ നടപ്പാക്കിവരുന്നത്. സൗരോർജ്ജ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി പുരപ്പുറത്ത് സോളാർ സ്ഥാപിക്കുന്നതിന് 'സൗര' എന്ന പദ്ധതി നടത്തിവരുന്നു. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകണമെന്ന് അനെർട്ട് നിർദ്ദേശിക്കുന്നു. അക്ഷയ ഊർജ്ജപദ്ധതികൾ നടപ്പിലാക്കുകവഴി കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കുക, ഹരിത ഊർജ്ജ രൂപങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുകവഴി പരിസ്ഥിതി സംരക്ഷണം, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങളുടെയും പ്രത്യേകിച്ച് കർഷകർ, മത്സ്യത്തൊഴിലാളികൾ, തുടങ്ങിയവരുടെ ഉത്പന്നങ്ങൾക്ക് മൂല്യവർദ്ധനയും അധിക വരുമാനവും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്ന ഹൈഡ്രജൻ ഇന്ധനം പോലെയുള്ള ആധുനിക ഊർജ്ജോത്പാദന മാർഗ്ഗങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, സർക്കാർ സ്ഥാപനങ്ങളുടെ സൗര വൈദ്യുതീകരണം, കാർഷിക പമ്പുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും സൗരവത്കരണം, ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കലും സൗരോർജ്ജ വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണവും. താഴെപ്പറയുന്ന നിർദ്ദേശങ്ങളും (EMC നൽകിയവ) സർക്കാരിന്റെ പരിഗണനയിലാണ്.

നമ്മുടെ സംസ്ഥാനത്തുള്ള അനേകം ഇറിഗേഷൻ കനാലുകൾ, ചെറുഅരുവികൾ എന്നിവയിൽ വിവിധ മൈക്രോ ടർബൈൻ സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി കൂടുതൽ അക്ഷയ ഊർജ്ജം ഉത്പാദിപ്പിക്കാനുള്ള പദ്ധതികളെക്കുറിച്ച് പഠനം നടത്തി പ്രായോഗികമായവ നടപ്പിലാക്കുവാൻ ശ്രമിക്കേണ്ടതുണ്ട്. അക്ഷയ ഊർജ്ജ സാങ്കേതികവിദ്യകളുപയോഗിച്ച് ആഭ്യന്തരമായി വൈദ്യുതി ഉത്പാദിപ്പിക്കുമ്പോൾ ഉത്പാദനച്ചെലവ് പുറത്തുനിന്ന് വാങ്ങുന്നതിനേക്കാൾ അല്പം കൂടുതലായിരിക്കും. നിർദ്ദേശപ്രകാരം മാത്രം താരിഫ് നിശ്ചയിക്കപ്പെടുന്നതിനാലും കമ്പനി നിയമത്തിൽ പ്രവർത്തിക്കുന്ന കെ. എസ്. ഇ. ബി.-ക്ക് അക്ഷയ ഊർജ്ജ പ്രോജക്ടുകളിൽനിന്ന് വൈദ്യുതി സ്വീകരിക്കുമ്പോഴുണ്ടാകുന്ന അധികച്ചെലവ് അപ്രായോഗികമായേക്കും. അതിനാൽ പാരമ്പര്യേതര ഊർജ്ജം (മൈക്രോ ടർബൈൻ, ബയോ എനർജി, ചെറു കാറ്റാടി യന്ത്രങ്ങൾ, ഹൈബ്രിഡ് ടെക്നോളജി) സ്വീകരിക്കുമ്പോൾ ലാഭകരമായി നടത്താനാവശ്യമായ താരിഫ് ലഭ്യമാക്കാൻ വയബിലിറ്റി ഫണ്ട് (VGF) മുഖാന്തരം കെ.എസ്.ഇ.ബി.ക്ക് വന്നേക്കാവുന്ന അധികച്ചെലവ് നികത്താവുന്നതും KSIDC-യുടെ ഓൺലൈൻ സിംഗിൾ വിൻഡോ ക്ലിയറൻസ് (K-SWIFT) സംവിധാനം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുകൂടി ഉപയോഗപ്രദമാക്കാവുന്നതുമാണ്.

(സി) വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിനും വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തി വിതരണശൃംഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതിയാണ് 'ദ്യുതി'. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കാൻ ദ്യുതി പദ്ധതി 2022-ൽ ലക്ഷ്യമിടുന്നു. എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽനിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക,

ഫോൾട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ, സെക്ഷലൈസറുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതത്തിലാക്കുക തുടങ്ങിയ പ്രവൃത്തികൾ നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി.എൽ. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കുകയും തുടർന്ന് വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ D.P.R. തയ്യാറാക്കി പദ്ധതിയുടെ പ്രവർത്തനം നടന്നുവരുന്നു. ഈ പദ്ധതിയിൽ വിതരണ മേഖലയിൽ 4035.57 കോടി രൂപയുടെ പ്രവൃത്തികളാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന വിഭാവനം ചെയ്തിട്ടുള്ളത്. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും കോവിഡ്-19- ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി പൂർണ്ണമായും കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ പദ്ധതിയിൽ ഇതുവരെ 1497.43 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വൈദ്യുതിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികൾ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങുവാനും ഉദ്ദേശിക്കുന്നു. കൂടാതെ പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പര്യവേഷണ പഠനങ്ങൾ പൂർത്തിയാക്കി അവ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്

23 (*52) <u>ശ്രീ. സജീവ് ജോസഫ്</u>:

<u>ശ്രീ. ടി. ജെ. വിനോദ്</u>:

<u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗിൽ സംസ്ഥാനം ഏറെ പിറകിൽ പോയതിന്റെ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്ക് നിർണ്ണയിക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ടു പോകുന്നതിനും ആവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, സംരംഭകർക്ക് വകുപ്പുകൾ നൽകുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക, സംരംഭകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സമർപ്പിക്കുന്നതിനും ഫീസടയ്ക്കുന്നതിനും അനുമതികൾ ഡൗൺലോഡ് ചെയ്യുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റ് വഴി നൽകുക, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ഭേദഗതികൾ കൊണ്ടുവരുക എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്കും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവ്വേയുടെ അടിസ്ഥാനത്തിലുമാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം നിർണ്ണയിക്കുന്നത്. 2019-ലെ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. 2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധനനടത്തി ക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം സംരംഭകരുടെ ഇടയിൽ നടത്തുന്ന അഭിപ്രായ സർവ്വേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിംഗ് നിശ്ചയിക്കുന്നത്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ

ആവാസവ്യവസ്ഥയിൽനിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/ കേന്ദ്രഭരണ പ്രദേശങ്ങളെ ഒറ്റ അളവ് കോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്ന കാര്യം സംസ്ഥാനം പലതവണ DPIIT-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾകൂടി റാങ്ക് നിർണ്ണയത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യവസായവത്കരണത്തിന്റെ വിവിധ തലങ്ങളിലാണ്. അതിനാൽ വ്യവസായവത്കരണത്തിൽ ശക്തമായ തുടക്കം കുറിച്ച സംസ്ഥാനങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതിൽ യുക്തിയില്ല. കേരളം ഒരു ചെറിയ സംസ്ഥാനമായതിനാലും, ജനസംഖ്യയുടെ സാന്ദ്രത കൂടിയതിനാലും വ്യാവസായിക/ബിസിനസ്സ് ആവശ്യങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യത പരിമിതമാണ്. കേരളം, ഒരു വശത്ത് വനമേഖല (പരിസ്ഥിതി ദുർബലവും ലോലവുമായ പ്രദേശങ്ങൾ), മറുവശത്ത് തീരദേശ മേഖലയുമാണ്. ഉയർന്ന റാങ്കിലുള്ള വലിയ സംസ്ഥാനങ്ങളുടെ നിലവാരം പരിഗണിക്കുന്ന അതേ മാനദണ്ഡം ഉപയോഗിച്ച് സംസ്ഥാനത്തെ വ്യവസായ പുരോഗതി അളക്കാൻ കഴിയില്ല. വ്യാവസായിക ആവശ്യങ്ങൾക്കായി തരംതിരിക്കാൻ കഴിയാത്ത, വിപുലമായ തണ്ണീർ തടങ്ങളുടെയും (wet land) നെൽകൃഷി സ്ഥലങ്ങളുടെയും (paddy land) അളവുകൾ റാങ്കിംഗിൽ കണക്കാക്കപ്പെട്ടിട്ടില്ല. 30%-ന് മുകളിൽ വലിയ വനമേഖലയുള്ള കേരളത്തിൽ വിപുലമായ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, സങ്കേതങ്ങൾ തുടങ്ങിയവയുണ്ട്. വലിയ ഭൂപ്രദേശങ്ങളുടെ ലഭ്യതയെ ഇത് പരിമിതപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ റാങ്കിംഗ് നിർണ്ണയ വേളയിൽ പരിഗണിക്കപ്പെടേണ്ടതായിരുന്നു. കേരളത്തിലെ ജനങ്ങൾ വളരെ സാക്ഷരരും പാരിസ്ഥിതിക പ്രശ്നങ്ങളോട് വളരെ വികാരപരമായി പ്രതികരിക്കുന്നവരുമാണ്. ഹരിത സംരക്ഷണം, മലിനീകരണ നിർമ്മാർജ്ജനം, നെൽ കൃഷിക്കുള്ള ഭൂമി പരിവർത്തനം ചെയ്യാൻ കഴിയാത്ത അവസ്ഥ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയവ പൊതുജന പ്രക്ഷോഭത്തിലേയ്ക്ക് നയിക്കപ്പെടും. സംസ്ഥാനം വളരെ നേട്ടങ്ങൾ കൈവരിച്ച പ്രധാന മേഖലകളായ ടൂറിസം, ഐ.ടി., പ്ലാന്റേഷനുകൾ, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയുടെ പുരോഗതികൾ പാരാമീറ്ററുകളിൽ പരിഗണിച്ചിട്ടില്ല. വ്യവസായികളിൽനിന്നും ശേഖരിക്കുന്ന അഭിപ്രായങ്ങൾ അഥവാ ഫീഡ്ബാക്ക് സർവ്വേ EODB റാങ്കിംഗ് നിശ്ചയിക്കുന്നതിൽ നിർണ്ണായക ഘടകമാകുന്നു. ആയതിനാൽ ഇവ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെഭാഗമായി വ്യവസായ വകുപ്പിന്റെ കോൾ സെന്റർ മുഖേന സംരംഭകരെ നേരിട്ട് ബന്ധപ്പെട്ട് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കേന്ദ്രസർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കിവരുന്നു. വിവിധ വകുപ്പുകളുടെ ചട്ടങ്ങളും, നിയമങ്ങളും ലഘൂകരിക്കാനും അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുമായിട്ടാണ് ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് " 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് " എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചത്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാ രീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂല ഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ/ ഏജൻസികളിൽനിന്നുമുള്ള അനുമതി കാല താമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽ രീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന

ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടിയാണ് 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപന പ്രകാരം റെഡ് കാറ്റഗറിയിൽ വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ട് "2019-ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ് "-ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കാവുന്ന സൗകര്യം കൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ ഇൻവെസ്റ്റ് കേരള പോർട്ടൽ നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെ ക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. കൂടാതെ സംസ്ഥാനത്ത് സൂക്ഷ്മ- ചെറുകിട-ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംരംഭകർക്ക്, ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ 7 ദിവസത്തിനുള്ളിൽ വ്യാവസായിക ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കൽ ആക്ടിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ എന്നിവ നിയമ/ചട്ടങ്ങളുടെ ഭാഗമായുള്ളതും അല്ലാത്തതുമാകാം. ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് റിഡ്രസ്സൽ കമ്മിറ്റി (Statutory Complaint Redressal Committee) രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാർ എന്തെങ്കിലും നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിരുന്നോ; ഇതിൽ എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്?

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി. കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ഡി.പി.ഐ.ഐ.ടി.-യുടെ നിർദ്ദേശമനുസരിച്ച് വിവിധ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ സംരംഭകരുടെ വ്യവസായവുമായി ബന്ധപ്പെട്ട ആത്യന്തിക

കാര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികളാണെടുത്തുവരുന്നത്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിശ്ചിത ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനുകൾ നടപ്പിലാക്കുന്നത് ഡി.പി.ഐ.ഐ.ടി.യുടെ നിർദ്ദേശപ്രകാരമാണ്. കൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകളും ഏജൻസികളും വ്യവസായങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംരംഭകർക്ക് സർക്കാരുമായി സമ്പർക്കംവരുന്ന എല്ലാ മേഖലകളിലും ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ തോന്നുന്നപക്ഷം അത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനു വേണ്ടി 'മിനിമൈസിംഗ് റെഗുലേറ്ററി കംപ്ലയൻസ് ബർഡൻ' എന്ന പേരിൽ ഒരു പദ്ധതി ഡി.പി.ഐ.ഐ.ടി.യുടെ നിർദ്ദേശപ്രകാരം നടപ്പിലാക്കിവരുന്നു.

(ഡി) കേന്ദ്ര വ്യവസായ പ്രോത്സാഹന മന്ത്രാലയം പ്രസിദ്ധീകരിച്ച വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ നിലവിൽ സംസ്ഥാനത്തിന്റെ റാങ്ക് എത്രയാണെന്ന് വെളിപ്പെടുത്താമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) 2019-ൽ പ്രസിദ്ധീകരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (EoDB) റാങ്കിംഗിൽ കേരളം 28-ാം സ്ഥാനത്താണ്.

## ഇ.എം.സി.സി.യുമായുള്ള ധാരണാപത്രം

24 (*54) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരി 28-ന് കൊച്ചിയിൽ നടന്ന അസൻഡ് 2020-ൽ ആഴക്കടൽ മത്സ്യബന്ധനത്തിനായി ഇ.എം.സി.സി. എന്ന അമേരിക്കൻ കമ്പനിയുമായി സർക്കാർ ധാരണാപത്രം ഒപ്പുവച്ചിരുന്നോ?

ഇ.എം.സി.സി എന്ന കമ്പനി സംസ്ഥാന സർക്കാർ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.യുമായി 2020 ഫെബ്രുവരിയിൽ നടന്ന അസൻഡിൽ ധാരണാപത്രം ഒപ്പുവച്ചിരുന്നു. എന്നാൽ ഈ ധാരണാപത്രം പിന്നീട് റദ്ദാക്കപ്പെട്ടു.

(ബി) പ്രസ്തുത ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനുമുമ്പ് മന്ത്രിസഭയിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ ;

(സി) പ്രസ്തുത ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ ചേർത്തല പള്ളിപ്പുറത്ത് നാലേക്കർ ഭൂമി അനുവദിക്കുന്നതിന് ഇ.എം.സി.സി.-യുടെ ഉപ കമ്പനിയായ ഇ.എം.എൽ.റ്റി. ഇന്റർനാഷണൽ ഇന്ത്യയുമായി കരാർ ഒപ്പുവച്ചിരുന്നോ?

ഇല്ല.

(ഡി) അസൻഡ് 2020-ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചത്; പ്രസ്തുത ധാരണാപത്രങ്ങളെല്ലാം മന്ത്രിസഭയിൽ ചർച്ച ചെയ്ത ശേഷമാണോ സർക്കാർ ഒപ്പുവച്ചത്; അറിയിക്കുമോ?

അസൻഡ് 2020 നിക്ഷേപക സംഗമത്തിൽ 32 ധാരണാപത്രങ്ങളും 117 താല്പര്യപത്രങ്ങളുമാണ് ഒപ്പുവച്ചത്. പ്രസ്തുത ധാരണാപത്രങ്ങളും താല്പര്യപത്രങ്ങളും മന്ത്രിസഭയിൽ ചർച്ച ചെയ്തിട്ടില്ല.

(ഇ) ആഴക്കടൽ മത്സ്യബന്ധനത്തിന് അനുമതി നൽകുന്ന പ്രസ്തുത കരാർ മത്സ്യത്തൊഴിലാളികളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുമെന്നിരിക്കെ, ധാരണാപത്രങ്ങളും അനുബന്ധ കരാറുകളും ഒപ്പുവച്ചത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

കരാർ ഒന്നും ഒപ്പുവച്ചിട്ടില്ല. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി ഉയർത്തിക്കാട്ടാനായി സംഘടിപ്പിച്ച അസൻഡ് 2020 എന്ന നിക്ഷേപ സംഗമത്തിൽ ഇ.എം.സി.സി. നിക്ഷേപകരായി വരികയും അവരുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. പിന്നീട് ഈ ധാരണാപത്രം റദ്ദാക്കുകയുംചെയ്തു.

**വ്യവസായ നിക്ഷേപം ആകർഷിക്കാൻ നടപടി**

25 (*55) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:**

(എ) സംസ്ഥാനത്ത് വ്യവസായ നിക്ഷേപം താരതമ്യേന കുറവായതിനാൽ വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റുപദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

DIC സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾ, വ്യവസായ ഭദ്രത, PMFME (Prime Ministers Formalisation of Micro Food Processing Enterprises), സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ്സ് ഇൻകുബേഷൻ (ARISE), Kerala Single Window Interface for Fast and Transparent Clearance (KSWIFT 3.0), ഓൺലൈനായി വ്യവസായ ഭൂമി അനുവദിക്കൽ, പുതിയ വ്യവസായ ഭൂമിയുടെ വികസനം, പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം, സംരംഭക വികസന കേന്ദ്രങ്ങൾ (EDCs) KINFRA 1. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം - കാക്കഞ്ചേരി, മലപ്പുറം 2. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം- രാമനാട്ടുകര, കോഴിക്കോട് 3. ഐ.ടി.അധിഷ്ഠിത കെട്ടിട സമുച്ചയം-പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം & വീഡിയോ പാർക്ക്- തിരുവനന്തപുരം 4. കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി 5. പെട്രോ കെമിക്കൽ പാർക്ക്-കൊച്ചി 6. ഡിഫൻസ് പാർക്ക്-ഒറ്റപ്പാലം 7. സ്പൈസസ് പാർക്ക്-തൊടുപുഴ. KSIDC-ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.75% -10.75%) 10,000 ലക്ഷം രൂപവരെ വായ്പയായി നൽകിവരുന്ന ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകിവരുന്നു. കൂടാതെ ഈ പ്രോജക്ടുകളിൽ പ്രൊമോട്ടർമാർ കൊണ്ടുവരേണ്ട വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രോജക്ടുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈടില്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1-ന് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നൽകിവരുന്നു. മറ്റ് പ്രോജക്ടുകൾക്ക് ഇത് യഥാക്രമം 1:1-ഉം 1.5:1-ഉം ആണ്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപവരെ വായ്പയായി ധനസഹായം നൽകുന്നതിനായി ' മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി' എന്ന പേരിൽ ഒരു ധനസഹായ പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കോവിഡ്-19 പകർച്ചവ്യാധിമൂലം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളെ സഹായിക്കുന്നതിനായി കേരള ഗവൺമെന്റ് വ്യവസായ ഭദ്രത എന്ന പേരിൽ ഒരു പ്രത്യേക സമാശ്വാസ പാക്കേജ് നടപ്പാക്കിയിരുന്നു. കോവിഡ്-19 രണ്ടാം വരവിനെത്തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഇതിന്റെ

ഒരു രണ്ടാം പതിപ്പ് ഇപ്പോൾ പരിഗണനയിലാണ്. സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുക, വ്യവസായ നിക്ഷേപം ആകർഷിക്കുക, വ്യവസായ വളർച്ചയിൽ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പം എത്തിക്കുക, സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗ് മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി കേന്ദ്രസർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കിവരുന്നു. വിവിധ വകുപ്പുകളുടെ ചട്ടങ്ങളും നിയമങ്ങളും ലഘൂകരിക്കാനും അതുവഴി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുമായി ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് " 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്റ്റ് " എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് മേൽപ്പറഞ്ഞ പുതിയ നിയമത്തിന്റെ അനുകൂലഘടകങ്ങൾ. കൂടാതെ വ്യവസായം ആരംഭിക്കുന്നതിന് പുതിയ സംരംഭകർക്കായി ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) 11-2-2019 മുതൽ നിലവിൽ വന്നിട്ടുണ്ട്. പുതിയ വ്യവസായ സംരംഭകർക്ക് ഇതിലൂടെ 15 വകുപ്പുകൾ/ഏജൻസികളിൽനിന്നുമുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാക്കുന്നതാണ്. കൂടാതെ 29-9-2020-ൽ ആരംഭിച്ച KSWIFT-Phase II-ലൂടെ കൂടുതൽ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് വ്യവസായ സംരംഭകർക്ക് ലൈസൻസുകൾ ലഭിക്കുവാനും നിലവിലുള്ള സംരംഭകർക്ക് ലൈസൻസ് പുതുക്കുവാനും സാധിക്കുന്നതാണ്. കോമൺ ആപ്ലിക്കേഷൻ ഫോറം, ഏകീകൃത പണമൊടുക്കൽരീതി, സമയബന്ധിത ക്ലിയറൻസുകൾ, ഡിജിറ്റൽ അനുമതികൾ, ഏകജാലക ക്ലിയറൻസ് ലഭ്യമാക്കൽ എന്നിവയാണ് കെ-സ്വിഫ്റ്റിന്റെ പ്രധാനപ്പെട്ട സവിശേഷതകൾ. നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി പൂർണ്ണരൂപത്തിൽ ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച് ലൈസൻസ് നൽകുന്നതിനുള്ള കാലാവധി 30 ദിവസമാണ്. ഇത് മുഖാന്തരം വ്യവസായം തുടങ്ങുവാനുള്ള ബുദ്ധിമുട്ടുകൾ ലഘൂകരിക്കുകയാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടിയാണ് 10 കോടി രൂപവരെ മൂലധന നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപന പ്രകാരം റെഡ് കാറ്റഗറിയിൽ

വരാത്തതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം പദ്ധതികളേയും, സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ, അനുമതികൾ, പെർമിറ്റുകൾ എന്നിവ നേടുന്നതിൽനിന്നും ആദ്യത്തെ മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിക്കൊണ്ട് “ 2019-ലെ ദി കേരള മൈക്രോ സ്മോൾ മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ ആക്റ്റ്-ലൂടെ സംസ്ഥാനത്ത് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി KSWIFT വഴി ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റുരസീത് ലഭ്യമാക്കാവുന്ന സൗകര്യംകൊണ്ടുവന്നത്. സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് സർക്കാർ "ഇൻവെസ്റ്റ് കേരള പോർട്ടൽ" നടപ്പിലാക്കിയിരിക്കുന്നത്. ഇതിലൂടെ വ്യവസായികൾക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ, സഹായങ്ങൾ, അനുമതികളെ ക്കുറിച്ചുള്ള വിവരങ്ങൾ, നിക്ഷേപം നടത്തുവാൻ അനുകൂലമായ മേഖലകൾ തുടങ്ങിയവയെക്കുറിച്ചുള്ള വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാകുന്നതാണ്. കൂടാതെ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വിഭാഗത്തിൽപ്പെടാത്ത നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുമൂലം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, സംരംഭകർക്ക്, ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോയിലൂടെ 7 ദിവസത്തിനുള്ളിൽ വ്യാവസായിക ലൈസൻസ് ലഭ്യമാക്കുവാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഇതിനായി കേരള-സൂക്ഷ്മ-ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കൽ ആക്ടിൽ ഭേദഗതികൾ വരുത്തി ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ എന്നിവ നിയമ/ചട്ടങ്ങളുടെ ഭാഗമായുള്ളതും അല്ലാത്തതുമാകാം. ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് റിഡ്രസ്സൽ കമ്മിറ്റി (Statutory Complaint Redressal Committee) രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) വ്യവസായ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ നിലവിലുള്ള ക്ലേശഘടകങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണംതന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ കാര്യക്ഷമമാക്കുവാനും നിക്ഷേപകർക്കുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരാതികളും ഓൺലൈനായി സമർപ്പിക്കുവാനും അവയ്ക്ക് സമയബന്ധിതമായി തീർപ്പുകല്പിക്കാനും/പരിഹരിക്കുവാനുമായി സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി

കംപ്ലയിന്റ് റിഡ്രസ്സൽ കമ്മിറ്റി (Statutory Complaint Redressal Committee) രൂപീകരിക്കുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന നിയമങ്ങളിൽനിന്നും ചട്ടങ്ങളിൽനിന്നുമുണ്ടാകുന്ന പ്രശ്നങ്ങൾ ഓൺലൈനായി പ്രസ്തുത വകുപ്പുകളുമായി ബന്ധപ്പെട്ട് തീർപ്പാക്കാനുള്ള അധികാരം ഈ കമ്മിറ്റിക്കുണ്ടാകും. ഏതെങ്കിലും നിയമപ്രശ്നത്തിൽ പ്രത്യേക പരിശോധന ആവശ്യമില്ലാത്ത കാര്യങ്ങളെല്ലാംതന്നെ, അപേക്ഷ സമർപ്പിച്ച് പരമാവധി വേഗത്തിൽ തീർപ്പുകല്പിക്കാനാണ് ഈ സംവിധാനംവഴി ഉദ്ദേശിക്കുന്നത്.

(സി) കേരളത്തിൽ വ്യവസായ നിക്ഷേപം നടത്താൻ താല്പര്യമുള്ള നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കേരളത്തിൽ വ്യവസായ നിക്ഷേപം നടത്താൻ താല്പര്യമുള്ള നിക്ഷേപകരുടെ പരാതികൾ പരിഹരിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് റിഡ്രസ്സൽ കമ്മിറ്റി (Statutory Complaint Redressal Committee) രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. കിൻഫ്രാ പാർക്കുകളിൽ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന് പാർക്കുതലങ്ങളിൽ Customer Relation Committee രൂപീകരിച്ചിട്ടുണ്ട്. Head Office-ൽ Corporate Customer Relations Committee നിലവിലുണ്ട്. ഇതുവഴി പാർക്കുകളിൽ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിന് സാധിക്കും. കെ.എസ്.ഐ.ഡി.സി.യും നിലവിൽ വ്യവസായ വകുപ്പിന്റെ കോൾ സെന്റർ മുഖേന സംരംഭകരെ നേരിട്ട് ബന്ധപ്പെട്ട് അഭിപ്രായങ്ങളും നിർദേശങ്ങളും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) നിക്ഷേപകരുടെ പരാതി പരിഹാര സംവിധാനവുമായി ബന്ധപ്പെട്ട് നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

പ്രസ്തുത പരാതിപരിഹാര സംവിധാനവുമായി ബന്ധപ്പെട്ട നിയമത്തിന്റെ കരട് രൂപീകരിക്കുന്നതിനായി വ്യവസായ-നിയമ-തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിമാർ അടങ്ങുന്ന സമിതി 31-5-2021-ലെ G.O.(Rt)No.523/2021/ID പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

**കിഫ്ബി പ്രവൃത്തികളുടെ പൂർത്തീകരണം**

26 (*56) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി നാളിതുവരെ സമാഹരിച്ച തുക നിലവിൽ കിഫ്ബി അനുമതി നൽകിയിരിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പര്യാപ്തമാണോ എന്ന് വിശദമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ കിഫ്ബി 64,000 കോടിയിൽപ്പരം ചെലവുവരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിംഗ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുക മുൻകൂട്ടി സമാഹരിച്ച് വയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിംഗ് ' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറയ്ക്ക് അവയ്ക്ക് പണം നൽകുന്നതിനാവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസക്കാലയളവിലേയ്ക്കുള്ള ബില്ലുകൾ കൊടുക്കുന്നതിനാവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റുവെയറാണ് (ALM Software) ഇതിന് സഹായിക്കുന്നത്. ഓരോ സമയത്തും കിഫ്ബിയുടെ പദ്ധതികളും അവയുടെ പുരോഗതിയും പേയ്മെന്റ് വ്യവസ്ഥകളും കൈവശമുള്ള തുകയും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ കിഫ്ബിയുടെ കടമെടുപ്പ് നിർദ്ദേശിക്കുവാൻ കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശ കൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കും. സാമ്പത്തിക വർഷം 2021 വരെ 5,674.798 കോടി രൂപ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10,000 കോടിയോളം രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന നികുതി - പെട്രോളിയം സെസ് ഇനത്തിലുള്ള കിഫ്ബിയുടെ വിഹിതമായി സർക്കാരിൽനിന്ന് ലഭിച്ച ആകെ തുക 10,158.94 കോടി രൂപയാകും. ഇത്തരത്തിൽ കൃത്യമായ സാമ്പത്തിക മാതൃകയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ഏറ്റെടുത്ത പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിൽ ഒരുതരത്തിലുള്ള ബുദ്ധിമുട്ടും പ്രതീക്ഷിക്കുന്നില്ല. ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) ഇക്കാര്യം ആറു മാസത്തിലൊരിക്കൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

(ബി) അടുത്ത അഞ്ചു വർഷം എത്ര കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്?

8-8-2016-ലെ സ.ഉ.(കൈ)നമ്പർ315/2016/ധന. ഉത്തരവ് പ്രകാരവും 24-2-2018-ലെ സ.ഉ.(കൈ)നമ്പർ69/2018/ധന. ഉത്തരവ് പ്രകാരവും പദ്ധതികൾ കിഫ്ബിവഴി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖകൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി രേഖകൾ പ്രകാരം വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പരിഗണിക്കുന്നത്. നാളിതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. അടുത്ത അഞ്ചു വർഷം നടപ്പിലാക്കേണ്ട ആകെ പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടില്ല.

(സി) അഞ്ചു വർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പിലാക്കുമെന്ന മുൻ സർക്കാരിന്റെ വാഗ്ദാനം പാലിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

കിഫ്ബി നാളിതുവരെ 63,259 കോടി രൂപയുടെ 903 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. അതിൽ പൂർത്തീകരിച്ച പദ്ധതികളും ഉൾപ്പെടുന്നു. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ്, നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ എന്നിവയ്ക്കുള്ള സ്വാഭാവികമായ കാലതാമസമല്ലാതെ അംഗീകരിച്ച പദ്ധതികളിലൊന്നും കാലതാമസം വന്നിട്ടില്ല. ആയതിന്റെ നിർവ്വഹണം നടന്നുവരികയാണ്. പദ്ധതികളുടെ വിശദമായ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു. കിഫ്ബി അംഗീകാരം നൽകിയതിൽ 20,000 കോടി രൂപയുടെ 6 പദ്ധതികൾ വിവിധ വ്യവസായങ്ങൾക്കായുള്ള സ്ഥലമേറ്റെടുപ്പ് സംബന്ധിച്ചതാണ്. അംഗീകരിച്ച 903 പദ്ധതികളിൽ 20,863.25 കോടി രൂപയ്ക്കുള്ള 481 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതും 23,197.90 കോടി രൂപയ്ക്കുള്ള 541 പദ്ധതികൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. 10,878.25 കോടി രൂപ പദ്ധതികൾക്കായി ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ ഉൾപ്പെടുത്തി 7 CCU, 8 കാത്ത് ലാബുകൾ, 43 ഡയാലിസിസ് കേന്ദ്രങ്ങൾ, പുനലൂർ താലൂക്ക് ആശുപത്രി ഉൾപ്പെടെ ആകെ 199 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന് കീഴിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങൾ ഉൾപ്പെടെ ആകെ 996.84 കോടി രൂപയുടെ 24 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ 508 കോടി രൂപയുടെ 125 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് (3 കോടി രൂപയുടെ 58 സ്കൂളുകൾ, 5 കോടി രൂപയുടെ 67 സ്കൂളുകൾ). ജലവിഭവ വകുപ്പിനുകീഴിൽ 159.70 കോടി

രൂപയുടെ 8 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ ഐ.ടി.ഐ. കെട്ടിടങ്ങൾ /പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങി ആകെ 34.31 കോടി രൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ 28.78 കോടി രൂപയുടെ 25 സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കായിക-യുവജനക്ഷേമ വകുപ്പിനുകീഴിൽ ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, എടപ്പാൾ ഗവ: ഹയർസെക്കണ്ടറി സ്കൂൾ മിനി സ്റ്റേഡിയം, നീലേശ്വരം EMS സ്റ്റേഡിയം എന്നീ 38.78 കോടി രൂപയുടെ 4 സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നു. കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള വിവിധ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം - 1-ലും, പൂർത്തീകരിച്ച പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധം 2-ലും ചേർത്തിരിക്കുന്നു.*

## നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം

27 (*57) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വസ്തുക്കളുടെ വൻ വിലക്കയറ്റം നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന ലോക്ക്ഡൗൺ ധാതുഖനനം, ചരക്കുകടത്ത് എന്നിവയെ ബാധിക്കുകയും തൽഫലമായുണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയേയും പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമൂലം സാധാരണക്കാരുടെ വീട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിട്ടുള്ളത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിലക്കയറ്റം തടയാൻ സ്വീകരിച്ച നടപടികൾ ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(ബി&സി) സാധാരണക്കാരുടെ വീട് നിർമ്മാണം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റുതലത്തിൽ കാലതാമസമില്ലാതെ തന്നെ തീരുമാനം കൈക്കൊള്ളു മെന്നറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തിനാവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ സംസ്ഥാനത്ത് ഇപ്പോൾ ഉത്പാദിപ്പിക്കുന്നുള്ളു. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽത്തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉത്പാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അധിക ഉത്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സർക്കാരിന് സാധിക്കും. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാത്ത തരത്തിൽ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് ചരക്കുഗതാഗത തടസ്സം വരാതെയിരിക്കാനും കടകൾ ഭാഗികമായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനരീതി പരിഷ്കരണം

28 (*58) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ.എൻ.ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ബാങ്കുകൾ ഉൾപ്പെടെ സംസ്ഥാനത്തെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ജനങ്ങൾക്ക് മികവുറ്റ സേവനം ലഭ്യമാകുംവിധം ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനരീതി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ ബാങ്കുകളെല്ലാം തന്നെ ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം റിവ്യൂ ചെയ്യുകയും കാലത്തിനനുസരിച്ച മാറ്റം വരുത്തുന്നുമുണ്ട്. ഏതൊരു സാധാരണക്കാരനും മികവുറ്റ ബാങ്കിംഗ് സേവനം ഇതുവഴി ഉറപ്പുവരുത്തുന്നു. കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം പൊതുമേഖലാ ബാങ്കുകൾ വീട്ടുപടിക്കൽ ബാങ്കിംഗ് സേവനം (Door Step Banking) നൽകിവരുന്നുണ്ട്. ബാങ്കുകളുടെ ഏതു സേവനത്തിനെക്കുറിച്ചുള്ള പരാതി ബോധിപ്പിക്കുന്നതിനും അതാതു ബാങ്കിന് ഒരു Grievance redressal mechanism നിലവിലുണ്ട്. കൂടാതെ, ബാങ്കിംഗ് മേഖലയിലെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബാങ്കുകളുടെ സംസ്ഥാനതല സമിതിയും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ആർ.ബി.ഐ.യുടെ കീഴിൽ State Level Empowered Committee-യും സംസ്ഥാനത്ത് നിലവിലുണ്ട്. NBFC-യുടെ പ്രവർത്തനം സംബന്ധിച്ച് കാലാകാലങ്ങളിൽ ആർ.ബി.ഐ. മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാറുണ്ട്. സംസ്ഥാന സർക്കാരിന്റെ കീഴിൽ മുഖ്യധാരയിലുള്ള ധനകാര്യ സ്ഥാപനങ്ങളായ KSFE, KFC എന്നിവയുടെ സേവന മികവ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

KSFE, കമ്പ്യൂട്ടറൈസേഷന്റെ ആദ്യഘട്ടത്തിൽ ഉപയോഗിച്ചിരുന്ന ശാഖാധിഷ്ഠിത സോഫ്റ്റ്‌വെയറിൽനിന്നും കോർ സൊല്യൂഷൻ സോഫ്റ്റ്‌വെയറിലേയ്ക്ക് KSFE കാലാനുസൃതമായി മാറിയിട്ടുണ്ട്. ഇപ്പോൾ സാങ്കേതിക രംഗത്തുണ്ടായ വിപ്ലവകരമായ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ആ മാറ്റങ്ങൾ ഉൾക്കൊള്ളുന്ന തരത്തിലുള്ള സോഫ്റ്റ്‌വെയർ മാറ്റത്തിന് തയ്യാറെടുക്കുകയാണ്. പൂർണ്ണമായും ഓൺലൈനിൽ പ്രവർത്തിക്കുന്ന KSFE പ്രവാസിചിട്ടിയിലൂടെ സേവനരംഗത്ത് ഒരു വലിയ മാറ്റം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സൗകര്യങ്ങൾ കാലാകാലങ്ങളായി നടത്തിവരുന്ന കേരള നിവാസികൾക്കുവേണ്ടിയുള്ള സാധാരണ ചിട്ടികളിലും കൊണ്ടുവരാനുള്ള തയ്യാറെടുപ്പിലാണ്. കോവിഡ് രോഗവ്യാപന കാലത്ത് ശാഖകളിലേയ്ക്കുള്ള ഇടപാടുകാരുടെ വരവ് പരിമിതപ്പെടുത്തേണ്ടിവന്ന സാഹചര്യത്തിൽ ചിട്ടികളുടെയും വായ്പകളുടെയും തവണ സംഖ്യകളടയ്ക്കാൻ നേരത്തെയുണ്ടായിരുന്ന ഓൺലൈൻ സമ്പ്രദായം വികസിപ്പിച്ചിട്ടുണ്ട്. ചിട്ടി/വായ്പ തവണകളടയ്ക്കാൻ കുറേക്കൂടി സൗകര്യപ്രദമായ മൊബൈൽ ആപ്പ്/പോർട്ടൽ അധികം താമസിയാതെ അവതരിപ്പിക്കുന്നതാണ്.

KFC വായ്പാ ആസ്തി അടുത്ത വർഷംകൊണ്ട് 10,000 കോടി രൂപയായി ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജനങ്ങൾക്ക് മികവുറ്റ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സാങ്കേതിക വിദ്യയിലൂന്നിയ മാറ്റങ്ങൾ ഈ സാമ്പത്തിക വർഷം നടപ്പിലാക്കുന്നതാണ്.

(ബി) ബാങ്ക് ലോണുകൾ നൽകുന്നതിലെ കാലതാമസം, കേന്ദ്ര തൊഴിൽദാന പദ്ധതികളിൽ ബാങ്ക് ഗ്യാരന്റി ഒഴിവാക്കിയിട്ടും ആയത് നൽകാത്തത്, വിവിധ സേവനങ്ങൾക്ക് അമിത ചാർജ്ജ്, ഹിഡൻ ചാർജ്ജ് എന്നിവ ഈടാക്കുന്നത് തുടങ്ങിയവ ഒഴിവാക്കുന്നതിന് ബാങ്കേഴ്സ് സമിതിക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ബാങ്കുകൾ ഇടപാടുകാരിൽനിന്നും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന ചാർജ്ജുകൾ സംബന്ധിച്ച വിവരം, അതിൽവരുന്ന മാറ്റങ്ങൾ എന്നിവ യഥാസമയം ഉപഭോക്താക്കളെ അറിയിക്കുന്നതിനായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതോടൊപ്പംതന്നെ അതാത് ബാങ്കുകളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്. മുൻഗണനാ വായ്പകൾ അനുവദിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. ബാങ്ക്ലോൺ അനുവദിക്കുന്നതിലുള്ള കാലതാമസം, അമിത ചാർജ്ജ് ഈടാക്കൽ എന്നിവ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്.

### കയർ മേഖലയുടെ പുനരുദ്ധാരണം

29 (*59) ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് 'കയർ രണ്ടാം പുനഃസംഘടന'. 13-ാം പഞ്ചവൽസര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പുനഃസംഘടനാ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി

ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉത്പന്നരംഗത്ത് വൈവിദ്ധ്യവത്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ബി) കയർ ഉത്പാദനത്തിലും സംഭരണത്തിലും കഴിഞ്ഞ സർക്കാർ കൈവരിച്ച നേട്ടം ആവർത്തിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ രണ്ടാം കയർ പുനഃസംഘടനാ പദ്ധതി തുടർന്നുവരികയാണ്. കയർ സഹകരണസംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 23000 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10, 20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണസംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിലായി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇനി 100 സംഘങ്ങളിൽക്കൂടി 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. ഉത്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പദ്ധതിക്കും, റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരള അന്താരാഷ്ട്ര മേളയിൽ 120 കോടി രൂപയുടെ കയർഭൂവസ്ത്ര ധാരണാപത്രം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ കയർത്തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്കാനുപാതികമായി പ്രൈസ് ഫ്ളക്ച്വേഷൻ ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉത്പാദകർക്കും കയർഫെഡ് വില്പന നടത്തിവരുന്നു. അതുവഴി സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന കയറിന് പൂർണ്ണമായും വിപണി കണ്ടെത്തുന്നതിനും കയർ സഹകരണ സംഘങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുന്നതിനും സാധിക്കുന്നു.

(സി) കയർ വ്യവസായത്തിനാവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

13-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 500 ചകിരി മില്ലുകൾ സ്ഥാപിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുപോകുകയാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 8000 മുതൽ 80000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019 അന്താരാഷ്ട്ര മേളയിൽ ഒപ്പുവയ്ക്കുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. ഇതുവഴി ചകിരി ഉത്പാദനം 5600 ടൺ ആയി വർദ്ധിപ്പിക്കാൻ കഴിയും. സംഘങ്ങൾക്കാവശ്യമായ ചകിരി ലഭ്യമാക്കുന്നതിന് കയർഫെഡ് ഇ-ടെണ്ടർ വഴി പ്രൈസ് ഡിസ്കവറി സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. നിശ്ചയിച്ചിട്ടുള്ള ഗുണമേന്മ ഉറപ്പാക്കി വർഷം മുഴുവൻ വില വ്യത്യാസം കൂടാതെ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുന്നതിന് ഇതുവഴി സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ചകിരി മില്ലുകളിൽനിന്നും കയർഫെഡ് ചകിരി സംഭരിച്ച് 23 രൂപ നിരക്കിൽ സംഘങ്ങൾക്ക് നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ചകിരി പൂർണ്ണമായും കയർഫെഡ് സംഭരിച്ച് നൽകണമെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

## കെയർഹോം പദ്ധതി

30 (*60) ശ്രീ. എൻ. കെ. അക്ബർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് **സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:**

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ സംഘങ്ങളെ കൂട്ടിയിണക്കി സഹകരണവകുപ്പ് കെയർഹോം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായി പ്രസ്തുത പദ്ധതി പ്രകാരം എത്ര വീടുകൾ നിർമ്മിച്ച് കൈമാറിയിട്ടുണ്ടെന്നറിയിക്കാമോ?

കെയർഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2064 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രകാരം എത്ര തുകയാണ് അനുവദിക്കുന്നത്; പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി തുടരുന്നതിന് നടപടി സ്വീകരിക്കുമോ?

കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള സഹായവും (ഉയർന്ന പ്രദേശങ്ങളിൽ- 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടുന്നു. പദ്ധതിപ്രകാരം അനുവദിക്കുന്ന തുകയ്ക്കുപുറമെ ഗുണഭോക്താക്കൾ അവരുടെ വിഹിതം നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. സഹകാരികൾ, സന്നദ്ധ സംഘടനകൾ, സുമനസ്സുകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികളായും അനുവദിക്കുന്ന സംഭാവനകളും ടി പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972 രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും ചേർത്ത് ആകെ 70,56,772 രൂപ അധിക ധനസഹായമായി അതാത് ജില്ലകൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. മറ്റ് ജില്ലകളിൽ രണ്ടാംഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

(ഡി) കെയർലോൺ പദ്ധതി പ്രകാരം പ്രളയ ബാധിതർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനായി സഹകരണ സംഘങ്ങൾക്ക് എത്ര തുക വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

7-9-2018-ലെ സ.ഉ.(കൈ) 326/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങൾ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ 85,661 അംഗങ്ങൾക്കായി 713.92 കോടി രൂപ കെയർലോൺ പദ്ധതി പ്രകാരം വായ്പ അനുവദിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വായ്പകൾക്ക് മൊറട്ടോറിയം

1(263) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരിക്കാലത്ത് കാർഷിക വായ്പയിൽ മൊറട്ടോറിയവും മറ്റിളവുകളും അനുവദിച്ച മാതൃകയിൽ ചെറുകിട സംരംഭകരുടെയും വിദ്യാഭ്യാസ വായ്പ എടുത്തവരുടെയും തൊഴിൽ നഷ്ടം വന്ന യുവാക്കളുടെയും വായ്പകളിലും മൊറട്ടോറിയംപോലുള്ള ആശ്വാസ നടപടികൾ സ്വീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെതന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷംവരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-5-2021-ലെ D.O.No.288/2021/CM നമ്പർകത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കൂടാതെ സാമ്പത്തിക പുനരുജ്ജീവനത്തിനായി ചുവടെപറയുന്ന വായ്പാപദ്ധതികളും പലിശ ഇളവുകളും മൊറട്ടോറിയംപോലുള്ള ആശ്വാസ നടപടികളും നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കാർഷിക മേഖലയുടെ വികസന പ്രക്രിയയ്ക്ക് മൂലധന രൂപീകരണത്തിന്റെഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 4% പലിശ നിരക്കിൽ നബാർഡിൽനിന്നുള്ള പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2,000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കാർഷിക-

വ്യാവസായിക-സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 16,00 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. 2021-22 സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 1,000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കാനുദ്ദേശിക്കുന്നു. 5 ലക്ഷം രൂപവരെയുള്ള വായ്പയെല്ലാം 4% പലിശനിരക്കിൽ ലഭ്യമാക്കും. മേൽപ്പറഞ്ഞ വായ്പാ പദ്ധതികളുടെ പലിശയിളവ് വഹിക്കുന്നതിനായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നിലവിലുള്ള എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ നിരക്കിൽ അധിക പ്രവർത്തന മൂലധന വായ്പയും ടേം ലോണും ലഭ്യമാക്കുന്നതിന് 2,000 കോടി രൂപയുടെ വായ്പാ പദ്ധതിക്കായാണ് ലക്ഷ്യമിടുന്നത്. ഇതിന് പലിശ ഇളവ് നൽകുന്നതിന് 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനും അവർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള പുനരധിവാസ പദ്ധതിയായ നോർക്ക സെൽഫ് എംപ്ലോയ്മെന്റ് സ്കീം പ്രകാരം കുറഞ്ഞ പലിശയ്ക്ക് 1000 കോടി രൂപ വായ്പ ലഭ്യമാക്കുന്നതാണ്. ഇതിന്റെ പലിശയിളവ് നൽകുന്നതിന് 25 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. KFC-യിൽനിന്നും വായ്പയെടുത്ത, പ്രതിസന്ധി നേരിടുന്ന സംരംഭങ്ങൾക്ക് മുതൽ തിരിച്ചടവിന് ഒരു വർഷം വരെയുള്ള മൊറട്ടോറിയം അനുവദിച്ചിട്ടുണ്ട്. ഇരുചക്ര വാഹനം ഉപയോഗിച്ച് വിവിധതരത്തിലുള്ള സാധാരണ തൊഴിലുകളിൽ ഏർപ്പെടുന്ന പത്രവിതരണക്കാർ, മത്സ്യക്കച്ചവടക്കാർ, ചെറുകിട കച്ചവടക്കാർ, ഹോം ഡെലിവെറി നടത്തുന്ന യുവാക്കൾ തുടങ്ങിയവർക്ക് ഇന്ധനച്ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ഇലക്ട്രിക് ഇരുചക്രവാഹനങ്ങളും ഇലക്ട്രിക് ഓട്ടോറിക്ഷകളും ലഭ്യമാക്കുന്നതിന് 2021-22 സാമ്പത്തിക വർഷത്തിൽ 10,000 ഇരുചക്രവാഹനങ്ങളും 5000 ഓട്ടോറിക്ഷയും വാങ്ങാനായി 200 കോടി രൂപയുടെ വായ്പ വിഭാവനം ചെയ്തിട്ടുണ്ട്. ആയതിന് പലിശ ഇളവ് നൽകുന്നതിന് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### വകുപ്പുകളുടെ പദ്ധതി വിഹിതം

2(264) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2021 മാർച്ച് 31 വരെ ഓരോ വകുപ്പും പദ്ധതി വിഹിതത്തിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും അത് പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ പദ്ധതി വിഹിതവും ഓരോ വകുപ്പും പദ്ധതി വിഹിതത്തിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു. *

(സി) കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ എന്തെങ്കിലും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം, അതിന്റെ കാരണം എന്നിവ വെളിപ്പെടുത്താമോ?

കഴിഞ്ഞ സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ കുറവു വരുത്തിക്കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും സമയാസമയങ്ങളിൽ സംസ്ഥാനത്തിന്റെ വിഭവ ലഭ്യതയ്ക്കനുസരിച്ച് ചില വേയ്സ് & മീൻസ് നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.

## സംസ്ഥാനത്തിന്റെ പൊതുകടം

3(265) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത്തിയൊമ്പത് വർഷംകൊണ്ട് വിവിധ സർക്കാരുകൾ ഉണ്ടാക്കിയ സംസ്ഥാനത്തിന്റെ പൊതുകടം കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് ഇരട്ടിയായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) കേന്ദ്രത്തിൽനിന്നും പുറത്തുനിന്നും കൂടുതൽ വായ്പകൾ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഉണ്ടെങ്കിൽ ഇത് സംസ്ഥാനത്തിന്റെ പൊതുകടം ഇനിയും വർദ്ധിക്കാൻ കാരണമാകില്ലേ; വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി GSDP-യുടെ ഒരു നിശ്ചിത ശതമാനമായിട്ടാണ് നിശ്ചയിക്കുന്നത്. ഇപ്രകാരം, 2021-22 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 4 ശതമാനമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപരിധിക്കുപുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. കേന്ദ്രധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാപരിധിക്കുള്ളിൽനിന്നുകൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാപരിധിക്കുള്ളിൽ കേന്ദ്രത്തിൽനിന്നും പുറത്തുനിന്നും എടുക്കുന്ന വായ്പകളും ഉൾപ്പെടുന്നു. 2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യിലുള്ള വർദ്ധനവിന് ഏറെക്കുറെ അനുപാതികമായ വർദ്ധനവാണ് കടത്തിലുമുണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്കുപുറമെ 1471 കോടി രൂപയുടെ അധികവായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനം വായ്പാപരിധിക്കപുറമെ 2 ശതമാനം അധികവായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധികവായ്പയെ ആശ്രയിക്കേണ്ടിവന്നത് കടത്തിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്. നികുതിയേതര വരുമാനം വർദ്ധിപ്പിച്ച് കൊണ്ടും അനാവശ്യച്ചെലവുകൾ ഒഴിവാക്കിക്കൊണ്ടും വിഭവസമാഹരണം വർദ്ധിപ്പിക്കാനാണ് സർക്കാർ പ്രധാനമായും ഉദ്ദേശിക്കുന്നത്.

## ലോട്ടറി, മദ്യം എന്നിവയിൽനിന്നുള്ള വരുമാനം

4(266) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തികവർഷം സംസ്ഥാന ലോട്ടറിയിൽനിന്നും എന്ത് വരുമാനം ലഭിച്ചു; 2019-20-ൽ ഇത് എത്രയായിരുന്നു?

2020-21 സാമ്പത്തിക വർഷത്തിൽ ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ വകുപ്പ് 4,910.83 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. 2019-20 സാമ്പത്തികവർഷം ഭാഗ്യക്കുറി ടിക്കറ്റ് വില്പനയിലൂടെ 9,972.09 കോടി രൂപയാണ് സമാഹരിച്ചിട്ടുള്ളത്.

(ബി) 2020-21 വർഷം ബിവറേജസ് കോർപ്പറേഷൻവഴി മദ്യം വിറ്റ വകയിൽ നികുതി വരുമാനമായി ലഭിച്ച തുക എത്രയാണ്?

2020-21 വർഷം ബിവറേജസ് കോർപ്പറേഷൻവഴി നടത്തിയ മദ്യ വില്പനയിലൂടെ വിൽപ്പന നികുതി ഇനത്തിൽ (വിറ്റുവരവ് നികുതി ഉൾപ്പെടെ) 9,881.39 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 1812.06 കോടി രൂപയും ഇംപോർട്ട് ഫീ ഇനത്തിൽ 8.93 കോടി രൂപയും ഉൾപ്പെടെ ആകെ 11,713.41 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചു.

(സി) 2019-20-ൽ പ്രസ്തുത നികുതി വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2019-20 വർഷം ബിവറേജസ് കോർപ്പറേഷൻവഴി നടത്തിയ മദ്യ വിൽപ്പനയിലൂടെ വിൽപ്പന നികുതി ഇനത്തിൽ (വിറ്റുവരവ് നികുതി ഉൾപ്പെടെ) 10,472.05 കോടി രൂപയും എക്സൈസ് ഡ്യൂട്ടി ഇനത്തിൽ 2,056.75 കോടി രൂപയും ഇംപോർട്ട് ഫീ ഇനത്തിൽ 12.92 കോടി രൂപയും ഉൾപ്പെടെ ആകെ 12,554.20 കോടി രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നു.

## ക്യാപ്പിറ്റൽ അക്കൗണ്ട്

5(267) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷാവസാനത്തിൽ സംസ്ഥാന ക്യാപ്പിറ്റൽ അക്കൗണ്ട് മിച്ചം ആയിരുന്നോ; മിച്ചം ആയിരുന്നുവെങ്കിൽ എത്ര മിച്ചമുണ്ടായിരുന്നുവെന്നും കുറവായിരുന്നെങ്കിൽ എത്ര കുറവായിരുന്നുവെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷാവസാനം ക്യാപ്പിറ്റൽ അക്കൗണ്ട് മിച്ചം ആയിരുന്നെങ്കിൽ അത് വരുമാനക്കമ്മി (റവന്യൂ ഡെഫിസിറ്റ്) കുറയ്ക്കുന്നതിനായി ഉപയോഗിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) അക്കൗണ്ടന്റ് ജനറലിന്റെ 2019-20-ലെ കണക്കുപ്രകാരം സംസ്ഥാനത്തിന്റെ ക്യാപ്പിറ്റൽ അക്കൗണ്ടിലെ ചെലവ് തൻവർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റിനേക്കാൾ 538.94 കോടി രൂപ കൂടുതലാണ്. ഇതനുസരിച്ച് ക്യാപ്പിറ്റൽ അക്കൗണ്ടിൽ മിച്ചമുണ്ടായിട്ടില്ല.

## രണ്ടാം ലോക കേരള സഭ

6(268) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം ലോക കേരളസഭയുടെ നടത്തിപ്പിനായി 2019-20 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് അനുവദിച്ചത്; അതിൽ എത്ര കോടി രൂപയാണ് ചെലവഴിച്ചതെന്നറിയിക്കുമോ?

2019-20 സാമ്പത്തിക വർഷത്തിൽ ലോക കേരളസഭയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതി 25-5-2019-ലെ സ.ഉ(സാധാ) നമ്പർ234/2019/നോർക്ക ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 23-12-2019-ലെ സ.ഉ.(സാധാ)നമ്പർ882/2019/നോർക്ക, 14-2-2020-ലെ 120/2020/നോർക്ക, 15-2-2020-ലെ സ.ഉ.(സാധാ)നമ്പർ123/2020/നോർക്ക എന്നീ ഉത്തരവുകൾ പ്രകാരം 2230-01-103-90-PV-ലോക കേരളസഭ– എന്ന ശീർഷകത്തിൽനിന്നും 3,50,00,000 (മൂന്നു കോടി അൻപത് ലക്ഷം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപ ഒന്നാം ലോക കേരളസഭയുടെ തീരുമാനപ്രകാരം രൂപീകരിച്ച ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് ലിമിറ്റഡിന് കാപ്പിറ്റൽ കോൺട്രിബ്യൂഷനായി അനുവദിച്ചിട്ടുള്ളതാണ്. ആകെ അനുവദിച്ച തുകയിൽ 2,00,00,000 (രണ്ട് കോടി രൂപ മാത്രം)രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത ചെലവുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആഡിറ്റിൽ കണ്ടെത്തിയ അപാകതകൾ എന്തൊക്കെ യാണെന്നറിയിക്കുമോ?

2019-20 സാമ്പത്തിക വർഷത്തിലെ ലോക കേരളസഭയുമായി ബന്ധപ്പെട്ട ചെലവുകൾ ആഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. 2019-20 സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തിയാക്കിയിട്ടുള്ളതും ആഡിറ്റ് റിപ്പോർട്ടിൽ ലോക കേരളസഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേക പരാമർശങ്ങൾ ഇല്ലാത്തതുമാണ്. 2019-20 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ ട്രാൻസാക്ഷൻ ആഡിറ്റ് 2021 ഏപ്രിൽ 19-മുതൽ ആരംഭിക്കുകയും കോവിഡ് വ്യാപനം കാരണം താത്കാലികമായി നിർത്തിവച്ചിരിക്കുകയുമാണ്.

**ലോക്ക്ഡൗൺ കാലഘട്ടങ്ങളിലെ നികുതി വരുമാനം**

7(269) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ക്ഡൗൺ കാലഘട്ടങ്ങളിലെ സംസ്ഥാനത്തിന്റെ നികുതി വരുമാനനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; അറിയിക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2020-2021 സാമ്പത്തിക വർഷം സംസ്ഥാന തനതു നികുതി വരുമാനമായി 47,672 കോടി രൂപ ലഭ്യമായിട്ടുണ്ട്. 2019-2020 സാമ്പത്തിക വർഷം ഇത് 50,323.14 കോടി രൂപയായിരുന്നു. അതായത് 2020-2021 വർഷം സംസ്ഥാന തനതു നികുതി വരുമാനത്തിൽ 2,651.14 കോടി രൂപ 2019-2020-നെ അപേക്ഷിച്ച് കുറവുവന്നിട്ടുണ്ട്.

(ബി) ഈ കാലഘട്ടത്തിൽ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട നഷ്ടപരിഹാരത്തുക എത്രയാണെന്ന് കേന്ദ്രം കണക്കാക്കി അറിയിച്ചിട്ടുണ്ടോ?

കോവിഡ് മഹാമാരി കാരണം കോമ്പൻസേഷൻ സെസ് വരുമാനത്തിൽ കുറവുണ്ടാകുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ചെയ്തു. ഇത് 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ ത്തുടർന്ന് കേന്ദ്രസർക്കാർ ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി കോമ്പൻസേഷൻ പാക്കേജ് (Special Window facility-യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-2021 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്.

(സി) നഷ്ടപരിഹാരത്തുക ലഭിക്കുന്നതിൽ കുടിശ്ശികയുണ്ടോ എന്ന് വ്യക്തമാക്കുമോ?

2020-2021 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, വാറ്റ് കളക്ഷൻ, ഐ.ജി.എസ്.ടി. Adhoc ആയി ലഭിച്ച തുക) ഇപ്രകാരമാണ്.

| Protected revenue FY 2020-2021 (cr) | Total collection (SGST+IGST settlement+VAT) (cr) | IGST Adhoc (cr) | Recovery (cr) | Compensation receivable (cr) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 = 1-(2+3-4) |
| 32400 | 17962.4 | 1596.11 | 146.36 | 12987.86 |

2020-2021 സാമ്പത്തിക വർഷം ഇതുവരെ ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക ഇപ്രകാരമാണ്. Special Window Facility-യിലൂടെയുള്ള വായ്പ 5766.00, Compensation Cess-3207.41, Total-8973.41. 2020-2021 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാരത്തുകയായി ലഭിക്കുവാനുണ്ട്.

## സർക്കാർ സേവനങ്ങൾക്കുള്ള ഫീസ്

8(270) ഡോ. എം. കെ. മുനീർ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധയുടെ പശ്ചാത്തലത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനുമുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ സർക്കാർ സേവനങ്ങൾക്ക് ഈടാക്കിവരുന്ന ഫീസ് വർദ്ധിപ്പിക്കുവാൻ ആലോചനയുണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ ചെലവ് ചുരുക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി 5-5-2020-ലെ സ.ഉ.(സാധാ) നമ്പർ 2945/2020/ധന സർക്കാർ ഉത്തരവ് പ്രകാരവും 14-5-2020-ലെ സ.ഉ.(സാധാ) നമ്പർ3032/2020/ധന. സർക്കാർ ഉത്തരവ് പ്രകാരവും രണ്ട് വിദഗ്ദ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 14-5-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ (Interim Report of the Expert Committee on Rationalizing Revenue Expenditure) നിർദ്ദേശങ്ങൾ പരിഗണിച്ച് ചെലവ് ചുരുക്കുന്നത് സംബന്ധിച്ച് 5-11-2020-ലെ സ.ഉ.(അ) നമ്പർ152/2020/ധന. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* 5-5-2020-ലെ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിലെ (COVID -19 Pandemic and Kerala: A Response Strategy) നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കൊടുവള്ളി മണ്ഡലത്തിലെ പദ്ധതികൾ

9(272) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷങ്ങളിലെ ബഡ്ജറ്റിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക വകകൊള്ളിച്ചിരുന്നത്; എത്ര തുക;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(സി) ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## കുറഞ്ഞ പലിശയ്ക്ക് കൂടുതൽ വായ്പ

10(273) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കെ.എസ്.എഫ്.ഇ., പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പട്ടികജാതി വികസന കോർപ്പറേഷൻ, മുന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കെ.എഫ്.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോൺ നൽകുന്നതിന് ഒരു പ്രത്യേക പദ്ധതി നടപ്പാക്കുമോ?

1. കെ.എഫ്.സി.: കോവിഡ്-1-ന്റെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ കുറഞ്ഞ പലിശ നിരക്കിൽ പുതിയ വായ്പാ പദ്ധതികൾ നടപ്പിലാക്കുവാൻ കെ.എഫ്.സി. ഉദ്ദേശിക്കുന്നുണ്ട്. കെ.എഫ്.സി. സംരംഭകർക്ക് കോവിഡ്-19 പ്രതിസന്ധിയിൽനിന്നും കരകയറുന്നതിനായി 20 ശതമാനം അധികവായ്പാ പദ്ധതിയും കോവിഡ് വ്യാപനം തടയുന്നതിനും, രോഗികൾക്ക് ആശ്വാസം നൽകുവാൻ സഹായിക്കുന്ന ഉല്പ്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിലും ഉദാര വ്യവസ്ഥയിലും വായ്പ നൽകുന്ന പദ്ധതികളുമാണ് പരിഗണനയിലുള്ളത്.

2. കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ: കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ വായ്പാ പദ്ധതികളൊന്നും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ല.

3. കെ.എസ്.എഫ്.ഇ.: കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കോവിഡിനെ അതിജീവിച്ചവർക്കും കുടുംബാംഗങ്ങൾക്കും/കോവിഡ്മൂലം ദൗർഭാഗ്യവശാൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കും അഞ്ച് ശതമാനം വാർഷിക പലിശ നിരക്കിൽ 1,00,000 രൂപവരെ വായ്പ നൽകുന്ന "സൗഖ്യ സ്വർണ്ണപ്പണയ വായ്പ" എന്ന പേരിൽ ഒരു പുതിയ വായ്പാ പദ്ധതി 14/05/2021 മുതൽ നടപ്പാക്കിയിട്ടുണ്ട്.

4. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ: കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുവാൻ തയ്യാറാണ്.

5. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ: കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ നൽകുന്നതിന് പ്രത്യേക വായ്പാ പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ ഡയറക്ടർ ബോർഡിന്റെ തീരുമാനത്തിന് വിധേയമായി ടി പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എല്ലാ വിഭാഗം ജനങ്ങൾക്കും പേഴ്സണൽ ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

1. കെ.എഫ്.സി.: ഇല്ല. കെ.എഫ്.സി.-യുടെ നിയമമനുസരിച്ച് വ്യവസായ സംരംഭങ്ങൾക്ക് മാത്രമേ വായ്പകൾ നൽകാൻ ആവുകയുള്ളൂ. ആയതിനാൽ പേഴ്സണൽ ലോൺ കെ.എഫ്.സി.-ക്ക് അനുവദിക്കാൻ ആവില്ല.

2. കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ: ഇപ്പോൾ പരിഗണനയിലില്ല.

3. കെ.എസ്.എഫ്.ഇ.: നിലവിൽ കെ.എസ്.എഫ്.ഇ.-യിൽനിന്നും എല്ലാ വിഭാഗം ജനങ്ങൾക്കും വരുമാനം അനുസരിച്ചും തിരിച്ചടക്കാനുള്ള കഴിവിനനുസരിച്ചും 25 ലക്ഷം രൂപവരെ പേഴ്സണൽ ലോൺ അനുവദിക്കുന്നുണ്ട്.

4. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ: കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നിഷ്കർഷിക്കുന്ന എല്ലാ വായ്പാനിബന്ധനകളും പാലിക്കുവാൻ തയ്യാറുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പേഴ്സണൽ ലോൺ അനുവദിക്കുവാൻ കഴിയുന്നതാണ്.

5. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ: പിന്നാക്ക/മതന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടുന്നവർക്ക് പേഴ്സണൽ ലോൺ നൽകുന്ന പദ്ധതി നിലവിലുണ്ട്. വ്യക്തിഗത വായ്പാ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. *

(സി) ഇത്തരം സ്ഥാപനങ്ങളിലൂടെ നൽകുന്ന ലോൺ അപേക്ഷകൾക്ക് നിശ്ചിത സമയത്തിനകം ലോൺ അനുവദിച്ചു നൽകുന്നതിനുള്ള നടപടിയുണ്ടാകുമോ; വ്യക്തമാക്കാമോ?

1. കെ.എഫ്.സി.: ഉണ്ടാകും. സമയബന്ധിതമായി വായ്പകൾ അനുവദിക്കാനുള്ള സംവിധാനം കെ.എഫ്.സി.-യിൽ നിലവിലുണ്ട്.

2. കേരള സംസ്ഥാന മുന്നോക്ക സമുദായ കോർപ്പറേഷൻ: ഇപ്പോൾ പരിഗണനയിലില്ല.

3. കെ.എസ്.എഫ്.ഇ.: വായ്പാ വ്യവസ്ഥകൾ പാലിക്കുന്ന ലോൺ അപേക്ഷകളിൽ താമസംവിനാതന്നെ വായ്പ അനുവദിച്ച് നൽകുന്നുണ്ട്.

4. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ: കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻവഴി നൽകുന്ന വായ്പകൾ നിശ്ചിത സമയത്തിനകംതന്നെ അനുവദിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

5. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ: ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ കോർപ്പറേഷനിൽനിന്നും വായ്പ അനുവദിക്കുന്നതിന് സേവനാവകാശ നിയമപ്രകാരം നിശ്ചയിച്ചിരിക്കുന്ന സമയപരിധി ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വായ്പ | നിശ്ചിത സമയപരിധി |
|---|---|---|
| 1 | സ്വയം തൊഴിൽ വായ്പ | 90 ദിവസം |
| 2 | വിദ്യാഭ്യാസ വായ്പ | 30 ദിവസം |
| 3 | മറ്റ് വായ്പകൾ | 60 ദിവസം |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ബാങ്ക് ലോണുകളുടെ മൊറട്ടോറിയം

11(274) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡ് മഹാമാരി ദുരിതം വിതച്ച പശ്ചാത്തലത്തിൽ സാധാരണക്കാരെ രക്ഷിക്കുന്നതിന് ബാങ്ക് ലോണുകൾക്ക് ആറു മാസത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് കേന്ദ്രസർക്കാരിനോടും റിസർവ് ബാങ്കിനോടും ആവശ്യപ്പെടുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാതിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രി 21-5-2021-ലെ D.O. No.288/2021/CM നമ്പർ. കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ-ഇടത്തരം സംരംഭങ്ങളുടെ (MSME) നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരം താഴ്ത്താതെതന്നെ വായ്പാ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ Resolution Framework 2.0 - Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs) പ്രകാരവും വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരം താഴ്ത്താതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷംവരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of Individual and Small Business പ്രകാരവും മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിലും കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണന നേരിടുവാനും ജനങ്ങളെ ഈ കഷ്ടതയിൽനിന്നും രക്ഷിക്കുന്നതിനും പുതിയ ഒരു പാക്കേജ് നടപ്പാക്കുന്നതിന് നടപടികളുണ്ടാകുമോ?

കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2,800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ പൊതുകടം

12(275) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം എന്നിവ എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-3-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയായിരുന്നു. ഇത് പ്രകാരമുള്ള ആളോഹരി പൊതുകടം 32,129.23 രൂപയായിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണെന്നും ആളോഹരി കടം എത്രയാണെന്നും വിശദമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 30-3-2021 വരെയുള്ള ലഭ്യമായ താത്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയാണ്. ഇത് പ്രകാരമുള്ള ആളോഹരി പൊതുകടം 59,012.90 രൂപയാണ്.

(സി) ഇത്തരത്തിൽ പൊതുകടം വർദ്ധിക്കാനുണ്ടായ കാരണങ്ങൾ വിശദമാക്കാമോ?

ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബഡ്ജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനങ്ങളുടെ കടമെടുപ്പുപരിധി GSDP-യുടെ ഒരു നിശ്ചിത ശതമാനമായിട്ടാണ് നിശ്ചയിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന GSDP അടിസ്ഥാനമാക്കിയുള്ള വായ്പാപരിധിക്കുള്ളിൽനിന്നുകൊണ്ട് മാത്രമേ സംസ്ഥാന സർക്കാരിന് കടമെടുക്കാൻ കഴിയുകയുള്ളൂ. കേന്ദ്രസർക്കാർ നിശ്ചയിച്ചുനൽകുന്ന വായ്പാപരിധിക്കുള്ളിൽ കേന്ദ്രത്തിൽനിന്നും പുറത്തുനിന്നും എടുക്കുന്ന വായ്പകളും ഉൾപ്പെടുന്നു. 2015-16 മുതൽ സംസ്ഥാനത്തിന്റെ ജി.എസ്.ഡി.പി.-യിലുള്ള വർദ്ധനവിന് ഏറെക്കുറെ ആനുപാതികമായ വർദ്ധനവാണ് കടത്തിലും ഉണ്ടായിട്ടുള്ളത്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷത്തിൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധിക വായ്പയും കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക

വർഷത്തിൽ ജി.എസ്./ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്കുപുറമെ 2 ശതമാനം അധിക വായ്പയും സംസ്ഥാനത്തിന് അനുവദിച്ചിരുന്നു. സംസ്ഥാനത്തിന് ഈ അധികവായ്പയെ ആശ്രയിക്കേണ്ടിവന്നത് കടത്തിൽ നേരിയ വർദ്ധനവിന് കാരണമായിട്ടുണ്ട്.

(ഡി) പൊതുകടത്തിലുണ്ടായ വർദ്ധനയ്ക്ക് ആനുപാതികമായി സംസ്ഥാനത്തിന്റെ ആസ്തിയിലുണ്ടായ വർദ്ധന എത്രയെന്നും അത് ഏതൊക്കെയാണെന്നും തരംതിരിച്ച് വിശദമാക്കുമോ?

2020-21-ൽ സംസ്ഥാനത്തിന്റെ പൊതുകടം 2,05,447.51 കോടി രൂപയായിരുന്നു. പൊതുകടത്തിൽ 17.64% (30,807.29 കോടി രൂപയുടെ) വർദ്ധനവാണ് രേഖപ്പെടുത്തിയത്. പ്രസ്തുത വർഷത്തിൽ മൂലധനച്ചെലവിൽ 50% (4223.63 കോടിരൂപയുടെ) വർദ്ധനവുണ്ടായിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി

13(276) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വർദ്ധിപ്പിച്ചുനൽകണമെന്ന് മുൻ സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കടമെടുപ്പ് പരിധിയിൽ കേന്ദ്രം വർദ്ധന വരുത്തിയിരുന്നോ; വിശദമാക്കുമോ;

(ബി) എതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രം വർദ്ധിപ്പിച്ചത്; പ്രസ്തുത നിബന്ധനകൾ പൂർണ്ണമായും പാലിക്കുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ടോ;

(സി) 2021-22-ൽ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി എത്ര കോടി രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്; അറിയിക്കാമോ?

(എ-സി) കോവിഡ് മഹാമാരി സംസ്ഥാനങ്ങളുടെ സമ്പദ്‌വ്യവസ്ഥയ്ക്കും റവന്യൂ വരുമാനത്തിനും സൃഷ്ടിച്ച പ്രതികൂലാവസ്ഥ തരണം ചെയ്യുന്നതിന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ വായ്പാപരിധി GSDP-യുടെ 3 ശതമാനത്തിൽനിന്നും 5 ശതമാനമായി വർദ്ധിപ്പിച്ചു നൽകിയിരുന്നു. ഈ രണ്ട് ശതമാനം അധികവായ്പയിൽ ഒരു ഭാഗം ഊർജ്ജ മേഖലയിലെ പരിഷ്കരണങ്ങൾ, ഒരു രാജ്യം ഒരു റേഷൻ കാർഡ്, വ്യാപാരം

സുഗമമാക്കൽ, നഗര മേഖലയിലെ പരിഷ്കരണങ്ങൾ എന്നീ സംസ്ഥാനതല പരിഷ്കരണങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകൾക്ക് വിധേയമായാണ് അനുവദിച്ചിരിക്കുന്നത്. പ്രസ്തുത പരിഷ്കരണങ്ങൾ ജനങ്ങളെ പ്രതികൂലമായി ബാധിക്കാത്തതരത്തിൽ നടപ്പിലാക്കിക്കൊണ്ട് 2 ശതമാനം അധികവായ്പ പൂർണ്ണമായും നേടിയെടുക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2021-22 സാമ്പത്തികവർഷത്തിൽ 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ വായ്പാപരിധി GSDP-യുടെ 4 ശതമാനമായി നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള 2021-22 വർഷത്തെ വായ്പാപരിധി 36087 കോടി രൂപയാണ്. ഇതിൽ, 0.5% മൂലധന ചെലവിനത്തിൽ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യം പൂർത്തീകരിക്കുന്ന മുറയ്ക്കാണ് ലഭ്യമാകുന്നത്. കൂടാതെ, 4% വായ്പാപരിധിക്ക് പുറമേ 0.5% വൈദ്യുതി മേഖലയിലെ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്ന മുറയ്ക്ക് സംസ്ഥാനത്തിന് ലഭ്യമാകുന്നതാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

## സംസ്ഥാന സർക്കാരിന്റെ പൊതുകടം

14(277) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം 2016-17, 2017-18, 2018-19, 2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന സർക്കാരിന്റെ പൊതുകടം, പൊതുകടത്തിലുണ്ടായ വർദ്ധനവ്, വർദ്ധനയുടെ ശതമാനം എന്നിവ എത്രയാണെന്ന് വ്യക്തമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടവും വർദ്ധനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടിയിൽ) | | |
|---|---|---|---|
| വർഷം | പൊതുകടം | പൊതുകടത്തിലുണ്ടായ വർദ്ധനവ് | പൊതുകടത്തിലുണ്ടായ വർദ്ധനവ് (%) |
| 2016-17 | 125882.85 | 16151.89 | 14.72 |
| 2017-18 | 142984.53 | 17101.67 | 13.59 |

| | | | |
|---|---|---|---|
| 2018-19 | 158234.45 | 15249.92 | 10.67 |
| 2019-20* | 174640.22 | 16405.77 | 10.37 |
| 2020-21** | 205447.51 | 30807.29 | 17.64 |

(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധികവായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. ** കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.)

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്ക് പ്രകാരം പ്രസ്തുത അഞ്ച് സാമ്പത്തിക വർഷത്തെ സംസ്ഥാന സർക്കാരിന്റെ ആകെ കടം, ആകെ കടത്തിലുണ്ടായ വർദ്ധന, വർദ്ധനവിന്റെ ശതമാനം എന്നിവ വ്യക്തമാക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ കടബാധ്യതയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | (തുക കോടിയിൽ) | | |
|---|---|---|---|
| വർഷം | ആകെ കടം | ആകെ കടത്തിലുണ്ടായ വർദ്ധനവ് | ആകെ കടത്തിലെ വർദ്ധനവ് (%) |
| 2016-17 | 186453.86 | 29083.54 | 18.48 |
| 2017-18 | 210762.36 | 24308.50 | 13.04 |
| 2018-19 | 235631.49 | 24869.13 | 11.80 |
| 2019-20* | 260311.37 | 24679.88 | 10.47 |
| 2020-21** | 299724.15 | 39412.78 | 15.14 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(*സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 1471 കോടി രൂപയുടെ അധികവായ്പ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് ലഭ്യമാക്കിയിരുന്നു. *** കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു.)

## സംസ്ഥാനത്തിന്റെ പൊതുകടം

15(278) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആകെ കടം, ആളോഹരികടം എന്നിവ എത്രയായിരുന്നു; വിശദാംശം നൽകാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 31-3-2016 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ ആകെ പൊതുകടം 1,09,730.97 കോടി രൂപയും കടബാധ്യത 1,57,370.33 കോടി രൂപയുമായിരുന്നു. ഇത് പ്രകാരമുള്ള ആളോഹരി കടം 46,078.04 രൂപയായിരുന്നു.

(ബി) 2021 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം, ആകെ കടം, ആളോഹരികടം എന്നിവ എത്രയാണെന്ന് അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക് പ്രകാരം 31-3-2021 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയും കടബാധ്യത 2,99,724.15 കോടി രൂപയും ആളോഹരി കടം 86092.99 രൂപയുമാണ്.

## വികസനവഴികൾ എന്ന പരിപാടിയുടെ സംപ്രേഷണം

16(279) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വിവിധ നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വികസനവഴികൾ എന്ന പേരിൽ ദൃശ്യമാധ്യമങ്ങൾവഴി സംപ്രേക്ഷണം ചെയ്തിരുന്നോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് എത്ര എപ്പിസോഡുകളാണ് ഇപ്രകാരം സംപ്രേക്ഷണം ചെയ്തത്;

(സി) പ്രസ്തുത എപ്പിസോഡുകൾ നിർമ്മിക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്; അതിനായി അവർക്ക് എത്ര തുക നൽകി;

(ഡി) എപ്പിസോഡുകൾ സംപ്രേക്ഷണം ചെയ്ത വകയിൽ വിവിധ ചാനലുകൾക്ക് ഇതിനകം എത്ര തുക നൽകി; ഇനി എത്ര തുക നൽകുവാനുണ്ട്; ഓരോ ചാനലിനും നൽകിയതും നൽകാനുള്ളതുമായ തുകയുടെ വിശദാംശം നൽകുമോ?

(എ-ഡി) കേരള നിർമ്മിതി എന്ന പേരിൽ സംസ്ഥാനത്ത് കിഫ്ബി വഴിയും അല്ലാതെയും നടത്തിവരുന്ന അടിസ്ഥാന വികസന പ്രവർത്തനങ്ങളുടെ ബോധവൽക്കരണ പരിപാടി തിരുവനന്തപുരം, കാസർഗോഡ്, ആലപ്പുഴ ജില്ലകളിൽ നടന്നിരുന്നു. തുടർന്ന് കോവിഡ് മഹാമാരി കാരണം കേരള നിർമ്മിതി മുന്നോട്ടുപോകാൻ പറ്റാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രധാന ചാനലുകൾ വഴി എല്ലാ നിയോജകമണ്ഡലത്തിലും നടക്കുന്ന അടിസ്ഥാന വികസന പദ്ധതികളെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംപ്രേക്ഷണം ചെയ്തിരുന്നു. 24 ചാനൽ, ഏഷ്യാനെറ്റ്, മാതൃഭൂമി, അമൃതാ ടി.വി, മീഡിയ വൺ, കൗമുദി ടി.വി., റിപ്പോർട്ടർ ടി.വി., കൈരളി ടി.വി, ന്യൂസ് 18 കേരളം, ജനം ടി.വി, ജയ് ഹിന്ദ് ടി.വി., ജീവൻ ടി.വി., എസിവി, മംഗളം ടി.വി തുടങ്ങിയ ചാനലുകൾ വഴി അരമണിക്കൂർ വീതമുള്ള 881 എപ്പിസോഡുകൾ സംപ്രേക്ഷണം ചെയ്തു. ഈ 881 എപ്പിസോഡുകളുടെ സ്ക്രിപ്റ്റ് നിർമ്മാണം, എഡിറ്റിംഗ്, ടെലികാസ്റ്റ്, റീടെലികാസ്റ്റ്, ഓൺലൈൻ വെബ്സൈറ്റ് തുടങ്ങിയവ ചെയ്യുന്നതിനായി 18,50,76,391 രൂപ ചെലവഴിച്ചു.

## വിദ്യാലയങ്ങളുടെ ടെണ്ടർ നടപടി

17(280) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ ടെണ്ടർ നടപടി പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, മാട്ടൂൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കല്ല്യാശ്ശേരി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഞ്ഞിമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കൊട്ടില ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസിയായ 'ഇൻകെൽ ലിമിറ്റഡ് ' സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനാനുമതി നല്കിയിട്ടുള്ളതാണ്. ആയതിന്മേൽ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസി സ്വീകരിച്ചുവരുന്നു.

(ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ 3 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച ചെറുകുന്ന് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ 3 കോടി രൂപയുടെ ധനാനുമതി ലഭിച്ച ചെറുകുന്ന് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പദ്ധതിയുടെ പ്രവൃത്തി 25% പൂർത്തീകരിച്ചതായി ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

**തിരൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

18(281) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തിരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ;

(ബി) കിഫ്ബി അംഗീകാരം ലഭിച്ചിട്ടും പ്രവൃത്തി പൂർത്തിയാകാത്ത പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ;

(സി) കിഫ്ബി പദ്ധതിയിലൂടെ ഇതുവരെ തിരൂർ മണ്ഡലത്തിൽ എത്ര തുക, ഏതൊക്കെ പ്രവൃത്തിക്കായി അനുവദിച്ചുവെന്ന് അറിയിക്കുമോ?

(എ-സി) തിരൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി, അനുവദിച്ചിട്ടുള്ള തുക എന്നിവയുൾപ്പെടെയുള്ള വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ് നിർമ്മാണം

19(282) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള അച്ചൻകോവിൽ-പ്ലാപ്പള്ളി റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പുതുവൽ-മങ്ങാട് റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്നറിയിക്കാമോ?

(എ&ബി) സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്യുന്നു. അതിൻപ്രകാരം പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി അതുൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. അച്ചൻകോവിൽ - പ്ലാപ്പള്ളി റോഡ്, പുതുവൽ - മങ്ങാട് റോഡ് എന്നീ പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ ലഭിക്കുകയും അത് അവലോകനം നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടും സ്ഥലപരിശോധനാ റിപ്പോർട്ടും 15-5-2021, 18-2-2021 എന്നീ തീയതികളിൽ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് പൂർണ്ണമായി പാലിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ടി പദ്ധതികൾക്ക് ധനാനുമതി നൽകുന്നതിലേയ്ക്കായി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിക്കുന്നതാണ്. ധനാനുമതി ലഭിച്ചതിനുശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡിനാണ്.

## തൃപ്പൂണിത്തുറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

20(283) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും, ഇതിൽ നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും, ഈ പദ്ധതികളുടെ നിർവ്വഹണം ഏത് ഘട്ടത്തിലാണെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) തൃപ്പൂണിത്തുറ മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ അനുവദിച്ച തുക, നിലവിലുള്ള സ്ഥിതി എന്നിവ അനുബന്ധമായി ചേർക്കുന്നു. *

(സി) പ്രസ്തുത പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് ഇനിയും സാമ്പത്തികാനുമതി പുറപ്പെടുവിക്കേണ്ട ആവശ്യമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിന് ടെണ്ടർ എക്സെസ്/പുതുക്കിയ എസ്റ്റിമേറ്റ്, കൂടുതൽ തുക ആവശ്യമാണെങ്കിൽ ഇതിന്റെ എസ്റ്റിമേറ്റ് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടത് പദ്ധതി നടപ്പിലാക്കുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആണ്. ഇവ സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്കുശേഷം അനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

(ഡി) തൃപ്പൂണിത്തുറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികളിൽ ഏതിനെങ്കിലും പാരിസ്ഥിതികാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമാകേണ്ടതുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് ഏതൊക്കെ അനുമതിയാണ് വേണ്ടതെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ എല്ലാ പദ്ധതികളുടെയും നടത്തിപ്പിനുവേണ്ട സാങ്കേതികാനുമതി പുറപ്പെടുവിക്കുന്നതും പാരിസ്ഥിതികാനുമതി ഉൾപ്പെടെയുള്ളവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ബന്ധപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന്റെ ചുമതലയാണ്. ഇവ സമയബന്ധിതമായി ലഭിക്കുവാനുള്ള നടപടികൾ എസ്. പി. വി.-കൾ ചെയ്തുവരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതി

21(284) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനങ്ങൾ മന്ദഗതിയിലാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

തീരദേശ ഹൈവേ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. തീരദേശ ഹൈവേ ഒരു ബൃഹത് പദ്ധതിയായതിനാൽ, തികച്ചും 'ഡിസൈൻഡ് റോഡുകൾ' ആയിട്ടാണ് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഇതുകൂടാതെ മത്സ്യബന്ധനം, ടൂറിസം, മറ്റു തീരദേശാനുബന്ധ വ്യവസായങ്ങൾ എന്നിവയ്ക്കും മുതൽക്കൂട്ടാകുന്ന രീതിയിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. തീരദേശ ഹൈവേയുടെ നീളം ഏകദേശം 655 കിലോമീറ്ററാണ്. 6500 കോടിയുടെ ഭരണാനുമതി ഇതിനായി ലഭിച്ചിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ, 6500 കോടിയുടെ ഭരണാനുമതി ഉള്ളതിൽ 645 കോടിയുടെ പദ്ധതികൾ KIIFB അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 32.7 കിലോമീറ്ററിന്റെ റോഡുകളും രണ്ട് പാലങ്ങളുംകൂടാതെ 21.6 കിലോമീറ്ററിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുകാരണം അനിവാര്യമായ പുനരധിവാസ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേയ്ക്കായി കേരള തീരദേശ വികസന കോർപ്പറേഷനെ (KSCADC) SPV ആയി നിയമിക്കാനുള്ള പ്രവൃത്തികൾ നടന്നുവരുന്നു. ഏകദേശം 260 കിലോമീറ്റർ റോഡിന്റെ അലൈൻമെന്റ് രൂപരേഖ KIIFB മുഖാന്തരം തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 90 കിലോമീറ്റർ റോഡിന്റെ വിശദപഠന റിപ്പോർട്ട് (DPR) തയ്യാറാക്കിവരുന്നു. എറണാകുളം തൃശ്ശൂർ ജില്ലകളിൽ വിശദപഠന റിപ്പോർട്ട് തയ്യാറാക്കാനുള്ള ടെണ്ടർ നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് (KRFB) നടത്തിവരുന്നു.

(ബി) തീരദേശ ഹൈവേ ആകെ എത്ര കിലോമീറ്ററാണെന്നും അതിൽ മുൻ സർക്കാരിന്റെ കാലയളവിൽ എത്ര കിലോമീറ്റർ റോഡിന്റെ പണി പൂർത്തിയാക്കിയെന്നും അറിയിക്കാമോ?

തീരദേശ ഹൈവേ 655 കിലോമീറ്റർ ആണ്. ഇതിൽ 18.8 കിലോമീറ്റർ റോഡിന്റെ പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ചിട്ടുണ്ട്.

(സി) തീരദേശ ഹൈവേയിൽ കടലാക്രമണത്തെ ചെറുക്കുന്ന തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളാണോ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

തീരദേശ ഹൈവേ തീരത്തോട് സാമാന്യം അടുത്ത രീതിയിൽ കടന്നുപോകുന്ന സ്ഥലങ്ങളിൽ തീരദേശ സംരക്ഷണംകൂടി ഉൾപ്പെടുത്തിയാണ് തീരദേശ ഹൈവേയുടെ വിശദപഠന റിപ്പോർട്ട് തയ്യാറാക്കുന്നത്.

(ഡി) ഈ വർഷം ചുഴലിക്കാറ്റുമൂലമുണ്ടായ കനത്ത മഴയും കടലാക്രമണവും കിഫ്ബി വഴി നടപ്പിലാക്കുന്ന തീരദേശ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ബാധിച്ചിട്ടുണ്ട്. തീരസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിലെ തലായ്, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ എന്നിവിടങ്ങളിൽ ഗ്രോയിനുകൾക്ക് ചെറിയ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണസാമഗ്രികൾ കൊണ്ടുവരുന്ന റോഡുകൾക്ക് നാശം സംഭവിച്ചിട്ടുള്ളതിനാൽ നിലവിൽ പലയിടങ്ങളിലും നിർമ്മാണം തുടരുന്നതിന് തടസ്സമുണ്ട്. നിർമ്മാണപ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

## കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

22(285) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) ഇവയിൽ ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരം അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ-ഡി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു. *

## കിഫ്ബി പദ്ധതി

23(286) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പദ്ധതി നിലവിൽ വന്നത് എപ്പോഴാണെന്നും കിഫ്ബി ഫണ്ടിലേക്ക് പണം സമാഹരിക്കുന്നത് എങ്ങനെയാണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള നിയമസഭ പാസ്സാക്കിയ 1999-ലെ കേരള അടിസ്ഥാന സൗകര്യ വികസന ആക്ട് പ്രകാരമാണ് കിഫ്ബി നിലവിൽ വന്നത്. തുടർന്ന് 2016-ൽ ഈ ആക്ടിന് സമഗ്രമായ ഭേദഗതി വരുത്തുകയും നൂതനമായ ധനസമാഹരണ രീതികൾ പ്രയോജനപ്പെടുത്തുവാൻ സജ്ജമാക്കുകയും ചെയ്തു. ആക്ടിൽ നിഷ്കർഷിക്കുന്നതും സെബി, റിസർവ് ബാങ്ക് തുടങ്ങിയ നിയന്ത്രണ ഏജൻസികൾ അനുവദിച്ചിട്ടുള്ളതുമായ മാർഗ്ഗങ്ങളിലൂടെ നിയമങ്ങൾക്കനുസൃതമായി മാത്രമേ കിഫ്ബി അതിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ധനസമാഹരണം നടത്തുകയുള്ളൂ.

(ബി) കിഫ്ബി നിലവിൽ വന്നതിനുശേഷം എത്ര ഫണ്ട് സമാഹരിച്ചുവെന്നും ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടി എത്ര രൂപവീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽനിന്നായി ലോണുകൾ, ബോണ്ടുകൾ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ നിലവിൽ 7,576.11 കോടി രൂപ കിഫ്ബി സമാഹരിച്ചിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ് എന്നീ ഇനങ്ങളിലായി സർക്കാർ കിഫ്ബിക്ക് നൽകിയ ആകെ തുക 2021 ഡിസംബറോടെ 10,158.94 കോടി രൂപയാകും. കോർപ്പസ് ഫണ്ടായി ലഭിച്ച 2498 കോടി രൂപയും കിഫ്ബിയുടെ കൈവശമുണ്ട്. അംഗീകരിച്ച വിവിധ പദ്ധതികൾക്കായി 7-6-2021-ലെ കണക്കുകൾ പ്രകാരം 10,907.07 കോടി രൂപ കിഫ്ബി നൽകിയിട്ടുണ്ട്.

(സി) കിഫ്ബി ഫണ്ടിലേക്ക് പണം സമാഹരിച്ചതിന്റെ പേരിൽ സർക്കാരിന് ബാദ്ധ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ആരോടെല്ലാം എത്രവീതം രൂപയുടെ ബാദ്ധ്യതയാണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

(സി&ഡി) കിഫ്ബി ആക്ടിലെ വ്യവസ്ഥ പ്രകാരം ബോർഡ് കടം വാങ്ങുന്ന തുകയ്ക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നുണ്ട്. ഈ തുക നിയമസഭ നിയമംമൂലം നിശ്ചയിച്ചിട്ടുള്ള പരിധിക്കുള്ളിലാണ്. കിഫ്ബിക്ക് കാലാകാലങ്ങളിൽ എത്ര രൂപയാണ് നൽകേണ്ടതെന്നത് കിഫ്ബി ആക്ടിൽ കൃത്യമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന തുക തിരിച്ചടവിന് പര്യാപ്തമാകുന്നരീതിയിലാണ് കിഫ്ബിയുടെ 'കൺട്രോൾഡ് ലെവറേജിംഗ് ' മാതൃകയിലുള്ള കടമെടുപ്പ്. ദൃഢമായ ഈ സാമ്പത്തിക മാതൃക പാലിക്കുന്നിടത്തോളംകാലം കിഫ്ബിയുടെ കടമെടുപ്പ് സർക്കാരിന് ഒരു ബാധ്യതയായി മാറുകയില്ല. ആഭ്യന്തര അന്താരാഷ്ട്ര വിപണിയിൽനിന്നുമുള്ള കിഫ്ബിയുടെ കടമെടുപ്പിന്റെ നിലവിലെ വിവരം അനുബന്ധമായി ചേർക്കുന്നു. *

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി ചെയ്ത നിർമ്മാണപ്രവർത്തനങ്ങൾ ഏറ്റെടുത്ത കരാറുകാർ സമർപ്പിച്ച ബില്ലിന്മേൽ കുടിശ്ശികയുണ്ടോയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) ഏതെല്ലാം പ്രവൃത്തികളുമായി ബന്ധപ്പെട്ട കുടിശ്ശികയാണുള്ളതെന്നും തുക എത്ര വീതമാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(ഇ&എഫ്) കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതാത് പദ്ധതി നിർവ്വഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്ന രീതിയാണ് അവലംബിക്കുന്നത്. എന്നാൽ പദ്ധതി നിർവ്വഹണ ഏജൻസികൾ ആവശ്യപ്പെടുന്നപക്ഷം കരാറുകാർക്ക് നൽകേണ്ട തുകയുടെ 75% ഉടനെതന്നെ നൽകുന്നരീതിയാണ് സ്വീകരിച്ചിട്ടുള്ളത്. ബാക്കി തുക കിഫ്ബിയുടെ മറ്റു വിഭാഗങ്ങളുടെ പരിശോധനയ്ക്കുശേഷം സമയബന്ധിതമായി നൽകിവരുന്നുണ്ട്. ഇപ്രകാരമുള്ള പരിശോധനകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളു. പണം നൽകുന്നതിൽ കാലതാമസമുണ്ടാകാതിരിക്കാനാവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചുവരുന്നു. 2021 ഏപ്രിൽ മുതൽ, കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 538 ബില്ലുകളിന്മേൽ 36 എണ്ണം മാത്രമാണ് പണം നൽകാനുള്ളത്. ഇവ പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതാണ്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ

24(287) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഇതുവരെ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; എത്ര കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു; എത്ര കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്; വിശദമാക്കാമോ;

(ബി) കിഫ്ബി വഴി പൂർത്തീകരിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണെന്നറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് ഇതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്. 23,197.90 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തു; വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു.* 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു.*

### കിഫ്ബി പദ്ധതികൾക്കായി ചെലവഴിച്ച തുക

25(288) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി മുഖേന നാളിതുവരെ സംസ്ഥാനത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക എത്ര; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്?

കിഫ്ബി മുഖേന നാളിതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. 20863.25 കോടി രൂപയുടെ പദ്ധതികളുടെ പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) എത്ര കോടി രൂപയുടെ പദ്ധതികളാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളത്?

നാളിതുവരെ 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(സി) നാളിതുവരെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുക എത്രയെന്നറിയിക്കുമോ?

നാളിതുവരെ വിവിധ പദ്ധതികൾക്കായി പാർട്ട് ബില്ലുകൾ ഉൾപ്പെടെ 10,907.07 കോടി രൂപ ചെലവഴിച്ചു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി ആവശ്യമായ തുക എത്രയെന്ന് വിശദമാക്കാമോ?

സാമ്പത്തികാനുമതി നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി 52,352.25 കോടി രൂപ ആവശ്യമായി വരും.

(ഇ) ഇപ്പോൾ കിഫ്ബി ഫണ്ടിൽ എത്ര രൂപയാണ് നീക്കിയിരിപ്പുള്ളതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ഫണ്ടിൽ 85,23,75,69,320.12 രൂപ നീക്കിയിരിപ്പുണ്ട്.

**തങ്കളം-കാക്കനാട് റോഡ് നിർമ്മാണം**

26(289) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് ബഡ്ജറ്റുകളിലായി 67 കോടി രൂപ അനുവദിച്ചിട്ടുള്ള തങ്കളം-കാക്കനാട് റോഡ് നിർമ്മാണ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി അവയിൽ ന്യൂനതകൾ കണ്ടെത്തിയാൽ കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്യുന്നു. അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി ടി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. തങ്കളം-കാക്കനാട് റോഡ് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അവലോകനത്തിലാണ്. ടി പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ട് ഉടൻതന്നെ എസ്.പി.വി.-ക്ക് നൽകുന്നതാണ്. അവലോകനം ധ്രുതഗതിയിൽ നടത്തി മേൽപറഞ്ഞിരിക്കുംപ്രകാരം ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി നൽകിയതിനുശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡാണ്.

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര തുകയുടെ ഡി.പി.ആർ. ആണ് സമർപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

തങ്കളം-കാക്കനാട് റോഡ് പദ്ധതിക്ക് 255 കോടി രൂപയുടെ ഡി.പി.ആർ. ആണ് എസ്.പി.വി. സമർപ്പിച്ചിരിക്കുന്നത്.

(സി) പ്രസ്തുത ഡി.പി.ആർ.-ന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ഡി) റോഡ് നിർമ്മാണം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(ഇ) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി റോഡ് നിർമ്മാണം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി-ഇ) സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി അവയിൽ ന്യൂനതകൾ കണ്ടെത്തിയാൽ കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക് നൽകുകയും ചെയ്യുന്നു. അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി ടി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുമ്പാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. തങ്കളം-കാക്കനാട് റോഡ് പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിൽ അവലോകനത്തിലാണ്. ടി പദ്ധതിയുടെ സങ്കേതിക അവലോകന റിപ്പോർട്ട് ഉടൻതന്നെ എസ്.പി.വി.-ക്ക് നൽകുന്നതാണ്. അവലോകനം ധ്രുതഗതിയിൽ നടത്തി മേൽപ്പറഞ്ഞിരിക്കുംപ്രകാരം ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്. ധനാനുമതി നൽകിയതിനുശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡാണ്.

## കിഫ്ബി പരിശോധന

27(290) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം-കാങ്കക്കടവ് റെഗുലേറ്ററിന്റെ കിഫ്ബി പരിശോധന പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കിഫ്ബിയുടെ ധനകാര്യ അനുമതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) കിഫ്ബി അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

(എ-സി) കോട്ടക്കൽ മണ്ഡലത്തിലെ കുറ്റിപ്പുറം കാങ്കക്കടവ് റെഗുലേറ്റർ നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച പദ്ധതി റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ കിഫ്ബി നിയോഗിച്ച സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന ഏജൻസി പദ്ധതി സ്ഥലം സന്ദർശിച്ച് പരിശോധന നടത്തി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് കിഫ്ബിയുടെ ധനകാര്യ അനുമതി സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## കിഫ്ബി പദ്ധതികൾ

28(291) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 2016 മേയ് മുതൽ 2021 ഏപ്രിൽ 30 വരെ എത്ര പദ്ധതികൾക്കാണ് കിഫ്ബി ഭരണാനുമതി നൽകിയത്; ഭരണാനുമതി നൽകിയ പദ്ധതികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണ്?

2016 മേയ് മുതൽ 2021 ഏപ്രിൽ 30 വരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്.

(ബി) ഭരണാനുമതി നൽകിയ പദ്ധതികളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ 2021 ഏപ്രിൽ 30-ന് മുമ്പ് ടെണ്ടർ ചെയ്തു?

സാമ്പത്തികാനുമതി നൽകിയ പദ്ധതികളിൽ 23,197.90 കോടി രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തു.

(സി) ഭരണാനുമതി നൽകിയ പദ്ധതികളിൽ എത്ര കോടി രൂപയുടെ പദ്ധതികൾ പ്രസ്തുത തീയതിക്കുമുമ്പ് പൂർത്തിയാക്കി?

ഭരണാനുമതി നൽകിയ പദ്ധതികളിൽ 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ഡി) പൂർത്തിയാക്കിയ പദ്ധതികൾക്കെല്ലാമായി 2021 ഏപ്രിൽ 30 വരെ കിഫ്ബി എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

പൂർത്തീകരിക്കപ്പെട്ട പദ്ധതികൾക്കായി 2021 ഏപ്രിൽ 30 വരെ 23,78,30,70,850.71 രൂപ കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്.

**കിഫ്ബി മസാല ബോണ്ട്**

29(292) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ കിഫ്ബി 31.03.2021 വരെ ബോണ്ടുവഴിയും മറ്റു വിധത്തിലും എത്ര കോടി രൂപ സമാഹരിച്ചെന്നറിയിക്കാമോ?

കിഫ്ബി ആഭ്യന്തര-അന്താരാഷ്ട്ര വിപണികളിൽനിന്നായി ലോണുകൾ, ബോണ്ടുകൾ എന്നിങ്ങനെ വിവിധ മാർഗ്ഗങ്ങളിലൂടെ 7-6-2021 വരെ 7,576.11 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) കിഫ്ബി മസാല ബോണ്ടുവഴി തുക സമാഹരിച്ചത് ഭരണഘടനാവിരുദ്ധമാണെന്ന് സി&എ.ജി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം ഒരു നിഗമനത്തിൽ സി&എ.ജി. എത്തിച്ചേർന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച അവാസ്തവമായ ചില നിരീക്ഷണങ്ങൾ സി&എ.ജി. നടത്തുയുണ്ടായി. കിഫ്ബി വിദേശത്തുനിന്നും സമാഹരിച്ച മസാല ബോണ്ട് സംബന്ധിച്ച നിരീക്ഷണങ്ങളും ഇതിൽപ്പെടുന്നു. സി&എ.ജി-യുടെ നിരീക്ഷണങ്ങൾ താഴെ പറയുന്നവയായിരുന്നു.

- കിഫ്ബി വായ്പകൾ ഭരണഘടനയുടെ അനുച്ഛേദം 293(1)-ന് വിരുദ്ധമാണ്. ധന ഉത്തരവാദിത്ത നിയമത്തിലെ ധനക്കമ്മി പരിധിയുടെ ലംഘനമാണ്.

- സംസ്ഥാന സർക്കാരിന്റെ ഗ്യാരണ്ടിയോടെയുള്ള കിഫ്ബി വായ്പകൾ സംസ്ഥാന സർക്കാരിന്റെ ഡയറക്ട് ലയബിലിറ്റിയാണ്, കണ്ടിജന്റ് ലയബിലിറ്റി അല്ല.

- കിഫ്ബി വായ്പകൾ ഭരണഘടനാനുസൃതമല്ലെന്നും ഭരണഘടനാ അനുച്ഛേദം 293 പ്രകാരമുള്ള പരിധി ലംഘിക്കുന്നതുമാണ്.

• മസാല ബോണ്ടുവഴി കിഫ്ബി ധനസമാഹരണം നടത്തിയത് കേന്ദ്രസർക്കാരിന്റെ അധികാരത്തിലേയ്ക്കുള്ള കടന്നുകയറ്റമാണ്, ഇതിന് അനുമതി നൽകിയ റിസർവ് ബാങ്ക് നടപടി സംശയാസ്പദമാണ്. സി&എ.ജി.-യുടെ നിരീക്ഷണങ്ങൾ തള്ളിക്കളയുന്നതിനടിസ്ഥാനമായ വസ്തുതകൾ താഴെപ്പറയുന്നു:

• ആർട്ടിക്കിൾ 293 സംസ്ഥാനങ്ങളുടെ വായ്പാ അധികാരത്തെയും പരിധിയെയും സംബന്ധിച്ചാണ് പ്രതിപാദിക്കുന്നത്. 293 (1) Borrowing by States എന്നതാണ് ഈ അനുച്ഛേദത്തിലെ വിഷയം. കിഫ്ബി നിയമസഭ പാസ്സാക്കിയ നിയമപ്രകാരം സ്ഥാപിതമായ സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. ഇത്തരം ബോഡി കോർപ്പറേറ്റുകൾ സംബന്ധിച്ചല്ല അനുച്ഛേദം 293-ലെ പ്രതിപാദ്യം എന്നത് വ്യക്തമാണ്.

• കിഫ്ബി ആന്വിറ്റി അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കൺട്രോൾഡ് ലവറേജിംഗ് മോഡൽ ആണ്. അതിനുള്ള വരുമാനം നിയമപ്രകാരം സംരക്ഷിതമാണ്. കിഫ്ബിക്ക് സ്വയം വരുമാനമില്ലായെന്നും കിഫ്ബിയുടെ ബാദ്ധ്യതകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതകളാണെന്നുമുള്ള പരാമർശങ്ങൾ വസ്തുതകൾക്കും നിയമങ്ങൾക്കും വ്യവസ്ഥാപിതമായ രീതികൾക്കും വിരുദ്ധമാണ്. കിഫ്ബിയെടുക്കുന്ന വായ്പകൾ പലിശയടക്കം തിരിച്ചടയ്ക്കുന്നതിനാവശ്യമായ പണം സംസ്ഥാന ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച് വാർഷിക വിഹിതമായി നൽകുന്നു. (മോട്ടോർ വാഹന നികുതിയുടെ 50 ശതമാനവും പെട്രോളിയം സെസ്സും) ഇവയ്ക്കുപുറമെ വ്യാവസായികാടിസ്ഥാനത്തിൽ നടത്തുന്ന പദ്ധതികൾക്ക് നൽകുന്ന ധനസഹായം അത്തരം ഏജൻസികൾ പലിശസഹിതം തിരിച്ചടയ്ക്കാൻ ബാധ്യസ്ഥരാണ്. ഇത്തരത്തിലുള്ള ധനാഗമ മാർഗ്ഗങ്ങളിലൂടെ തിരിച്ചടവ് സാധ്യമാകുന്നത്ര വായ്പ മാത്രമേ കിഫ്ബി എടുക്കുവെന്ന് കൺട്രോൾഡ് ലവറേജിംഗ് മോഡൽ ഉറപ്പുവരുത്തുന്നുമുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടെ ഏറ്റവും ആധുനികമായ വിശകലന സമ്പ്രദായം ഉപയോഗിച്ചാണ് എത്ര വായ്പ, എപ്പോൾ, എങ്ങനെ എടുക്കണം എന്നൊക്കെയുള്ള നിഗമനങ്ങളിലെത്തുന്നത്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കിഫ്ബിയുടെ വായ്പാ തിരിച്ചടവിന് ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന വാർഷിക വിഹിതത്തിനുപുറമേ അധിക പണം ആവശ്യമായി വരുന്നില്ല. അതിനാൽ ആത്യന്തികമായി കിഫ്ബി വായ്പ സംസ്ഥാന സർക്കാരിന്റെ ബാധ്യതയാകുമെന്ന പരാമർശത്തിന് യാതൊരു സാംഗത്യവുമില്ല.

• ഭരണഘടനയുടെ ഏഴാം പട്ടികയിലെ ഒന്നാം ലിസ്റ്റിൽ ഇനം 37-ന്റെ (Entry 37, list 1 of the 7th Schedule of Constitution of India) പ്രകാരം Foreign loans സംബന്ധമായ നിയമം ഉണ്ടാക്കാൻ പാർലമെന്റിന് മാത്രമാണ്

അധികാരം. ഈ അധികാരം ഉപയോഗിച്ച് പാർലമെന്റ് ഉണ്ടാക്കിയ നിയമമാണ് The Foreign Exchange Management Act. മസാല ബോണ്ട് എക്സ്റ്റേണൽ കൊമേഴ്സ്യൽ ബോറോയിംഗ് ഗണത്തിൽപ്പെടുന്ന വായ്പയാണ്. ഫെമ നിയമമാണ് (Foreign Exchange Management Act 1999 - FEMA) ഇത്തരം വിദേശ വായ്പകൾ സംബന്ധിച്ച ലീഗൽ ഫ്രെയിം വർക്ക്. ഫെമ നിയമത്തിലെ (6(3)(d)) പ്രകാരം ഇത്തരം വായ്പകൾ റെഗുലേറ്റ് ചെയ്യുന്നതിനുള്ള അധികാരം റിസർവ് ബാങ്കിൽ നിക്ഷിപ്തമാണ്. ഇതിലെ വ്യവസ്ഥകൾ പ്രകാരമാണ് ആർ.ബി.ഐ മസാലബോണ്ടിന്റെ ചട്ടങ്ങൾ നിർമ്മിച്ചതും ബോഡി കോർപ്പറേറ്റുകൾക്ക് അനുമതി നൽകിയതും. കിഫ്ബി കേരള നിയമസഭയുടെ 1999-ലെ കിഫ്ബി ആക്ട് പ്രകാരം രൂപീകൃതമായ ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4(2)-ൽ കിഫ്ബോർഡ് ഒരു ബോഡി കോർപ്പറേറ്റ് ആണെന്ന് വ്യക്തമാക്കുന്നുണ്ട്. കിഫ്ബിയുടെ 2150 കോടി രൂപയുടെ മസാല ബോണ്ടിന് നിലനിന്നിരുന്ന എല്ലാ ചട്ടങ്ങളും പാലിച്ചാണ് 1-6-2018-ൽ ആർ.ബി.ഐ.-യുടെ അനുമതി നൽകിയത്. കിഫ്ബിയുടെ മസാല ബോണ്ട് രാജ്യത്ത് നിലനിൽക്കുന്ന ഏതെങ്കിലും നിയമങ്ങൾക്കോ വ്യവസ്ഥിതികൾക്കോ എതിരല്ല. ഭരണഘടനയിൽ വിദേശ വായ്പകളും ഗ്യാരണ്ടിയും സംബന്ധിക്കുന്ന വിഷയം പ്രതിപാദിക്കുന്ന ആർട്ടിക്കിൾ 293 (1) പ്രകാരം സംസ്ഥാന സർക്കാരുകൾക്ക് വിദേശത്തുനിന്നും വായ്പ എടുക്കുന്നതിൽ നിയന്ത്രണങ്ങളുണ്ട്. എന്നാൽ ഇത് പാർലമെന്റോ നിയമസഭയോ പാസ്സാക്കിയ നിയമംമൂലം സ്ഥാപിതമായ സ്ഥാപനങ്ങൾക്ക് ബാധകമല്ല. ഈ വിഷയം നിയമസഭയിലും പൊതുവേദികളിലും നിരവധി തവണ ചർച്ച ചെയ്യപ്പെട്ടു. സി&എ.ജി.-യുടെ നിരീക്ഷണങ്ങൾ തികച്ചും വസ്തുതാവിരുദ്ധമായാണ് സർക്കാരും ബഹുമാനപെട്ട നിയമസഭയും വിലയിരുത്തിയത്. സ്റ്റേറ്റ് ഫിനാൻസ് ഓഡിറ്റ് റിപ്പോർട്ട് 2019-ലെ ഇതുസംബന്ധിക്കുന്ന പരാമർശങ്ങളെ സി&എ.ജി ഓഡിറ്റ് റെഗുലേഷനുകൾ, സാമാന്യനീതി, പ്രൊഫഷണൽ സമീപനം, രാഷ്ട്രീയ നിഷ്പക്ഷത എന്നിവയുടെ ലംഘനമാണെന്നും, കേരള സംസ്ഥാനത്തിന്റെ വിശാല വികസന താത്പര്യങ്ങളെ അപകടപ്പെടുത്തുന്നതുമാണെന്നും നിയമസഭ വിലയിരുത്തുകയും, സഭയുടെ ഉത്കണ്ഠ സി&എ.ജി.-യെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിലെ 41 മുതൽ 43 വരെയുള്ള കിഫ്ബിയെ സംബന്ധിക്കുന്ന പരാമർശങ്ങളും എക്സിക്യൂട്ടീവ് സമ്മറിയിലെ ഇതുസംബന്ധിക്കുന്ന രേഖപ്പെടുത്തലുകളും സഭ നിരാകരിക്കുകയും ചെയ്തിരുന്നു.

(സി) കിഫ്ബി ബോണ്ടുവഴി ധനം സമാഹരിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് സി&എ.ജി. കണ്ടെത്തിയ സാഹചര്യത്തിൽ വിവിധ ബോണ്ടുകൾ ഇറക്കി ധനം സമാഹരിക്കുന്നതിൽനിന്നും കിഫ്ബി പിന്മാറിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ?

കിഫ്ബിയുടെ മസാല ബോണ്ടോ മറ്റ് ധനസമാഹരണമാർഗ്ഗങ്ങളോ രാജ്യത്ത് നിലനിൽക്കുന്ന ഏതെങ്കിലും നിയമങ്ങൾക്കോ വ്യവസ്ഥിതികൾക്കോ എതിരായുള്ളതല്ല. മാത്രമല്ല ഇവയെല്ലാംതന്നെ ബന്ധപ്പെട്ട ഏജൻസികളിൽനിന്നും ആവശ്യമായ അനുമതി നേടിയിട്ടുള്ളതുമാണ്. ആയതിനാൽ നിലവിൽ ഏതെങ്കിലും ധനസമാഹരണത്തിൽനിന്നും കിഫ്ബി പിന്മാറേണ്ട സാഹചര്യമില്ല.

(ഡി) എങ്കിൽ ഇതിനകം പ്രഖ്യാപിച്ച 60,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് എപ്രകാരം പണം കണ്ടെത്തുവാനാണ് കിഫ്ബി ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

കിഫ്ബിയുടെ ആക്ടും നിലവിലെ നിയമവ്യവസ്ഥകളും അനുവദിക്കുന്ന രീതിയിലുള്ള ധനസമാഹരണമാണ് കിഫ്ബി അവലംബിച്ചുവരുന്നത്. വിവിധ ബാങ്കുകളിൽനിന്നും DFI-കളിൽനിന്നും ടേം ലോണുകൾ ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റുകളിലിറക്കുന്ന ബോണ്ടുകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നിലവിലെ ധനസമാഹരണ രീതി കിഫ്ബി ലക്ഷ്യംവയ്ക്കുന്ന 64,000 കോടിയുടെ വികസന പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിന് പര്യാപ്തമാണ്.

## കേരള നിർമ്മിതി പ്രദർശനം

30(293) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബിവഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മുൻ സർക്കാരിന്റെ കാലയളവിൽ എല്ലാ ജില്ലകളിലും കേരള നിർമ്മിതി എന്ന പേരിൽ പ്രദർശനം സംഘടിപ്പിച്ചിരുന്നോ?

കിഫ്ബിവഴി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ ജില്ലകളിലും കിഫ്ബിയിലൂടെയും മറ്റ് ഏജൻസികൾ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ചുള്ള പ്രദർശനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരത്തും കാസർഗോഡും ആലപ്പുഴയിലും സംഘടിപ്പിച്ച ബോധവൽക്കരണ പരിപാടി കോവിഡ് -19 പടർന്നുപിടിച്ച സാഹചര്യത്തിൽ നിർത്തിവച്ചു.

(ബി) പ്രസ്തുത പ്രദർശനം സംഘടിപ്പിക്കുന്നതിനും മറ്റുമായി ആകെ എത്ര തുക ചെലവഴിച്ചുവെന്നറിയിക്കുമോ?

പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിനായി 8,68,52,084 രൂപ ചെലവഴിച്ചു.

(സി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രദർശനം സംഘടിപ്പിച്ചതെന്നും അതിനായി അവർക്ക് എത്ര തുക നൽകിയെന്നും അറിയിക്കുമോ?

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആൻഡ് കൺസ്ട്രക്ഷൻ (IIIC, Chavara)-നെയാണ് പ്രസ്തുത പരിപാടികളുടെ നടത്തിപ്പിനായി നിയോഗിച്ചിരുന്നത്. ആയതിലേയ്ക്കായി അവർക്ക് 4,14,00,121 രൂപ നൽകിയിട്ടുണ്ട്.

## കിഫ്ബി പദ്ധതികൾ

31(294) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുകയും ഓരോ പദ്ധതിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം കിഫ്ബി പദ്ധതികൾ പൂർത്തീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) മുഴുവൻ കിഫ്ബി പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-ഇ) കുന്നത്തുനാട് മണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ തുക, നിലവിലെ സ്ഥിതി (പൂർത്തീകരിച്ച പദ്ധതികൾ ഉൾപ്പെടെ) എന്നീ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി.-കൾ സ്വീകരിച്ചുവരുന്നു. കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകനയോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്.

## കിഫ്ബി പദ്ധതികൾ

32(295) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴി പാറശാല നിയോജകമണ്ഡലത്തിൽ എത്ര കോടി രൂപയുടെ എത്ര പദ്ധതികൾക്ക് നാളിതുവരെ അനുമതി നൽകിയിട്ടുണ്ടെന്നറിയിക്കാമോ?

കിഫ്ബി വഴി പാറശാല നിയോജകമണ്ഡലത്തിൽ 323.06 കോടി രൂപയുടെ 15 പദ്ധതികൾക്ക് നാളിതുവരെ ധനാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അവയിൽ പൂർത്തീകരിക്കപ്പെട്ടവ എത്രയാണെന്നും അവയ്ക്കായി എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

പാറശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ 2 സ്കൂൾ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കപ്പെട്ട പദ്ധതികളായ ഗവൺമെന്റ് എച്ച്.എസ്.എസ്. മാരായമുട്ടം, ഗവൺമെന്റ് എച്ച്.എസ്.എസ്. നെയ്യാർ ഡാം എന്നിവയ്ക്കായി യഥാക്രമം 4,68,68,983 രൂപയും 2,73,31,829 രൂപയും കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്.

(സി) എത്ര പദ്ധതികൾ പൂർത്തീകരിക്കാനുണ്ടെന്നും അവയുടെ പൂർത്തീകരണത്തിനായി മാറ്റിവയ്ക്കപ്പെട്ട തുക എത്രയെന്നും വ്യക്തമാക്കുമോ?

പാറശാല നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളിൽ 5 സ്കൂൾ, 5 റോഡ്, 3 ബ്രിഡ്ജ്, 1 വ്യാവസായിക പരിശീലന കേന്ദ്രം, 1 ഫിഷ്മാർക്കറ്റ്, 1 ആശുപത്രി എന്നിവ പൂർത്തീകരിക്കുവാനുണ്ട്. ഇവയ്ക്കായി ആകെ 315 കോടി രൂപയുടെ ധനാനുമതിയാണ് നൽകിയിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതികൾ ഓരോന്നും നിലവിൽ ഏത് ഘട്ടത്തിലാണെന്നും അവ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കിഫ്ബിയിൽ ഉൾപ്പെടുത്തി പാറശാല നിയോജകമണ്ഡലത്തിൽ നിന്നും ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.* പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി പദ്ധതി നിർവ്വഹണ ഏജൻസികൾക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

**കിഫ്ബി കുടിവെള്ള പദ്ധതികൾ**

33(296) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട്, അതിയന്നൂർ-കോട്ടുകാൽ എന്നീ കുടിവെള്ള പദ്ധതികളിൽ ഓരോന്നിനും ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി വഴി എത്ര കോടി രൂപ വീതമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കാരോട് കുടിവെള്ള പദ്ധതി, അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതി എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബിയുടെ സാമ്പത്തിക അംഗീകാരം സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബിയിലെ ഇൻസ്പെക്ഷൻ അതോറിറ്റി**

34(297) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി മുഖേന ധനസഹായം ലഭ്യമാകുന്ന പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അതോറിറ്റിയിൽ ഏത് വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥരെയാണ് നിയമിച്ചിട്ടുള്ളതെന്നതിന്റെ വിശദവിവരം നൽകുമോ?

ഉണ്ട്. പ്രസ്തുത അതോറിറ്റിയിൽ ബി.എസ്.എൻ.എൽ.-ൽനിന്നും സ്വമേധയാ വിരമിച്ച ഉദ്യോഗസ്ഥൻ ചീഫ് പ്രോജക്ട് എക്സാമിനറായി കരാർ അടിസ്ഥാനത്തിലും കേന്ദ്രസർക്കാർ സ്ഥാപനമായ ഹൈറ്റ്സിൽനിന്നുമുള്ള ഉദ്യോഗസ്ഥൻ സീനിയർ പ്രോജക്ട് എക്സാമിനറായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ജോലി ചെയ്യുന്നു. കൂടാതെ ടി വിഭാഗത്തിൽ കിഫ്ബി പദ്ധതികളുമായി ബന്ധപ്പെട്ട് സാങ്കേതിക പരിശോധന നടത്തുന്നതിന് വിദഗ്ദ്ധരുടെ സേവനം സി.എം.ഡി മുഖേന ലഭ്യമാക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ധനകാര്യവകുപ്പിനുകീഴിലുള്ള കിഫ്ബിയിൽ ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധനാ സംവിധാനമായ സി.റ്റി.ഇ.-യെ ഒഴിവാക്കി ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിച്ചത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നത് വിശദമാക്കുമോ?

ഭേദഗതി ചെയ്ത കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി കിഫ്ബി പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട പരിശോധനകൾക്ക് ഒരു ഇൻസ്പെക്ഷൻ അതോറിറ്റി രൂപീകരിക്കുകയും ടി വിഭാഗം കിഫ്ബി പദ്ധതികളുടെ സാങ്കേതിക പരിശോധന നടത്തിവരുകയും ചെയ്യുന്നു. എന്നാൽ ധനകാര്യവകുപ്പിനുകീഴിലുള്ള സി.റ്റി.ഇ.-യെ കിഫ്ബി പദ്ധതികളുടെ പരിശോധനയിൽനിന്നും ഒഴിവാക്കിയിട്ടില്ല. ആവശ്യമെങ്കിൽ കൃത്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടുകൂടി സി.റ്റി.ഇ.-ക്കും കിഫ്ബി പദ്ധതികളിൽ പരിശോധന നടത്താവുന്നതാണ്.

## കിഫ്ബി വായ്പകളുടെ തിരിച്ചടവ്

35(298) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കിഫ്ബി വഴി സമാഹരിച്ച വായ്പകളുടെ തിരിച്ചടവ് ഏതുവർഷം മുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

2017-ൽ നബാർഡിൽനിന്ന് സ്വീകരിച്ച നിഡ ലോണിന്റെ തിരിച്ചടവ്, മൊറട്ടോറിയം കാലാവധിയായ 2 വർഷങ്ങൾക്കുശേഷം 2019-ൽ ആരംഭിച്ചിട്ടുണ്ട്. ത്രൈമാസ കാലയളവിൽ 12 വർഷമായിട്ടാണ് ലോൺ തിരിച്ചടയ്ക്കേണ്ടത്. 2019-ൽ സ്വീകരിച്ച 3 ടേം ലോണുകളുടെ തിരിച്ചടവ് മൊറട്ടോറിയം കാലാവധിയായ 2 വർഷങ്ങൾക്കുശേഷം 2021-ൽ തുടങ്ങിയിട്ടുണ്ട്. ഇവയും 10 മുതൽ 12 വർഷക്കാലയളവിൽ തിരിച്ചടയ്ക്കേണ്ട ദീർഘകാല ലോണുകളാണ്. കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടിയോടനുബന്ധിച്ച് നൽകിയിട്ടുള്ള 3 വർഷ കാലയളവിലെ ഡെപ്പോസിറ്റ് ബോണ്ടുകൾ 2022 പകുതിയോടെ വിവിധഘട്ടങ്ങളിലായി തിരിച്ചടവ് ആരംഭിക്കുന്നവയാണ്. സെക്യൂരിറ്റി ബോണ്ടുകൾ 2023 മുതൽ ആരംഭിക്കും. കെ.എസ്.എഫ്.ഇ.-യിൽ നിന്നുമുള്ള ധനസമാഹരണം തുടർച്ചയായി നടന്നുവരുന്ന ദീർഘകാല പദ്ധതിയാണ്. മസാല ബോണ്ടുവഴി സമാഹരിച്ച തുക 2024 മാർച്ച് മാസത്തോടെ തിരിച്ചു നൽകേണ്ടതായിട്ടുണ്ട്. 2021-ൽ നബാർഡിൽനിന്ന് സ്വീകരിച്ച 15 വർഷക്കാലയളവിലെ ലോണിന്റെ തിരിച്ചടവ് 2023-ൽ ആരംഭിക്കും.

(ബി) നിലവിലെ സർക്കാരിന്റെ സാമ്പത്തികാവസ്ഥയിൽ കിഫ്ബി വായ്പകളുടെ സമയബന്ധിതമായ തിരിച്ചടവ് സാധ്യമാകുമോ; വിശദാംശങ്ങൾ നൽകാമോ?

കോവിഡ് കാരണമുണ്ടായ അതീവ സാമ്പത്തിക പ്രതിസന്ധിയിലും തടസ്സമില്ലാതെയുള്ള വികസനങ്ങൾ സാധ്യമായതിൽ കിഫ്ബിയുടെ പങ്ക് വളരെ വലുതാണ്. സമ്പദ്ഘടനയുടെ തിരിച്ചുവരവിനും അതിന്റെ ഉത്തേജനത്തിനും അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ അത്യന്താപേക്ഷിതമാണ്. ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്നതും അതിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്നതും സർക്കാർ ഉറപ്പുവരുത്തും. ഒപ്പം കിഫ്ബി അവലംബിച്ചിരിക്കുന്ന 'കൺട്രോൾഡ് ലവറേജിംഗ് ' മോഡൽ തിരിച്ചടവ് സുഗമമാക്കും.

(സി) കിഫ്ബി വഴി അംഗീകാരം നൽകിയിരിക്കുന്ന 60,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാനുള്ള വിഭവസമാഹരണം നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

കിഫ്ബിയുടെ ആക്ടും നിലവിലെ വ്യവസ്ഥകളും അനുവദിക്കുന്ന രീതിയിലുള്ള ധനസമാഹരണമാണ് കിഫ്ബി അവലംബിച്ചുവരുന്നത്. വിവിധ ബാങ്കുകളിൽ നിന്നും DFI-കളിൽനിന്നും ടേം ലോണുകൾ, ആഭ്യന്തര-അന്താരാഷ്ട്ര മാർക്കറ്റുകളിലിറക്കുന്ന ബോണ്ടുകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നിലവിലെ ധനസമാഹരണ രീതി കിഫ്ബി ലക്ഷ്യം വയ്ക്കുന്ന 64000 കോടി കണ്ടെത്തുന്നതിന് പര്യാപ്തമാണ്.

(ഡി) പ്രസ്തുത 60,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാൻ ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള തുക പര്യാപ്തമാണോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ കിഫ്ബി 64,000 കോടിയിൽപ്പരം ചെലവുവരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിംഗ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുകയെല്ലാം മുൻകൂട്ടി സമാഹരിച്ചുവയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലവറേജിംഗ് ' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്ന മുറയ്ക്ക് അവയ്ക്ക് പണം നൽകുന്നതിനാവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസക്കാലയളവിലേയ്ക്കുള്ള ബില്ലുകൾ കൊടുക്കുന്നതിനാവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി

വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ്‌വെയറാണ് (ALM Software) ഇതിന് സഹായിക്കുന്നത്. ഓരോ സമയത്തും കിഫ്ബിയുടെ പദ്ധതികളും അവയുടെ പുരോഗതിയും പേമെന്റ് വ്യവസ്ഥകളും കൈവശമുള്ള തുകയും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ കിഫ്ബിയുടെ കടമെടുപ്പ് നിർദ്ദേശിക്കുവാൻ കെല്പുള്ളതാണ് ഈ സംവിധാനം ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശ കൊടുക്കുന്ന സാഹചര്യമൊഴിവാക്കുവാൻ സാധിക്കും. സാമ്പത്തിക വർഷം 2021-വരെ 5,674.798 കോടി രൂപ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10,000 കോടിയോളം രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ MVT - പെട്രോളിയം സെസ് ഇനത്തിലുള്ള കിഫ്ബിയുടെ വിഹിതമായി സർക്കാരിൽനിന്ന് ലഭിച്ച ആകെ തുക 10,158.94 കോടി രൂപയാകും. ഇത്തരത്തിൽ കൃത്യമായ സാമ്പത്തിക മാതൃകയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ഏറ്റെടുത്ത പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിൽ ഒരുതരത്തിലുള്ള ബുദ്ധിമുട്ടും പ്രതീക്ഷിക്കുന്നില്ല. കിഫ്ബിയുടെ ഫണ്ട് ട്രസ്റ്റി & അഡ്വൈസറി കമ്മീഷൻ (FTAC) ഇക്കാര്യം ആറ് മാസത്തിലൊരിക്കൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. കിഫ്ബിയുടെ ആക്ടും നിലവിലെ വ്യവസ്ഥകളും അനുവദിക്കുന്ന ധനസമാഹരണരീതികളാണ് കിഫ്ബി അവലംബിച്ചുവരുന്നത്. ടേം ലോണുകൾ, ബോണ്ടുകൾ തുടങ്ങി വിവിധ മാർഗ്ഗങ്ങൾ ഇതിൽ ഉൾപ്പെടുന്നു. നിലവിലെ രീതി കിഫ്ബി ലക്ഷ്യം വയ്ക്കുന്ന 64,000 കോടിയുടെ ധനസമാഹരണത്തിന് പര്യാപ്തമാണ്.

## മണലൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

36(299) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. ആസ്തിവികസന പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ-സി) 2016-17 വർഷത്തെ പദ്ധതിയുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. 2017-18 മുതൽ 2020-21 വർഷങ്ങളിൽ മണലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികളും അവയുടെ നിലവിലുള്ള അവസ്ഥയുടെ വിശദ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) അടിയന്തരമായി അവ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പാറശാല നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

37(300) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21 സാമ്പത്തിക വർഷത്തെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയതും ഭരണാനുമതി ലഭിച്ചതുമായ പാറശാല മണ്ഡലത്തിലെ ഏതെങ്കിലും പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കാനുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് നൽകിയ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇവ പൂർത്തീകരിക്കാതിരിക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടാമ്പി താലൂക്ക് ആശുപത്രിയിലെ ഡിജിറ്റൽ എക്സ്റേ യൂണിറ്റ്**

38(301) ശ്രീ. മുഹമ്മദ് മുഹസിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽനിന്നും പട്ടാമ്പി താലൂക്ക് ആശുപത്രിയിലേയ്ക്ക് ഭരണാനുമതി ലഭിച്ചിരുന്ന ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ഇനിയും ലഭ്യമാകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

ഡിജിറ്റൽ എക്സ്റേ യൂണിറ്റ് ലഭ്യമാക്കേണ്ട കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ അത് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കാത്തതുമൂലമാണ് എക്സ്റേ യൂണിറ്റ് സ്ഥാപിക്കാൻ കഴിയാത്തത്.

(ബി) ഉപകരണം സപ്ലൈ ചെയ്യണമെങ്കിൽ മുൻകൂറായി പണമടയ്ക്കണമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുന്നോട്ടുവച്ച

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസ്ഥയും തുക അടയ്ക്കണമെങ്കിൽ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ആവശ്യമാണെന്ന ജില്ലാ പഞ്ചായത്തിന്റെ വ്യവസ്ഥയുംമൂലം പദ്ധതി അനന്തമായി നീളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി നടത്തുന്ന പ്രവൃത്തികൾക്കെല്ലാംതന്നെ നിർവ്വഹണ ഉദ്യോഗസ്ഥനും നിർവഹണ ഏജൻസിയുമായി ഉടമ്പടിയിൽ ഏർപ്പെട്ട ശേഷമാണ് പണം നൽകുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും അവർ മുന്നോട്ട് വന്നിട്ടില്ലാത്തതിനാൽ ഇന്നേവരെ ധാരണാപത്രം ഒപ്പിട്ടിട്ടില്ല.

(സി) ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ടി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിന് ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുന്നതാണ്.

## കൊടുവള്ളി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗം

39(302) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി വിവരം ലഭ്യമാക്കുമോ?

(എ&ബി) കൊടുവള്ളി നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ പുരോഗതി സംബന്ധിച്ച വിവരങ്ങളും ശേഖരിച്ചുവരുന്നു. 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തി വികസന പദ്ധതി റദ്ദ് ചെയ്യുവാൻ അനുമതി

40(303) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആസ്തി വികസന പദ്ധതി പ്രകാരം 2017-18-ൽ അനുവദിച്ച പദ്ധതി നടപ്പിൽ വരുത്താൻ കഴിയാത്ത സാഹചര്യത്തിൽ ആയത് റദ്ദ് ചെയ്ത് പുതിയ പദ്ധതി നടപ്പാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് ആ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തികൾക്ക് പകരമായി പുതിയ പ്രവൃത്തികൾ ആ വർഷംതന്നെ ശിപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ചില ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് സമയബന്ധിതമായി പ്രവൃത്തികൾ ശിപാർശ ചെയ്യാൻ സാധിക്കാതെ വന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അഭ്യർത്ഥന മാനിച്ച് മേൽപ്പറഞ്ഞ സമയപരിധി നീട്ടിനൽകിയിട്ടുണ്ട്. ആ സമയപരിധിക്കുള്ളിൽ ശിപാർശ ചെയ്ത പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് അനുവദനീയമായ മറ്റുപ്രവൃത്തികൾ സമർപ്പിക്കാവുന്നതും അവയ്ക്ക് ഭരണാനുമതി നൽകാവുന്നതുമായിരുന്നു. ഇതനുസരിച്ച് 2017-18 മുതലുള്ള സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനുള്ള കാലാവധി പലപ്പോഴായി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2017-18 വർഷത്തെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 31-3-2021 ആയിരുന്നു. പ്രസ്തുത സമയപരിധി അവസാനിച്ചതിനാൽ 2017-18 സാമ്പത്തിക വർഷ കാലാവധിയിൽ ശിപാർശചെയ്ത് ഭരണാനുമതി ലഭിച്ചെങ്കിലും നടപ്പാക്കാനാകാത്ത പ്രവൃത്തികൾക്ക് പകരം പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിന് അനുവാദമില്ല.

## തിരൂർ മണ്ഡലത്തിലെ പൂർത്തിയാവാനുള്ള പദ്ധതികൾ

41(304) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തിയാവാനുള്ള പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ടിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളും അവയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങളും ശേഖരിച്ചുവരുന്നു. 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികളുടെ വിവരങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) തിരൂർ മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തിയാവാത്ത പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

തിരൂർ മണ്ഡലത്തിൽ എം.എൽ.എ. പ്രാദേശിക വികസന പദ്ധതിയിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി പൂർത്തിയാവാത്ത പദ്ധതികളുടെ വിശദവിവരം അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.*

**ടെണ്ടർ സേവിംഗ്സ്**

42(305) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തിവികസന പദ്ധതി പ്രകാരം വിവിധ പദ്ധതികളിലായി ആകെ എത്ര രൂപ ടെണ്ടർ സേവിംഗ്സായി അവശേഷിക്കുന്നുണ്ടെന്ന് അറിയിക്കാമോ; അതിന്റെ വർഷം തിരിച്ച കണക്ക് ലഭ്യമാക്കുമോ?

2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. മങ്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം വിവിധ പദ്ധതികളിലായി അവശേഷിക്കുന്ന ടെണ്ടർ സേവിംഗ്സും അതിന്റെ വർഷം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത മണ്ഡലത്തിൽ ആസ്തിവികസന പദ്ധതി പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് ഇനത്തിൽനിന്ന് ഇനി എത്ര രൂപയുടെ പദ്ധതിക്ക് നിർദ്ദേശം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ; അതിന്റെ കണക്കുകളും വിശദാംശവും ലഭ്യമാക്കുമോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതി മുഖാന്തരമുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിയശേഷം അനുവദിച്ച എല്ലാ പ്രവൃത്തികളും പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംഗ്സ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ.യും അതത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം ടി എം.എൽ.എ.യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. 2017-18 മുതൽ 2020-21 വരെയുള്ള ആസ്തിവികസന പദ്ധതി പ്രവർത്തികൾക്ക് ഭരണാനുമതി നൽകുവാൻ ശിപാർശ നൽകുന്നതിനുള്ള സമയപരിധി 31-3-2021 വരെ ഉണ്ടായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ അനുവദിച്ച മുഴുവൻ പ്രവൃത്തികളും പൂർത്തിയാകാത്ത സാഹചര്യത്തിൽ 2020-21 സാമ്പത്തികവർഷത്തിൽ മുൻവർഷങ്ങളിലെ പ്രവർത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് കണക്കാക്കി വിനിയോഗിക്കുവാൻ സാധിക്കുമെന്ന് ഈ അവസരത്തിൽ കൃത്യമായി പറയുവാൻ കഴിയില്ല. എന്നിരുന്നാലും ഓരോ സാമ്പത്തികവർഷത്തേയും അനുവദനീയമായ എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി ബന്ധപ്പെട്ട കളക്ടർമാർ റിപ്പോർട്ട് തരുന്ന മുറയ്ക്ക് ടെണ്ടർ സേവിംഗ്സ് തുകയുടെ ശിപാർശകൾ പരിഗണിക്കാവുന്നതാണ്. ഒരു സാമ്പത്തികവർഷം ലഭിക്കുന്ന ടെണ്ടർ സേവിംഗ്സ് തൊട്ടടുത്ത സാമ്പത്തികവർഷം വിനിയോഗിക്കുവാൻ സാധിക്കുന്നതാണ്.

## ആസ്തി വികസന ഫണ്ട് പദ്ധതികൾ

43(306) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തിൽ ശിപാർശ ചെയ്ത് ഭരണാനുമതി ലഭിച്ച നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തിയ പദ്ധതിക്ക് പകരം പ്രവൃത്തി നിർദ്ദേശിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

നിയോജകമണ്ഡല ആസ്തിവികസന പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം ഒരു സാമ്പത്തിക വർഷത്തിൽ ശിപാർശ ചെയ്യുന്ന പദ്ധതികൾക്ക് ആ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതും നടപ്പിലാക്കാൻ കഴിയാത്ത പ്രവൃത്തികൾക്ക് പകരമായി പുതിയ പ്രവൃത്തികൾ ആ വർഷംതന്നെ ശിപാർശ ചെയ്യാവുന്നതുമാണ്. എന്നാൽ ചില ബഹുമാനപ്പെട്ട എം.എൽ.എ.-മാർക്ക് സമയബന്ധിതമായി പ്രവൃത്തികൾ ശിപാർശ ചെയ്യാൻ സാധിക്കാതെ വന്നതിനാൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ അഭ്യർത്ഥന മാനിച്ച് മേൽപ്പറഞ്ഞ സമയപരിധി നീട്ടിനൽകിയിട്ടുണ്ട്. ആ സമയപരിധിക്കുള്ളിൽ ശിപാർശ ചെയ്ത പ്രവൃത്തികൾ ക്യാൻസൽ ചെയ്ത് അനുവദനീയമായ മറ്റു പ്രവൃത്തികൾ സമർപ്പിക്കാവുന്നതും അവയ്ക്ക് ഭരണാനുമതി നൽകാവുന്നതുമായിരുന്നു. ഇതനുസരിച്ച് 2016-17 മുതലുള്ള സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കുന്നതിനുള്ള കാലാവധി പലപ്പോഴായി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 2016-17 വർഷത്തെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള അവസാന തീയതി 30-04-2018 ആയിരുന്നു. പ്രസ്തുത സമയപരിധി അവസാനിച്ചതിനാൽ 2016-17 സാമ്പത്തിക വർഷ കാലാവധിയിൽ ശിപാർശ ചെയ്ത് ഭരണാനുമതി ലഭിച്ചെങ്കിലും നടപ്പാക്കാനാകാത്ത പ്രവൃത്തികൾക്ക് പകരം പ്രവൃത്തികൾ നിർദ്ദേശിക്കുന്നതിന് അനുവാദമില്ല.

## കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക

44(307) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടുമായി ബന്ധപ്പെട്ട് നിയമസഭാ മണ്ഡലങ്ങളിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടും കരാറുകാരുടെ ബിൽ തുക മാസങ്ങളായി കുടിശ്ശികയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ചീഫ് എഞ്ചിനീയർമാരുടെ ഓഫീസിൽ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന ബില്ലുകളിൽ ന്യൂനതകളുള്ള ബില്ലുകൾ പാസ്സാക്കുന്നതിന് മാത്രമാണ് അധികസമയം വേണ്ടിവരുന്നത്. ഇതല്ലാതെ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ലഭ്യമാകുന്ന ബില്ലുകൾ മാറിനല്കുന്നതിന് കാലതാമസ്സമുണ്ടാകുന്നില്ല.

(ബി) കളക്ടർമാർക്ക് സമർപ്പിച്ചിട്ടുള്ള പുതിയ പല പദ്ധതികളും കുടിശ്ശിക തുക ലഭിക്കാത്തതുമൂലം കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് MCC നിലവിലുണ്ടായിരുന്ന 26-2-2021 മുതൽ 2-5-2021 വരെ ആസ്തി വികസന നിധി ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പാർട്ട് ബിൽ പേമെന്റുകൾ പൂർണ്ണമായി നിർത്തിവച്ചിരുന്നു. പ്രസ്തുത പേമെന്റുകൾ അടിയന്തരമായി അനുവദിച്ചുനൽകിവരുന്നു. ഇതൊഴികെ മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് സമർപ്പിക്കപ്പെടുന്ന കരാറുകാരുടെ ബില്ലുകൾ ഒന്നുംതന്നെ മാറി നൽകാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രസ്തുത കുടിശ്ശിക തുക അടിയന്തരമായി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആസ്തിവികസന ഫണ്ടിൽനിന്നുള്ള പ്രവൃത്തികളുടെ ബില്ലുകൾ മാറിനല്കുന്നതിനായി തുക വകയിരുത്തുന്നതിന് അതത് ഡിമാന്റുകൾക്കുകീഴിൽ മൂലധന ശീർഷകങ്ങൾ തുറന്നിട്ടുണ്ട്. ഈ ശീർഷകങ്ങളുടെ നിയന്ത്രണാധികാരികൾ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള വിവിധ വിഭാഗങ്ങളിലെയോ, തദ്ദേശസ്വയംഭരണ വകുപ്പിലേയോ ചീഫ് എഞ്ചിനീയർമാരാണ്. ഈ ശീർഷകങ്ങൾക്ക് കീഴിൽ എല്ലാ സാമ്പത്തികവർഷങ്ങളിലും ആവശ്യമായ തുക വകയിരുത്തിവരുന്നുണ്ട്. പ്രവൃത്തികളുടെ ബില്ലുകൾ പാസ്സായിവരുന്ന മുറയ്ക്ക്

അതത് ശീർഷകങ്ങൾക്ക് കീഴിൽ വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമമാണ് അനുവർത്തിച്ചുവരുന്നത്. വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗത്തിനനുസരിച്ച് ആവശ്യാനുസരണം അധിക തുക അനുവദിച്ചുവരുന്നുമുണ്ട്. ഇതിനുപുറമേ അക്രഡിറ്റഡ് ഏജൻസികൾ മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ ബിൽ തുക നേരിട്ട് അനുവദിക്കുന്നതിന് ധനകാര്യ സെക്രട്ടറി നിയന്ത്രണാധികാരിയായി പ്രത്യേക ശീർഷകത്തിന്റെ കീഴിൽ ആവശ്യമായ തുക വകയിരുത്തിവരുന്നുമുണ്ട്.

## സാമാജികരുടെ ആസ്തി വികസന ഫണ്ട്- പദ്ധതികൾ

45(308) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമാജികരുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കപ്പെടുന്ന പദ്ധതികൾക്ക് അവയുടെ നടത്തിപ്പിനായി അഡ്വാൻസ് അനുവദിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ബി) അഡ്വാൻസ് അനുവദിക്കുന്നുണ്ടെങ്കിൽ അത് ഏത് സാഹചര്യത്തിലാണെന്നും ഇതുമായി ബന്ധപ്പെട്ട നിബന്ധനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) നിബന്ധനകൾക്ക് വിധേയമായി അനുവദിക്കുന്നുണ്ട്. 3-8-2018 -ലെ സ. ഉ. (പി) നമ്പർ118/2018/ധന., ഖണ്ഡിക 8 പ്രകാരം നേരിട്ട് പദ്ധതി ഏറ്റെടുക്കുന്ന സർക്കാർ അംഗീകൃത ഏജൻസികൾക്ക് 20% വരെ അഡ്വാൻസായി അനുവദിക്കാവുന്നതാണ്. 25-4-2019-ലെ സർക്കുലർ നമ്പർ33/2019/ധന. ഖണ്ഡിക 2 പ്രകാരം, Non-PMC ആയി പ്രവൃത്തികൾ ഏറ്റെടുക്കുന്ന അംഗീകൃത ഏജൻസികൾക്ക് മാത്രമേ 20% മുൻകൂർ പേമെന്റിന് അർഹതയുള്ളൂ. മേൽ വ്യവസ്ഥകൾ നിയോജകമണ്ഡല ആസ്തി വികസന പദ്ധതികൾക്കും ബാധകമാണ്.

## ആസ്തി വികസന പദ്ധതി

46(309) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ പദ്ധതികളിൽ ഏതൊക്കെ പൂർത്തിയായെന്നും ഇനിയും പൂർത്തിയാകാനുള്ളവയുടെ നിലവിലെ സ്ഥിതിയും വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ?

വിവരം ശേഖരിച്ചു വരുന്നു.

## വാമനപുരം മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പദ്ധതികൾ

47(310) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാമനപുരം മണ്ഡലത്തിൽ എം.എൽ.എ.-യുടെ പ്രത്യേക വികസനനിധി പ്രകാരം ഓരോ വർഷവും ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്; അവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയായിട്ടുണ്ട്; ഇനി പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## പ്രാദേശിക വികസന ഫണ്ട്

48(311) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് (എസ്.ഡി.എഫ്.) നടത്തുന്ന പ്രവൃത്തികളിൽ ടെണ്ടർ സേവിംഗ്സ് ഉപയോഗിക്കുന്നതിന് നിലവിൽ തടസ്സമുണ്ടോ; എങ്കിൽ ഏത് ഉത്തരവ് പ്രകാരമാണ് ഫണ്ട് ഉപയോഗിക്കാൻ അനുവാദം നല്കിയത്; പ്രസ്തുത സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും വ്യക്തമാക്കുമോ?

ഉണ്ട്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന. പ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദനീയമല്ല.

## കൊടുവള്ളി -പ്രാദേശിക വികസന ഫണ്ട് (SDF)

49(313) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19, 2019-20, 2020-21 വർഷത്തിൽ കൊടുവള്ളി നിയോജകമണ്ഡലത്തിൽ SDF-ൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതെല്ലാം; എത്ര തുക വീതമാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കുമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു* .

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തിവികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

50(314) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ച പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചത്, ഇനി ഭരണാനുമതി നൽകാനുള്ളത് എന്നിവ വർഷം തിരിച്ച് ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നതിന് നിർദ്ദേശിച്ച പ്രവൃത്തികളും അവയുടെ പുരോഗതി സംബന്ധിച്ച വിശദവിവരങ്ങളും ശേഖരിച്ചുവരുന്നു. 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ പ്രവൃത്തികൾ, ഭരണാനുമതി നൽകിയത്, ഇനി ഭരണാനുമതി നൽകാനുള്ളത് എന്നിവ വർഷം തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം - I ആയി ചേർത്തിരിക്കുന്നു.*

(ബി) മണ്ഡലത്തിൽ എസ്.ഡി.എഫ്. പ്രകാരം നിർദ്ദേശിച്ചതും ഭരണാനുമതി ലഭിച്ചതും ഇനി ഭരണാനുമതി നൽകാനുള്ളതുമായ പ്രവൃത്തികളുടെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

മങ്കട മണ്ഡലത്തിൽ എസ്.ഡി.എഫ്. പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതും ഭരണാനുമതി ലഭിച്ചതും ഇനി ഭരണാനുമതി നല്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദവിവരം വർഷം തിരിച്ച് അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.*

## എക്സൈസ് ക്രൈംബ്രാഞ്ച് വിഭാഗത്തിൽ ഡ്രൈവർ തസ്തിക

51(315) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം കേന്ദ്രമാക്കി ആരംഭിച്ചിട്ടുള്ള എക്സൈസ് വകുപ്പിലെ ക്രൈംബ്രാഞ്ച് വിഭാഗത്തിലേയ്ക്ക് എത്ര ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിനാണ് ധനകാര്യവകുപ്പ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

3 എണ്ണം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എറണാകുളം ജില്ലയിൽ എക്സൈസ് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് നിലവിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ഡ്രൈവർ തസ്തിക ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

19-8-2019-ലെ സ.ഉ.(കൈ)നമ്പർ46/2019/നി.വ. ഉത്തരവ് പ്രകാരം 3 ഡ്രൈവർ തസ്തികകളെ സൃഷ്ടിച്ചിട്ടുള്ളൂ.

(സി) എക്സൈസ് ക്രൈംബ്രാഞ്ചിന്റെ ആസ്ഥാനമെന്ന നിലയ്ക്ക് എറണാകുളം ജില്ലയിൽ പ്രസ്തുത ആസ്ഥാനത്തേയ്ക്ക് പുതിയ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

പിരിവ് (ബി) മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം പ്രസക്തമല്ല.

## സാലറി ചലഞ്ച്

52(316) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാലറി ചലഞ്ചിൽ ജീവനക്കാരുടെ ശമ്പളത്തിൽനിന്നും പിടിച്ചെടുത്ത തുക ഗഡുക്കളായി തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രസ്തുത തിരിച്ചടവ് നടപടി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആയതിന് ഉണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സാലറി ചലഞ്ചിൽ തിരികെ നൽകേണ്ട തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; അറിയിക്കുമോ?

(എ-ഡി) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളത്തിൽനിന്നും ഒരു ഭാഗം 20% (6 ദിവസത്തെ ശമ്പളം 5 മാസത്തേയ്ക്ക്) 2020 ഏപ്രിൽ മുതൽ 2020 ആഗസ്റ്റ് വരെ, 30-4-2020-ലെ സ.ഉ.(അ)നമ്പർ53/2020/ധന. പ്രകാരം മാറ്റിവച്ചിരുന്നു. അപ്രകാരം മാറ്റിവച്ച ശമ്പളം 26-2-2021-ലെ സ.ഉ.(അ)നമ്പർ 43/2021/ധന-പ്രകാരം പണമായി തിരികെ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി

53(317) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുവാൻ നിയമിച്ച സമിതി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുവാൻ നിയമിച്ച സമിതി 30-4-2021 -ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തൊക്കെ യാണെന്നറിയിക്കാമോ?

സർക്കാരിന്റെ ഭാവിയിലെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ചുകൊണ്ട് പങ്കാളിത്ത പെൻഷൻ പദ്ധതി തുടരാമെന്നതാണ് റിപ്പോർട്ടിലെ ഒരു നിർദ്ദേശം. പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്ക് ഡി.സി.ആർ.ജി. അനുവദിക്കുക, സർക്കാർ വിഹിതം 14% ആക്കി ഉയർത്തുക, 10 വർഷം പൂർത്തിയാക്കാതെ വിരമിക്കുന്ന ജീവനക്കാർക്ക് എക്സ്-ഗ്രേഷ്യ പെൻഷൻ അനുവദിക്കുക, 1-4-2013-നുമുൻപ് നിയമന നടപടികൾ പൂർത്തിയാക്കി, ഭരണപരമായ കാരണങ്ങളാൽ നിയമനം വൈകി, 1-4-2013- ന് ശേഷം നിയമനം ലഭിച്ചവർക്ക് കെ.എസ്.ആർ ഭാഗം 3 പെൻഷൻ പദ്ധതിയിൽ തുടരുന്നതിനുള്ള ഓപ്ഷൻ അനുവദിക്കുക എന്നിങ്ങനെയാണ് റിപ്പോർട്ടിലെ മറ്റ് പ്രധാന ശിപാർശകൾ. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) പദ്ധതി പുനഃപരിശോധിക്കുമെന്ന് മുൻ സർക്കാർ നൽകിയ ഉറപ്പ് പാലിക്കുവാൻ നിലവിലത്തെ സാഹചര്യത്തിൽ സാധിക്കാതെ വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുമെന്ന മുൻസർക്കാർ നൽകിയ ഉറപ്പ് പാലിക്കുന്നതിന്റെ ഭാഗമായിട്ടാണ് സർക്കാർ പുന:പരിശോധനാ സമിതിയെ നിയമിച്ചത്. സമിതി അതിന്റെ റിപ്പോർട്ട് സർക്കാരിന് 30-4-2021-ൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

(ഡി) പങ്കാളിത്ത പെൻഷൻ പുനഃപരിശോധന കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ആകെ എന്ത് തുക ചെലവായെന്നറിയിക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയുടെ പ്രവർത്തനത്തിനായി ആകെ 69,82,102 (അറുപത്തി ഒൻപത് ലക്ഷത്തി എൺപത്തി രണ്ടായിരത്തി ഒരുന്നൂറ്റി രണ്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്.

## പെർഫോമൻസ് ബഡ്ജറ്റ്

54(320) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ധനകാര്യ വകുപ്പ് ഏതെല്ലാം വകുപ്പുകളിലെ വാർഷിക പ്രവർത്തനം സംബന്ധിച്ച പെർഫോമൻസ് ബഡ്ജറ്റാണ് തയ്യാറാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, വനം വന്യജീവി വകുപ്പ്, ജലവിഭവ വകുപ്പ് എന്നീ വകുപ്പുകൾ സംബന്ധിച്ച പെർഫോമൻസ് ബഡ്ജറ്റാണ് തയ്യാറാക്കിവരുന്നത്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വാർഷിക പ്രവർത്തനം സംബന്ധിച്ച പെർഫോമൻസ് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ വകുപ്പ് നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വാർഷിക പ്രവർത്തനം സംബന്ധിച്ച പെർഫോമൻസ് ബഡ്ജറ്റ് നിലവിൽ ധനകാര്യ വകുപ്പ് തയ്യാറാക്കുന്നില്ല. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ വകുപ്പുകളെ ധനകാര്യ പെർഫോമൻസ് ബഡ്ജറ്റിംഗിന്റെ പരിധിയിൽ കൊണ്ടുവരുവാൻ സാധിക്കുകയുള്ളൂ.

(സി) 2016-17 മുതൽ 2020-21 വരെ പട്ടികജാതി വികസനവകുപ്പിനും പട്ടികവർഗ്ഗ വികസന വകുപ്പിനും ബഡ്ജറ്റിൽ അനുവദിച്ച തുകയും വിനിയോഗിച്ച തുകയും വിനിയോഗ ശതമാനവും എത്രയെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## വടകര സബ്ട്രഷറി കെട്ടിട നിർമ്മാണം

55(321) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മിനി സിവിൽ സ്റ്റേഷനടുത്ത് ബുക്ക് ഡിപ്പോ പ്രവർത്തിച്ചിരുന്ന റവന്യൂ വകുപ്പിന്റെ ഭൂമിയിൽ വടകര സബ്ട്രഷറിക്കായി പണികഴിപ്പിക്കുവാൻ ആരംഭിച്ചിരുന്ന കെട്ടിടത്തിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടകര സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വടകര വില്ലേജിൽ റീ സർവ്വേ നമ്പർ 69/3 എ 1-ൽപ്പെട്ട 9.8 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് ട്രഷറി വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന്റെ നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പുതിയ നിർമ്മാണ പ്രവർത്തികളൊന്നുംതന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ കണ്ടെത്തണമെന്നും ട്രഷറി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയതിന്റെ നിർമ്മാണച്ചുമതല ആർക്കാണെന്ന് വെളിപ്പെടുത്തുമോ?

ഭരണാനുമതി നൽകിയിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

തുക വകയിരുത്തിയിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിന് പ്രതിബന്ധങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

പുതിയതായി ടെണ്ടർ നടപടികൾ കൈക്കൊണ്ട് നിർവ്വഹണ ഏജൻസിയെ കണ്ടെത്തി DPR തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തി ഉടനടി പൂർത്തിയാക്കിയാൽ സർക്കാരിന് വാടകയിനത്തിൽ വലിയൊരു തുക ലാഭിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

നിലവിലുള്ള കെട്ടിടത്തിന് ഇതുവരെ വാടക നിശ്ചയിച്ചിട്ടില്ല. എന്നിരുന്നാലും പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞാൽ ഭാവിയിൽ വാടകയിനത്തിലുള്ള തുക ഒഴിവാക്കാൻ കഴിയുന്നതാണ്.

(എഫ്) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിലായതിനാൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് ഈയവസരത്തിൽ പറയുക പ്രായോഗികമല്ല.

## മെഡിസെപ് പദ്ധതി

56(322) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്-ന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി പ്രഖ്യാപനം കഴിഞ്ഞ് രണ്ട് വർഷമായിട്ടും പദ്ധതി നടപ്പിലാക്കാൻ സാധിക്കാതെ പോയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

24-4-2017-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ54/2017/ധന. പ്രകാരം അനുമതിനൽകി ഉത്തരവായിട്ടുള്ള മെഡിസെപ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ ടെണ്ടർ നടപടികളിലൂടെ തെരഞ്ഞെടുക്കപ്പെട്ട റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖാന്തരം 1-8-2019 മുതൽ മെഡിസെപ് പദ്ധതി

നടപ്പിലാക്കുന്നതിനായി, 15-7-2019-ലെ സ.ഉ.(പി) നമ്പർ87/2019/ധന. സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായെങ്കിലും ആർ.എഫ്.പി.-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പ്രസ്തുത കമ്പനിക്ക് നൽകിയ അവാർഡ് ഓഫ് കോൺട്രാക്ട് റദ്ദ് ചെയ്തിരുന്നു. തുടർന്ന് 15-7-2019-ലെ സ.ഉ. (പി)നമ്പർ87/2019/ധന. ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ച മെഡിക്കൽ/ സർജിക്കൽ ചികിത്സാനിരക്കുകൾ പരിഷ്കരിക്കുന്നതിനായി ആരോഗ്യരംഗത്തെ വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി രൂപീകരിച്ച മെഡിക്കൽ എക്സ്‌പെർട്ട് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ചികിത്സാ നിരക്കുകൾ പരിഷ്കരിച്ച് പുതുക്കിയ Request For Proposal 15-10-2020-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടറിൽ പങ്കെടുത്ത അഞ്ച് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. എന്നാൽ ആർ.എഫ്.പി.-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള എംപാനൽമെന്റ് മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന ഇൻഷ്വറൻസ് കമ്പനികളെ പൊതുതാല്പര്യം സംരക്ഷിക്കുന്നതിനായി പദ്ധതിയുടെ ടെണ്ടർ നടപടികളിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന അഡ്വക്കേറ്റ് ജനറൽ കേരള നൽകിയ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 15-10-2020-ൽ പ്രസിദ്ധീകരിച്ച ആർ.എഫ്.പി. റദ്ദാക്കുകയും ചെയ്തതിനാൽ പദ്ധതി സമയബന്ധിതമായി നടപ്പിലായില്ല. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 22-1-2021-ൽ പുതുക്കി പ്രസിദ്ധീകരിച്ച Request For Proposal (RFP)യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളുവെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിലവിൽ മെഡിസെപ് പദ്ധതിക്ക് വന്നിട്ടുള്ള കാലതാമസം പരിഹരിച്ച് പദ്ധതി അടിയന്തരമായി പ്രാവർത്തികമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പുനരാരംഭിച്ചതിന്റെ ഭാഗമായി പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal-ൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. തുടർന്ന് ടി വിധിക്കെതിരെ റിലയൻസ് കമ്പനി ഫയൽ ചെയ്ത അപ്പീലിനെതിരെ നിയമ നടപടി സ്വീകരിച്ചുവരുന്നു.

## 2011-2016 കാലയളവിലെ ക്ഷേമ പെൻഷനുകൾ

57(323) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ വിവിധ ക്ഷേമ പെൻഷനുകൾക്കായി ചെലവഴിച്ച തുക, എത്ര പേർക്ക് നൽകി എന്നിവയുടെ വിവരം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2014 മുതൽ വൃദ്ധസദനങ്ങൾ, യാചക മന്ദിരങ്ങൾ, വിവിധതരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കുള്ള ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വൃദ്ധമന്ദിരം/യാചകമന്ദിരം എന്നിവിടങ്ങളിലെ താമസക്കാർക്ക് ഗ്രാന്റ് നൽകുന്നതായി എൻ.ജി.ഒ.യ്ക്ക് ഗ്രാന്റ് നൽകുന്ന "ദുർബല ജനവിഭാഗങ്ങൾക്ക് സുരക്ഷിതത്വം നൽകുന്ന പദ്ധതി" പ്രകാരം എംപാനൽ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് 18-8-2015-ലെ സ.ഉ.(സാധാ)നമ്പർ522/2015/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു താമസക്കാരനുള്ള ഗ്രാന്റ് തുക 750 രൂപയിൽ നിന്നും 1,500 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. 14-1-2015-ലെ സ.ഉ(സാധാ) നമ്പർ17/2015/സാനീവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാരുടെ പ്രതിമാസ ഗ്രാന്റ് 850 രൂപയിൽ നിന്നും 1,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 10-10-2018-ലെ സ.ഉ(സാധാ)നമ്പർ590/2015/ സാനീവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്കുള്ള പ്രതിമാസ ഗ്രാന്റ് 1,000 രൂപയിൽ നിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിനുശേഷം ഗ്രാന്റ് തുക വർദ്ധിപ്പിച്ചിട്ടില്ല. 29-7-2015-ലെ ജി.ഒ.(ആർ.ടി) നമ്പർ467/2015/സാ.നീ.വ. സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ക്ഷേമ സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഭക്ഷണം, മരുന്ന് എന്നിവയ്ക്ക് നൽകിയിരുന്ന പ്രതിമാസ ഗ്രാന്റ് 850 രൂപയിൽനിന്നും 3,000 രൂപയായും വസ്ത്രങ്ങൾക്ക് നൽകിയിരുന്ന പ്രതിവർഷ ഗ്രാന്റ് 1,000 രൂപയിൽനിന്നും 2,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വിവിധ മാനസിക വെല്ലുവിളി നേരിടുന്നവരെ പുനരധിവസിപ്പിക്കുന്ന സർക്കാർ അംഗീകാരമുള്ള സർക്കാർ/സർക്കാരിതര സൈക്കോസോഷ്യൽ പുനരധിവാസ കേന്ദ്രങ്ങൾക്ക് 21-11-2012-ലെ ജി.ഒ(ആർ.ടി) നമ്പർ511/2012 നമ്പർ സർക്കാർ ഉത്തരവ് പ്രകാരമാണ് സൈക്കോസോഷ്യൽ ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിച്ചു വരുന്നത്. സ്ഥാപനങ്ങളിലെ താമസക്കാർക്ക് ഹോസ്റ്റൽ/ഹോം മെയിന്റനൻസ്, മെഡിസിൻ & ലാബ് ചാർജുകൾ എന്നിവയ്ക്ക് പ്രതിമാസം 750 രൂപയും, കണ്ടിജൻസിക്ക് പ്രതിവർഷം 1,600 രൂപയും ഗ്രാന്റായി അനുവദിച്ചുവരുന്നു. ടി ഗ്രാന്റ്തുക ഇതുവരെ വർദ്ധിപ്പിച്ചിട്ടില്ല.

## സാമൂഹ്യ സുരക്ഷാ പെൻഷൻ

58(326) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് മസ്റ്ററിംഗ് നടത്താത്തതിന്റെ പേരിൽ പെൻഷൻ നിർത്തലാക്കിയിട്ടുണ്ടോ; മസ്റ്ററിംഗ് ചെയ്താൽ പെൻഷൻ കുടിശിക ഉൾപ്പെടെ ഗുണഭോക്താവിന് ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ പെൻഷൻ തടഞ്ഞു വച്ചിട്ടുണ്ട്. ഇവർ മസ്റ്ററിംഗ് പൂർത്തിയാക്കുന്ന മാസം മുതൽ പെൻഷൻ നൽകുന്നതാണ്. കുടിശ്ശിക പെൻഷൻ തുക, ഇതിനായി ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്.

**വിധവാ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ ഇളവുവരുത്താൻ നടപടി**

59(327) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ 31-3-2020 -ലെ 17/2020/ധന. നമ്പർ സർക്കുലർ പ്രകാരം ഭർത്താവ് ഉപേക്ഷിച്ചതും പുനർവിവാഹിതരല്ലാത്തതുമായ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് വിധവാ പെൻഷന് അർഹതയില്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്

(ബി) ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം കഴിഞ്ഞ 50 വയസ്സിന് താഴെയുള്ള സ്ത്രീകൾക്ക് മറ്റ് പൊതുമാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള പക്ഷം വിധവാ പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

നിലവിൽ പരിഗണനയിലില്ല

**പെട്രോൾ, ഡീസൽ വിലവർദ്ധനവ്**

60(329) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിനും ഡീസലിനും അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ് സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദു:സ്സഹമാക്കിയതായി വിലയിരുത്തുന്നുണ്ടോ?

പെട്രോളിനും ഡീസലിനും അടിക്കടിയുണ്ടാകുന്ന വിലവർദ്ധനവ് സംസ്ഥാനത്തെ സാധാരണക്കാരുടെ ജീവിതം കൂടുതൽ ദുഃസ്സഹമാക്കിയതായി വിലയിരുത്തിയിട്ടുണ്ട്.

(ബി) 2011-16 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിന്റെ ആഘാതം കുറയ്ക്കുന്നതിനായി എത്ര തവണ നികുതി നിരക്കുകളിൽ കുറവു വരുത്തി; വിശദമാക്കുമോ?

2011-2016 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 6 തവണ വർദ്ധിപ്പിക്കുകയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായിരുന്നു.

(സി) 2016-2021 കാലയളവിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി കുറച്ച് ജനങ്ങൾക്ക് ആശ്വാസം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തവണ; വിശദാംശം നൽകുമോ?

2016-2021 കാലയളവിൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി ഒരു തവണ കുറച്ചിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമാ്യിരുന്നത് 2021-ൽ യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി.

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിനംപ്രതി വർദ്ധിക്കുന്ന സാഹചര്യത്തിൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്തെ മാതൃക സ്വീകരിച്ച് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതിയിൽ കുറവ് വരുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2011-2016 കാലഘട്ടത്തിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 6 തവണ വർദ്ധിപ്പിക്കുകയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. തൽഫലമായി പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവുമായിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവുമായി കുറച്ചിട്ടുണ്ട്. 2016-ന് ശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല.

## 2020-21-ലെ നികുതി വരുമാനം

61(330) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനവും നികുതിയേതര വരുമാനവും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 67,420.01 കോടി രൂപയും നികുതിയേതര വരുമാനം 14,587 കോടി രൂപയുമാണ്.

(ബി) 2021 മാർച്ച് 31 വരെ ഓരോ ഇനത്തിലും ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ 2020-21- ലെ താൽക്കാലിക കണക്ക് പ്രകാരം സംസ്ഥാനത്തിന് ലഭിച്ച തനത് നികുതി വരുമാനം 47,672 കോടി രൂപയും നികുതിയേതര വരുമാനം 6,420.03 കോടി രൂപയുമാണ്.

(സി) ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്ര നികുതി വിഹിതമായും കേന്ദ്ര ധനസഹായമായും കഴിഞ്ഞ സാമ്പത്തിക വർഷം പ്രതീക്ഷിച്ച തുക എത്രയാണെന്നും അതിൽ ലഭിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം കേന്ദ്ര നികുതി വിഹിതമായും കേന്ദ്ര ധനസഹായമായും കഴിഞ്ഞ സാമ്പത്തിക വർഷം പ്രതീക്ഷിച്ച തുക യഥാക്രമം 20,934.80 കോടി രൂപയും 11,694.09 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം ഇവയിൽ ലഭിച്ച തുക യഥാക്രമം 11,532.89 കോടി രൂപയും 31,049 കോടി രൂപയുമാണ്.

**ഇന്ധന വിലവർദ്ധന**

62(331) ശ്രീ. ഐ. ബി. സതീഷ്:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കോവിഡ് മഹാമാരി ദുരിതം വിതയ്ക്കുമ്പോഴും ഇന്ധനവില അടിക്കടി വർദ്ധിപ്പിക്കുന്നത് ജനങ്ങളുടെമേൽ ഏല്പിക്കുന്ന ആഘാതം വിലയിരുത്തിയിട്ടുണ്ടോ?

ഇന്ധനവിലയിൽ അടിക്കടിയുണ്ടാകുന്ന വർദ്ധനവ് ജനജീവിതം ദുഃസ്സഹമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെട്രോളിന്റെയും ഡീസലിന്റെയും മേൽ കേന്ദ്രസർക്കാർ ചുമത്തുന്ന നികുതിയിനങ്ങൾ ഏതൊക്കെയെന്നും എത്ര വീതമെന്നും അറിയിക്കാമോ?

പെട്രോളിന്റെയും ഡീസലിന്റെയും മേൽ കേന്ദ്രസർക്കാർ ചുമത്തുന്ന നികുതിയിനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) നികുതി നിരക്ക് കുറയ്ക്കുകയോ വിലനിയന്ത്രണം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതുവില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതുവില്പന നികുതി പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം ആണ്. 31-5-2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 1-6-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽവന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾപോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകേണ്ടതുണ്ട്.

## സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി

63(332) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. ജി.എസ്.ഡി.പി.-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂലഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22- ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്.

(ബി) സംസ്ഥാനത്തിന്റെ കടം, പൊതുവരുമാനം എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ; അവ തമ്മിലുള്ള അന്തരം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2016-17 മുതൽ 2020-21 വരെയുള്ള സംസ്ഥാനത്തിന്റെ കടവും റവന്യൂ വരുമാനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. മേൽ പട്ടികയിൽ നിന്നും 2016-17 മുതൽ 2018-19 വരെയുള്ള കാലയളവിൽ റവന്യൂ വരുമാനതോത് കുറഞ്ഞുവന്നിരുന്നതായി കാണാവുന്നതാണ്. എന്നാൽ, സംസ്ഥാനങ്ങൾ അഭിമുഖീകരിച്ച സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ 2019-20-ൽ 3 ശതമാനം വായ്പാ പരിധിക്കുപുറമെ 1471 കോടി രൂപയുടെ അധിക വായ്പ കേന്ദ്ര സർക്കാർ അനുവദിച്ചതിന്റെയും കോവിഡ്-19 മഹാമാരിയെ തുടർന്ന് 2020-21 സാമ്പത്തിക വർഷം ജി.എസ്.ഡി.പി.യുടെ 3 ശതമാനത്തിന് പുറമെ 2 ശതമാനം അധിക വായ്പയെടുക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയതിന്റെയും അടിസ്ഥാനത്തിൽ കൂടുതൽ വായ്പ സമാഹരിക്കേണ്ടിവന്നതിനാൽ ആ വർഷങ്ങളിലെ കടം റവന്യൂ വരുമാന തോതിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(സി) സർക്കാരിന്റെ അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി പണം കണ്ടെത്താൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ?

സംസ്ഥാനത്തിന്റെ തനത് വരുമാനം അപര്യാപ്തമായിരുന്ന ഘട്ടങ്ങളിൽ കേന്ദ്രസർക്കാർ അനുവദിച്ചുവരുന്ന വായ്പാ പരിധിക്കുള്ളിൽനിന്നും കടമെടുത്താണ് പ്രധാനമായും സർക്കാരിന്റെ അടിയന്തര സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നത്.

(ഡി) കരാറുകാർക്കുള്ള കുടിശ്ശിക ഉൾപ്പെടെ സർക്കാരിന് അടിയന്തരമായി കൊടുത്തുതീർക്കേണ്ട ബാദ്ധ്യതകൾ ഏതെല്ലാമാണെന്നത് സംബന്ധിച്ച വിശദാംശം നൽകുമോ?

പൊതുമരാമത്ത് വകുപ്പിൽ 2020 ജൂലൈ 31 വരെയുള്ള കുടിശ്ശികയും ജലവിഭവ വകുപ്പിൽ 2020 ആഗസ്റ്റ് 31 വരെയുള്ള കുടിശ്ശികയും കരാറുകാർക്ക് നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ 1046 കോടി രൂപയുടെയും ജലവിഭവ വകുപ്പിൽ 206 കോടി രൂപയുടെയും കുടിശ്ശിക നിലവിലുണ്ട്. കേന്ദ്രീകൃത സീനിയോറിറ്റി സംവിധാനംവഴിയാണ് ഈ വകുപ്പുകളിലെ കരാറുകാരുടെ കുടിശ്ശിക തീർപ്പാക്കിവരുന്നത്. കരാറുകാർക്ക് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനവും സ്വീകരിക്കാവുന്നതാണ്.

**സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെടുത്താൻ നടപടി**

64(333) ശ്രീ. പി. ടി. തോമസ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റെയും ഡീസലിന്റെയും വില അനുദിനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അവയെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ എന്ന് വ്യക്തമാക്കുമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി.യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് കേരളാ പൊതുവിൽപ്പന നികുതി നിയമം 1963 അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം

ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

(ബി) പെട്രോളും മദ്യവും ജി.എസ്.ടി-യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തെ സാമ്പത്തിക നില തകരുമെന്നത് വസ്തുതയാണോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ വെളിപ്പെടുത്താമോ?

നിലവിൽ പെട്രോളിന് ചുമത്തുന്ന നികുതി 30.08%-വും വിവിധ ഇനം മദ്യങ്ങൾക്ക് വിൽപ്പന നികുതി 37 മുതൽ 237 ശതമാനംവരെയുമാണ്. എന്നാൽ ചരക്കുസേവന നികുതി നിയമ പ്രകാരം സംസ്ഥാനത്തിന് പരമാവധി ചുമത്താവുന്ന നികുതി 28% മാത്രമാണ്. അതിനാൽ മേൽനിരക്കുകളിലെ വ്യത്യാസത്തിന് ആനുപാതികമായി പെട്രോളിൽനിന്നും മദ്യത്തിൽനിന്നുമുള്ള നികുതി വരുമാനത്തിൽ കുറവ് വരുന്നതാണ്. ഇപ്രകാരം നികുതി വരുമാനത്തിൽ വരുന്ന കുറവ് കേന്ദ്ര സർക്കാർ നികത്തിയില്ലെങ്കിൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ബാധിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് പകരം ഇന്ധന നികുതിയും മദ്യവും പ്രധാന വരുമാന സ്രോതസ്സായി സംസ്ഥാനം കാണുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ സുദൃഢമല്ല എന്നതിന്റെ തെളിവല്ലേ; ഇത് മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

പെട്രോൾ, ഡീസൽ, മദ്യം എന്നിവയ്ക്ക് നിലവിൽ നികുതി നിശ്ചയിക്കുന്നതിന് സംസ്ഥാനത്തിന് പൂർണ്ണ അധികാരമാണുള്ളത്. ചരക്കുസേവന നികുതി നിലവിൽ വന്നതിനുശേഷം വളരെയധികം ഉൽപ്പന്നങ്ങളുടെ നികുതി നിരക്കിൽ കുറവ് വരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന് ചരക്കുസേവന നികുതി വകുപ്പിൽ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ഭാഗമായി ചരക്കുസേവന നികുതി നിയമ പ്രകാരം സമർപ്പിച്ചിരിക്കുന്ന റിട്ടേണുകൾ സൂക്ഷ്മ പരിശോധനയ്ക്കും ആഡിറ്റിനും വിധേയമാക്കി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കണ്ടെത്തുവാനും നികുതി നിർണ്ണയം നടത്താനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ജി.എസ്.ടി. പൂർണ്ണമായും വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്‌വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനവും മറ്റ് ഏജൻസികളായ ഇൻകം ടാക്സ്, കസ്റ്റംസ് എന്നിവയിൽ സമർപ്പിച്ചിട്ടുള്ള വിവരങ്ങളുമായി വിശകലനങ്ങൾ

നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിസ്റ്റുകൾ രൂപീകരിച്ചിട്ടുണ്ട്. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം അതിർത്തിവഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുവേണ്ടിയും സംശയാസ്പദമായ വാഹനങ്ങളുടെ പരിശോധനയ്ക്കായും ചെക്ക് പോസ്റ്റുകളിൽ എ.എൻ.പി.ആർ. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഇ-വേ ബിൽ ആർ.എഫ്.ഐ.ഡി., ഫാസ്റ്റാഗ് തുടങ്ങിയവയുമായി ബന്ധിപ്പിച്ചിരിക്കുന്നതിനാൽ ഇ-വേ ബില്ലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുമായി യഥാസമയം പരിശോധിക്കാനുള്ള സൗകര്യം ലഭ്യമാണ്. ഇപ്രകാരമുള്ള നടപടികളിലൂടെ 2020 ഡിസംബർ മുതൽ 2021 ഏപ്രിൽവരെയുള്ള കാലയളവിൽ കോവിഡിന്റെ പശ്ചാത്തലത്തിലും ചരക്കുസേവന നികുതിയിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ട്.

## കോവിഡുമൂലമുള്ള സാമ്പത്തിക പ്രതിസന്ധി

65(334) ശ്രീ. റോജി എം.ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. അൻവർ സാദത്ത്:താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ, ട്രിപ്പിൾ ലോക്ക്ഡൗൺ എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ ഏതൊക്കെ തരത്തിലാണ് ബാധിച്ചതെന്ന് വിശദമാക്കുമോ;

(ബി) വ്യവസായം, ടൂറിസം, ഹോട്ടൽ, കെട്ടിട നിർമ്മാണം, തീർത്ഥാടനം തുടങ്ങിയ സേവന മേഖലകൾ നിശ്ചലമായത് സംസ്ഥാന വരുമാനത്തെ ഏത് തരത്തിലാണ് ബാധിച്ചിരിക്കുന്നത്; ഇത് സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

(എ&ബി) കോവിഡിന്റെ രണ്ടാം തരംഗത്തെത്തുടർന്ന് നടപ്പിലാക്കിയ സമ്പൂർണ്ണ ലോക്ക്ഡൗൺ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ സൃഷ്ടിച്ച ആഘാതം സംബന്ധിച്ച ആധികാരികമായ രേഖകളൊന്നും നിലവിൽ ലഭ്യമല്ല. അതേസമയം ആയതിന്റെ പ്രതികൂല ഫലങ്ങൾ സമ്പദ് വ്യവസ്ഥയിലെ സമസ്ത മേഖലകളിലും പ്രകടമാണ്. 2020-21-ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപ്പാദനം (ജി.എസ്.ഡി.പി.) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക

വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. ജി.എസ്.ഡി.പി.-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂലഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22-ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികച്ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്.

(സി) ലോക്ക്ഡൗൺ കാരണമുള്ള തൊഴിലില്ലായ്മ സംസ്ഥാനത്ത് കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടില്ലേ; ഇതിൽനിന്നും കരകയറാൻ എന്തൊക്കെ കർമ്മ പദ്ധതികളാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

തൊഴിലില്ലായ്മ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ ഈ പ്രശ്നത്തെ അതിരൂക്ഷമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽരഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്തുവാനും അഞ്ചു വർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കുവാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേക്കുള്ള ചുവടുവയ്പാണ്.

## സാമ്പത്തിക സ്ഥിതി അവലോകനം

66(335) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘ്യാതം കാരണം കഴിഞ്ഞ വർഷം (2020-2021)-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. GSDP-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22-ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികച്ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര കോടി രൂപയുടെ കട ബാധ്യതയാണ് സംസ്ഥാനത്തിനുണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുപ്രകാരം 2016 മാർച്ച് 31-ൽ സംസ്ഥാനത്തിന്റെ കടബാദ്ധ്യത 1,57,370.33 കോടി രൂപയായിരുന്നു. ആയത് 2021 മാർച്ച് 31- ൽ 2,99,724.15 കോടി രൂപയായിട്ടുണ്ട്.

(സി) കോവിഡ്-19 മഹാമാരി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയേയും വികസന പ്രവർത്തനങ്ങളേയും എത്രമാത്രം പ്രതികൂലമായി ബാധിച്ചുവെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘ്യാതം കാരണം കഴിഞ്ഞ വർഷം (2020-2021)-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരിയുടെ

രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. GSDP യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22-ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്- 19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികച്ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്.

(ഡി) സംസ്ഥാനത്തെ സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിനായി ഉത്തേജന പാക്കേജുകൾ ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ്- 19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2,800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8,300 കോടി രൂപയും ലഭ്യമാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## സംസ്ഥാനത്തിന്റെ സാമ്പത്തികനില

67(336) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികനില അനുദിനം ഗുരുതരമായ സ്ഥിതിയിലേക്ക് നീങ്ങുകയാണെന്നും അത് ദൈനംദിന ചെലവുകളെപ്പോലും ബാധിക്കുന്ന ഒരു സാഹചര്യമായി മാറിയെന്നുമുള്ളത് വസ്തുതയാണോ?

കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും

മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും സർക്കാരിന്റെ ക്രിയാത്മകമായ പ്രവർത്തനങ്ങളിലൂടെ വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ജീവനക്കാരുടെ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയത് സാമ്പത്തികനിലയെ എപ്രകാരമാണ് ബാധിച്ചത്; ഇതിനായി പ്രതിവർഷം എത്ര കോടി രൂപ അധികമായി കണ്ടെത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ?

സാമ്പത്തിക പരിമിതികളുണ്ടായിട്ടും സർക്കാരിന്റെ പ്രതിജ്ഞാബദ്ധത അനുസരിച്ചാണ് അഞ്ചുവർഷ ശമ്പള പരിഷ്കരണവും പെൻഷൻ പരിഷ്കരണവും നടപ്പിലാക്കിയത്. ഈ ഇനത്തിലുള്ള പ്രതിവർഷ അധിക ബാദ്ധ്യതയായി ശമ്പള പരിഷ്കരണ കമ്മീഷൻ തിട്ടപ്പെടുത്തിയിരിക്കുന്നത് 4,810.29 കോടി രൂപയാണ്.

(സി) കോവിഡ്മൂലമുണ്ടായ പ്രതിസന്ധി നികുതി പിരിവിനെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് പ്രതിരോധത്തിനായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള നടപടികളുടെ അനന്തരഫലമായി നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിച്ചിട്ടുണ്ട്. നിയന്ത്രണങ്ങൾ പിൻവലിക്കുന്നതനുസരിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ?

സർക്കാർ ചെലവുകളുടെ കാര്യക്ഷമതയും ഗുണപരതയും ഉത്പാദനക്ഷമതയും ഉയർത്തുകയും അനാവശ്യ ചെലവുകളും ധൂർത്തും തടഞ്ഞ് ധനദൃഢീകരണം സാധ്യമാക്കുകയെന്ന മുൻ സർക്കാരിന്റെ നയത്തിന്റെ ഭാഗമായാണ് പ്രധാനമായും ആവർത്തന സ്വഭാവമുള്ള ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. ആയതിന്റെ ഭാഗമായി വിദേശയാത്ര, വിമാനയാത്ര, ടെലഫോൺ ചാർജ്ജ്, ഉദ്യോഗസ്ഥ പുനർവിന്യാസം, വാഹനം വാങ്ങൽ, കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ അടക്കമുള്ള വിവിധ ഇനം ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 5-11-2020-ൽ സ.ഉ.(അ)നമ്പർ152/2020/ധന. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ നടപടികൾ തുടർന്നു പോരുന്നു.

## സംസ്ഥാനത്തിന്റെ പൊതുകടം

68(337) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ആശങ്കാജനകമായ സ്ഥിതിവിശേഷം സംജാതമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം (2020-2021)-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ് - 19 മഹാമാരി രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. GSDP-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം (പുതുക്കിയ ബഡ്ജറ്റ് പ്രകാരം) കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികച്ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനകാര്യത്തിന്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ചു കഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മുൻ സർക്കാർ സ്ഥാനമൊഴിയുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; ആകെ കടം എത്രയായിരുന്നു; അറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ താത്കാലിക കണക്ക് പ്രകാരം 31-3-2021 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം 2,05,447.51 കോടി രൂപയും കടബാധ്യത 2,99,724.15 കോടി രൂപയുമായിരുന്നു.

(സി) കടംവാങ്ങിയ സംഖ്യയുടെ പലിശയും മുതലും സഹിതം 2021-26 കാലഘട്ടത്തിൽ എന്തു തുക തിരിച്ചടയ്ക്കേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം ആഭ്യന്തര വായ്പയിനത്തിൽ 2021-26 കാലയളവിൽ 64499.94 കോടി രൂപയും വിദേശ സഹായ വായ്പയിനത്തിൽ 2862.06 കോടി രൂപയും തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള വായ്പയുടെയും പുതിയതായി ഓരോ വർഷവും എടുക്കുന്ന വായ്പയുടെയും അടിസ്ഥാനത്തിലാണ് പലിശ അടവ് തിട്ടപ്പെടുത്തുന്നത്.

## സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി

69(338) ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്തെ ധനകാര്യ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2020-21- ൽ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനം (ജി.എസ്.ഡി.പി) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22- ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. ജി.എസ്.ഡി.പി.-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂലഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവിന് ഇത് ഇതിനകം സാക്ഷ്യം വഹിച്ചു. 2021-22 - ൽ റവന്യൂ വരുമാനങ്ങളിൽ 37.87 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിച്ചുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ക്ഡൗണിന്റെ അനന്തര ഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം നമ്മുടെ സംസ്ഥാനത്ത് ജി.എസ്.ടി.-യിലൂടെ എത്ര രൂപ വരുമാനം ലഭിച്ചു; ജി.എസ്.ടി/ഐ.ജി.എസ്.ടി. എന്നിങ്ങനെയുള്ള കണക്ക് ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ്ഹോക്ക് ആയി ലഭിച്ച തുക) ചുവടെ ചേർക്കുന്നു:

2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ ജി.എസ്.ടി കളക്ഷൻ (എസ്.ജി.എസ്.ടി, ഐ.ജി.എസ്.ടി സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി അഡ്ഹോക്ക് ആയി ലഭിച്ച തുക) ചുവടെ ചേർക്കുന്നു:

(Rs. In crore)

| SGST | IGST Settlement | IGST Ad hoc | Recovery | Compensation (including loan) received |
|---|---|---|---|---|
| 8337.35 | 9343.07 | 1596.11 | 146.36 | 8973.41 |

(സി) കഴിഞ്ഞ സാമ്പത്തിക വർഷം കേന്ദ്ര വരുമാനത്തിലും നഷ്ടം സംഭവിച്ചതിനാൽ സംസ്ഥാന ജി.എസ്.ടി.-യിൽ വന്ന ഇടിവ് എപ്രകാരം പരിഹരിച്ചുവെന്നറിയിക്കാമോ?

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ ജി.എസ്.ഡി.പി.-യുടെ 3 ശതമാനം വായ്പാപരിധിക്ക് പുറമെ 2 ശതമാനം അധിക വായ്പയെടുക്കാൻ (ഏകദേശം 18,087 കോടി രൂപ) ചില പരിഷ്കാരങ്ങൾ നടപ്പിലാക്കണമെന്ന നിബന്ധനകളോടെ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുമതി നൽകിയിരുന്നു. ഇപ്രകാരം അനുവദിച്ച അധിക വായ്പയും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുമാണ് സർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം ധനസ്ഥിതി പരിപാലിച്ചത്.

## ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം

70(339) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ് എന്നിവിടങ്ങളിൽ കരാറുകാർക്കായി നടപ്പിലാക്കിയ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം തദ്ദേശഭരണ സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ വകുപ്പുകളിലെയും കരാറുകാർക്ക് മുൻ സർക്കാരിന്റെ കാലത്ത് ബാധകമാക്കിയിരുന്നോ?

ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം തദ്ദേശഭരണ സ്ഥാപനങ്ങളിലുൾപ്പെടെ എല്ലാ വകുപ്പുകളിലെയും കരാറുകാർക്ക് മുൻ സർക്കാരിന്റെ കാലത്ത് ബാധകമാക്കിയിരുന്നു.

(ബി) മുൻ സർക്കാർ അഭിമുഖീകരിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനത്തിലാണോ ഇത്തരമൊരു തീരുമാനം എടുത്തത് എന്ന് വ്യക്തമാക്കാമോ?

കരാറുകാരുടെ ബില്ലുകൾക്ക് കൃത്യമായ സമയക്രമം നിശ്ചയിച്ച് തീർപ്പാക്കുന്നതിനുവേണ്ടിയാണ് ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം എല്ലാ വകുപ്പുകളിലേയ്ക്കും വ്യാപിപ്പിച്ചത്.

(സി) നിലവിൽ എത്ര കോടി രൂപയുടെ കുടിശ്ശിക പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ കരാറുകാർക്ക് നൽകുവാനുണ്ട്; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് കൊടുത്തു തീർക്കുവാനാണ് ഉദ്ദേശിക്കുന്നത്; അറിയിക്കാമോ?

കരാറുകാർക്ക് നൽകുവാനുള്ള കുടിശ്ശിക തുക ചുവടെ പറയും പ്രകാരമാണ്.
പൊതുമരാമത്ത് - 1046 കോടി രൂപ,

ജലവിഭവം - 206 കോടി രൂപ

പൊതുമരാമത്ത്, ജലവിഭവ വകുപ്പുകളിൽ കേന്ദ്രീകൃത സീനിയോറിറ്റി സംവിധാനത്തിലൂടെയാണ് കരാറുകാർക്ക് തുക നൽകിവരുന്നത്. ഇതുപ്രകാരം 17-6-2021, 22-7-2021, 16-8-2021, 23-9-2021 എന്നീ തീയതികളിലും തുടർന്ന് വരുന്ന മാസങ്ങളിലെ നിശ്ചയിക്കപ്പെട്ട തീയതികളിലുമായി മേൽ തുക നൽകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബില്ലുകൾക്ക് നിലവിൽ നിയന്ത്രണങ്ങൾ ഇല്ല. ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് മാറി നൽകിവരുന്നു.

## കിഫ്ബി മുഖേനയുള്ള വയനാട്ടിലെ വികസന പദ്ധതികൾ

71(340) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) വയനാട് പാക്കേജിൽ ഉൾപ്പെടുത്തി കിഫ്ബി മുഖേന വയനാട് ജില്ലയിൽ എന്തെങ്കിലും വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) വയനാട് ജില്ലയിൽ, വയനാട് പാക്കേജിൽ ഉൾപ്പെടുത്തി കിഫ്ബിയിൽനിന്നും ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

## പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾ

72(341) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളുടെ നിലവിലെ സ്റ്റാറ്റസ് വ്യക്തമാക്കാമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി പട്ടാമ്പി നിയോജകമണ്ഡലത്തിൽനിന്നും ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു എന്ന വിവരമാണ് പദ്ധതി നിർവ്വഹണ ഏജൻസികൾ അറിയിച്ചിട്ടുള്ളത്. സാങ്കേതിക തടസ്സങ്ങളൊന്നും നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യവികസനം

73(342) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എത്ര വിദ്യാലയങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും അവയുടെ നിർമ്മാണം ഏതേത് ഘട്ടങ്ങളിൽ എത്തിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിൽനിന്നും 8 വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ധനാനുമതി നല്കിയിട്ടുണ്ട്. അവയുടെ നിലവിലെ സ്ഥിതിയുൾപ്പെടെയുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അവശേഷിക്കുന്ന വിദ്യാലയങ്ങളുടെ കെട്ടിട നവീകരണത്തിന് ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; അറിയിക്കാമോ?

കിഫ്ബി പദ്ധതിയിൽ വിദ്യാലയങ്ങളുടെ കെട്ടിട നവീകരണത്തിന് ഫണ്ട് അനുവദിക്കുന്നതിന് വ്യവസ്ഥയില്ല.

## ആലത്തൂരിലെ പറക്കുന്നം പാലം

74(343) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ കിഫ്ബി മുഖേന അനുവദിച്ച പറക്കുന്നം പാലത്തിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പാലം നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ-സി) സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് അതത് പദ്ധതി നിർവ്വഹണ ഏജൻസി (എസ്.പി.വി.) കിഫ്ബിയിൽ സമർപ്പിക്കുകയും അവ അവലോകനം നടത്തി അവയിൽ ന്യൂനതകൾ കണ്ടെത്തിയാൽ കിഫ്ബി മാനദണ്ഡങ്ങൾക്കനുസൃതമാക്കുന്നതിനായി സാങ്കേതിക അവലോകന റിപ്പോർട്ട് എസ്.പി.വി.-ക്ക്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുകയും ചെയ്യുന്നു. അതിൻപ്രകാരം വിശദമായ പദ്ധതി റിപ്പോർട്ടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കിഫ്ബി പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി ടി റിപ്പോർട്ട് ഉൾപ്പെടെയുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് പദ്ധതികൾക്ക് ധനാനുമതി നൽകുന്നു. ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ എസ്.പി.വി. സമർപ്പിക്കുകയും അത് അവലോകനം നടത്തി തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ട് 9-12-2020-ൽ എസ്.പി.വി.യായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകുകയും ചെയ്തു. ടി റിപ്പോർട്ട് പൂർണ്ണമായി പാലിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ടി പദ്ധതിക്ക് ധനാനുമതി നൽകുന്നതിലേക്കായി മേൽ പറഞ്ഞിരിക്കും പ്രകാരം കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിക്കുന്നതാണ്. ധനാനുമതി ലഭിച്ചതിനുശേഷം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കേണ്ട ചുമതല എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡിനാണ്.

## കിഫ്ബി പദ്ധതികൾ

75(344) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി മുഖാന്തരം മങ്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും തുകയും മറ്റ് വിശദാംശവും ലഭ്യമാക്കുമോ; നിർവ്വഹണ ഏജൻസികൾ എതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെയാണ് പൂർത്തീകരിച്ചിട്ടുള്ളത്; പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധം ആയി ചേർക്കുന്നു.*

(സി) ഏതെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കിഫ്ബി മുഖാന്തരം അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാട്ടാക്കട നിയോജകമണ്ഡലത്തിലെ കിള്ളി - EMS അക്കാദമി റോഡ്

76(345) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴി അനുമതി ലഭ്യമായതും ടെണ്ടർ നടപടികൾ പൂർത്തിയായതുമായ കാട്ടാക്കട നിയോജകമണ്ഡലത്തിലെ കിള്ളി - ഇ.എം.എസ്. അക്കാദമി റോഡിന്റെ നിർമ്മാണോദ്ഘാടനം നടന്ന് ഒരു വർഷം പിന്നിട്ടിട്ടും ഇതുവരെ പ്രവൃത്തി തുടങ്ങാനായിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷവും പ്രസ്തുത പ്രവൃത്തി തുടങ്ങുന്നതിനുള്ള തടസ്സമെന്തെന്ന് വിശദമാക്കാമോ?

(എ&ബി) കിള്ളി ഇ.എം.എസ്. അക്കാദമി റോഡ് പദ്ധതി 9-11-2018-ൽ കിഫ്ബി 15.24 കോടി രൂപയ്ക്ക് ധനാനുമതി നൽകിയിരുന്നു. ടി പ്രവൃത്തി ഇതുവരെ തുടങ്ങാനായില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി 11-5-2020- ൽ ടി പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് കരാർ നൽകുകയും 11-5-2021-ൽ പൂർത്തീകരിക്കാനാകുമെന്നുമാണ് പ്രതീക്ഷിച്ചിരുന്നത്. പ്രസ്തുത പദ്ധതി, കിഫ്ബി മാനദണ്ഡപ്രകാരം 10 മീറ്റർ (RoW) വീതിയിൽ നടപ്പിലാക്കുന്നതിനാണ് അംഗീകാരം നൽകിയിരുന്നത്. കിഫ്ബി ടെക്നിക്കൽ ഇൻസ്പെക്ഷൻ വിഭാഗം 31-3-2021-ൽ പ്രസ്തുത പദ്ധതിയുടെ സ്ഥല പരിശോധന നടത്തിയിരുന്നു. പ്രസ്തുത പദ്ധതിയുടെ അംഗീകരിച്ച ഡി.പി.ആർ. പ്രകാരമുള്ള 10 മീറ്റർ പല സ്ഥലങ്ങളിലും ലഭ്യമല്ലെന്നും അതിനാൽ ശരിയായ ഡ്രെയിനേജ് സംവിധാനവും യൂട്ടിലിറ്റി ഷിഫ്റ്റിംഗും സാധ്യമല്ലെന്നതും സ്ഥല പരിശോധനയിൽ കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ച ഡി.പി.ആർ. പ്രകാരമുള്ള RoW ലഭ്യമാകുന്നതുവരെ ടി പ്രവൃത്തി നിർത്തിവയ്ക്കുവാനും നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് നിലവിലെ കരാർ റദ്ദാക്കുവാനും 17-5-2021-ൽ കിഫ്ബി നിർദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ടുന്ന കുറഞ്ഞ വീതിയായ 10 മീറ്റർ ലഭിക്കുന്ന മുറയ്ക്ക് പദ്ധതി വീണ്ടും കരാർ നൽകി നടപ്പിലാക്കാവുന്നതാണെന്ന് എസ്.പി.വി. യെ അറിയിച്ചിട്ടുണ്ട്.

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

77(346) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനകാര്യ

അനുമതി നൽകിയ എത്ര പദ്ധതികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) പേരാമ്പ്ര മണ്ഡലത്തിൽ ധനകാര്യ അനുമതിക്കായി സമർപ്പിക്കപ്പെട്ട മറ്റ് ഏതൊക്കെ പ്രവൃത്തികളുണ്ട് എന്ന് വിശദമാക്കുമോ?

(എ&ബി) പേരാമ്പ്ര മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയതും ഇപ്പോൾ പരിഗണനയിലുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി റോഡ് നിർമ്മാണം

78(347) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ അനുവദിച്ചിട്ടുള്ള കുന്നത്തുനാട് മണ്ഡലത്തിലെ നെല്ലാട്-മനയ്ക്കകടവ് റോഡ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണം കോൺട്രാക്ടർ എഗ്രിമെന്റ് വച്ച് ആരംഭിച്ചശേഷം കിഫ്ബി മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചതുമൂലം റോഡ് നിർമ്മാണം തടസ്സപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) മനക്കക്കടവ് - പള്ളിക്കര (സ്ട്രെച്ച്1), (പട്ടിമട്ടം- പത്താംമൈൽ (സ്ട്രെച്ച് 3) എന്നിവിടങ്ങളിൽ 95% ജോലികൾ പൂർത്തിയായി. ഇന്റർലോക്ക് ടൈൽ ജോലിയും റോഡ് ഫർണിച്ചർ ജോലികളും ഈ ഭാഗത്ത് 10% ശേഷിക്കുന്നു. കിഴക്കമ്പലം മുതൽ നെല്ലാട് വരെ (സ്ട്രെച്ച് 3) യൂട്ടിലിറ്റി മാറ്റുന്ന ജോലികൾ പുരോഗമിക്കുകയാണ്. 3 ആഴ്ചയ്ക്കുള്ളിൽ ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായി ഭരണവകുപ്പ് നിയമിച്ച എസ്.പി.വി. അറിയിച്ചിട്ടുണ്ട്. ജോലി നിർവ്വഹിക്കുന്നതിലെ കാലതാമസം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അത് പരിഹരിക്കുന്നതിനായി കിഫ്ബി മീറ്റിംഗ് നടത്തി. കരാറുകാരൻ കരാർ നടപ്പിലാക്കിയ ശേഷം, സൈറ്റിൽ പിന്തുടരേണ്ട അധിക മാനദണ്ഡങ്ങളൊന്നും കിഫ്ബി പുതുക്കി നിശ്ചയിച്ചിട്ടില്ല. പകരം, ഏതെങ്കിലും സാങ്കേതിക മേഖലയിൽ കരാറുകാരന് നൈപുണ്യം ഇല്ലെങ്കിൽ, കിഫ്ബിയുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ വഴി കരാറുകാരന് സാങ്കേതിക സഹായം കിഫ്ബി നൽകിയിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കി റോഡ് നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഈ പ്രോജക്ടുകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കിഫ്ബി എല്ലായ്പ്പോഴും എസ്.പി.വി.-യെ സഹായിച്ചിരുന്നു. കിഫ്ബി സി.ഇ.ഒ.-യുടെ അദ്ധ്യക്ഷതയിൽ 23-2-2021-നാണ് അവസാന യോഗം ചേർന്നത്. കിഫ്ബിയുടെ ചീഫ് പ്രൊജക്ട് എക്സാമിനർ രണ്ട് തവണ സൈറ്റ് പരിശോധിക്കുകയും എസ്.പി.വി.-ക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി യൂട്ടിലിറ്റി മാറ്റുന്നതുമായി ബന്ധപ്പെട്ടാണ് എസ്.പി.വി.-യുടെ ഭാഗത്തുനിന്ന് ജോലി പൂർത്തിയാക്കുന്നതിനുള്ള കാലതാമസം. ഇപ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ് ജോലികൾ പുരോഗമിക്കുകയാണ്. ഇത് 3 ആഴ്ചയ്ക്കുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. കരാറുകാരന് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തതിനാൽ മൂന്നാം സ്ട്രെച്ച് കിഴക്കമ്പലം - നെല്ലാട് റീടെണ്ടർ ചെയ്യാൻ എസ്.പി.വി. തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡ് പദ്ധതികൾ**

79(348) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത റോഡുകളുടെ പേരുവിവരം അറിയിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ചുവടെ പറയുന്ന മൂന്ന് റോഡ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. (1) ഉളിക്കൽ - തേർമ്മല - കാഞ്ഞിലേരി കണിയാർവയൽ റോഡ് കി.മീ. 0/000 മുതൽ 18/000 വരെ. (ടി പദ്ധതി ഇരിക്കൂർ, മട്ടന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്നു). (2) മലപ്പട്ടം പറമ്പ-കണിയാർ വയൽ-അഡുവാപ്പുറം-പാവന്നൂർ മൊട്ട റോഡ് കി.മീ. 0/000 മുതൽ 12/950 വരെ (ടി പദ്ധതി തളിപ്പറമ്പ, ഇരിക്കൂർ, മട്ടന്നൂർ എന്നീ നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെടുന്നു). (3) ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡ് 0/000 മുതൽ 9/760 വരെ.

(ബി) കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന ശ്രീകണ്ഠാപുരം - ചെമ്പൻതൊട്ടി-നടുവിൽ റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ശ്രീകണ്ഠാപുരം-ചെമ്പൻതൊട്ടി-നടുവിൽ റോഡ് പദ്ധതിക്ക് 4-8-2020-ൽ കിഫ്ബി 31.91 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കായി ടി.എസ്. എസ്റ്റിമേറ്റ് 3-2-2021-ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ ടി.എസ്. എസ്റ്റിമേറ്റ് വീണ്ടും കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി തയ്യാറായിട്ടുമുണ്ടെന്ന് ഭരണവകുപ്പ് നിയമിച്ച എസ്.പി.വി.-യിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കണിയാർവയൽ-കാഞ്ഞിലേരി-തിരൂർ-ഉളിക്കൽ റോഡിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എന്നേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

ഉളിക്കൽ-തേർമ്മല-കാഞ്ഞിലേരി-കണിയാർ വയൽ റോഡ് പദ്ധതിയുടെ ആകെയുള്ള 18 കിലോമീറ്ററിൽ 12.കി.മീറ്റർ ദൂരം ഡി.ബി.എം പൂർത്തിയായിട്ടുണ്ട്. കൾവെർട്ടുകളും ഡ്രെയിനേജുകളും സംരക്ഷണ ഭിത്തികളും 80% പൂർത്തീകരിച്ചിട്ടുണ്ട്. 2022 മാർച്ച് മാസം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

## പ്രളയ സെസ്സ്

80(349) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി പ്രളയ സെസ്സ് പിരിക്കുന്നതിനുമുമ്പ് സർക്കാരിന്റെ കാലത്ത് തീരുമാനം എടുത്തിരുന്നോ; ആയത് എന്നുവരെ പിരിക്കുവാനാണ് തീരുമാനിച്ചിരുന്നതെന്നറിയിക്കുമോ?

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രളയ സെസ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് 2019 ആഗസ്റ്റ് മുതൽ രണ്ട് വർഷത്തേക്ക് പിരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത സെസ്സ് മുഖേന പ്രതിവർഷം എത്ര കോടി രൂപ പിരിച്ചെടുക്കുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നറിയിക്കുമോ?

2019-20-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പ്രളയ സെസ്സ് മുഖേന പ്രതിവർഷം 600 കോടി രൂപ പിരിച്ചെടുക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്.

(സി) 31-3-2021 വരെ പ്രസ്തുത സെസ്സിലൂടെ എത്ര കോടി രൂപ പിരിച്ചെടുത്തു എന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ ലഭ്യമായ കണക്കനുസരിച്ച് 31-3-2021 വരെ 1705.24 കോടി രൂപ പ്രളയ സെസ്സിലൂടെ ലഭ്യമായിട്ടുണ്ട്.

(ഡി) പ്രളയ സെസ്സിന്റെ കാലാവധി നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര കാലം കൂടി പ്രസ്തുത സെസ്സ് പിരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

15-1-2021-ൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ 2021 ജൂലൈക്ക് ശേഷം പ്രളയ സെസ്സ് പിരിക്കുന്നത് തുടരില്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

## ജി.എസ് .ടി കുടിശ്ശിക

81(350) ശ്രീ. സി. എച്ച് കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. എസ്. ടി. ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് എത്ര കുടിശ്ശികത്തുക ലഭിക്കുവാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് നിലവിൽ കുടിശ്ശികയൊന്നും ലഭിക്കുവാനില്ല.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ എത്ര തുക സംസ്ഥാനത്തിന് ലഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ?

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാരത്തുക സംബന്ധിച്ച വിവരങ്ങൾ, 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, വാറ്റ് കളക്ഷൻ, അഡ്ഹോക്ക് ആയി ലഭിച്ച ഐ.ജി.എസ്.ടി. തുക) എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ദ്വൈമാസ കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുകയാണ് നഷ്ടപരിഹാര Cess വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക 4-6-2020-നം മാർച്ച് 2020-ലെ നഷ്ടപരിഹാര തുക 23-7-2020-നം ആണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷം ഇതുവരെ Special Window Facility-യിലൂടെയുള്ള വായ്പയിനത്തിൽ 5766 കോടി രൂപയും കോമ്പൻസേഷൻ സെസ്സ് ഇനത്തിൽ 3207.41 കോടി രൂപയും ഉൾപ്പെടെ ആകെ 8973.41 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിക്കുവാനുണ്ട്.

(സി) ഈ രണ്ട് ഇനത്തിലുമുള്ള കുടിശ്ശിക എന്ന് നൽകുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

കോവിഡ് -19 മഹാമാരി കാരണം കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ കുറവുണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ചെയ്തു. ഇത് 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ ത്തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility-യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 43-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും ബാക്കി നൽകുവാനുള്ള നഷ്ടപരിഹാര തുക നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് എത്രയും വേഗം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## ജി.എസ്.ടി. വിഹിതം

82(351) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം കേന്ദ്രം സമയബന്ധിതമായി അനുവദിക്കാത്തത് വികസന പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) നിലവിൽ എത്ര കോടി രൂപയുടെ ജി.എസ്.ടി. കുടിശ്ശികയാണ് കേന്ദ്രം നൽകുവാനുള്ളത്; അത് എത്ര മാസത്തെ കുടിശ്ശികയാണെന്ന് വ്യക്തമാക്കുമോ?

2017-18, 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭിച്ച ജി.എസ്.ടി. നഷ്ടപരിഹാര തുക സംബന്ധിച്ച വിവരങ്ങൾ, 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, വാറ്റ് കളക്ഷൻ, അഡ്ഹോക്ക് ആയി ലഭിച്ച ഐ.ജി.എസ്.ടി. തുക) എന്നിവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ദ്വൈമാസക്കണക്കിലാണ് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നത്. 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിൽ ഇത് യഥാസമയം ലഭിക്കുകയുണ്ടായി. എന്നാൽ 2019-20 സാമ്പത്തിക വർഷം സംസ്ഥാനങ്ങൾക്ക് നൽകേണ്ട നഷ്ടപരിഹാര തുകയേക്കാൾ കുറഞ്ഞ തുക ആണ് നഷ്ടപരിഹാര Cess വഴി ലഭിച്ചത്. ഇതിനാൽ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നഷ്ടപരിഹാര തുക യഥാസമയം ലഭ്യമായില്ല. ഡിസംബർ 2019 മുതൽ ഫെബ്രുവരി 2020 വരെയുള്ള നഷ്ടപരിഹാര തുക 4-6-2020-നും മാർച്ച് 2020-ലെ നഷ്ടപരിഹാര തുക 23-7-2020-നുമാണ് കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചത്. 2020-21 സാമ്പത്തിക വർഷം ഇതുവരെ Special Window Facility-യിലൂടെയുള്ള വായ്പയിനത്തിൽ 5766 കോടി രൂപയും കോമ്പൻസേഷൻ സെസ്സ് ഇനത്തിൽ 3207.41 കോടി രൂപയുമുൾപ്പെടെ ആകെ 8973.41 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിക്കുവാനുണ്ട്.

(സി) 2020-21ൽ ജി.എസ്.ടി. വിഹിതമായി കേന്ദ്രം എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചത്?

ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് ഇനത്തിൽ കേന്ദ്രസർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് നിലവിൽ കുടിശ്ശികയൊന്നും ലഭിക്കുവാനില്ല. 2020-21 സാമ്പത്തിക വർഷം കേരളത്തിന്റെ ജി.എസ്.ടി. വിഹിതം (ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്, ഐ.ജി.എസ്.ടി. അഡ്ഹോക്ക് സെറ്റിൽമെന്റ്, കോമ്പൻസേഷൻ ആയി ലഭിച്ച തുക) താഴെ ചേർക്കുന്നു. ഐ.ജി.എസ്.ടി. സെറ്റിൽമെന്റ് - 9343.07 കോടി അഡ്ഹോക്ക് സെറ്റിൽമെന്റ് - 1596.11 കോടി ലഭിച്ച കോമ്പൻസേഷൻ - 8973.41 കോടി (3207.41 കോടി + 5766 കോടി) 2020-21 സാമ്പത്തിക വർഷം ബാക്കി 4014.45 കോടി രൂപ ജി.എസ്.ടി. നഷ്ടപരിഹാര തുകയായി ലഭിക്കുവാനുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അർഹതപ്പെട്ട നികുതി വിഹിതം സമയബന്ധിതമായി ലഭിക്കുന്നതിന് ഈ സർക്കാർ എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് -19 മഹാമാരി കാരണം കോമ്പൻസേഷൻ സെസ്സ് വരുമാനത്തിൽ കുറവുണ്ടാവുകയും സംസ്ഥാനങ്ങൾക്ക് കൃത്യമായ നഷ്ടപരിഹാരം നൽകാൻ കഴിയാതെ വരികയും ചെയ്തു. ഇത് 41-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ ചർച്ച ചെയ്യുകയും സംസ്ഥാനങ്ങൾ ജി.എസ്.ടി. നഷ്ടപരിഹാരത്തിന് തുല്യമായ തുക കടമെടുക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. എന്നാൽ കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് കേന്ദ്ര സർക്കാർ ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ പാക്കേജ് (Special Window Facility-യിലൂടെയുള്ള വായ്പ) അനുസരിച്ച് 2020-21 സാമ്പത്തിക വർഷം 5766 കോടി രൂപ നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ട്. 43-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിൽ കേരളം ഉൾപ്പെടെ പല സംസ്ഥാനങ്ങളും ബാക്കി നൽകുവാനുള്ള നഷ്ടപരിഹാര തുക നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് എത്രയും വേഗം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

## ഇരിക്കൂർ നിയോജകമണ്ഡലത്തിലെ സബ്ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം

83(352) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം സബ്ട്രഷറിക്കു വേണ്ടി സ്വന്തമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ?

ശ്രീകണ്ഠാപുരം സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ശ്രീകണ്ഠാപുരം വില്ലേജിൽ 8.75 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് 28-9-2020-ലെ സ.ഉ.(സാധാ) നമ്പർ 5526/2020/ധന. ഉത്തരവ് പ്രകാരം 2,66,42,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം പുതിയ നിർമ്മാണ പ്രവൃത്തികളൊന്നും തന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ലെന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെണ്ടർ നടപടികളിലൂടെ

കണ്ടെത്തണമെന്നും ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ആലക്കോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലെത്തി യെന്ന് അറിയിക്കാമോ?

ആലക്കോട് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലക്കോട് പഞ്ചായത്തിൽ 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളുടെ ഫയൽ (RC/146/2019) ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം കൈമാറി ലഭിച്ച് ട്രഷറി നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണം

84(353) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

വളാഞ്ചേരി, കോട്ടക്കൽ ട്രഷറികളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഫയലുകളൊന്നുംതന്നെ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) ട്രഷറി നിർമ്മാണത്തിനുവേണ്ടി സ്ഥലം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ?

ലഭ്യമായിട്ടില്ല

(സി) ഇത് സംബന്ധിച്ച് ട്രഷറി ഡയറക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

സബ് ട്രഷറി വളാഞ്ചേരി, നിലവിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. വളാഞ്ചേരി സബ് ട്രഷറിക്ക് ഒരു പുതിയ കെട്ടിടം നിർമിക്കുന്നതിന് മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ കാട്ടിപ്പത്തിരിത്തി വില്ലേജിൽ സർവ്വേ നമ്പർ 137 /4 എ, 2 ബി- യിൽ ഉൾപ്പെട്ടതും ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ളതും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്നതുമായ 10 സെന്റ് ഭൂമി ട്രഷറി വകുപ്പിന്

വിട്ടുനിൽക്കുന്നതിന് കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് പ്രമേയം പാസാക്കുകയും ആയത് മേൽനടപടികൾക്കായി അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ ഓഫീസ് വഴി ഗ്രാമ വികസന കമ്മീഷണറേറ്റിലേക്ക് അയച്ചിട്ടുള്ളതുമാണ്. തുടർന്ന് ഗ്രാമ വികസന കമ്മീഷണറേറ്റിൽനിന്നും ഫണ്ടിന്റെ ലഭ്യത, വകുപ്പിന്റെ അനുമതി തുടങ്ങി കൂടുതൽ രേഖകൾ ആവശ്യപ്പെട്ടതിൻപ്രകാരം പ്രസ്തുത രേഖകൾ 10-1-2020-ന് വളാഞ്ചേരി സബ് ട്രഷറി ഓഫീസർ കുറ്റിപ്പുറം ബ്ലോക്ക് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് 19-2-2020-ൽ, മലപ്പുറം അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ആർ സി.3/1564/2019 നമ്പർ കത്ത് പ്രകാരം ഗ്രാമ വികസന കമ്മീഷണർക്ക് തുടർ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത പ്രൊപ്പോസൽ ഗ്രാമ വികസന കമ്മീഷണറേറ്റിൽനിന്നും സെക്രട്ടേറിയറ്റ് തദ്ദേശഭരണ ഓഫീസിലേക്ക് അയച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് വകുപ്പ് നിർമ്മാണ പ്രവൃത്തികളുമായി മുന്നോട്ടുപോകുന്നതാണ്. കോട്ടക്കൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനായി വില്ലേജ്, മുൻസിപ്പാലിറ്റി അധികൃതരെ സമീപിച്ചിരുന്നെങ്കിലും സ്ഥലം ലഭ്യമല്ലെന്ന് അറിയിച്ചിരുന്നു. പിന്നീട് സബ് രജിസ്ട്രർ ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഭൂമി ലഭ്യതയ്ക്ക് സാധ്യതയുണ്ടെന്നറിഞ്ഞ് ജില്ലാ രജിസ്ട്രാർക്ക് കത്ത് നൽകിയിരുന്നെങ്കിലും അനുകൂല മറുപടി ലഭിച്ചിട്ടില്ല. നിലവിലെ സാഹചര്യം കാണിച്ച് കോട്ടക്കൽ നഗരസഭാ സെക്രട്ടറിക്ക് 18-2-2020-ന് കത്ത് നൽകുകയും നഗരസഭാ ചെയർമാനെ നേരിൽ കാണുകയും ചെയ്തെങ്കിലും ഭൂമി ലഭ്യമല്ലെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ അന്വേഷണത്തിൽ ഇവിടെനിന്നും സ്ഥലം ലഭിക്കാൻ സാധ്യത ഇല്ലെന്നറിയുന്നു. ആയതിനാൽ കോട്ടക്കൽ പ്രദേശത്ത് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമമിക്കാൻ സ്ഥലമൊന്നും ലഭിച്ചിട്ടില്ലെന്ന് അറിയിക്കുന്നു.

## തൃക്കരിപ്പൂരിൽ സബ് ട്രഷറി

85(354) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ തൃക്കരിപ്പൂരിൽ നേരത്തെ ഉണ്ടായിരുന്ന വൺമാൻ ട്രഷറി നിർത്തലാക്കി സബ് ട്രഷറി അനുവദിക്കുന്നതിന് തീരുമാനമുണ്ടാക്കിയിരുന്നുവെങ്കിലും നാളിതുവരെയായി സബ് ട്രഷറി അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ ഉൾപ്പെടെയുള്ള വൺമാൻ ട്രഷറികൾ നിർത്തലാക്കിയത് പ്രസ്തുത വൺമാൻ ട്രഷറികളെ സബ്ബ് ട്രഷറിയായി ഉയർത്തുന്നതിന്റെ ഭാഗമായിട്ടായിരുന്നില്ല.

(ബി) സബ് ട്രഷറിക്ക് ആവശ്യമായ കെട്ടിടം സൗജന്യമായി ഏർപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് തയ്യാറായതിനാൽ സബ് ട്രഷറി അനുവദിച്ച് ഉത്തരവാകുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## ചിറ്റാറിലെ ട്രഷറി നിർമ്മാണ പുരോഗതി

86(355) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാറിൽ അനുവദിച്ച ട്രഷറിയുടെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## ഇ-ട്രഷറി സംവിധാനം

87(356) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഇ-ട്രഷറി സംവിധാനം സർവ്വർ പ്രശ്നംമൂലം പലപ്പോഴും തടസ്സപ്പെടുന്നത് പതിവായതിനാൽ ഇതിന്റെ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഇതിനെ ഒരു മികവുറ്റ ഓൺലൈൻ പോർട്ടലാക്കി മാറ്റുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

2013-ൽ ആരംഭിച്ച ഇ-ട്രഷറി സംവിധാനം നടപ്പിൽ വരുത്തുന്നതിനായി സ്ഥാപിച്ച സെൻട്രൽ സർവ്വറിന്റെ കാലപ്പഴക്കംമൂലമാണ് ഇ-ട്രഷറി സേവനങ്ങൾ ഇടയ്ക്ക് തടസ്സപ്പെട്ടുകൊണ്ടിരുന്നത്. ഇത് പരിഹരിക്കുന്നതിനായി ഉയർന്ന ശേഷിയുള്ള പുതിയ സർവ്വർ കഴിഞ്ഞ മെയ് മാസത്തിൽ തന്നെ സ്ഥാപിച്ചു കഴിഞ്ഞു. ആയതിനാൽ ട്രഷറി സേവനങ്ങൾ നിലവിൽ സുഗമമായി ലഭിച്ചു വരുന്നുണ്ട്. ഉയർന്ന ശേഷിയുള്ള പുതിയ സർവ്വർ സ്ഥാപിച്ചതോടുകൂടി ഇ-ട്രഷറി മികവുറ്റ ഒരു ഓൺലൈൻ പോർട്ടലായി മാറുന്നതാണ്.

(ബി) കേരളത്തിലെ മുഴുവൻ സർക്കാർ സേവനങ്ങൾക്കും ഫീസ് ഒടുക്കുവാൻ സാധ്യമാകുന്ന തരത്തിൽ ഒരൊറ്റ ഓൺലൈൻ പോർട്ടൽ എന്ന നിലയിൽ ഇ-ട്രഷറി സംവിധാനത്തെ മാറ്റാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

കേരള സർക്കാരിലേയ്ക്കുള്ള എല്ലാ റവന്യൂ വരുമാനങ്ങളും സ്വീകരിക്കുന്നതിനുള്ള സൗകര്യം നിലവിൽ ഇ-ട്രഷറിയിൽ ഉണ്ട്. മറ്റു വകുപ്പുകളുടെ ഓൺലൈൻ സൈറ്റുകളുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യവും ഇ-ട്രഷറിയിൽ ഉണ്ട്. കൂടാതെ, ആധുനികമായ എല്ലാ പണമിടപാട് സൗകര്യങ്ങളും ഇ-ട്രഷറിയിൽ ലഭ്യമാണ്. ഇക്കാരണങ്ങളാൽ കേരള സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും ഫീസ് ഒടുക്കുവാൻ സാധ്യമാകുന്ന തരത്തിൽ ഒരൊറ്റ സംവിധാനമായി ഇ-ട്രഷറിക്ക് പ്രവർത്തികാനാകുന്നതാണ്.

**ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം**

88(357) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ്ട്രഷറിക്കായുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30- ൽ റീസർവ്വേ നമ്പർ 158/2-ൽപ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമിക്കുന്നതിന് 12-7-2018-ലെ സ.ഉ(സാധാ) നമ്പർ 5944/2018/ധന. ഉത്തരവ് പ്രകാരം 3,20,64,625 രൂപയുടെ ഭരണാനുമതിയും 31-1-2019-ലെ സ.ഉ.(സാധാ) നമ്പർ 757/2019/2019/ധന. ഉത്തരവ് പ്രകാരം 2,42,80,000 രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് മുഖേന പ്രസ്തുത കോൺട്രാക്ടർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. കെട്ടിടത്തിന്റെ structural വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ചുറ്റുമതിൽ 2 വശം പൂർത്തീകരിച്ചു. പെയിന്റിംഗ് പുട്ടി വർക്ക് 80 % പൂർത്തീകരിച്ചു.

(ബി) കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, പ്ലംബിംഗ് സാനിറ്ററി വർക്കുകളും ഫർണിഷിംഗ് വർക്കുകളും അവശേഷിക്കുന്നു.

(സി) ഇപ്പോഴത്തെ നിലയിൽ ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2021 സെപ്റ്റംബർ 30-ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്.

### ചെറുപുഴ സബ് ട്രഷറിയ്ക്കായുള്ള പുതിയ കെട്ടിട നിർമ്മാണം

89(358) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59 / 1-ൽ പ്പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് അനുവദിച്ചിരുന്ന നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ട്രഷറി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന വേളയിൽ പ്രസ്തുത സ്ഥലത്തു ചെറുപുഴ പഞ്ചായത്ത് കയ്യേറി കെട്ടിടം നിർമ്മിച്ചതായി ബോദ്ധ്യപ്പെടുകയും ആയത് പഞ്ചായത്ത് ഭരണ സമിതിയെ അറിയിക്കുകയും ചെയ്യുകയുണ്ടായി. ഇതേ തുടർന്ന് പ്രസ്തുത സ്ഥലത്തോട് ചേർന്ന് കയ്യേറ്റം നടന്ന ഭൂമിക്ക് തുല്യമായി സ്വകാര്യ വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. സബ് ഡിവിഷൻ ചെയ്തിട്ടില്ലാത്ത ഭൂമിയായതിനാൽ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാവില്ലെന്ന് സർവ്വേ വകുപ്പിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സർവ്വേയർക്ക് നടപടികൾ ഇനിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കയ്യേറിയ സ്ഥലത്തിന് പകരം സ്ഥലം പഞ്ചായത്തിൽനിന്നും അളന്നുതിരിച്ച് വില്ലേജോഫീസിൽനിന്നുള്ള ലൊക്കേഷൻ സ്കെച്ച് സഹിതം ലഭ്യമാകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിമുഖേന ട്രഷറി വകുപ്പ് ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കുമ്പോൾ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

### വടകര സബ് ട്രഷറി

90(359) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ ഏക ട്രഷറിയായ വടകര സബ് ട്രഷറി, പഴയ കെട്ടിടത്തിൽനിന്നും പുതിയ കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക്

മാറ്റി സ്ഥാപിക്കപ്പെട്ടതിനാൽ ട്രഷറി ഇടപാടുകൾക്കായി എത്തുന്ന വയോധികർക്കും ഭിന്നശേഷിക്കാർക്കും സ്ത്രീകൾക്കും കടുത്ത ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വടകര സബ് ട്രഷറി ഏതെങ്കിലും കെട്ടിടത്തിന്റെ താഴത്തെ നിലയിലേക്ക് മാറ്റുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ജീർണ്ണാവസ്ഥയിൽ പ്രവർത്തിച്ചുവന്നിരുന്ന കെട്ടിടത്തിൽനിന്നും അടിയന്തര സാഹചര്യം പരിഗണിച്ചാണ് വടകര സബ് ട്രഷറിയുടെ പ്രവർത്തനം നിലവിലെ കെട്ടിടത്തിലേക്ക് മാറ്റിയിട്ടുള്ളത്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമായിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറി പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതാണ്.

## കേരളലോട്ടറിയുടെ പ്രതിസന്ധി

91(360) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന ലോട്ടറി നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ;

(ബി) ഇതുമൂലം നികുതിയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം ശരാശരി എത്ര കോടിയെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(സി) ഇതുമൂലം ജീവിതം ദുരിതത്തിലായവർക്ക് എന്തൊക്കെ സഹായസഹകരണങ്ങൾ സർക്കാർ നൽകിവരുന്നു?

(എ-സി) കോവിഡ്-19 മഹാമാരിയുടെ ഒന്നാംഘട്ട നിർവ്യാപനവുമായി ബന്ധപ്പെട്ട സമ്പൂർണ്ണ അടച്ചിടലും തുടർനിയന്ത്രണങ്ങളും ഭാഗ്യക്കുറി മേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി വകുപ്പിനും ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കും സാമ്പത്തിക പ്രത്യാഘാതം ഒരുപോലെ നൽകിയിട്ടുണ്ട്. ഏകദേശം 160-ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്തിട്ടുണ്ട്. കോവിഡാനന്തര സഹായമെന്ന നിലയിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങളായ ഭാഗ്യക്കുറി തൊഴിലാളികൾക്ക് 1,000 രൂപ വീതം രണ്ട് തവണയായി ധനസഹായ വിതരണം നടത്തിയിട്ടുണ്ട്. ആഴ്ചയിൽ 7 ഭാഗ്യക്കുറികൾവരെ നറുക്കെടുപ്പ് നടത്തിയിരുന്ന വകുപ്പ് പ്രതിവാര

ഭാഗ്യക്കുറികളുടെ എണ്ണം പരിമിതപ്പെടുത്തിക്കൊണ്ടും ഞായറാഴ്ചകളിലെ പൗർണ്ണമി ഭാഗ്യക്കുറി റദ്ദ് ചെയ്തുകൊണ്ടും ടിക്കറ്റുകളുടെ വിൽപ്പന പുനരാരംഭിച്ചു. ഭാഗ്യക്കുറി തൊഴിലാളികൾക്ക് ടിക്കറ്റുകളെടുത്ത് വിൽപ്പന നടത്തുന്നതിന് മുൻകൂറായി ₹3,500 രൂപയുടെ ക്രഡിറ്റ് കൂപ്പൺ ക്ഷേമനിധി ബോർഡ്‌വഴി വിതരണം ചെയ്തു. കൂടാതെ പുതുതായി 'ഭാഗ്യമിത്ര' എന്ന പേരിൽ ഒരു പ്രതിമാസ ഭാഗ്യക്കുറിയും എല്ലാ മാസത്തിലെയും ആദ്യത്തെ ഞായറാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു. കോവിഡ്-19-ന്റെ രണ്ടാം വ്യാപനം അതിതീവ്രമായതിന്റെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും 2021 മേയ് മാസം 7-ാം തീയതി മുതൽ ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണിനേയും തുടർന്ന് ഈ കാലയളവിൽ നറുക്കെടുപ്പ് നടത്തേണ്ടിയിരുന്ന 7 പ്രതിവാര ഭാഗ്യക്കുറികൾ, ഒരു പ്രതിമാസ ഭാഗ്യക്കുറി, ലൈഫ് വിഷു ബംബർ ഭാഗ്യക്കുറി എന്നിവയുടെ നറുക്കെടുപ്പ് തീയതി നീട്ടിവയ്ക്കേണ്ട സാഹചര്യം വന്നുചേർന്നിട്ടുണ്ട്. കൂടാതെ ആദ്യഘട്ടം കോവിഡ് വ്യാപനത്തെത്തുടർന്ന് റദ്ദ് ചെയ്തുപോരുന്ന പൗർണ്ണമി ഭാഗ്യക്കുറികൾക്ക് പുറമെ 24 ഭാഗ്യക്കുറികൾ കൂടി ഇതുവരെ റദ്ദ് ചെയ്തിട്ടുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് ഭാഗ്യക്കുറി മേഖലയിൽ തൊഴിലെടുക്കുന്ന, ക്ഷേമനിധി ബോർഡിൽ സജീവ അംഗങ്ങളായവർക്ക് 1,000 രൂപ ആശ്വാസ ധനസഹായം എന്ന നിലയിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ്‌വഴി നൽകുന്ന വിഷയം സർക്കാർ പരിഗണനയിലാണ്. 2019-20 സാമ്പത്തിക വർഷം ഭാഗ്യക്കുറി ടിക്കറ്റ് വിറ്റുവരവിനത്തിൽ 9972.09 കോടി രൂപ വകുപ്പ് സമാഹരിച്ചിരുന്നു. എന്നാൽ കോവിഡ് മഹാമാരി കാരണമുണ്ടായ നിയന്ത്രണങ്ങൾ കാരണം 2020-21 സാമ്പത്തിക വർഷം വിറ്റുവരവ് 4910.83 കോടി രൂപയായി കുറഞ്ഞു. 2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നികുതിയേതര വരുമാനത്തിൽ 5061.26 കോടി രൂപയുടെ കുറവ് വന്നിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ചരക്ക് സേവന നികുതിയിനത്തിൽ വകുപ്പ് 1273.56 കോടി രൂപയും (636.78 + 636.78) 2020-21 സാമ്പത്തിക വർഷം 1375.03 (687.515 + 687.515) കോടി രൂപയും ഒടുക്കിയിട്ടുണ്ട്. 1-3-2020 മുതൽ ഭാഗ്യക്കുറിയിന്മേലുള്ള ജി.എസ്.റ്റി. ഏകീകരിച്ചതാണ് നികുതിയിനത്തിലുള്ള വരുമാന വർദ്ധനവിന് കാരണമായിട്ടുള്ളത്.

(ഡി) കേരള ലോട്ടറിയുടെ സമ്മാനങ്ങളുടെ വിഹിതം കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ശതമാനത്തിൽനിന്നും എത്ര ശതമാനമായി ഉയർത്തി; ആയത് ഇനിയും വർദ്ധിപ്പിച്ച് ലോട്ടറി മേഖലയെ പ്രോത്സാഹിപ്പിക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിലേറിയ വേളയിൽ സമ്മാനങ്ങൾക്കുള്ള വിഹിതം 40% മാത്രമായിരുന്നു. ആയത് പടിപടിയായി 58.5% വരെ ഉയർത്തി നൽകിയിരുന്നു. കൂടാതെ 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സമ്മാന വിഹിതം 1.5% കൂടി ഉയർത്തി ഏകദേശം 60% വരെ തുക നിലവിൽ സമ്മാനയിനത്തിൽ നൽകിവരുന്നു. 15-3-2021-ന് നറുക്കെടുത്ത വിൻവിൻ (W-607) ഭാഗ്യക്കുറിയുടെ 607-ാമത് നറുക്കെടുപ്പ് മുതൽ ടി മാറ്റം പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ഇ) സംസ്ഥാന ലോട്ടറിയുടെ നിർമ്മാണം, വിതരണം തുടങ്ങി സമസ്തമേഖലയും ആധുനികവത്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാന ലോട്ടറി വകുപ്പിന്റെ ലോട്ടറി പ്രിന്റിംഗ് മുതൽ സമ്മാനവിതരണം വരെയുള്ള സമസ്ത മേഖലയും ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ലോട്ടറി നടത്തിപ്പിൽ കൂടുതൽ സുതാര്യതയും, ഉത്തരവാദിത്തവും, കാര്യക്ഷമതയും കൊണ്ടുവരുന്നതിന്റെ ഭാഗമായി ലോട്ടറി പ്രിന്റിംഗ് പ്രോസസ് പ്രസ്തുമായി ബന്ധപ്പെട്ട് നവീകരിക്കുക, ടിക്കറ്റ് വിതരണത്തിൽ Track & Trace സംവിധാനം നടപ്പിലാക്കുക, ഏജന്റുമാരിൽ നിന്നും ടിക്കറ്റ് തുകയും GST-യും ഓൺലൈനായി സ്വീകരിക്കുക, ടിക്കറ്റ് വിൽപ്പനയ്ക്കും സമ്മാനവിതരണത്തിനുമായി 'Portal Aided Tracking System' നടപ്പിൽ വരുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ വകുപ്പിൽ ഊർജ്ജിതമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(എഫ്) ഇതര സംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് നൽകികൊണ്ട് കേന്ദ്രഭാഗ്യക്കുറി നിയമം ഭേദഗതി ചെയ്യണമെന്ന കഴിഞ്ഞ സർക്കാരിന്റെ നിരന്തര സമ്മർദ്ദത്തിന്മേൽ കേന്ദ്രസർക്കാർ നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്ര ലോട്ടറീസ് റെഗുലേഷൻസ് റൂൾസ് 2010 ഭേദഗതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ വിളിച്ചു ചേർത്തിരുന്ന യോഗങ്ങളിൽ സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർ സന്നിഹിതനാവുകയും, സംസ്ഥാന സർക്കാരിന്റെ വാദഗതികൾ അവതരിപ്പിക്കുകയും ചെയ്തിരുന്നു. കൂടാതെ, ടി വിഷയം പരിഗണിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം നൽകിയിരുന്ന കരട് ചട്ടങ്ങൾ പരിശോധിച്ച് സംസ്ഥാന സർക്കാർ അഭിപ്രായം നൽകിയിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് സ്വീകരിച്ച മറ്റ് നടപടികളെക്കുറിച്ച് ഔദ്യോഗികമായ അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

## ഇതര സംസ്ഥാന ലോട്ടറികൾ

92(361) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന ലോട്ടറികളുടെ കേരളത്തിലെ നടത്തിപ്പ് നിയമപരമാണോയെന്ന് നിരീക്ഷിക്കുന്നതിന് 2018-ൽ സംസ്ഥാന സർക്കാർ കൊണ്ടുവന്ന ചട്ടഭേദഗതി ഹൈക്കോടതി സിംഗിൾ ബഞ്ച് റദ്ദാക്കിയിരുന്നോ?

സംസ്ഥാനത്തിനുള്ളിലെ ലോട്ടറി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമായി റെഗുലേറ്റ് ചെയ്യുന്നതിനായി സർക്കാർ കൊണ്ടുവന്നിരുന്ന 2018-ലെ കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) ഭേദഗതി റൂൾസ് സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിൽ കവിഞ്ഞതാണെന്നും ആയത് പ്രയോഗത്തിൽ വരുത്താൻ സാധിക്കാത്തതാണെന്നും നാഗാലാന്റ് ലോട്ടറീസ് വിതരണക്കാരായ M/s Future Gaming & Hotel Services സമർപ്പിച്ചിരുന്ന WP(C) 34025/2019 എന്ന റിട്ടിൻമേൽ ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് വിധി പുറപ്പെടുവിച്ചിരുന്നു.

(ബി) അതിനെതിരെ സർക്കാർ നൽകിയ അപ്പീലിൽ ഡിവിഷൻ ബഞ്ചിന്റെ വിധി സർക്കാരിന് അനുകൂലമായിരുന്നോ; ഭേദഗതി പൂർണ്ണമായും ഡിവിഷൻ ബഞ്ച് അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏത് വകുപ്പാണ് കോടതി അസാധുവാക്കിയതെന്ന് അറിയിക്കുമോ?

പ്രസ്തുത വിധിക്കെതിരെ സർക്കാർ നൽകിയ WA78/2021 അപ്പീലിൽ ഡിവിഷൻ ബഞ്ചിന്റെ വിധി സംസ്ഥാന സർക്കാരിന് അനുകൂലമായിരുന്നു. 2018-ലെ ഭേദഗതി റൂളിൽ സബ് റൂൾ 4(4)-ലെ 'including lotteries run/organised/promoted by other states' എന്നീ വാക്കുകൾ മാത്രം Ultra vires ആണെന്ന് നിരീക്ഷിച്ച് കോടതി ടി ഭാഗം മേൽ ഭേദഗതി റൂളിൽ അസാധുവാക്കിയിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.യുടെ ലാപ്ടോപ്പ് വിതരണ പദ്ധതി

93(362) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) കുടുംബശ്രീയുമായി ചേർന്ന് കെ.എസ്.എഫ്.ഇ. നടപ്പാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയുടെ ഭാഗമായി എത്ര അപേക്ഷകൾ ലഭിച്ചു?

കുടുംബശ്രീയുമായി ബന്ധപ്പെട്ട് കെ.എസ്.എഫ്.ഇ. നടപ്പാക്കുന്ന ലാപ്ടോപ്പ് വിതരണ പദ്ധതിയിൽ (കെ.എസ്.എഫ്.ഇ. വിദ്യാശ്രീ പദ്ധതി) വെബ് പോർട്ടൽ വഴി 3-6-2021 വരെ 92,582 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളത് 64,760 കുടുംബശ്രീ അംഗങ്ങളാണ്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രപേർക്ക് ലാപ്ടോപ്പ് നൽകിയിട്ടുണ്ടെന്നും ബാക്കിയുള്ള അപേക്ഷകളിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദീകരിക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 54,735 എണ്ണം ലാപ്ടോപ്പിനായി പർച്ചേയ്സ് ഓർഡർ ഇതിനകം നൽകിയിട്ടുണ്ട്. ഇതുവരെ കെ.എസ്.എഫ്.ഇ.-യുടെ റീജിയണൽ ഓഫീസുകളിൽ 4,450 ലാപ്ടോപ്പുകൾ എത്തിയിട്ടുണ്ട്. ഇവയെല്ലാം വിതരണത്തിനായി ശാഖയിൽ എത്തിച്ചുകൊണ്ടിരിക്കുന്നു. അവയിൽ 1000 എണ്ണത്തോളം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്നവയുടെ വിതരണം ത്വരിതഗതിയിൽ നടന്നുവരികയാണ്. കോവിഡ് സാഹചര്യംമൂലം പൊതുഗതാഗതം തടസ്സപ്പെട്ടതിനാൽ കുടുംബശ്രീ അംഗങ്ങൾക്ക് ശാഖകളിൽ എത്താനുള്ള ബുദ്ധിമുട്ടും, കരാർ ഒപ്പിടുവാനുള്ള മുദ്രപത്രത്തിന്റെ വിപണിയിലെ ദൗർലഭ്യവും കണക്കിലെടുത്ത് തൽക്കാലം മുദ്രപത്രം ഒഴിവാക്കിക്കൊണ്ട് ലാപ്ടോപ്പ് വിതരണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പർച്ചേയ്സ് ഓർഡർ നൽകിയതുപ്രകാരമുള്ള ശേഷിക്കുന്ന ലാപ്ടോപ്പുകൾ വിതരണക്കാരിൽനിന്നും ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നു.

(സി) ഈ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചെന്നും എത്ര പേർക്ക് ലാപ്പ്ടോപ്പുകൾ നൽകിയെന്നും വ്യക്തമാക്കാമോ?

ഈ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽനിന്നും ഇതുവരെ 978 പേർ ഈ സ്കീമിൽ അപേക്ഷ സമർപ്പിക്കുകയും 324 പേർ ലാപ്ടോപ്പ് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. അതിൽ വിതരണക്കാരിൽനിന്നും ലഭിച്ച 16 ലാപ്ടോപ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അടിയന്തരമായി ലാപ്ടോപ്പ് വിതരണം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

94(363) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഏപ്രിലിൽ നടപ്പിൽ വരുത്തുമെന്ന് മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി മുൻസർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22.01.2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിരുന്നു. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)-ൽ ഉൾപ്പെടുത്തിയ പ്രത്യേക വ്യവസ്ഥയ്ക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈകോടതിക്ക് മുമ്പാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂയെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി വീണ്ടും ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്ത തെന്നും ഏത് കമ്പനിയെയാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികളുടെ ഭാഗമായി വിവിധ ഇൻഷ്വറൻസ് കമ്പനികളിൽനിന്നും ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. റീ-ടെണ്ടർ ക്ഷണപ്രകാരം 1. Oriental Insurance Company 2. National Insurance Company 3. New India Insurance Company 4. Reliance General Insurance Company എന്നീ കമ്പനികൾ പങ്കെടുത്ത് ബിഡുകൾ സമർപ്പിക്കുകയുണ്ടായി. റിലയൻസ് കമ്പനി ബഹു. ഹൈക്കോടതി മുമ്പാകെ Request For Proposal (RFP)യിലെ ഒരു പ്രത്യേക വ്യവസ്ഥക്കെതിരെ റിട്ട്

പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് ബഹു. ഹൈക്കോടതി നിരുപാധികം തള്ളിക്കളഞ്ഞ് ഉത്തരവായിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 7-4-2021-ൽ ധനകാര്യ ബിഡ് തുറന്നുവെങ്കിലും ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂയെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**മുദ്രപ്പത്രക്ഷാമം**

95(364) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) സംസ്ഥാനത്ത് വിവിധ ആവശ്യങ്ങൾക്കായുള്ള മുദ്രപ്പത്രങ്ങൾക്ക് രൂക്ഷമായ ക്ഷാമം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ₹50, ₹100 മുഖവിലയുള്ള നോൺ ജൂഡീഷ്യൽ മുദ്രപ്പത്രങ്ങൾക്ക് ക്ഷാമം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചെറിയ തുകയ്ക്കുള്ള മുദ്രപ്പത്രങ്ങൾ ലഭ്യമല്ലാത്തതിനാൽ വലിയ തുകയുടെ മുദ്രപ്പത്രങ്ങൾ പകരം ഉപയോഗിക്കേണ്ടി വരുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) മുദ്രപ്പത്രക്ഷാമം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നാണ് മുദ്രയും മുദ്രപ്പത്രങ്ങളും ട്രഷറിയിൽ വിതരണത്തിന് ലഭിക്കുന്നത്. മുദ്രയും മുദ്രപ്പത്രങ്ങളും നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽനിന്നും സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ അനുമതി നൽകിയെങ്കിലും,

രാജ്യത്ത് കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ വീണ്ടും ശക്തമാക്കിയ സാഹചര്യത്തിൽ മുദ്രപ്പത്രങ്ങൾ ലഭ്യമാക്കുന്നതിന് നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽനിന്നും അനുമതി ലഭിച്ചിട്ടില്ലായിരുന്നു. ഇപ്പോൾ മഹാരാഷ്ട്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനെത്തുടർന്ന് സെക്യൂരിറ്റി പ്രസ്സിൽ നിന്നും മുദ്രയും മുദ്രപ്പത്രങ്ങളും എത്തിക്കുന്നതിന് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽനിന്നും ഉദ്യോഗസ്ഥർ പോയിട്ടുണ്ട്. സെൻട്രൽ ഡിപ്പോയിൽനിന്നും ട്രഷറി ഡിപ്പോകൾക്ക് സ്റ്റാമ്പിന്റെ സ്റ്റോക്ക് ലഭിക്കുന്ന മുറയ്ക്ക് ₹50, ₹100 മുഖവിലയുള്ള നോൺ ജൂഡീഷ്യൽ മുദ്രപ്പത്രക്ഷാമം പൂർണ്ണമായി പരിഹരിക്കുവാൻ കഴിയുന്നതാണ്.

## കിളിമാനൂരിൽ പുതിയ കോടതി

96(365) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ കേന്ദ്രീകരിച്ച് പുതിയ കോടതി ആരംഭിക്കുവാൻ വകുപ്പ് തലത്തിൽ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടിക്രമങ്ങളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് പുതിയ കോടതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി 2-3-2016-ലെ സ.ഉ.(കൈ) നമ്പർ79/2016/ആഭ്യന്തരം പ്രകാരം മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കോടതികളെ പ്രാധാന്യമനുസരിച്ച് മുൻഗണനാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് പരിഗണിക്കുന്നത്. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം മുൻഗണനാ ലിസ്റ്റിൽനിന്നും MACT കാസർഗോഡ്, മുൻസിഫ് മജിസ്ട്രേറ്റ് കോടതി അട്ടപ്പാടി എന്നിവ മാത്രമേ ഇതുവരെ തുടങ്ങാൻ സാധിച്ചിട്ടുള്ളൂ. നിലവിലുള്ള മുൻഗണനാ ലിസ്റ്റിൽ കുറച്ചു കോടതികളെക്കൂടി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ സമർപ്പിച്ചിട്ടുള്ളതിൽ 57-ാമതായി കിളിമാനൂർ ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ മുൻഗണനാ ലിസ്റ്റ് പുതുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സർക്കാർ അഭിഭാഷകന്റെ സേവനം

97(366) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് കേസുകളിൽ കുറ്റപത്രം സമർപ്പിക്കുമ്പോൾ സർക്കാർ അഭിഭാഷകന്റെ ഉപദേശം സ്വീകരിച്ചു വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പല കേസുകളിലും കുറ്റപത്രത്തിലെ പഴുതുകൾ ഉപയോഗിച്ച് കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യമുള്ളതിനാൽ കുറ്റപത്രങ്ങൾ തയ്യാറാക്കുമ്പോൾ സർക്കാർ അഭിഭാഷകന്റെ ഉപദേശംകൂടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

(എ&ബി) അന്വേഷണം പൂർത്തിയാക്കിയ ക്രൈം കേസുകളിൽ കുറ്റപത്രം തയ്യാറാക്കുമ്പോൾ അനിവാര്യമായ സാഹചര്യങ്ങളിൽ സർക്കാർ അഭിഭാഷകന്റെ ഉപദേശം പരിഗണിക്കാറുണ്ട്.

(സി) കുറ്റപത്രം തയ്യാറാക്കുമ്പോൾ കൃത്യമായ നിയമോപദേശം നൽകുന്നതിനായി ഓരോ ഡി.വൈ.എസ്.പി.-മാരുടെയും കീഴിൽ സർക്കാർ അഭിഭാഷകന്റെ സേവനം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കേസന്വേഷിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് നിയമോപദേശം നൽകുന്നതിനായി ഓരോ ജില്ലയിലും ഒരു പ്രോസിക്യൂഷൻ ഡെപ്യൂട്ടി ഡയറക്ടറേയും ഒരു അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടറേയും പ്രത്യേകമായി നീക്കിവയ്ക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

## കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

98(367) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന, കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ എൻ.സി.ഡി.സി നവീകരണ പദ്ധതിയുടെ ആകെ അടങ്കൽ തുകയായ 57.36 കോടി രൂപയിൽ, 31-3-2021 വരെ 26.95 കോടി രൂപ മില്ലിന് കൈമാറിയിട്ടുണ്ട്. ആദ്യഘട്ട നവീകരണത്തിന്റെ ഭാഗമായി 7296 സ്പിൻഡൽസ് സ്ഥാപിക്കുകയും 2021 ഫെബ്രുവരി 16 മുതൽ മിൽ പുന:പ്രവർത്തനമാരംഭിക്കുകയും ചെയ്തു. വൈൻഡിംഗ് ഡിപ്പാർട്ടമെന്റ് ഒഴികെയുള്ള മറ്റു ഡിപ്പാർട്ട്മെന്റുകളെല്ലാം തന്നെ പൂർണ്ണതോതിൽ നവീകരിക്കുകയും പ്രവർത്തനം സുഗമമായി നടന്നുവരികയുമാണ്. 2021-22 സാമ്പത്തിക വർഷത്തിൽ ടി മില്ലിന്റെ നവീകരണത്തിനായി 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ടി തുകയ്ക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നവീകരണ ജോലികൾ പൂർത്തിയാക്കി സ്പിന്നിംഗ് മിൽ പൂർണ്ണമായ നിലയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങൾ ഇനി അവശേഷിക്കുന്നുണ്ടെന്നും അവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ (25536 സ്പിൻഡൽസ്) നവീകരിക്കുന്നതിനുള്ള 57.39 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ആയതിന്റെ ആദ്യഘട്ടമായി 7296 സ്പിൻഡൽസ് സ്ഥാപിച്ചു. വൈൻഡിംഗ് ഡിപ്പാർട്ട്മെന്റ് സ്പിൻഡലിന്റെ നവീകരണത്തിന് 2021-22 വാർഷിക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ ഉപയോഗിച്ച് വൈൻഡിംഗ് ഡിപ്പാർട്ട്മെന്റും മറ്റു അനുബന്ധ സിവിൽ ഇലക്ട്രിക്കൽ മെഷിനറികളും നവീകരിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്പിൻഡൽസ് പൂർണ്ണമായും സ്ഥാപിച്ച് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഡിറ്റ്

99(368) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ഓഡിറ്റ് എന്നുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റ് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷംവരെയുള്ള കണക്കുകൾ പ്രകാരം ഓരോ വർഷത്തേയും വരുമാനം (Total Revenue) എത്രയെന്നും ചെലവ് (Total Expenditure) എത്രയെന്നും പ്രവർത്തനലാഭവും/പ്രവർത്തനനഷ്ടവും എത്രയെന്നും (Profit/Loss before exceptional and extra ordinary items and tax or Operating Profit/Loss) വ്യക്തമാക്കുമോ;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റേയും 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷം വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വർഷത്തേയും ലാഭത്തിന്റേയും/നഷ്ടത്തിന്റേയും (Profit/Loss) വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ 2015-16 മുതൽ 2020-2021 വരെയുള്ള ഓരോ വർഷത്തെയും വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷങ്ങൾ വരെയുള്ള ഓരോ വർഷങ്ങളിലെയും വരുമാനം, വിറ്റുവരവ്, ചെലവ്, പ്രവർത്തനലാഭം / നഷ്ടം, അറ്റലാഭം / നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം* 2 ആയി ചേർക്കുന്നു.

**ബാംബൂ കോർപ്പറേഷൻ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ**

100(369) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാംബൂ കോർപ്പറേഷന് കീഴിൽ വരുന്ന ഈറ്റ-പനമ്പ് നെയ്ത്തുതൊഴിലാളികൾക്ക് നിലവിൽ ലഭിക്കുന്ന മിനിമം വേതനം എത്രയെന്ന് വിശദമാക്കാമോ?

ബാംബൂ കോർപ്പറേഷന് കീഴിൽ പനമ്പ് നെയ്ത്ത് വരുന്ന ഒരു തൊഴിലാളി ഒരു ദിവസം നെയ്യേണ്ടുന്ന 3 പനമ്പിന് 74.40 രൂപ പ്രകാരം 223.20 രൂപയും കൂടാതെ മിനിമം വേതനത്തിന്റെ ഭാഗമായി സർക്കാർ അനുവദിച്ചുവരുന്ന ക്ഷാമബത്ത ഇനത്തിൽ 149 രൂപയും അടക്കം 373.20 രൂപ നൽകിവരുന്നുണ്ട്. കോർപ്പറേഷൻ കീഴിൽ ഈറ്റ വെട്ടി വരുന്ന ഒരു തൊഴിലാളി ഒരു ദിവസം വെട്ടേണ്ടുന്ന 5 കെട്ട് ഈറ്റയ്ക്ക് കെട്ടൊന്നിന് 100 രൂപ പ്രകാരം 500 രൂപയും കൂടാതെ മിനിമം വേതനത്തിന്റെ ഭാഗമായി സർക്കാർ അനുവദിച്ച് വരുന്ന ക്ഷാമബത്ത ഇനത്തിൽ 149/- രൂപയും അടക്കം ഒരു തൊഴിലാളിക്ക് 649 രൂപ നൽകി വരുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേതനം പുനർനിർണ്ണയിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത തൊഴിലാളികൾക്ക് നൽകിവരുന്ന ക്ഷാമബത്ത എത്രയാണ്; പ്രസ്തുത തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ഈറ്റ-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് നൽകിവരുന്ന ക്ഷാമബത്ത 149 രൂപയാണ്. ടി തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ 60 മാസത്തെ കുടിശ്ശികയായ 13.59 കോടി രൂപ നൽകാനുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത തൊഴിലാളികൾക്ക് ചികിത്സാസഹായം, മരണാനന്തര സഹായം, പ്രോവിഡന്റ് ഫണ്ട് തുടങ്ങിയ ഇനങ്ങളിൽ കുടിശ്ശികയുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

ഈറ്റ-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ചികിത്സാ സഹായം, മരണാനന്തര സഹായം എന്നീ ഇനങ്ങളിൽ സഹായങ്ങൾ നൽകി വരുന്നുണ്ട്. ഈ ഇനത്തിൽ നിലവിൽ കുടിശ്ശിക ഇല്ല. നെയ്ത്ത് തൊഴിലാളികൾക്കും കോർപ്പറേഷനിൽ ജോലി ചെയ്ത് വരുന്ന ഡിപ്പോ തൊഴിലാളികൾക്കും അടക്കം പ്രൊവിഡന്റ് ഫണ്ട് കുടിശ്ശികയായി 80,61,163 രൂപ അടയ്ക്കാനുണ്ട്. മാർച്ച് 2019 വരെ പിരിഞ്ഞുപോയ തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് കുടിശ്ശിക മുഴുവൻ അടച്ച് തീർത്തിട്ടുള്ളതാകുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

101(370) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനവും ഓരോ വർഷവും ലാഭനഷ്ട കണക്കുകൾ റിയാബിന് സമർപ്പിക്കാറുണ്ടോയെന്ന് വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനത്തിന്റെ ഭാഗമായി cumulative ആയി വിറ്റുവരവ്, ലാഭം/നഷ്ടം എന്നിവ സംബന്ധിച്ച ആഡിറ്റിന് മുൻപുള്ള പ്രൊവിഷണൽ കണക്കുകൾ പ്രകാരമുള്ള വിശദാംശങ്ങൾ നിർദ്ദിഷ്ട ഫോർമാറ്റിൽ റിയാബിൽ ലഭ്യമാക്കുന്ന സംവിധാനം നിലവിലുണ്ട്.

(ബി) ഉണ്ടെങ്കിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഓരോ പൊതുമേഖലാ സ്ഥാപനവും ഓരോ വർഷവും റിയാബിനു സമർപ്പിച്ച കണക്കുകൾ പ്രകാരമുള്ള പ്രവർത്തന ലാഭവും/നഷ്ടവും എത്രയെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ ഓരോ പൊതുമേഖലാ സ്ഥാപനവും ഓരോ വർഷവും റിയാബിനു സമർപ്പിച്ച കണക്കുകൾ പ്രകാരമുള്ള വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

(ബി&സി) കമ്പനികളുടെ മാസം തോറുമുള്ള പ്രവർത്തന അവലോകനത്തിന്റെ ഭാഗമായി റിയാബിൽ സമർപ്പിക്കുന്ന പ്രൊവിഷണൽ കണക്കുകൾ അനുസരിച്ചുള്ള 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ ഓരോ സ്ഥാപനങ്ങളുടെയും ഓരോ വർഷങ്ങളിലെയും വിറ്റുവരവ്, പ്രവർത്തന ലാഭം/നഷ്ടം എന്നീ വിവരങ്ങൾ ക്രോഡീകരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം റിയാബ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ മിനിട്ട്സിന്റെ/റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിലെ മിനിട്ട്സിന്റെ/റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി&ഇ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം വ്യവസായ വകുപ്പ് നേരിട്ടും റിയാബ് മുഖേനയും നടത്തിവരാറുണ്ട്. ഈ അവലോകനങ്ങളിൽ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും പദ്ധതി നടത്തിപ്പിന്റെ പുരോഗതികളും ഭാവി പ്രവർത്തനങ്ങൾ സംബന്ധിച്ചും വിശകലനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ സ്ഥാപനങ്ങൾക്ക് നൽകുകയാണ് ചെയ്യുന്നത്.

## കാസർകോട് ഭെൽ-ഇ.എം.എൽ. കമ്പനി

102(371) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ഭെൽ-ഇ.എം.എൽ കമ്പനിയുടെ 51 ശതമാനം ഓഹരികൾ ഏറ്റെടുക്കാൻ കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏറ്റെടുക്കൽ നടപടി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും 11-5-2021-ൽ ലഭിച്ചിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ സത്വരം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഭെൽ-ൽനിന്നും ലഭിച്ച കത്തിന്റെ പകർപ്പ് അനുബന്ധം* ആയി ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കമ്പനിയിൽ ഉൽപ്പാദനം മുടങ്ങുകയും ജീവനക്കാർ രണ്ടരവർഷമായി ശമ്പളം ലഭിക്കാതെ പ്രയാസപ്പെടുകയും ചെയ്യുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ച് കൊടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിലുള്ള ജീവനക്കാരെ എങ്ങനെ സംരക്ഷിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏറ്റെടുക്കൽ നടപടി പൂർത്തിയാകുന്നതോടെ ഭെൽ-ഇഎംഎൽ കമ്പനി ഇല്ലാതാകുന്ന സാഹചര്യത്തിൽ പുതിയ ഏത് സംരംഭം തുടങ്ങാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് യോഗം വിളിക്കാനുദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ പ്രസ്തുത യോഗത്തിലേക്കു ആരെയൊക്കെയാണ് ക്ഷണിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തനം നടത്തുന്നതിനും ജീവനക്കാരുടെയും കുടുംബങ്ങളുടെയും സാമ്പത്തിക പ്രയാസം പരിഗണിച്ച് കമ്പനിയുടെ അപേക്ഷപ്രകാരം സംസ്ഥാന സർക്കാർ ഇതിനോടകം 6 കോടി 80 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാറും-ഭെൽ പ്രതിനിധികളും ധാരണാപത്രം ഒപ്പുവച്ച് ഏറ്റെടുക്കൽ നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിൻപ്രകാരം, സ്ഥാപനത്തിന്റെ ഭാവി പ്രവർത്തനങ്ങളെ സംബന്ധിച്ചും, ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ ഉൾപ്പെടെയുള്ള വിഷയങ്ങളിലും യുക്തമായ തീരുമാനമെടുക്കുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനം

103(372) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാഭത്തിൽ പ്രവർത്തിക്കുന്നതടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുവാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്ന സാഹചര്യത്തിൽ, പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ നിരീക്ഷിക്കുന്നതിനും പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നടപടികളുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോകുമ്പോൾ, സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ നിലനിർത്തി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ബദൽ നയസമീപനം സ്വീകരിച്ചുവരുന്നു. പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ.എൽ) എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിക്കുകയും അതിന്റെ ഭാഗമായുള്ള തുടർനടപടികൾ വേഗത്തിൽ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. 26-5-2021-ൽ ഒരു ഓൺലൈൻ യോഗം വിളിച്ച് ചേർക്കുകയുണ്ടായി. ഈ യോഗത്തിൽ കമ്പനികളുടെ പ്രവർത്തന മേഖലയെയും, മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളെയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയാക്കി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുക. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്ക്കരണം, വിപുലീകരണം, വൈവിധ്യവത്കരണം, ധനപരമായ പുനഃസംഘാടനം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ ധനസഹായം നൽകുന്നത് ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമെ അനുയോജ്യമായ

വൈവിധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനി തലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021 ജൂലൈ മാസത്തോടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തനം നിരന്തരമായി നിരീക്ഷിക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി ചുവടെ പറയുന്ന മാർഗ്ഗനിർദേശങ്ങൾ ഏർപ്പെടുത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(i) പൊതുമേഖലാസ്ഥാപനങ്ങളുടെ റിയാബ് മുഖേന മാസംതോറുമുള്ള പ്രവർത്തന അവലോകനം ശക്തിപ്പെടുത്തും.

(ii)സ്റ്റാറ്റ്യൂട്ടറി ആഡിറ്റുകളുടെ സമയബന്ധിതമായ പൂർത്തീകരണം എം.ഡി.-മാരുടെ വ്യക്തിപരമായ ഉത്തരവാദിത്വമായിരിക്കും.

(iii) പെർഫോമൻസ് ആഡിറ്റുകൾ നടത്തും

(iv)സ്ഥാപനങ്ങളിൽ വിവരസാങ്കേതികവിദ്യ അധിഷ്ഠിതമായ ഭരണ നിർവ്വഹണ സംവിധാനങ്ങൾ ഏർപ്പെടുത്തും

(v) പൊതുമേഖലാ സ്ഥാപനങ്ങളുടെ ബോർഡുകൾക്ക് നയപരമായ കാര്യങ്ങൾക്കൊഴികെയുള്ള വിഷയങ്ങളിൽ പ്രവർത്തന സ്വാതന്ത്ര്യം അനുവദിക്കും

(vi) കമ്പനികളിലെ ഡയറക്ടർ ബോർഡ് ഉൾപ്പെടെയുള്ള ഉന്നതതല മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തും.

(vii) പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള നിയമനങ്ങൾക്കായി പുതുതായി പബ്ലിക് എന്റർപ്രൈസസ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് അത് മുഖേനയാക്കും.

## കുറഞ്ഞ വിലയ്ക്ക് സാനിറ്റൈസർ, ഹാന്റ് വാഷ്, മാസ്ക് എന്നിവ ലഭ്യമാക്കുവാൻ നടപടി

104(373) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന സാനിറ്റൈസർ, ഹാന്റ് വാഷ്, മാസ്ക് എന്നിവ നിർമ്മിച്ച് കുറഞ്ഞ വിലയ്ക്ക് ജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം പദ്ധതി നിലവിലുണ്ടെങ്കിൽ ആയത് വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള (WHO

ഫോർമുല പ്രകാരം) ആൽക്കഹോൾ ബേസ്ഡ് സാനിറ്റൈസർ ഉൽപ്പാദിപ്പിച്ച് 2020 മാർച്ച് മുതൽ വിതരണം ചെയ്തുവരുന്നു. കൂടാതെ മറ്റൊര് പൊതുമേഖലാ സ്ഥാപനമായ ട്രാവൻകൂർ ടൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡും T-secure എന്ന പേരിൽ കുറഞ്ഞ നിരക്കിൽ സാനിറ്റൈസർ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കെ.എസ്.ഐ.ഇ.-യുടെ കേരള സോപ്സ് ഡിവിഷൻ ഹാൻഡ് വാഷ് ഉൽപ്പാദിപ്പിച്ച് പൊതുജനങ്ങൾക്ക് കൺസ്യൂമർ ഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങൾവഴി ന്യായമായ വിലയ്ക്ക് വിപണനം ചെയ്യുന്നു. ഹാൻഡ് വാഷിന്റെ ഉൽപ്പാദനം വിപുലീകരിക്കുന്നത് ഉൾപ്പെടെയുള്ള പ്രൊപ്പോസൽ പരിഗണിച്ച് 250 ലക്ഷം രൂപ നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിപുലീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. സാധാരണ ജനങ്ങൾക്ക് വീണ്ടും കഴുകി ഉപയോഗിക്കാവുന്ന ഒരു ലെയർ തുണി മാസ്കുകളും വൈറസിനേയും ബാക്ടീരിയകളേയും തടയുവാനും അവയെ നിർവീര്യമാക്കുവാനും തുണിയിൽ പ്രത്യേകം ആന്റീമൈക്രോബിയൽ ട്രീറ്റ്മെന്റുകൾ നടത്തിയ മൂന്ന് ലെയറുള്ള തുണി മാസ്കുകളും കേരള ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ഹാൻവീവ്/ഹാൻടെക്സ് മുഖേന ഗുണമേന്മയുള്ള മാസ്കുകൾ നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

105(374) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ/നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ഏതെല്ലാമെന്നും തരംതിരിച്ച് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ നിലവിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ 45 പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്. ഇവയുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടുവന്ന് സ്വയംപര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലകൾ, മുൻകാല പ്രവർത്തനങ്ങൾ, നിലവിലെ സ്ഥിതി, ഭാവി പദ്ധതികൾ എന്നിവയെ സംബന്ധിച്ച് മൊത്തത്തിൽ അവലോകനം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ പൊതു മേഖലാ സ്ഥാപനങ്ങളെയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. ടി സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും, ഉൽപ്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിധ്യവത്കരണം, ധനപരമായ പുനഃസംഘാടനം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ ധനസഹായം നൽകുന്നത് ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുറമെ അനുയോജ്യമായ വൈവിധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനിതലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021 ജൂലൈ മാസത്തോടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഓരോ പൊതുമേഖലാസ്ഥാപനവും അവരവരുടേതായ രീതിയിലാണ് നിയമനങ്ങൾ നടത്തുന്നതെന്ന വസ്തുത പരിശോധിക്കുവാനും അതിൽ എന്തെങ്കിലും മാറ്റം വരുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾ കമ്പനികൾ നേരിട്ടാണ് നടത്തിവരുന്നത്. പ്രസ്തുത നിയമനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനായി പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ നിയമനങ്ങൾക്കായി പുതുതായി പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച് അതുവഴി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കൊച്ചിൻ റിഫൈനറി

106(375) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ റിഫൈനറിയെ ബി.പി.സി.എൽ. ഏറ്റെടുത്തപ്പോൾ സംസ്ഥാന ഓഹരി നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം?

കൊച്ചി റിഫൈനറീസ് ലിമിറ്റഡ് (കെആർഎൽ) 2006 ഓഗസ്റ്റിൽ ബി.പി.സി.എൽ.-മായി ലയിപ്പിച്ചു, ലയനത്തിന്റെ ഫലമായി കൊച്ചി റിഫൈനറിയുടെ ഓഹരി ഉടമയായ കേരള സർക്കാരിന് കൊച്ചി റിഫൈനറിയുടെ ഓരോ ഒമ്പത് ഇക്വിറ്റി ഷെയറുകൾക്കും ബി.പി.സി.എൽ.-ന്റെ നാല് ഇക്വിറ്റി ഷെയറുകളുടെ സ്വാപ്പ് അനുപാതത്തിൽ ബി.പി.സി.എൽ.-ൽ ഓഹരികൾ അനുവദിച്ചു. ലയനത്തിനുശേഷം ബി.പി.സി.എൽ.-ന്റെ ഡയറക്ടർ ബോർഡിൽ കേരള സർക്കാർ ഒരു നോമിനിയെ നിയമിച്ചിട്ടുണ്ട്. നിലവിൽ, ബി.പി.സി.എൽ.-ൽ 18666666 ഇക്വിറ്റി ഓഹരികൾ അതായത് ആകെ ഓഹരിയുടെ 0.86% കേരള സർക്കാരിന്റെ കൈവശമാണ്.

(ബി) നിലവിൽ ബി.പി.സി.എൽ-നെ കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കാൻ തുനിയുമ്പോൾ പ്രസ്തുത ഓഹരികൾക്ക് എന്തെങ്കിലും തരത്തിലുള്ള മാറ്റം സംഭവിക്കുമോ; വ്യക്തമാക്കുമോ?

സ്വകാര്യവത്കരണ നടപടികൾ പൂർണ്ണമാകുമ്പോഴേ ഇക്കാര്യത്തിൽ വ്യക്തത വരുത്താൻ കഴിയൂ.

(സി) ബി. പി. സി. എൽ. സ്വകാര്യവത്കരിക്കാനുള്ള കേന്ദ്ര സർക്കാർ നീക്കം കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്ക് പദ്ധതിയെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

25,000 കോടി രൂപ മുതൽ മുടക്കിൽ കൊച്ചിയിൽ വൻകിട പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കാനുള്ള നടപടികൾ സംസ്ഥാനം കിൻഫ്ര മുഖാന്തരം സ്വീകരിച്ചുവരികയാണ്. പ്രസ്തുത പെട്രോകെമിക്കൽ പാർക്കിൽ വ്യവസായം ആരംഭിക്കുന്നതിന് നിരവധി സംരംഭകർ മുന്നോട്ടുവന്നിട്ടുണ്ട്. ഇതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ റിഫൈനറിയിൽ നിന്നാണ് ലഭ്യമാകേണ്ടതെന്നതിനാൽ പെട്രോകെമിക്കൽ പാർക്കിന്റെ ഭാവിയെ ബി.പി.സി.എൽ.-ന്റെ സ്വകാര്യവത്കരണം പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നു.

**ഭെൽ-ഇ.എം.എൽ. കമ്പനി**

107(376) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഏക കേന്ദ്ര പൊതുമേഖലാസ്ഥാപനമായ ഭെൽ-ഇ.എം.എൽ കമ്പനി സംസ്ഥാന സർക്കാറിന് കൈമാറുന്നതിന് കേന്ദ്രസർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, സംസ്ഥാന സർക്കാർ എത്രനാളായി ആവശ്യപ്പെട്ടിട്ടാണ് കേന്ദ്രസർക്കാർ പ്രസ്തുത നടപടി സ്വീകരിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ?

(എ&ബി) കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച കേരളത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര സർക്കാരുമായി സംയുക്ത സംരംഭത്തിലുള്ള ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ കേരള സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച്, ഭെൽ തയ്യാറാക്കിയ കരട് ധാരണാപത്രം 'Agreement for Sale' 7-11-2019-ൽ സംസ്ഥാന സർക്കാർ അംഗീകരിച്ച് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി നൽകിയിരുന്നു. തുടർനടപടികളുടെ അടിസ്ഥാനത്തിൽ ഭെൽ ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്രസർക്കാരിൽനിന്നും 11-5-2021-ൽ ലഭിച്ചിട്ടുണ്ട്. ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ഏറ്റെടുക്കുന്ന ഈ സ്ഥാപനം ഏത് നിലയിൽ കൊണ്ടു പോകാനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മാസങ്ങളായി ശമ്പളമില്ലാതെ കഷ്ടത അനുഭവിക്കുന്ന ഈ സ്ഥാപനത്തിലെ തൊഴിലാളികൾക്ക് അടിയന്തര സഹായം നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(സി&ഡി) ഈ സ്ഥാപനത്തെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്നതിൻപ്രകാരം ഭാവിപ്രവർത്തനങ്ങളെ സംബന്ധിച്ചും ജീവനക്കാരുടെ ഇടക്കാലാശ്വാസം ഉൾപ്പെടെയുള്ള വിഷയങ്ങളിലും യുക്തമായ തീരുമാനം എടുക്കുന്നതാണ്. ജീവനക്കാരുടെയും കുടുംബങ്ങളുടെയും സാമ്പത്തിക പ്രയാസം പരിഗണിച്ച് കമ്പനിയുടെ അപേക്ഷപ്രകാരം സംസ്ഥാന സർക്കാർ ഇതിനോടകം 6 കോടി 80 ലക്ഷം രൂപ ജീവനക്കാരുടെ ഇടക്കാലാശ്വാസ വിതരണത്തിനായി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതം

108(377) <u>ശ്രീ. എ. കെ. എം അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്?

വ്യവസായ വകുപ്പിന്റെ അധീനതയിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(ബി) 2020-21 ബഡ്ജറ്റിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് ബഡ്ജറ്റ് വിഹിതമായി നൽകിയത്; ഓരോ സ്ഥാപനത്തിനുമുള്ള ബഡ്ജറ്റ് വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് 260.79 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. ഓരോ സ്ഥാപനത്തിനുമുള്ള ബഡ്ജറ്റ് വിഹിതം അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ്; സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു.*

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന നടപടി

109(378) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അവയെ ലാഭകരമാക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സാങ്കേതിക വിദ്യയുടെ കാലാനുസൃതമായ നവീകരണം, ഉത്പന്ന വൈവിധ്യവത്കരണം എന്നിവ കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിനാലാണ് നഷ്ടത്തിലേയ്ക്ക് പോകുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി 26-5-2021-ൽ ചേർന്ന യോഗം അവയുടെ പ്രവർത്തന മേഖലയേയും മുൻകാല പ്രവർത്തനങ്ങളേയും നിലവിലെ സ്ഥിതിയേയും ഭാവി പദ്ധതികളേയും സംബന്ധിച്ച് അവലോകനം

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യുകയുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളേയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ആധുനികവത്കരണം, വിപുലീകരണം, വൈവിധ്യവത്കരണം, ധനപരമായ പുനഃസംഘാടനം എന്നിവയിലൂടെ വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉത്പന്നങ്ങൾക്ക് പുറമേ അനുയോജ്യമായ വൈവിധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനി തലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021-ഓടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പു വരുത്തുന്നതിനും എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും വിവര സാങ്കേതികവിദ്യ അധിഷ്ഠിതമായ ഭരണനിർവ്വഹണ സംവിധാനങ്ങൾ (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) ഏർപ്പെടുത്തുവാനും പൊതുമേഖലാ സ്ഥാപനങ്ങളിൽ പെർഫോമൻസ് ഓഡിറ്റുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ നവീകരണം

110(379) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകാമോ:

(എ) വ്യവസായ വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്പിന്നിംഗ് മില്ലുകളിലെ ജീവനക്കാർക്ക് ഒന്നാംഘട്ട ലോക്ഡൗൺ കാലത്ത് (2020 മാർച്ച്, ഏപ്രിൽ) തടഞ്ഞുവച്ചിരിക്കുന്ന ശമ്പളവും ആനുകൂല്യങ്ങളും നാളിതുവരെ വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡ് മഹാമാരിയെ തുടർന്നുള്ള ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി അനുഭവിക്കുന്നതിനാൽ പൊതുമേഖലാ സ്പിന്നിംഗ് മില്ലുകൾ മേൽ കാലയളവിൽ 50% വേതനം/ശമ്പളം ആണ് നൽകിയത്. പൊതുമേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കോട്ടയം ടെക്സ്റ്റൈൽസ്, ലോക് ഡൗണിന് മുമ്പുതന്നെ ലേ-ഓഫിലായിരുന്നതിനാൽ ലേ-ഓഫ് കോമ്പൻസേഷനാണ് ഈ കാലയളവിൽ നൽകിയിട്ടുള്ളത്.

(ബി) മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ആധുനികവത്കരണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിൽ സംസ്ഥാന സർക്കാരിന്റെയും എൻ.സി.ഡി.സി.-യുടെയും സംയുക്ത സഹായത്തോടെ 23.14 കോടി രൂപയുടെ ആധുനികവത്കരണ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി 150 ലക്ഷം രൂപയുടെ ഓട്ടോ കോർണർ മെഷീൻ മില്ലിൽ സ്ഥാപിച്ചു. 2020-21 സാമ്പത്തിക വർഷത്തിൽ 168 ലക്ഷം രൂപ മില്ലിന് സർക്കാർ അനുവദിക്കുകയും ആയത് ഉപയോഗിച്ച് ഒരു ഓട്ടോ കോർണർ മെഷീൻകൂടി വാങ്ങാൻ മിൽ സപ്ലൈഓർഡർ നല്കിയിട്ടുമുണ്ട്.

(സി) ആധുനികവത്കരണത്തിനാവശ്യമായ ഫണ്ട് നൽകുവാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം സഹകരണ സ്പിന്നിംഗ് മില്ലിന്റെ ആധുനികവത്കരണത്തിനായി 2021-2022 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 175 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രൊപ്പോസലിനുള്ള ഭരണാനുമതി ഇതിനകം നൽകിയിട്ടുണ്ട്.

**കെൽപാം നവീകരണം**

111(380) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊതുമേഖല സ്ഥാപനമായ കെൽപാം-ന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് 2015-16 മുതൽ 2020-21 വരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

2015-16 സാമ്പത്തിക വർഷത്തിൽ സാമ്പത്തിക സഹായം അനുവദിച്ചിരുന്നില്ല. 2017 മുതൽ 2020-21 വരെ ലോൺ ഇനത്തിൽ 75 ലക്ഷം രൂപയും ഗ്രാന്റിനത്തിൽ 150 ലക്ഷം രൂപയും ചേർത്ത് ആകെ 225 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ മോഡേൺ റൈസ്മിൽ സ്ഥാപിക്കുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 486 ലക്ഷം രൂപയും കെൽപാമിന് അനുവദിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വ്യവസായികൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തൽ

112(381) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായികൾക്ക് ലോക മാർക്കറ്റിൽ ഇടം കണ്ടെത്തുന്നതിന് കിൻഫ്രയും ഇന്ത്യ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷനും ചേർന്ന് ഒരു ജോയിന്റ് വെഞ്ചർ കമ്പനി രൂപീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(എ&ബി) സംസ്ഥാനത്ത് വൻകിട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനായി KINFRA-യും കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള ITPO-യുമായി ചേർന്ന് സംയുക്ത സംരംഭമായി കാക്കനാട് ലോകോത്തര നിലവാരമുള്ള എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പദ്ധതിക്കാവശ്യമായ ITPO-യുടെ വിഹിതം കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ പദ്ധതിയിൽപ്പെടുത്തിയാണ് വിഭാവന ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതി വിഹിതം ITPO-ക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## പൊതുമേഖലാ സ്ഥാപനങ്ങൾ

113(382) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിലുണ്ട്; വ്യവസായ വകുപ്പിന് കീഴിലുള്ള ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; വിശദമാക്കാമോ?

വ്യവസായ വകുപ്പിന് കീഴിൽ സഹകരണ സ്പിന്നിംഗ് മില്ലുകൾ ഉൾപ്പെടെ 45 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. ഇവയുടെ വിശദവിവരം അനുബന്ധം 1 ആയി ചേർക്കുന്നു*. നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം അനുബന്ധം 2 ആയി ചേർക്കുന്നു+.

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി യോഗം ചേരുകയും അവയുടെ പ്രവർത്തനമേഖലയേയും മുൻകാല പ്രവർത്തനങ്ങളേയും നിലവിലെ സ്ഥിതിയേയും ഭാവിപദ്ധതികളേയും സംബന്ധിച്ച് അവലോകനം ചെയ്യുകയുമുണ്ടായി. നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളേയും അതാത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുംവേണ്ടി ആധുനികവത്കരണം, വിപുലീകരണം, വൈവിധ്യവത്കരണം, ധനപരമായ പുനഃസംഘാടനം എന്നിവയിലൂടെ വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനിതലത്തിൽ തയ്യാറാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് കമ്പനികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉത്പന്നങ്ങൾക്ക് പുറമേ അനുയോജ്യമായ വൈവിധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കമ്പനിതലത്തിലുള്ള മാസ്റ്റർ പ്ലാനുകൾ 2021-ഓടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ നവീകരണ വിപുലീകരണ പദ്ധതികളുടെ നടത്തിപ്പിനായി 248.79 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അമരവിള ടൈൽ ഫാക്ടറിക്ക് ധനസഹായം

114(383) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര അമരവിളയിൽ ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ടൈൽ ഫാക്ടറിയിൽ പുതിയ പദ്ധതികൾക്കായി വ്യവസായ വകുപ്പിൽനിന്നും ധനസഹായം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ചുടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘമാണ് അമരവിള ചുടുകൽ ഫാക്ടറി. പ്രവർത്തനം നിലച്ച പ്രസ്തുത സഹകരണസംഘത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികളൊന്നും ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല.

(ബി) 2016 മുതൽ 2021 മാർച്ച് വരെ അമരവിള ടൈൽ ഫാക്ടറിക്ക് വ്യവസായ വകുപ്പ് എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ?

ഈ കാലയളവിൽ അമരവിള ചുടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘത്തിന് ധനസഹായമൊന്നും വ്യവസായ വകുപ്പിൽനിന്നും നൽകിയിട്ടില്ല.

## പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് നടപടി

115(384) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ ലഭ്യത കൂട്ടുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

പുതിയസംരംഭങ്ങൾ തുടങ്ങുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നു. സംരംഭകരെ ആകർഷിക്കുന്നതിനും നല്ല രീതിയിൽ സംരംഭം ആരംഭിച്ച് പ്രവർത്തിപ്പിക്കുന്നതിനുമായി ബ്ലോക്ക്/ താലൂക്ക്/ ജില്ലാതലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ സംരംഭകത്വത്തിന്റെ വിവിധ

മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ കളമശ്ശേരി കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിൽ സംരംഭകത്വവുമായി ബന്ധപ്പെട്ട വിവിധയിനം പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ സ്ഥാപനം തുടങ്ങുന്നതിനും അതിനായുള്ള ലൈസൻസുകളും മറ്റ് അനുമതികളും ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളിൽ ആവശ്യമായ സഹായങ്ങൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴിയും താലൂക്ക് വ്യവസായ ഓഫീസുകൾ വഴിയും നൽകിവരുന്നുണ്ട്. ഇതിനുപുറമെ സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള മെഷീനറി എക്സ്പോ, ബാങ്കുകളിൽനിന്നും മറ്റുമുള്ള സേവനങ്ങൾ സുഗമമാക്കാൻ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും നടത്തിവരുന്നുണ്ട്. വിദ്യാർത്ഥികളെ സംരംഭകത്വത്തിലേക്ക് ആകർഷിച്ച്, സംരംഭകത്വത്തിന് സുസജ്ജരാക്കി അവരെ തൊഴിൽ അന്വേഷകരിൽനിന്ന് തൊഴിൽ ദാതാക്കളാക്കുന്നതിലേയ്ക്കായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹയർ സെക്കന്ററിതലം മുതൽ ഇ.ഡി. ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. സംരംഭം ആരംഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകുന്ന പദ്ധതികളും നടപ്പാക്കി വരുന്നു. കെ.എസ്.ഐ.ഡി.സി. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ 10,000 ലക്ഷം രൂപവരെ വായ്പയായി നൽകിയിരുന്നു. പ്രസ്തുത ധനസഹായം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഇവയുടെ വ്യവസ്ഥകളും മാനദണ്ഡങ്ങളും കാലാനുസൃതമായി ലഘൂകരിച്ചിട്ടുണ്ട്. സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 7.00%) 25 ലക്ഷം രൂപ മുതൽ 200 ലക്ഷം രൂപവരെ വായ്പയായി ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൂടാതെ പുതിയ ഉത്പാദന വ്യവസായങ്ങൾക്ക് കേരള സർക്കാരിന്റെ സംരംഭകത്വ സഹായ പദ്ധതി (ESS) പ്രകാരം 30 ലക്ഷം രൂപവരെ സഹായധനം നൽകുന്നുണ്ട്.

(ബി) ഐ.ടി. മേഖലയിൽ ഉൾപ്പെടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി സാമ്പത്തിക സഹായം അനുവദിക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്

4. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള പദ്ധതി

5. വ്യവസായ ഭദ്രത പദ്ധതി

വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി നിലവിലെ KSWIFT പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് KSWIFT-ന്റെ പുതിയ വെർഷൻ ഈ വർഷം പുറത്തിറക്കുന്നു. ഈ പോർട്ടൽ വഴിയുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് എല്ലാ താലൂക്ക് വ്യവസായ ഓഫീസിലും ഒരു Resource Person-ന് ചുമതല നൽകുന്നതാണ്. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ ആകണമെന്നുള്ള നയത്തിന് ഈ ഒരു സംവിധാനം സഹായകമാകും. നിലവിൽ വ്യവസായ ഭൂമിക്കുള്ള അപേക്ഷ സ്വീകരിക്കൽ മാത്രമാണ് ഓൺലൈനായി നടത്തുന്നത്. അടുത്ത ഒരു വർഷത്തിനുള്ളിൽ ഭൂമി അനുവദിക്കുന്നതും ഓൺലൈൻ വഴിയാക്കുന്നതാണ്. ഇതിനാവശ്യമായ നടപടികൾ NIC-യുമായി ചേർന്നുകൊണ്ട് നടത്തിവരുന്നുണ്ട്. ഐ.ടി. അധിഷ്ഠിത മേഖലയിൽ കിൻഫ്രയുടെ 2.3 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള കെട്ടിട സമുച്ചയം പ്രത്യേക സാമ്പത്തിക മേഖലയാക്കി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനം പൂർത്തീകരിച്ച് അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) കേന്ദ്ര ഗവൺമെന്റ് വിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംസ്ഥാനം ഒറ്റയ്ക്കോ മറ്റ് സംസ്ഥാനങ്ങളുടെ പങ്കാളിത്തത്തോടെയോ ഏറ്റെടുക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലയെ സംരക്ഷിക്കുമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ സ്വകാര്യവത്കരിക്കാൻ തീരുമാനിച്ച കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ്, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൽ.എൽ), കോട്ടയം എന്നിവയെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുവാൻ തീരുമാനിച്ച് തുടർനടപടികൾ വേഗത്തിൽ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

## വൻകിട വ്യവസായ മേഖലയിലെ പുതിയ വ്യവസായങ്ങൾ

116(385) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായങ്ങളെന്നും അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം സംസ്ഥാനത്തുണ്ടായി എന്നും വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. താഴെപ്പറയുന്ന വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(i) 185 കോടി രൂപ നിക്ഷേപത്തിൽ Dr.K.M.Cherian Institute of Medical Sciences Pvt Ltd .

(ii) എറണാകുളം ജില്ലയിൽ കിൻഫ്ര സ്ഥാപിക്കുന്ന പെട്രോ കെമിക്കൽ പാർക്കിൽ M/s BPCL-ന്റെ രണ്ടാംഘട്ട വികസനത്തിനായി 170 ഏക്കർ ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ 5912 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് പുതുതായി ഏതെങ്കിലും വൻകിട വ്യവസായ സംരംഭം ആരംഭിക്കുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉണ്ട്. മൂല്യവർദ്ധിത റബ്ബർ അധിഷ്ഠിത ഉത്പന്നങ്ങളുടെ നിർമ്മാണ വിപണനങ്ങൾക്കായി റബ്ബർ പാർക്ക്, സമഗ്രമായ വ്യാവസായിക വികസനം ലക്ഷ്യമിട്ടുള്ള കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി, കൊച്ചി പെട്രോ കെമിക്കൽ പാർക്ക്, തൊടുപുഴ സ്പൈസസ് പാർക്ക്, വ്യവസായ സംരംഭകർക്ക് കുറഞ്ഞ സമയത്തിനുള്ളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള കാക്കഞ്ചേരി ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, ഐ.ടി./ഐ.ടി. അധിഷ്ഠിത വ്യവസായങ്ങൾക്കായുള്ള തിരുവനന്തപുരം കിൻഫ്ര- പ്രത്യേക സാമ്പത്തിക മേഖല എന്നിവ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വൻ പദ്ധതികളാണ്.

## ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്

117(386) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ഫെബ്രുവരിയിൽ കൊച്ചിയിൽ നടന്ന ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ്-അസൻഡ് 2020-ൽ എത്ര ധാരണാപത്രങ്ങളാണ് ഒപ്പുവച്ചതെന്ന് വിശദമാക്കുമോ?

കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിൽ 32 ധാരണാപത്രങ്ങളും 117 താത്പര്യപത്രങ്ങളുമാണ് ഒപ്പുവച്ചത്. ഇതുകൂടാതെ കേരളാ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെയുള്ള 6 പ്രോജക്ടുകളും അബുദാബി ഇൻവെസ്റ്റ്മെന്റ് അതോറിറ്റി നിക്ഷേപതാത്പര്യം പ്രകടിപ്പിച്ചിട്ടുള്ള രണ്ട് പദ്ധതികളും ഉൾപ്പെടുന്നു. ഇതിലൂടെ 1,00,355.43 കോടി രൂപയുടെ നിക്ഷേപം സംബന്ധിച്ചുള്ള വാഗ്ദാനങ്ങളാണ് ലഭിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ധാരണാപത്രങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനകം പ്രാവർത്തികമാക്കിയ പ്രോജക്ടുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(സി) ഇതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്ത് ലഭ്യമായതെന്ന് അറിയിക്കുമോ?

(ബി&സി) പ്രസ്തുത ധാരണാപത്രങ്ങൾ/താത്പര്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ 18 പ്രോജക്ടുകളാണ് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഇതുവഴി 423 കോടി രൂപയുടെ നിക്ഷേപമാണ് നിലവിൽ സംസ്ഥാനത്ത് ലഭ്യമായിട്ടുള്ളത്. പ്രസ്തുത പ്രോജക്ടുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) സംസ്ഥാനത്ത് കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിനായി അസൻഡ് 2020 പോലുള്ള ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്നതിന് നിലവിലെ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) പ്രസ്തുത ഇൻവെസ്റ്റേഴ്സ് മീറ്റിൽ നിക്ഷേപകരായി എത്തുന്ന സംരംഭകർ അതിന് പ്രാപ്തരാണോ എന്ന് പരിശോധിച്ചതിനുശേഷം ധാരണാപത്രങ്ങളിൽ ഒപ്പുവയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി&ഇ) കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ലോക വ്യാപകമായി നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല.

## തിരൂർ നിയോജകമണ്ഡലത്തിലെ വ്യവസായ പദ്ധതികൾ

118(387) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷം വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രംവഴി പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം 32 യൂണിറ്റുകൾക്ക് 72,64,953 രൂപയും ഇ.എസ്.എസ്. സബ്സിഡിയായി 12 യൂണിറ്റുകൾക്ക് 27,80,000 രൂപയും ഉജ്ജീവന വായ്പ സബ്സിഡി ഇനത്തിൽ 9 യൂണിറ്റുകൾക്ക് 14,30,000 രൂപയും ഇന്ററസ്റ്റ് സബ്-വെൻഷൻ ഫോർ നാനോ ഹൗസ് ഹോൾഡ് പദ്ധതിക്ക് 1 യൂണിറ്റിന് 24,540 രൂപയും വ്യവസായ ഭദ്രത ഇന്ററസ്റ്റ് സബ്-വെൻഷൻ പദ്ധതിയിനത്തിൽ 3 യൂണിറ്റുകൾക്ക് 16348 രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 12 സംരംഭകത്വ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) വ്യവസായ വകുപ്പിന് കീഴിൽ തിരൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരം അറിയിക്കുമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ വ്യവസായ മേഖലയിലെ നിരവധി സാധ്യതകൾ പരിഗണിച്ച് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

(ബി&സി) സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപം നടത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള എല്ലാ സ്കീമുകളും നടപ്പിലാക്കി വരുന്നുണ്ട്.

## പുതിയ വ്യവസായങ്ങൾ

119(388) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 കാലയളവിൽ കഴിഞ്ഞ സർക്കാരിന് സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) വിശദാംശങ്ങൾ നൽകാമോ?

(എ&ബി) 2016-2021 കാലയളവിൽ സംസ്ഥാനത്ത് പുതുതായി 68,256 സൂക്ഷ്മ- ചെറുകിട- ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും ആയതിലൂടെ 6365.06 കോടി രൂപയുടെ നിക്ഷേപവും 2,42,128 തൊഴിലവസരങ്ങളും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കേരള സിഡ്കോയിൽ 2016-2017 കാലയളവിൽ 17 പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്. സിഡ്കോയുടെ പാലക്കാട് ജില്ലയിലെ ഒലവക്കോട് വ്യവസായ എസ്റ്റേറ്റിൽ 15 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വനിതാ വ്യവസായ സംരംഭം ആരംഭിക്കുന്നതിനും തിരുവനന്തപുരം ജില്ലയിലെ വർക്കല മിനി വ്യവസായ എസ്റ്റേറ്റിൽ ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതിനും ഒഴിവുള്ള ഷെഡ്ഡ്/ഭൂമി അനുവദിച്ച് നൽകുകയുണ്ടായി. ആയതിലൂടെ ഒരു കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ നിക്ഷേപവും 205 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2016-2021 കാലയളവിൽ കെ.എസ്.ഐ. ഡി.സി.യുടെ ധനസഹായത്തോടെ 19 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററുകളിലും ഇൻഡസ്ട്രിയൽ പാർക്കുകളിലുമായി 70 യൂണിറ്റുകൾ പുതുതായി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം* ആയി ചേർത്തിട്ടുണ്ട്. 2016-2021 വരെയുള്ള കാലയളവിൽ 554 സംരംഭകർക്കാണ് കിൻഫ്ര പാർക്കുകളിൽ ഭൂമി അലോട്ട് ചെയ്തിട്ടുള്ളത്.

**പ്രവാസികളുടെ പുനരധിവാസത്തിനായി വ്യവസായ സംരംഭങ്ങൾ**

120(389) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡുമൂലം തൊഴിൽരഹിതരായി മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസവും തൊഴിലും ഉദ്ദേശിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമായതും താരതമ്യേന വ്യവസായ സംരംഭങ്ങൾ കുറവുള്ളതുമായ നിയോജകമണ്ഡലങ്ങളെ ഇതിനായി പരിഗണിക്കുമോ?

(എ&ബി) കോവിഡുമൂലം മടങ്ങിവരുന്ന പ്രവാസികൾക്ക് മാത്രമായി വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടില്ലെങ്കിലും ഇവർക്ക് അവരുടെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വൈദഗ്ധ്യത്തിനനുസരിച്ച് പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനോ സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളിൽ ജോലി ചെയ്യുന്നതിനോ അല്ലെങ്കിൽ മറ്റുതരത്തിൽ ഈ വ്യവസായങ്ങളുടെ ഭാഗമാകാനോ താത്പര്യമുള്ളവർക്ക് രജിസ്ട്രേഷൻ നടത്തുന്നതിലേക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റായ www.industry.kerala.gov.in-ൽ ഒരു ഓൺലൈൻ പ്രവാസി പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ടി പോർട്ടലിൽ 2805 പ്രവാസികൾ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്ക് ആവശ്യമായ സഹായം ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകിവരുന്നു. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന പ്രവാസികളെ പ്രത്യേക വിഭാഗത്തിലേക്ക് മാറ്റുകയും നിക്ഷേപ സബ്സിഡി ജനറൽ വിഭാഗത്തിനുള്ള 15% -ന് പുറമേ 10% അധിക സബ്സിഡി പരമാവധി 30 ലക്ഷം രൂപ വരെ പ്രവാസികൾ ആരംഭിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾക്ക് അനുവദിച്ചുവരുന്നുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട സംരംഭകർക്ക്, അവർക്ക് താത്പര്യമുള്ള സ്ഥലങ്ങളിൽ സംരംഭം ആരംഭിക്കാവുന്നതാണ്. നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള പരിഗണന നിലവിലില്ല.

### നിക്ഷേപ സൗഹൃദ പദ്ധതി

121(390) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുവാൻ വ്യവസായ വകുപ്പ് നിക്ഷേപ സൗഹൃദ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനുമുതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. 2018-ലെ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (NIC) വഴി കേരള സംസ്ഥാന വ്യവസായ

വികസന കോർപ്പറേഷൻ (KSIDC) ആണ് K-SWIFT ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. ഈ സംവിധാനംവഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനംവഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടികളുടെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിലെ ദേശീയ റാങ്കിംഗിൽ സംസ്ഥാനത്തിന്റെ നിലവിലെ റാങ്ക് ഏറ്റവും മുകളിലത്തെ അഞ്ചിലൊന്നായി മെച്ചപ്പെടുത്തുന്നതിന് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) 2019-ൽ പ്രസിദ്ധീകരിച്ച റാങ്കിംഗിൽ കേരളം 28- ാം സ്ഥാനത്താണ് കാണുന്നത്. കേരളത്തിന് പ്രത്യേകമായുള്ള ചില

സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുക്കാതെയുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരമാണ് ദേശീയ റാങ്കിംഗിൽ പിന്നോട്ടുപോയിട്ടുള്ളതെന്ന് വില യിരുത്തിയിട്ടുണ്ട്. 2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.-ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം സംരംഭകരുടെ ഇടയിൽ നടത്തുന്ന അഭിപ്രായ സർവേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിംഗ് നിശ്ചയിക്കുന്നത്. വ്യവസായികളിൽനിന്നും ശേഖരിക്കുന്ന അഭിപ്രായങ്ങൾ അഥവാ ഫീഡ്ബാക്ക് സർവേ EODB റാങ്കിംഗ് നിശ്ചയിക്കുന്നതിൽ നിർണ്ണായക ഘടകമാകുന്നു. ആയതിനാൽ ഇവ മെച്ചപ്പെടുത്താൻ വ്യവസായ വകുപ്പിന്റെ കോൾ സെന്റർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ വ്യവസായ അന്തരീക്ഷം കൂടുതൽ സൗഹാർദ്ദ പരമാക്കുവാൻ കൂടുതൽ പരിഷ്കാരങ്ങൾ ഈ മേഖലയിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനായി പുതിയ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായികളിൽനിന്നും സംരംഭകരിൽനിന്നും ലഭിക്കുന്ന പരാതികളും നിവേദനങ്ങളും ഫലപ്രദമായി തീർപ്പാക്കുന്നതിനുവേണ്ടി ഒരു ഏക ജാലക സംവിധാനം ആവിഷ്കരിക്കാനും ഇതിനുവേണ്ടി ഒരു സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിക്ക് പിൻബലം നൽകുന്നതിനായി നിയമത്തിന്റെ കരട് രൂപീകരിക്കുന്നതിനായി വ്യവസായ-നിയമ-തദ്ദേശസ്വയംഭരണ വകുപ്പുസെക്രട്ടറിമാർ അടങ്ങുന്ന സമിതി 31-5-2021-ലെ G.O.(Rt)No.523/2021/ID പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## തുടങ്ങനാട്ടിൽ കിൻഫ്ര പ്രവർത്തനങ്ങൾ

122(391) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊടുപുഴ മുട്ടം വില്ലേജിലെ തുടങ്ങനാട്ടിൽ കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്?

തൊടുപുഴയിലെ മുട്ടത്ത് സ്ഥാപിക്കുന്ന സ്പൈസസ് പാർക്ക് 15 ഏക്കർ (ഒന്നാംഘട്ടം) വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കേന്ദ്ര ചെറുകിട-ഇടത്തരം മന്ത്രാലയത്തിന്റെ ക്ളസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി 5.76 കോടി ധനസഹായത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ മേഖലയ്ക്ക് ആവശ്യമായ പൊതു അടിസ്ഥാന സൗകര്യങ്ങളായ റോഡ്, വൈദ്യുതി, മാലിന്യ സംസ്കരണ സംവിധാനം, Testing lab എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർദ്ധന ഉത്പന്നങ്ങളാണ് ലക്ഷ്യമിടുന്നത്. പാർക്കിലെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇതിനോടകം എത്ര ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്; സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കാൻ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

ഇതിനോടകം 33 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. 15 ഏക്കർ ഭൂമിയിൽ ഒന്നാംഘട്ട വികസനത്തിനുള്ള കർമ്മപരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. 18 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## കിൻഫ്ര വ്യവസായ പാർക്ക്

123(392) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിലെ ഏനാദിമംഗലം പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കിൻഫ്ര വ്യവസായ പാർക്കിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അടൂർ ഏനാദിമംഗലത്ത് സ്ഥാപിച്ച കിൻഫ്ര വ്യവസായ പാർക്കിൽ നിലവിൽ 32 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പുതുതായി വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്ന എല്ലാ സംരംഭകർക്കും സമയബന്ധിതമായിതന്നെ ഭൂമി അലോട്ട് ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളത്

## സൈബർ പാർക്കിനായി നീക്കിവെച്ച ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

124(393) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ പുല്ലുപാറയിൽ സൈബർ പാർക്കിനായി നീക്കിവച്ച ഭൂമി കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ?

എരമത്തെ സ്ഥലത്തിന്റെ വില ഐ.ടി. പാർക്കുകളിൽ സർക്കാർ ഓഹരിയായി കണക്കാക്കുവാൻ റവന്യൂ വകുപ്പ് ഉത്തരവായിട്ടുള്ളതിനാൽ പ്രസ്തുത സ്ഥലം കിൻഫ്ര വിലയ്ക്കുവാങ്ങി വ്യവസായ പാർക്കുണ്ടാക്കുന്നത് പ്രായോഗികമല്ലെന്ന് ഐ.ടി. വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വിലനിർണ്ണയം സംബന്ധിച്ച വിഷയം ഐ.ടി. വകുപ്പിന്റെ പരിഗണനയിലാണ്.

## കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതി

125(394) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

കിഫ്ബി മുഖേന കിൻഫ്ര നടപ്പിലാക്കുന്ന പെട്രോകെമിക്കൽ പാർക്ക് പദ്ധതിയുടെ മാസ്റ്റർ പ്ളാൻ തയ്യാറാക്കുന്നതിനായി ഹൈദരാബാദ് ആസ്ഥാനമായ M/s.Voyants Consultants-നെ ചുമതലപ്പെടുത്തുകയും അവർ project report-ഉം master plan-ഉം തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. M/s.BPCL പ്രസ്തുത പാർക്കിലെ Anchor Investor ആണ്. 170 ഏക്കർ ഭൂമി BPCL-ന്റെ വികസനത്തിനായി കിൻഫ്ര അലോട്ട് ചെയ്തുകഴിഞ്ഞു. പ്രസ്തുത പാർക്കിന്റെ ശിലാസ്ഥാപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ഫെബ്രുവരി 9-ാം തീയതി നിർവ്വഹിച്ചു. തദവസരത്തിൽ പ്രസ്തുത പാർക്കിൽ 45 ഏക്കർ ഭൂമി 16 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് Letter of Intimation നൽകുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; അറിയിക്കാമോ?

പ്രസ്തുത പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതി പ്രാവർത്തികമാകുന്നതോടുകൂടി എത്ര കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും എത്ര തൊഴിലവസരങ്ങളും ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതി പ്രവർത്തനസജ്ജമാകുമ്പോൾ 9,900 കോടി രൂപയുടെ നിക്ഷേപവും പ്രത്യക്ഷമായും പരോക്ഷമായും 10,312 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായ പദ്ധതികൾ

126(395) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം സൂക്ഷ്മ -ചെറുകിട- ഇടത്തരം മേഖലയിലുള്ള സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, പ്രവർത്തന രഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കുന്ന Revival and rehabilitation scheme for defunct MSMEs and cashew processing units, The Kerala stressed MSMEs Revival & Rehabilitation Scheme എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. ഇതുകൂടാതെ കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000 രൂപ മുതൽ പരമാവധി 60,000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്.

(ബി) ഇത്തരം വ്യവസായ യൂണിറ്റുകളുടെ രജിസ്ട്രേഷൻ, വായ്പ, ഗ്രാന്റ്, മൂലധനം എന്നിവയ്ക്കായുള്ള നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിൽനിന്നുള്ള ലൈസൻസ്, ഫാക്ടറീസ് ആൻഡ് ബോയ്ലേഴ്സ്, ഫയർ ആൻഡ് സേഫ്റ്റി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് അനുമതി മുതലായവ ആവശ്യമാണ്. നഗര ഗ്രാമാസൂത്രണ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, ഭക്ഷ്യ സുരക്ഷാ അതോറിറ്റി, വനം വകുപ്പ്, ജൈവ വൈവിധ്യ ബോർഡ്, കേരള തീരദേശ പരിപാലന അതോറിറ്റി മുതലായവരുടെ ലൈസൻസുകൾ സാഹചര്യാനുസരണം ആവശ്യമാണ്. ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നതിലേക്കായി ഏകജാലക സംവിധാനമായ കെ-സിഫ്റ്റ് (K-Swift) ഓൺലൈൻ പോർട്ടൽ നിലവിലുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി, മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള കേരള സൂക്ഷ്മ -ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വായ്പ ആവശ്യമുള്ള വ്യവസായ സ്ഥാപനങ്ങൾക്ക് ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ട് സഹിതം ജില്ലാ വ്യവസായ കേന്ദ്രത്തെ സമീപിക്കാവുന്നതാണ്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് അതിന്റെ സാമ്പത്തിക- സാങ്കേതിക റിപ്പോർട്ട് സഹിതം, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിലേക്ക് ശിപാർശ ചെയ്യുന്നതാണ്. വായ്പ മുഖേനയും, അല്ലാതെ സ്വന്തം നിക്ഷേപം ഉപയോഗിച്ചും ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സംരംഭ സഹായ പദ്ധതി (ESS) മുഖേന സബ്സിഡിക്കുള്ള അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രത്തിലേക്ക് ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. വായ്പാബന്ധിത പ്രോജക്ടുകൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതിയായ PMEGP, സംസ്ഥാന സർക്കാർ പദ്ധതിയായ Margin Money Grant to Nano Units എന്നീ പദ്ധതികളും നിലവിലുണ്ട്.

(സി) ചെറുകിട വ്യവസായ യൂണിറ്റുകൾക്കുള്ള സഹായ പദ്ധതി, പരിശീലന പരിപാടി, വൈദഗ്ധ്യ വികസന പരിപാടികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സംരംഭകർക്കുള്ള ബോധവത്കരണ സെമിനാറുകൾ, 15 ദിവസത്തെ സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ എറണാകുളം കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (കീഡ്) നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നടപ്പാക്കി വരുന്നുണ്ട്.

## പനമ്പ്, നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

127(396) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് മുളയും ഈറയും കിട്ടാത്തതുമൂലം പനമ്പ് നെയ്ത്ത് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ സംസ്ഥാന ബാംബൂ കോർപ്പറേഷൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കുമോ?

പനമ്പ് നെയ്ത്ത് തൊഴിലാളികൾ പ്രധാനമായും ആശ്രയിക്കുന്നത് വനത്തിൽനിന്നും കിട്ടുന്ന ഈറ്റയാണ്. വനത്തിൽനിന്നും ഈറ്റ സൗജന്യമായി ലഭിക്കുകയാണെങ്കിലും ഒരു കെട്ട് ഈറ്റ വെട്ടി തൊഴിലാളികൾക്ക് ലഭ്യമാക്കുമ്പോൾ കോർപ്പറേഷന് 250 രൂപ ചെലവ് വരുമെങ്കിലും ഈറ്റ തൊഴിലാളികൾക്ക് 54 രൂപയ്ക്കാണ് നൽകിവരുന്നത്. അടിക്കടി ഉണ്ടാകുന്ന വെള്ളപ്പൊക്കവും കോവിഡും കാരണം ഉദ്ദേശിക്കുന്ന രീതിയിൽ ഈറ്റ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും വനത്തിൽ കോർപ്പറേഷൻ കൂടുതൽ തുക ചെലവഴിച്ച് പല റോഡുകളും പുനർനിർമ്മിക്കുകയും തൊഴിലാളികളെ ഉൾ വനപ്രദേശങ്ങളിൽ കോർപ്പറേഷന്റെ ചെലവിൽ എത്തിക്കുകയും ചെയ്ത് ഈറ്റ വെട്ടിയെടുക്കുവാൻ ശ്രമിച്ചിട്ടുണ്ട്. ഇതുമൂലം നെയ്ത്ത് തൊഴിലാളികൾക്ക് ജോലി ചെയ്യുന്ന ദിവസങ്ങളിൽ ഒരു പരിധിവരെ ഈറ്റ നല്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ ഇവരുടെ പനമ്പ് നെയ്ത്ത് കൂലി കൂട്ടിയിട്ടുള്ളതുമാണ്. മുഴുവൻ പനമ്പ് നെയ്ത്ത് തൊഴിലാളികളെയും ഈറ്റ-തഴ-കാട്ടുവള്ളി ക്ഷേമനിധി ബോർഡിന്റെ ഭാഗമാക്കി സർക്കാരിൽനിന്ന് അവർക്ക് ക്ഷേമനിധിയുമായി ബന്ധപ്പെട്ട തുക ലഭ്യമാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ ഭാഗമായി മുൻ കാലങ്ങളിൽ ലഭിക്കാനുള്ള ഡി.എ. കുടിശ്ശിക 1.5 കോടി രൂപയോളം ഈ കാലയളവിൽ അവർക്ക് നൽകിയിട്ടുണ്ട്. ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ലോക്ഡൗൺ കാലയളവിൽ അവർ ആവശ്യപ്പെട്ടതനുസരിച്ച് 500 രൂപ വീതം അഡ്വാൻസ് ആയി നല്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വ്യാപകമായ രീതിയിൽ മുള വച്ചു പിടിപ്പിക്കുന്നതിന് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. കോർപ്പറേഷൻ 2017-18 കാലയളവിൽ കേരള സംസ്ഥാന ബാംബൂ മിഷൻ വഴി മുള വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും 588 ഹെക്ടർ സ്ഥലത്ത് മുള വച്ചുപിടിപ്പിക്കുന്നതിനുള്ള അനുവാദം ലഭിച്ചിട്ടുള്ളതുമാണ്. ഇതിന്റെ ഭാഗമായി ആറളം ഫാമിൽ 200 ഏക്കറും അലിഗർ യൂണിവേഴ്സിറ്റിയിൽ 125 ഏക്കറും ലഭ്യമാക്കുന്നതിനുവേണ്ട കരാർ വച്ചിട്ടുള്ളതാണ്. ഇതുകൂടാതെ കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ മുള വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് എത്ര ദിവസം തൊഴിൽ നൽകുന്നതിനാണ് നിലവിൽ കോർപ്പറേഷന് സാധിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഒരു വർഷത്തിൽ ഏകദേശം 200-ൽ കൂടുതൽ പ്രവൃത്തിദിനങ്ങളിലെങ്കിലും പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ഈറ്റ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) കോവിഡാനന്തര കാലത്ത് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്കായി ഏതെങ്കിലും തരത്തിലുള്ള ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഈറ്റ വെട്ട് - പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ലോക്ഡൗൺ കാലയളവിൽ 500 രൂപ വീതം അഡ്വാൻസായി നൽകിയിട്ടുള്ളതാണ്. പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ വീടുകളിൽ ഈറ്റ എത്തിച്ച് കൊടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു. ഈറ്റ വെട്ട്-പനമ്പ് നെയ്ത്ത് തൊഴിലാളികളെ ഈറ്റ-തഴ-കാട്ടുവള്ളി ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തി 1,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. കോവിഡിനുശേഷം പനമ്പിന്റെ വില കൂട്ടി നൽകിയിട്ടുണ്ട്.

## കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ ചെറുകിട വ്യവസായക്കാരുടെ സംരക്ഷണം

128(397) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായ ചെറുകിട വ്യവസായക്കാരെ സംരക്ഷിക്കുന്നതിനുവേണ്ടി പുതിയ പദ്ധതികൾ ആലോചനയിലുണ്ടോ?

ഉണ്ട്. കോവിഡ് സാഹചര്യത്തിൽ പ്രതിസന്ധിയിലായ ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കോവിഡിന്റെ ആദ്യതരംഗം രൂപപ്പെട്ട 2020-21 വർഷം മുതൽ സംസ്ഥാന സർക്കാർ 'വ്യവസായ ഭദ്രത' പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and Working Capital Loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ എം.എസ്.എം.ഇ. യൂണിറ്റുകൾ എടുത്തിട്ടുള്ള വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan & Working Loan) 30,000 രൂപ പരമാവധി 60,000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്.

(ബി) വയനാട് ജില്ലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവ്വം പരിഗണിക്കാമോ?

വ്യവസായ പ്രോത്സാഹനത്തിനായുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികൾ വയനാട് ജില്ലയിൽ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ, ജില്ലയിൽ സംരംഭകരിലൂടെ 500 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കാൻ വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യമിടുന്നു. ഇതിലൂടെ 32 കോടി രൂപ നിക്ഷേപവും 1750-ഓളം തൊഴിലവസരങ്ങളും പ്രതീക്ഷിക്കുന്നു.

## ആറ്റിങ്ങൽ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിന്റെ പുനരുദ്ധാരണ പാക്കേജ്

129(398) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ആലംകോട് കേന്ദ്രമായി പ്രവർത്തിച്ചിരുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണസംഘത്തിൽ നടപ്പിലാക്കുന്ന പുനരുദ്ധാരണ പാക്കേജ് ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പുനരുദ്ധാരണത്തിനായി പദ്ധതികളൊന്നും നിലവിലില്ല. വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന് വിവിധ ഇനങ്ങളിലായി റവന്യൂ റിക്കവറി കുടിശ്ശിക ഇനത്തിലെ 18 ലക്ഷം രൂപ ഉൾപ്പെടെ ഏകദേശം 40 ലക്ഷത്തോളം രൂപയുടെ ബാധ്യത നിലനിൽക്കുന്നുണ്ട്. പ്രസ്തുത റവന്യൂ റിക്കവറിയുടെ ഭാഗമായുള്ള ജപ്തി നടപടിയിന്മേൽ സ്റ്റേ അനുവദിക്കുന്നത് സംബന്ധിച്ചുള്ള വിഷയം റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

## യുവ സംരംഭകർക്കുള്ള പ്രോത്സാഹനങ്ങൾ

130(399) <u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>:
<u>ശ്രീ. എച്ച്. സലാം</u>: താഴെകാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ തയ്യാറായി എത്തുന്ന യുവ സംരംഭകർക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിൽ നൂതന വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ എത്തുന്ന യുവസംരംഭകർക്കുവേണ്ടി വ്യവസായ വാണിജ്യ വകുപ്പ് മുഖേന ബ്ലോക്ക്, താലൂക്ക്, ജില്ലാ തലങ്ങളിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും എറണാകുളം കളമശ്ശേരിയിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റിന്റെ (കീഡ്) നേതൃത്വത്തിലും സംരംഭകത്വത്തിന്റെ വിവിധ മേഖലകൾ ഉൾപ്പെടുത്തി പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ സംരംഭകർക്ക് നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിനുള്ള മെഷീനറി എക്സ്പോ, ബാങ്കുകളിൽ നിന്നും മറ്റുമുള്ള സേവനങ്ങൾ സുഗമമാക്കാൻ ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവയും നടത്തിവരുന്നുണ്ട്. വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നിവയിലൂടെയും യുവ സംരംഭകർക്ക് പ്രോത്സാഹനവും സഹായവും അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ കേരളത്തിലെ യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കെ.എസ്.ഐ.ഡി.സി. ധനസഹായ പദ്ധതിയായ പ്രാരംഭമൂലധന സഹായം (സീഡ് ഫണ്ട് സഹായം) നടപ്പിലാക്കിവരുന്നുണ്ട്. മേൽപ്പറഞ്ഞവയ്ക്ക് പുറമേ, തങ്ങളുടെ ഉത്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് 50 ലക്ഷം രൂപവരെ നൽകുന്ന "സ്കെയിൽ അപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി. നടപ്പിലാക്കിവരുന്നു. സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ കോഴിക്കോട് പ്രവർത്തിക്കുന്ന ബിസിനസ് ഇൻകുബേഷൻ സെന്റർ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാർ നടപ്പിലാക്കിയ 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്.

(സി) പുതിയ സംരംഭകർക്ക് സഹായകരമാകുന്ന രീതിയിൽ വ്യവസായ വകുപ്പിന്റെ സേവനങ്ങൾ നിലവിൽ ഏകജാലകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉണ്ട്. 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ' നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് എല്ലാവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച നാൾ മുതൽ 30 ദിവസത്തിനുള്ളിൽ എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. 2012 മുതൽ നടപ്പിലാക്കിവരുന്ന വ്യവസായ വകുപ്പിന്റെ ഏറ്റവും സുപ്രധാന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതി ഏകജാലക സംവിധാനവുമായി ഏകോപിപ്പിച്ചിട്ടുണ്ട്.

## തഴപ്പായ വ്യവസായത്തിന്റെ സംരക്ഷണം

131(400) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ ഒരു അപൂർവ്വ കലയായ തഴപ്പായനിർമ്മാണത്തിന്റെ കേന്ദ്രമായ തഴവയിലെ തഴപ്പായയ്ക്ക് ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ രജിസ്ട്രേഷൻ അടക്കമുള്ളവ നൽകി അതിന്റെ അപൂർവ്വത അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ തൊഴിൽ സംരക്ഷിക്കാൻ വ്യവസായ വകുപ്പ് നടത്തുന്ന പരിപാടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തഴപ്പായ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രത്യേക പദ്ധതികളൊന്നും വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടില്ല. തഴപ്പായയിലുള്ള കരകൗശല ഉത്പന്നങ്ങൾ നവീകരിച്ച് ഉത്പാദിപ്പിക്കുന്നതിനായി ഇന്റഗ്രേറ്റഡ് ഡിസൈൻ ഡെവലപ്മെന്റ് വർക്ക്ഷോപ്പ് കേരള കരകൗശല വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) തഴപ്പായ-കാട്ടുവള്ളി ക്ഷേമനിധി ബോർഡ് നിലവിൽ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; അതിൽ കേരളത്തിൽ എത്രപേർ ക്ഷേമനിധി അംഗത്വം എടുത്തിട്ടുണ്ടെന്നും അവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുന്നുണ്ടെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

കേരള ഈറ്റ- കാട്ടുവള്ളി- തഴപ്പായ തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലും നൈപുണ്യവും വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. ബോർഡിൽ 67750 തഴപ്പായ തൊഴിലാളികൾ അംഗത്വമെടുത്തിട്ടുണ്ട്. അവർക്ക് പെൻഷൻ, സാമ്പത്തിക താങ്ങൽ, വിവാഹ ധനസഹായം, പ്രസവ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം, അവശതാ പെൻഷൻ എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു.

## കോവിഡ് കാലഘട്ടത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ

132(401) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളുചെത്ത്, മത്സ്യം, കയർ, കക്കവ്യവസായംപോലുള്ള പരമ്പരാഗത മേഖലകളിൽ കോവിഡ് കാലഘട്ടത്തിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

ലോക്ക്ഡൗൺമൂലം കള്ളുചെത്ത് മേഖലയിൽ തൊഴിൽരഹിതരായ തൊഴിലാളികൾക്ക് കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽ നിന്നും അൺ എംപ്ലോയ്മെന്റ് ലോൺ ഇനത്തിൽ 10090 തൊഴിലാളികൾക്ക് 10,000 രൂപ വീതം ആകെ 10,05,83,700 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഒന്നാം ഘട്ട രോഗവ്യാപന പശ്ചാത്തലത്തിൽ കള്ള് വ്യവസായ ക്ഷേമനിധി അംഗങ്ങളായ 14368 തൊഴിലാളികൾക്ക് 5000 രൂപ വീതം ആകെ 7,18,40,000 രൂപയും ഓണത്തോടനുബന്ധിച്ചുള്ള ആശ്വാസ ധനസഹായമായി 14088 തൊഴിലാളികൾക്ക് 1000 രൂപ വീതം 1,40,88,000 രൂപയും ധനസഹായമായി തൊഴിൽ വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥ മുന്നറിയിപ്പ്, കോവിഡ് ആദ്യ ഘട്ടം എന്നിവയാൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നതിനായി SDRF പ്രകാരം 31.12 കോടി രൂപയും CMDRF പ്രകാരം 5 കോടി രൂപ ഉൾപ്പെടെ 36.12 കോടി രൂപ 2020-21-ൽ അനുവദിച്ചിരുന്നു. ഈ വർഷം സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം കടൽ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 157573 മത്സ്യത്തൊഴിലാളികൾക്ക് ആദ്യ ഗഡു വിതരണം ചെയ്യുന്നതിന് മേയ് മാസത്തിൽ 22.49 കോടി വിതരണം ചെയ്തിരുന്നു. കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ് എന്നിവമൂലം ദുരിതം അനുഭവിക്കുന്ന തീരദേശ സമൂഹത്തിനായി ഭക്ഷ്യസാധനങ്ങളും മാസ്ക്, സാനിറ്റൈസർ എന്നിവ ഉൾപ്പെടെ 20 ഇനങ്ങളുടെ കിറ്റ് റേഷൻ കടകൾവഴി നൽകുന്നതിന് മത്സ്യബന്ധന വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ വ്യവസായ മേഖലയിൽ കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ

സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്കും അവരുടെ വീടുകളിൽ ചകിരി, കയർഫെഡ് എത്തിച്ചുകൊടുക്കുകയും കയർ സംഭരിച്ച് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംഘങ്ങൾക്ക് കയർവില മുടക്കം കൂടാതെ നൽകുന്നതിനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിനും സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ ലഭ്യമാക്കിയിരുന്നു. ഈ തുകകൂടി ലഭിച്ചതോടെ കൂലിയിലെ സർക്കാർ വിഹിതവും പൂർണ്ണമായി നൽകുന്നതിന് സാധിച്ചു. കയർ തൊഴിലാളി ക്ഷേമനിധിബോർഡിലെ അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും കോവിഡ് സമാശ്വാസമായി 1,000 രൂപ വീതം അനുവദിക്കുന്നതിനായി സർക്കാർ 10 കോടി രൂപ അനുവദിക്കുകയുണ്ടായി.

(ബി) പ്രസ്തുത പരമ്പരാഗത വ്യവസായങ്ങളെ പ്രതിസന്ധിയിൽനിന്ന് കരകയറ്റാനും പുതിയ സാഹചര്യങ്ങളിലെ വെല്ലുവിളി അതിജീവിക്കാനും ഈ മേഖലയിലെ തൊഴിലാളികളെ പ്രാപ്തരാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരി ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവത്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. ഇതുവഴി കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന കൈവരിക്കാനാകുമെന്ന് കരുതുന്നു. എൻ.സി.ഡി.സി.-യിൽനിന്നും 200 കോടി രൂപ കയർ രണ്ടാം പുനഃസംഘടനയ്ക്കായി അനുവദിക്കുകയും 110 കോടി രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിമൂലം പ്രതിസന്ധിയിലായ മറ്റ് പരമ്പരാഗത വ്യവസായങ്ങളെയും പുനരുജ്ജീവിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ നിർമ്മാണം

133(402) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം ആരംഭിക്കുമെന്ന പ്രകടനപത്രികാ വാഗ്ദാനം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ;

&

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

തെങ്ങിൻ തടി ഉപയോഗിച്ചുള്ള ഫർണിച്ചർ വ്യവസായം ആരംഭിച്ചിട്ടില്ല.

## കണ്ണമ്പ്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ

134(403) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിലെ പാലക്കാട് ജില്ലയിലെ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര വ്യവസായ പാർക്ക് ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പുരോഗതി അറിയിക്കാമോ?

കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ കണ്ണമ്പ്രയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ 19(1) Draft Declaration പ്രസിദ്ധീകരിച്ചിട്ടുണ്ട്. Detailed Valuation Statement തയ്യാറാക്കിയിട്ടുണ്ട്. 24-2-2021-ൽ ജില്ലാതല വില നിർണ്ണയ സമിതിയുടെ യോഗം ചേരുകയും അനുമതിക്കായി സംസ്ഥാനതല സമിതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളതുമാണ്. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത വ്യവസായ പാർക്കിൽ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന വ്യവസായ സംരംഭങ്ങളാണ് ആരംഭിക്കുവാൻ പോകുന്നതെന്ന് അറിയിക്കുമോ?

പ്രസ്തുത പാർക്കിൽ ഭക്ഷ്യസംസ്കരണം, മെഡിക്കൽ ഡിവൈസുകൾ, പി.വി.സി. പൈപ്പുകൾ, മെഷിനറി ഉത്പാദനം, പാക്കേജിംഗ്, ലോജിസ്റ്റിക്സ് ഉൾപ്പെടെയുള്ള എല്ലാ പരിസ്ഥിതി സൗഹൃദ വ്യവസായ ഉത്പന്നങ്ങൾക്കും നിക്ഷേപ സാധ്യതയുണ്ട്.

(സി) പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ പ്രത്യക്ഷമായും പരോക്ഷമായും എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്ര, ഒഴലപ്പതി, പുതുശ്ശേരി-I, പുതുശ്ശേരി-II, കൊച്ചിയിലെ GIFT City എന്നിവയിൽ ആകെ 10,000 കോടി രൂപയുടെ നിക്ഷേപവും പ്രത്യക്ഷത്തിൽ 20,000 പേർക്കും പരോക്ഷമായി 80,000 പേർക്കും തൊഴിലവസരങ്ങൾ ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

## കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി

135(404) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെകാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 -ൽ ആരംഭിച്ച കൊച്ചി - ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; നാളിതുവരെ എത്രകോടി രൂപ ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ചു എന്നത് ഇനം തിരിച്ച് വ്യക്തമാക്കുമോ?

കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആൻഡ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ, ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും, പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഡിസംബർ 2021 ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻവേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും അതനുസരിച്ചുള്ള തുടർ നടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് നിശ്ചയിച്ചിരുന്നെങ്കിലും കോവിഡ് പ്രതിസന്ധി കാരണം ഹിയറിംഗ് മാറ്റിവച്ചിരിക്കുകയാണ്. എന്നിരുന്നാലും ടി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി - ബാംഗ്ളൂർ വ്യവസായ ഇടനാഴി പദ്ധതിക്കായി KSIDC മുഖേന ഇതുവരെ 3.599 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു. Particulars Amount (in

Rs.) Consultancy Fee paid to Price Water Coopers- 3,46,58,960 Advertisement Expenses-10,53,953 Printing, Travelling & Other Misc. Expenditure-2,79,591 Total Expenditure-3,59,92,504 ഇതിൽ പദ്ധതിയുടെ കൺസൾട്ടൻസി ചാർജ്ജായി നല്കിയിട്ടുള്ള 3.466 കോടി രൂപ NICDIT കെ.എസ്.ഐ.ഡി.സി.-ക്ക് തിരികെ നല്കിയിട്ടുണ്ട്. പാലക്കാട്/ആലത്തൂർ/കണ്ണമ്പ്രയിൽ 312 ഏക്കറിനുവേണ്ടി 346 കോടി രൂപ L.A. Special Tahasildar-ക്കായി നിക്ഷേപിച്ചിട്ടുണ്ട്.

## വ്യാവസായിക ഇടനാഴി

136(405) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പൂർണ്ണ വ്യാവസായിക വികസനത്തിനായി കൊച്ചി-ബാംഗ്ളൂർ വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി എത്ര ഏക്കർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്?

(എ&ബി) കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഒരു നോഡായി വികസിപ്പിക്കാനുദ്ദേശിക്കുന്ന പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ, ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൊച്ചി-ബാംഗ്ളൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന GIFT സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 ഹെക്ടർ (543 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കുകയും തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹികാഘാത പഠനം പുരോഗമിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട് പബ്ളിക് ഹിയറിംഗ് നിശ്ചയിച്ചിരുന്നെങ്കിലും കോവിഡ് പ്രതിസന്ധി കാരണം ഹിയറിംഗ് മാറ്റിവച്ചിട്ടുണ്ട്. ഡിസംബർ 2021- ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത ഇടനാഴി പ്രവർത്തനമാരംഭിക്കുമ്പോൾ എത്ര കോടി രൂപയുടെ നിക്ഷേപവും എത്ര തൊഴിലവസരവും സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്?

പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമ്പോൾ അഞ്ച് വർഷത്തിനുള്ളിൽ 10,000 കോടി രൂപയുടെ നിക്ഷേപവും പ്രത്യക്ഷത്തിൽ 20,000 പേർക്കും പരോക്ഷമായി 80,000 പേർക്കും തൊഴിലവസരങ്ങളും ലഭിക്കുമെന്നാണ് കണക്കാക്കപ്പെടുന്നത്.

## ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക്

137(406) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂർ ഇലക്ട്രോണിക് പാർക്ക് പൂർത്തിയാക്കാൻ മുൻ സർക്കാരിന് സാധിച്ചിരുന്നോ;

(ബി) വിശദാംശങ്ങൾ നൽകാമോ?

(എ&ബി) ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിനായി 17-11-2011-ലെ G.O.(Rt.) No.1439/2011/ID പ്രകാരം 334 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ ഭരണാനുമതി നല്കിയിരുന്നു. തുടർന്ന് 18.12.2014 -ലെ G.O.(Rt.) No.6338/2014/RD പ്രകാരം കണയന്നൂർ താലൂക്കിലെ ആമ്പല്ലൂർ വില്ലേജിലെ ബ്ലോക്ക് 22-ൽ ഉൾപ്പെട്ട 100 ഏക്കർ ഭൂമി നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി സർക്കാർ ഉത്തരവാകുകയും ചെയ്തു. ഏറ്റെടുക്കേണ്ട ഭൂമി നിലമായി കിടക്കുന്നതിനാൽ സ്ഥല പരിവർത്തനത്തിന് തത്വത്തിലുള്ള അനുമതി 11-9-2015-ലെ സ.ഉ.(എം.എസ്.)നമ്പർ150/2015/കൃഷി നമ്പർ ഉത്തരവ് പ്രകാരം കൃഷി വകുപ്പ് നൽകുകയുണ്ടായി. പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിന് നാളിതുവരെ 54.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഇതുവരെ 19.03 കോടി രൂപയ്ക്ക് 11.87 ഏക്കർ സ്ഥലം കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്തു. കെ.എസ്.ഐ.ഡി.സി.-യുടെ പേരിൽ നെഗോഷ്യേറ്റഡ് പർച്ചേസ് ചെയ്യുമ്പോൾ ഭീമമായ തുക രജിസ്ട്രേഷൻ ചാർജ്ജ് ഇനത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും ചെലവാകുമെന്നതിനാൽ 30-7-2018-ലെ സ.ഉ.(സാധാ) നമ്പർ555/2018/നി.വ. ഉത്തരവ് പ്രകാരം ഇലക്ട്രോണിക് ഹാർഡ്‌വെയർ പ്രോജക്ടിനായി 100 ഏക്കർ ഭൂമി രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയിൽ നിന്നും രജിസ്ട്രേഷൻ ഫീസിൽനിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 10-3-2020-ൽ അന്നത്തെ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന

അവലോകന യോഗത്തിൽ പ്രസ്തുത പാർക്കിനായി കണ്ടെത്തിയിട്ടുള്ള സ്ഥലത്തിന്റെ അനുയോജ്യത സംബന്ധിച്ച് ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തുവാൻ തീരുമാനിക്കുകയും കെ.എസ്.ഐ.ഡി.സി.-യെ വിദഗ്ദ്ധ കമ്മിറ്റി രൂപീകരിക്കുന്നതിനായി ചുമതലപ്പെടുത്തുകയും ചെയ്തു. പി.ഡബ്ല്യു.ഡി., എൻവയോൺമെന്റ് ആൻഡ് ക്ലൈമറ്റ് ചെയ്ഞ്ച് ഡിപ്പാർട്ട്മെന്റ്, കിറ്റ്കോ, മലിനീകരണ നിയന്ത്രണ ബോർഡ്, റവന്യൂ ഡിപ്പാർട്ട്മെന്റ്, മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റ് എന്നിവയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി അംഗങ്ങൾ സ്ഥല പരിശോധന നടത്തുകയും അതിന്മേൽ ഇപ്പോൾ പഠനം നടത്തിവരികയുമാണ്.

## ചീമേനിയിലെ വ്യവസായ പാർക്ക്

138(407) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ അനുവദിച്ചുകൊണ്ട് ബഡ്ജറ്റ് പ്രഖ്യാപനം നടത്തുകയും പ്രാരംഭമായി 20 കോടി രൂപയുടെ 20% എന്ന നിലയിൽ 4 കോടി രൂപ വകയിരുത്തുകയും ചെയ്ത ചീമേനിയിലെ വ്യവസായ പാർക്ക് പ്രാവർത്തികമാക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഈ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഐ.ടി. വകുപ്പിന്റെ കൈവശമുള്ള സ്ഥലം വ്യവസായ പാർക്ക് ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതാണ്.

## പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്

139(408) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ വ്യക്തികൾ ആരംഭിക്കുന്ന പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്കിന് ഭൂപരിഷ്കരണ ചട്ടങ്ങളിൽ ഇളവ് വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് 20/06/17-ലെ G.O(Ms) No. 47/2017/ID ഉത്തരവിൽ അനുബന്ധമായി ചേർത്തിരിക്കുന്ന ചട്ടക്കൂടിലെ ക്രമനമ്പർ 5(2) പ്രകാരം ഭൂപരിഷ്കരണ നിയമത്തിൽ താഴെപ്പറയും പ്രകാരം ഇളവ് അനുവദിച്ചിട്ടുണ്ട്. 5. The Private Industrial Estate (PIE) Developer permit shall confer on the Private industrial Estate Developer (2) exemption u/s 81(3) of the Kerala Land Reforms Act-1963 from ceiling provisions for the PIE property.

(ബി) ഇത്തരം സംരംഭങ്ങൾക്ക് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കുമോ?

പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 20-6-2017-ലെ സ.ഉ.(എം.എസ്) 47/2017/വ്യവ, 14-8-2018-ലെ സ.ഉ.(എം.എസ്) 64/2018/വ്യവ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടുള്ള ഇളവുകളും ആനുകൂല്യങ്ങളും ലഭ്യമാകുന്നതാണ്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*)

**ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിലെ പരിശീലന കോഴ്സുകൾ**

140(409) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മൂന്നുമുക്ക് സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിലെ പരിശീലന കേന്ദ്രത്തിൽ നിലവിൽ ഏതെല്ലാം പരിശീലന കോഴ്സുകളാണ് നടത്തി വരുന്നത്?

National Institute of Electronics and IT -യുടെ 'O' ലെവൽ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും, National Scheduled Caste Finance Development Corporation (NSCFDC)-ന്റെ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്കിംഗ് മാനേജ്മെന്റ് കോഴ്സും, SC/ST വിഭാഗത്തിൽപെട്ടവർക്കായി ഫിനിഷർ ഇൻ ബാംബൂ ഫർണിച്ചർ, ഹാന്റ്ലൂം വീവേഴ്സ് കോഴ്സ് എന്നിവയും നടത്തിവരുന്നു.

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് സ്റ്റീൽ പ്ലാന്റ് കോംപ്ലക്സിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ASPIRE (A Scheme for Promoting Innovation Rural Industries and Entrepreneurship)-ന്റെ ഭാഗമായി വസ്ത്ര, ഭക്ഷ്യ, കാർഷിക മേഖലകളിൽ മൂന്ന് യൂണിറ്റുകൾ തുടങ്ങുന്നതിനും യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ചെറുകിട സംരംഭകർക്ക് ഉത്പന്നങ്ങൾ ഉണ്ടാകുന്നതിനുള്ള പരിശീലനം, യന്ത്രങ്ങൾ നൽകൽ സ്റ്റീൽ കോംപ്ലക്സിലെ യന്ത്രങ്ങൾ ഉപയോഗപ്പെടുത്തുവാനുള്ള അവസരം ഒരുക്കൽ തുടങ്ങിയ പദ്ധതികൾക്ക് പുറമെ നിലവിലുള്ളതും, പുതു സംരംഭകർക്ക് സഹായകരവുമായ LIVELIHOOD INCUBATION പദ്ധതികൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നിർമ്മാണ മേഖലയിലെ പ്രതിസന്ധി

141(410) ശ്രീ. കെ. പി. എ. മജീദ്:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ വസ്തുക്കളുടെ വിലക്കയറ്റം നിർമ്മാണ മേഖലയെ പ്രതികൂലമായി ബാധിച്ച കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

കോവിഡുമൂലമുള്ള ലോക്ക്ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നത് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് തലത്തിൽ കാലതാമസമില്ലാതെതന്നെ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് അനുബന്ധ ലോക്ക്ഡൗണിൽ ഖനന മേഖലയിലെ നിയന്ത്രണങ്ങൾക്ക് ആദ്യഘട്ടത്തിൽത്തന്നെ സർക്കാർ ഇളവ് നൽകിയിരുന്നു. കൂടാതെ കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷം കൂടി ദീർഘിപ്പിച്ചു. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാ തലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

## വ്യവസായ മേഖലയുടെ ആധുനികവത്കരണം

142(412) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റുന്നതിനായി മുൻ സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതികൾ തുടരുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുവാനായി മുൻ സർക്കാർ 7 നിയമങ്ങളിലും 9 ചട്ടങ്ങളിലും ഭേദഗതി വരുത്തി. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായി കെ-സിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതും പുതിയതായി ആരംഭിക്കുന്നതുമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ "സ്വയം സാക്ഷ്യപ്പെടുത്തൽ" വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ട് കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കോൾ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി കംപ്ലയിന്റ് റിഡ്രസൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. നിയമനിർമ്മാണത്തിന്റെ കരട് സമർപ്പിക്കുന്നതിനായി സെക്രട്ടറിതല സമിതിയെ നിയോഗിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന് കീഴിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയും നിരവധി വ്യവസായ സൗഹൃദ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവത്കരണത്തിലൂടെ കൂടുതൽ മികവിലേക്ക് ഉയർത്തുന്നതിനായി എന്തെല്ലാം നിർദ്ദേശങ്ങളാണ് ഈ സർക്കാർ നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഓരോ പൊതുമേഖലാ സ്ഥാപനത്തെയും അതത് മേഖലകളിൽ മത്സരക്ഷമതയുള്ളവയായി മാറ്റുന്നതിന് സർക്കാർ മുൻഗണന നൽകിവരുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകന സംവിധാനങ്ങൾ, ഉത്പാദന പ്രവർത്തനങ്ങൾ എന്നിവ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം, ധനപരമായ പുന:സംഘാടനം എന്നീ പദ്ധതികളോടൊപ്പം വാർഷിക പെർഫോമൻസ് ടാർജറ്റ് ഉൾപ്പെടുത്തിക്കൊണ്ടുള്ള

മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാവിയിൽ സർക്കാർ ധനസഹായം ഇതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും. മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാൻ മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കോർ ഗ്രൂപ്പുകൾ ഉണ്ടാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള ഉത്പന്നങ്ങൾക്ക് പുറമെ അനുയോജ്യമായ വൈവിദ്ധ്യവത്കരണ പദ്ധതികളും തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കമ്പനി തലത്തിലുള്ള മാസ്റ്റർപ്ലാനുകൾ ജൂലൈ 2021-ഓടുകൂടി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വ്യവസായ മേഖലയിൽ നവീകരണത്തിനോടൊപ്പം വൈവിദ്ധ്യ വത്കരണംകൂടി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്ന തെന്ന് അറിയിക്കാമോ?

വ്യവസായ വാണിജ്യ വകുപ്പ് വഴി നടത്തിവരുന്ന സംരംഭക സഹായ പദ്ധതി പ്രകാരം നിലവിലുള്ള സംരംഭങ്ങളുടെ വൈവിധ്യവത്കരണത്തിന്റെ ഭാഗമായുള്ള നിക്ഷേപത്തിന് സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി നിക്ഷേപ സഹായം അനുവദിക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്ക് വൈവിധ്യവത്കരണത്തിന്റെ ഭാഗമായുള്ള സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. സംസ്ഥാനത്തെ സംരംഭകർക്കിടയിൽ നൂതന വ്യവസായ മേഖലകളും ആശയങ്ങളും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുന്നതിനായി ബ്ലോക്ക്/താലൂക്ക്/ജില്ലാതലങ്ങളിൽ വിവിധയിനം പരിശീലന പരിപാടികളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്തും പുറത്തുമുള്ള വിവിധയിനം സാങ്കേതിക സ്ഥാപനങ്ങളുമായി ചേർന്ന് അവരുടെ നൂതനമായ ആശയങ്ങളും സങ്കേതങ്ങളും സംരംഭകരിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. സംരംഭകർക്ക് വൈവിധ്യമായ സാങ്കേതികവിദ്യ പരിചയപ്പെടാനായി സംസ്ഥാനതലത്തിൽ മെഷിണറി എക്സ്പോ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു. കൂടാതെ സംരംഭകർക്ക് വിവിധ നൂതന മേഖലകളിലെ അറിവ് പകർന്നുനൽകുന്നതിനായി രാജ്യത്തെ മികച്ച സംരംഭകത്വ വികസന സ്ഥാപനങ്ങളിൽനിന്നും സാങ്കേതിക സ്ഥാപനങ്ങളിൽനിന്നും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം ലഭ്യമാക്കിവരുന്നു.

## കാട്ടാക്കട താലൂക്ക് വ്യവസായ ഓഫീസ്

143(413) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമാക്കി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

ഉണ്ട്; കാട്ടാക്കട താലൂക്ക് കേന്ദ്രമാക്കി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച്, പ്രവൃത്തി പഠനത്തിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ജീവനക്കാർ-വ്യവസായ വകുപ്പ്

144(414) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളത്.

(ബി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ആകെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(സി) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിലവിൽ സേവനം അനുഷ്ഠിക്കുന്ന പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുമേഖലാ സ്ഥാപനത്തിന്റെ ഓഡിറ്റ്

145(415) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും ഓഡിറ്റ് എന്നുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആഡിറ്റ് പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധം 1*ആയി ചേർക്കുന്നു.

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷം വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും വരുമാനം (ടോട്ടൽ റവന്യൂ) എത്രയെന്നും ചെലവ് (ടോട്ടൽ എക്സ്പെൻഡിച്ചർ) എത്രയെന്നും പ്രവർത്തന

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലാഭവും/പ്രവർത്തന നഷ്ടവും എത്രയെന്നും (പ്രോഫിറ്റ് /ലോസ് ബിഫോർ എക്സ്സെപ്ഷണൽ ആൻഡ് എക്സ്ട്രാ ഓർഡിനറി ഐറ്റംസ് ആൻഡ് ടാക്സ് ഓർ ഓപ്പറേറ്റിംഗ് പ്രോഫിറ്റ് /ലോസ്) വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷം വരെയുള്ള കണക്കുകൾ പ്രകാരം ഓരോ വർഷത്തെയും ലാഭത്തിന്റെയും നഷ്ടത്തിന്റെയും (പ്രോഫിറ്റ് /ലോസ്) വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും 2015-16 മുതൽ 2020-21 വരെയുള്ള ഓരോ വർഷത്തെയും വിറ്റുവരവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2015-16 മുതൽ ഓഡിറ്റ് പൂർത്തിയാക്കിയ വർഷങ്ങൾ വരെയുള്ള ഓരോ വർഷങ്ങളിലെയും വരുമാനം, വിറ്റുവരവ്, ചെലവ്, പ്രവർത്തന ലാഭം/നഷ്ടം, അറ്റലാഭം/നഷ്ടം എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

### നിർമ്മാണ വസ്തുക്കളുടെ ക്രമാതീതമായ വിലക്കയറ്റം

146(416) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കൾക്കുണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് മഹാമാരിയുടേയും അതിനോടനുബന്ധിച്ചുള്ള ലോക്ക്ഡൗണും കാരണം സ്തംഭിച്ചുപോയിട്ടുള്ള നിർമ്മാണ മേഖലയ്ക്ക് ആശ്വാസമാകുന്ന തീരുമാനങ്ങൾ സർക്കാർ സ്വീകരിക്കുമോ;

(സി) 60 ശതമാനത്തിലധികം വില വർദ്ധിപ്പിച്ചിട്ടുള്ള അവശ്യ വസ്തുക്കളായ കമ്പി, സിമന്റ്, പി.വി.സി-ഇരുമ്പ് പൈപ്പുകൾ എന്നിവയുടെ വില കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നത് നിർമ്മാണ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം സർക്കാരിന്റെ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് വ്യാപനം ഈ പ്രതിസന്ധി വളരെയേറെ രൂക്ഷമാക്കുകയും ഈ മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ ജീവിതം കൂടുതൽ ദുരിതത്തിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ സിമന്റ്/സ്റ്റീൽ ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി വിലയിൽ ഗണ്യമായ കുറവ് വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. സിമന്റ് വിലയിൽ കുറവ് വരുത്തുന്നത് സംബന്ധിച്ച് കോർപ്പറേറ്റ് തലത്തിൽ കാലതാമസമില്ലാതെ തന്നെ തീരുമാനം കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് അനുബന്ധ ലോക്ക്ഡൗണിൽ ഖനനമേഖലയിലെ നിയന്ത്രണങ്ങൾക്ക് ആദ്യ ഘട്ടത്തിൽ തന്നെ സർക്കാർ ഇളവ് നൽകിയിരുന്നു. കൂടാതെ കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷംകൂടി ദീർഘിപ്പിച്ചു. നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കാൻ ജില്ലാ തലത്തിൽ കളക്ടർമാരുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുമായും ഉത്പാദകരുമായും ചർച്ച നടത്തി വിലക്കയറ്റം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ നിർദ്ദേശാനുസരണം ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

## ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ്

147(417) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ് പ്രകാരം 2015-16-ൽ കേരളത്തിന്റെ റാങ്ക് പതിനെട്ട് ആയിരുന്നത് 2018-19-ൽ ഇരുപത്തിയെട്ടിലേയ്ക്ക് താഴ്ന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗ് പ്രകാരം 2018-19-ൽ കേരളത്തിന്റെ റാങ്ക് 28 ആണ്.

(ബി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസിലെ ഉയർന്ന റാങ്കിംഗ് ലഭിക്കുന്നതിലൂടെ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഒരു സംരംഭകൻ തന്റെ വ്യവസായ സംരംഭം തുടങ്ങുന്നതിനുമുമ്പ് അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, ഗതാഗത സൗകര്യം, കടൽമാർഗ്ഗവും വായുമാർഗ്ഗവും കയറ്റുമതി/ഇറക്കുമതി ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ പരിശോധിക്കുന്നതോടൊപ്പം തന്റെ സംരംഭത്തിന് ആവശ്യമായ അനുമതികളും ലൈസൻസുകളും

സമയബന്ധിതമായും സുതാര്യമായും ലഭ്യമാകുമോ എന്നതുകൂടി പരിശോധനാ വിഷയമാക്കും. ആയതിനാൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിലെ ഉയർന്ന റാങ്കിംഗ് സംസ്ഥാനത്തിലേയ്ക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് ഉപകരിക്കുന്ന ഒരു ഘടകമാണ്.

(സി) സംസ്ഥാനത്തിന്റെ കടമെടുക്കൽ പരിധി ഉയർത്തുന്നതിനും വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിനും ജി.ഡി.പി. വളർച്ച ഉയർത്തുന്നതിനും ഉയർന്ന റാങ്ക് സഹായകമാകുമോ?

കേന്ദ്ര സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായുള്ള ഡിസ്ട്രിക്ട് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (DBRAP) അനുസരിച്ചുള്ള നിശ്ചിത നടപടിക്രമങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയതിലൂടെ, കേരളത്തിന്റെ കടമെടുക്കൽ പരിധി ഉയർത്താൻ സാധിച്ചു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിലെ ഉയർന്ന റാങ്കിംഗ് സംസ്ഥാനത്തേയ്ക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് ഉപകരിക്കുന്ന ഒരു ഘടകമാണ്. കൂടുതൽ സംരംഭകർ വ്യവസായങ്ങൾ തുടങ്ങുന്നതിലൂടെ സ്വാഭാവികമായും ജി.ഡി.പി. വളർച്ചയും ഉണ്ടാകുന്നതാണ്.

(ഡി) കേരളത്തിന്റെ റാങ്കിംഗ് ഉയർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിവിധ സർക്കാർ വകുപ്പുകളും ഏജൻസികളും സംരംഭകർക്ക് സമയബന്ധിതമായും സുതാര്യമായും അനുമതികളും ലൈസൻസുകളും നല്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഭേദഗതികളും, ഓൺലൈൻ അപേക്ഷ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങളും ഇവയിൽ ചിലതാണ്.

(i) കേന്ദ്ര സർക്കാരിന്റെ സ്റ്റേറ്റ് ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ (SBRAP) അനുസരിച്ച്, സംസ്ഥാനം 94 ശതമാനം ദൗത്യങ്ങളും പൂർത്തീകരിച്ച് അവയ്ക്കുള്ള തെളിവുകളും ഡി.പി.ഐ.ഐ.ടി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. അവയുടെ സൂക്ഷ്മ പരിശോധന ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്.

(ii) കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലക സംവിധാനത്തിലൂടെ ഇപ്പോൾ 21 വകുപ്പുകളുടെയും ഏജൻസികളുടെയും 75-ലധികം അനുമതികളും ലൈസൻസുകളും ലഭ്യമാക്കുന്നുണ്ട്. സംരംഭകർക്ക് ഇതുമൂലം ഓഫീസുകൾ സന്ദർശിക്കാതെ ആവശ്യമുള്ള അനുമതികൾ ലഭിക്കുന്നതിനും കാലാവധി കഴിഞ്ഞ അനുമതികൾ പുതുക്കുന്നതിനും സൗകര്യമാണ്.

(iii) സംരംഭകരുടെ പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് മനസ്സിലാക്കി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ അവ പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു ടോൾ ഫ്രീ ഹെൽപ് ഡെസ്ക് പ്രവർത്തിക്കുന്നത്. ഈ സംവിധാനം ഒരു സംരംഭകന് ഏറെ സഹായകമാണ്. സംരംഭകരുടെ അഭിപ്രായങ്ങളാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിംഗിന്റെ പ്രധാന മാനദണ്ഡം എന്ന നിലയിൽ, മേല്പറഞ്ഞ നടപടികൾവഴി സംസ്ഥാനത്തിന്റെ റാങ്ക് മെച്ചപ്പെടുത്താമെന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാനത്തെ ധാതുമണൽ സമ്പത്തിന്റെ അളവ്**

148(418) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരിമണൽ ഉൾപ്പെടെയുള്ള ധാതുമണൽ സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; ആയതിന്റെ മൂല്യം കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ധാതുമണൽ സംബന്ധിച്ച പര്യവേഷണം നടത്തുന്നതും ആയതിന്റെ അളവ് തിട്ടപ്പെടുത്തുന്നതും കേന്ദ്ര സർക്കാരിന്റെ അറ്റോമിക് എനർജി വകുപ്പിന് കീഴിലുള്ള Atomic Minerals Directorate for Exploration and Research ആണ്.

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഇല്ല

(സി) ധാതുമണൽ അനധികൃതമായി കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളിൽ കർശനനടപടി സ്വീകരിക്കാറുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) ധാതുമണൽ സമ്പത്ത് സംരക്ഷിക്കുന്നതിനും പരമാവധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

(സി&ഡി) ധാതുമണലിന്റെ അനധികൃത ഖനനവും കടത്തും തടയുന്നതിനായി കൊല്ലം, ആലപ്പുഴ ജില്ലകളിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ, പഞ്ചായത്ത് അധികൃതർ എന്നിവരടങ്ങിയ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും ധാതുമണലിന്റെ അനധികൃത കടത്ത് ഫലപ്രദമായി തടയുന്നതിന് കൊല്ലം, ആലപ്പുഴ ജില്ലകളുടെ ധാതുമണൽ നിക്ഷേപമുള്ള സ്ഥലങ്ങളിൽ പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനും രാത്രികാല പട്രോളിംഗ് നടത്തുന്നതിനും കോസ്റ്റ് ഗാർഡിന്റെ സേവനം ലഭ്യമാക്കുന്നതിനുമായി കൊല്ലം, ആലപ്പുഴ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൈത്തറി മേഖലയിലെ പ്രതിസന്ധി

149(419) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും ഉത്പന്നങ്ങളുടെ വില്പനയിലുണ്ടായിട്ടുള്ള ഇടിവും കൈത്തറി മേഖലയെ പ്രതിസന്ധി യിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹാൻവീവിനും മറ്റ് കൈത്തറി സൊസൈറ്റികൾക്കും റിബേറ്റ് ഇനത്തിൽ സർക്കാരിൽനിന്നും ലഭിക്കേണ്ട തുക ലഭിക്കാത്ത സാഹചര്യം ഉണ്ടോ; എങ്കിൽ നാളിതുവരെ വിവിധ കൈത്തറി സ്ഥാപനങ്ങൾക്കായി സർക്കാർ നൽകാനുള്ള കുടിശ്ശിക തുക എത്ര രൂപയാണെന്ന് അറിയിക്കുമോ?

ഹാൻവീവിനും മറ്റ് കൈത്തറി സൊസൈറ്റികൾക്കും കഴിഞ്ഞ സാമ്പത്തിക വർഷം 20 കോടി രൂപയുടെ റിബേറ്റ് അപേക്ഷകളിൽ അർഹത നിർണ്ണയിച്ച് മുഴുവൻ തുകയും നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നോൺ പ്ലാൻ ബഡ്ജറ്റ് വിഹിതമായ 10.00 കോടി രൂപയിൽ ഹാൻവീവിൽനിന്നും സംസ്ഥാനത്തെ പ്രാഥമിക കൈത്തറി സംഘങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള 8,64,08,825 രൂപയുടെ റിബേറ്റ് അപേക്ഷകൾ പരിശോധിച്ച് അർഹത നിർണയിച്ച് തുക അനുവദിക്കുന്നതാണ്.

(സി) ഇതുമൂലം നഷ്ടത്തിലായ സൊസൈറ്റികൾ തൊഴിലാളികളുടെ പി.എഫ്.-ലേക്കുള്ള വിഹിതം അടയ്ക്കാത്തതുകാരണം തൊഴിലാളികൾക്ക് പി.എഫ്. പെൻഷൻ ലഭിക്കാത്ത സാഹചര്യം പരിശോധിക്കുകയുണ്ടായോ?

കഴിഞ്ഞ ഒന്നര വർഷമായി തുടരുന്ന കോവിഡ് മഹാമാരിമൂലമുള്ള ലോക്ക്ഡൗണും പ്രതിസന്ധിയും കാരണം പല സംഘങ്ങൾക്കും തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ സംഘങ്ങൾക്ക് ഉത്പാദനം കുറഞ്ഞതിനാൽ പി.എഫ്. വിഹിതം കൃത്യമായി അടയ്ക്കാൻ കഴിയാതെവരികയും ചില സംഘങ്ങളിൽ ഇക്കാലയളവിൽ വിരമിച്ചവർക്ക് പി.എഫ്.പെൻഷൻ ക്ലെയിം സമർപ്പിക്കാൻ പറ്റാത്ത അവസ്ഥയുമുണ്ടായിട്ടുണ്ട്.

(ഡി) എങ്കിൽ കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ കോവിഡിന്റെ പശ്ചാത്തലത്തെ തുടർന്നുള്ള ലോക്ക്ഡൗണും മറ്റ് പ്രതിസന്ധികളും കാരണം കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിനായി, കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാർ പ്രഖ്യാപിച്ച 56 ദിവസത്തെ റിബേറ്റ് ദിനങ്ങൾക്ക് പുറമേ അധികമായി 50 ദിനങ്ങൾ സ്പെഷ്യൽ റിബേറ്റായി അനുവദിച്ചിരുന്നു. കൈത്തറി ക്ഷേമനിധി ബോർഡിൽനിന്നും തൊഴിലാളികൾക്ക് പ്രതിമാസം 1000 രൂപ അനുവദിക്കുന്നതിനുള്ള നടപടിയും കൈകൊണ്ടുവരുന്നു.

**കൈത്തറി, ഖാദി മേഖലകളിലെ പ്രതിസന്ധി**

150(420) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവന പാതയിലായിരുന്ന കൈത്തറി, ഖാദി വ്യവസായ മേഖലകളിൽ കോവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി നേരിടുന്നത് പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ?

കോവിഡ് മഹാമാരിമൂലം നെയ്ത്ത് മേഖലയിൽ നൂലിന് ക്ഷാമം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചതിനുശേഷം നൂലും കുടിശ്ശികയായ കൂലിയും നൽകുന്നതാണ്. കോവിഡ് കാരണം പ്രതിസന്ധി നേരിട്ട ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. കോവിഡിന്റെ ഒന്നാം വ്യാപന കാലഘട്ടത്തിൽ ഖാദി സ്ഥാപനങ്ങളുടെ പുനഃപ്രവർത്തനത്തിനായി 50 ലക്ഷം രൂപ "കോവിഡ് സഹായം" ആയി നൽകി. കോവിഡ് -19 -ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ,

കഴിഞ്ഞ വർഷം ഓണത്തിന് കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് 1000 രൂപ വീതം ഖാദി തൊഴിലാളിക്ക് നൽകിയതിനുപുറമേ, ഖാദി ബോർഡിലെ തൊഴിലാളികൾക്ക് 250 രൂപ വീതം കോവിഡ് അലവൻസും ബോർഡ് നൽകിയിട്ടുണ്ട്. കോവിഡ് ബാധിതരായ തൊഴിലാളികൾക്ക് 2000 രൂപ സഹായമായി നൽകി വരുന്നു. നിലവിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മെയ് 31 മുതൽ സാധ്യമായ ഉല്പാദനകേന്ദ്രങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. ഖാദി മേഖലയെ കരുത്താർജ്ജിപ്പിക്കുന്നതിനായി കൂടുതൽ നെയ്ത്ത് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനും നടപടികളെടുത്തു. വില്പന വർദ്ധിപ്പിക്കുന്നതിനായി റാന്നി, ആലപ്പുഴ, പത്തനംതിട്ട, എന്നിവിടങ്ങളിലെ ഷോറൂമുകൾ നവീകരിക്കുകയും പത്തനംതിട്ടയിലെ ഓയിൽ യൂണിറ്റ് നവീകരിച്ച് ഉല്പാദനം ഇരട്ടിയാക്കുകയും ചെയ്തിട്ടുണ്ട്. ബാലുശ്ശേരിയിലെ ഹണി പ്രോസ്സസിംഗ് യൂണിറ്റിൽ അത്യാധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ഉത്പാദനം വർദ്ധിപ്പിച്ചു.

(ബി) കൈത്തറി മേഖലയ്ക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി താല്ക്കാലികമായെങ്കിലും മന്ദീഭവിക്കാനിടയായ സാഹചര്യത്തിൽ മറ്റുല്പന്നങ്ങളുടെ വിപണനം കൂടുതൽ ആകർഷകമാക്കി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുമോ?

കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി 2021-22 അദ്ധ്യയന വർഷത്തേയ്ക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. വർഷത്തിൽ ഏകദേശം 250-300 ദിനങ്ങളിൽ ഈ പദ്ധതിവഴി തൊഴിൽ പ്രദാനം ചെയ്യുന്നുണ്ട്. കൂടാതെ കോവിഡ് വ്യാപന സമയത്ത് വിൽപ്പന നടക്കാതിരുന്ന ഖാദി തുണികൾ ഉപയോഗിച്ച് മാസ്കുകൾ തയ്ച്ച് കുറഞ്ഞ വിലയിൽ വിപണനം നടത്തിയതുവഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ ഖാദി കൈത്തറികൾക്ക് റിബേറ്റ് നൽകുന്നുണ്ടോ?

കൈത്തറി മേഖലയിൽ നിലവിൽ കേന്ദ്ര റിബേറ്റ് ലഭ്യമല്ല. കേന്ദ്ര സർക്കാർ 2010 മുതൽ ഖാദിക്ക് റിബേറ്റ് നൽകുന്നില്ല. പകരം അനുവദിക്കുന്ന മാർക്കറ്റിംഗ് ഡെവലപ്മെന്റ് അസിസ്റ്റൻസ് ഉപയോഗിച്ച് 10% റിബേറ്റ് നൽകുന്നുണ്ട്.

## കോട്ടയം ടെക്സ്റ്റൈൽസിന്റെ നവീകരണം

151(421) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; നിലവിലെ മില്ലിന്റെ നവീകരണത്തിനായി പ്രഖ്യാപിച്ച 7 കോടി രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലെന്ന് അറിയിക്കാമോ?

കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ യൂണിറ്റായ ' കോട്ടയം ടെക്സ്റ്റൈൽസ് ' അസംസ്കൃത വസ്തുവിന്റെ അഭാവംമൂലം 3-1-2020 മുതൽ പ്രവർത്തനക്ഷമമല്ല. വൈദ്യുതി ചാർജ്ജ് കുടിശ്ശിക വന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. വൈദ്യുതി വിച്ഛേദിച്ചതിനെത്തുടർന്ന് 7-2-2020 മുതൽ മിൽ ലേ-ഓഫിലാണ്. കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 1.51 കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുകയുണ്ടായി. തൊഴിലാളികളുടെ ഷിഫ്റ്റ് സംബന്ധമായ തർക്കവിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലായതിനാൽ മിൽ തുറന്ന് പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. മില്ലിന്റെ വികസന പ്രവർത്തനങ്ങൾക്കായി 2019-20 വർഷത്തെ ബഡ്ജറ്റിൽ 7 കോടി രൂപ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. മിൽ തുറന്ന് പ്രവർത്തിക്കാൻ നിർവാഹമില്ലാത്തതിനാൽ നവീകരണ പ്രവർത്തനങ്ങൾ നടന്നിട്ടില്ല.

(ബി) സ്ത്രീ തൊഴിലാളികളുടെ രാത്രികാല ഷിഫ്റ്റ് സംബന്ധിച്ചുള്ള പ്രശ്നത്തിൽ നിയമനിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി ഫാക്ടറീസ് ആക്ട്, 1948 സെക്ഷൻ 66-ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള കരട് ഓർഡിനൻസ് അംഗീകരിക്കുന്നതിനും ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയും ആവശ്യമായതിനാൽ മന്ത്രിസഭ അംഗീകരിച്ച ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിനായി ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടിയിരിക്കുകയാണ്.

(സി) കോട്ടയം ടെക്സ്റ്റൈൽസിലെ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യം മുഴുവനായി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാൻ കഴിയും എന്നറിയിക്കാമോ?

തുടർച്ചയായി നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം മില്ലിലെ ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കൊടുത്തുതീർത്തിട്ടില്ല. കോർപ്പറേഷന്റെ ധന ലഭ്യതയ്ക്കനുസരിച്ച് റിട്ടയർമെന്റ് ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

**എം.എസ്.എം.ഇ.-യിൽ ചെറുകിട യൂണിറ്റുകൾ**

152(422) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എസ്.എം.ഇ.-യിൽ ചെറുകിട മേഖലാ യുണിറ്റുകൾ ആരംഭിക്കുന്നതിന് അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം ഫണ്ടിന്റെ അപര്യാപ്തതയാകയാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നത്?

വ്യവസായ വാണിജ്യ വകുപ്പ് മുഖാന്തരം സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് എന്നിവയാണ് പ്രധാനം. സംരംഭക സഹായപദ്ധതി: ഉത്പാദന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% മുതൽ 30% വരെ (പരമാവധി 30 ലക്ഷം) ലഭിക്കും.

നാനോ ഗാർഹിക സംരംഭങ്ങൾ: അധികമായി 6% മുതൽ 8% വരെ ബാങ്ക് പലിശ സബ്സിഡി ലഭിക്കും.

മാർജിൻ മണി ഗ്രാന്റ്: 30% ഗുണഭോക്താക്കളും സ്ത്രീസംരംഭകരായിരിക്കും. ജനറൽ വിഭാഗത്തിന് പരമാവധി 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിന് 4 ലക്ഷം രൂപയും ലഭിക്കും.

(ബി) പ്രസ്തുത മേഖലയിൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് ആരംഭിക്കുമെന്ന മുൻ സർക്കാരിന്റെ പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 2020-21 സാമ്പത്തിക വർഷം മുതൽ മാർജിൻ മണി ഗ്രാന്റ് ടു നാനോ യൂണിറ്റ് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) കോവിഡ് മൂലമുള്ള ലോക്ഡൗൺ എം.എസ്.എം.ഇ.-കളെ ഗുരുതരമായി ബാധിച്ച സാഹചര്യത്തിൽ അവർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

കോവിഡ് -19 മഹാമാരി വരുത്തിവച്ച ലോക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി തളർന്നുപോയ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ കഴിയുന്നത്രയും വേഗം തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് വ്യവസായ ഭദ്രത. 20-5-2020-ലെ G.O(MS).No 56/2020/ID ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. സംരംഭക സഹായ പദ്ധതി (ESS) ഉദാരവത്കരിക്കുന്നത്.

2. അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് & MSME-കൾക്കുള്ള അധിക പ്രവർത്തനമൂലധനത്തിന് പലിശ ധനസഹായം.

3. MSME- കൾക്ക് നൽകുന്ന അധിക Term ലോണിനുള്ള പലിശ ധനസഹായം.

" സംരംഭക സഹായ പദ്ധതി (ESS) ഉദാരവത്കരിക്കുന്നത്" നടപ്പിലാക്കുന്നതിലേയ്ക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ G.O.(MS) No.103/2020/ID dated ഉത്തരവ് പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിവരുന്നു. ആയതിലെ പ്രധാന സവിശേഷതകൾ;

1. SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25%-മായി വർദ്ധിപ്പിച്ചു. ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.

2. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manufacturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്ക് പുറമെ 10% സബ്സിഡികൂടി അനുവദിച്ചു.

3. അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു.

(ഡി) എം.എസ്.എം.ഇ.-കൾക്ക് കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ഇത് സമയബന്ധിതമായി അവർക്ക് ലഭ്യമാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോയെന്നും വ്യക്തമാക്കാമോ?

എം.എസ്.എം.ഇ.-കൾക്ക് കോവിഡ് പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് സ്കീം ഫോർ സബോർഡിനേറ്റ് ഡെബ്റ്റ് (CGSSD), പി.എം. എഫ്.എം.ഇ. എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികൾ സംരംഭകരിലേയ്ക്കെത്തിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കായി വിവിധ ബാങ്ക് തല സമിതികളിൽ ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനുംവേണ്ട നടപടികൾ വ്യവസായ വാണിജ്യ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

**കരുനാഗപ്പള്ളി മണ്ഡലത്തിൽ കയർഫെഡ് മുഖേനയുള്ള കയർ സംഭരണം**

153(423) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡ് കരുനാഗപ്പള്ളി മേഖലയിലെ പ്രാഥമിക കയർ സംഘങ്ങളിൽനിന്ന് കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ എത്ര കയർ സംഭരിച്ചുവെന്ന് വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി മേഖലയിലെ പ്രാഥമിക കയർ സംഘങ്ങളിൽനിന്ന് കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ 36,319.1 ക്വി. കയർ സംഭരിച്ചിട്ടുണ്ട്.

(ബി) ടി സംഘങ്ങൾക്ക് കുടിശ്ശികകൾ തീർക്കാൻ ഉണ്ടോയെന്ന് വ്യക്തമാക്കാമോ,

(സി) കയർ സംഭരിച്ച ഇനത്തിൽ സംഘങ്ങൾക്ക് ലഭിക്കേണ്ട ഗ്രാന്റുകൾ കുടിശ്ശിക ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കുടിശ്ശിക ഇല്ല,

(ഡി) കയർ സംഘം സെക്രട്ടറിമാരുടെ നിലവിലെ വേതനം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കയർ വ്യവസായ സഹകരണ സംഘം, മാറ്റ്സ് & മാറ്റിംഗ്സ് സൊസൈറ്റികൾ, ചെറുകിട ഉത്പാദക കയർ സഹകരണ സംഘം എന്നീ മൂന്ന് വിഭാഗങ്ങളിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ 11-1-2021- ലെ സ.ഉ.(കൈ) നമ്പർ 10/2021/വ്യവ പ്രകാരം 23-11-2017 മുതൽ മുൻകാല പ്രാബല്യത്തോടെ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

**കയർ തൊഴിലാളികൾ**

154(424) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധിമൂലം കേരളത്തിൽ നിരവധി കയർ തൊഴിലാളികൾക്ക് കഴിഞ്ഞ 15 മാസമായി തൊഴിൽ നഷ്ടമായിരിക്കുന്നതിനാൽ അവരുടെ കുടുംബങ്ങൾ നിത്യപട്ടിണിയിലും ആത്മഹത്യയുടെ വക്കിലുമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ സഹായിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കയർ തൊഴിലാളികളുടെ ദിവസ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോവിഡ് മഹാമാരിമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധികൾ കയർ മേഖലയെ ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. കോവിഡ് കാലത്ത് തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ സംഘങ്ങളോടൊപ്പം തന്നെ യൂണിറ്റ് അടിസ്ഥാനത്തിൽ കയർ പിരിക്കുന്ന തൊഴിലാളികൾക്കും അവരുടെ വീടുകളിൽ ചകിരി കയർഫെഡ് എത്തിച്ചുകൊടുക്കുന്നുണ്ട്. സംഘങ്ങൾക്ക് കയർവില മുടക്കം കൂടാതെ നൽകുകവഴി തൊഴിലാളികൾക്ക് വേതനം കൃത്യമായി നൽകുന്നതിന് സാധിച്ചിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 25 കോടി രൂപ 2020-21 വർഷത്തേയ്ക്ക് സർക്കാർ നൽകിയിരുന്നു. ഈ തുകകൂടി ലഭിച്ചതോടെ കൂലിയിലെ സർക്കാർ വിഹിതവും പൂർണ്ണമായി നൽകുന്നതിന് സാധിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് കോവിഡിന്റെ 1- ാം വ്യാപന ഘട്ടത്തിൽ വളർച്ചരേഖപ്പെടുത്തിയ പരമ്പരാഗത വ്യവസായ മേഖലയായി കയറിനെ

പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ കയർ തൊഴിലാളികൾക്കും കോവിഡ് സമാശ്വാസമായി 1000 രൂപ വീതം അനുവദിക്കുന്നതിനായി സർക്കാർ 10 കോടി രൂപ അനുവദിക്കുകയുണ്ടായി. പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നുണ്ട്. പരമ്പരാഗത കയർപിരി മേഖലയിലെ തൊഴിലാളികളുടെ പ്രതിദിന കൂലിയായിരുന്ന 300 രൂപയുടെ ഒരു ഭാഗം, പരമാവധി 110 രൂപ സർക്കാർ വിഹിതമായി നൽകിവരുന്ന പദ്ധതിയാണ് വരുമാനം ഉറപ്പാക്കൽ പദ്ധതി. പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം ലഭ്യമാകും. ഇങ്ങനെ പ്രതിസന്ധി ബാധിക്കാതെ കയർ വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

**കയർ വ്യവസായ മേഖലയിൽ ആധുനികവത്കരണം**

156(425) ശ്രീമതി യു. പ്രതിഭ:
ശ്രീ. കെ. ജെ. മാക്സി:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്?

പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുന:സംഘടന. 13-ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ

യന്ത്രവത്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവത്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു.

(ബി) കയർ വ്യവസായ മേഖലയിൽ ആധുനികവത്കരണവും യന്ത്രവത്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്കരിക്കുക എന്നതാണ് കയർ രണ്ടാം പുനഃസംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉത്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. കയർ മേഖലയിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും തൻമൂലം വരുമാനം കൂടുകയും ചെയ്യും. ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിലേയ്ക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് സമ്പൂർണ്ണ യന്ത്രവത്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ടു തന്നെ കയർ രണ്ടാം പുനഃസംഘടന വിജയകരമായി നടപ്പാക്കിവരുന്നു.

(സി) പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾവഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യം വെച്ച് സാനിമാറ്റ്, സാനിപാഡ് എന്ന പേരിൽ കേരള സ്റ്റേറ്റ് കയർ

കോർപ്പറേഷനും കയർഫെഡും ഉത്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുകയുണ്ടായി. ഇവയിൽ കൈത്തറി തടുക്കുകൾ ഉപയോഗിക്കുന്നുണ്ട്. നിലവിലുള്ള പരിസ്ഥിതി മാനദണ്ഡങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ കൈത്തറി തടുക്കുകൾ വിപണനം നടത്തുന്നതിന് കയർ കോർപ്പറേഷൻ ഓർഡറുകൾ സ്വീകരിച്ചുവരുന്നു.

**കയർ വ്യവസായ പുനരുദ്ധാരണം**

156(426) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീമതി ദെലീമ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി കഴിഞ്ഞ സർക്കാർ സംഘടിപ്പിച്ച 'കയർ കേരള' പോലുള്ള പ്രദർശന വില്പന മേളകൾ സംഘടിപ്പിക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുടേയും അന്താരാഷ്ട്ര മേളയായ 'കയർ കേരള' വർഷംതോറും കയർ വികസന വകുപ്പ് നടത്തിവരുന്നുണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ 2021 ഫെബ്രുവരി മാസത്തിൽ വെർച്വൽ ആയാണ് 'കയർ കേരള' നടത്തിയത്. അന്താരാഷ്ട്ര വിപണന മേളകളിൽ സാധ്യതകൾക്കനുസരിച്ച് കയർ അപ്പക്സ് പൊതുമേഖലാ സ്ഥാപനങ്ങൾ പങ്കെടുക്കുകയും വിദേശ ഓർഡറുകൾ ശേഖരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) പരമ്പരാഗത കയർ ഉത്പന്നങ്ങളുടെ സംരക്ഷണത്തിനും വൈവിദ്ധ്യമായ പുതിയ ഉല്പന്നങ്ങൾ നിർമ്മിച്ച് വിറ്റഴിക്കുന്നതിനും എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്?

പരമ്പരാഗത തൊഴിലാളികൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ നിശ്ചിത വിലയും കൂലിയും നൽകി സംഭരിക്കുന്നതിനും ഇവ കയറ്റുമതി ചെയ്യുന്നതിനുമായി കയറ്റുമതി സ്ഥാപനങ്ങൾക്ക് നിശ്ചിത വിലയ്ക്ക് വിൽക്കുന്നതിനുംവേണ്ടി കേരള സർക്കാർ ആവിഷ്കരിച്ച ക്രയവില സ്ഥിരതാ പദ്ധതി കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്നു. കയർ കെട്ടിക്കിടക്കുന്ന സ്ഥിതി 2016-17-ന് ശേഷം അവസാനിച്ചു. ഇത് എം.ജി.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് കയർ കേരള 2017-ൽ ആരംഭിച്ച കയർ ഭൂവസ്ത്ര പരിപാടിയുടെ ഗുണഫലമാണ്. കയർ ഉത്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാധ്യതകൾ കണ്ടെത്തുന്നതിനായി കയർ അകൗസ്റ്റിക് പാനൽ, കയർ കോമ്പോസിറ്റ്സ്, ബൈൻഡർലെസ് ബോർഡ്, കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റ് എന്നീ ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കയർ

ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി കയർ കേർപ്പറേഷൻ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്.

(സി) കയർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കയർ രണ്ടാം പുന:സംഘടനയുടെ ഭാഗമായി 10, 20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇവ സ്ഥാപിച്ച സംഘങ്ങളിലെ തൊഴിലാളികളുടെ പ്രതിദിന വേതനം കയറിന്റെ തൂക്കവും റണ്ണേജും കണക്കിലെടുത്ത് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി 23000 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. ഉത്പന്ന മേഖലയിലെ കയർ സഹകരണ സംഘങ്ങളെ നവീകരിക്കുന്നതിനായി അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിനും നടപടി ആരംഭിച്ചിട്ടുണ്ട്.

## കശുവണ്ടി വ്യവസായ ഉന്നമനം

157(427) ശ്രീ. എം. നൗഷാദ്:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി മുൻ സർക്കാർ ഫലപ്രദമായി നടപ്പാക്കിയ പദ്ധതികളുടെ തുടർനിർവ്വഹണത്തിനായി ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്?

സംസ്ഥാനത്ത് കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായി മുൻ സർക്കാർ ഫലപ്രദമായി നടപ്പാക്കിയ പദ്ധതികളുടെ തുടർ നിർവ്വഹണത്തിനായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ സർക്കാർ തുക

വകയിരുത്തിയതിനെ തുടർന്ന് കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവിടങ്ങളിൽനിന്നും രണ്ട് പ്രൊപ്പോസലുകൾ വീതവും കശുമാവ് കൃഷി വികസന ഏജൻസി, കേരള കാഷ്യൂ ബോർഡ് എന്നിവർ ഓരോ പ്രൊപ്പോസൽ വീതവും സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇതിൽ കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ്, കശുമാവ് കൃഷി വികസന ഏജൻസി എന്നിവരുടെ പ്രൊപ്പോസലുകൾ 3-6-2021-ൽ ചേർന്ന ഡിപ്പാർട്ടുമെന്റൽ വർക്കിംഗ് ഗ്രൂപ്പിൽ പരിഗണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

കശുവണ്ടി വ്യവസായത്തിന് ആവശ്യമായ തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സ്റ്റേറ്റ് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി എന്ന പൊതുമേഖലാ സ്ഥാപനം സർക്കാർ രൂപീകരിച്ചിരുന്നു. പ്രസ്തുത ഏജൻസി തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനായി നൂതന പദ്ധതികളായ High Density Planting (അതിസാന്ദ്രതാ കൃഷി), Model Cashew Garden (മാതൃകാ കശുമാവ് തോട്ടം) എന്നീ പദ്ധതികൾ തനതുവർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് കശുവണ്ടി ഉത്പാദനം കൂട്ടാനായി അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ നട്ടുപിടിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനം കൂട്ടാനായി അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകൾ നട്ട് പിടിപ്പിക്കുന്നതിന് കാഷ്യൂ കൾട്ടിവേഷൻ ഏജൻസി താഴെപ്പറയുന്ന പദ്ധതികൾ ലക്ഷ്യമിടുന്നു.

1. പഞ്ചായത്തുകളുമായി സഹകരിച്ച് വകുപ്പിന്റെ അധീനതയിൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കുടുംബശ്രീ/NREGS തൊഴിലാളികളുടെ സഹകരണത്തോടെ കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

2. തദ്ദേശസ്വയംഭരണ വകുപ്പ്, വനം വകുപ്പ്, കൃഷി വകുപ്പ്, NGO എന്നിവയുമായി സഹകരിച്ച് Normal Density Planting (പുതുകൃഷി), High Density Planting (അതിസാന്ദ്രതാ കൃഷി), Model Cashew Garden (മാതൃകാ കശുമാവ് തോട്ടം), മുറ്റത്തൊരു കശുമാവ് പദ്ധതി എന്നീ സ്കീമുകളിൽ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

3. വനം വകുപ്പ്, റവന്യൂ വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ

അധീനതയിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ അത്യുല്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ നൽകി കശുമാവ് കൃഷി വ്യാപനം കാര്യക്ഷമമാക്കാൻ ഉദ്ദേശിക്കുന്നു.

4. പഞ്ചായത്ത് തലത്തിൽ കശുമാവ് കർഷകരുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് കർഷകരുടെ കൂട്ടായ്മയിലൂടെ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ചെയ്യുവാൻ കൂടുതൽ കർഷകരെ ആകർഷിക്കുവാനുള്ള സംവിധാനങ്ങൾക്ക് തുടക്കമിട്ടിട്ടുണ്ട്.

5. ബ്ലോക്ക് തലത്തിൽ സ്വയം സഹായ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ കശുവണ്ടിക്ക് ന്യായവില ഉറപ്പുവരുത്തി സമയബന്ധിതമായി വിപണനം സാധ്യമാക്കുന്നതിനായി കശുവണ്ടി സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ ലക്ഷ്യമിടുന്നു.

6. കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതുവഴി കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ബോധവത്കരണം നൽകുന്നതിനും ശാസ്ത്രീയമായ കശുമാവ് കൃഷിരീതികൾ അവലംബിക്കുന്നതിനുമായി കർഷക പരിശീലന പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുന്നതിനും ഫീൽഡുതല സന്ദർശനം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പക്സിന്റെ പെരുമ്പുഴ ഫാക്ടറിയിൽ മേൽത്തരം അത്യുല്പാദനശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിക്കുന്ന കശുമാവ് നഴ്സറി പ്രവർത്തിച്ചുവരുന്നു. കശുവണ്ടി വികസന കോർപ്പറേഷന്റെ 30 ഫാക്ടറികളിലായി 5500- ഓളം കശുമാവിൻ തൈകൾ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്കും കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്.

## കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഭൂമി ഉപയോഗിക്കുന്നത് സംബന്ധിച്ച്

158(428) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയപാതയ്ക്കരികിൽ കശുവണ്ടി കോർപ്പറേഷന്റെ കൈവശമുള്ള ഏക്കർ കണക്കിന് ഭൂമിയും കെട്ടിടങ്ങളും വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോഴിക്കോട് ജില്ലയിലെ അഴിയൂരിൽ ദേശീയപാതയ്ക്ക് സമീപം കശുവണ്ടി വികസന കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലവും കെട്ടിടങ്ങളും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും നാടൻ തോട്ടണ്ടി ശേഖരിച്ച് ഉണക്കി സൂക്ഷിക്കുന്നതിനായി ഉപയോഗിച്ചുവരുന്നു.

(ബി) ഇത് എത്ര ഏക്കർ ഉണ്ടെന്നും സ്ഥലത്തിനും കെട്ടിടങ്ങൾക്കും എത്ര കോടി രൂപ മതിപ്പുവിലയുണ്ടെന്നും അറിയിക്കുമോ?

മൂന്ന് ഏക്കർ 55 സെന്റ് സ്ഥലം ഉണ്ട്. സ്ഥലത്തിനും കെട്ടിടങ്ങൾക്കും മതിപ്പുവില നിശ്ചയിച്ചിട്ടില്ല.

(സി) ഈ സ്ഥലവും കെട്ടിടങ്ങളും ഉപയോഗപ്പെടുത്തി എന്തെങ്കിലും പുതിയ വ്യവസായ പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഈ സ്ഥലവും കെട്ടിടങ്ങളും ഉപയോഗിച്ച് കിറ്റ്കോ മുഖേന "കാഷ്യൂ ആപ്പിൾ" മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന പ്രോജക്ടിന്റെ പ്രൊപ്പോസൽ കശുവണ്ടി വികസന കോർപ്പറേഷനിൽനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ

159(429) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെയും മഹാവ്യാധിയുടെയും ഈ കാലത്ത് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കാപ്പക്സിന് കശുവണ്ടി ഫാക്ടറികൾ ഒന്നുംതന്നെയില്ല. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആദിനാട് ഒരു ഫാക്ടറിയാണുള്ളത്. കോവിഡ് മഹാമാരിമൂലം തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് 50% തൊഴിലാളികളെ വീതം നിയോഗിച്ച് ആദിനാട് ഫാക്ടറി ഉൾപ്പെടെ കോർപ്പറേഷന്റെ 30 കശുവണ്ടി ഫാക്ടറികളും ജൂൺ 2 മുതൽ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്. ലോക്ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ഫാക്ടറികളിൽ ജോലി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ തൊഴിലാളികൾക്ക് ധനസഹായം പ്രഖ്യാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ എല്ലാ കശുവണ്ടി തൊഴിലാളികൾക്കും ഈ ലോക്ഡൗൺ കാലത്തും ധനസഹായം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## ആദിവാസി മേഖലകളിലെ വൈദ്യുതീകരണം

160(430) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ കല്ലേലിമേട്, കുഞ്ചിപ്പാറ, വാരിയം, തലവച്ചുപാറ, തേര, ഉറിയംപെട്ടി തുടങ്ങിയ ആദിവാസി മേഖലകളിൽ വൈദ്യുതീകരണം നടത്തിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ പ്രദേശങ്ങളിലെ വൈദ്യുതീകരണം സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഏകദേശം 600-ഓളം ആദിവാസി കുടുംബങ്ങൾ താമസിക്കുന്ന മേൽപ്പറഞ്ഞ കോളനികളിൽ അടിയന്തരമായി വൈദ്യുതി എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) കല്ലേലിമേട്, തലവച്ചുപാറ, കുഞ്ചിപ്പാറ, തേര, വാരിയം, ഉറിയംപെട്ടി എന്നീ പ്രദേശങ്ങളിൽ, പ്രദേശത്തിന്റെ സ്വഭാവമനുസരിച്ച് വനത്തിൽക്കൂടി HT OH ലൈനും UG Cable- ഉം സ്ഥാപിച്ചുമാത്രമേ വൈദ്യുതി നൽകാൻ സാധിക്കുകയുള്ളൂ. ലൊക്കേഷൻ 1 – കല്ലേലിമേട്, തലവച്ചുപാറ, കുഞ്ചിപ്പാറ എന്നിവ ട്രൈബൽ കോളനികളും കല്ലേലിമേട് ട്രൈബൽ കോളനിയല്ലാത്ത പ്രദേശവുമാണ്. ലൈൻ വലിച്ച് വൈദ്യുതീകരിക്കുകയാണെങ്കിൽ നിലവിൽ കുട്ടമ്പുഴയിലെ ബ്ലാവന കടത്തിന് തെക്കുവശമുള്ള മെയിൻ റോഡിൽ 11 കെ.വി. ലൈനുണ്ട്. ബ്ലാവനകടത്ത് കടന്ന് (OH) പിന്നീട് കോൺക്രീറ്റ് റോഡിന് വശത്ത് വനത്തിലൂടെ 5.5 കി.മീ. കേബിൾ ഇട്ടാൽ കല്ലേലിമേട് എത്താം. അവിടെ ഒരു 100 kVA ട്രാൻസ്ഫോർമറും 6 കി.മീ. LT ലൈനും വലിച്ചാൽ ജനറൽ വിഭാഗത്തിലുള്ള 115 വീടുകൾക്ക് വൈദ്യുതി നൽകാം. കല്ലേലിമേട് നിന്ന് പടിഞ്ഞാറേയ്ക്ക് 4 കി.മീ. UG കേബിൾ വലിച്ചാൽ തലവച്ചുപാറ ട്രൈബൽ കോളനിയിൽ വൈദ്യുതി എത്തിക്കാം. 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ച് 70 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാം. കല്ലേലിമേട്

നിന്നും കിഴക്കോട്ട് 3.5 കി.മീ. UG കേബിൾ ഇട്ടാൽ 4 കി.മീ. LT ലൈനും 100 kVA ട്രാൻസ്ഫോർമറും നിർമ്മിച്ച് കുഞ്ചിപ്പാറ ട്രൈബൽ കോളനിയിൽ 95 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാം. ടി മൂന്ന് പ്രവൃത്തികൾക്കുംകൂടി 4.06 കോടിയുടെ എസ്റ്റിമേറ്റ് കണക്കാക്കിയിട്ടുണ്ട്. ലൈൻ വനത്തിലൂടെ വലിച്ച് ടി പ്രദേശങ്ങളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമുണ്ട്. കല്ലേലിമേട് ജനറൽ വിഭാഗത്തിൽപ്പെടുന്ന കോളനി ആയതുകൊണ്ട് വനാവകാശ നിയമത്തിൽപ്പെടാത്തതിനാൽ Forest sanction-നു വേണ്ടി മൂന്നുംകൂടി ഒന്നായി കണക്കാക്കി 26-06-2019-ൽ FP/KL/ Others/40859/2019 ആയി Forest portal-ൽ അപേക്ഷ നൽകിയത് നിരസിച്ചിരുന്നു. അതിനാൽ 29-3-2021-ലെ FP/KL/VELEC/ 139819/2021 ആയി Ministry of Environment, Forests and Climate Change, Government of India പോർട്ടലിൽ വീണ്ടും അപേക്ഷ നൽകിയിട്ടുണ്ട്. ലൊക്കേഷൻ 2 – തേര, വാരിയം ട്രൈബൽ കോളനികൾ ലൊക്കേഷൻ 1 -ലെ കല്ലേലിമേട് പ്രവൃത്തി ചെയ്ത് കഴിഞ്ഞാൽ മാത്രമേ ലോക്കേഷൻ 2-ലെ പ്രവൃത്തികൾ ചെയ്യാൻ സാധിക്കൂ. കല്ലേലിമേട് നിന്നും 12 കി.മീ. UG കേബിളും 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ചാൽ മാത്രമേ തേര ട്രൈബൽ കോളനിയിലെ 26 വീടുകൾക്ക് വൈദ്യുതി നൽകാൻ സാധിക്കൂ. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 3.7 കോടി രൂപയാണ്. കുഞ്ചിപ്പാറനിന്നും 14 കി.മീ. 11 കെ.വി. കേബിളും 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും വലിച്ചാൽ മാത്രമേ വാരിയം ട്രൈബൽ കോളനിയിലെ 75 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാൻ സാധിക്കൂ. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 4.3 കോടി രൂപയാണ് ലൊക്കേഷൻ 3 – ഉറിയംപെട്ടി ട്രൈബൽ കോളനി മണികണ്ഠൻചാലിൽ നിലവിൽ 11 കെ.വി. ലൈനുണ്ട്. അവിടെനിന്നും 24 കി.മീ. UG കേബിൾ വനത്തിലൂടെ വലിച്ച് 100 kVA ട്രാൻസ്ഫോർമറും 4 കി.മീ. LT ലൈനും സ്ഥാപിച്ചാൽ 75 പട്ടികവർഗ്ഗ വീടുകൾക്ക് വൈദ്യുതി നൽകാൻ സാധിക്കും. ഇതിന്റെ ഏകദേശ എസ്റ്റിമേറ്റ് തുക 7.4 കോടി രൂപയാണ്. തേര, വാരിയം, ഉറിയംപെട്ടി എന്നീ കോളനികളിൽ വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതിനാലും വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതിനാലും ഈ പ്രദേശങ്ങളിൽ സോളാർ പാനലുകൾ ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കുന്നതാണ് കൂടുതൽ അഭികാമ്യമായി കാണുന്നത്.

## ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

161(431) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ വൈദ്യുതി വകുപ്പ് ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2016 മുതൽ 2021 വരെ ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. നോർമൽ പദ്ധതിയിൽ ഉൾപ്പെടുത്തി 7.11 കോടി രൂപയുടെയും ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി 4.22 കോടി രൂപയുടെയും വികസന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. 2016-17-ൽ ആലത്തൂർ നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 1,23,77,646 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ എം.എൽ.എ. ഫണ്ടിൽനിന്നും 25,01,184 രൂപയും കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടിൽനിന്നും 4,11,837 രൂപയും ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയിൽനിന്നും 68,36,774 രൂപയും എസ്.സി എസ്.ടി ഡിപ്പാർട്ടുമെന്റിൽനിന്നും 5,75,318 രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും 18,65,563 രൂപയും ഉപഭോക്താക്കളുടെ പക്കൽനിന്നും 1,86,970 രൂപയും സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്ക് ചെലവാക്കി 762 സർവ്വീസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും മേലാർകോട് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ നിലവിലുണ്ടായിരുന്ന ഡബിൾ റ്റ്യൂബ് ഫ്ലൂറസന്റ് തെരുവുവിളക്കുകൾ മാറ്റി ഊർജ്ജക്ഷമമായ എൽ.ഇ.ഡി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 20 ലക്ഷം രൂപ ചെലവഴിച്ചു. ഇതുകൂടാതെ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 1512 എൽ.ഇ.ഡി. തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്.

## തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം

162(432) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി 110 കെ.വി. തിരൂർ സബ്സ്റ്റേഷന്റെ ശേഷി 37.5 MVA-യിൽ

നിന്നും 52.5 MVA ആയി ഉയർത്തുകയും 3 പുതിയ 11 കെ.വി. ഫീഡറുകൾ വൈദ്യുതി വിതരണത്തിനായി സജ്ജമാക്കുകയും ചെയ്തു. 110 കെ.വി. തിരൂർ സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് പരിമിതികളുള്ളതിനാൽ 200 MVA ശേഷിയുള്ള 220 കെ.വി. സബ്സ്റ്റേഷൻ വെങ്ങാലൂരിൽ സ്ഥാപിക്കുന്നതിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി സബ്സ്റ്റേഷൻ പൂർത്തിയാകുന്ന തോട്ടുകുടി മാടക്കത്തറ സബ്സ്റ്റേഷനിൽനിന്ന് വടക്കാഞ്ചേരി- കുന്നംകുളം- വെങ്ങാലൂർ ഇടനാഴിയിലൂടെ വൈദ്യുതി ലഭ്യത ഉറപ്പുവരുത്താനാകും. കൂടാതെ 33 കെ.വി. കൽപകഞ്ചേരി സബ്സ്റ്റേഷന്റെ ശേഷി 10MVA- യിൽനിന്നും 16 MVA ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കുറ്റിപ്പുറം സബ്സ്റ്റേഷനിൽനിന്നും കൽപകഞ്ചേരി സബ്സ്റ്റേഷനിലേയ്ക്ക് ഒരു 33 കെ.വി. ഫീഡർ ലഭ്യമാക്കുന്ന പ്രവൃത്തിയും പുരോഗമിക്കുന്നു.

(ബി) വെങ്ങാലൂർ സ്വിച്ചിംഗ് സ്റ്റേഷൻ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

വെങ്ങാലൂരിൽ 220 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ (GIS) സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടി സാങ്കേതികാനുമതിയും കിഫ്ബി -യുടെ ധനസഹായവും ലഭ്യമാണ്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുവേണ്ടി തലക്കാട് വില്ലേജിൽ 212.8 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി കെ.എസ്.ഇ.ബി.എൽ. ആരംഭിച്ചിട്ടുണ്ട്.

(സി) തിരൂർ പൂക്കയിൽ 110 കെ.വി.-യിൽനിന്ന് 220 കെ.വി.-യായി അപ്ഗ്രേഡ് ചെയ്യുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തിരൂർ (പൂക്കയിൽ) 110 കെ.വി. സബ്സ്റ്റേഷൻ 220 കെ.വി.-യായി ഉയർത്തുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

### ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ

163(433) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.-യും അനെർട്ടും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

മതിയായ തോതിൽ കേരളത്തിലുടനീളം ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കേരള സർക്കാരിന്റെ ഇ-മൊബിലിറ്റി പോളിസി പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽപ്പരം വരുന്ന സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിട്ടിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിച്ച്, 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. ആദ്യ നാല് മാസങ്ങളിൽ വൈദ്യുതി വാഹന ഉടമകൾക്ക് സൗജന്യമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കുന്നതിനായി നൽകിയിരിക്കുകയാണ്. ഇത്തരത്തിൽ മികച്ച ഒരു ഇലക്ട്രിക് വാഹന ഉപയോഗ സംസ്കാരം രൂപീകരിക്കുന്നതിൽ വൈദ്യുതി ബോർഡ് ഗണ്യമായ പങ്കുവഹിക്കുകയാണ്. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു. 1.നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം 2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം 3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം 4. വിയ്യൂർ, സബ്സ്റ്റേഷൻ, തൃശ്ശൂർ 5. നല്ലളം, സബ്സ്റ്റേഷൻ, കോഴിക്കോട് 6. ചൊവ്വ, സബ്സ്റ്റേഷൻ, കണ്ണൂർ. സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം ഇന്ത്യ ഫേസ് II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽതന്നെ പൂർത്തീകരിക്കുന്നതായിരിക്കും. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി വഴി 20 ചാർജ്ജിംഗ് സ്റ്റേഷനുകൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. അനെർട്ട് മുഖേന കേരളത്തിലെ എല്ലാ ജില്ലകളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ദേശീയ പാതകൾ, സ്റ്റേറ്റ് ഹൈവേകൾ, എം.സി റോഡ്, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലം 10 വർഷത്തെ ലീസിന് നൽകുവാൻ സാധിക്കുന്ന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കണ്ടെത്തി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കേന്ദ്ര ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള EESL (Energy Efficiency Service Limited) എന്ന സ്ഥാപനവുമായി ചേർന്നാണ് അനെർട്ട് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക നൽകുന്നതാണ്. DTPC സെന്ററുകൾ, KTDC ഹോട്ടലുകൾ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങൾ ആ പദ്ധതിക്ക് വളരെയധികം അനുയോജ്യമാണ്. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രധാന

തടസ്സമായി നിൽക്കുന്നത്, ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലലഭ്യതയാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 5 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചാർജ്ജിംഗ് മെഷീനുകൾ എത്തിച്ചേർന്നിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചാലുടൻ പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. NH, MC Road, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 50 കിലോമീറ്ററിലും ഓരോ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതിക്കായി സ്വകാര്യ സംരംഭങ്ങളിൽനിന്നും സോളാർ പവേർഡ് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ബി) പാലക്കാട് - കോഴിക്കോട് ദേശീയപാതയിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ

പാലക്കാട് - കോഴിക്കോട് ദേശീയപാതയിലെ നിർദ്ദിഷ്ട ചാർജ്ജിംഗ് സ്റ്റേഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

നിർമ്മാണം പൂർത്തിയായവ- 1. നല്ലളം.

സബ്സ്റ്റേഷൻ നിർമ്മാണം പുരോഗമിക്കുന്നവ -

1. കരിപ്പൂർ എയർപോട്ട് 2. രാമനാട്ടുകര സബ്സ്റ്റേഷൻ 3. ഗാന്ധിറോഡ് സബ്സ്റ്റേഷൻ 4. കോർപ്പറേഷൻ സ്റ്റേഡിയം, കോഴിക്കോട് 5. ബീച്ച് ഹോസ്പിറ്റൽ, കോഴിക്കോട്.

ടെണ്ടർ നടപടി പുരോഗമിക്കുന്നവ-

1. 110 കെ.വി. സബ്സ്റ്റേഷൻ, പെരിന്തൽമണ്ണ

2. 110 കെ.വി. സബ്സ്റ്റേഷൻ, മലപ്പുറം

3. 33 കെ.വി. സബ്സ്റ്റേഷൻ, വള്ളുവമ്പ്രം.

### മങ്കട മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

164(434) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

66 കെ.വി. മങ്കട സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തുകയും മലാപ്പറമ്പ – മേലാറ്റൂർ ലൈനിൽനിന്നും എലച്ചോല മുതൽ മങ്കട വരെ 110 കെ.വി. ലൈൻ നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. ഇതോടൊപ്പം മലപ്പുറം – മങ്കട 66 കെ.വി. ലൈൻ 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തിയും പരിഗണനയിലുണ്ട്. ടി പ്രവൃത്തികളിൽ മങ്കട സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേയ്ക്ക് ഉയർത്തി അവിടെ 10 MVA ശേഷിയുള്ള ഒരു 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തിയും എലച്ചോല മുതൽ മങ്കട വരെയുള്ള ലൈനിന്റെ നിർമ്മാണവും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി. മങ്കട സബ്സ്റ്റേഷനിൽ 12.5 MVA ശേഷിയുള്ള രണ്ടാമത്തെ 110/11 കെ.വി. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കും. ഇതിനായുള്ള ട്രാൻസ്ഫോർമറിന് ഇതിനകം ഓർഡർ നൽകിക്കഴിഞ്ഞു. മലപ്പുറം മുതൽ മങ്കട വരെയുള്ള 66 കെ.വി. ലൈൻ 110 കെ.വി. ആക്കി ഉയർത്തുന്ന പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്. മങ്കട നിയോജക മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന ' ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 30.69 കി.മീ. എച്ച്.ടി. ലൈനും 29.9 കി.മീ എൽ.ടി ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 6 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 64.1 കി.മീ. ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുന്ന പ്രവൃത്തികളും 245 കി.മീ. ലൈൻ റീ കണ്ടക്ടറിംഗ് നടത്തുന്ന പ്രവൃത്തികളും 3 ട്രാൻസ്ഫോർമറുകളുടെ ശേഷി കൂട്ടുന്ന പ്രവൃത്തിയും ഉൾപ്പെടെ ആകെ 547 ലക്ഷം രൂപയുടെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ് "പദ്ധതി, 'കെ-ഫോൺ' പദ്ധതി എന്നിവയും മങ്കട നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു.

(ബി) മണ്ഡലത്തിൽ അടിയന്തരമായി നടപ്പിലാക്കണമെന്ന് വൈദ്യുതി വകുപ്പ് വിലയിരുത്തിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇതിനായി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ടുപയോഗിച്ച്

നടത്തുന്ന 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 2023 വരെയുള്ള 1065.24 ലക്ഷം രൂപയുടെ വിവിധ വോൾട്ടേജ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പദ്ധതികൾ ആസൂത്രണം ചെയ്യുകയും അവ നടപ്പിലാക്കിവരുകയും ചെയ്യുന്നു. മറ്റ് ദീർഘകാല പ്രവൃത്തികളുടെ രൂപരേഖ തയ്യാറായിവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി വകുപ്പ് മുഖേന മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ IPDS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 54.784 കി.മീ. എച്ച്.ടി. ലൈനും 65.54 കി.മീ. എൽ.ടി ലൈനും നിർമ്മിക്കുകയും 61 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 70.65 കി.മീ. ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുകയും 219 കി.മീ. ലൈൻ റീ- കണ്ടക്ടറിംഗ് നടത്തുകയും 34 ട്രാൻസ്ഫോർമറുകളുടെ ശേഷികൂട്ടുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്കായി 143.6 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 30 ലക്ഷം രൂപ MLA-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും 1615 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതോല്പാദനത്തിലെ വർദ്ധനവ്

165(435) ശ്രീ. എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2021 വരെയുള്ള കാലഘട്ടത്തിൽ വൈദ്യുതോല്പാദനത്തിൽ എത്ര വളർച്ച കൈവരിക്കാൻ സാധിച്ചെന്ന് വിശദമാക്കാമോ;

(ബി) ജലവൈദ്യുതി ഉത്പാദനം, സൗരോർജ്ജ ഉത്പാദനം അടക്കമുള്ള വിവിധ മേഖലകൾ തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

(എ&ബി) 2016-2021 വരെയുള്ള കാലഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികൾ പൂർത്തീകരിച്ച് വൈദ്യുതോല്പാദനം നടത്തിവരുന്നു. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ആകെ ജലവൈദ്യുതി ഉല്പാദനം സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

2016-2017-7043 MU

2017-2018-5489 MU

2018-2019-7976 MU

2019-2020-4742 MU

2020-2021-7071 MU

2016-2021 കാലഘട്ടത്തിൽ സൗരോർജ്ജ വൈദ്യുതോല്പാദനത്തിൽ താഴെപ്പറയുന്ന വൈദ്യുത പദ്ധതികൾ നിലവിൽവന്നു. കെ.എസ്.ഇ.ബി.-യുടെ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സ്ഥാപിച്ചിട്ടുള്ളവ 6.06 MW, ഫ്ലോട്ടിംഗ് സോളാർ ബാണാസുരസാഗർ/കക്കയം ഗ്രിഡ് കണക്ട് 0.5 MW, കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളവ 9.75 MW, ഗവൺമെന്റ് കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ളവ 2.5045 MW, ഗ്രിഡ് ബന്ധിത കൺസ്യൂമേഴ്സ് (ഏപ്രിൽ 2021 വരെ) 130.651 MW, സിയാൽ 26.44 MW, അനർട്ട്, കുഴൽമന്ദം 2 MW, ഹിൻഡാൽക്കോ 1 MW, അമ്പലത്തറ സോളാർ പാർക്ക് 50 MW, കെ.എം.ആർ.എൽ 5.395 MW, പൈവേളിക 50 MW. ആകെ 284.3005 MW. കൂടാതെ അനെർട്ട് 16 മെഗാവാട്ട് സോളാർ ഓഫ് ഗ്രിഡ് നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 2016-21 കാലയളവിൽ എനർജി മാനേജ്മെന്റ് സെന്റർ ചെറുകിട ജലവൈദ്യുത പദ്ധതി സെൽ മുഖാന്തരം സ്വകാര്യ സംരംഭകർക്ക് അനുവദിച്ചുനൽകിയ പദ്ധതികളിലൂടെ 20.50MW സ്ഥാപിത ശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഗ്രിഡിൽ കണക്ട് ചെയ്തു. (പാതംകയം -8MW, കാരിക്കയം 2-ാം ഘട്ടം - 4.5MW, ആനക്കാംപോയിൽ - 8 MW). ഇതുകൂടാതെ

ഇ.എം.സി നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ഇനത്തിൽ 25 പീക്കോ ജലവൈദ്യുത പദ്ധതികളും (30kW മൊത്തം സ്ഥാപിത ശേഷിയുള്ളവ) നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ ഒരു 20kW സ്ഥാപിതശേഷിയുള്ള വോർട്ടെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയും (കാട്ടുവെട്ടി) നിർമ്മിച്ച് ഗ്രിഡിൽ കണക്ട് ചെയ്തിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗം

166(436) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉപഭോഗത്തിൽ നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ടെന്ന് വിശദമാക്കാമോ?

നിലവിൽ 3185.64 മെഗാവാട്ട് വൈദ്യുതി കേരളത്തിൽ ഉത്പാദിപ്പിക്കുന്നുണ്ട്.

(ബി) കേരളത്തിന് പുറത്തുനിന്ന് ഏതൊക്കെ സ്രോതസ്സുകളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാന സർക്കാർ ഏതുനിരക്കിൽ ലഭ്യമാക്കുന്നുവെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തിന് പുറത്ത് കേന്ദ്രപൂളിൽനിന്ന് (1741 MW) വൈദ്യുതിയും സംസ്ഥാനത്തിന് പുറത്തുള്ള സ്വതന്ത്ര താപ വൈദ്യുതി ഉല്പാദകരിൽനിന്ന് (1215 MW) വൈദ്യുതിയും ദീർഘകാല കരാറടിസ്ഥാനത്തിൽ വാങ്ങുന്നുണ്ട്. ഇവയുടെ വിശദാംശങ്ങളും വൈദ്യുതി വാങ്ങൽ നിരക്കും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവയ്ക്കുപുറമേ വൈദ്യുതിയുടെ അപ്രതീക്ഷിത ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി ദൈനംദിനാവശ്യങ്ങൾക്കായി പവർ എക്സ്ചേഞ്ച് മുഖേനയും ഹ്രസ്വകാല കരാർ മുഖേനയും ബാങ്കിംഗ് സംവിധാനത്തിലൂടെയും സംസ്ഥാനം പുറമേനിന്ന് വൈദ്യുതി വാങ്ങിവരുന്നു.

## വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകൾ

167(437) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016-ൽ സർക്കാർ അധികാരത്തിലെത്തുമ്പോൾ വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കി. സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും അപേക്ഷകർ Missed Call നൽകുമ്പോൾ കെ.എസ്.ഇ.ബി.-യുടെ "Customer Care Centre" -ലെ ജീവനക്കാർ ഉപഭോക്താവിനെ ബന്ധപ്പെട്ട് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തിയും ഉപഭോക്താക്കൾക്ക് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകി. എല്ലാത്തിനുംപുറമേ ജീവനക്കാർ വീടുവീടാന്തരം കയറിയിറങ്ങിയും രജിസ്റ്റർ ചെയ്യാത്ത ഉപഭോക്താക്കളെ കണ്ടെത്തുകയും അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റുവിവരങ്ങൾ ശേഖരിക്കുന്നതിനുമായി Web Portal രൂപീകരിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം 1.51 ലക്ഷത്തോളം ഉപഭോക്താക്കളെ കണ്ടെത്തുകയും സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം വൈദ്യുതി എത്തിക്കുകയും ചെയ്തു.

(ബി) 2016-2021 കാലഘട്ടത്തിൽ പുതുതായി എത്ര വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

2016-2021 കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ നൽകിയതുൾപ്പെടെ പുതുതായി 8,90,959 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു.

(സി) നിലവിൽ സംസ്ഥാനത്ത് വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര വീടുകളുണ്ടെന്ന് വ്യക്തമാക്കാമോ?

വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി കണക്ഷൻ നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി.-യിൽ ലഭ്യമല്ല.

## വൈദ്യുതി മീറ്ററുകളിലെ പോരായ്മകൾ പരിഹരിക്കാൻ നടപടി

168(438) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുത ഉപഭോക്താക്കൾ, മീറ്ററിലുണ്ടാകുന്ന പോരായ്മമൂലം അവരുടേതല്ലാത്ത കുറ്റത്തിന് അമിത ബില്ല് നൽകേണ്ട അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കൾ മീറ്ററിലുണ്ടാകുന്ന പോരായ്മമൂലം അവരുടേതല്ലാത്ത കുറ്റത്തിന് അമിത ബിൽ നൽകേണ്ട അവസ്ഥയില്ല. ഏതെങ്കിലും കാരണവശാൽ മീറ്ററിനോ അതിനോടനുബന്ധിച്ചുള്ള ഉപകരണങ്ങൾക്കോ തകരാർ സംഭവിക്കുകയും മീറ്റർ റീഡിംഗ് എടുക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്താൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് - 2014 -ലെ ചട്ടങ്ങൾക്ക് വിധേയമായി മുൻകാലങ്ങളിലെ ശരാശരി വൈദ്യുതി ഉപയോഗം കണക്കാക്കി ബില്ലുകൾ നൽകുകയാണ് ചെയ്തുവരുന്നത്. ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതികൾ ഉണ്ടായാൽ ഉടൻതന്നെ എനർജി മീറ്റർ പരിശോധിക്കുകയും ആവശ്യമെങ്കിൽ സമാന്തരമീറ്റർ (Parallel Meter) സ്ഥാപിക്കുകയും പരാതിയിൽ കഴമ്പുണ്ടെന്ന് ബോധ്യപ്പെടുന്നപക്ഷം ബിൽ പുതുക്കി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ, വയറിംഗിന്റെ കാലപ്പഴക്കംകൊണ്ടോ നിശ്ചിത ഗുണനിലവാരമില്ലാത്ത വൈദ്യുത ഉപകരണങ്ങളും മറ്റും ഉപയോഗിക്കുന്നതുകൊണ്ടോ ഉപഭോക്താവിന്റെ പ്രതിഷ്ഠാപനത്തിലെ തകരാറുമൂലമോ എനർജി മീറ്റർ റീഡിംഗ് അധികമായിവരുന്നത് കാരണം ബിൽ തുക കൂടിയതായുള്ള പരാതികളിൽ ഉപഭോഗം യഥാർത്ഥത്തിൽ നടന്നിട്ടുള്ളതിനാലും തകരാറ് ഉപഭോക്താവിന്റെ പ്രതിഷ്ഠാപനത്തിലായതിനാലും ടി ബിൽ തുക അടയ്ക്കാൻ ഉപഭോക്താവ് ബാധ്യസ്ഥനാണ്.

(ബി) പല ഉപഭോക്താക്കളുടെയും മീറ്ററുകൾ കേടായിക്കിടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയവ മാറ്റി പുതിയവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ തകരാറിലായ 41.5 ലക്ഷത്തോളം എനർജി മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോഴത്തെ കണക്കുകൾ പ്രകാരം ഏകദേശം 15900 തകരാറിലായ എനർജി മീറ്ററുകൾ മാത്രമേ മാറ്റി സ്ഥാപിക്കുവാനുള്ളൂ. ഇത് നിലവിലുള്ള മീറ്ററുകളുടെ 0.12% മാത്രമാണ്. ഇവയും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ഒരിക്കൽ ഉയർന്ന മീറ്റർ റീഡിംഗും എന്നാൽ തൊട്ടടുത്ത മാസം കുറഞ്ഞ റീഡിംഗും കാണിച്ചാലും, കൂടിയ സ്ലാബ് മാറാത്ത സാഹചര്യം പുനഃപരിശോധിക്കുമോ; പിന്നീടൊരിക്കലും ഈ സ്ലാബിൽ മാറ്റം വരാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കണ്ടെത്തുമോ?

ഒരു ബില്ലിൽ ഉയർന്ന ഉപഭോഗത്തിന് സ്ലാബ് നിരക്ക് കൂടിയ ബിൽ ലഭിച്ചാൽപ്പോലും അടുത്ത ബില്ലിൽ ഉപഭോഗം കുറവാണെങ്കിൽ ടി ഉപഭോഗത്തിനനുസൃതമായ താഴ്ന്ന സ്ലാബിലെ ബില്ലാണ് നൽകുന്നത്.

(ഡി) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് ത്രീ ഫെയ്സ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 റെഗുലേഷൻ 8 പ്രകാരം 5 കിലോവാട്ട് വരെയുള്ള ലോഡുകൾക്ക് 240 വോൾട്ട് സിംഗിൾ ഫേസ് സപ്ലൈയും ഇതിനുമുകളിൽ 100 kVA വരെയുള്ള ലോഡുകൾക്ക് 415 വോൾട്ട് ത്രീ ഫേസ് സപ്ലൈയുമാണ് നൽകേണ്ടത്. എന്നാൽ കണക്ടഡ് ലോഡ് 5 കിലോവാട്ടിൽ താഴെയാണെങ്കിലും ഉപഭോക്താവ് ആവശ്യപ്പെട്ടാൽ 415 വോൾട്ട് ത്രീ ഫേസ് സപ്ലൈ നൽകേണ്ടതും ഇതിനാവശ്യമായ ചെലവുകൾ ഉപഭോക്താവ് വഹിക്കേണ്ടതുമാണ്.

## വൈദ്യുതി ബോർഡിന് ലഭിക്കാനുള്ള കുടിശ്ശിക

169(439) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വൈദ്യുതി ബോർഡിന് എത്ര കോടി രൂപ കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്; വകുപ്പുതിരിച്ച് വിശദാംശം നൽകാമോ?

30-4-2021-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം നിലവിൽ വൈദ്യുതി ബോർഡിന് ആകെ 2461.82 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട് (പ്രൊവിഷണൽ). 30-4-2021-വരെയുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു *.

(ബി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടേയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSER-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2016, 2018, 2019, 2021 എന്നീ വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നു. KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക മുതലിനുതന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം കുടിശ്ശിക വരുത്തുന്ന എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കളെ ഫോണിലൂടെ ബന്ധപ്പെട്ടും കുടിശ്ശിക നോട്ടീസ് അയച്ചും തവണ വ്യവസ്ഥയിൽ തുക ഒടുക്കുന്നതിനുവേണ്ട സൗകര്യം ചെയ്തുകൊടുത്തും വൺ ടൈം സെറ്റിൽമെന്റ് പ്രോഗ്രാം സംഘടിപ്പിച്ചും ഡിസ്കണക്ഷൻ നടത്തിയും റവന്യൂ റിക്കവറി നടപടികളിലൂടെയും വൈദ്യുതി അദാലത്ത് നടത്തിയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ സർക്കിൾ ഓഫീസുകളുമായി ബന്ധപ്പെട്ട് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി, കുടിശ്ശികക്കാരായ ഉപഭോക്താക്കളുടെ വിശദവിവരങ്ങളടങ്ങിയ ലിസ്റ്റ് തയ്യാറാക്കി എല്ലാ മാസങ്ങളിലും നൽകുന്നു.

(സി) നിലവിൽ വൈദ്യുതി ബോർഡ് ലാഭത്തിലാണോ അതോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ എത്ര കോടി രൂപയുടെ ലാഭം അല്ലെങ്കിൽ നഷ്ടമെന്ന് വ്യക്തമാക്കുമോ?

നിലവിൽ വൈദ്യുതി ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2019-20-ലെ കണക്കുപ്രകാരം 269.55 കോടി രൂപയാണ് നഷ്ടം.

(ഡി) കോവിഡ്-19-ന്റെ സാഹചര്യത്തിൽ യഥാസമയം വൈദ്യുതി ബില്ലുകൾ അടയ്ക്കുവാൻ കഴിയാത്ത ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിനുമുമ്പായി ഇത്തരം ഉപഭോക്താക്കൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകുന്ന കാര്യവും അവർക്ക് മതിയായ സമയം നൽകുന്ന കാര്യവും സർക്കാർ പരിശോധിക്കുമോ; വിശദാംശം നൽകാമോ?

2020-ലെ കോവിഡുമൂലമുള്ള ആദ്യ ലോക്ക്ഡൗൺ കാരണം വൈദ്യുതി ബിൽ അടയ്ക്കുവാൻ സാധിക്കാത്ത ഉപഭോക്താക്കൾക്ക് 2020 ഡിസംബർ 31 വരെ സാവകാശം നൽകിയിരുന്നു. ഈ സമയപരിധിക്കുശേഷവും ബിൽ അടയ്ക്കാനുള്ള ഉപഭോക്താക്കളെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലെ സീനിയർ സൂപ്രണ്ട്, സീനിയർ അസ്സിസ്റ്റന്റ് എന്നിവരോ ഇവർ ചുമതലപ്പെടുത്തിയ മറ്റുജീവനക്കാരോ ഫോണിൽ ബന്ധപ്പെട്ട് ബിൽ തുക അടയ്ക്കുവാനുള്ള നിർദ്ദേശം നൽകുകയും അല്ലാത്തപക്ഷം വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതാണെന്ന അറിയിപ്പ് നൽകുകയും ചെയ്തിരുന്നു. സപ്ലൈ കോഡ് അനുശാസിക്കുന്ന തരത്തിലുള്ള Disconnection cum Demand Notice ആണ് KSEB Ltd നൽകുന്നത്. കൂടാതെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതിന് മുൻപായി ഒരു SMS നൽകുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ കോവിഡ് ലോക്ക്ഡൗൺ കാരണം വൈദ്യുതി മോഷണം, അപകടങ്ങൾ എന്നിവയൊഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

## വൈദ്യുതി ബോർഡിന്റെ വരുമാനം

170(440) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വൈദ്യുതി ബോർഡിന്റെ റവന്യൂ വരുമാനം, ഒ.വൈ.ഇ.സി., കണക്ഷൻ ഡെപ്പോസിറ്റ് ചാർജ്ജ്, മീറ്റർ വാടക, മറ്റിതരവരുമാന മാർഗ്ഗങ്ങൾ എന്നിവയിലോരോന്നിലും ഓരോ വർഷവും ലഭിച്ച തുക വ്യക്തമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്തെ വൈദ്യുതി ബോർഡിന്റെ റവന്യൂ വരുമാനം, ഒ.വൈ.ഇ.സി., കണക്ഷൻ ഡെപ്പോസിറ്റ് ചാർജ്ജ്, മീറ്റർ വാടക,

മറ്റിതരവരുമാനങ്ങൾ എന്നിവയിൽ ഓരോന്നിലും ഓരോ വർഷവും ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്*.

(ബി) പ്രസ്തുത കാലയളവിൽ കേന്ദ്രസർക്കാരിൽനിന്നും ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി ഏജൻസിയിൽനിന്നും വിദേശ ഏജൻസികളിൽനിന്നും മറ്റ് സ്ഥാപനങ്ങളിൽനിന്നും ഗ്രാന്റ്, വായ്പ തുടങ്ങിയ ഇനങ്ങളിൽ ലഭിച്ച തുക എത്രയെന്ന് വർഷം തിരിച്ച് അറിയിക്കാമോ?

പ്രസ്തുത കാലയളവിൽ ലഭിച്ച മറ്റിതര തുകകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(i) 13-ാം ധനകാര്യകമ്മീഷന്റെ ഭാഗമായി ഗ്രാന്റായി കേന്ദ്രസർക്കാർ അനുവദിച്ച 12.50 കോടി രൂപ 3-7-2017-ൽ കെ.എസ്.ഇ.ബി. -ക്ക് സംസ്ഥാന ബഡ്ജറ്റ് വഴി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുക 3MW സോളാർപ്ലാന്റ് ബാരാപോളിൽ സ്ഥാപിക്കുന്നതിനായിട്ടാണ് ഉപയോഗിച്ചത്.

(ii) ഡാം റിഹാബിലിറ്റേഷനും ഇംപ്രൂവ്മെന്റ് പ്രോഗ്രാമും (DRIP) ഉൾപ്പെടെയുള്ള ഡാം സുരക്ഷാ പദ്ധതികൾക്കായി വേൾഡ് ബാങ്കിൽനിന്നുള്ള ലോൺ തുക സംസ്ഥാന ബഡ്ജറ്റ് വഴി പ്രസ്തുത കാലയളവിൽ ലഭ്യമായതിന്റെ വിശദാംശങ്ങൾ അനുബന്ധം II ആയും* കേന്ദ്രസർക്കാരിൽനിന്നും പവർ ഫിനാൻസ് കോർപ്പറേഷൻ/റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ മുഖേന വിവിധ പദ്ധതികൾക്കായി ഗ്രാന്റ്/വായ്പ തുടങ്ങിയ ഇനങ്ങളിൽ ലഭിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയും* ചേർത്തിട്ടുണ്ട്. എന്നാൽ ഐക്യരാഷ്ട്രസഭയുടെ പരിസ്ഥിതി ഏജൻസിയിൽനിന്നും മറ്റ് വിദേശ ഏജൻസികളിൽനിന്നും ഗ്രാന്റ്, വായ്പ തുടങ്ങിയ ഇനങ്ങളിൽ തുകകൾ ലഭ്യമായിട്ടില്ല.

## വയനാട് ജില്ലയിൽ വൈദ്യുതി ഭവൻ

171(441) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ വൈദ്യുതി ഭവൻ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

(എ&ബി)വയനാട് ജില്ലയിൽ ഒരു വൈദ്യുതി ഭവനം സ്ഥാപിക്കുന്നതിനായി അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

**ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കൽ**

172(442) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ ഇ-വെഹിക്കിൾ നയപ്രകാരം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മതിയായ തോതിൽ കേരളത്തിലുടനീളം ചാർജ്ജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കേരള സർക്കാരിന്റെ ഇ-മൊബിലിറ്റി പോളിസി പ്രകാരം കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലുമായി 250-ൽപ്പരം വരുന്ന സ്റ്റേഷനുകൾ ഉൾക്കൊള്ളുന്ന ഒരു ചാർജ്ജിംഗ് ശൃംഖല സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിച്ച് 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തിട്ടുണ്ട്. ആദ്യ നാല് മാസങ്ങളിൽ വൈദ്യുതി വാഹന ഉടമകൾക്ക് സൗജന്യമായി ചാർജ്ജിംഗ് സ്റ്റേഷനുകൾ ഉപയോഗിക്കുന്നതിനായി നൽകിയിരിക്കുകയാണ്. ഇത്തരത്തിൽ മികച്ച ഒരു ഇലക്ട്രിക് വാഹന ഉപയോഗ സംസ്കാരം രൂപീകരിക്കുന്നതിൽ വൈദ്യുതി ബോർഡ് ഗണ്യമായ പങ്കുവഹിക്കുകയാണ്. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു

1. നേമം, ഇലക്ട്രിക്കൽ സെക്ഷൻ, തിരുവനന്തപുരം
2. ഒലൈ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലം
3. പാലാരിവട്ടം, വൈദ്യുതി ഭവനം, എറണാകുളം
4. വിയ്യൂർ, സബ് സ്റ്റേഷൻ, തൃശ്ശൂർ
5. നല്ലളം, സബ് സ്റ്റേഷൻ, കോഴിക്കോട്
6. ചൊവ്വ, സബ് സ്റ്റേഷൻ, കണ്ണൂർ

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജ്ജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിക്കുകയാണ്. ഇതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം ഇന്ത്യ ഫേസ് II പദ്ധതി പ്രകാരമുള്ള 30 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം II പദ്ധതി വഴി 20 ചാർജ്ജിംഗ് സ്റ്റേഷനുകൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. ഇലക്ട്രിക് വാഹനങ്ങളുടെ വ്യാപനത്തിന് അനിവാര്യമായ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖാന്തരം സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

കേരളത്തിലെ എല്ലാ ജില്ലകളിലും ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് ദേശീയ പാതകൾ, സ്റ്റേറ്റ് ഹൈവേകൾ, എം.സി റോഡ്, മറ്റുപ്രധാന റോഡുകൾ എന്നിവിടങ്ങളിൽ കുറഞ്ഞത് 5 സെന്റ് സ്ഥലം 10 വർഷത്തെ ലീസിന് നൽകുവാൻ സാധിക്കുന്ന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവിടങ്ങൾ കണ്ടെത്തി ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നു. കേന്ദ്ര ഊർജ്ജ വകുപ്പിന്റെ കീഴിലുള്ള EESL (Energy Efficiency Service Limited) എന്ന സ്ഥാപനവുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക നൽകുന്നതാണ്. DTPC സെന്ററുകൾ, KTDC ഹോട്ടലുകൾ, മറ്റുപൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങൾ ആ പദ്ധതിക്ക് വളരെയധികം അനുയോജ്യമാണ്. ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പ്രധാന തടസ്സമായി നിൽക്കുന്നത് ഇത് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലലഭ്യതയാണ്. നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ 5 ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം, ഇടുക്കി, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. പത്തനംതിട്ട, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ചാർജ്ജിംഗ് മെഷിനുകൾ എത്തിച്ചേർന്നിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭിച്ചാലുടൻ പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്. NH, MC Road, മറ്റ് പ്രധാന റോഡുകൾ എന്നിവിടങ്ങളിൽ ഓരോ 50 കിലോമീറ്ററിലും ഓരോ ഇലക്ട്രിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ട പദ്ധതിക്കായി സ്വകാര്യ സംരംഭങ്ങളിൽനിന്നും സോളാർ പവേർഡ് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. കൂടാതെ പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഏജൻസികളെ എംപാനൽ ചെയ്യുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്.

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

കണ്ണൂർ ജില്ലയിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾ - നിർമ്മാണം പൂർത്തിയായവ - 110 കെ.വി സബ്സ്റ്റേഷൻ, ചൊവ്വ

നിർമ്മാണം പുരോഗമിക്കുന്നവ- 1. കണ്ണൂർ എയർപോർട്ട്

2. 33 കെ.വി സബ്സ്റ്റേഷൻ, കണ്ണൂർ.

ടെണ്ടർ നടപടി പുരോഗമിക്കുന്നവ - വളപ്പട്ടണം സെക്ഷൻ ഓഫീസ്

**അക്ഷയോർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കൽ**

173(443) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുവാൻ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയോർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കാനും അവ സ്ഥാപിക്കാനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്ത് എല്ലാ അസംബ്ലി നിയോജകമണ്ഡലത്തിലും ഓരോ അക്ഷയോർജ്ജ സേവന കേന്ദ്രം (ഊർജ്ജമിത്ര) അനെർട്ടിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ സ്ഥാപനത്തിനും പരിപാലനത്തിനും പരിശീലനം ലഭിച്ച അംഗീകൃത സാങ്കേതിക വിദഗ്ധരുടെ സേവനം ഉറപ്പുവരുത്തുന്നതിനും ജനങ്ങൾക്ക് ഗുണനിലവാരമുള്ള സേവനങ്ങളും സാങ്കേതിക അറിവും ലഭ്യമാക്കുന്നതിനും ഊർജ്ജമിത്ര കേന്ദ്രങ്ങൾ മുഖേന കഴിയുന്നതാണ്. ഗുണനിലവാരമുള്ള വിവിധ ഊർജ്ജ സംരക്ഷണ ഉപകരണങ്ങളുടെ വിതരണവും ഈ സേവന കേന്ദ്രങ്ങൾ മുഖേന ലഭ്യമാക്കുന്നതാണ്. സംരംഭകരുടെ മുതൽമുടക്കിലാണ് സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്. മൂന്നുവർഷം വിജയകരമായി സംരംഭം നടത്തുന്നവർക്ക് അനെർട്ട് താഴെപ്പറയുന്ന രീതിയിൽ ധനസഹായം ലഭ്യമാക്കുന്നതാണ്.

| സംരംഭകരുടെ വിഭാഗം | അനെർട്ട് ധനസഹായം (രൂപ) | |
|---|---|---|
| | നഗരം | ഗ്രാമം |
| സാധാരണ വിഭാഗം | 60,000 | 1,00,000 |
| പ്രത്യേക വിഭാഗം (എസ്.സി/എസ്.റ്റി/ ഒ.ബി.സി/ ന്യൂനപക്ഷം/വനിതകൾ/വിമുക്ത ഭടന്മാർ/ഭിന്നശേഷിക്കാർ) | 1,00,000 | 1,40,000 |

സംരംഭം ആരംഭിക്കുന്നത് നഗരസഭ അല്ലെങ്കിൽ മുനിസിപ്പാലിറ്റി പരിധിയിലാണെങ്കിൽ നഗരപ്രദേശത്തിന് അനുവദിക്കുന്ന നിരക്കിലുള്ള ധനസഹായവും സംരംഭം ഗ്രാമപഞ്ചായത്ത് പ്രദേശത്താണെങ്കിൽ ഗ്രാമപ്രദേശത്തിന് അനുവദിക്കുന്ന ധനസഹായവും ലഭിക്കുന്നതാണ്.

**സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾ**

174(444) <u>ശ്രീ. പി. ടി. തോമസ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷത്തോടെ ജലവൈദ്യുത പദ്ധതികളിൽനിന്നും 500 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുമെന്ന 2016-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയിലെ വാഗ്ദാനം പൂർണ്ണമായ തോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

ഇല്ല

(ബി) 2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ എത്ര മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് കമ്മീഷൻ ചെയ്തതെന്ന് അറിയിക്കുമോ?

2016 മുതൽ 2021 വരെയുള്ള അഞ്ച് വർഷക്കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികളെ പൂർത്തീകരിച്ച് ആകെ 12.6 MW വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധിച്ചു.

(സി) പ്രസ്തുത കാലയളവിൽ നിർമ്മാണം ആരംഭിച്ചതും എന്നാൽ ഇതിനകം കമ്മീഷൻ ചെയ്യാത്തതുമായ ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; അവ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത കാലയളവിൽ ആരംഭിച്ച് ഉദ്ഘാടനം ചെയ്ത പദ്ധതികൾ ഒന്നുംതന്നെ ഇല്ല. ഈ കാലയളവിൽ തുടക്കംകുറിച്ച് പണി പുരോഗമിച്ചുവരുന്ന ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | നിലവിലെ സ്ഥിതി | കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| 1 | അപ്പർ കല്ലാർ (2 MW) | പണി പുരോഗമിക്കുന്നു | 30-6-2021 |
| 2 | പഴശ്ശി സാഗർ (7.5 MW) | പണി പുരോഗമിക്കുന്നു | 10-2-2023 |
| 3 | ചിന്നാർ (24 MW) | പണി പുരോഗമിക്കുന്നു | 5-4-2022 |
| 4 | പെരുവണ്ണാമുഴി (6 MW) | പണി പുരോഗമിക്കുന്നു | 10-8-2022 |

**പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ**

175(445) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

മുൻസർക്കാർ പട്ടാമ്പി മണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി, ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതി, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടത്തുന്ന PPS പദ്ധതി, ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന 'ദ്യുതി' പദ്ധതി എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതികളിൽ ഉൾപ്പെടുത്തി 74.43 കി. മീ എച്ച്.ടി ലൈനും, 135.84 കി.മീ എൽ.ടി ലൈനും നിർമ്മിക്കുകയും 104 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 17017 പുതിയ കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്കായി 83.4 ലക്ഷം രൂപ ചെലവഴിക്കുകയും ഇതിൽ 25 ലക്ഷം രൂപ MLA-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും 645 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. (പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു):

1. കൊപ്പം 110 കെ.വി. സബ്സ്റ്റേഷനിൽ 110/11 കെ.വി. എം.വി.എ ട്രാൻസ്ഫോർമർ മാറ്റി 110/11 കെ.വി. 12.5 എം.വി.എ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

2. പട്ടാമ്പി – കീഴായൂരിൽ ഒരു 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഇതിന്റെ 80% പ്രവൃത്തികൾ പൂർത്തിയായി.

3. പട്ടാമ്പി - തിരുമിറ്റക്കോട് 110 കെ.വി. ഡി.സി ലൈനിന്റെ (4km) നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു) കൂടാതെ വിളയൂർ, കുളക്കത്തൂർ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട ഉപഭോക്തൃ സേവനം ഉറപ്പുവരുത്തുന്നതിനായി വിളയൂർ കേന്ദ്രമാക്കി ഒരു സെക്ഷൻ ഓഫീസ് ഡിസംബർ 2019 മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കൂടാതെ പട്ടാമ്പിയിൽ ഒരു മിനി വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനായി 130 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും തുടർപ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു.

(ബി) 2021-26 കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാനപ്പെട്ട പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1. 2021-26 കാലയളവിൽ പട്ടാമ്പി മണ്ഡലത്തിൽ ഉൾപ്പെടുന്ന വല്ലപ്പുഴയിൽ ഒരു 33 കെ.വി. സബ്സ്റ്റേഷനും അതിനോടനുബന്ധിച്ചുള്ള 33 കെ.വി. ലൈനിന്റെയും നിർമ്മാണത്തിനുള്ള നിർദ്ദേശം വേണ്ട സാങ്കേതിക പഠനത്തിനുശേഷം പരിശോധിക്കുന്നതാണ്.

2. പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പട്ടാമ്പി 110 കെ.വി. സബ്സ്റ്റേഷനെ പട്ടാമ്പി ടൗൺ 33 കെ.വി. സബ്സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിനുംള ഒരു 33 കെ.വി. ലൈൻ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇപ്പോൾ പട്ടാമ്പി നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, കെ.എസ്.ഇ.ബി.എൽ.-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്ന 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി ഹൈ ടെൻഷൻ/ലോ ടെൻഷൻ ശൃംഖല വിപുലീകരിക്കുന്നതിനായി 21 കോടി രൂപയുടെ പ്രവൃത്തികൾ 2023-ഓടുകൂടി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. മറ്റ് ദീർഘകാല പ്രവൃത്തികളുടെ രൂപരേഖ തയ്യാറായിവരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ്" പദ്ധതി, 'കെ-ഫോൺ' പദ്ധതി എന്നിവയും പട്ടാമ്പി നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു.

## പുരപ്പുറ സോളാർ പദ്ധതി

176(446) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗരപദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ സോളാർ സ്ഥാപിക്കുവാൻ വൈദ്യുതി വകുപ്പ് ക്ഷണിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

'സൗര' പദ്ധതിയിൽ ഉൾപ്പെടുത്തി (Phase-I) പുരപ്പുറ സോളാർ സ്ഥാപിക്കുവാൻ ക്ഷണിച്ച അപേക്ഷയിൽ 2,78,264 പേർ രജിസ്റ്റർ ചെയ്തു. ഇവയിൽനിന്നും പരിശോധനയ്ക്കുശേഷം 42,458 സൈറ്റുകൾ തിരഞ്ഞെടുത്തു. ലഭിച്ച അപേക്ഷകളിൽനിന്നും അനുയോജ്യമെന്ന് കണ്ടെത്തിയ 2331 സൈറ്റുകളിൽ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട് (capacity 20.47MW). 747 സൈറ്റുകളിലെ ജോലി പൂർത്തീകരിച്ചിട്ടുണ്ട് (5.969MW). 1578 സൈറ്റുകളിലെ ജോലി നടന്നുകൊണ്ടിരിക്കുന്നു (14.323 MW). ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിൽ 21000 ഉപഭോക്താക്കൾ (71 MW) രജിസ്റ്റർ ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുവരികയാണ്. കോവിഡ്-19 പകർച്ചവ്യാധിമൂലം പദ്ധതി നടപ്പാക്കുന്നതിൽ കുറച്ച് കാലതാമസം നേരിട്ടിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി.എൽ. തുടർനടപടികളുമായി മുന്നോട്ടുപോകുന്നു.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

177(447) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ കെ.എസ്.ഇ.ബി.-ക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എത്ര വർഷത്തേക്കാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്?

എൻ.ഒ.സി നൽകിയിട്ടുണ്ട്. 4-6-2020-ലെ G.O (MS) No.6/2020/ POWER എന്ന ഉത്തരവുപ്രകാരം ഏഴ് വർഷത്തെ സമയപരിധി വച്ചാണ് എൻ.ഒ.സി നൽകിയിട്ടുള്ളത്.

(ബി) എൻ.ഒ.സി. നൽകുന്നതിന് മുമ്പായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സംഘടനകളും എൻ.ജി.ഒ.കളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് അഭിപ്രായങ്ങൾ നൽകിയതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള പാരിസ്ഥിതികാനുമതി, സാങ്കേതിക-സാമ്പത്തികാനുമതി എന്നിവ ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവയുടെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

(ബി&സി) എൻ.ഒ.സി നൽകുന്നതിനുമുമ്പായി പൊതുജനാഭിപ്രായം ആരാഞ്ഞിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കുവേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നൽകിയ ടെക്നോ എക്കണോമിക് ക്ലിയറൻസ് 30-3-2008 വരെ ആയിരുന്നു. പദ്ധതിക്കുവേണ്ടി കേന്ദ്ര വന-പരിസ്ഥിതി മന്ത്രാലയം നൽകിയ പാരിസ്ഥിതികാനുമതി 18-7-2017 വരെയായിരുന്നു. ഈ കേന്ദ്രാനുമതികൾ ദീർഘിപ്പിച്ച് കിട്ടിയാൽ മാത്രമേ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നഷ്ടപ്പെടാതെ മുന്നോട്ടുകൊണ്ടുപോകുവാൻ സാധിക്കുമായിരുന്നുള്ളൂ. ഈ സാഹചര്യത്തിലാണ് സർക്കാർ എൻ.ഒ.സി നൽകിയത്. കേരള സർക്കാർ നൽകിയിട്ടുള്ള എൻ.ഒ.സി.-യിന്മേലുള്ള തുടർനടപടികളൊന്നുംതന്നെ കെ.എസ്.ഇ.ബി.എൽ. കൈക്കൊണ്ടിട്ടില്ല. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി സമവായത്തിലൂടെ നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

## പേരാമ്പ്ര മണ്ഡലത്തിലെ ദ്യുതി പദ്ധതി പ്രവൃത്തികൾ

178(448) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ 'ദ്യുതി' പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ എന്തൊക്കെ പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കുമോ?

(ബി) ആയതിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായെന്നും ഇനിയും നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ ഏതെന്നും വിശദമാക്കുമോ?

(എ&ബി) ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ KSEBL-ന്റെ തനത് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിരിക്കുന്ന 'ദ്യുതി 2021' പദ്ധതിയിൽ ഉൾപ്പെടുത്തി, പേരാമ്പ്ര മണ്ഡലത്തിലെ വിവിധ സെക്ഷനുകളിലായി 17.85 കി.മീ. 11 കെ.വി. ലൈൻ വലിക്കുകയും 22 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 13.1 കി.മീ. ലോ ടെൻഷൻ ലൈൻ വലിക്കുകയും 45.41 കി.മീ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസാക്കുന്ന പ്രവൃത്തി, 262.58 കി.മീ ലൈനുകളുടെ റീകണ്ടക്റ്ററിംഗ് പ്രവൃത്തി എന്നിവ ഉൾപ്പെടെ 7 കോടി 82 ലക്ഷം രൂപയുടെ മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ 2 കോടി 63 ലക്ഷം രൂപയുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പേരാമ്പ്ര മണ്ഡലത്തിൽ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ (അനുബന്ധം 1), പുരോഗമിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ (അനുബന്ധം 2) ആയി ചേർക്കുന്നു *.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വ്യാവസായിക സംരംഭങ്ങൾക്ക് വൈദ്യുത നിലയങ്ങൾ

179(449) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ) വ്യാവസായിക സംരംഭങ്ങൾക്ക് ഉദാരമായ വ്യവസ്ഥകളിൽ ക്യാപ്റ്റീവ് അടിസ്ഥാനത്തിൽ വൈദ്യുത നിലയങ്ങൾക്ക് അനുമതി നൽകുന്ന പദ്ധതി മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ടോ?

ചെറുകിട ജലവൈദ്യുത പദ്ധതികളിൽ ക്യാപ്റ്റീവ് പവർ പ്രൊഡ്യൂസർ എന്ന നിലയിൽ (CPP) വ്യവസായ സംരംഭങ്ങൾക്ക് പദ്ധതി ഏറ്റെടുത്ത് നടത്താൻ 2012 ചെറുകിട ജലവൈദ്യുത പദ്ധതി നയപ്രകാരം സാധ്യമാണ്. 2016 -ൽ സർക്കാർ അവസാനമായി ചെറുകിട ജലവൈദ്യുത പദ്ധതികളിൽ RFP ക്ഷണിച്ചിരുന്നെങ്കിലും ക്യാപ്റ്റീവ് പവർ കാറ്റഗറിയിൽ ഒരു സംരംഭകരും തെരഞ്ഞെടുക്കപ്പെട്ടില്ല.

(ബി) അതുപ്രകാരം 2016-21 കാലയളവിൽ എത്ര വൈദ്യുത നിലയങ്ങൾക്ക് അനുമതി നൽകിയെന്നും ഓരോന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുവെന്നും വ്യക്തമാക്കുമോ?

2016-21 കാലയളവിൽ ക്യാപ്റ്റീവ് പവർ കാറ്റഗറിയിൽ ഒരു പദ്ധതിക്കും അനുമതി നൽകിയിട്ടില്ല.

## മണലൂർ കോൾനിലങ്ങളിലെ വൈദ്യുത ലൈനുകൾ മാറ്റി സ്ഥാപിക്കുന്ന നടപടി

180(450) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കോൾനിലങ്ങൾവഴി സ്ഥാപിച്ചിരുന്ന വൈദ്യുതി ലൈനുകൾ മഴക്കാലത്ത് അപകടകരമാണെന്നതിനാൽ അവയെല്ലാം കോൾനിലങ്ങളുമായി ബന്ധപ്പെട്ട വെങ്കിടങ്ങ് - കണ്ണോത്ത് - പുല്ല റോഡിലേയ്ക്കും മറ്റുറോഡുകളിലേയ്ക്കും ബണ്ടുകളിലേക്കും മാറ്റി സ്ഥാപിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

മണലൂർ മണ്ഡലത്തിലെ കോൾ നിലങ്ങൾവഴി സ്ഥാപിച്ചിരുന്ന വൈദ്യുതി ലൈനുകൾ റോഡുകളിലേയ്ക്കും ബണ്ടുകളിലേയ്ക്കുംമാറ്റി സ്ഥാപിക്കുന്നതിനായി ആകെ 46,87,779 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കും എന്ന് വിശദമാക്കുമോ?

പ്രസ്തുത പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ വിവരവും പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന സമയവും ചുവടെ ചേർത്തിരിക്കുന്നു:

<table>
<tr><th></th><th>പ്രവൃത്തിയുടെ വിവരം</th><th>എസ്റ്റിമേറ്റ് തുക</th><th>പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന സമയം</th></tr>
<tr><td></td><td>കാരാട്ട് കോളിന് മുകളിലൂടെ പോകുന്ന എച്ച്. ടി. ലൈൻ ഒഴിവാക്കുന്നതിനായി ബണ്ട് റോഡിൽകൂടി 0.9 കി.മീ. എച്ച്.ടി. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തി</td><td>5,81,236</td><td>ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും</td></tr>
<tr><td>1</td><td>Rs.12,86,000 കണ്ണോത്ത് കോൾ എ ബി മുതൽ മധുരക്കര കനാൽവരെ താണവീഥി ഫീഡർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td><td rowspan="5">41,06,543</td><td rowspan="5">2021 ജൂൺ മാസത്തിൽ പൂർത്തീകരിക്കും</td></tr>
<tr><td>2</td><td>Rs. 3,46,543 കണ്ണോത്ത് ഈസ്റ്റ് ട്രാൻസ്ഫോർമർ മുതൽ പുല്ല സൗത്ത് ജംഗ്ഷൻവരെ താണവീഥി ഫീഡർ ഇന്റർലിങ്കിംഗ് ചെയ്യുന്ന പ്രവൃത്തി</td></tr>
<tr><td>3</td><td>Rs. 8,99,000 താണവീഥി മുതൽ കണ്ണോത്ത് കോൾ എ ബി വരെ താണവീഥി ഫീഡർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td></tr>
<tr><td>4</td><td>Rs. 9,10,000 എളമ്പ്രദ ഈസ്റ്റ് മുതൽ എളമ്പ്രദ (വെസ്റ്റ്) വരെ താണവീഥി ഫീഡർ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td></tr>
<tr><td>5</td><td>Rs. 6,65,000 മധുരക്കര കനാൽ മുതൽ പൊന്നാമ്പ്രത ഈസ്റ്റ് വരെ എച്ച്.ടി. ലൈൻ തൽസ്ഥാനത്ത് മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി</td></tr>
</table>

## സംസ്ഥാനത്തെ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസുകൾ

181(451) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ട്രാൻസ്മിഷൻ സർക്കിൾ ഓഫീസുകളുണ്ടെന്ന് അറിയിക്കാമോ?

കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലാണ് ട്രാൻസ്മിഷൻ സർക്കിൾ ഓഫീസുകൾ നിലവിലുള്ളത്.

(ബി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനം എന്താണെന്നും ഏതെല്ലാം കാര്യങ്ങളുടെ മേൽനോട്ടമാണ് ഈ ഓഫീസ് വഹിക്കുന്നതെന്നും വ്യക്തമാക്കാമോ?

അതാത് പ്രദേശങ്ങളിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പര്യാപ്തമായ രീതിയിൽ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പുതിയ സബ്സ്റ്റേഷനുകളും ലൈനുകളും വിഭാവന ചെയ്ത് നടപ്പാക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും കാലോചിതമായി നവീകരിക്കുക, അതാത് ഓഫീസുകളുടെ പരിധിയിലുള്ള സബ്സ്റ്റേഷനുകളും ലൈനുകളും പരിപാലിക്കുകയും പ്രവർത്തിപ്പിക്കുകയും യഥാസമയം അറ്റകുറ്റ പണികൾ നടത്തി കാര്യക്ഷമമായി സംരക്ഷിക്കുകയും ചെയ്യുക മുതലായവയാണ് പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനമ്പർ മേൽപ്പറഞ്ഞ കാര്യങ്ങൾക്കാവശ്യമായ പദ്ധതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്നതും എസ്റ്റിമേറ്റുകൾ തയ്യാറാക്കി അധികാര പരിധിക്കനുസരിച്ച് അനുമതി നൽകുന്നതും സർക്കിൾ ഓഫീസുകളുടെ പ്രവർത്തനത്തിലുള്ളതാണ്.

(സി) പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ട്രാൻസ്മിഷൻ ഓഫീസുകളാണോ ചുമതല വഹിക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

പ്രസരണ മേഖലയിൽ പുതുതായി സബ്സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് ട്രാൻസ്മിഷൻ ഓഫീസുകളാണ് ചുമതല വഹിക്കേണ്ടത്.

## വൈദ്യുതി ചാർജ്ജ് ഇനത്തിലെ കുടിശ്ശിക

182(452) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ്; അറിയിക്കുമോ?

30-4-2019-ലെ ക്രോഡീകരിച്ച കണക്കുപ്രകാരം വൈദ്യുതി ബോർഡിന് ആകെ 2,461.82 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) കുടിശ്ശികയായി കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഈയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ഈടാക്കുന്നതിന് ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് പ്രകാരം വൈദ്യുതി വിച്ഛേദിക്കൽ/ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി / വൈദ്യുതി അദാലത്ത്/റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സർക്കാർ തലത്തിൽ കൂടിയാലോചനകൾ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി കുടിശ്ശിക തുക 1,326.69 കോടി രൂപ ഗവൺമെന്റിന്റെ ബഡ്ജറ്റ് പ്രൊവിഷനിൽ ഉൾപ്പെടുത്തി 2019-20 സാമ്പത്തിക വർഷം മുതൽ നാലുതവണകളായി കെ.എസ്.ഇ.ബി.എൽ. -ന് നൽകുവാൻ ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ആയതിൽ 2 ഗഡു ലഭ്യമായിട്ടുണ്ട്. അതുപോലെതന്നെ LSGD മുഖാന്തരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വെള്ളക്കര കുടിശ്ശിക ഈടാക്കി വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജിനത്തിൽ 140.62 കോടി രൂപ വൈദ്യുതി ബോർഡിന് ലഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ആശുപത്രികളുടെ 30-06-2018 വരെയുള്ള വൈദ്യുതി കുടിശ്ശിക LSGD മുഖാന്തരം 5.65 കോടി രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. കുടിശ്ശിക തുക ഈടാക്കുന്നതിനായി കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടേയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വസൂലാക്കുകയും ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്. കാലാകാലങ്ങളിൽ KSERC-യുടെ അനുമതിയോടുകൂടി കുറഞ്ഞ പലിശ നിരക്കിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ച് ഉപഭോക്താക്കളിൽനിന്നും KSEBL കുടിശ്ശിക ഈടാക്കുവാൻ നടപടി സ്വീകരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2016-ലും 2018-ലും 2019-ലും 2021-ലും ഒറ്റതവണ തീർപ്പാക്കൽ പദ്ധതി

നടപ്പിലാക്കിയിരുന്നു. KSERC-യുടെ അനുമതിക്കനുസൃതമായി പലിശയിനത്തിൽ ഇളവുകൾ നൽകിയും ആവശ്യമെങ്കിൽ പലിശത്തുകയ്ക്ക് തവണകൾ അനുവദിച്ചും നിബന്ധനകൾക്ക് വിധേയമായി കുടിശ്ശിക മുതലിനു തന്നെ തവണകൾ നൽകിയും ഉപഭോക്താക്കൾക്ക് പരമാവധി പ്രയോജനപ്പെടത്തക്കവിധവും പരമാവധി കുടിശ്ശിക പിരിച്ചെടുക്കത്തക്കവിധവുമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നത്. കോടതിയിൽ വ്യവഹാരത്തിലുള്ള ഉപഭോക്താക്കൾക്കും റവന്യൂ റിക്കവറി നടപടികൾക്ക് ശിപാർശ കൊടുത്തിട്ടുള്ള ഉപഭോക്താക്കൾക്കുംകൂടി പ്രസ്തുത പദ്ധതി ഉപയോഗിക്കാനുള്ള അവസരവും ഇതുപ്രകാരം നൽകിയിട്ടുണ്ടായിരുന്നു. കൂടാതെ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ ബഹു. മന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന വൈദ്യുതി അദാലത്തുകളിലും വൈദ്യുതി കുടിശ്ശിക സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിനും അവ ഈടാക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിരുന്നു.

(സി) ഈ ഇനത്തിൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും പേരുവിവരങ്ങൾ, തുക എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കാമോ?

2021 ഏപ്രിൽ 30 വരെയുള്ള കണക്കനുസരിച്ച് 2860 - ഓളം വരുന്ന എച്ച്.റ്റി/ഇ.എച്ച്.റ്റി ഉപഭോക്താക്കളാണ് കുടിശ്ശിക നൽകാനുള്ളത്. ഇവരുടെ വിവരങ്ങൾ അനുബന്ധം I ആയും* എൽ.റ്റി. വിഭാഗത്തിലുള്ള കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളുടെയും വകുപ്പുകളുടേയും പേര് വിവരങ്ങൾ, തുക എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധം II ആയും* ചേർത്തിട്ടുണ്ട്.

**ഊർജ്ജ സേവനമേഖല**

183(453) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ രംഗത്ത് സേവനമേഖല കാര്യക്ഷമമാക്കുന്നതിനും വ്യവസായ മേഖലയ്ക്ക് ഉൾപ്പെടെ ചാർജ്ജ് കുറച്ച് തടസ്സങ്ങളില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനും നടപടികൾ ഉണ്ടാകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നിർണ്ണയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ 8-7-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് ഉത്തരവുപ്രകാരമുള്ള വൈദ്യുതി നിരക്കുകളാണ് നിലവിൽ ഈടാക്കിവരുന്നത്. ലോടെൻഷൻ വിഭാഗത്തിലുള്ള വ്യാവസായിക ഉപഭോക്താക്കളുടെ എനർജി ചാർജ്ജ് 5.65 രൂപയും ഹൈടെൻഷൻ വിഭാഗത്തിലെ എനർജി ചാർജ്ജ് 5.75 രൂപയും എക്സ്ട്രാ ഹൈടെൻഷൻ വിഭാഗത്തിലെ എനർജി ചാർജ്ജ് 5.50 (66 KV), 5.40 (110 KV), 5.00 (220 KV) ആകുന്നു. ഇത്, മറ്റുദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. കൂടാതെ, സംസ്ഥാനത്തെ എല്ലാവിഭാഗം ഉപഭോക്താക്കൾക്കും ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ലഭ്യമാക്കുന്നതിലേയ്ക്കായി ദ്യുതി-2020, ട്രാൻസ്ഗ്രിഡ് 2.0 എന്നീ പദ്ധതികൾ യഥാക്രമം വിതരണ മേഖലയിലും പ്രസരണ മേഖലയിലും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ഊർജ്ജവിതരണരംഗത്ത് സേവനമേഖലയെ കാര്യക്ഷമമാക്കുന്നതിനായി "സേവനം വീട്ടുപടിക്കൽ" (Service at doorsteps) എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പുതിയ കണക്ഷനുവേണ്ടിയുള്ള അപേക്ഷകൾ കൂടാതെ ഓണർഷിപ്പ് മാറ്റം, ലോഡ്/താരിഫ്/ഫേസ് മാറ്റം തുടങ്ങിയവ ഈ സേവനംവഴി ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ എത്തേണ്ടതില്ല. സ്വന്തം വീട്ടിലിരുന്നുകൊണ്ടുതന്നെ ഫോൺ വഴി ഓഫീസിൽ ബന്ധപ്പെട്ട് സേവനം രജിസ്റ്റർ ചെയ്യുകയും ഉദ്യോഗസ്ഥൻ/ജീവനക്കാരൻ ഉപഭോക്താവിന്റെ വീട് സന്ദർശിച്ച് ആവശ്യമായ രേഖകൾ പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് സേവനം ലഭ്യമാക്കുകയും ചെയ്യുന്നു. നിലവിൽ 425 സെക്ഷനുകളിൽ "സേവനം വീട്ടുപടിക്കൽ" (Service at doorsteps) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റുസെക്ഷനുകളിൽ ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തടസ്സരഹിതമായി വൈദ്യുതി എത്തിക്കുന്നതിനും വൈദ്യുതിവിതരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ശൃംഖല സുരക്ഷിതവും കാര്യക്ഷമമാക്കുന്നതിനും വിതരണശൃംഖല ശക്തിപ്പെടുത്തി നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ട് വിതരണശൃംഖല ആധുനികവത്കരിക്കാൻ ആവിഷ്കരിച്ച ദ്യുതി 2021 പദ്ധതിയിൽ; ലോഡ് സെന്ററുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം

ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു. ഇതിൽ എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക, Aerial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക, പുരയിടങ്ങൾക്കുകുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സങ്ങൾക്കോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക, ഫോൾട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ, സെക്ഷനലൈസറുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതഗതിയിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകുന്നു.

(ബി) ഈ രംഗത്ത് സേവനമേഖല ശക്തിപ്പെടുത്തുവാൻ മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിൽ കൂടുതൽ നിയമനം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ എന്നറിയിക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ മസ്ദൂർ തസ്തികയുടെ അനുവദനീയ എണ്ണം 5311 ആകുന്നു. എന്നാൽ 5442 പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്.

**വൈദ്യുതി ഉപഭോഗം**

184(454) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആവർത്തിച്ചുണ്ടായ പ്രളയവും കോവിഡ് രോഗ വ്യാപനവും ഊർജ്ജമേഖലയെ എപ്രകാരമെല്ലാമാണ് പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ;

&

(ബി) ലോക്ഡൗൺ സമയത്ത് സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗത്തിൽ ഗണ്യമായ വ്യത്യാസം ഉണ്ടായിട്ടുണ്ടോ?

2018, 19 വർഷങ്ങളിലെ മഹാപ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡ് രോഗവ്യാപനവും വൈദ്യുതി വിതരണ മേഖലയെയും ഉപഭോഗത്തെയും വളരെയധികം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

2018, 19 വർഷങ്ങളിലെ മഹാപ്രളയവും പ്രകൃതി ദുരന്തങ്ങളുംമൂലം വിതരണ ട്രാൻസ്ഫോർമറുകൾ പ്രളയജലത്തിൽ മുങ്ങുകയോ, കേടുപാടുകൾ സംഭവിക്കുകയോ ചെയ്യുകയും പ്രളയജലത്തിന്റെ കുത്തൊഴുക്കിൽ പോസ്റ്റുകളും വൈദ്യുതമീറ്ററുകളും ഉൾപ്പടെ വിതരണ ശൃംഖലയ്ക്ക് കാര്യമായ കേടുപാടുകൾ സംഭവിക്കുകയും ഇവമൂലം കെ.എസ്.ഇ.ബി.എൽ.-ന് വലിയതോതിൽ സാമ്പത്തിക ബാധ്യത ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി കമ്പികൾ പൊട്ടിവീണുള്ള അപകട സാധ്യത മുന്നിൽക്കണ്ടുകൊണ്ട് പല ട്രാൻസ്ഫോർമറുകളും താൽകാലികമായി സ്വിച്ച്ഓഫ് ചെയ്യേണ്ടിവന്നിരുന്നു. ഇക്കാരണങ്ങളാൽ ഉപഭോക്താക്കൾക്ക് വ്യാപകമായ രീതിയിൽ വൈദ്യുതി തടസ്സം നേരിടുകയും ഈ സമയങ്ങളിൽ സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം കുറയുകയും ചെയ്തിട്ടുണ്ട്. 2018 ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിലും തുടർന്നുണ്ടായ ഉരുൾപൊട്ടലിലും വൈദ്യുതി ഉല്പാദന മേഖലയിൽ കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കെ.എസ്.ഇ.ബി. -യുടെ കീഴിലുള്ള അഞ്ച് പ്രധാന ജലവൈദ്യുത പദ്ധതികൾക്കും 14 ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും കാര്യമായ നാശനഷ്ടം സംഭവിച്ചിരുന്നു. കൂടാതെ, നിർമ്മാണ ഘട്ടത്തിലിരിക്കുന്ന തോട്ടിയാർ ജലവൈദ്യുത പദ്ധതിക്കുവേണ്ടി ഇറക്കുമതി ചെയ്ത് സൂക്ഷിച്ചിരുന്ന ഉപകരണങ്ങൾ ഏകദേശം എല്ലാംതന്നെ വെള്ളത്തിൽ മുങ്ങി നശിച്ച അവസ്ഥയിലുമായിരുന്നു. 2019-ലെ പ്രളയത്തിലും കെ.എസ്.ഇ.ബി.-യുടെ പ്രധാന ജലവൈദ്യുത നിലയങ്ങളിൽ ഒന്നായ കക്കയത്ത് മൂന്ന് ജനറേറ്ററുകളുടെ പ്രവർത്തനം പൂർണ്ണമായും നിലച്ച സ്ഥിതിയിലായിരുന്നു. ഇതുകൂടാതെ ചെമ്പ്കടവ് I & II, ആഢ്യൻപാറ, ഉറുമി I & II, വിലങ്ങാട്, കുറ്റിയാടി തുടങ്ങി 7 ചെറുകിട ജലവൈദ്യുത നിലയങ്ങൾക്കും, ബാരപോൾ കനാൽ തീരത്തുള്ള സോളാർ നിലയത്തിനും കാര്യമായ കേടുപാടുകൾ ഉണ്ടായിട്ടുണ്ട്. കോവിഡ് മഹാമാരിയെ തുടർന്ന് ഉല്പാദന നിലയങ്ങളിലെ അറ്റകുറ്റപ്പണികൾക്കും നിർമ്മാണത്തിലിരുന്ന വൈദ്യുത നിലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കും കാലതാമസം നേരിട്ടിട്ടുണ്ട്. കോവിഡ് രോഗ വ്യാപനത്തെ തുടർന്നുണ്ടായ ലോക്ക്ഡൗൺമൂലം സാധന സാമഗ്രികളുടെ ലഭ്യതയ്ക്ക് കുറവ് നേരിടുകയും വിതരണ വിഭാഗത്തിൽ ആസൂത്രണം ചെയ്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സം നേരിടുകയും ചെയ്തിട്ടുണ്ട്. സെക്ഷൻ ഓഫീസുകളിലെ ജീവനക്കാർക്ക് ഫീൽഡ് സന്ദർശനത്തിൽ നിയന്ത്രണമുള്ളതിനാൽ റീഡിംഗ് എടുത്ത് ബിൽ കൊടുക്കുന്നതുൾപ്പെടെ, ഉപഭോക്താക്കൾക്കുള്ള വിവിധ സേവനങ്ങൾ ലഭ്യമാക്കുന്നതിൽ തടസ്സം/കാലതാമസം ഉണ്ടായിട്ടുണ്ട്. കോവിഡ്-19 വ്യാപനം അതിരൂക്ഷമായതിനെത്തുടർന്ന് ജീവനക്കാർ രോഗബാധിതരാകുകയും, ഇവരുമായി

സമ്പർക്കത്തിൽ വന്നിട്ടുള്ള ജീവനക്കാർക്ക് പിന്നീട് രോഗം സ്ഥിരീകരിക്കുകയും ചെയ്തതിനാൽ ചില ഓഫീസുകൾ താൽക്കാലികമായി അടച്ചിടേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ട്. കൂടാതെ അവശ്യസേവനങ്ങൾ ഒഴികെയുള്ള വാണിജ്യ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമുള്ളതിനാൽ അവയിൽനിന്നുള്ള വൈദ്യുതി ചാർജ്ജിനത്തിലും, സാധാരണ ജനങ്ങൾക്കുള്ള വരുമാന ലഭ്യതയിൽ കുറവ് വന്നതിനാൽ ഉപഭോഗത്തിനനുസൃതമായി നൽകിയിട്ടുള്ള ബിൽ തുക പിരിഞ്ഞുകിട്ടുന്നതിലും ഗണ്യമായ കുറവ് നേരിടുന്നുണ്ട്. കൂടാതെ ഒന്നാം ലോക്ക്ഡൗണിനെ തുടർന്ന് വിവിധ വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് ബിൽ തുകയിൽ ഇളവുകൾ നൽകിയതിനെത്തുടർന്ന് കെ.എസ്.ഇ.ബി.എൽ. -ന് കടുത്ത സാമ്പത്തിക ബാദ്ധ്യത ഉണ്ടായിട്ടുണ്ട്.

(സി) ലോക്ഡൗൺ കാലയളവിൽ വൈദ്യുതി ബിൽ അടയ്ക്കുന്നത് സംബന്ധിച്ച് എന്തെല്ലാം ഇളവുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും പ്രൈവറ്റ് ഹോസ്പിറ്റലുകൾക്കും 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 25% ഇളവ് നൽകുകയും ബാക്കി തുകയായ (75%) 15-12-2020-വരെ പലിശ ഈടാക്കാതെ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ലോക്ക്ഡൗൺ കാലയളവിൽ നൽകിയ എല്ലാ ഉയർന്ന ബില്ലുകൾക്കും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും വൈദ്യുതി ബിൽ അടയ്ക്കുന്നതിൽ താമസം നേരിട്ടാൽ ഈടാക്കിയിരുന്ന പലിശ കെ.എസ്.ഇ.ബി. 31 ഡിസംബർ 2020 വരെ ഒഴിവാക്കുകയും ചെയ്തിരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സിനിമാ തിയേറ്ററുകൾ അടഞ്ഞുകിടന്ന കാലയളവിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 50% ഇളവ് നൽകുകയും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈനായി ബിൽതുക അടയ്ക്കുമ്പോൾ ഈടാക്കിയിരുന്ന ഇടപാട് നിരക്കുകൾ (Transaction charges) ഒഴിവാക്കിയിരുന്നു. കോവിഡ്-19 പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരം 2020 ഏപ്രിൽ 20 മുതൽ 2020 ജൂൺ 19 വരെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകിയ ബിൽതുകയിൽ പ്രത്യേക സബ്സിഡിയും നൽകിയിരുന്നു. കോവിഡ് രണ്ടാം വ്യാപനംമൂലമുള്ള ലോക്ക്ഡൗൺ കാരണം വൈദ്യുതി മോഷണം, അപകടങ്ങൾ എന്നിവയൊഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി കണക്ഷനുകൾ വിച്ഛേദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

## സോളാർ എനർജി പദ്ധതി

185(455) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സോളാർ എനർജി പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

നിലവിൽ സോളാർ എനർജി പദ്ധതിയുടെ ആകെ സ്ഥാപിതശേഷി 298.9105 മെഗാവാട്ടാണ്. കൂടുതൽ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | കെ.എസ്.ഇ.ബി. -യുടെ കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ളവ | 6.66 MW |
| 2 | ഫ്ലോട്ടിംഗ് സോളാർ, ബാണാസുരസാഗർ | 0.01 MW |
| 3 | ഫ്ലോട്ടിംഗ് സോളാർ, ബാണാസുരസാഗർ/കക്കയം ഗ്രിഡ് കണക്ട് | 0.5 MW |
| 4 | കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളവ | 10.75 MW |
| 5 | ഗവൺമെന്റ് കെട്ടിടങ്ങളുടെ മുകളിൽ സ്ഥാപിച്ചിട്ടുള്ളവ | 2.5045 MW |
| 6 | ഗ്രിഡ് ബന്ധിത കൺസ്യൂമേഴ്സ് (ഏപ്രിൽ 2021 വരെ) | 130.651 MW |
| 7 | സിയാൽ | 39.44 MW |
| 8 | അനർട്ട്, കുഴൽമന്ദം | 2 MW |
| 9 | ഹിൻഡാൽക്കോ | 1 MW |
| 10 | അമ്പലത്തറ സോളാർ പാർക്ക് | 50 MW |
| 11 | കെ.എം.ആർ.എൽ. | 5.395 MW |
| 12 | പൈവേളിക | 50 MW |
| | ആകെ | 298.9105 MW |

നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കെ.എസ്.ഇ.ബി. -യുടെ സൗരോർജ്ജ പദ്ധതികൾ

1. അഗളി, ബ്രഹ്മപുരം, കഞ്ചിക്കോട് - 8 MW ജൂൺ 2021 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

2. ഏറ്റുമാനൂർ - 1 MW 31-12-2021 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

3. നെന്മാറ - 1.5 MW 31-12-2021 -ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു.

ആകെ = 10.5MW.

കെ.എസ്.ഇ.ബി.എൽ. വഴി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ഗവൺമെന്റിന്റെ സൗരോർജ്ജ പദ്ധതികൾ

ആകെ = 4.217 MW.

## പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ

186(456) ശ്രീ. പി. അബ്ദുൽ ഹമീദ് മാസ്റ്റർ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുകവഴി വൈദ്യുതി ഉത്പാദനം എത്രത്തോളം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്?

'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം, വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം.

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്ന് എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

2019-20 വർഷത്തേയ്ക്ക് 50 MW -ഉം 2020-21 വർഷത്തേയ്ക്ക് 200 MW -ഉം സബ്സിഡി പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രനവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം കെ.എസ്.ഇ.ബി.എൽ.-ന് അനുമതി നൽകി. ഇതിന്റെ ഭാഗമായി 1 മുതൽ 3 KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് 40% സബ്സിഡിയും 4 മുതൽ 10 KW ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ മൂന്ന് KW -ന് 40% തുടർന്ന് 20% സബ്സിഡി എന്ന രീതിയിലാണ് കേന്ദ്ര സർക്കാർ സബ്സിഡി നൽകുന്നത്.

(സി) പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സൗര പദ്ധതി ആകർഷകമാക്കുന്നതിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ സർക്കാർ കെട്ടിടങ്ങളുടെ പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് 250 കോടി രൂപ കേരള സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ തുടർനടപടികൾ നടന്നുവരുന്നു. ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടുതന്നെ അവർക്കാവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കുംവിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.

## പുതിയ താപോർജ്ജ പ്ലാന്റുകൾ

187(457) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ എൽ.ഡി.എഫ്. പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയ പുതിയ താപോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുവാൻ മുൻസർക്കാരിന് സാധിച്ചിട്ടുണ്ടോ?

പ്രകടന പത്രികയിൽ വാഗ്ദാനംചെയ്ത കാസർഗോഡ് ചീമേനിയിലെ താപവൈദ്യുത നിലയം പാരിസ്ഥിതിക ആഘാതം ഉണ്ടാക്കുമെന്നുള്ള തദ്ദേശവാസികളുടെ എതിർപ്പിനെ തുടർന്ന് നടപ്പിലാക്കുവാൻ സാധിച്ചില്ല

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ബാധകമല്ല.

## വൈദ്യുതിക്കമ്പി പൊട്ടിവീഴൽ

188(458) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പലഭാഗത്തും പൊട്ടിവീണ വൈദ്യുതിക്കമ്പിയിൽ നിന്ന് ഷോക്കേറ്റ് മരണം സംഭവിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതിക്കമ്പി പൊട്ടിവീഴുമ്പോൾ ഉടൻതന്നെ വൈദ്യുതി വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. വൈദ്യുതി ലൈൻ പൊട്ടിയാൽ ഓട്ടോമാറ്റിക് റിലേ സംവിധാനം ഉപയോഗിച്ച് തനിയെ സപ്ലൈ ഓഫ് ആകുന്ന സംവിധാനം 11 KV മുതൽ മുകളിലേയ്ക്കുള്ള ലൈനുകളിലാണ് നിലവിലുള്ളത്. എന്നാൽ എൽ.റ്റി. ലൈനുകളിൽ കമ്പി പൊട്ടുന്ന അവസരത്തിൽ കമ്പികൾ തമ്മിൽ കൂട്ടിമുട്ടിയാൽ അമിതമായി വൈദ്യുതി പ്രവാഹം ഉണ്ടാകുമ്പോൾ വൈദ്യുതി ബന്ധം സ്വയം വിച്ഛേദിക്കുന്ന ഫ്യൂസ് സംവിധാനം നിലവിലുണ്ട്. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.റ്റി. ലൈൻകമ്പി പൊട്ടിയാൽ സപ്ലൈ ഓഫ് ആകുന്നതിനുവേണ്ടി പരീക്ഷണ അടിസ്ഥാനത്തിൽ ട്രാൻസ്ഫോർമർകൾക്ക് എൽ.റ്റി. സൈഡിൽ എം.സി.സി.ബി സ്ഥാപിക്കുക (തിരുവനന്തപുരം ജില്ലയിലെ കല്ലറ ഇലക്ട്രിക്കൽ സെക്ഷൻ) തുടങ്ങിയ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു. എല്ലാത്തരം സൈറ്റ് അവസ്ഥകളിലും മേൽപ്പറഞ്ഞ നിർദ്ദിഷ്ട സിസ്റ്റത്തിന്റെ (എം.സി.സി.ബി) സമ്പൂർണ്ണ കാര്യക്ഷമത കണ്ടെത്തുന്നതിനായി ഫീഡ് ബാക്ക് പഠനങ്ങൾ നടന്നുവരുന്നു.

(സി) ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർത്തിരിക്കുന്നു.

1. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു (പ്രോജക്റ്റ് മാനേജുമെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാ ക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും എൽ.റ്റി ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്നു.

3. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളുമായി ബന്ധപ്പെട്ട് കമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ ആധുനിക രീതിയിലുള്ള സുരക്ഷാസംവിധാനം രൂപപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തിവരുന്നു.

5. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ച് ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

6. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും, ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുന്ന വർക്കുകൾ നടന്നുവരുന്നു.

വൈദ്യുത ലൈൻ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പേട്ട ഇലക്ട്രിക്കൽ സെക്ഷനിൽ ലൈനുകളിൽ സ്പേസറുകളും ഗാർഡിംഗും സ്ഥാപിക്കുകയും കൂടാതെ ട്രാൻസ്ഫോർമറിന് കാര്യക്ഷമമായ പ്രൊട്ടക്ഷൻ നൽകുകയും ചെയ്യുന്ന പദ്ധതി ഈ വർഷം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ടി പദ്ധതി ഫലപ്രദമായാൽ മറ്റ് സെക്ഷനുകളിലും പദ്ധതി നടപ്പാക്കാവുന്നതാണ്.

## വൈദ്യുതി ലൈനിൽനിന്നുള്ള അപകടങ്ങൾ കുറയ്ക്കാൻ നടപടി

189(459) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീണ വൈദ്യുതി ലൈനിൽനിന്നും ഷോക്കേറ്റ് മരണമടയുന്നതായ സംഭവങ്ങൾ ഈ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വൈദ്യുതി വിതരണ ലൈനുകൾക്ക് സമീപമുള്ളതും നിശ്ചിത അകലം പാലിക്കാത്തതുമായ വൃക്ഷങ്ങളുടെ ശിഖരങ്ങൾ ശക്തമായ കാറ്റുവീശുന്ന സമയങ്ങളിൽ വൈദ്യുതി ലൈനുകളുമായി സമ്പർക്കത്തിൽപ്പെട്ട് കമ്പികൾ പൊട്ടി നിലത്ത് വീഴുന്നതിൽനിന്നും ഷോക്കേറ്റും, മഴക്കെടുതികൾ, പ്രകൃതിക്ഷോഭം എന്നിവയുണ്ടാകുന്ന ചില അവസരങ്ങളിൽ ലൈൻ പൊട്ടിവീണ് വൈദ്യുതാഘാതമേറ്റ് മരണമടയുന്നതുമായ ചില സംഭവങ്ങൾ അടുത്തകാലത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം പൊട്ടിവീണ വൈദ്യുത ലൈനിൽനിന്നും പതിനഞ്ച് പേരോളം മരണപ്പെട്ടിട്ടുണ്ട്.

(ബി) സാധാരണക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സാധാരണക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അപകടങ്ങൾ കുറയ്ക്കുന്നതിനും ചുവടെ കാണിച്ചിട്ടുള്ള നടപടികൾ കെ.എസ്.ഇ.ബി.ലിമിറ്റഡ് കൈക്കൊണ്ടുവരുന്നു.

1. ദ്രവിച്ച കമ്പികൾ പൊട്ടിയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സുരക്ഷയെ മുൻനിർത്തി പി.എം.എസ്.യു. (പ്രോജക്ട് മാനേജുമെന്റ് സബ് യൂണിറ്റ്) പദ്ധതിയിൽ ഉൾപ്പെടുത്തി മുൻഗണനാക്രമത്തിൽ AAC കണ്ടക്ടർ മാറ്റി പകരം ACSR ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. കമ്പി കൂട്ടിയടിക്കാതെയിരിക്കാനും പൊട്ടിയാൽപോലും താഴോട്ട് വീഴാതിരിക്കാനും എൽ.റ്റി ലൈനുകളിൽ സ്പെയ്സറുകൾ സ്ഥാപിക്കുന്നു.

3. കമ്പി പൊട്ടി വീഴുന്നതുപോലുള്ള അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് " 9496010101" എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. ബാക്കിയുള്ള സ്ഥലങ്ങളിൽ ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു.

5. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും ഇടുങ്ങിയ പ്രദേശങ്ങളിലും 'ഏരിയൽ ബഞ്ചഡ് കണ്ടക്ടർ (എബിസി) ഉപയോഗിക്കുന്ന വർക്കുകൾ നടന്നുവരുന്നു. വൈദ്യുതി ഉപഭോക്താക്കളേയും പൊതുജനങ്ങളേയും വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിന് ജാഗരൂകരാക്കാൻ വിവിധ വാർത്താമാധ്യമങ്ങളിലൂടെ താഴെ പറയും പ്രകാരമുള്ള ജാഗ്രതാ നിർദ്ദേശങ്ങൾ ഇതിനോടകം പ്രചരിപ്പിച്ചുകഴിഞ്ഞു.

1. വൈദ്യുതി ലൈൻ/സർവ്വീസ് വയർ പൊട്ടിവീണ് കിടക്കുന്നതുകണ്ടാൽ യാതൊരു കാരണവശാലും സ്പർശിക്കരുത്. ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസിൽ അറിയിച്ച് പ്രസ്തുത ലൈൻ/സർവ്വീസ് വയർ ഓഫ് ചെയ്തുവെന്ന് ഉറപ്പുവരുത്താതെ അതിനടുത്തേയ്ക്ക് പോവുകയോ സ്പർശിക്കുകയോ ചെയ്യരുത്. കൂടാതെ ജനറേറ്റർ, ഇൻവേർട്ടർ വഴിയുള്ള വൈദ്യുതിയും കടന്നുവരാം.

2. കാലവർഷക്കെടുതിമൂലം വൃക്ഷങ്ങളോ ശിഖരങ്ങളോ വീണ് കമ്പികൾ താഴ്ന്നുകിടക്കുവാനും പോസ്റ്റുകൾ ഒടിയുവാനും സാധ്യതയുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ, മറ്റു വൈദ്യുത അപകടങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ തൊട്ടടുത്ത കെ.എസ്.ഇ.ബി ഓഫീസിൽ അറിയിക്കുകയോ സുരക്ഷാ എമർജൻസി നമ്പർ ആയ 9496010101 വിളിച്ച് അറിയിക്കുകയോ ചെയ്യേണ്ടതാണ്.

3. വൈദ്യുതി ലൈനുകൾക്ക് സമീപം ലോഹവസ്തുക്കൾ ഉപയോഗിച്ചുള്ള തോട്ടികൾ/ ഏണികൾ എന്നിവ ഉപയോഗിക്കരുത്.

4. വൈദ്യുതലൈനിൽനിന്നും സുരക്ഷിതമായ അകലം പാലിക്കാതെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതും നീളംകൂടിയ ഹാൻഡിലുള്ള റോളർബ്രഷുകൾ ഉപയോഗിച്ച് പെയിന്റിംഗ് ജോലികൾ ചെയ്യുന്നതും പരസ്യ ബോർഡുകൾ സ്ഥാപിക്കുകയോ വൃക്ഷലതാദികൾ നട്ടുവളർത്തുന്നതുമൊക്കെ അപകടങ്ങൾക്ക് വഴിയൊരുക്കും.

5. വൈദ്യുത അപകടത്തിൽനിന്നും മനുഷ്യനെ രക്ഷിക്കുന്ന ELCB അല്ലെങ്കിൽ RCCB എന്ന ഉപകരണംകൂടി വീട് വയറിംഗ് ചെയ്യുമ്പോൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സാധാരണക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി ഇ-സേഫ് കേരള എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും സംയുക്തമായാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തിലെ എസ്.സി, എസ്.ടി വിഭാഗത്തിലെ 600 വീടുകളിൽ ഇ.എൽ.സി.ബി. സ്ഥാപിച്ച് വയറിംഗ് നവീകരിച്ച് നൽകുന്ന പദ്ധതി നടപ്പിലാക്കി. കൂടാതെ എൻ.പി.ജി. (Non Paying Group)-പ്പെട്ട ഉപഭോക്താക്കളുടെ വീടുകളിൽ പ്രസ്തുത പദ്ധതി എൽ.എസ്.ജി.ഡി.-യുടെ വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുജനങ്ങളുടെ അശ്രദ്ധ, അവബോധമില്ലായ്മ എന്നിവമൂലമാണ് കൂടുതൽ അപകടങ്ങളും സംഭവിക്കുന്നത്. ആയതിനാൽ പൊതുജനബോധവത്ക രണത്തിനായി വൈദ്യുത സുരക്ഷാ സന്ദേശങ്ങൾ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചുവരുന്നു. കൂടാതെ വൈദ്യുത സംബന്ധമായ ജോലികളിൽ ഏർപ്പെടുന്നവർക്ക് വൈദ്യുത സുരക്ഷയെ സംബന്ധിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

## വൈദ്യുതി ബോർഡിന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി

190(460) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ പുൽപ്പറ്റ പഞ്ചായത്തിലെ പൂക്കൊളത്തൂർ കേന്ദ്രമാക്കി വൈദ്യുതി ബോർഡിന്റെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മഞ്ചേരി നോർത്ത്, വള്ളുവമ്പ്രം, കിഴിശ്ശേരി സെക്ഷൻ വിഭജിച്ച് ആവശ്യത്തിലധികം ഉപഭോക്താക്കളുള്ള പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നറിയിക്കാമോ;

(സി) പ്രദേശവാസികളുടെ ഏറെ നാളത്തെ ആവശ്യമെന്ന നിലയിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ?

(എ-സി) മലപ്പുറം ജില്ലയിലെ മഞ്ചേരി സർക്കിളിന്റെ പരിധിയിലുള്ള വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി (North) എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ലെന്നതിനാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും മുൻഗണന നൽകിക്കൊണ്ടുള്ള നടപടികളാണ് ബോർഡ് നിലവിൽ സ്വീകരിച്ചുവരുന്നത്. എന്നാൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം വഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വള്ളുവമ്പ്രം, കിഴിശ്ശേരി, മഞ്ചേരി (North) എന്നിവ വിഭജിച്ച് പൂക്കൊളത്തൂർ ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഊന്നുകൽ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ്

191(461) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കവളങ്ങാട്, പല്ലാരിമംഗലം എന്നീ പഞ്ചായത്തുകളിലെ ആയിരക്കണക്കിനാളുകൾ വൈദ്യുത സംബന്ധമായ ആവശ്യങ്ങൾക്ക് കോതമംഗലം നമ്പർ2 സെക്ഷനെയാണ് സമീപിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വലിയ ഭൂപ്രദേശങ്ങൾ ഉൾക്കൊള്ളുന്ന ഈ രണ്ട് പഞ്ചായത്തുകളിലെ ജനങ്ങൾക്ക് സഹായകരമാകുന്ന തരത്തിൽ മണ്ഡലത്തിലെ ഊന്നുകൽ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നകാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക നിബന്ധനകൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഊന്നുകൽ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നു വരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ട നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചു വരുന്നുമുണ്ട്. നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണംവഴി കാര്യക്ഷമത ഉറപ്പാക്കാനുള്ള പദ്ധതി ബോർഡിന്റെ പരിഗണനയിലുണ്ട്.

## നീലേശ്വരം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി ഡിവിഷൻ ഓഫീസ്

192(462) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം കേന്ദ്രീകരിച്ച് കെ.എസ്.ഇ.ബി ഡിവിഷൻ ഓഫീസ് അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ;

(ബി) ഇതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി ഏർപ്പെടുത്താൻ മുൻസിപ്പാലിറ്റി തയ്യാറായതിനാൽ ഡിവിഷൻ ഓഫീസ് അനുവദിക്കുമോ?

(എ&ബി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും നീലേശ്വരം കേന്ദ്രീകരിച്ച് പുതിയ ഡിവിഷൻ ഓഫീസ് ആരംഭിക്കുന്നത് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല.

**കുറ്റിക്കൽ 110 കെ.വി. സബ്സ്റ്റേഷൻ**

193(463) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കാനുള്ള നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ?

റവന്യൂ ഭൂമി കൈമാറ്റം പൂർത്തിയായിട്ടില്ല, പ്രസ്തുത നിർമ്മാണം നടത്തുവാൻ വേണ്ടി റവന്യൂ ഭൂമി കൈമാറ്റം ചെയ്യുന്നതിനായുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്.

(സി) തടസ്സങ്ങൾ നീക്കി പ്രസ്തുത പ്രവൃത്തി എന്ന് തുടങ്ങാനാവുമെന്ന് അറിയിക്കാമോ?

തീരുമാനമാവുന്ന മുറയ്ക്ക് എത്രയുംവേഗം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ**

194(464) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണം സെക്ഷൻ ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിലുള്ള 30 സെക്ഷൻ ഓഫീസുകളുടെ പേരും അവിടുത്തെ ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സെക്ഷന്റെ പേര് | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | കാസർഗോഡ് | 24089 |
| 2 | നെല്ലിക്കുന്ന് | 26639 |
| 3 | കുമ്പള | 16951 |
| 4 | ഉപ്പള | 23097 |
| 5 | മഞ്ചേശ്വരം | 20342 |
| 6 | വോർക്കാടി | 16464 |
| 7 | പൈവളിഗെ | 13126 |
| 8 | ചെർക്കള | 29128 |
| 9 | മുള്ളേരിയ | 20956 |
| 10 | ഉദുമ | 23550 |
| 11 | കുറ്റിക്കോൽ | 20788 |
| 12 | ചട്ടഞ്ചാൽ | 16522 |
| 13 | പെർള | 12003 |
| 14 | സീതാംഗോളി | 15460 |
| 15 | കാഞ്ഞങ്ങാട് | 18370 |
| 16 | ബളാംതോട് | 11584 |
| 17 | ഭീമനടി | 18642 |
| 18 | ചിത്താരി | 22253 |
| 19 | ചോയങ്കോട് | 13278 |

| 1 | 2 | 3 |
|---|---|---|
| 20 | കയ്യൂർ | 11833 |
| 21 | മാവുങ്കാൽ | 26443 |
| 22 | നല്ലോമ്പുഴ | 11649 |
| 23 | നീലേശ്വരം | 27577 |
| 24 | പടന്നക്കാട് | 12434 |
| 25 | പടന്ന | 10013 |
| 26 | പെരിയ ബസാർ | 17045 |
| 27 | പീലിക്കോട് | 22270 |
| 28 | രാജപുരം | 20308 |
| 29 | തൃക്കരിപ്പൂർ | 19023 |
| 30 | ബദിയടുക്ക | 22248 |

(സി) ഉപഭോക്താക്കളുടെ എണ്ണം എത്രയാകുമ്പോഴാണ് സെക്ഷൻ ഓഫീസ് വിഭജിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഉപഭോക്താക്കളുടെ എണ്ണത്തിനുപുറമേ സെക്ഷൻ ഓഫീസ് വിഭജിക്കാൻ മറ്റ് മാനദണ്ഡങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഇ) കാസർഗോഡ് ജില്ലയിൽ പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് വിഭജിക്കാവുന്ന സെക്ഷൻ ഓഫീസുകൾ ഏതൊക്കെയാണെന്നും വിഭജനം എപ്പോൾ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ?

(സി-ഇ) പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക നിബന്ധനങ്ങൾ നിലവിലില്ല. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും കാസർഗോഡ് ജില്ലയിൽ പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് ഇപ്പോൾ പ്രായോഗികമല്ല. എന്നാൽ ഉണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഉപഭോക്താക്കളുടെ എണ്ണം, വൈദ്യുതി ലൈനുകളുടെ നീളം, ട്രാൻസ്ഫോർമറുകളുടെ എണ്ണം, പ്രവർത്തന മേഖലയുടെ വിസ്തീർണ്ണം എന്നിവ പരിശോധിച്ച് ഏകദേശം തുല്യത വരുത്തി സെക്ഷൻ ഓഫീസുകളെ പുനർനിർണ്ണയിക്കുന്നതിനും സെക്ഷൻ ഓഫീസുകളെ ശാക്തീകരിക്കുന്നതിനുമായി

പ്രവൃത്തികൾ കെ.എസ്.ഇ.ബി.എൽ.-ൽ നടന്നുവരുന്നുണ്ട്. സെക്ഷൻ ഓഫീസുകളുടെ മെയിന്റനൻസ് വിഭാഗത്തെ കൂടുതൽ ശക്തിപ്പെടുത്തി കാര്യക്ഷമമായ മെയിന്റനൻസ് പ്രവർത്തനങ്ങൾ വഴി തടസ്സങ്ങൾ പരമാവധി കുറയ്ക്കുവാൻ സാധിക്കുന്നതാണ്. ഇതിന്റെ ഭാഗമായി രാജപുരം ഇലക്ട്രിക്കൽ സെക്ഷന് കീഴിലുള്ള പരപ്പയിലും, സമീപ പ്രദേശങ്ങളിലും തടസ്സരഹിത വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി പരപ്പ കേന്ദ്രീകരിച്ച് ഒരു ബ്രേക്ക്ഡൗൺ യൂണിറ്റ് അനുവദിക്കുകയുണ്ടായി. കൂടാതെ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി കെ.എസ്.ഇ.ബി.എൽ. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ശ്രീകണ്ഠാപുരം 110 കെ.വി. സബ്സ്റ്റേഷൻ ഓഫീസ് കോംപ്ലക്സ് നിർമ്മാണം

195(465) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ശ്രീകണ്ഠാപുരം 110 കെ.വി സബ്സ്റ്റേഷനോട് ചേർന്ന് അനുവദിച്ച ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ?

ശ്രീകണ്ഠാപുരത്ത് റീജിയണൽ ഓഫീസ്, നോഡൽ ഓഫീസറുടെ ഓഫീസ്, ശ്രീകണ്ഠാപുരം ഇലക്ട്രിക്കൽ സബ് ഡിവിഷനും സെക്ഷനും വേണ്ടിയുള്ള ഓഫീസ്, പി.എം.യു. ഓഫീസ് എന്നിവ പ്രവർത്തിക്കുന്നതിന് രണ്ട് നില ഓഫീസ് കോംപ്ലക്സ് കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി ഇരുപത്തൊമ്പത് ലക്ഷത്തി അമ്പതിനായിരം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള സ്ട്രക്ച്ചറൽ ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ആലക്കോട് 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി സബ്സ്റ്റേഷനായി ഉയർത്താൻ നാളിതുവരെയായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ആലക്കോട് 33 കെ.വി സബ്സ്റ്റേഷൻ 110 കെ.വി-യായി ഉയർത്തുന്നതിനു വേണ്ടിയുള്ള സാങ്കേതിക സാധ്യതാപഠനം നടത്തുന്നതിനാവശ്യമായ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കോട്ടക്കൽ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണം

196(466) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-സി) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 110 കെ.വി കാടാമ്പുഴ സബ്സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ഭരണാനുമതി നല്കിയിട്ടുണ്ട്. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് മരവെട്ടത്ത് സ്ഥലം കണ്ടെത്തുകയും ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിന് നിർദ്ദിഷ്ട ഭൂമിയുടെ അനുബന്ധരേഖകൾ മലപ്പുറം ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ടി നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ പദ്ധതി ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## മറയൂർ 66 കെ.വി. സബ് സ്റ്റേഷൻ പ്രവൃത്തികൾ

197(467) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറയൂർ 66 കെ.വി. സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

നിലവിൽ മറയൂർ കേന്ദ്രമായി 33 കെ.വി സബ്സ്റ്റേഷനാണ് നിർമ്മിക്കുന്നത്.

1. പ്രസ്തുത സബ്സ്റ്റേഷനുമായി ബന്ധപ്പെട്ട പ്രവൃത്തികൾ 95% പൂർത്തിയായിട്ടുണ്ട്.

2. മൂന്നാർ മുതൽ മറയൂർ വരെയുള്ള 33 കെ.വി ലൈനിന്റെ (48km) നിർമ്മാണം പൂർത്തീകരിച്ചു.

3. പള്ളിവാസൽ 66 കെ.വി സബ്സ്റ്റേഷനിൽ രണ്ട് 20 MVA 66/33 KV ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന ജോലികളും അവിടെ രണ്ട് 66 കെ.വി ഫീഡർ ബേ നിർമ്മിക്കുന്ന ജോലികളും 70% പൂർത്തീകരിച്ചിട്ടുണ്ട്.

4. പള്ളിവാസൽ മുതൽ മൂന്നാർ വരെയുള്ള 7 km ഡബിൾ സർക്യൂട്ട് ലൈനിന്റെ പ്രവൃത്തികൾ 80% പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

66/33 KV ട്രാൻസ്ഫോർമറും 33 കെ.വി വാക്വം സർക്യൂട്ട് ബ്രേക്കറും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റുള്ള എല്ലാ മെറ്റീരിയൽസും ലഭ്യമാക്കിയിട്ടുണ്ട്. 30-6-2021 ഓടുകൂടി മറയൂർ 33 കെ.വി സബ്സ്റ്റേഷൻ പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.എൽ.-ൽ വിവിധ തസ്തികകളിൽ നിയമനം

198(468) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.എൽ.-ൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഹെൽപ്പർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നുണ്ടോ;

(ബി) പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയല്ലാതെ ഏതെങ്കിലും ഏജൻസിയെ പ്രസ്തുത നിയമനങ്ങൾക്കായി ചുമതല പ്പെടുത്തിയിട്ടുണ്ടോ;

(സി) ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതിന്റെ സാഹചര്യം വിശദമാക്കുമോ?

(എ-സി) കെ.എസ്.ഇ.ബി., ലിമിറ്റഡിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഹെൽപ്പർ എന്നീ തസ്തികകളിലേക്ക് നിയമനം നടത്തുന്നില്ല.

## കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസുകളിലെ ഒഴിവുകൾ

199(469) ശ്രീ. എ. കെ. എം.അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി.എൽ.-ന്റെ സെക്ഷൻ ഓഫീസുകളിൽ ഉദ്യോഗസ്ഥരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ഏഴ് സെക്ഷൻ ഓഫീസുകളിൽ ഒഴിവുകളുള്ള തസ്തികകളുടെ എണ്ണം തസ്തിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉദ്യോഗസ്ഥരുടെ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേൽപ്പറഞ്ഞ ഒഴിവുകൾ 2021-ൽ നടത്തുന്ന പൊതു സ്ഥലംമാറ്റവും തുടർന്ന് നടത്തുന്ന സ്ഥാനക്കയറ്റങ്ങളും, പുനർനിർണ്ണയങ്ങളുംവഴി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ്

200(470) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ച് കോർ ബാങ്കിംഗ് നെറ്റ് വർക്ക് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

കേരളത്തിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽ വിവിധ തരത്തിലുള്ള കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുകളാണ് ഉപയോഗിക്കുന്നത്. കേരള ബാങ്ക് യാഥാർത്ഥ്യമായതോടെ കേരളത്തിലെ എല്ലാ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിലും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിലൂടെ കേരള ബാങ്കിന്റെ സോഫ്റ്റ്‌വെയറുമായി ഏകോപിപ്പിച്ച് ആധുനിക ബാങ്കിംഗ് സേവനങ്ങൾ പൂർണ്ണതോതിൽ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നതും, ടി സേവനങ്ങൾ ലഭ്യമാക്കുകവഴി യുവജനങ്ങളേയും സഹകരണ ബാങ്കുകളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതുമാണ്. കേരളത്തിലെ പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിലും അവയുടെ ശാഖകളിലും ഒരു കോമൺ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്ന നടപടികൾ അവലോകനം ചെയ്യുന്നതിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റിയും ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിക്കുകയും ടി കമ്മിറ്റികളുടെ അംഗീകാരത്തോടെ വിശദമായ ഒരു Request for proposal (RFP) തയ്യാറാക്കുകയും ഇ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. 9-2-2021-ന് പ്രീ-ബിഡ് മീറ്റിംഗ് നടത്തുകയും ആയതിൻമേലുള്ള തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## റിസ്ക് ഫണ്ട് പദ്ധതി

201(471) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തതിനുശേഷം മരണപ്പെടുന്നവർ, മാരകരോഗം ബാധിക്കുന്നവർ എന്നിവർക്ക് സഹായം നൽകുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ (സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സർവ്വീസ് സഹകരണ ബാങ്കുകൾ, എംപ്ലോയിസ് ക്രെഡിറ്റ് സഹകരണ സംഘങ്ങൾ, മറ്റ് ഇതര വായ്പ സഹകരണ സംഘങ്ങൾ) നിന്നും നൽകിവരുന്ന കാർഷിക കാർഷികേതര (സ്വർണ്ണ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പകൾക്കാണ് റിസ്ക് ഫണ്ട് ആനുകൂല്യം നൽകിവരുന്നത്. വായ്പ എടുക്കുന്ന അംഗങ്ങളിൽനിന്നും റിസ്ക് ഫണ്ട് നിയമാവലി വ്യവസ്ഥയ്ക്ക് വിധേയമായുള്ള റിസ്ക് ഫണ്ടുവിഹിതം (ഏറ്റവും കുറഞ്ഞത് 100 രൂപയും പരമാവധി 1000 രൂപയും) ഒടുക്കേണ്ടതാണ്. മരണപ്പെട്ട/മാരക രോഗം ബാധിച്ച തീയതിയിൽ വായ്പക്കാരന് 70 വയസ്സിൽ അധികരിക്കരുത്. വായ്പക്കാരൻ മരണപ്പെട്ടാൽ 6 മാസത്തിൽ അധികരിച്ച് വായ്പ മുതൽ തിരിച്ചടവിൽ കുടിശ്ശിക (റിസ്ക് ഫണ്ട് ചികിത്സ ധനസഹായത്തിന് കുടിശ്ശിക ബാധകമല്ല) ഉണ്ടാകാൻ പാടില്ല. വായ്പയെടുത്ത അംഗം വായ്പ കാലാവധിയിലോ വായ്പ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പ മുതൽ അല്ലെങ്കിൽ 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക ഫണ്ടിൽനിന്നും നൽകുന്നതാണ്. ഒന്നിൽ കൂടുതൽ കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പയാണെങ്കിൽ അതിൽ ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പക്കാരന്റെ മരണ തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതിക തുകയും ഫണ്ടിൽനിന്നും നൽകുന്നതാണ്. വായ്പ എടുത്തതിനുശേഷം മാരക രോഗംപിടിപെടുന്ന അംഗങ്ങൾക്ക് വായ്പ മുതലിനത്തിൽ പരമാവധി 1,00,000 രൂപ ഈ പദ്ധതിയിലെ മേൽ നിബന്ധനകൾക്ക് വിധേയമായി ആനുകൂല്യം അനുവദിക്കുന്നതാണ്.

(ബി) കോവിഡിന്റെ പശ്ചാത്തലത്തിൽ റിസ്ക് ഫണ്ട് പദ്ധതിയുടെ നിയമാവലിയിൽ കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

## സഹകരണ വകുപ്പ് ആവിഷ്കരിച്ച പദ്ധതികൾ

202(472) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെൽകൃഷി**,** പച്ചക്കറി കൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായി സഹകരണവകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നെൽകൃഷി, പച്ചക്കറി കൃഷി, ജൈവകൃഷി എന്നിവയുടെ പ്രോത്സാഹനത്തിനായി വാർഷിക പദ്ധതിയിലുൾപ്പെടുത്തി സഹകരണവകുപ്പ് മുഖേന സഹകരണസംഘങ്ങൾക്ക് താഴെപ്പറയുന്ന ധനസഹായങ്ങൾ അനുവദിച്ചുവരുന്നു.

1. നെൽകൃഷിക്ക് വായ്പ കൊടുക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം.

2. സ്വന്തം ഫണ്ടുപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പി.എ.സി.എസ്./ എഫ്.എസ്.സി.ബി./ എഫ്.എസ്.സി.എസ്.-ന് ലഭ്യമാകുന്ന പ്രോത്സാഹന സഹായം. ഇത്തരം ലോണുകൾക്ക് ഈടാക്കുന്ന പലിശ ഒരു കാരണവശാലും സഹകരണസംഘം രജിസ്ട്രാർ നിശ്ചയിക്കുന്ന നിരക്കിനേക്കാൾ കൂടുതലാകുവാൻ പാടില്ലാത്തതാണ്.

3. കഴിഞ്ഞ വർഷം നൽകിയ മൊത്തം കാർഷിക വായ്പയേക്കാൾ 20 ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണസംഘത്തിനും ഗ്രാന്റായി പരമാവധി 25000 രൂപ അനുവദിക്കുന്നതാണ്.

4. കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റ്, അതിന്റെ വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് അത്രയും തുക.

5. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കുന്നതിനുള്ള കോർപ്പസ് ഫണ്ടിലേയ്ക്കാവശ്യമായ സഹായം. പലിശ സബ്സിഡി നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നത്.

6. എൻ.എ.ഐ.എസ്/ സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ചുനൽകുന്നതിനുള്ള വിഹിതവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

7. ഹൈടെക് കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിതഭവനങ്ങൾ സ്ഥാപിക്കുന്നതിനുംമറ്റുമായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും സഹായം നൽകുന്നു. കേരള ഹോർട്ടികൾച്ചർ മിഷന്റെ/കൃഷി വകുപ്പിന്റെ സഹകരണത്തോടെ ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

8. സ്വയം സഹായസംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഓഹരികളായോ സബ്സിഡിയായോ പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം.

9. കാർഷിക വികസന സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധന സഹായമായി പരമാവധി 50,000 രൂപ വീതം നൽകുന്നതിനുള്ള സഹായം

10. കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന നോഡൽ ഏജൻസിയായി പ്രവർത്തിക്കുക, കാർഷിക വായ്പ, പലിശ നിരക്ക്, കടം ഒഴിവാക്കൽ പദ്ധതി തുടങ്ങിയവയെ സംബന്ധിച്ച് കർഷർക്ക് വിവരങ്ങൾ നൽകുക, ബ്ലോക്ക് തലത്തിൽ കാർഷിക മേഖലയുടെ യന്ത്രവത്കരണത്തിന്റെ ഒരു കേന്ദ്രമായി പ്രവർത്തിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും ധനസഹായം നൽകിവരുന്നു

11. കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുത്തുകൊണ്ട് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ 26 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്യുയർമെന്റ് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്) എന്ന സഹകരണ സംഘം രൂപീകരിക്കുകയും ടി സംഘത്തിന്റെ അധീനതയിൽ 27.66 ഏക്കർ ഭൂമി വാങ്ങുകയും 200 മെട്രിക് ടൺ കപ്പാസിറ്റിയുള്ള റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനം പൂർണ്ണ പ്രാപ്തിയിൽ എത്തുമ്പോൾ നെല്ല് സംഭരണ, സംസ്കരണ, വിപണന മേഖലയിൽ കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും നെല്ല് കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പിക്കുന്നതിനും ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്ന് നെൽകർഷകരെ സഹായിക്കുന്നതിനും ആയതുവഴി കാർഷികരംഗത്ത് മികച്ച പ്രവർത്തനം നടത്തുവാനും കഴിയുന്നതാണ്.

12. പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം സംസ്കരണം വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ

ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും കാർഷിക ഉത്പന്നങ്ങളുടെ സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം എന്നീ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനും 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

13. സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 'ഹരിതം സഹകരണം' പദ്ധതിപ്രകാരം സഹകരണ സംഘങ്ങൾ മുഖേന 3189 ഏക്കർ ഭൂമി കൃഷിയോഗ്യമാക്കാനും 1838 മാതൃകാ കൃഷിത്തോട്ടങ്ങൾ ആരംഭിക്കുവാനും സാധിച്ചിട്ടുണ്ട്.

14. കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് & വെജിറ്റബിൾസ് എന്ന പേരിൽ കേരളത്തിലെ 16 ഇനം കാർഷിക വിളകൾക്ക് അടിസ്ഥാന വില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടുമുള്ള കാർഷിക വകുപ്പിന്റെ ഉത്തരവുപ്രകാരം സഹകരണസംഘം രജിസ്ട്രാറുടെ 72/2020 സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി Co-op Mart - Veg Fresh എന്ന പേരിൽ പച്ചക്കറികൾ പ്രാദേശിക കർഷകരിൽനിന്നും ശേഖരിച്ച് കാർഷികോത്പാദന സംഭരണ വിതരണ കേന്ദ്രങ്ങൾ ആരംഭിച്ചുവഴി കർഷകർക്ക് മികച്ച വില ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടുണ്ട്.

### അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി

203(473) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. വി. അൻവർ :
ശ്രീ. പി. വി. ശ്രീനിജിൻ :
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യപദ്ധതി പ്രകാരം എത്ര പേർക്ക് ചികിത്സ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ?

അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിന്റെ സമഗ്ര ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് അഗളി, പുതൂർ, ഷോളയാർ എന്നീ പഞ്ചായത്തുകളിലെ ആദിവാസികൾ ഉൾപ്പെടെയുള്ള പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിനും ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക ചികിത്സയും പോഷകാഹാരവും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെയും

2018 ജൂൺ മാസം 26 -ന് സഹകരണ വകുപ്പും പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രിയും ചേർന്ന് നടപ്പിലാക്കിവരുന്ന അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി പ്രകാരം, ഒ.പി. വിഭാഗത്തിൽ 3042 പേരെയും ഐ.പി വിഭാഗത്തിൽ 2022 പേരെയും ഇൻവെസ്റ്റിഗേഷന് മാത്രമായി 1860 പേരെയും ചേർത്ത് ആകെ 6924 പേർക്ക് ചികിത്സ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) മാതൃ-ശിശു പരിചരണത്തിനായി ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

അട്ടപ്പാടി സമഗ്ര ആരോഗ്യപദ്ധതി പ്രകാരം മാതൃ-ശിശു പരിചരണത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കിവരുന്നു. ഗർഭിണികളായ സ്ത്രീകൾക്ക് ഗൈനക്കോളജിസ്റ്റിന്റെ സേവനവും ന്യൂട്രീഷ്യൻ ലഭിക്കുന്ന ഭക്ഷണങ്ങളുടെ ലഭ്യതയും പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. പ്രതിരോധ പ്രവർത്തനങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, മാതൃ-ശിശു സംരക്ഷണം സംബന്ധിച്ച ബോധവത്കരണ ക്ലാസുകൾ, തെരുവുനാടകങ്ങൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ആദിവാസി ഊരുകളിൽ നടത്തിവരുന്നു. ഇതിന് പുറമെ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന പാരാമെഡിക്കൽ സ്റ്റാഫുകൾ, ആശാവർക്കർമാർ, അംഗൻവാടി ജീവനക്കാർ എന്നിവർക്ക് മാതൃ-ശിശു സംരക്ഷണത്തെ സംബന്ധിച്ച ബോധവത്കരണ ക്ലാസുകൾ പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ചുവരുന്നു. അട്ടപ്പാടിയിലെ ശിശു മരണം 2018 വർഷത്തിൽ 13 ആയിരുന്നത് 2020 ആയപ്പോഴേയ്ക്കും രണ്ടായി കുറഞ്ഞു. ശിശുമരണ നിരക്ക് 0% ആക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി മുന്നോട്ടുപോകുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം ആശുപത്രികളിലെ ചികിത്സാസൗകര്യങ്ങളാണ് അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങൾക്ക് ലഭ്യമാകുന്നതെന്ന് അറിയിക്കാമോ?

അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതി പ്രകാരമുള്ള ചികിത്സകൾ പെരിന്തൽമണ്ണ ഇ.എം.എസ് മെമ്മോറിയൽ സഹകരണ ആശുപത്രി മുഖേനയാണ് ലഭ്യമാക്കിവരുന്നത്.

## മുറ്റത്തെ മുല്ല പദ്ധതി

204(474) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണവകുപ്പും കുടുംബശ്രീയുമായി ചേർന്ന് നിലവിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ?

സഹകരണവകുപ്പും കുടുംബശ്രീയുമായി ചേർന്ന് നിലവിൽ 'മുറ്റത്തെ മുല്ല' എന്ന പേരിൽ ഗ്രാമീണ ലഘുവായ്പാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന് പുറമേ കുടുംബശ്രീയുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ " ഒപ്പം, CMHLS (CM' s Helping Hand Loan Scheme-CMHLS/ മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പ പദ്ധതി), SHG (Self Help Group), JLG (Joint Liability Group)" എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) 'മുറ്റത്തെ മുല്ല' പദ്ധതിയുടെ ആനുകൂല്യം എത്ര പേർക്ക് ലഭ്യമാക്കാനായിയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം വ്യക്തമാക്കാമോ?

31-3-2021 വരെ 10,784 കുടുംബശ്രീ യൂണിറ്റുകൾ മുഖേന 3,19,340 അംഗങ്ങൾക്ക് 'മുറ്റത്തെ മുല്ല' പദ്ധതി പ്രകാരം ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്. ബ്ലേഡ് പലിശക്കാരെന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിലുണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരുപരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽനിന്നും രക്ഷിക്കുക, സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ കുടുംബശ്രീയുമായി സഹകരിച്ച് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി. സാധാരണക്കാരന് ബ്ലേഡ് പലിശക്കാരെ സമീപിക്കാതെ സ്വന്തം വീട്ടുപടിക്കൽ വായ്പാ ധനസഹായം ബുദ്ധിമുട്ടില്ലാതെ ലഭിക്കുന്നുവെന്നതാണ് ഈ പദ്ധതിയുടെ പ്രധാന നേട്ടം.

**തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന പുതിയ പദ്ധതികൾ**

205(475) ശ്രീ. തോമസ് കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ ഒരു പഞ്ചായത്തിൽ ഒരു വ്യവസായകേന്ദ്രമെന്ന നിലയിൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്ന പുതിയ പദ്ധതികൾ നടപ്പാക്കാൻ നടപടി ഉണ്ടാകുമോ?

"സഹകരണ സംരംഭകത്വം-തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായം" എന്ന സംസ്ഥാന പദ്ധതിയിലുൾപ്പെടുത്തി തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിനായി നിലവിൽ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ

സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി സംസ്ഥാനത്ത് 25 സഹകരണസംഘങ്ങൾ രൂപീകരിക്കുന്നതുസംബന്ധിച്ച തീരുമാനം സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സഹകരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പാക്കുന്നതെന്നറിയിക്കാമോ?

2021-22 സാമ്പത്തിക വർഷം സഹകരണവകുപ്പ് മുഖേന 26 സംസ്ഥാന പദ്ധതികളിലായി 15,933 ലക്ഷം രൂപയും 3 എൻ.സി.ഡി.സി. പദ്ധതികളിലായി 6,500 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 22,433 ലക്ഷം രൂപ വിവിധ പദ്ധതികളിലൂടെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുന്നതിനും നെല്ലിന്റെ സംഭരണ-സംസ്കരണ-വിപണന പ്രവർത്തനങ്ങൾക്കായി ആധുനിക റൈസ് മിൽ സ്ഥാപിക്കുന്നതിനും സഹകരണ മേഖലയിലെ ഉത്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് E-Marketing പ്ലാറ്റ്ഫോം ആരംഭിക്കുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും കാർഷിക ഉത്പന്നങ്ങളുടെ സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമുള്ള ധനസഹായം എന്നീ പുതിയ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

## കേരള ബാങ്ക്

206(476) ശ്രീ. എ. സി. മൊയ്തീൻ :
ശ്രീ. പി. നന്ദകുമാർ :
ശ്രീ. വി. കെ. പ്രശാന്ത് :
ശ്രീമതി ശാന്തകുമാരി. കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്തിരുന്ന 'കേരള ബാങ്ക് രൂപീകരണം വിജയകരമായി നടപ്പാക്കുന്നതിന് കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിൽ കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിൽ കേരള ബാങ്കിന് 769 ശാഖകളും 'എ ' ക്ലാസ് മെമ്പർമാരായി 1557 പ്രാഥമിക സഹകരണ സംഘങ്ങളുമുണ്ട്. 31-3-2021 -ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,06,396.64 കോടി രൂപയാണ്. ബാങ്കിന്റെ നിക്ഷേപം 66,731.61 കോടി രൂപയും വായ്പ 39,65.03 കോടി രൂപയുമാണ്.

2020-21 സാമ്പത്തിക വർഷത്തിൽ വായ്പ ഇനത്തിൽ 18,215 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

നബാർഡിന്റെ ധനസഹായത്തോടെ 2020-21 കാലഘട്ടത്തിൽ 2000 കോടി രൂപ സ്പെഷ്യൽ ലിക്വിഡിറ്റി ഫണ്ട് (SLF) സംസ്ഥാനത്തെ കാർഷിക സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2021-22 കാലഘട്ടത്തിൽ 1670 കോടി രൂപ ഈ ഇനത്തിൽ വിതരണം ചെയ്യുന്നുണ്ട്.

കേരള ബാങ്കിൽ ഒന്നാകെ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിൽ വരുത്തി അത്യന്താധുനിക ഡിജിറ്റൽ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. നിലവിൽ ATM, Mobile Banking, RTGS/NEFT, IMPS, CTS Clearing തുടങ്ങിയ സേവനങ്ങൾ കേരള ബാങ്ക് ഇടപാടുകാർക്ക് നൽകിവരുന്നു.

കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പലവിധത്തിലുള്ള CASA (കറണ്ട്/ സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു

KB സീനിയർ സിറ്റിസൺ സേവിംഗ്സ്

KB വനിതാ സേവിംഗ്സ്

KB യംഗ് സേവിംഗ്സ്

KB മൈനർ സേവിംഗ്സ്

KB സഹായം സേവിംഗ്സ്

KB പെൻഷനർ സേവിംഗ്സ്

KB കുടുംബം സേവിംഗ്സ്

KB ഫ്രീഡം സേവിംഗ്സ് (PACS)

കേരള ബാങ്ക് വായ്പ്പാ പദ്ധതികൾ

| | | |
|---|---|---|
| 1 | 1) KB MSME | സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള വായ്പ്പാ പദ്ധതി |
| | 2) KB Suvidha | |
| | 3) KB Yuvamithra | |
| 2 | KBLT Agricultural | കാർഷിക മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ദീർഘകാല വായ്പ്പ |
| 3 | 1) KB Home Lone | ഭവനനിർമ്മാണത്തിനും അറ്റകുറ്റ പണിക്കുമുള്ള വായ്പ്പ |
| | 2) KB Housing Lone (PMAY) | പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം സബ്സിഡിയോടുകൂടിയുള്ള ഭവന വായ്പ്പ |
| | 3)KB Suvidha Home | കുറഞ്ഞ വരുമാനക്കാർക്കുള്ള ഭവന വായ്പ്പാ പദ്ധതി |
| 4) | KB Pravasi Kiran | പ്രവാസികൾക്ക് സംരംഭങ്ങൾ തുടങ്ങുവാനുള്ള വായ്പ്പ പദ്ധതി. |
| 5) | KB Kissan Miththra | ഹ്രസ്വകാല ആവശ്യങ്ങൾക്കുള്ള കാർഷിക വായ്പ്പ |
| 6) | KB Suvega | കൃഷിക്കാർക്കും സർക്കാർ ജീവനക്കാർക്കും വേണ്ടിയുള്ള വാഹന വായ്പ്പ |
| 7) | KB Sahaja | സ്ത്രീകൾക്ക് മാത്രമായി സ്വയം സഹായ സംഘങ്ങൾവഴി നൽകുന്ന വായ്പ്പ പദ്ധതി |
| 8) | KB Pension | പെൻഷൻകാർക്ക് വേണ്ടിയുള്ള വായ്പ്പ |
| 9) | KB Tourism | ടൂറിസം മേഖലയിലെ സംരംഭകർക്കുള്ള വായ്പ്പ പദ്ധതി |
| 10) | SAF | മത്സ്യമേഖലയിലുള്ള വ്യക്തികൾക്ക് മാത്രമായി സ്വയം സഹായസംഘങ്ങൾ വഴി നൽകുന്ന വായ്പ്പ |
| 11) | AIF | കാർഷികമേഖലയിലെ വിളവെടുപ്പിന് ശേഷമുള്ള ആവശ്യങ്ങൾക്കായി നൽകുന്ന വായ്പ്പ |

സൂക്ഷ്മ -ചെറുകിട- ഇടത്തര വായ്പാ പദ്ധതിവഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്. ആയത് കൂടുതൽ ഊർജ്ജിതമാക്കി കർഷകർക്ക് കൂടുതൽ വായ്പകൾ അനുവദിച്ചുനൽകാവുന്നതാണ്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB S AMAGRA PACS എന്ന വായ്പാ സ്കീം നടപ്പാക്കുന്നുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെക്കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും തത്തുല്യമായ സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (AIF) സ്കീമിൽനിന്നുള്ള 3% പലിശ സബ്സിഡിയോടുകൂടിയ വായ്പ നൽകിവരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾവഴി കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിന് സഹായകരമാകും.

(സി) പ്രൊഫഷണൽ മാനേജുമെന്റും ആധുനിക ബാങ്കിംഗ് സാങ്കേതികവിദ്യയും സന്നിവേശിപ്പിച്ചുകൊണ്ട് രൂപംകൊടുത്ത കേരള ബാങ്കിനെ സംസ്ഥാനത്തിന്റെ മുഴുവൻ ബാങ്കിംഗ് ആവശ്യങ്ങളും നിറവേറ്റാൻ പര്യാപ്തമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് വെളിപ്പെടുത്താമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളേയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ Request for Proposal (RFP) അവസാനഘട്ടത്തിലാണ്. കൂടാതെ ഡിജിറ്റൽ ബാങ്കിംഗ് നടപ്പാക്കുന്ന പദ്ധതിയും ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. സമൂഹത്തിലെ എല്ലാ വിഭാഗത്തിലുള്ള ജനവിഭാഗങ്ങൾക്കും ഉതകുന്ന തരത്തിൽ വിവിധ നിക്ഷേപ പദ്ധതികളും വായ്പാ പദ്ധതികളും സംസ്ഥാനമൊട്ടാകെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

(ഡി) കോവിഡുമൂലമുണ്ടായിട്ടുള്ള പ്രതിസന്ധി മറികടക്കുന്നതിന് 'പ്രത്യേക പാക്കേജ് ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

കോവിഡ് പ്രതിസന്ധി മറികടക്കുന്നതിനായി CM' s Helping Hand Loan Scheme (CMHLS), പ്രവാസി സ്വർണ്ണ വായ്പ, ടൂറിസം ഗോൾഡ് എന്നീ വായ്പാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

**കേരള ബാങ്കിലെ നിയമനങ്ങൾ**

207(477) <u>ശ്രീമതി കെ. കെ. രമ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിൽ 1850 ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുകയുണ്ടായോ?

ഇല്ല.

(ബി) കേരള ബാങ്കിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടികൾ ഹൈക്കോടതി ഇടപെട്ട് തടയുകയുണ്ടായോ?

കേരള ബാങ്കിലെ താൽക്കാലിക ജീവനക്കാരെ/ദിവസവേതനക്കാരെ സ്ഥിരപ്പെടുത്താനുള്ള നടപടി ഇടക്കാല ഉത്തരവിലൂടെ കോടതി തടഞ്ഞിട്ടുണ്ട്.

(സി) കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിയമപ്രകാരം ജില്ലാ സഹകരണ ബാങ്ക് നിയമനങ്ങൾ നടത്തേണ്ടത് പി.എസ്.സി. മുഖേനയാണോയെന്ന് അറിയിക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്ക്/ജില്ലാ സഹകരണ ബാങ്കിലെ പാർട്ട്ടൈം കണ്ടിജന്റ് ജീവനക്കാരുടെ നിയമനങ്ങൾ ഒഴികെയുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്.

(ഡി) എങ്കിൽ കേരള ബാങ്കിലെ മുഴുവൻ നിയമനങ്ങളും പി.എസ്.സി. മുഖേന നടത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

കേരള ബാങ്ക് നിലവിൽ വന്നതോടുകൂടി ജില്ലാ സഹകരണ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും റിക്രൂട്ട്മെന്റ് റൂളുകൾ നിലവിലില്ലാതായിട്ടുണ്ട്. ആയതിനാൽ കേരള ബാങ്കിനായുള്ള റിക്രൂട്ട്മെന്റ് റൂൾ സർക്കാരിന്റെ പരിഗണനയിലാണ്.

## കേരളബാങ്കിലെ കൂട്ടുപലിശ

208(478) ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൾ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നയത്തിന് വിരുദ്ധമായി കാർഷികേതര വായ്പകൾക്ക് കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ടോ?

നിലവിൽ പല ജില്ലകളിലും കൂട്ടുപലിശ നിരക്കിൽ പലിശ ഈടാക്കി വരുന്നുണ്ട്. RBI-യുടെ നിയമ പ്രകാരം വായ്പകൾക്ക് കൂട്ടുപലിശ ഈടാക്കാവുന്നതാണ്. നിലവിൽ എല്ലാ പൊതുമേഖലാ ബാങ്കുകളും ഇപ്രകാരമാണ് പലിശ ഈടാക്കുന്നത്.

(ബി) വാണിജ്യബാങ്കുകളുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ രക്ഷപ്പെടുത്തുന്നതിനായി രൂപീകരിച്ച കേരള ബാങ്ക്, അമിത പലിശ ഈടാക്കുന്നതിൽ സ്വകാര്യ ബാങ്കുകളെപ്പോലും പിന്നിലാക്കുന്നത് ഗൗരവമായി കണ്ട് സത്വര നടപടി സ്വീകരിക്കുമോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാന സഹകരണ ബാങ്ക് റിസർവ് ബാങ്കിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് ബാങ്ക് ആയതിനാൽ റിസർവ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. നിലവിൽ സംസ്ഥാന സഹകരണ ബാങ്കിൽ പലിശ സാധാരണ മാർക്കറ്റ് റേറ്റിന് അനുസരണമായി കുറച്ചതിനുശേഷമാണ് കൂട്ടുപലിശ ഈടാക്കുന്നത്. ഇത് RBI നിർദ്ദേശിച്ചിരിക്കുന്ന രീതിയും, പല DCB-കളിലും ഇപ്പോൾത്തന്നെ നടപ്പിലുള്ളതുമാണ്. കേരള ബാങ്കായശേഷം ഏകീകരണത്തിന്റെ ഭാഗമായി RBI നിർദ്ദേശിച്ച വിധത്തിൽ മാറേണ്ടതുണ്ട്. തുക കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ഈ രീതി സഹായകമായതുകൊണ്ടാണ് റിസർവ് ബാങ്ക് ഈ രീതി നിർദ്ദേശിച്ചിരിക്കുന്നത്. പലിശ ന്യായമായ വിധത്തിൽ കുറച്ചശേഷം ഇങ്ങനെ ചെയ്യുമ്പോൾ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന വായ്പക്കാരെ ഒരു വിധത്തിലും ബാധിക്കാത്ത വിധത്തിലാണ് റിസർവ് ബാങ്ക് നിർദ്ദേശാനുസരണം കൂട്ടുപലിശ നടപ്പാക്കുന്നത്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിക്കവറി മാനേജുമെന്റ് പോളിസിയിലൂടെയും വായ്പാ കുടിശ്ശിക തീർപ്പാക്കുന്ന സമയത്ത് സർക്കാർ/ സഹകരണ സംഘം രജിസ്ട്രാർ പ്രഖ്യാപിക്കുന്ന ഇളവുകൾ ബാങ്ക് നൽകുന്നുണ്ട്. ആയതിനാൽത്തന്നെ കൂട്ടുപലിശയുടെ അധികഭാരം ഇടപാടുകാർക്ക് ഉണ്ടാകുന്നില്ല.

## കേരള ബാങ്ക്

209(479) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യക്തിഗത വായ്പകൾക്ക് കൂട്ടുപലിശ ഈടാക്കാൻ കേരളാ ബാങ്ക് ബോർഡ് ഓഫ് മാനേജുമെന്റ് അനുമതി നൽകുകയുണ്ടായോ ?

അനുമതി നൽകിയിട്ടുണ്ട്. RBI മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇത്തരത്തിൽ കൂട്ടുപലിശ ഈടാക്കുന്നത് സഹകരണ നയത്തിന് വിരുദ്ധമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ?

റിസർവ് ബാങ്കിന്റെ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഷെഡ്യൂൾഡ് സഹകരണ ബാങ്കായതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്ക് റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതായിട്ടുണ്ട്. ആയതിനാൽ റിസർവ് ബാങ്ക് നിർദ്ദേശങ്ങൾക്ക് വിധേയമായി ബാങ്കുകളിലെ പലിശ നിരക്കുകൾ ഏകീകരിക്കുന്നതുമായി ബന്ധപ്പെട്ട് RBI സർക്കുലർ പ്രകാരം കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ട്.

(സി) ഈ നടപടിമൂലം കേരളത്തിന്റെ സ്വന്തം ബാങ്കെന്ന നിലയിൽ രൂപീകൃതമായ കേരള ബാങ്ക്, വാണിജ്യ ബാങ്കുകളെക്കാൾ വലിയ കൊള്ള നടത്തുന്ന അവസ്ഥയിലേയ്ക്ക് പോകുമെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കൃത്യമായി വായ്പ തിരിച്ചടവ് നടത്തുന്നവർക്ക് അധിക ബാദ്ധ്യത ഉണ്ടാകുന്നതല്ല. കുടിശ്ശിക വരുത്തിയവർക്ക് സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരവും ബാങ്കിന്റെ റിക്കവറി മാനേജ്മെന്റ് പോളിസി പ്രകാരവും കൂട്ടുപലിശയും പിഴ പലിശയും പൂർണ്ണമായി ഒഴിവാക്കി നൽകുന്നുണ്ട്.

(ഡി) കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ ഇത്തരം നടപടി സാധാരണക്കാർക്കും ഗുരുതരരോഗം ബാധിച്ചും അപകടങ്ങളിൽപ്പെട്ടും തിരിച്ചടവ് മുടങ്ങിയവർക്കും കനത്ത ബാദ്ധ്യത ഉണ്ടാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

കോവിഡ് മഹാമാരിയുടെ ഒന്നാം വ്യാപന ഘട്ടത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs, എന്നിവിടങ്ങളിൽനിന്നുള്ള വായ്പകൾക്ക് മൊറട്ടോറിയം അനുവദിച്ച് RBI നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ ടി നിർദ്ദേശം സഹകരണ സ്ഥാപനങ്ങൾക്കുംകൂടി ബാധകമാക്കി 31-8-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നു. രണ്ടാം വ്യാപനത്തെത്തുടർന്നുള്ള മൊറട്ടോറിയം സംബന്ധിച്ച് റിസർവ് ബാങ്കിൽനിന്നും നിർദ്ദേശങ്ങളൊന്നുംതന്നെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നപക്ഷം മൊറട്ടോറിയം നടപ്പിലാക്കുമ്പോൾ ഇടപാടുകാർക്ക് ന്യായമായ ഇളവുകൾ ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാന സഹകരണ ബാങ്കിൽ നടപ്പിലാക്കിവരുന്ന നവകേരളീയം കുടിശ്ശിക നിവാരണം 2021 പദ്ധതിയുടെ കാലാവധി 31-8-2021 വരെ ദീർഘിപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ സംസ്ഥാന സഹകരണ ബാങ്കിന് അനുവാദം നൽകി ഉപനിബന്ധന അംഗീകരിച്ചുനൽകിയിട്ടുണ്ട്. അംഗീകരിച്ച് നൽകിയ ഉപനിബന്ധനയിൽ വായ്പക്കാരൻ മരണപ്പെട്ട വായ്പകൾ, ഗുരുതരരോഗം ബാധിച്ചും അപകടങ്ങളിൽപ്പെട്ടും ശയ്യാവലംബരായി വായ്പാ തിരിച്ചടവ് മുടങ്ങിയവർ, നിരാലംബർ, മാതാപിതാക്കളുടെ മരണംമൂലം അവരെടുത്ത വായ്പകൾ തങ്ങളുടെ ബാദ്ധ്യത ആയവർക്കും ഇളവുകൾ നൽകുന്നതിന് പ്രത്യേകം വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) എങ്കിൽ കൂട്ടുപലിശ പിൻവലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽവരുന്ന സഹകരണ ബാങ്കുകളിൽ കുടിശ്ശികയാകുന്ന വായ്പകളിൽ കൂട്ടുപലിശ ഈടാക്കുന്നത് RBI വ്യവസ്ഥകൾക്ക് വിധേയമായാണ്.

## സഹകരണ സംഘങ്ങളുടെ പ്രവർത്തനം

210(480) ശ്രീ. കെ. ആൻസലൻ :
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. മമ്മിക്കുട്ടി :
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ഈ മേഖലയിലേയ്ക്ക് യുവജനതയെ ആകർഷിക്കുന്നതിനുമായി കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയ നിക്ഷേപ സമാഹരണ പരിപാടി തുടർന്നുകൊണ്ടുപോകുന്നതിന് ഈ സർക്കാർ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്?

സഹകരണ വായ്പാ മേഖലയിലെ നിക്ഷേപത്തോത് വർദ്ധിപ്പിക്കുക, യുവതലമുറയെ സഹകരണ പ്രസ്ഥാനങ്ങളിലേയ്ക്ക് കൂടുതലായി ആകർഷിക്കുക, കേരളത്തിന്റെ വികസനത്തിന് കരുത്തേകുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെ 2021 ഫെബ്രുവരി 1 മുതൽ 2021 മാർച്ച് 31 വരെ നിക്ഷേപ സമാഹരണ പരിപാടി നടത്തുകയുണ്ടായി. ആയത് പൂർണ്ണ വിജയമായിരുന്നു. യുവജനങ്ങളെ കൂടുതലായി സഹകരണ സംഘങ്ങളിലെ അംഗങ്ങളാക്കുന്നതിലേയ്ക്കായി സംഘംതല അംഗത്വ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനും ടി ക്യാമ്പയിനിലൂടെ കേരള ബാങ്കിന്റെ ആഭിമുഖ്യത്തിൽ സഹകരണ മേഖലയിൽ നടപ്പിലാക്കുന്ന ആധുനിക ബാങ്കിംഗ് സംവിധാനങ്ങളെകുറിച്ചും, സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം സംബന്ധിച്ചും, സാമ്പത്തിക മേഖലയിലെ സഹകരണ പ്രസ്ഥാനത്തിന്റെ ഇടപെടലിനെ സംബന്ധിച്ചും യുവജനങ്ങളിൽ ബോധവത്കരണം നടത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതും ഇതിനുപുറമേ യുവജനങ്ങളെ ആകർഷിക്കുന്ന വിധത്തിൽ സഹകരണ മേഖലയിൽ നൂതന സാങ്കേതിക വിദ്യയുടെ പിൻബലത്തോടെ കൂടുതൽ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള സഹായം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂഹിക-സാമ്പത്തിക വികസനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വാർഷിക പദ്ധതിയിലുൾപ്പെടുത്തി സർക്കാർ ഓഹരി മൂലധനം, പ്രവർത്തന മൂലധനം, ബിൽഡിംഗ് മെയിന്റനൻസ് ഗ്രാന്റ്, മാനേജീരിയിൽ സബ്സിഡി, റിവൈവൽ സ്കീം, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സ്പെഷ്യൽ റിവൈവൽ സ്കീം എന്നീ പദ്ധതികൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ പുനരുദ്ധാരണത്തിന് ഭരണപരവും വികസനോന്മുഖവുമായ പദ്ധതികൾ നടപ്പാക്കുന്നതിനും എസ്.സി/എസ്.റ്റി ഫെഡറേഷന്റെ കീഴിലുള്ള യൂണിറ്റുകളുടെ വികസനത്തിനും ധനസഹായം അനുവദിക്കുന്നു. അട്ടപ്പാടിയിലെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പോഷക - ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനായുള്ള സമഗ്ര/ആരോഗ്യ സംരക്ഷണ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സമഗ്ര വികസനത്തിനും

പുനരുദ്ധാരണത്തിനുമായി പുനർജ്ജനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനസഹായവും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വനിതാ ശാക്തീകരണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്ന വനിതാ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ദുർബല വനിതാ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും അതുവഴി വനിതാ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിച്ച് നിത്യവരുമാനം ഉറപ്പാക്കുന്നതിനും അതോടൊപ്പം സാമൂഹികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിനും അതതു പ്രദേശങ്ങളിൽ അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായമായ പ്രോജക്ടുകൾക്ക് അവയുടെ പ്രായോഗികത, വിജയസാധ്യത, പ്രവർത്തന ലാഭം എന്നിവ വിലയിരുത്തി ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ വനിതാ സഹകരണ സംഘങ്ങളുടെ ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനുമായി ധനസഹായം അനുവദിച്ചുവരുന്നു. വനിതാ സഹകരണ സംഘങ്ങൾക്ക് ഓഹരി മൂലധനമായി പരമാവധി 2 ലക്ഷം രൂപ വരെയും പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപ വരെയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്. വനിതാ സഹകരണ സംഘങ്ങൾക്ക് വാർഷിക പദ്ധതി 2020-21 പ്രകാരം സബ്സിഡി ഇനത്തിൽ 180 ലക്ഷം രൂപയും ഓഹരിയിനത്തിൽ 180 ലക്ഷം രൂപയും വകയിരുത്തുകയും സബ്സിഡി ഇനത്തിൽ 180 ലക്ഷം രൂപയും ഓഹരിയിനത്തിൽ 93.25 ലക്ഷം രൂപയും അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തിൽ വനിതാ സഹകരണ സംഘങ്ങൾക്കും വനിതാഫെഡിനുമുള്ള ധനസഹായമെന്ന സ്കീമിൽ ഉൾപ്പെടുത്തി സബ്സിഡി ഇനത്തിൽ 150 ലക്ഷം രൂപയും ഓഹരിയിനത്തിൽ 150 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

## സഹകരണ മേഖലയിലെ ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

211(481) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് വ്യാപനത്തെ തുടർന്ന് വരുമാനം ഗണ്യമായി കുറഞ്ഞതിനാൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും വാങ്ങിയ വായ്പകൾ യഥാസമയം തിരിച്ചടയ്ക്കാൻ കഴിയുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് സഹകരണ ആശുപത്രികളെ സഹായിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

(സി) സഹകരണ ആശുപത്രികളുടെ പ്രവർത്തനം വിലയിരുത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സഹകരണ ആശുപത്രികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിലവിൽ സർക്കാർ ധനസഹായം നൽകിവരുന്നുണ്ട്. പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## സഹകരണ ആശുപത്രികൾക്കുള്ള സാമ്പത്തിക സഹായം

212(482) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിക്കെതിരെയുള്ള പോരാട്ടത്തിൽ സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന സാഹചര്യത്തിൽ അത്തരം ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിന് സാമ്പത്തിക സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

സഹകരണ ആശുപത്രികളെ ശക്തിപ്പെടുത്തുന്നതിനായി മറ്റ് സഹകരണ സംഘങ്ങൾക്കുള്ള സർക്കാർ ധനസഹായ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ സഹകരണ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കും സഹകരണ ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്നതുമായ ആശുപത്രികൾ/ഡിസ്പെൻസറികൾ എന്നിവയ്ക്കും മെഡിക്കൽ ലാബ് ആരംഭിക്കുന്നതിനും അത്യാധുനിക മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനും വാർഷിക പദ്ധതികളിലുൾപ്പെടുത്തി നിലവിൽ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ കോവിഡ് സാഹചര്യവുമായി ബന്ധപ്പെട്ട് ധനസഹായം അനുവദിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലില്ല.

(ബി) ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന സഹകരണ ആശുപത്രികൾക്ക് നിലവിലുള്ള പദ്ധതികൾക്ക് പുറമേ സാമ്പത്തിക സഹായം ആവശ്യമാണെങ്കിൽ സംഘങ്ങളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ലോണുകൾക്ക് മൊറട്ടോറിയം**

213(483) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വിവിധ ലോണുകൾക്ക് ആറുമാസത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

2020 വർഷത്തിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ബാങ്കുകളിൽനിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തിരിച്ചടവുകൾ നടക്കാതെ വരികയും ചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽനിന്നുള്ള വായ്പകൾക്ക് 1-3-2020 മുതൽ 31-5-2020 വരെ മൊറട്ടോറിയം അനുവദിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-5-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തൽസ്ഥിതി രൂക്ഷമായിത്തന്നെ തുടർന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 1-6-2020 മുതൽ 31-8-2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ കോവിഡ്-19 വ്യാപനം വീണ്ടും അതിരൂക്ഷമാകുകയും എല്ലാ മേഖലകളെയും അത് പൂർണ്ണമായി ബാധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും റിസർവ് ബാങ്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടില്ല. റിസർവ് ബാങ്കിന്റെ നിർദ്ദേശം അനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കോവിഡ് വ്യാപനംമൂലം വരുമാനം നഷ്ടപ്പെട്ട സാധാരണക്കാരന് കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോൺ, കാലതാമസം ഒഴിവാക്കി ലഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വെളിപ്പെടുത്തുമോ;

(സി) കോവിഡിന്റെ പശ്ചാത്തലത്തിൽ സാധാരണക്കാരന് അതിജീവനത്തിനായി സഹകരണ സ്ഥാപനങ്ങൾവഴി ഒരു സമഗ്ര പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

പുതിയ ലോൺ/സ്കീമുകൾ തയ്യാറാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കാർഷിക വായ്പ തിരിച്ചടവ് സംബന്ധിച്ച്**

214(484) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം കോവിഡ് വ്യാപന സമയത്ത് കേന്ദ്ര സർക്കാർ പൊതുമേഖല/വാണിജ്യ ബാങ്കിൽനിന്നും വായ്പ എടുത്തവർക്ക് പ്രഖ്യാപിച്ച മൊറട്ടോറിയം സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും നൽകിയിട്ടുണ്ടോ?

നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽനിന്നും കാർഷിക ഗ്രാമവികസന ബാങ്കുകളിൽനിന്നും വായ്പ എടുത്തവർക്ക് പലിശ ഇളവ് ചെയ്ത് കൊടുക്കുവാൻ സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പലിശ ഇളവ് ചെയ്ത് കൊടുക്കുമ്പോൾ സംഘങ്ങൾക്കുണ്ടാകുന്ന പലിശ നഷ്ടം എങ്ങനെ നികത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത് വ്യക്തമാക്കാമോ?

(ബി&സി) ഇല്ല

**മരിച്ചവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ**

215(485) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യക്തികൾ മരിച്ചാൽ വായ്പ, പിഴപ്പലിശ, പലിശ എന്നിവയിൽ എന്തൊക്കെ ഇളവുകളാണ് ഇപ്പോൾ നൽകിവരുന്നതെന്ന് വിശദമാക്കുമോ?

സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും വായ്പയെടുത്തശേഷം മരണപ്പെടുന്ന അംഗത്തിന് റിസ്ക്ഫണ്ട് നിയമാവലി നിബന്ധനകൾക്ക് വിധേയമായി ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന വായ്പയിൽ മുതൽ തുക, 2,00,000 രൂപ ഇതിൽ ഏതാണോ കുറവ് ആ തുക റിസ്ക്ഫണ്ടിൽനിന്നും അനുവദിച്ചുവരുന്നു. 20-9-2019- ന് മുമ്പ് എടുത്തിട്ടുള്ള വായ്പകളിൽ ടി തുക 1,50,000 രൂപയും വായ്പയിൽ ഏറ്റവും ഒടുവിലായി വായ്പക്കാരൻ തുക ഒടുക്കിയ തീയതി മുതൽ മരണപ്പെടുന്ന തീയതി വരെയുള്ള പലിശയും (വായ്പ അനുവദിച്ചപ്പോഴുള്ള പലിശ നിരക്ക്) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽനിന്നും അനുവദിക്കുന്നതാണ്. പിഴപ്പലിശ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ബാങ്ക്/സംഘത്തിന് സഹകരണ സംഘം രജിസ്ട്രാർ രേഖാമൂലം നിർദ്ദേശം നൽകാറുണ്ട്.

(ബി) മാരക രോഗങ്ങൾ ബാധിച്ച് മരിക്കുന്നവരുടെ വായ്പകൾക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കാറില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനും അർഹതപ്പെട്ടവർക്ക് റിസ്ക് ഫണ്ടിന്റെ ആനുകൂല്യങ്ങൾ കൃത്യമായി ലഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## സഹകരണ ബാങ്കുകൾ നൽകിയ വായ്പ

216(486) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ ഒന്നാംതരംഗ ഘട്ടത്തിൽ ജനങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനായി നബാർഡിന്റെ സഹായത്തോടെ സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ ഒരു വർഷ കാലാവധിയിൽ 6% പലിശ നിരക്കിൽ കാർഷിക വായ്പ നൽകിയിരുന്നോ?

കോവിഡിന്റെ ഒന്നാംതരംഗ ഘട്ടത്തിൽ ഒരു വർഷ കാലാവധിയിൽ 6% പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വായ്പ (STSAO) അനുവദിച്ചിട്ടുണ്ട്.

(ബി) വായ്പ തിരിച്ചടവ് ഘട്ടത്തിൽ കോവിഡ് രണ്ടാംതരംഗം രൂപം കൊള്ളുകയും ലോക്ഡൗൺ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, തിരിച്ചടവ് കാലാവധി നീട്ടി നൽകാൻ ആവശ്യമായ ഇടപെടൽ നടത്തുന്നതിന് സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

കോവിഡ് രണ്ടാംതരംഗത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക വായ്പകളുടെ തിരിച്ചടവിന്, 30-6-2021 വരെ സാവകാശം അനുവദിച്ചിട്ടുണ്ട്.

## സഹകരണ വായ്പകളിൽ മൊറട്ടോറിയം

217(487) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്തെ അധികഫണ്ടുപയോഗിച്ച് പ്രളയാനന്തര പുനർനിർമ്മാണം, ഉപജീവന മാർഗ്ഗങ്ങൾ പുന:സൃഷ്ടിക്കൽ എന്നിവ നടപ്പാക്കിയതുപോലെ കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ടവർക്കും സംരംഭകർക്കും ലളിത വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

കോവിഡാനന്തരം തൊഴിൽ നഷ്ടപ്പെട്ടവർക്കും സംരംഭകർക്കും ലളിത വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) കോവിഡാനന്തരം സംരംഭങ്ങളിൽ നഷ്ടം സംഭവിച്ചവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും സഹകരണ വായ്പകളിൽ മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

2020 വർഷത്തിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുകയും ബാങ്കുകളിൽനിന്നും വ്യക്തിഗതമായും അല്ലാതെയും എടുത്ത വായ്പകളുടെ തിരിച്ചടവുകൾ നടക്കാതെവരികയും ചെയ്ത സാഹചര്യത്തിൽ വാണിജ്യ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽനിന്നുള്ള വായ്പകൾക്ക് 1-3-2020 മുതൽ 31-5-2020 വരെ മൊറട്ടോറിയം അനുവദിക്കുന്നതിന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിൽ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-5-2020 വരെ മൊറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ തത്സ്ഥിതി രൂക്ഷമായിതന്നെ തുടർന്ന സാഹചര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശപ്രകാരം ടി മൊറട്ടോറിയത്തിന്റെ കാലാവധി 1-6-2020 മുതൽ 31-8-2020 വരെ വീണ്ടും ദീർഘിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി. നിലവിൽ കോവിഡ്-19 വ്യാപനം വീണ്ടും അതിരൂക്ഷമാകുകയും എല്ലാ മേഖലകളെയും അത് പൂർണ്ണമായി ബാധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിർദ്ദേശമൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ റിസ്ക് ഫണ്ട് പദ്ധതി**

218(488) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2020 വരെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് എത്ര തുകയുടെ ആശ്വാസം നൽകാനായി എന്ന് വിശദമാക്കാമോ?

2016 മുതൽ 2020 വരെ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ 427 പേർക്ക് 2,76,23,687 രൂപയുടെ റിസ്ക്ഫണ്ട് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം നൽകാമോ?

ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കോവിഡ് -19 വാക്സിനേഷൻ നൽകുന്നതിന് സഹകരണ ബാങ്ക് ജീവനക്കാർക്ക് മുൻഗണന**

219(489) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 വാക്സിനേഷൻ നൽകുന്നതിന് സഹകരണ ബാങ്ക് ജീവനക്കാർക്ക് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ?

പരിഗണിക്കുന്നതാണ്.

(ബി) സഹകരണ ബാങ്ക് ജീവനക്കാർക്ക് ഭവന സന്ദർശനം അത്യാവശ്യമായതിനാൽ ഈ വിഭാഗം പ്രത്യേക പരിഗണന അർഹിക്കുന്നതാണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഹകരണ ബാങ്ക് ജീവനക്കാർക്ക് പ്രത്യേക പരിഗണന അർഹിക്കുന്നതാണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ട്. സഹകരണ ബാങ്ക് ജീവനക്കാർക്ക് കോവിഡ് -19 വാക്സിനേഷന് മുൻഗണന നൽകുന്നതിനുള്ള തുടർ നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സഹകരണ ബാങ്ക് ജീവനക്കാർക്കൊപ്പം സഹകാരികൾക്കും വാക്സിനേഷൻ നൽകുന്നതിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**സഹകരണ മേഖലയുടെ പുരോഗതി**

220(490) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷക്കാലം സഹകരണ മേഖലയിൽ വന്നിട്ടുള്ള വളർച്ചയുടെ വിശദാംശങ്ങൾ നൽകാമോ?

ഇക്കഴിഞ്ഞ സർക്കാരിന്റെ അഞ്ചുവർഷക്കാലം സഹകരണ മേഖലയിൽ വന്നിട്ടുള്ള വളർച്ചയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നോട്ട് നിരോധനം- 2016-ൽ നോട്ടുനിരോധനമെന്ന വലിയ പ്രതിസന്ധിയെ അഭിമുഖീകരിച്ചുവെങ്കിലും ഒറ്റക്കെട്ടായിനിന്ന് അതിജീവിച്ചു. നോട്ട് നിരോധന സമയത്ത് 1.5 ലക്ഷം കോടി രൂപയായിരുന്ന സഹകരണ നിക്ഷേപം ഇപ്പോൾ 2.5 ലക്ഷം കോടി രൂപയായി.

ഹരിതം സഹകരണം സുസ്ഥിര വികസനമെന്നത് കേരള സർക്കാരിന്റെ അടിസ്ഥാന ലക്ഷ്യമാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി സർക്കാർ ഹരിത കേരളം, സുഭിക്ഷ കേരളം എന്നീ പദ്ധതികൾ പ്രഖ്യാപിച്ചപ്പോൾ അതിന് പിന്തുണയുമായി സഹകരണ മേഖല നടപ്പാക്കിയ പദ്ധതിയാണ് 'ഹരിതം സഹകരണം'. 5 ലക്ഷം ഫലവൃക്ഷത്തൈകൾ നട്ട് പരിപാലിച്ചുവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിച്ചു കൊണ്ട് സഹകരണസംഘങ്ങൾ സ്വന്തം നിലയിൽ 3199.46 ഏക്കർ സ്ഥലത്ത് കൃഷിയിറക്കി.

1838 മാതൃകാ ഫാമുകൾ വികസിപ്പിച്ചു.

നെല്ല്, നാളികേരം എന്നീ കാർഷികോത്പന്നങ്ങളുടെ മൂല്യവർദ്ധനയ്ക്കായി പദ്ധതികൾ ആരംഭിച്ചു.

കർഷക സേവന കേന്ദ്രങ്ങൾ തുറന്നു. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യം വളർത്തൽ മേഖലകൾക്ക് വലിയ തോതിൽ സാമ്പത്തിക പിന്തുണ നൽകിയിട്ടുണ്ട്.

അട്ടപ്പാടി സമഗ്ര ആരോഗ്യ പരിരക്ഷാ പദ്ധതി- അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങൾക്കിടയിലെ ആരോഗ്യ പ്രശ്നങ്ങളും നവജാത ശിശുമരണങ്ങളുമെല്ലാം കുറച്ചുകൊണ്ടുവരുന്നതിന് സഹായകമായി സഹകരണവകുപ്പ് അട്ടപ്പാടി സമഗ്ര ആരോഗ്യ പരിരക്ഷാപദ്ധതി നടപ്പാക്കി. പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ദൗത്യം ഏൽപ്പിച്ചത്. 6916 രോഗികൾക്ക് വളരെ വലിയ ചെലവുവരുന്ന സർജറി ഉൾപ്പെടെയുള്ള ചികിത്സ നൽകി നിരന്തരമായ ബോധവത്കരണ പ്രവർത്തനങ്ങളിലൂടെ ശിശുമരണം ഗണ്യമായി കുറച്ചു. 'ഫോക്കസ്ഡ് ഇന്റർവെൻഷൻ' മാതൃകയിൽ നടപ്പാക്കിയ ഈ പദ്ധതി രാജ്യത്തിന് തന്നെ മാതൃകയായി. 'മുറ്റത്തെ മുല്ല' പദ്ധതി ബ്ലേഡ് മാഫിയയിൽനിന്നും ജനങ്ങളെ സംരക്ഷിക്കുന്നതിന് സഹകരണ മേഖലയിലൂടെ ഒരു കളക്ഷൻ ഡിസ്ട്രിബ്യൂഷൻ നെറ്റ് വർക്ക് നടപ്പിലാക്കി. കുടുംബശ്രീ സംവിധാനത്തെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് 'മുറ്റത്തെ മുല്ല' എന്ന പേരിൽ ഒരു മൈക്രോ ഫിനാൻസ് പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പാക്കുകയും ചെയ്തു. പദ്ധതി വൻവിജയമായതിനെത്തുടർന്ന് സംസ്ഥാനത്താകമാനം വ്യാപിപ്പിച്ചു. പദ്ധതിയിലൂടെ നാളിതുവരെ 527.64 കോടി രൂപ വിതരണം ചെയ്തു. താല്പര്യമറിയിച്ച 20.7 ലക്ഷം ഗുണഭോക്താക്കൾക്ക് അവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ/ KSRTC പെൻഷൻ, ക്ഷേമ പെൻഷനുകൾ എന്നിവ വീടുകളിലെത്തിച്ച് നൽകുന്നതിന് സഹകരണ സംഘങ്ങളെയാണ് സർക്കാർ ചുമതലപ്പെടുത്തിയത്. സംഘം പ്രതിനിധികൾ 20.7 ലക്ഷം ഗുണഭോക്താക്കളുടെ കൈകളിൽ നാളിതുവരെ 14577.66 കോടി രൂപയാണ് കൃത്യമായി നേരിട്ട് എത്തിച്ചുനൽകിയത്. KSRTC പെൻഷൻകാരായ 40,000-ത്തിലധികം പേർക്ക് പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നത് സഹകരണ സംഘങ്ങളിലൂടെയാണ്. കേരളാ ബാങ്ക് 2019 നവംബർ 29-ന് 13 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചു. ലയനത്തിലൂടെ രൂപീകരിച്ച കേരള ബാങ്കാണ് ഇന്ന് കേരളത്തിലെ രണ്ടാമത്തെ വലിയ ബാങ്ക്. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാപ്യമായതും മികച്ചതും ആധുനികവുമായ ബാങ്കിംഗ് സേവനം നല്കുക എന്നതാണ് ഈ ഏകീകരണത്തിലൂടെ ലക്ഷ്യമിട്ടത്. രൂപീകരണശേഷം കാർഷിക വായ്പകൾക്ക് ഒരു ശതമാനം പലിശയിളവ് ചെറുകിട-സൂക്ഷ്മ സംരംഭങ്ങൾക്ക് വായ്പ നല്കിയതിലൂടെ 10000-ത്തിലധികം തൊഴിലവസരങ്ങൾ, കോവിഡ് കാല പ്രത്യേക വായ്പകൾ എന്നിങ്ങനെ നിരവധി നേട്ടങ്ങളാണ് ബാങ്ക് ജനങ്ങൾക്ക് സമ്മാനിച്ചത്. നാടിന്റെ വികസനത്തിന് ജനതയുടെ ബാങ്കെന്ന സങ്കൽപ്പം കേരള ബാങ്കിലൂടെ സാക്ഷാത്കരിക്കപ്പെട്ടു. കൺസ്യൂമർഫെഡ് കൺസ്യൂമർ ഫെഡറേഷനെ നിരന്തരമായ പരിശ്രമങ്ങളിലൂടെ ഉയർത്തിക്കൊണ്ടുവന്ന്

ജനോപകാരപ്രദമാക്കി ശക്തമായ വിപണി ഇടപെടലുകളിലൂടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിന് സഹായകമായി. ലോക്ഡൗൺ കാലത്ത് ഫെഡറേഷൻ നടത്തിയ പ്രവർത്തനങ്ങൾ മാതൃകാപരമായി. ഭക്ഷ്യവസ്തുക്കൾ, അവശ്യ മരുന്നുകൾ എന്നിവ വീട്ടുപടിക്കലെത്തിച്ചുനൽകി. ടി കാലയളവിൽ എല്ലാ വർഷവും ഫെഡറേഷൻ പ്രവർത്തന ലാഭം നേടി. സഹകരണവകുപ്പ് സഹകരണ വകുപ്പിനെ ആധുനികവത്കരിച്ചു. സഹകരണ പഠന-പരിശീലന-ഗവേഷണ മേഖലകൾ വിപുലമാക്കി. CAPE വലിയ നേട്ടങ്ങൾ കൈവരിച്ചു. ACSTI -യെ സ്വയംഭരണ സ്ഥാപനമാക്കി. സംസ്ഥാന സഹകരണ യൂണിയന്റെ പ്രവർത്തനങ്ങൾ മികച്ചതായി. JDC, HDC വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. സഹകരണ പ്രൊഫഷണൽ കോളേജുകൾക്ക് പ്രത്യേക സാമ്പത്തിക സഹായം നല്കി. സഹകരണ വകുപ്പിന് കീഴിലുള്ള ബോർഡുകൾ കാര്യക്ഷമമായി. സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലൂടെ കൂടുതൽ പേർക്ക് നിയമനം നൽകാൻ സാധിച്ചു. സഹകരണ അപ്പെക്സ് സംഘങ്ങൾ ഭൂരിഭാഗവും പ്രവർത്തനമികവും ലാഭവും നേടി. സഹകരണ അംഗസമാശ്വാസ നിധി/റിസ്ക്ഫണ്ട് മാരക രോഗബാധിതരായ സഹകാരികളെ സഹായിക്കുന്നതിന് അംഗസമാശ്വാസ നിധിയിൽനിന്നും 50,000 രൂപ വരെയുള്ള സഹായം അനുവദിക്കുന്നുണ്ട്. കൃതി പുസ്തക സാഹിത്യ വിജ്ഞാനോത്സവം/ SPCS മ്യൂസിയം സാഹിത്യകാരന്മാരുടെ ഉന്നമനം ലക്ഷ്യമിട്ട് സർക്കാരിന്റെ പിന്തുണയോടെ 2018-ൽ SPCS-ന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ കൃതി അന്താരാഷ്ട്ര പുസ്തക സാഹിത്യോൽസവം കഴിഞ്ഞ 3 വർഷംകൊണ്ട് രാജ്യാന്തര ശ്രദ്ധ നേടി. SPCS പ്ലാറ്റിനം ജൂബിലി വർഷത്തിന്റെ ഭാഗമായി ആഗോള നിലവാരത്തിൽ ഒരു സാഹിത്യ മ്യൂസിയം കോട്ടയത്ത് നിർമ്മാണത്തിലാണ്. കോ-ഓപ്പ് മാർട്ട് സഹകരണ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന 170-ഓളം ഉത്പന്നങ്ങളെ ഏകീകൃത ബ്രാന്റിംഗിന് കീഴിൽ കൊണ്ടുവന്ന് Co-op mark നല്കുകയും വിപണന ശൃംഖലയ്ക്കായി Co-opmart-കൾ ആരംഭിക്കുകയും ചെയ്തു. സംസ്ഥാനത്തെ കർഷകർ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് താങ്ങുവില ഉറപ്പാക്കി പച്ചക്കറികൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് 250 co-opmart വെജിറ്റബിൾ ഷോപ്പുകൾ ആരംഭിച്ചു. മായമില്ലാത്ത മത്സ്യം ജനങ്ങളിലെത്തിക്കുന്നതിന് മത്സ്യഫെഡുമായി സഹകരിച്ച് ഫിഷ് മാർട്ടുകൾ ആരംഭിച്ചു. കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ സ്വന്തം നിലയിൽ വിറ്റഴിക്കുന്നതിന് നാട്ടുചന്തകൾ തുറന്നു. കെയർ കേരള (CARe Kerala) പദ്ധതി Co-operative Alliance to Rebuild Kerala (CARe Kerala) എന്ന പദ്ധതിയിലൂടെ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് 2,064 വീടുകൾ നിർമ്മിച്ചു നൽകി. ഭൂരഹിത/ ഭവനരഹിതർക്ക് ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചു വരുന്നു. CARe Loan

പദ്ധതി പ്രകാരം 713.92 കോടി രൂപ പ്രളയദുരിത ബാധിതരിലെത്തിച്ചു. CARe Grace പദ്ധതിയിലൂടെ ദുരന്തബാധിതർക്ക് സമാശ്വാസമേകി. കഴിഞ്ഞ സർക്കാരിന്റെ 5 വർഷക്കാലം സഹകരണ മേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന പദ്ധതിയിനത്തിൽ 1110.62 കോടി രൂപയും എൻ.സി.ഡി.സി പദ്ധതിയിനത്തിൽ 375.05 കോടി രൂപയും ഉൾപ്പെടെ 1485.67 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സഹകരണ മേഖലയുടെ പ്രവർത്തനം എത്രത്തോളമായിരുന്നുവെന്ന് വിശദമാക്കുമോ?

കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ കീഴിലുള്ള 9 എഞ്ചിനീയറിംഗ് കോളേജുകൾ, CAPE-ന്റെ തന്നെ ആഭിമുഖ്യത്തിൽ പുന്നപ്രയിലുള്ള എം.ബി.എ. കോളേജ്, എം.ദാസൻ മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജ്, എൻ.എസ്. കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, ഇ.എം.എസ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, എ.കെ.ജി. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, കേരള കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ ഫെഡറേഷൻ എന്നിവയുടെ കീഴിൽ പ്രൊഫഷണൽ കോഴ്സുകൾ നടത്തുന്നുണ്ട്. കേപ്പിന് കീഴിൽ ഹോസ്റ്റലുകൾ, ലാബ്, മറ്റ് അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കായി 3200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സഹകരണ മേഖലയെ കൂടുതൽ ഊർജ്ജസ്വലമാക്കാൻ പുതിയ എന്തെല്ലാം പരിപാടികളാണ് സർക്കാർ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം-സംസ്കരണം-വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷൻ കേന്ദ്രങ്ങളിലും കാർഷിക ഉത്പന്നങ്ങളുടെ സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി എന്നീ പുതിയ പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവസംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി സംസ്ഥാനത്ത് 25 സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നത് സംബന്ധിച്ച തീരുമാനം സർക്കാരിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാന സഹകരണ ബാങ്ക്

221(491) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന് 2020-21 സാമ്പത്തിക വർഷത്തിൽ നബാർഡിൽനിന്നും റീ-ഫിനാൻസ് ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ നബാർഡിൽനിന്ന് റീ-ഫിനാൻസ് ഇനത്തിൽ 3991.97 കോടി രൂപയും കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കാർഷിക മേഖലയെ സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽനിന്ന് കർഷകർക്കുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി Special Liquidity Facility എന്ന പേരിൽ 2000 കോടി രൂപയും ലഭിച്ചിട്ടുണ്ട്. Refinance STSAO -1015.97 Crores Addl.STSAO-726.00 Crores, ST Others -2250.00 Crores, Total - 3991.97 Crores.

(ബി) പ്രസ്തുത തുകയിൽ എത്ര രൂപ കർഷകർക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ കർഷകർക്ക് 5700.40 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്. STSAO - 3700.40 Crores, SLF - 2000.00 Crores, Total - 5700.40

## രജിസ്ട്രേഷൻ വകുപ്പിലെ നവീകരണ പ്രവർത്തനങ്ങൾ

222(492) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

രജിസ്ട്രേഷൻ വകുപ്പിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ നവീകരണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ആധാര വിവരങ്ങൾ ഓൺലൈനായി നൽകുന്നതിനും ആധാരം രജിസ്റ്റർ ചെയ്യാനുദ്ദേശിക്കുന്ന തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സംവിധാനം.

2. ആധാര രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിന് ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തി.

3. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ഒടുക്കേണ്ടി വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

4. ആധാര രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്കുതന്നെ അവയുടെ ഡിജിറ്റൽ പകർപ്പുകൾ ബന്ധപ്പെട്ട വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി ലഭ്യമാക്കിക്കൊണ്ട് പോക്കുവരവ് നടപടികൾ കൂടുതൽ സുതാര്യമാക്കി.

5. ഭൂമിയുടെ ന്യായവില പൊതുജനങ്ങൾക്ക് ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം.

6. ആധാരങ്ങളുടെ സർട്ടിഫൈഡ് പകർപ്പ്, ലിസ്റ്റ് സർട്ടിഫിക്കറ്റ് എന്നിവയ്ക്കായി സബ് രജിസ്ട്രാർ ഓഫീസിലേക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനം.

7. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്കായി ഓഫീസിൽ നേരിട്ട് ഹാജരാകാതെ ഓൺലൈനായി അപേക്ഷിക്കുന്നതിനും ഇ-പേമെന്റ് സംവിധാനത്തിലൂടെ ഫീസ് ഒടുക്കുന്നതിനും അപേക്ഷകർക്ക് സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സംവിധാനം.

8. സ്പെഷ്യൽ മാര്യേജ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

9. സൊസൈറ്റി രജിസ്ട്രേഷനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനവും ഓഫീസിൽ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.

10. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷനുവേണ്ടി ഓൺലൈനായി അപേക്ഷിക്കുന്നതിനും രജിസ്ട്രേഷൻ ഫീസ് ഇ-പേമെന്റ് സംവിധാനത്തിലൂടെ ഒടുക്കുന്നതിനും ഓഫീസിൽ ഹാജരാകാതെതന്നെ രജിസ്ട്രേഷൻ വിവരം ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി.

11. പ്രവാസി ചിട്ടികൾക്കുള്ള രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.

12. രജിസ്ട്രേഷൻ വകുപ്പിനുകീഴിലെ ഓഫീസുകളിൽ ഇ-പോസ് സംവിധാനം മുഖേന ഫീസുകൾ ഒടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

13. സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ചെയ്യുന്ന ഗഹാനുകൾ ഓഫീസിൽ ഹാജരാകാതെതന്നെ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള ഇ-ഗഹാൻ സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.

14. ഒരു ജില്ലയ്ക്കുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥാവര വസ്തുവുമായി ബന്ധപ്പെട്ട ഏതൊരു ആധാരവും ആ ജില്ലയ്ക്കുള്ളിലെ ഏത് സബ് രജിസ്ട്രാർ ആഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള 'Anywhere registration' സംവിധാനം ഏർപ്പെടുത്തി.

15. രജിസ്ട്രേഷൻ വകുപ്പിലെ ആധാരപകർപ്പുകൾ ഉൾപ്പെടെയുള്ള സുപ്രധാന രേഖകൾ സംരക്ഷിക്കുന്നതിന് രേഖകളുടെ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനായി 'അനശ്വര പദ്ധതി' നടപ്പിലാക്കി. പത്തനംതിട്ട ജില്ലയിലെ മുഴുവൻ രേഖകളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, കോട്ടയം, എറണാകുളം ജില്ലകളിലെ 2005 മുതൽ 2018 വരെയുള്ള രേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിൽ വിവിധ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി മാതൃകാ ഫോറങ്ങൾ അടിസ്ഥാനപ്പെടുത്തി 'സ്മാർട്ട് കോൺട്രാക്ട്' എന്ന ആശയം നടപ്പാക്കുന്നതിന്റെ പുരോഗതി വ്യക്തമാക്കുമോ?

കമ്പ്യൂട്ടർവത്കൃത രജിസ്ട്രേഷൻ സംവിധാനം കൂടുതൽ സുതാര്യവും ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷിതത്വവും ഉറപ്പാക്കിക്കൊണ്ട് നിലവിലെ സംവിധാനം കുറ്റമറ്റതാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടും നിലവിലെ ഓൺലൈൻ സംവിധാനം ആധുനിക സാങ്കേതികവിദ്യയായ ബ്ളോക്ക് ചെയിൻ അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കേരള സർക്കാർ സ്ഥാപനമായ Kerala Development and Strategic Innovation Council (K-DISC) -ന്റെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. രജിസ്ട്രേഷൻ - റവന്യൂ - സർവ്വെ എന്നീ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് പദ്ധതിയുടെ പ്രാരംഭഘട്ട പഠനങ്ങൾ K-DISC പൂർത്തിയാക്കുകയും ഓരോ വകുപ്പിനും പദ്ധതിയിലുള്ള ചുമതലകൾ വിശദമാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ പരീക്ഷണ പരിപാടി തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ, കോട്ടയം ജില്ലയിലെ കടുത്തുരുത്തി എന്നീ

വില്ലേജുകളിലാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി "സ്മാർട്ട് കോൺട്രാക്ട്" എന്ന ആശയം നടപ്പിലാകുന്നതാണ്.

(സി) രജിസ്ട്രാർ ഓഫീസുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് പുതുതായി ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

1. ആധാര മാതൃകകൾ ലളിതവത്കരിച്ചുകൊണ്ട് അവ കമ്പ്യൂട്ടറിലൂടെ തന്നെ തയ്യാറാക്കുന്നതിനുള്ള സംവിധാനം

2. ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ രൂപത്തിൽതന്നെ ആധാരത്തിന്റെ ഭാഗമാക്കുന്നതാണ്.

3. കോവിഡ് നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ ചെറുകിട കച്ചവടക്കാർക്ക് സർക്കാർ പ്രഖ്യാപിക്കുന്ന ആശ്വാസ ലോണുകൾ യഥാസമയം ലഭിക്കുന്നതിന് ലോക്ഡൗൺ തടസ്സമാകുന്ന സാഹചര്യത്തിൽ വാണിജ്യ ബാങ്കുകളിൽനിന്നും ലോണുകൾ ലഭിക്കുന്നതിന് നൽകേണ്ട പണയാധാരങ്ങൾ പൂർണ്ണമായി ഡിജിറ്റൽ രൂപത്തിൽത്തന്നെ തയ്യാറാക്കുവാൻ കഴിയുന്ന Digital Document Execution എന്ന ആശയം നടപ്പിലാക്കുന്നതാണ്.

4. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം.

5. സബ് രജിസ്ട്രാർ ഓഫീസുകൾ പൊതുജന സൗഹാർദ്ദപരമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതാണ്.

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക വൈകൽ**

223(493) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക കൊടുക്കാൻ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

എടച്ചേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ 10-3-2015 വരെയുള്ള വാടക നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് 20-12-2014-ൽ പ്രസ്തുത കെട്ടിടത്തിന്റെ വാടക, 29-3-2012 മുതൽ മുൻകാല പ്രാബല്യത്തോടെ 6269 രൂപയായി പുതുക്കി നിശ്ചയിക്കുകയുണ്ടായി. ഇപ്രകാരം വാടക പുതുക്കി നിശ്ചയിച്ചപ്പോൾ 172 രൂപയുടെ കുറവുണ്ടായി. 10-3-2015-നുശേഷം കെട്ടിട ഉടമ

വാടക കരാർ തയ്യാറാക്കി നൽകുകയോ, നിലവിലുള്ള പ്രതിമാസ വാടക സ്വീകരിക്കാമെന്നുള്ള സമ്മതപത്രമോ നൽകിയിട്ടില്ല. പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക സ്വീകരിച്ചുകൊണ്ട് പാട്ടക്കരാർ തയ്യാറാക്കുന്നതിന് കെട്ടിട ഉടമ വരുത്തുന്ന കാലതാമസമാണ് വാടക കുടിശ്ശികയാക്കുന്നതിന് ഇടയാക്കിയത്.

(ബി) നിലവിൽ നൽകേണ്ടതായ വാടക ഉടൻ കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ?

ക്രമപ്രകാരമുള്ള അപേക്ഷ കെട്ടിട ഉടമ സമർപ്പിക്കുന്ന മുറയ്ക്ക് വാടക അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കുന്നത് സംബന്ധിച്ച്

224(494) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1908-ലെ രജിസ്ട്രേഷൻ നിയമം, കേരള മുദ്രപത്ര നിയമം എന്നിവ പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ചാർജ്ജും ഒഴിവാക്കിക്കൊടുക്കുവാൻ വ്യവസ്ഥയുണ്ടോയെന്ന് അറിയിക്കുമോ?

1959 ലെ കേരള മുദ്രപത്ര നിയമം വകുപ്പ് 9 (1), 1908 ലെ രജിസ്ട്രേഷൻ നിയമം വകുപ്പ് 78 (2) എന്നിവ പ്രകാരം പൊതുതാൽപ്പര്യാർത്ഥം സർക്കാരിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽ ഇളവ് അനുവദിക്കാവുന്നതാണ്.

(ബി) എങ്കിൽ കെ.എസ്.ഇ.ബി.എൽ.-നുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഈ വ്യവസ്ഥ ബാധകമാക്കാറുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ-ന്റെ ചില പ്രോജക്ടുകൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളായ കിൻഫ്ര, ഇൻകൽ, സ്പെഷ്യൽ ഇക്കണോമിക് സോണുകൾ എന്നിവയ്ക്കായി ഭൂമി ഏറ്റെടുക്കേണ്ടിവരുമ്പോൾ മേൽപ്പറഞ്ഞ ആനുകൂല്യം അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

SRO.No.915/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 18-8-2004 -ലെ G.O(P) No.139/2004/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്പെഷ്യൽ ഇക്കണോമിക് സോണുകളുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിലും, SRO No.916/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 18-8-2004-ലെ G.O. (P) No.140/2004/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ

ഫീസിലും ഇളവുകൾ അനുവദിച്ചിട്ടുണ്ട്. S.R.O No.342/2003 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 10-4-2003-ലെ G.O.(P) No.64/2003/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിലും SRO No.341/2003 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 10-4-2003-ലെ G.O.(P) No.63/2003/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഫീസിലും കിൻഫ്രക്ക് ഇളവുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ SRO No.840/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 8-7-2004-ലെ G.O.(P) No.108/2004/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിലും SRO No.841/2004 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 8-7-2004-ലെ G.O.(P)No.109/2004/TD പ്രകാരം രജിസ്ട്രേഷൻ ഫീസിലും കിൻഫ്രയുമായി ബന്ധപ്പെട്ട ആധാരങ്ങൾക്ക് ഇളവുകൾ അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്.

(ഡി) സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ഇ.ബി.എൽ. പൂർണ്ണമായും ഗവൺമെന്റ് ഉടമസ്ഥതയിലുള്ള സ്ഥാപനമായതിനാൽ അതിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയുടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ചാർജജ് എന്നിവ ഒഴിവാക്കുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഇ) ഏറനാട് മണ്ഡലത്തിലെ വാളാംതോട് ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുത്ത സ്ഥലത്തിന് രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ ഒഴിവാക്കിക്കൊടുക്കുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

അപേക്ഷ സർക്കാരിൽ ലഭ്യമായതായി കാണുന്നില്ല.

(എഫ്) ഇല്ലെങ്കിൽ പ്രസ്തുത ജലവൈദ്യുത പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും സ്റ്റാമ്പ് ഡ്യൂട്ടിയും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് വിഷയം പരിശോധിക്കുന്നതാണ്.

**വസ്തു രജിസ്ട്രേഷൻ**

225(495) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-2021 വർഷം കേരളത്തിൽ നടന്ന വസ്തു രജിസ്ട്രേഷന്റെ എണ്ണം എത്ര; ആയതിൽനിന്നും സർക്കാരിന് ലഭിച്ച വരുമാനം എത്ര; എന്നിവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

226(496) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ജില്ലാ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ഉണ്ട്. വയനാട് ജില്ലാ രജിസ്ട്രാർ ഓഫീസിനും അമാൽഗമേറ്റഡ് സബ് രജിസ്റ്റർ ഓഫീസിനും ഒരുമിച്ച് കെട്ടിടം പണിയുന്നതിനായി കൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 18 ൽ റീസർവേ നമ്പർ 416/35 ൽ പെട്ട 10 സെന്റ് ഭൂമി സൗജന്യമായി നൽകാമെന്ന് ശ്രീ. മംഗലത്ത് ഹരിദാസ്, പുത്തൂർവയൽ എന്നയാൾ സമ്മതപത്രം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ്

227(497) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തി സത്വരം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ തൽസ്ഥിതി വിശദമാക്കാമോ ?

(എ&ബി) പരപ്പനങ്ങാടി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിക്കുവേണ്ടി കരാർവച്ചെങ്കിലും ഫൗണ്ടേഷനിൽ മാറ്റങ്ങൾ വന്നതിനാൽ കരാറുകാരൻ പ്രവൃത്തിയിൽനിന്ന് ഒഴിവാകുകയും ക്ലോഷർ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തിരിക്കുകയാണ്. കിഫ്ബിയിൽനിന്നും അനുമതി കിട്ടിയാലുടൻതന്നെ ടി പ്രവൃത്തി റീ-അറേഞ്ച് ചെയ്യുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സാധിക്കുന്നതാണ്.

## കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസ് കെട്ടിടം

228(498) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സബ്‌രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറുകയും നിർമ്മാണ പ്രവർത്തനങ്ങൾ 17-9-2019-ന് ആരംഭിക്കുകയുമുണ്ടായി. കുഴൽക്കിണർ നിർമ്മാണം പൂർത്തിയായിട്ടുള്ളതും ഫൗണ്ടേഷൻ ജോലികൾ ആരംഭിച്ചിട്ടുള്ളതുമാണ്. എന്നാൽ ശ്രീ. കെ. വി. വിജയകുമാരൻ എന്നയാൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽ Apl. 658/19, IA 1429/2019 നമ്പരായി ഫയൽ ചെയ്ത ഹർജികളിൽ ബിൽഡിംഗ് പെർമിറ്റ് സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

നികുതി വകുപ്പിനെക്കൂടി അവശ്യ കക്ഷിയായി ഉൾപ്പെടുത്തി അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള ട്രൈബ്യൂണലിൽനിന്നുള്ള സ്റ്റേ നീക്കിക്കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാരിനെ പ്രതിനിധീകരിച്ച് കേസ് നടത്തുന്നതിനും ജില്ലാ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത കെട്ടിട നിർമ്മാണം ഉടൻ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കെട്ടിട നിർമ്മാണം പുനരാരംഭിക്കുന്നതിലേക്കായി ട്രൈബ്യൂണലിന്റെ സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം

229(499) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണത്തിന് നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ എടച്ചേരി വില്ലേജിൽ എടച്ചേരി ദേശത്തിൽ സർവ്വേ നമ്പർ 163/5 -ൽപ്പെട്ട എടച്ചേരി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള 10 സെന്റ് സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കൈമാറുന്നതിനുള്ള എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 28-1-2019-ലെ യോഗതീരുമാനാടിസ്ഥാനത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് എന്തെങ്കിലും തടസ്സ വാദങ്ങൾ ഉന്നയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തടസ്സവാദങ്ങൾ ഉന്നയിച്ചിട്ടില്ല. എന്നാൽ ഭൂമി കൈമാറേണ്ടത് സംബന്ധിച്ച് അധിക വിവരങ്ങൾ ആരാഞ്ഞിട്ടുണ്ട്.

## ഉദുമ സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

230(500) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

5-1-2017-ലെ GO (Rt) No. 995/2017/TD. പ്രകാരം ടി പ്രവൃത്തിക്ക് 1,06,20,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പണം അനുവദിച്ച് വർഷങ്ങളായിട്ടും ഇതിന്റെ പ്രവൃത്തി തുടങ്ങാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി ഈ പ്രവൃത്തി എന്ന് തുടങ്ങാനാവുമെന്ന് അറിയിക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ എസ്റ്റിമേറ്റ് KIIFB -യിൽനിന്നും 28-1-2021-ന് അംഗീകാരം ലഭിച്ചതനുസരിച്ച് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 16-2-2021-ന് ടെണ്ടർ ചെയ്യുകയുണ്ടായി. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## തൃക്കരിപ്പൂർ, ചെറുവത്തൂർ എന്നിവിടങ്ങളിൽ സബ് രജിസ്ട്രാർ ഓഫീസുകൾ

231(501) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിൽ തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് വർഷങ്ങൾക്ക് മുമ്പേ ശിപാർശ ഉണ്ടായിട്ടും ഈ ഓഫീസ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

തൃക്കരിപ്പൂർ സബ് രജിസ്ട്രാർ ഓഫീസ് നിലവിൽ പ്രവർത്തനക്ഷമമാണ്.

(ബി) ചെറുവത്തൂർ സബ് രജിസ്ട്രാർ ഓഫീസ് എന്നാരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ചെറുവത്തൂർ സബ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## രജിസ്ട്രേഷൻ ഓഫീസുകളുടെ ആധുനികവത്കരണം

232(502) ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രഭാകരൻ :
ശ്രീ. കെ. കെ. രാമചന്ദ്രൻ :
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധതരം ഫീസുകൾ ഒടുക്കുന്നതിന് 'ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ' (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്ന നടപടിയുടെ പുരോഗതി വെളിപ്പെടുത്താമോ?

രജിസ്ട്രേഷൻ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെയുള്ള 315 സബ് രജിസ്ട്രാർ ഓഫീസുകളിൽ 278 സബ് രജിസ്ട്രാർ ഓഫീസുകളിൽ 'ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ' (ഇ-പോസ്) മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കിയുള്ള 37 സബ് രജിസ്ട്രാർ ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആധികാരിക രേഖകളും മറ്റ് റിക്കാർഡുകളും സൂക്ഷിക്കുന്നതിനായുള്ള 'ആധുനിക റിക്കാർഡ് റൂമുകളുടെ' നിർമ്മാണ പുരോഗതി അറിയിക്കാമോ?

രജിസ്ട്രേഷൻ ഓഫീസുകളിലെ ആധികാരിക രേഖകളും മറ്റ് റിക്കാർഡുകളും സൂക്ഷിക്കുന്നതിനായി ആധുനിക സംവിധാനമായ കോംപാക്ടറുകൾ 43 ഓഫീസുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം ഓഫീസുകളിലാണ് ഈ സംവിധാനം ആരംഭിക്കാനുദ്ദേശിക്കുന്നത്; അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന പദ്ധതി വിഹിതത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ഓരോ ഓഫീസുകളിലും മേൽ സംവിധാനം സ്ഥാപിക്കുന്നതാണ്.

(ഡി) സംസ്ഥാനത്ത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൗകര്യമേർപ്പെടുത്തുന്നതിന്റെ ഭാഗമായി രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിവസങ്ങളിലും ഡോക്യുമെന്റ് രജിസ്ട്രേഷൻ ഒരുക്കുന്നതിന് ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധി ദിവസങ്ങളിലും രജിസ്ട്രേഷൻ സൗകര്യം ഒരുക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## കുത്താട്ടുകുളത്തെ രജിസ്ട്രേഷൻ ഓഫീസ്

233(503) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്താട്ടുകുളത്തെ രജിസ്ട്രേഷൻ ഓഫീസ് അവിടെനിന്നും മാറ്റാൻ തീരുമാനമെടുത്തത് എന്നാണെന്നും ഏത് തലത്തിലാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ഓഫീസ് കുത്താട്ടുകുളത്തുനിന്നും ഏത് സ്ഥലത്തേക്കാണ് മാറ്റിയത്; മാറ്റിയ സ്ഥലത്ത് പ്രസ്തുത ഓഫീസ് പ്രവർത്തനക്ഷമമായോയെന്ന് അറിയിക്കുമോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ ഒരു ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി 29-1-2014-ലെ GO (Rt) No.1036/2014/T.D നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. എന്നാൽ 9-11-2016 -ലെ സ.ഉ.(സാധ.) നമ്പർ870/2016/നി.വ. നമ്പർ ഉത്തരവ് പ്രകാരം കുത്താട്ടുകുളത്ത് ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും, തിരുവനന്തപുരം ജില്ലയിലെ നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ ട്രെയിനിംഗ് സെന്റർ നിർമ്മിക്കുന്നതിന് തത്വത്തിൽ അനുമതി നൽകിക്കൊണ്ടും സർക്കാർ ഉത്തരവായിട്ടുള്ളതിനാൽ കുത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസ് നിലവിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തുനിന്നും മാറ്റി സ്ഥാപിക്കേണ്ട സാഹചര്യം നിലവിലില്ല.

[നക്ഷത്രചിഹ്നമിടാത്ത 271, 312, 318, 319, 324, 325, 328, 411, എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

10.00 AM]

## II. റൂളിംഗ്

ചോദ്യത്തിനുള്ള നോട്ടീസിന് അനുമതി നൽകിയതിലെ വീഴ്ച

മി. സ്പീക്കർ: 2021 ജൂൺ മാസം 7-ാം തീയതി സഭ മുമ്പാകെ വന്ന നക്ഷത്രചിഹ്നമിട്ട 3-ാം നമ്പർ ചോദ്യത്തിനുള്ള നോട്ടീസിന് അനുമതി നൽകിയ വേളയിൽ വേണ്ടത്ര അവധാനത പുലർത്തിയില്ലെന്നും ചോദ്യത്തിലെ ഉള്ളടക്കം നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 36 (2) (എ), (സി), (ഡി) എന്നിവയുടെ ലംഘനമാണെന്നും അതുകൊണ്ട് പ്രസ്തുത ചോദ്യം അന്നേ ദിവസത്തെ ചോദ്യങ്ങളുടെ ലിസ്റ്റിൽനിന്നും ഒഴിവാക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) കത്തുനൽകിയിരുന്നു. ഇക്കാര്യം ഒരു ക്രമപ്രശ്നമായി ഉന്നയിക്കാൻ അനുമതി തേടിക്കൊണ്ട് ബഹുമാനപ്പെട്ട അംഗം പി. ടി. തോമസും ചെയറിന് കത്ത് നൽകിയിരുന്നു. ചോദ്യോത്തരവേള ആരംഭിക്കുന്നതിനുമുമ്പായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇതേവിഷയം ഉന്നയിക്കുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച് സഭയിൽ ഉയർന്നുവന്ന പൊതുവായ വികാരം വിലയിരുത്തിക്കൊണ്ട് അക്കാര്യം പ്രത്യേകമായി പരിശോധിക്കാമെന്ന് ചെയർ സഭയെ അറിയിക്കുകയും ചെയ്തിരുന്നു.

നമുക്കൊക്കെ അറിയാവുന്നതുപോലെ നിയമസഭാ നടപടി ചട്ടങ്ങളിലെ ചട്ടം 36 (2) (എ) മുതൽ (യു) വരെയുള്ള വ്യവസ്ഥകൾക്ക് വിധേയമായാണ് ചോദ്യങ്ങൾ സംബന്ധിച്ച നോട്ടീസുകൾക്ക് അനുമതി നൽകിയിരുന്നത്. അപ്രകാരം ലഭിക്കുന്ന നോട്ടീസുകളിൽ പലപ്പോഴും വാദങ്ങളോ, അഭ്യൂഹങ്ങളോ, വ്യാജോക്തികളോ ആരോപണങ്ങളോ, വിശേഷണങ്ങളോ, അപകീർത്തികരമായ സ്റ്റേറ്റുമെന്റുകളോ ഒക്കെ കടന്നുകൂടാറുണ്ട്. അത്തരം പ്രയോഗങ്ങൾ ഒഴിവാക്കിയാണ് അന്തിമമായി ചോദ്യങ്ങൾക്ക് അനുമതി നൽകിവരുന്നത്. പലപ്പോഴും അത്തരം ഒഴിവാക്കലുകൾക്കെതിരെ ചോദ്യകർത്താക്കൾ പരാതിപ്പെടുന്ന സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്.

ഇവിടെ പരാമർശ വിധേയമായ ചോദ്യത്തിനുള്ള നോട്ടീസ് പരിശോധിച്ച് അനുമതി നൽകുന്ന കാര്യത്തിൽ വേണ്ടത്ര അവധാനത പുലർത്തിയില്ലെന്ന ആക്ഷേപം വിശദമായി പരിശോധിച്ചതിൽ, മനഃപൂർവ്വമല്ലാത്ത ഒരു വീഴ്ച നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളതായി ചെയർ

മനസ്സിലാക്കുന്നു. കോവിഡ് വ്യാപന കാലമായതിനാൽ മിതമായ തോതിലുള്ള ജീവനക്കാരുടെ സേവനം മാത്രമാണ് ഈ സമ്മേളന കാലത്ത് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായിരുന്നത്. ആയതും ഇത്തരത്തിലുള്ള ഒരു പിശക് സംഭവിക്കുന്നതിന് കാരണമായിട്ടുണ്ടെന്ന് കാണുന്നു.

ചോദ്യങ്ങൾ അഡ്മിറ്റ് ചെയ്യുന്ന കാര്യത്തിൽ ഇനിമുതൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണെന്നും ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണെന്നുമുള്ള അറിയിപ്പ് ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് നൽകുന്നതാണ്. ചോദ്യങ്ങൾക്ക് നോട്ടീസ് തയ്യാറാക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും ചട്ടം നിഷ്കർഷിക്കുന്ന വിധത്തിൽ അവ തയ്യാറാക്കി സമർപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി ചെയർ ഓർമ്മിപ്പിക്കുന്നു.

## III. അടിയന്തരപ്രമേയം

### വനം കൊള്ള

മി. സ്പീക്കർ: വയനാട് മുട്ടിൽ സൗത്ത് വില്ലേജിൽ അടക്കം സർക്കാരിലേയ്ക്ക് റിസർവ് ചെയ്ത കോടിക്കണക്കിന് രൂപയുടെ ഈട്ടിത്തടികൾ അനധികൃതമായി മുറിച്ചുകടത്തി കൊള്ള നടത്തിയവരെയും വനംകൊള്ളയ്ക്ക് കൂട്ടുനിന്ന ഉദ്യോഗസ്ഥരെയും സംരക്ഷിക്കുന്ന സർക്കാർ നടപടിമൂലം ഉളവായിട്ടുള്ള അതീവ ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ടി. തോമസ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വയനാട് ജില്ലയിലെ മുട്ടിൽ സൗത്ത് വില്ലേജിൽ അനധികൃതമായി മരങ്ങൾ മുറിച്ചുകടത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 1964-ലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ റവന്യൂ ഭൂമിയിൽനിന്നും മുറിക്കാൻ പാടില്ലാത്തതായി സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ മരങ്ങളാണ് മുറിച്ചത്. ഇവയൊന്നും വനഭൂമിയിൽപ്പെട്ടതല്ല. റവന്യൂ വകുപ്പിൽനിന്നുള്ള 11-3-2020-ലെ പരിപത്രവും 24-10-2020-ലെ സർക്കാർ ഉത്തരവും ദുർവ്യാഖ്യാനം ചെയ്തുകൊണ്ടാണ് മരംമുറി നടന്നത്. ഇവ 2-2-2021-ൽ റവന്യൂ വകുപ്പ് റദ്ദാക്കുകയും ചെയ്തു. വിശദമായ അന്വേഷണത്തിൽ പല ഭാഗങ്ങളിൽനിന്നായി 101 മരങ്ങൾ മുറിച്ചതായാണ് കണ്ടെത്തിയത്. ഏകദേശം പത്തുകോടിയോളം വിലവരുന്ന 202.180 ക്യൂബിക് മീറ്റർ തടി വെട്ടിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതേത്തുടർന്ന്

42 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുറിക്കപ്പെട്ട തടികൾ കടത്തിക്കൊണ്ടുപോകുന്നതിന് 14 അപേക്ഷകൾ മേപ്പാടി റേഞ്ച് ഓഫീസർ മുഖാന്തരം ലഭിക്കുകയുണ്ടായി. മുട്ടിൽ സൗത്ത് വില്ലേജിലെ വാഴവറ്റ സ്വദേശികളായ റോജി അഗസ്റ്റിൻ, ആന്റോ അഗസ്റ്റിൻ എന്നിവർ നൽകിയ അപേക്ഷയിന്മേൽ അനുമതി നിഷേധിക്കുകയാണ് ചെയ്തത്. ഇത്തരത്തിൽ അനുമതി നിഷേധിക്കപ്പെട്ട തടികൾ ഇവർ പെരുമ്പാവൂരിലേയ്ക്ക് കടത്തിയെന്ന രഹസ്യ വിവരത്തെത്തുടർന്ന് 8-2-2021-ന് മേപ്പാടി റേഞ്ച് ഫോറസ്റ്റ് ഓഫീസറും സംഘവും പെരുമ്പാവൂരിൽ ചെന്ന് തടികൾ മുഴുവൻ പിടിച്ചെടുക്കുകയുണ്ടായി. ഇത്തരത്തിൽ തക്കസമയത്ത് നടപടി സ്വീകരിച്ചതിനാൽ കോടികൾ വിലമതിക്കുന്ന തടികൾ പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്യാൻ സാധിച്ചു. 1961-ലെ കേരള വന നിയമം 61 (എ) പ്രകാരം തടി സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. ഇതോടൊപ്പം പതിച്ചുനൽകിയ ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതിനെതിരെയുള്ള 1995-ലെ ചട്ടങ്ങൾ പ്രകാരവും കേസ്സെടുത്തിട്ടുണ്ട്. അന്വേഷണം പൂർത്തിയാക്കി ഉടൻതന്നെ കോടതിയിൽ ചാർജ്ജ് റിപ്പോർട്ട് സമർപ്പിക്കുന്നതാണ്. പ്രസ്തുത കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്ന വേളയിൽ അവിടെത്തന്നെ മറ്റൊരു കേസും കണ്ടെത്തുകയുണ്ടായി. ശ്രീമതി വരിക്കമാക്കൽ ഏലിക്കുട്ടിയുടെ കൈവശഭൂമിയിൽനിന്നും അനുമതി ലഭിച്ചതിൽ കൂടുതൽ ഈട്ടിമരങ്ങൾ മുറിച്ചതായി കണ്ടെത്തിയതിനാൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഇപ്രകാരം നിയമവിരുദ്ധമായി മരം മുറിച്ചത് ശ്രദ്ധയിൽപ്പെട്ടതിനാൽ സംസ്ഥാന വ്യാപകമായി ഇത്തരം മരം മുറിക്കൽ നടന്നിട്ടുണ്ടോയെന്ന് അന്വേഷിക്കണമെന്ന പ്രശ്നം ഉയർന്നുവരികയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ വിജിലൻസ് വിഭാഗം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് മിന്നൽ പരിശോധന നടത്തണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട് വിജിലൻസ് കൺസർവേറ്ററായി താൽക്കാലിക ചുമതലയുണ്ടായിരുന്ന ശ്രീ. ടി. എൻ. സാജൻ കേസ് അന്വേഷണം വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നുവെന്നാണ് ഈ നോട്ടീസിൽ കാണുന്നത്. ഇതുസംബന്ധിച്ച പരാതികൾ വനം വകുപ്പിന് ലഭിച്ചിട്ടുണ്ട്. വനം വകുപ്പിൽനിന്ന് മറ്റു പല സംഘടനകളുടെ പരാതികളും ലഭിച്ചിട്ടുണ്ട്. ഈ രണ്ട് ഉദ്യോഗസ്ഥതല റിപ്പോർട്ടുകളും പരിശോധിച്ച് അടിയന്തമായി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാൻ Principal Chief Conservator of Forests-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ ആവശ്യമെങ്കിൽ മറ്റ് സ്വതന്ത്ര ഏജൻസികളെക്കൊണ്ടുകൂടി അന്വേഷണം നടത്തി കർശനമായ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

വനസംരക്ഷണമാണ് സർക്കാരിന്റെ ലക്ഷ്യമെന്ന കാര്യത്തിൽ ആർക്കുംതന്നെ സംശയമുണ്ടാകേണ്ട കാര്യമില്ല. വനനശീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരാളേയും സംരക്ഷിക്കാനോ അവർക്ക് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കാനോ ഒരു കാരണവശാലും ഈ സർക്കാർ ശ്രമിക്കുകയില്ല. ഈ സർക്കാരിൽനിന്ന് അങ്ങനെയൊരാനുകൂല്യവും ആരും പ്രതീക്ഷിക്കേണ്ടതില്ല. കർശനമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഏതാനും ദിവസത്തിനകം തൃപ്തികരമായ നടപടിയുണ്ടാകുമെന്ന് സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ഈ സാഹചര്യത്തിൽ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് ബഹുമാനപൂർവ്വം സ്പീക്കറെ അറിയിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, 21-ാം നൂറ്റാണ്ട് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി കാലാവസ്ഥാ വ്യതിയാനമാണ്. പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കുന്നില്ലെങ്കിൽ വലിയ ദുരന്തങ്ങൾ നമ്മൾ നേരിടേണ്ടിവരുമെന്ന് ഡോ. മാധവ് ഗാഡ്ഗിൽ മുന്നറിയിപ്പ് നൽകിയത് വനനശീകരണത്തിന്റെ വ്യാപ്തികൂടി കണ്ടിട്ടാണ്. കേരളം പ്രകൃതി ദുരന്തങ്ങളുടെ നാടായിത്തീരാതിരിക്കാൻ അവശേഷിക്കുന്ന വനസമ്പത്ത് കാത്തുസൂക്ഷിക്കേണ്ടതുണ്ട്. വനം കൊള്ളയുടെ ഞെട്ടിപ്പിക്കുന്ന കഥകളാണ് വയനാട്ടിൽനിന്നും കേൾക്കുന്നത്. നൂറ്റാണ്ടുകൾ പഴക്കമുള്ള പട്ടുക്കുറ്റൻ ഈട്ടിത്തടികളാണ് വയനാട്ടിലെ മുട്ടിൽ സൗത്ത് വില്ലേജിൽനിന്നും വനം കൊള്ളക്കാർ അനധികൃതമായി മുറിച്ച് കടത്തിയത്. വയനാട് ജില്ലയിലെ വാഴവറ്റ, കരിങ്ങിണിക്കുന്ന്, കാക്കവയൽ, കാരാപ്പുഴ ഡാമിന്റെ പരിസരം അടക്കം മുട്ടിൽ സൗത്ത് വില്ലേജിൽ വ്യാപകമായ വനംകൊള്ള അരങ്ങേറുകയാണ്.

'ദശകൂപ സമോ വാപിഃ

ദശവാപി സമോ ഹ്രദഃ

ദശഹ്രദ സമോ പുത്ര:

ദശപുത്ര സമോ ദ്രുമഃ'

എന്നാണ്. അതായത് പത്ത് കിണറിനുതുല്യം ഒരു കുളം, പത്ത് കുളത്തിനുതുല്യം ഒരു തടാകം, പത്ത് തടാകത്തിന് തുല്യം ഒരു പുത്രൻ, പത്ത് പുത്രൻമാർക്ക് തുല്യം ഒരു വൃക്ഷമെന്നാണ്. വൃക്ഷത്തിന്റെ പ്രാധാന്യമാണ് ഇവിടെ അടിവരയിടുന്നത്. ആദിവാസികളെ കബളിപ്പിച്ച് നൂറുകണക്കിന് വർഷം പഴക്കമുള്ള ഈട്ടിമരങ്ങളാണ് വനം കൊള്ളക്കാർ വെട്ടി വീഴ്ത്തിയത്. പാവപ്പെട്ട ആദിവാസികളെയും കൃഷിക്കാരെയും തെറ്റിദ്ധരിപ്പിച്ചാണ് ഈട്ടിത്തടി

വെട്ടിക്കടത്തിയത്. 4-6-2021 വരെ 42 കേസ്സുകളാണ് ഇതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത്. ഒരു പ്രതിയെപ്പോലും പിടിച്ചിട്ടില്ല. മുറിച്ചിട്ട തടി പ്രതികളുടെ കസ്റ്റഡിയിലാണ്. അത് കണ്ടുകെട്ടാൻപോലും വനം വകുപ്പ് തയ്യാറായിട്ടില്ല. 24-10-2020-ൽ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവ് വന്നു. ചന്ദനമൊഴികെ പട്ടയ ഭൂമിയിലെ മരങ്ങൾ കർഷകർക്ക് മുറിക്കാമെന്നും അത് തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുമെന്നുമാണ് ആ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നത്. ഇങ്ങനെയൊരു ഉത്തരവ് എന്തൊരത്ഭുതമാണ്. സർ, വ്യാപകമായി ഈട്ടിത്തടി വെട്ടുന്നതറിഞ്ഞ് മേപ്പാടി റേഞ്ച് ഓഫീസർ ബന്ധപ്പെട്ടവരെ അറിയിച്ചിട്ടും യാതൊരു നടപടിയുമുണ്ടായില്ലെന്ന് മാത്രമല്ല റേഞ്ച് ആഫീസറെ വധിക്കുമെന്ന ഭീഷണിയാണ് വനംകൊള്ളക്കാർ നടത്തിയത്. ഇതുസംബന്ധിച്ച് അന്വേഷിക്കാൻ വന്ന ഉന്നത ഉദ്യോഗസ്ഥൻ വനംകൊള്ളക്കാരുടെ അകമ്പടിയോടെയാണ് അന്വേഷണം പൂർത്തിയാക്കിയത്. ഈട്ടിത്തടിയുടെ നല്ലൊരു ഭാഗം വയനാട്ടിൽനിന്നും എറണാകുളത്തുള്ള തടിമില്ലിൽ എത്തിയിട്ടും ആരും ഒരു നടപടിയും സ്വീകരിച്ചില്ല. മരം മുറിക്കാൻ കരാറെടുത്ത ഹംസ കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് പറഞ്ഞത് ഉന്നതൻമാരാണ് ഇതിനുപിന്നിലെന്നാണ്. ആരാണ് ഈ ഉന്നതൻമാർ? 6-2-2021-ൽ എറണാകുളം, കരിമുകളിലുള്ള തടിമില്ലിൽനിന്നും വനം മേധാവിക്ക് ലഭിച്ച ഇ-മെയിൽ സന്ദേശത്തിലാണ് ഈട്ടിത്തടി വയനാട്ടിൽനിന്നും എറണാകുളത്തെത്തിയ വിവരം ബന്ധപ്പെട്ടവർ അറിയുന്നത്. അല്ലാതെ ആരും കണ്ടുപിടിച്ചതല്ല. സർ, ഈ ഈട്ടിത്തടി മുറിക്കാൻ പാടില്ലെന്ന് ചൂണ്ടിക്കാണിച്ച പാവപ്പെട്ട ആദിവാസികളോട് ഈ പ്രതികൾ പറഞ്ഞ് മനസ്സിലാക്കിയത് എന്താണെന്നറിയാമോ? ഈട്ടിത്തടി വിലയുടെ 60 ശതമാനം സർക്കാരിനും 20 ശതമാനം ഭൂവുടമകൾക്കും 10 ശതമാനം പണിക്കൂലിയും 10 ശതമാനം വെട്ടുന്ന തങ്ങൾക്കുമുള്ളതാണെന്നാണ്. നൂറ് വർഷത്തിലേറെ പഴക്കമുള്ള ആയിരക്കണക്കിന് ഈട്ടിത്തടികൾ അറുത്തുമുറിച്ച് വനം ശുദ്ധീകരിച്ചു. വിലയുടെ 60 ശതമാനം സർക്കാരിനാണെന്ന് പ്രതികളെക്കൊണ്ട് പറയിപ്പിക്കാൻ പ്രേരിപ്പിച്ചതെന്താണ്; 60 ശതമാനം ആരുടെയെല്ലാം പോക്കറ്റിലേയ്ക്കാണ് പോയത്? ഈട്ടിത്തടി തങ്ങളുടെ മില്ലിലെത്തിയെന്ന് മില്ലുടമ അറിയുന്നതുവരെ ഈ വിവരം സർക്കാർ അറിഞ്ഞിരുന്നോ; കോവിഡ് മഹാമാരിയിൽ കേരളം ഞെരിപിരികൊള്ളുമ്പോൾ, കേരളം മുഴുവൻ വ്യാപകമായി പോലീസ് കാവൽ നിൽക്കുമ്പോൾ, ഈട്ടിത്തടി എങ്ങനെ വയനാട്ടിൽനിന്നും നടന്ന് എറണാകുളത്തെത്തി; എത്ര ചെക്ക്പോസ്റ്റുകൾ വനം കൊള്ളക്കാർക്കായി കണ്ണടച്ചുകൊടുത്തു; ഈ കാര്യങ്ങളെല്ലാം സർക്കാർ അറിയാതെയാണോ നടന്നത്?

ഈട്ടിത്തടിയുടെ ഒരു ഭാഗം വിദേശത്തേയ്ക്ക് പോയിട്ടുണ്ടെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വനംകൊള്ളക്കാർ നിസ്സാരക്കാരല്ല. നേരത്തെതന്നെ നിരവധി തട്ടിപ്പുകേസ്സുകളിൽ പ്രതികളായിരുന്നവരാണ്. ഇവർ ഈ കേസ്സിലെ പ്രതികളായിരുന്നുവെന്ന് വകുപ്പുമന്ത്രിക്കോ ഉന്നത ഉദ്യോഗസ്ഥർക്കോ അറിയാമായിരുന്നോ? 'മാംഗോ' മൊബൈലുമായി ബന്ധപ്പെട്ട് എറണാകുളത്ത് സംഘടിപ്പിച്ച ഇവരുടെ വെബ്സൈറ്റ് ഉദ്ഘാടനത്തിന് നിശ്ചയിച്ചിരുന്നത് ബഹുമാന്യനായ മുഖ്യമന്ത്രിയെയായിരുന്നു. ഉദ്ഘാടനച്ചടങ്ങ് ആരംഭിക്കുന്നതിന് തൊട്ടുമുമ്പ് ഈ പ്രതികളെ ഉദ്ഘാടന വേദിയിൽവച്ച് പോലീസ് അറസ്റ്റ് ചെയ്തതായി കേട്ടിരുന്നു. അതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉദ്ഘാടനം ചെയ്യേണ്ടിവന്നില്ല. മുട്ടിൽ വനംകൊള്ളക്കാരുടെ തട്ടിപ്പിന്റെ ആഴവും പരപ്പും ഇതിൽനിന്നും വ്യക്തമാണ്. ഈ പ്രതികൾ ജയിലിൽനിന്നും ഇറങ്ങിയതിനുശേഷം എങ്ങനെയാണ് സർക്കാരിനെ സ്വാധീനിച്ച് മൂന്ന് മാസത്തേയ്ക്ക് ഈട്ടിത്തടി മുറിക്കാൻ പ്രത്യേകമായ, നിയമവിരുദ്ധമായ ഉത്തരവ് സമ്പാദിച്ചത്? സർക്കാരിൽ ഈ പ്രതികൾക്ക് എങ്ങനെയാണ് സ്വാധീനം ചെലുത്താൻ കഴിഞ്ഞതെന്ന് അന്വേഷിക്കാൻ തയ്യാറുണ്ടോ; ഈ വനംകൊള്ളക്കാർ വനം വകുപ്പുമന്ത്രിയേയും മറ്റ് ഭരണത്തിലുള്ള ഉന്നതൻമാരേയും നേരിട്ടോ ഫോണിലൂടെയോ ബന്ധപ്പെട്ടിട്ടുണ്ടോ? ബന്ധപ്പെട്ടിട്ടുണ്ടെന്നാണ് മരംമുറിയുടെ കരാറെടുത്ത ഹംസ കഴിഞ്ഞ ദിവസം മാധ്യമങ്ങളോട് പറഞ്ഞത്. ഈട്ടിത്തടി കടത്തിക്കൊണ്ടുപോകുന്ന, ഈ പ്രതികൾ ആലുവയിലും എറണാകുളത്തും കോഴിക്കോട്ടും വച്ച് വനം വകുപ്പുമന്ത്രിയേയും അദ്ദേഹത്തിന്റെ പാർട്ടി നേതാക്കളേയും കണ്ടതായും മരം മുറിക്കാൻ കരാറെടുത്ത ഹംസ മാധ്യമങ്ങളോട് പറഞ്ഞതായും ഈ വനംകൊള്ളക്കാർ വനം വകുപ്പുമന്ത്രിയുടെ പാർട്ടിയിൽ ചേർന്നതായും പറയുന്നു. ഈ വാർത്തകൾ വസ്തുതാപരമാണോ; പ്രസ്തുത പ്രതികൾ ഏതെങ്കിലും ഘട്ടത്തിൽ മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയിട്ടുണ്ടോ; ഒരു മാധ്യമ സ്ഥാപനത്തിന്റെ പ്രധാനപ്പെട്ട വ്യക്തി, ഈ സംഭവത്തിൽ മധ്യസ്ഥത വഹിച്ചിരുന്നോ? കാര്യങ്ങൾ അന്വേഷണ വിധേയമാക്കണം. ഈ കേസ്സിലെ പ്രതിപ്പട്ടികയിൽനിന്നും ഒഴിവാക്കപ്പെടാൻ സാമ്പത്തികമായും രാഷ്ട്രീയമായും എന്തെങ്കിലും സ്വാധീനമുണ്ടായിട്ടുണ്ടോ? വയനാട്ടിലെ ആദിവാസികളെ കബളിപ്പിച്ച് ഈട്ടിത്തടി കൊള്ളയടിക്കാൻ ഒത്താശ ചെയ്തശേഷം, സംസ്ഥാനം മുഴുവൻ അന്വേഷണം നടത്താൻ തീരുമാനമെടുത്തത് സാധാരണ കർഷകരുടെ നിയമാനുസൃതമായ മരം മുറിക്കലിനെക്കൂടി അന്വേഷണ പരിധിയിൽ കൊണ്ടുവന്ന്, കർഷകരെ ഇളക്കിവിട്ട് വയനാട്ടിലെ വനംകൊള്ളക്കാരായ പ്രതികളെ രക്ഷിക്കാനുള്ള ഗൂഢശ്രമമാണെന്ന് ഞാൻ ആരോപിച്ചാൽ ആർക്കെങ്കിലും

നിഷേധിക്കാൻ കഴിയുമോ; മുട്ടിൽ വനംകൊള്ളക്കാരെ എന്ത് വില കൊടുത്തും സംരക്ഷിച്ചുകൊള്ളാമെന്ന് ഉറപ്പ് നൽകിയതിന് തെളിവല്ലേ ഈ നടപടിയെന്ന് സംശയിച്ചാൽ കുറ്റപ്പെടുത്താൻ കഴിയുമോ? സർ, പ്രതികളെ അറസ്റ്റ് ചെയ്യാതെ, അവർ വിറ്റ മരവും വിൽക്കാനായി ശേഖരിച്ചുവച്ചിരിക്കുന്ന ഈട്ടിത്തടിയും കസ്റ്റഡിയിലെടുക്കാതെ, അന്വേഷണം പ്രഖ്യാപിച്ച് വനംകൊള്ളക്കാരെ രക്ഷിക്കാനല്ലേ ഇപ്പോൾ ഗവൺമെന്റ് ശ്രമിക്കുന്നത്; മൂന്നുനാല് മാസമായി നടന്നുവരുന്ന ഈ വനം കൊള്ള, ഇപ്പോഴാണോ സർക്കാർ അറിഞ്ഞത്; അല്ലെന്ന് തെളിയിക്കുന്നതാണ് സെക്രട്ടേറിയറ്റിലെ റവന്യൂ (യു) സെക്ഷനിൽ രൂപംകൊണ്ട ഫയൽ. അത് പരിശോധിക്കാൻ തയ്യാറാകുമോ? അങ്ങനെ പരിശോധിച്ചാൽ ഇത് ഭരണത്തുടർച്ചയല്ല, അഴിമതിത്തുടർച്ചയാണെന്ന് കാണാൻ കഴിയും. റവന്യൂ ഉദ്യോഗസ്ഥർ വന്ന് ഞങ്ങളെ തെറ്റിദ്ധരിപ്പിച്ചാണ് ഈട്ടിത്തടി മുറിച്ചതെന്ന് ഇന്നലെ നാട്ടുകാരനായ തങ്കച്ചൻ മാധ്യമങ്ങളോട് പറഞ്ഞു. മരം മുറിക്കാൻ കരാറെടുത്ത ഹംസ പറയുന്നത് സംഭവത്തിന് പിന്നിൽ, വൻ സംഘങ്ങളും ഉന്നതന്മാരുമുണ്ടെന്നാണ്. ഇത്ര വലിയ ഉന്നതൻമാർ ആരെല്ലാമാണ്? കഴിഞ്ഞ നിരവധി മാസങ്ങളായി മൂടിവയ്ക്കപ്പെട്ട ഈ വനംകൊള്ളയ്ക്ക് വെള്ളപൂശാനല്ലേ ഇപ്പോഴൊരു സി.സി.എഫ്. അന്വേഷണം? ഈ സി.സി.എഫ്.മാരെല്ലാം ഇത്രയും കാലം എവിടെയായിരുന്നു; വനംകൊള്ളയ്ക്കെതിരെ ശക്തമായ നടപടിയെടുക്കാൻ ശ്രമിച്ചുവെന്ന് പറയപ്പെടുന്ന റേഞ്ച് ഓഫീസറെ കുടുക്കാൻ ഉന്നത ഉദ്യോഗസ്ഥൻമാർ കെണിയൊരുക്കിയത് ഉന്നതങ്ങളിലെ ഇടപെടൽമൂലമല്ലേ; ആരെല്ലാമാണ് ഈ കാണാമറയത്തുള്ള വീരപ്പൻമാർ; ഈ അന്വേഷണം തൊലിപ്പുറമേയുള്ള വെറും ചികിത്സയല്ലേ; റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് ഇറക്കണമെങ്കിൽ അതിന് മുകളിലുള്ളവരാരും അറിയാതെയാണോ ചെയ്യുന്നത്? വനം, റവന്യൂ ഉന്നത ഉദ്യോഗസ്ഥന്മാരെ നിശബ്ദമാക്കിയതിന് പിന്നിൽ, അവരെ മൗനികളാക്കിയതിന് പിന്നിൽ അമ്പരപ്പിക്കുന്ന ആജ്ഞാശക്തി ആരുടേതാണ്? രണ്ട് മന്ത്രിമാരും ഇതിന് മറുപടി പറഞ്ഞേ മതിയാകൂ. മരം മുറിക്കൽ ഉത്തരവിന്റെ നിജസ്ഥിതി അറിയാൻ ജില്ലാ കളക്ടർ മുകളിലേയ്ക്ക് എഴുതിയപ്പോൾ കിട്ടിയ മറുപടി, 'കാട്ടിലെ തടി തേവരുടെ ആന, വലിയെടാ വലി' എന്നാണെന്ന് മാധ്യമങ്ങൾ പറയുന്നു. എന്നെ അത്ഭുതപ്പെടുത്തുന്നത് പശ്ചിമ ഘട്ടത്തിലെ ഒരു ചെറുകിട കർഷകൻ തന്റെ പറമ്പിൽനിന്നോ റവന്യൂ ഭൂമിയിൽനിന്നോ ഒരു മരത്തിന്റെ കൊമ്പ് വിറകിനായി മുറിച്ചാൽപോലും കേസ്സും അറസ്റ്റുമായി ചാടിവീണ് തൊണ്ടി മുതൽ പിടിച്ചെടുക്കുന്ന വനം വകുപ്പ്, പിടിച്ചാൽ പിടികിട്ടാത്ത ഈട്ടിത്തടി മരങ്ങൾ കൊള്ളയടിക്കുന്നവരെ രക്ഷപ്പെടുത്താൻ ഇത്രയും തിടുക്കം കാണിക്കുന്നത് എന്തിനാണ്? ഇതിന്റെ

പിന്നിൽ എന്താണ്; കൺമുമ്പിൽ പച്ചയായി നടന്ന വയനാട്ടിലെ ഈ തീവെട്ടിക്കൊള്ള കണ്ടുപിടിച്ച് അവസാനിപ്പിക്കണം. കൺമുമ്പിലുള്ള പ്രതികളെ അറസ്റ്റ് ചെയ്യാൻ തയ്യാറില്ലാതെ ഇരുട്ടത്ത് കറുത്ത പൂച്ചയെ തപ്പിയിട്ടെന്താണ് കാര്യം? അങ്ങനെയുള്ള ഇരുട്ടത്തെ കറുത്ത പൂച്ചയെ തപ്പലാണ് ഇപ്പോൾ പ്രഖ്യാപിച്ച അന്വേഷണം. ഈ വർഷത്തെ പരിസ്ഥിതി ദിനത്തിലെ ആഹ്വാനം പരിസ്ഥിതിയെ പൂർവ്വസ്ഥിതിയിലാക്കുകയെന്നതാണ്. പിണറായി സർക്കാരിന്റെ വയനാട്ടിലെ വ്യാപകമായ ഈട്ടിത്തടി മുറിക്കൽ നേരത്തെതന്നെ കണ്ടറിഞ്ഞിട്ടാണോ യു.എൻ. ഇപ്രകാരമുള്ളൊരു ആഹ്വാനം നൽകിയതെന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയോടൊപ്പം ബഹുമാനപ്പെട്ട സ്പീക്കറുടെ സാന്നിദ്ധ്യത്തിൽ നിയമസഭാ വളപ്പിൽ ഗുൽമോഹർ ചെടിയുടെ തൈ നടാൻ ഞാനും ഉണ്ടായിരുന്നു. അപ്പോൾ ഗുൽമോഹർ തൈ കരയുകയായിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള എന്റെ മുതുമുത്തച്ഛന്മാരായ ഈട്ടിമരങ്ങളെ വെട്ടിമുറിക്കുന്ന നാട്ടിലാണല്ലോ എന്നെയും നട്ടുപിടിപ്പിക്കുന്നതെന്ന് വിചാരിച്ചിട്ടാകാം ആ ചെടി കരഞ്ഞത്. അന്വേഷണത്തിന് ആഗോള ടെണ്ടർ, മലപ്പുറം കത്തി ആരെ കളിപ്പിക്കാനാണ് സർ ഈ അന്വേഷണം? ആത്മാർത്ഥതയുണ്ടെങ്കിൽ സെക്രട്ടേറിയറ്റിലെ റവന്യൂ (യു) വിംഗിൽ ഇങ്ങനെയൊരു ഫയൽ എങ്ങനെ രൂപംകൊണ്ടുവെന്ന് വ്യക്തമാക്കണം; പ്രിൻസിപ്പൽ സെക്രട്ടറിയുടെ റോളെന്ത്; ആർക്കെല്ലാം ഇതിൽ ബന്ധമുണ്ട്; ആരെല്ലാമാണ് ഇതിലെ ഉന്നതൻമാർ; ആദിവാസികളെ കബളിപ്പിച്ചതിന് ദളിത് അട്രോസിറ്റീസ് നിയമമനുസരിച്ച് കേസ്സെടുക്കുമോ; പ്രതികളെ അറസ്റ്റുചെയ്ത് തൊണ്ടിമുതൽ കണ്ടെടുക്കാൻ തയ്യാറുണ്ടോ; ഈ വനംകൊള്ളയുടെ ചുരുളഴിക്കാൻ സത്യസന്ധമായ ആത്മാർത്ഥതയുണ്ടോ; റവന്യൂ, വനം വകുപ്പുകൾക്ക് ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയുമോ; ഈ സർക്കാരിന് താൽപ്പര്യമുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ ഒരു അന്വേഷണം നടത്താൻ തയ്യാറുണ്ടോ? ഈ ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ടി. സിദ്ദിഖ്: സർ, ഏറെ ഗൗരവമുള്ള വിഷയമാണ് ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചിട്ടുള്ളത്. 24-10-2020-ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. എ. ജയതിലക് പുറപ്പെടുവിച്ച ഉത്തരവാണ് (ജി.ഒ. (എം.എസ്.)30/2021/റവന്യൂ) ഇതിന് ആധാരമായിട്ടുള്ളത്. ഈ ഉത്തരവ് റദ്ദാക്കപ്പെടുന്നത് 2021-ലാണ്. ഈ രണ്ട് ഉത്തരവുകൾക്കിടയിൽ കേരളത്തിൽ നടന്ന വ്യാപകമായ മരംമുറിയും കൊള്ളയുമാണ് ഇവിടെയുള്ള പ്രധാനപ്പെട്ട വിഷയം.

ഇവിടെ ഗൗരവകരമായൊരു പ്രശ്നം നടന്നു. കർഷകരെയും ആദിവാസികളെയും ഈ കേസിൽ പ്രതി ചേർത്തിരിക്കുകയാണ്. ഞാനും ബഹുമാന്യനായ ഐ. സി. ബാലകൃഷ്ണൻ, എം.എൽ.എ.യും ആദിവാസി കുടിലുകളിലും മരംമുറിച്ച സ്ഥലത്തും പോയിരുന്നു. ഇതിലെ പ്രധാനപ്പെട്ട പ്രശ്നം, പാവപ്പെട്ട ആദിവാസികളെ തെറ്റിദ്ധരിപ്പിച്ച് അവരുടെ പെർമിഷനില്ലാതെ, ഞങ്ങൾക്ക് സർക്കാർ പെർമിഷൻ തന്നിരിക്കുന്നു എന്നുപറഞ്ഞ് മരം മുറിക്കാൻ നേതൃത്വം കൊടുത്തപ്പോൾ, അവിടെ ആദിവാസികളെ പ്രതിചേർത്തുകൊണ്ട് കേസ്സെടുത്ത നടപടി ഈ പ്രതികളെ രക്ഷപ്പെടുത്താനുള്ള നടപടിയുടെ ഗൗരവകരമായ ഭാഗമാണ്. കൈനീട്ടി പിടിച്ചാൽ അപ്പുറത്തെത്താൻ കഴിയാത്തത്ര വലിപ്പമുള്ള ഈട്ടി മരങ്ങളാണ് മുറിക്കപ്പെട്ടത്. ഞങ്ങളവിടെ പോയപ്പോൾ കണ്ടു. അതിന്റെ ഏറ്റവും വലിയ റേഡിയസ്സുകൾ മനസ്സിലാക്കി. ഗൗരവകരമായ അപരാധമാണ് ഇവിടെ നടന്നത്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതുമായി ബന്ധപ്പെട്ടുകൊണ്ട് പ്രധാനമായും ഒരു കാര്യം ചൂണ്ടിക്കാണിക്കുന്നു. ഇത് എറണാകുളത്തുവച്ച് പിടിച്ചു. 3-2-2021-ന് ഈ തടികൾ ലോറിയിൽ കയറ്റുമ്പോൾ അത് ശ്രദ്ധയിൽപ്പെട്ടവർ വനം വകുപ്പ് ഉദ്യോഗസ്ഥരെ നിരന്തരം വിളിച്ചു. ഒരു നടപടിയുമെടുത്തില്ല. അത് മുഴുവൻ എറണാകുളത്തേയ്ക്ക് പോയി. ചെക്ക്പോസ്റ്റുകൾ മുഴുവൻ കടന്നാണ് പോയത്. കള്ളൻ കപ്പലിൽത്തന്നെയാണ്. ഈ മരം മുറിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി പരാമർശിച്ച ഉദ്യോഗസ്ഥനെതിരെ ഒരു നടപടിയുമെടുത്തില്ല. ഇത് ഗൗരവകരമായ പ്രശ്നമാണ്. ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാന്യരായ പി. ടി. തോമസും ടി. സിദ്ദിഖും ഇവിടെ പറഞ്ഞ വാചകങ്ങളിലെ ആലങ്കാരിക ഭാഗങ്ങളെല്ലാം, ഇതിനെ വർണ്ണിച്ച ഭാഗങ്ങളെല്ലാം ഒഴിവാക്കി നിർത്തിയാൽ ഞാൻ പറഞ്ഞത് തന്നെയാണ് അവരും പറഞ്ഞത്. മരം വെട്ടിയതായും തടി കടത്തിക്കൊണ്ടുപോയതായും ഞാൻ പറഞ്ഞിട്ടുണ്ട്. ആ വിവരം സർക്കാരിന്റെ, വനം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ സ്വീകരിച്ച നടപടികളെ സംബന്ധിച്ചും ഞാൻ ഇവിടെ പറഞ്ഞു. ദയവായി എല്ലാവരും ഒരു കാര്യം മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇത് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന കാലത്ത് നടന്ന സംഭവമാണ്. ഞാൻ വനം വകുപ്പിന്റെ മന്ത്രിയാകുന്നത് 2021 മേയ് 20-ാം തീയതി മാത്രമാണ്. (...ബഹളം...) തോക്കിൽക്കയറി വെടിവയ്ക്കല്ലേ. അതിന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സമർത്ഥനാണെന്ന് എനിക്കറിയാം. ഞാൻ പറയുന്നത് മനസ്സിലാക്കൂ.

ഞാൻ മന്ത്രിയായതിനുശേഷമാണ് ഈ പ്രശ്നം എന്റെ ശ്രദ്ധയിൽ വരുന്നത്. ഇക്കാര്യത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് ഞാൻ പറഞ്ഞു. പ്രതിപക്ഷത്തും ഭരണപക്ഷത്തുമിരിക്കുന്ന ഒരു മെമ്പർക്കും ഇക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട ഇത് സർക്കാരിന്റെ കയ്യിലാണ് ഇപ്പോഴുള്ളത്. അതിന് രണ്ട് നടപടിക്രമങ്ങളുണ്ട്. നിയമം അറിയുന്ന എല്ലാവർക്കും അതറിയാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ഏറ്റവും പ്രസക്തമായ ചോദ്യം, റവന്യൂ വകുപ്പിൽനിന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഇത്തരമൊരു ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ആ ഉത്തരവ് വനം വകുപ്പ് കണ്ടിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിലാണോ ഉത്തരവ് എന്നപേരിൽ ഈ വനംകൊള്ള നടന്നിട്ടുള്ളത്?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മുൻ പ്രതിപക്ഷനേതാവ് ദയവായി ക്ഷമിക്കണം. ഞാൻ അതിലേയ്ക്ക് വരാം. ഒന്നാമത്തെ പ്രശ്നം, ഈ മരം കണ്ടുകെട്ടുന്നതിന് ചില നടപടിക്രമങ്ങളുണ്ട്. ആദ്യം കസ്റ്റഡിയിലെടുക്കണം. ഇപ്പോഴത് വനം വകുപ്പിന്റെ കസ്റ്റഡിയിലാണ്. രണ്ടാമത്തെ കാര്യം, ബന്ധപ്പെട്ടവർക്ക് ഇനി ഹിയറിംഗിന് നോട്ടീസ് കൊടുക്കണം. ഈ നടപടികൾ തെരഞ്ഞെടുപ്പ് കാലത്താണ് സംഭവിച്ചതെന്നതുകൊണ്ട് സർക്കാരിന് നേരിട്ട് ത്വരിതപ്പെടുത്താനോ മറ്റുതരത്തിൽ പറയുവാനോ സാവകാശം ഉണ്ടായിരുന്നില്ല എന്ന് ദയവായി മനസ്സിലാക്കുക. മൂന്നാമത്തെ കാര്യം, ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്ന നടപടിക്രമങ്ങൾ പൂർത്തിയാക്കിയാലുടൻ ഈ മരം സർക്കാരിന്റെ കയ്യിൽത്തന്നെ കിടക്കും. ഏതാണ്ട് 10 കോടിയോളം രൂപ വിലമതിക്കുന്ന തടിയാണ്. ആ പണം സർക്കാരിനുതന്നെ ലഭിക്കും.

ശ്രീ. പി. കെ. ബഷീർ: സർ, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റും റവന്യൂ ഡിപ്പാർട്ടുമെന്റും പട്ടയം കൊടുത്ത ഭൂമിയാണെങ്കിൽ ഒരു ഈട്ടി മരം മുറിക്കുമ്പോൾ ആദ്യം റവന്യൂ വകുപ്പ് ഉത്തരവ് കൊടുത്താലും ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർ അത് പരിശോധിക്കണം. പരിശോധിച്ചശേഷം അതിന് സൂപ്പർ വെരിഫിക്കേഷൻ ഡി.എഫ്.ഒ. നടത്തണം. ഡി.എഫ്.ഒ. അത്തരമൊരു അന്വേഷണം നടത്തിയതിനുശേഷം മാത്രമേ ഈട്ടി മരം മുറിക്കാൻ പാടുള്ളൂ. ഇവിടെ അത്തരം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഫീൽഡിൽ ഒരു ഫോറസ്റ്ററും നാല് ഗാർഡുമാരും ഉള്ളപ്പോൾ അവിടെ അങ്ങനെയൊരു മരം മുറിയുണ്ടായപ്പോൾ അതിന് പെർമിഷനില്ലെങ്കിൽ, ആധികാരികമായിട്ടല്ലെങ്കിൽ നിർത്തി വയ്ക്കേണ്ടതല്ലേ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇത് എങ്ങനെയൊക്കെ ചെയ്യാൻ കഴിയുമെന്ന കാര്യത്തിൽ എന്നേക്കാൾ പരിചയ സമ്പന്നൻ

ശ്രീ. പി കെ. ബഷീറാണെന്ന് മനസ്സിലായല്ലോ? എനിക്ക് അത് അറിയില്ല. നിങ്ങൾ പറഞ്ഞതിന് ഞാൻ മറുപടി പറഞ്ഞതാണ്. ദയവായി എന്നെക്കൊണ്ട് കർശനമായി വർത്തമാനം പറയിക്കരുത്. വനംകൊള്ളയുടെ പേരിൽ രാജി വയ്ക്കേണ്ടിവന്ന മന്ത്രിമാരുടെ പേരൊക്കെ നമുക്ക് എല്ലാവർക്കുമറിയാം. അതൊന്നും ഞാൻ പറയുന്നില്ല. ഞാൻ വസ്തുതാപരമായി മാത്രമാണ് പറയുന്നത്. അതിന് പൊടിപ്പും തൊങ്ങലും ചേർക്കാൻ ഞാൻ ഉദ്ദേശിച്ചിട്ടില്ല, ആഗ്രഹിക്കുന്നുമില്ല. വനം വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ഇവിടെ ആർക്കൊക്കെ രാജിവച്ച് വീട്ടിലേയ്ക്ക് പോകേണ്ടിവന്നു എന്നൊക്കെ നിങ്ങൾക്ക് എല്ലാവർക്കുമറിയാം. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

ഇവിടെ ചില നിയമാനുസൃത നടപടികൾ പൂർത്തിയാക്കാനുണ്ട്. അവ പൂർത്തിയാക്കിയാൽ ഇത് സർക്കാരിന്റെ സ്വത്തായി മാറും. കാടടച്ച് വെടി വയ്ക്കാൻ ഞാൻ ശ്രമിച്ചിട്ടില്ല. ഇന്നലെയും ഇന്നും മാധ്യമങ്ങൾ മറ്റ് ജില്ലകളിൽ നടന്ന വനം കൊള്ളയെക്കുറിച്ച് റിപ്പോർട്ട് ചെയ്തപ്പോൾ കണ്ടില്ലെന്ന് നടിക്കാൻ എനിക്ക് പറ്റാത്തതുകൊണ്ടാണ് മുഖ്യപരിഗണന നൽകി വയനാട്ടിലെ മുട്ടിൽ പ്രദേശത്ത് നടന്ന വനം കൊള്ളയെക്കുറിച്ച് അടിയന്തര റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശം കൊടുത്തത്. ഒരാഴ്ചയ്ക്കകം റിപ്പോർട്ട് ലഭിക്കുമെന്നാണ് കരുതുന്നത്. ഒരു വനം കൊള്ളക്കാരനെയും, അവർ എത്ര ബന്ധമുള്ളവരായാലും എത്ര സ്വാധീനമുള്ളവരായാലും ആ സ്വാധീനത്തിനൊന്നും വഴങ്ങുന്ന നിലപാടിലുള്ളവരല്ല ഞങ്ങളെന്ന് നിങ്ങൾക്കെല്ലാവർക്കും നന്നായി അറിയാം. പ്രത്യേകിച്ച് എന്നെക്കുറിച്ച് അറിയാം. അങ്ങനെ വഴങ്ങുന്ന ഒരാളല്ല ഞാൻ. അങ്ങനെ വഴക്കാൻ ശ്രീ. പി. ടി. തോമസ് വൃഥാ ശ്രമം നടത്തി പരാജയപ്പെടേണ്ട.

പരിചയമുണ്ടോ എന്ന് ചോദിച്ചു. എനിക്കറിയില്ല; ഞാൻ മന്ത്രിയായതിനു ശേഷം ആദ്യം കാണേണ്ടത് ഫോറസ്റ്റിലെ ഉദ്യോഗസ്ഥരെയാണ്. ഞാൻ കണ്ടു; കോഴിക്കോട് ചെന്നു; ഉദ്യോഗസ്ഥർ വന്ന് പരിചയപ്പെട്ടു; ഇന്നയിന്ന പദവിയിലുള്ളവരാണെന്ന് പറഞ്ഞു; ശരി; സന്തോഷം. അത് മന്ത്രിമാരായി പ്രവർത്തിച്ചവർക്കറിയാം. അവരൊക്കെ വരും; വന്നുകാണും; സല്യൂട്ട് അടിക്കേണ്ടവരാണെങ്കിൽ സല്യൂട്ടടിക്കും. ഇതൊക്കെ സാധാരണ സംഭവിക്കുന്നൊരു കാര്യമാണ്. എനിക്ക് കേസിനെക്കുറിച്ച് അറിയാമെങ്കിലല്ലേ പ്രതികൾ ആരാണെന്ന് അറിയാൻ സാധിക്കുകയുള്ളൂ. കേസിനെക്കുറിച്ച് എനിക്ക് അന്ന് അറിയില്ലല്ലോ.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ശ്രീ. ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ചതുപോലെ ഞങ്ങൾ ആദിവാസി കോളനി സന്ദർശിച്ചപ്പോൾ ആദിവാസി

സഹോദരങ്ങൾ പറയുന്നത് അവരുടെയടുത്ത് ഉന്നത ഉദ്യോഗസ്ഥന്മാരും മരം കച്ചവടം നടത്തിയ കച്ചവടക്കാരടക്കം വന്നിട്ടുണ്ടെന്നാണ്. ആദിവാസികളുടെയടുത്ത് മാത്രമല്ല, പല കർഷകരുടെയടുത്തും വന്നിട്ടുണ്ട്. അവർ പറയുന്ന, ഗവൺമെന്റ് ഇറക്കിയ ഉത്തരവും നടപടിക്രമങ്ങളും ശരിയാണ്. ഞങ്ങൾക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും എല്ലാ പെർമിഷനും കിട്ടിയിട്ടുണ്ട്. അതനുസരിച്ചാണ് ഈ ഓർഡർ വച്ച് നിങ്ങളുടെ മരം ഞങ്ങൾ വിലയ്ക്കെടുക്കുന്നത്. അങ്ങനെ തെറ്റിദ്ധരിപ്പിച്ച് മരംമുറി നടന്നപ്പോൾ നാല്പത്തിരണ്ടോളം കേസുകൾ അവിടത്തെ പട്ടികവർഗ്ഗക്കാരായ കർഷകരുടെ പേരിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ച് വ്യക്തമായ ഒരു തീരുമാനം എടുക്കണം. കർഷകരെ കേസിൽനിന്നും ഒഴിവാക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഇതിൽ കർഷകരായാലും കർഷകരല്ലാത്തവരായാലും കുറ്റം ചെയ്തവർ മാത്രമേ ശിക്ഷിക്കപ്പെടുകയുള്ളൂ.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, മാസ്ക് ധരിക്കണമെന്ന് നേരത്തെ നിർദ്ദേശം കൊടുത്തിരുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: ക്ഷമിക്കണം സർ, വർത്തമാനം പറയുമ്പോൾ പെട്ടെന്ന് പോകുന്നതാണ്. ആദിവാസികളായാലും കർഷകരായാലും ശരി അവർ നിരപരാധികളാണെങ്കിൽ ശിക്ഷിക്കപ്പെടുകയില്ല, അപരാധികളാണെങ്കിൽ മാത്രമേ ശിക്ഷിക്കപ്പെടുകയുള്ളൂ. നേരത്തെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ചതുപോലെ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട ചില കാര്യങ്ങളുണ്ട്. അത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ പറയും. ഇവിടെ ശ്രീ. പി. ടി. തോമസ് സംസാരിച്ചപ്പോൾ ഒരു കാര്യം മനസ്സിലായത് ഇടുക്കി തുടങ്ങിയ ജില്ലകളിലെയെല്ലാം കർഷകരെ സഹായിക്കാൻ പറ്റിയ നടപടികളായിരുന്നുവെന്ന് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. അപ്പോൾ കർഷകരെ സഹായിക്കുന്നതിനു വേണ്ടി, താങ്കൾ പറഞ്ഞു, ഇതൊക്കെ കേസ് തേയ്ച്ചുമാച്ചുകളയാനാണെന്ന്. കർഷകരെ സഹായിക്കാൻ വേണ്ടി ഇറക്കിയ ഒരു ഉത്തരവ് എന്ന നിലയിലാണ് അന്നത്തെ ഉത്തരവിനെ വനം വകുപ്പ് കാണുന്നത്. അത് ദുരുപയോഗ പ്പെടുത്തിയെന്നുള്ളത് സത്യമാണ്. പല ഉത്തരവുകളും നമ്മുടെ നാട്ടിൽ പലരും ദുരുപയോഗപ്പെടുത്താറുണ്ട്. അങ്ങനെയൊരു ദുരുപയോഗം ഇവിടെ നടന്നിട്ടുണ്ടെന്ന് തന്നെയാണ് ഞങ്ങളുടെ വിചാരം. അത് ഏത് ഉദ്യോഗസ്ഥനായാലും ഏതെങ്കിലും രാഷ്ട്രീയ ബന്ധത്തിന്റെ പേരിൽ തേയ്ച്ചുമാച്ചുകളയാൻ ആരെയും അനുവദിക്കുന്ന പ്രശ്നമില്ല. വനം സംരക്ഷിക്കും. വനംകൊള്ള തടയും. വന വിസ്തൃതി വർദ്ധിപ്പിക്കാനാവശ്യമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുക തന്നെ ചെയ്യും.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ച് ഇവിടെ കൃത്യതയോടുകൂടി വിശദീകരിച്ചു. അക്കാര്യത്തിൽ സർക്കാരിന്റെ ഇന്റൻഷൻ അദ്ദേഹം കൃത്യതയോടുകൂടി വ്യക്തമാക്കി. സർക്കാർ സ്വീകരിക്കുന്ന നടപടികളും അതിൽ സൂചിപ്പിച്ചിരുന്നു. എനിക്ക് തീർച്ചയായും ഉറപ്പുണ്ട് ഈ പ്രശ്നത്തിൽ അനാവശ്യമായ ഏതെങ്കിലും തരത്തിലുള്ള ഒരു തർക്കം നിയമസഭയ്ക്കുണ്ടാകാൻ വഴിയില്ല. കാരണം, ബഹുമാനപ്പെട്ട അംഗം ഈ വിഷയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞതിന്റെ ആദ്യഘട്ടത്തിൽ സൂചിപ്പിച്ചതുപോലെ ആദിവാസികളെയും കർഷകരെയും ചില ഉത്തരവുകളുടെ മറവിൽ കബളിപ്പിക്കാനുള്ള ഒരു സംഘം ദീർഘകാലമായി കേരളത്തിലുണ്ടെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. കബളിപ്പിക്കുക, അനധികൃതമായി ഉത്തരവുകളെ വ്യാഖ്യാനം ചെയ്യുക, അതുമായി ബന്ധപ്പെട്ടയാളുകൾക്കുവേണ്ടി നിലകൊള്ളുക, അവർ എത്ര ഉന്നതരായാലും അവർക്കെതിരായി കർശന നടപടിയായിരിക്കും കേരളത്തിലെ ഗവൺമെന്റ് എടുക്കുന്നതെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ ചില ഉത്തരവുകളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ കുറേക്കാലമായി ഇത് കേരളത്തിലെ ഒരു പൊതു പ്രശ്നമാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ വിവിധ മേഖലകളിൽ സാധാരണക്കാരായ മനുഷ്യർ, അവർ നട്ടുവളർത്തിയതും കിളിർത്തുവന്നതുമായ മരങ്ങൾ വീടിനുതന്നെ ഭീഷണിയായ വിഷയങ്ങളിൽപ്പോലും ഇടപെടാൻ കഴിയുന്നില്ലെന്ന വിധത്തിലുള്ള ധാരാളം പരാതികൾ കഴിഞ്ഞ കുറേക്കാലമായി ഉന്നയിക്കപ്പെടുകയുണ്ടായി. യഥാർത്ഥത്തിൽ ഇവിടെ പരാമർശിക്കപ്പെട്ട ഉത്തരവുമായി ബന്ധപ്പെട്ട ഫയൽ ആരംഭിക്കുന്നത് ഇവിടെയൊന്നുമല്ല. സാധാരണ കർഷകരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നവുമായി ബന്ധപ്പെട്ട് ആരംഭിച്ച യോഗങ്ങളിൽനിന്നാണ് ഈ ഫയലിന്റെ തുടക്കം. ഞാൻ അത് വിശദീകരിക്കാൻ മുതിരുന്നില്ല. 1964-ലെ കേരള ഭൂമി പതിവ് ചട്ട പ്രകാരം, പട്ടയത്തിൽ ഷെഡ്യൂൾ ചെയ്ത മരങ്ങൾക്കുപുറമെ ചട്ടത്തിലെ 10(3)എ-യിലും, 10(3)ബി-യിലും വിവിധങ്ങളായ മരങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. 61 വൃക്ഷങ്ങൾ 10(3)എ-യിലും 11 വൃക്ഷങ്ങൾ 10(3)ബി-യിലും ഉൾപ്പെടുത്തിയിട്ടുണ്ട്. വിലയടച്ച് റിസർവ് ചെയ്താൽ കർഷകർക്ക് പ്രസ്തുത വൃക്ഷങ്ങളിൽ അവകാശം ലഭ്യമാകുമെന്ന വ്യവസ്ഥയുള്ളപ്പോഴും 10(3)എ-യിലെ വൃക്ഷങ്ങളെ സംബന്ധിച്ച് കൃത്യമായ വ്യവസ്ഥകൾ നിലനിൽക്കാത്ത സാഹചര്യത്തിൽ കുറേക്കാലമായി ഇതുമായി ബന്ധപ്പെട്ട വിവിധങ്ങളായ പരാതികൾ വന്നുചേരുകയാണ്.

അക്കൂട്ടത്തിലാണ് 2005-ൽ വളരെ ധാരണയോടുകൂടി മുൻ ഗവൺമെന്റിന്റെ ഭരണകാലത്ത് പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ആക്ട് കൊണ്ടുവന്നത്. 2017-ൽ ഇതുമായി ബന്ധപ്പെട്ട ഭേദഗതിയും നമ്മുടെ മുമ്പിൽ വന്നിട്ടുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. യഥാർത്ഥത്തിൽ ഇവിടെ സൂചിപ്പിച്ചതുപോലെ 24-10-2020-ൽ ഗവൺമെന്റ് ഉത്തരവ് 261/2020/റവ ആയി പുറത്തിറക്കുന്നത് 2005-ലെ ആക്ടിനെക്കൂടി ഉദ്ധരിച്ചുകൊണ്ടും ആക്ട് വളരെ ഗൗരവമായി പരാമർശിച്ചുകൊണ്ടുമാണ്. അതുകൊണ്ടുതന്നെയാണ് നാട്ടിലെ സാധാരണക്കാരായ കർഷകർ അവരുടെ ഭൂമിയിൽ നട്ടുപിടിപ്പിച്ചതും കിളിർത്തുവന്നതുമായിട്ടുള്ള മരങ്ങളുടെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിനു വേണ്ടി ഒരു ഉത്തരവ് കൊണ്ടുവരുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ ഞാൻ പറയുന്നു ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിലെ റവന്യൂ (യു) വകുപ്പിൽ ഒരു ഫയൽ ഒറിജിനേറ്റ് ചെയ്തിട്ടുണ്ട്. ആ ഫയൽ ഒന്ന് പരിശോധിക്കുമോ; ആ ഫയലിൽ എല്ലാതലത്തിലും ഇങ്ങനെയൊരു മരംമുറി പാടില്ലായെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളതായി മനസ്സിലാക്കാൻ കഴിയുന്നത്. പിന്നെ എങ്ങനെയാണ് ഇങ്ങനെയൊരു ഗുരുതരമായ വീഴ്ചയുണ്ടായതെന്ന് പരിശോധിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങ് പറയുന്നതുപോലെ ഏത് ഫയലും ഏത് ഘട്ടത്തിലും പരിശോധിക്കാൻ ഒരു മടിയും കേരളത്തിലെ ഗവൺമെന്റിനില്ല. കാരണം ഗവൺമെന്റിന്റെ ഇന്റൻഷൻ സാധാരണ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുകയെന്നുള്ളതാണ്. അങ്ങ് ഏത് തരത്തിലെടുത്താലും അങ്ങ് ധരിക്കേണ്ടത് കർഷകരുടെ സാമാന്യമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയുള്ള നിലപാട് ഈ ഗവൺമെന്റ് എടുക്കുകതന്നെ ചെയ്യും. ആ കർഷകർക്കുവേണ്ടി അങ്ങനെ നിലപാട് എടുക്കണമെന്ന് വാദിക്കുന്നതിൽ ഭരണ-പ്രതിപക്ഷ വ്യത്യാസമുണ്ടോ? എല്ലാവരും ആവശ്യപ്പെടുന്ന പൊതുവായ പ്രശ്നമാണല്ലോ? ഇങ്ങനെയൊരു പരാമർശമുണ്ടാകുമ്പോൾ സാധാരണ നമ്മുടെ നാട്ടിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് പ്രശ്നമുന്നയിച്ച കർഷകരുടെ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി അതിലൊരു വ്യക്തതയുണ്ടാക്കുക എന്നുമാത്രമാണ് ഈ ഉത്തരവുകൊണ്ട് സർക്കാർ ഉദ്ദേശിച്ചത്. ആ ഉത്തരവ് നിലനിൽക്കുമ്പോൾ, 1964-ലെ ചട്ടം നിലനിന്നുകൊണ്ടുതന്നെയാണ് 2021-ൽ ഇങ്ങനെയൊരു ഉത്തരവ് പുറത്തിറക്കുവാൻ സർക്കാർ സാഹചര്യമുണ്ടാക്കിയത്. എന്നാൽ നേരത്തെ ബഹുമാനപ്പെട്ട പി. ടി. തോമസ് പറഞ്ഞതുപോലെ ആ ഉത്തരവിനെ ദുർവ്യാഖ്യാനം ചെയ്യിക്കാനുള്ള ശ്രമമാണ് യഥാർത്ഥത്തിൽ മരംമുറിക്കാരും കള്ളന്മാരുമായിട്ടുള്ളയാളുകൾ അവിടെ നിലപാടെടുത്തത്. അതിനെതിരായി

കർശന ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായിട്ടാണ് ഈ വകുപ്പ് ദുർവ്യാഖ്യാനം ചെയ്യപ്പെടുന്നുണ്ട് എന്ന ബോധ്യത്തോടുകൂടി, ഇവിടെ നേരത്തെ സൂചിപ്പിച്ചതു പോലെ, 2-2-2021-ൽ 30/2021/റവ ആയി ഒരു ഉത്തരവിലൂടെ നേരത്തെ പറഞ്ഞ ഉത്തരവുകൾ റദ്ദുചെയ്തുകൊണ്ടുള്ള നിലപാടെടുക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ഇതാണ് വസ്തുതകളുടെ വിശദാംശം. ഇക്കാര്യത്തിൽ നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ, 261/2020/റവ എന്ന ഉത്തരവ് പുറത്തിറക്കുമ്പോൾ അതിന് ഉപോത്ബലകമായി ആ ഉത്തരവിൽ തന്നെ സൂചിപ്പിച്ചതുപോലെ എടുത്തിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട കാര്യം കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ആക്ട് 2005 എന്നുള്ളതാണ്. അത് പ്രത്യേകമായി അതിൽ പ്രതിപാദിക്കുകയും ചെയ്യുന്നുണ്ട്. സാധാരണ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതല്ലാതെ മറ്റൊരു താൽപ്പര്യവും സർക്കാരിന് ഇക്കാര്യത്തിൽ ഇല്ലാത്തതാണ്. ആ താൽപ്പര്യം ഇല്ലാത്തതുകൊണ്ടുതന്നെയാണ്, ദുർവ്യാഖ്യാനം ചെയ്യപ്പെടാൻ പാടില്ലെന്നുള്ളതുകൊണ്ട് അത്തരമൊരു ഉത്തരവ് 2-2-2021-ൽ ഇറക്കാൻ കഴിഞ്ഞത്. ഇക്കാര്യത്തിൽ പ്രത്യേകമായി തോന്നുന്ന ഒന്നും നമ്മുടെ മുമ്പിലില്ല. റവന്യൂ വകുപ്പിന്റെ ഉദ്യോഗസ്ഥന്മാർ തെറ്റിദ്ധരിപ്പിച്ചുവെന്ന് തങ്കച്ചൻ എന്നൊരാൾ പറഞ്ഞതായി അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഏത് തങ്കച്ചൻ പറഞ്ഞാലും, ആരവിടെ നിലപാടെടുത്താലും ഏതെങ്കിലും വിധത്തിൽ റവന്യൂ ഉദ്യോഗസ്ഥന്മാർ, കർഷകരെ തെറ്റിദ്ധരിപ്പിക്കാനുള്ള നിലപാടെടുത്തെങ്കിൽ കർശനമായ നിലപാട് അവർക്കെതിരായിട്ടുണ്ടാകുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. അത് ഈ സഭയെ അറിയിക്കുന്നതിൽ മറ്റ് താൽപ്പര്യങ്ങളൊന്നുമില്ല. ഈ ഉത്തരവിനെ കൊള്ളക്കാർ ദുർവ്യാഖ്യാനം ചെയ്യുമ്പോൾ അവർ എത്ര ഉന്നതരായാലും ശിക്ഷിക്കപ്പെടും എന്നുമാത്രമല്ല, അങ്ങനെ ദുർവ്യാഖ്യാനം ചെയ്ത കൊള്ളക്കാരെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു ചർച്ചയായി ഇത് മാറരുതെന്ന് കൂടി അഭ്യർത്ഥിക്കുന്നു. കാരണം അവർക്കെതിരായി കർശന നടപടിയെടുക്കുന്നുണ്ടെന്നതാണ്. വയനാട് ജില്ലാ കളക്ടർ അതുമായി ബന്ധപ്പെട്ട നടപടികളുമായി ഇപ്പോൾ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനം കെ.എൽ.സി. ആക്ട് പ്രകാരമുള്ള, വനനിയമ പ്രകാരമുള്ള നടപടികൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതുമാത്രം പോരാതെ, ക്രിമിനൽ കോൺസ്പിറൻസി 120(ബി) പ്രകാരവും, ചീറ്റിംഗ് ഐ.പി.സി. 420 പ്രകാരവും നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെ ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ തന്നെ എസ്.സി./എസ്.ടി. (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് പ്രകാരം കേസെടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യത്തിൽ കർശന നിലപാടുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>മി.സ്പീക്കർ</u>: ബഹുമാനപ്പെട്ട വനം-വന്യജീവി, റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇവിടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി മറുപടി പറഞ്ഞ സമയത്ത് സഭയെ തെറ്റിദ്ധരിപ്പിക്കുകയും അവാസ്തവമായ കാര്യങ്ങൾ സഭയുടെ മുമ്പാകെ പറയുകയും ചെയ്തുവെന്ന് പറയേണ്ടിവന്നതിൽ എനിക്ക് വിഷമമുണ്ട്. അദ്ദേഹം പറഞ്ഞത് ഇത് തെരഞ്ഞെടുപ്പ് കാലത്താണ് നടന്നതെന്നാണ്. ഇവിടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി പറഞ്ഞതെന്താണ്? 2020 ഒക്ടോബർ 24-ാം തീയതി ഉത്തരവിറങ്ങി എന്നാണ്. ആ ഉത്തരവ് 2021 ഫെബ്രുവരി 2-ാം തീയതി റദ്ദാക്കി. അപ്പോൾ ഒക്ടോബർ 24-നും ഫെബ്രുവരി 2-നും ഇടയിലാണ് ഈ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് മരംമുറി നടന്നതെന്നാണ് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. ഒക്ടോബർ 24-ാം തീയതി മുതൽ ഫെബ്രുവരി 2-ാം തീയതി വരെയുള്ള സമയത്തിനിടയ്ക്ക് എവിടെയാണ് തെരഞ്ഞെടുപ്പ് നടന്നത്? ഈ തെരഞ്ഞെടുപ്പുമായി എന്ത് ബന്ധമാണ് ആ സമയത്ത് ഉണ്ടായിരുന്നത്? ........................(മൈക്ക് ഓഫ്).... ആ സമയത്ത് എവിടെയാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ്? അത് കഴിഞ്ഞിട്ട് സമയം ഉണ്ടായിരുന്നല്ലോ? ...(മൈക്ക് ഓഫ്)..... ഞാൻ പറയുന്നത് കേൾക്കൂ.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ..... (മൈക്ക് ഓഫ്).....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് വനം വകുപ്പുമന്ത്രിയാണോ എന്നുള്ളതല്ലല്ലോ വിഷയം. ഈ ഗവൺമെന്റിന്റെ തുടർച്ചയാണ്. ഇവിടെ ഒക്ടോബർ മാസം 24-ാം തീയതി ഒരു ഉത്തരവ് വരുന്നു. അതിന്റെ അടിസ്ഥാനത്തിൽ വയനാട് മുട്ടിൽ നവംബർ, ഡിസംബർ മാസങ്ങളിൽ വനംകൊള്ള നടക്കുന്നു. അതിനുശേഷം ഫെബ്രുവരി മാസത്തിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് ഈ ഉത്തരവ് പിൻവലിക്കുന്നത്? ഈ ഉത്തരവിന്റെ പേരിൽ വനംകൊള്ള നടത്തുന്നുവെന്ന് ബോധ്യപ്പെട്ടിട്ടല്ലേ? ഫെബ്രുവരി മാസം 2-ാം തീയതി മുതൽ ഇന്ന് (ജൂൺ മാസം 8-ാം തീയതി) വരെ എന്ത് നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്? 15 പട്ടികവർഗ്ഗക്കാരെയും പട്ടികജാതിയിൽപ്പെട്ട ഒരാളെയും കബളിപ്പിച്ചുകൊണ്ട് ഒക്ടോബർ 24-ാം തീയതി ഈ സർക്കാർ ഇറക്കിയ ഉത്തരവിന്റെ അടിസ്ഥാനത്തിലല്ലേ ഈ വനംകൊള്ള നടന്നത്? വനം കൊള്ള ഒരു റവന്യൂ സെക്രട്ടറിയുടേയോ ഏതെങ്കിലും ഒരു ഉദ്യോഗസ്ഥന്റേയോ മാത്രം

തലയിൽ കെട്ടിവച്ച് കൈകഴുകാൻ ഈ ഭരണ നേതൃത്വത്തിന് കഴിയുമോ എന്നതാണ് ഞങ്ങൾ ഉയർത്തുന്ന ചോദ്യം. മൂന്ന് മാസങ്ങൾക്കുശേഷം ഈ ഉത്തരവ് റദ്ദാക്കാൻ കാരണമെന്താണ്? വെട്ടിമാറ്റപ്പെട്ട മരങ്ങളുടെ ഓർമ്മത്തണലിലൂടെ സഞ്ചരിച്ചപ്പോഴുണ്ടായ ബോധോദയമൊന്നുമല്ലല്ലോ റദ്ദാക്കാൻ കാരണം. ജില്ലാ കളക്ടർമാർ വ്യാപകമായി പരാതിപ്പെട്ടു. ഈ ഉത്തരവ് തെറ്റാണെന്ന് പറഞ്ഞു. അല്ലേ? ആ ജില്ലാ കളക്ടർമാർ കാണിച്ച സാമാന്യ ബുദ്ധിയും നിയമ ബോധവും തിരുവനന്തപുരത്തിരിക്കുന്ന ഭരണമേലാളന്മാർക്ക് എന്തുകൊണ്ട് ഇല്ലാതെപോയി? അതല്ലേ ചോദ്യം. ഈ ഉത്തരവ് നിയമവിരുദ്ധമാണെന്ന് അവർക്ക് കണ്ടപ്പോൾ മനസ്സിലായല്ലോ.

ശ്രീ. കെ. രാജൻ: സർ, ഉത്തരവ് റദ്ദാക്കണമെന്ന പ്രശ്നം നിയമ വകുപ്പ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെന്ന കാര്യം അങ്ങ് വിസ്മരിച്ചുപോയി, ജില്ലാ കളക്ടർമാർ മാത്രം പറഞ്ഞുവെന്ന് അങ്ങ് തെറ്റിദ്ധരിച്ച് പറയുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ഉത്തരവ്, ഒരു നിയമപ്രശ്നമുള്ള ഉത്തരവ് ഇറങ്ങുന്നതിനുമുമ്പ് എന്തുകൊണ്ട് നിയമ വകുപ്പിന് അയച്ചില്ല; എന്ത് ധൃതിയായിരുന്നു; ആരെ സഹായിക്കാൻ വേണ്ടിയായിരുന്നു? ഇതുപോലെയുള്ള നിയമപ്രശ്നം, ഞാൻ പറയാം, നിലവിലെ The Kerala Forest (Prohibition of Felling of Trees Standing on Land Temporarily or Permanently Assigned) Rules, 1995, the Kerala Promotion of Tree Growth in Non - Forest Areas Act, 2005 & the Kerala Preservation of Trees Act, 1986 എന്നിവയിലെ വിവിധ വകുപ്പുകൾ ലംഘിച്ചുകൊണ്ടാണ് ഈ ഉത്തരവ് ഇറക്കിയിരിക്കുന്നത്. ഇത്തരം നിയമങ്ങളും ചട്ടങ്ങളുമുള്ള ഒരു സംസ്ഥാനത്ത് ആ നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ട കാര്യം ഒരു സർക്കാർ ഉത്തരവിലൂടെ ഇറക്കി, വനംകൊള്ള നടത്താൻവേണ്ടി കൂട്ടുനിന്നിട്ട് നിങ്ങൾ ന്യായീകരിക്കുകയാണോ?

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ........

ശ്രീ. വി. ഡി സതീശൻ: സർ, ഞാൻ സംസാരിക്കട്ടേ. എന്റെ വാക്കൗട്ട് പ്രസംഗമാണ്. അങ്ങ് അവിടെയിരിക്കൂ, ഞാൻ അങ്ങേയ്ക്ക് വഴങ്ങിത്തരാം. ഇവിടെ ബഹുമാനപ്പെട്ട അംഗം പി. ടി. തോമസ് സൂചിപ്പിച്ചതുപോലെ മരം കടത്താനുള്ള അപേക്ഷകൾ വനം വകുപ്പ് നിരസിച്ച്, എതിരേയുള്ള അപ്പീലുകൾ പെൻഡിംഗിൽ നിൽക്കുമ്പോഴാണ് വയനാട്ടിൽനിന്ന് മരം നടന്ന് പെരുമ്പാവൂരിലെത്തിയത്; എറണാകുളത്ത് എത്തിയത്. വൈത്തിരി ചെക്ക്പോസ്റ്റിൽ സ്വീകരണം കൊടുത്തുവോ? മുല്ലമാലയിട്ട് ഈ വാഹനത്തെ സ്വീകരിച്ചുവോ? ഇത്രയും വലിയ തടികൾ കടത്തിക്കൊണ്ടുപോകുന്ന വാഹനങ്ങളെ; ഇത് കേരളത്തിൽ ആരും

അറിഞ്ഞില്ലേ? ഐ.എഫ്.എസ്. റാങ്കുള്ള ഒരു ഉദ്യോഗസ്ഥൻ, അതായത് ഒരാൾ അവധിക്ക് പോയപ്പോൾ പകരം വന്ന ഒരാൾ, എങ്ങനെയാണ് അവധിക്ക് പോയത്, എങ്ങനെയാണ് ഇയാളെ പകരത്തിനയച്ചതെന്ന് ആദ്യം അന്വേഷിക്കണം. അയാൾ വയനാട്ടിലെത്തി ചാർജ്ജ് ചെയ്തിരിക്കുന്ന വകുപ്പുകൾ മാറ്റിയെഴുതണമെന്ന് ആവശ്യപ്പെട്ടു. തടി കടത്ത് പിടിച്ച, സത്യസന്ധനായ റേഞ്ച് ഓഫീസർക്കെതിരെ നടപടിയെടുക്കണമെന്നാവശ്യപ്പെട്ടു. ഇവിടെ ഒരു ഏലിക്കുട്ടിയുടെ കേസ് വായിച്ചു. ബഹുമാനപ്പെട്ട മന്ത്രി, ആ കേസ്സ് സർക്കാർ അന്വേഷിച്ചുവോ? ഈ തടി പെരുമ്പാവൂരിൽ വന്ന് പിടിച്ച റേഞ്ച് ഓഫീസറെ കള്ളക്കേസ്സിൽ കുടുക്കാൻ വേണ്ടി, ഈ ഉദ്യോഗസ്ഥൻ ചെയ്ത ഏർപ്പാടാണ് ഏലിക്കുട്ടിയുടെ കേസ്സ്. സമ്മർദ്ദവും ഭീഷണിയും നടത്തി, കള്ളക്കേസ്സ് എടുക്കുമെന്ന് പേടിപ്പിച്ച്, വിജിലൻസ് കേസ്സിൽ കുടുക്കുമെന്ന് പേടിപ്പിച്ച്, സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനെ, ഐ.എഫ്.എസ്. റാങ്കിലുള്ള ഉദ്യോഗസ്ഥൻ വിറപ്പിച്ചപ്പോൾ നിങ്ങളൊക്കെ എവിടെയായിരുന്നു? ഈ സംസ്ഥാനത്ത് എന്തും നടക്കുമോ? ഈ ഉദ്യോഗസ്ഥനെതിരായി കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളക്കേസ്സാണ് ചില ചാനലുകളിൽ വാർത്തയായത്. അതിനെക്കുറിച്ച് പറഞ്ഞോട്ടെ. ഉത്തര മേഖലാ പ്രിൻസിപ്പൽ സി.സി.എഫ്-ന് റിപ്പോർട്ട് നൽകിയിട്ടും ഈ ഉദ്യോഗസ്ഥനെതിരെ എന്തുകൊണ്ട് നടപടിയെടുത്തില്ല? അങ്ങ് റിപ്പോർട്ട് തേടുകയാണെന്ന് പറഞ്ഞുവല്ലോ! ഉത്തര മേഖലാ ചീഫ് കൺസർവേറ്റർ, ഈ ഉദ്യോഗസ്ഥൻ നടത്തിയത് മുഴുവൻ തെറ്റാണെന്ന് പ്രിൻസിപ്പൽ സി.സി.എഫ്-ന് പരാതികൊടുത്തു. ഇതുവരെ ഈ ഉദ്യോഗസ്ഥനെതിരായി നടപടിയെടുത്തിട്ടില്ല. ആരാണ് തിരുവനന്തപുരത്തിരുന്ന് ഈ ഉദ്യോഗസ്ഥന് കുടപിടിച്ച് കൊടുക്കുന്നത്? സത്യസന്ധനായ ഉദ്യോഗസ്ഥനെ വിരട്ടിയ, റേഞ്ച് ഓഫീസറെ വിരട്ടിയ, ഈ ഐ.എഫ്.എസ്.കാരന് തിരുവനന്തപുരത്തിരുന്ന് എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നത് ആരാണ്? ആദിവാസികളെ കബളിപ്പിച്ച് നടത്തിയ ഈ വനം കൊള്ളയ്ക്കെതിരെ എന്തുകൊണ്ട് എസ്.സി./എസ്.ടി. (പ്രിവിഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട് അനുസരിച്ച് നിങ്ങൾ കേസ്സെടുത്തില്ലെന്ന് ശ്രീ. പി. ടി. തോമസ് ചോദിച്ചല്ലോ. 20-ാം തീയതി ചുമതലയേറ്റ മന്ത്രിമാർ ഈ വിവരം എന്നാണ് അറിഞ്ഞത്? ഇവിടെ ശ്രീ. പി. ടി. തോമസും ശ്രീ. ടി. സിദ്ദിഖും നിയമസഭയിൽ പത്രസമ്മേളനം നടത്തിയപ്പോൾ മാത്രമാണോ നിങ്ങൾ അറിഞ്ഞത്? ഈ ഉത്തരവ് സർക്കാർ ഇറക്കിയാൽ, ഈ ഉത്തരവിനെതിരെ ഇനി അവർക്ക് കോടതിയിൽ കുറെ സൗകര്യങ്ങൾ കിട്ടും. സർക്കാരിന്റെ ഉത്തരവനുസരിച്ചിട്ടാണ് ഞങ്ങൾ മരം വെട്ടിയതെന്നല്ലേ അവർ കോടതിയിൽ പറയാൻ പോകുന്നത്? ഏത് മരമാണ് വെട്ടിയത്, എന്താണ് സർക്കാർ ഉത്തരവ്? ഇങ്ങനെയൊരു സർക്കാർ

ഉത്തരവ് കണ്ടിട്ടുണ്ടോ? "ഉത്തരവാകുന്നു, അപ്രകാരമുള്ള മരങ്ങൾ മുറിക്കുന്നതിന് തടസ്സപ്പെടുത്തുന്ന രീതിയിൽ ഉത്തരവുകൾ പാസ്സാക്കുന്നതോ, നേരിട്ട് തടസ്സപ്പെടുത്തുന്നതോ, ഗുരുതരമായ കൃത്യവിലോപമായി കണക്കാക്കി, അങ്ങനെയുള്ള ഉദ്യോഗസ്ഥർക്കെതിരായി കർശന നടപടികൾ സ്വീകരിക്കും." എന്ന് സർക്കാർ ഉത്തരവിറക്കിയിട്ട് അതിനെ ന്യായീകരിക്കുകയാണ്. എന്നിട്ട് ആ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്തുവെന്നാണ് ഇവിടെ പറയുന്നത്. അതായത് ഏതെങ്കിലും ഉദ്യോഗസ്ഥൻ വനംകൊള്ള നടത്തുന്ന ഒരാൾക്കെതിരായി നടപടിയെടുത്താൽ, അവനെതിരായി നടപടിയെടുക്കുന്നു, എന്ന് ഇറക്കിയ ഉത്തരവിനെ ഇവിടെവന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ന്യായീകരിക്കുകയാണ്. എന്നിട്ട് നടപടിയെടുക്കുകയും ഇവനെതിരായി കള്ളക്കേസ്സ് എടുക്കുകയും ചെയ്തു. ......(മൈക്ക് ഓഫ്)....ഞാൻ അങ്ങേയ്ക്ക് വഴങ്ങുന്നില്ല, I am on my legs. നിങ്ങൾ അവിടെ ഇരിക്കു,

<u>മി. സ്പീക്കർ</u>: ശ്രീ. കെ. യു. ജനീഷ് കുമാർ, പ്രതിപക്ഷനേതാവ് വഴങ്ങുന്നില്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത്രയും സമ്മർദ്ദവും ഭീഷണിയും ഉണ്ടായിട്ടും ഇതുപോലെ ഒരു ഉത്തരവിൽ എഴുതിവച്ചിട്ടും അതിനെതിരായി നടപടിയെടുത്ത്, വയനാട്ടിൽനിന്നും പെരുമ്പാവൂർവരെ യാത്രചെയ്ത് ഈ തടി പിടിച്ചെടുത്ത സത്യസന്ധനായ ഉദ്യോഗസ്ഥന് ഞങ്ങൾ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി ഒരു ബിഗ് സല്യൂട്ട് കൊടുക്കുന്നു. ഈ സത്യസന്ധനായ ഉദ്യോഗസ്ഥനെ സർക്കാർ ഉത്തരവിലൂടെ, ഉദ്യോഗസ്ഥൻമാർ മുഖേന ഭീഷണിപ്പെടുത്തുകയും സമ്മർദ്ദംകൊണ്ട് അദ്ദേഹത്തിന് ലീവിൽ പോകേണ്ടി വരികയും ചെയ്തു. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വളരെ കൗശലത്തോടെയാണ് സംസാരിച്ചത്. കാരണം റവന്യൂ ഉദ്യോഗസ്ഥൻമാർ തയ്യാറാക്കിയ കെണിയിൽ അങ്ങ് പെട്ടുപോയിയെന്ന് പറയാൻ എനിക്ക് വിഷമമുണ്ട്. കാരണം കർഷകരെ മുന്നിൽ നിർത്തിയുള്ള ഡിഫൻസാണ്. കർഷകരെ നിങ്ങൾക്ക് സഹായിക്കണമെങ്കിൽ ഈ നിയമത്തിൽ ഭേദഗതി വരുത്തി, വനംകൊള്ളയ്ക്ക് കൂട്ടുനിൽക്കാത്ത രീതിയിൽ നിയമ ഭേദഗതി വരുത്തണം. അല്ലാതെ നിലവിലുള്ള നിയമങ്ങളേയും ചട്ടങ്ങളേയും കാറ്റിൽപ്പറത്തി, സർക്കാർ ഉത്തരവിറക്കിയിട്ട് നിങ്ങൾ കർഷകരെ മുമ്പിൽ നിർത്തി ഈ വനം കൊള്ളക്കാരെ സംരക്ഷിക്കാൻ നോക്കുകയാണോ? ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ ഉദ്യോഗസ്ഥൻമാർ ഒരുക്കിയ കെണിയാണിത്. എന്താണ്, ഇടുക്കിയിലെ കർഷകരുടെ കാര്യം മാത്രം പറഞ്ഞാൽ മതി. കർഷകരെ സഹായിക്കണമെങ്കിൽ നമുക്ക് ആലോചിക്കാം. കർഷകരെ സഹായിക്കാൻ അവൻ അവന്റെ ഭൂമിയിൽ നട്ടുവളർത്തിയ മരങ്ങൾ, അവന് വെട്ടിയെടുക്കാൻ അധികാരമുണ്ടെങ്കിൽ കൃത്യമായ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തി

സഹായിക്കാം. ഇത് കർഷകൻ നട്ടുവളർത്തിയ മരമാണോ? ശ്രീ. ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ചതുപോലെ പിടിച്ചാൽ അപ്പുറത്തെത്താത്ത, ഈട്ടി മരങ്ങൾ, 100 വർഷങ്ങൾ കഴിഞ്ഞ മരങ്ങൾ, 200 വർഷമായ മരങ്ങൾ, ആ മരങ്ങൾ കർഷകൻ നട്ടുവളർത്തിയതാണോ? കർഷകനെ മുമ്പിൽ നിർത്തി, വനം കൊള്ളക്കാരെ സംരക്ഷിക്കാനുള്ള ആ ശ്രമത്തിന് ഞങ്ങൾ കൂട്ടുനിൽക്കുകയില്ല. കർഷകരെ സഹായിക്കണമെങ്കിൽ നമുക്ക് ആലോചിക്കാം, അതിന് നടപടി വേറെ സ്വീകരിക്കണം. ഇവിടെ ഓരോ കാര്യങ്ങളും ഇതുപോലെ തന്നെയാണ്. മൂന്ന് മാസംകൊണ്ട് 202 ക്യുബിക് മീറ്റർ വെട്ടിക്കടത്താൻ കെല്പുള്ളവർ, അവരുടെ പ്ലാൻ എന്തായിരുന്നു? ഒന്നര ലക്ഷം ക്യുബിക് മീറ്റർ തടി കടത്താനായിരുന്നു. ഇത് ആളുകൾ മാധ്യമ പ്രവർത്തകരോട് പറഞ്ഞതാണ്. ഇവിടെ എന്താണ് ചെയ്തത്? വനം, റവന്യൂ, പോലീസ് വകുപ്പുകളിലെ സത്യസന്ധരായ എല്ലാ ഉദ്യോഗസ്ഥൻമാരുടേയും വായ് മൂടിക്കെട്ടി, കയ്യും കാലും ചങ്ങലയ്ക്കിട്ടു, അങ്ങനെ കൊള്ളയ്ക്ക് കൂട്ടുനിൽക്കുന്ന ഒരു സംഘം ഉദ്യോഗസ്ഥൻമാർ ഈ ഭരണ നേതൃത്വത്തിന്റെ അനുവാദത്തോടുകൂടി അഴിഞ്ഞാടുന്ന കാഴ്ചയല്ലേ കേരളത്തിൽ കണ്ടത്? ഇവിടെ അതല്ലേ നടന്നത്; ഇവിടെ ആരാണ് ഇതിന്റെ ഇരകൾ? പട്ടയമുള്ള ആദിവാസി പിന്നോക്ക വിഭാഗങ്ങൾ, വനം, റവന്യൂ വകുപ്പിലെ നേരും നെറിയുമുള്ള ഉദ്യോഗസ്ഥർ, മണ്ണിടിഞ്ഞും, മലയിടിഞ്ഞും ജീവിതം വഴിമുട്ടിയ ഈ നാട്ടിലെ ജനങ്ങൾ, ആർക്കും വേണ്ടാത്ത കേരളത്തിന്റെ പച്ചപ്പ്, മണ്ണ്, പുഴകൾ, ഇവിടെ പറഞ്ഞുവല്ലോ, അവിടെ മാത്രമാണോ ഇത് നടന്നത്? തൃശ്ശൂരിൽ ഇത്തരത്തിൽ കടത്തിയ 20 കോടി രൂപയുടെ മരം, അന്വേഷണം വേണമെന്നുള്ള പോലീസ് വിജിലൻസ് റിപ്പോർട്ട് ഉണ്ടോ? അന്വേഷിക്കണം, അവിടെ മാത്രമാണോ ഇത് നടന്നത്? കർഷകർ ചെയ്തുകാണും. വനം മാഫിയയുടെ നടപടികൾ നടന്നിട്ടുണ്ടോയെന്ന് നോക്കണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവേ, ശ്രീ. പി. ടി. തോമസ് ചോദിച്ചതിന് ഞാൻ മറുപടി പറഞ്ഞു. മറ്റ് കാര്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് പ്രത്യേകം പ്രത്യേകം അന്വേഷിക്കാൻ സ്പെഷ്യൽ സ്ക്വാഡുകളെ ഏർപ്പെടുത്തണമെന്ന് പറഞ്ഞത്. അത് ഞാൻ ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ റിപ്പോർട്ടുകളൊക്കെ സർക്കാരിന്റെ കയ്യിലുണ്ട്. ഇതൊക്കെ വിവാദമായപ്പോഴാണ് നിങ്ങൾ ഇപ്പോൾ അന്വേഷിക്കാം, ആലോചിക്കാമെന്നൊക്കെ പറയുന്നത്. ഇതുവരെ നിങ്ങൾ എവിടെയായിരുന്നു? ഇത് നാട്ടിലെ ആളുകൾ മുഴുവൻ ചർച്ച ചെയ്ത് അങ്ങാടിപ്പാട്ടായിട്ടും നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നത് ഇനി എന്നാണ്; ആരാണ് ഈ ഉത്തരവിന് പിന്നിൽ;

സെക്രട്ടേറിയറ്റിലും വനം ആസ്ഥാനത്തും കൊള്ളക്കാരുടെ ഏജന്റുമാരുണ്ടോ? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുന്നു, അങ്ങ് ഈ സംസ്ഥാനത്ത് അവതാരങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകിയ ആളാണ്. പശ്ചിമഘട്ട മലനിരയേയും ആവാസവ്യവസ്ഥയേയും വനങ്ങളെയും വിറ്റുതുലയ്ക്കാൻ കൂട്ടുനിൽക്കുന്ന അവതാരങ്ങൾ, തിരുവനന്തപുരത്ത് എവിടെയൊക്കെ സഞ്ചരിച്ചിട്ടുണ്ട്; ആരെയെല്ലാം കാണാൻ പോയിട്ടുണ്ട്; ഇവിടെയിരിക്കുന്ന ആളുകളുടെ പിന്തുണയില്ലാതെ ഇത്രയും വലിയൊരു വനംകൊള്ള ഒരു ഉത്തരവിന്റെ പശ്ചാത്തലത്തിൽ നടത്താൻ കഴിയില്ലെന്ന യാഥാർത്ഥ്യംകൂടി നമ്മൾ അറിയണം. അതുകൊണ്ട് ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിലും സമീപകാലത്ത് നടന്ന ഏറ്റവും വലിയ ഈ വനം കൊള്ളയെക്കുറിച്ച് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഈ അടിയന്തരപ്രമേയം ഇന്നിവിടെ ചർച്ച ചെയ്യേണ്ടതായിരുന്നു. ഇത് ഇവിടെ അവതരിപ്പിച്ച് കഴിഞ്ഞപ്പോൾ ഇതിന്റെ ദുരൂഹത വർദ്ധിക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട പുതിയ വനം വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ അവർകൾ പറയുന്നത് ഞാനല്ല അന്ന് വനം വകുപ്പുമന്ത്രിയെന്നാണ്. അങ്ങ് ഒരു തുടർച്ചയുടെ ഭാഗമല്ലേ; അങ്ങാണോ അല്ലയോ എന്നുള്ളതല്ലല്ലോ പ്രശ്നം? മാത്രമല്ല, ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി പറയുന്നത് അന്ന് തെരഞ്ഞെടുപ്പായിരുന്നുവെന്നാണ്. തെരഞ്ഞെടുപ്പെന്ന് പറഞ്ഞത് തെറ്റിയപ്പോൾ പിന്നെ പറഞ്ഞു പഞ്ചായത്ത് തെരഞ്ഞെടുപ്പായിരുന്നുവെന്ന്.

ശ്രീ. കെ. രാജൻ: സർ, ഞാൻ എന്റെ സ്റ്റേറ്റ്മെന്റിൽ ഒരിടത്തും പഞ്ചായത്ത് തെരഞ്ഞെടുപ്പ് എന്നേ പറഞ്ഞിട്ടില്ല. ഞാൻ ഒന്നു പറഞ്ഞോട്ടെ, അങ്ങ് തെറ്റിദ്ധരിപ്പിച്ച് പറയുന്നത് രേഖയിലുണ്ടാകരുത്. അങ്ങ് പറഞ്ഞതിലെ പ്രശ്നം, 1964-ലെ ചട്ടങ്ങൾ പ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിച്ചതും കിളിർത്തുവന്നതും, പതിച്ചു ലഭിക്കുന്ന സമയത്ത് അത് കൃത്യതയോടുകൂടിയാണ് നിയമത്തിൽ പറഞ്ഞത്. അത് കൊള്ളക്കാർക്കുവേണ്ടിയല്ല; നാട്ടിലെ സാധാരണ കർഷകർക്ക് വേണ്ടിയാണ്. അവരുടെ വികാരമാണ് ഇതിൽ പ്രതിഫലിപ്പിച്ചത്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് ഈട്ടി തടിക്കും തേക്കിനും അതുപോലുള്ള മരങ്ങൾക്കുമൊക്കെ വളരെ വ്യക്തമായ വേറെ നിയമമുണ്ട്. കർഷകർ വച്ചുപിടിപ്പിച്ച എന്നുപറയുന്നതിനും തോട്ടത്തിലെ മരങ്ങൾ എന്നുപറയുന്നതിനും അതിനൊക്കെ വേറെ വേറെ നിയമങ്ങളുണ്ട്. പാസ് കൊടുക്കാതെ, നോക്കാതെ, ഒന്നല്ല നൂറ് പടികൾ കടക്കാതെ ഇത് വല്ലതും മുറിക്കാൻ സാധിക്കുമോ? വനംകൊള്ളയെക്കുറിച്ച് ഇവിടെ കുറേക്കാലമായി ചർച്ചകൾ നടക്കുന്നില്ല. കണ്ണിൽപ്പെട്ടില്ല എന്നതാണ് മറ്റൊരു എക്സ്ക്യൂസ്. പിടിച്ചാൽ പിടിയെത്താത്ത മരം കൊണ്ടുപോകുന്ന കാര്യം കണ്ണിൽപ്പെട്ടില്ല, ശ്രദ്ധയിൽപ്പെട്ടില്ല എന്നുള്ളത് ഒരു ന്യായമാണോ? ഇത്രയും വലിയ മരം കൊള്ള നടന്നിട്ട്, ഈട്ടി തടിപോലുള്ള മരങ്ങൾ അവിടെനിന്നും മുറിച്ച് ഈയൊരു സമയത്തുകൊണ്ടുപോയത് ആരും അറിയാതെയാണ്; ഒരു ഉത്തരവും ഇല്ലാതെയാണ്; കണ്ണിൽപ്പെടാതെയാണ്, കർഷകർക്ക് വേണ്ടിയാണെന്ന് ധരിച്ചിട്ടാണ് എന്നൊക്കെ ഇവിടെ പറയുന്നത് വിശ്വസിക്കാൻ പറ്റുമോ? എന്തോ ഒരു പരുങ്ങൽ ഇപ്പോൾ പുതുതായി വന്ന മന്ത്രിമാർക്ക് ഈ വിഷയത്തിൽ മറുപടി പറയുമ്പോഴുണ്ട്. മറുപടി പറയേണ്ടിയിരുന്നത് പഴയ ഗവൺമെന്റിൽപ്പെട്ട ആളുകളാണെന്നുണ്ടെങ്കിൽ അത് വേറെ കാര്യം. പക്ഷേ കേരളത്തിൽ പതിറ്റാണ്ടുകളായി ഇല്ലാത്തൊരു കാര്യം സംഭവിച്ചിട്ടുണ്ട്. വൻതോതിൽ ഈട്ടിത്തടികൾ ഒന്നായി മുറിച്ചുകൊണ്ടുപോയി വനംകൊള്ള നടത്തിയിരിക്കുന്നു. ഇതുചെയ്തവർ ഇങ്ങനെ ചെയ്യുന്ന പ്രൊഫഷണൽ ആളുകളാണെന്നും അവരുടെ ബാക്ക്ഗ്രൗണ്ടുമൊക്കെ എല്ലാവർക്കും അറിയാം. അറിയാത്ത കാര്യങ്ങളൊന്നുമല്ല. അവിടെ വലിയൊരു കച്ചവടമാണ് നടന്നിരിക്കുന്നത്. അതിൽ യാതൊരു സംശയവുമില്ല. പൊളിറ്റിക്കൽ ലീഡർഷിപ്പ്, അന്നത്തെ ആളുകൾ അറിഞ്ഞിട്ടാണോ അറിയാതെയാണോ ആ വക കാര്യങ്ങളെ സംബന്ധിച്ച ദുരൂഹതകളൊക്കെ ഇപ്പോൾ വർദ്ധിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കഴിഞ്ഞപ്പോൾ അതിന്റെ വ്യക്തത തീരെയില്ലാതെ വന്നു. വലിയൊരു സംഭവമായി ഇത് മാറി. വനം കൊള്ള എന്നത് കേരളത്തിൽ കുറേക്കാലമായി കേട്ടുകേൾവിയില്ലാത്ത വിഷയമായിരുന്നു. പർപ്പസ്ഫുള്ളായി കർഷകരെ സംരക്ഷിക്കാനുള്ള നിയമത്തിന്റെ മറവിൽ ചില ഉദ്യോഗസ്ഥന്മാർ യോജിച്ചു, ചില ഉദ്യോഗസ്ഥന്മാർ യോജിച്ചില്ല. യോജിക്കാത്തവർ അതിനുള്ള ഒബ്ജക്ഷൻ രേഖപ്പെടുത്തി; ലാ ഡിപ്പാർട്ടുമെന്റിന്റെ ശ്രദ്ധയിൽ വന്നപ്പോൾ അവരെതിർത്തു; തടയാൻ ഓടിയെത്തി, തടഞ്ഞവന്റെ പേരിൽ നടപടിയും എടുത്തു. അപ്പോൾ എന്തോ ഒരു വലിയ ഗൂഢാലോചന ഈ കാര്യത്തിൽ നടന്നിട്ടുണ്ടെന്നുള്ള കാര്യം ഇന്നത്തെ ചർച്ചയോടുകൂടി വളരെ വ്യക്തമായി. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച് ഗവൺമെന്റ് ക്ലാരിഫൈ ചെയ്യാതെ കേരളത്തിലെ ജനങ്ങളുടെ

സംശയം മാറില്ല. ഇത് ഗൗരവമുള്ള പ്രശ്നം കൂടിയാണ്. കുറെക്കാലമായി വനംകൊള്ള നമ്മുടെ നാട്ടിലോ, വയനാട്ടിലോ ഇല്ല, എവിടെയും ഇല്ല. പരിസ്ഥിതി ദിനം ഒരു ദിവസം മുമ്പേയാണ് നടത്തിയത്. ഇലക്ഷൻ കാലത്ത് ആരും അറിയാത്ത ഒരു സമയത്ത് അതിന്റെ തൊട്ടുമുമ്പ് ഇങ്ങനെയൊരു സംഭവം പ്ലാൻ ചെയ്ത് നടത്തിയതാണെന്നേ കേട്ടാൽ തോന്നുകയുള്ളൂ എന്നുപറയേണ്ടിവന്നതിൽ വളരെയധികം വിഷമമുണ്ട്. നിങ്ങളുടെ മറുപടിയിലുള്ള ക്ലാരിറ്റിക്കുറവിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇരുന്നൂറു വർഷമെങ്കിലും പ്രായമുള്ള ഈട്ടിത്തടികളാണ് വെട്ടിക്കടത്തിയത്; അതും ഗവൺമെന്റ് ഉത്തരവിന്റെ മറവിൽ. അതിനിടയിൽ ചില ഉദ്യോഗസ്ഥന്മാർ ഇതിന്റെ അപാകത ചൂണ്ടിക്കാണിച്ചു. റേഞ്ച് ഓഫീസറുടെ കാര്യം പ്രത്യേകം പറയുന്നു. ആ റേഞ്ച് ഓഫീസർക്കെതിരെ നടപടി സ്വീകരിക്കാൻ തിരുവനന്തപുരത്തുനിന്നും ആൾ എത്തിയെന്നാണ് പറയുന്നത്. ഇതിലെന്തോ ദുരൂഹതയുണ്ട്. ഇത്രയും കാലം എത്രയോ ഗവൺമെന്റുകളെ മറികടന്നാണ് ഈട്ടിത്തടി വളർന്ന് വലുതായത്. അതിനിടയിൽ ഈയൊരു കാര്യം നടന്നു; അത് കണ്ടെത്തി. കണ്ടെത്തിയപ്പോൾ തടസ്സം ചെയ്യാൻ നടപടി, പെരുമ്പാവൂരിലും എറണാകുളത്തും ഈ കാര്യമെത്തി. എത്രയോ സമയം കഴിഞ്ഞിട്ടാണ് നടപടിയുണ്ടായത്. അതുകൊണ്ട് ഈ വിഷയം ഗൗരവമായെടുത്ത് ചർച്ച ചെയ്യാത്തതിന്റെ പേരിൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയിൽ കർഷകരെ സഹായിക്കുവാൻവേണ്ടിയുള്ള നടപടികളുടെ ഭാഗമായിട്ടാണ് ഇത്തരത്തിലുള്ള ഉത്തരവിലേയ്ക്ക് നീങ്ങിയതെന്ന് സൂചിപ്പിച്ചു. കർഷകരെ സഹായിക്കാനുള്ള എന്ത് ക്രിയാത്മകമായ നടപടി ഗവൺമെന്റ് സ്വീകരിച്ചാലും തീർച്ചയായും അതിനെ ഞങ്ങൾ പിന്തുണയ്ക്കും. കർഷകരുടെ മണ്ണിൽ അവർ നട്ടുപിടിപ്പിച്ചിട്ടുള്ള മരങ്ങൾ അവർക്ക് അവകാശപ്പെട്ടതാണ്; അതിന് യാതൊരു സംശയവുമില്ല. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിതന്നെ ഈ ഉത്തരവ് ദുർവ്യാഖ്യാനിക്കപ്പെട്ടു എന്നുപറഞ്ഞു. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഈ ഉത്തരവ് വായിച്ചപ്പോൾ, അതിനകത്ത് കൃത്യമായ നിലയിൽ ഒരുപാട് ലൂപ്ഹോൾസ് എഴുതിച്ചേർത്ത് ബോധപൂർവ്വം

ഈയൊരു ഉത്തരവ് വനംകൊള്ളയ്ക്കുവേണ്ടി ഇറക്കിയതാണെന്നത് ഇന്ന് മുന്നോട്ടുവന്നിരിക്കുന്നു; അതുതന്നെയാണ് തെളിയിക്കപ്പെട്ടിരിക്കുന്നത്. കഴിഞ്ഞ ഫെബ്രുവരി മാസം വരെ നടന്ന മരംമുറി അതിലേയ്ക്കാണ് വെളിച്ചം വീശുന്നത്. ഇത് വലിയൊരു ഓർഗനൈസ്ഡ് ക്രൈം തന്നെയാണ്. കേരളത്തിൽ കേട്ടുകേൾവിയില്ലാത്ത നിലയിലുള്ള വലിയൊരു വനംകൊള്ളയാണ് നടന്നത്. അതു തടയിടാൻ ശ്രമിച്ച ഉദ്യോഗസ്ഥർപോലും ഇന്ന് പ്രതിക്കൂട്ടിലാകുന്ന സാഹചര്യത്തിലേയ്ക്കുവന്നു. ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹം ചാർജ്ജെടുത്തതിന് ശേഷമുള്ള കാര്യം പറഞ്ഞു. അങ്ങ് മറ്റൊരു ഗവൺമെന്റിന്റെ തുടർച്ചയാണ്. അതുകൊണ്ട് കഴിഞ്ഞ മന്ത്രി അല്ലെങ്കിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത് എന്നുപറഞ്ഞ് അങ്ങേയ്ക്ക് കൈ കഴുകാൻ കഴിയുന്ന ഒന്നല്ല ഈ വിഷയം. ഇതിനകത്ത് ശക്തവും സുതാര്യവുമായ നടപടികൾ ജനം പ്രതീക്ഷിക്കുന്നു, ആഗ്രഹിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) നിർമ്മാണ മേഖലയിലെ പ്രതിസന്ധി

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും അവയുടെ ക്രമാതീതമായ വിലക്കയറ്റവും കോവിഡിന്റെ പ്രത്യാഘാതവും നിർമ്മാണ രംഗത്ത് സൃഷ്ടിച്ച സ്തംഭനാവസ്ഥയും കാരണം നിർമ്മാണത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ചാണ് ഞാൻ ശ്രദ്ധക്ഷണിക്കൽ ഉന്നയിക്കുന്നത്. ലോക്ഡൗണിനെ തുടർന്ന് നിർമ്മാണ സാധനങ്ങൾ കിട്ടാനില്ലാത്തതും വില കുത്തനെ ഉയർന്നതും കാരണം നിർമ്മാണമേഖല ആകെ സ്തംഭിച്ചിരിക്കുകയാണ്. ഈ മേഖലയിലെ അവശ്യ വസ്തുക്കളുടെ വിലക്കയറ്റവും കൃത്രിമ ക്ഷാമവും വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. സംസ്ഥാനം പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന ഘട്ടത്തിലെല്ലാം സാധനങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് കുത്തകക്കമ്പനികൾ സ്ഥിരം ശീലമാക്കിയിരിക്കുകയാണ്. രണ്ട് പ്രളയങ്ങൾ വന്നപ്പോഴും കോവിഡിന്റെ ആദ്യ വരവിലും ഇതുപോലെ വിലവർദ്ധനവുണ്ടായി. സിമന്റ്, കമ്പി, പാറപ്പൊടി,

എം-സാൻഡ്, ചല്ലി, കരിങ്കല്ല് തുടങ്ങിയവയ്ക്കെല്ലാം വൻതോതിലാണ് വില വർദ്ധിച്ചത്. 310-350 രൂപ വിലയുണ്ടായിരുന്ന ഒരു ചാക്ക് സിമന്റിന് ഇപ്പോൾ 500-530 രൂപ വരെ കൊടുക്കേണ്ടിവരുന്നു. കിലോയ്ക്ക് 40-45 രൂപ വിലയുണ്ടായിരുന്ന കമ്പിക്ക് ഇപ്പോൾ 95-102 രൂപ വരെ വില വർദ്ധിച്ചിരിക്കുകയാണ്. 9,000 രൂപയുണ്ടായിരുന്ന പാറപ്പൊടിക്ക് 14,000 രൂപ വരെ വർദ്ധിച്ചിരിക്കുകയാണ്. ഇവയ്ക്ക് വില വർദ്ധിച്ചതോടൊപ്പം സിമന്റ് കട്ടകൾക്ക് രൂക്ഷമായ ക്ഷാമവും അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. തമിഴ്നാട്ടിലും കർണ്ണാടകയിലും നിയന്ത്രണങ്ങൾ കർശനമാക്കിയതോടെ അവിടെനിന്നുള്ള സിമന്റ്കട്ടകൾ വരുന്നില്ല. നിർമ്മാണ സാമഗ്രികളുടെ വില കൂട്ടിയതോടെ കട്ട നിർമ്മാതാക്കളും പ്രതിസന്ധിയിലായിരിക്കുകയാണ്. പെയിന്റ്, ഇലക്ട്രിക്കൽ ആൻഡ് പ്ലംബിംഗ് ഐറ്റംസ്, ടൈൽസ് എന്നിവയ്ക്കും നിയന്ത്രണമില്ലാത്ത വിധം വില വർദ്ധിക്കുകയാണ്. കോവിഡ് കാലത്ത് നിർമ്മാണ മേഖലയ്ക്ക് സർക്കാർ ഇളവുകൾ അനുവദിച്ചെങ്കിലും ഇതര സംസ്ഥാനത്തൊഴിലാളികളുടെ കൂട്ടപ്പലായനവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും നിർമ്മാണ മേഖലയെ തകർത്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഏതാണ്ട് മുപ്പത് ലക്ഷത്തിൽപ്പരം പേർ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നുവെന്നാണ് അനൗദ്യോഗിക കണക്ക്. നിർമ്മാണ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ ജീവിതംതന്നെ വഴിമുട്ടി നിൽക്കുകയാണ്. തൊഴിലാളി വിരുദ്ധ കരിനിയമങ്ങളുമായി അവരുടെ അവകാശ നിഷേധവുമായിട്ടാണ് കേന്ദ്ര ഗവൺമെന്റ് ഭരണനിർവ്വഹണവുമായി മുന്നോട്ടുപോകുന്നത്. കേന്ദ്ര സർക്കാരിന്റെ കൊടുംപീഡനംകൊണ്ട് പൊറുതിമുട്ടുന്ന തൊഴിലാളികളെയും തൊഴിൽ മേഖലയെയും ഒരു സംസ്ഥാന ഗവൺമെന്റിന്റെ പരിമിതിക്കകത്ത് നിന്നുകൊണ്ട് സംരക്ഷിച്ച് നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുകൊണ്ടുപോകുന്ന ഒരു സർക്കാരാണ് കേരളത്തിലെ പിണറായി വിജയൻ സർക്കാർ. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്തുന്നതിൽ നമ്മുടെ ഗവൺമെന്റ് നടത്തുന്ന പ്രവർത്തനം വളരെ ശ്ലാഘനീയമാണ്. ഇക്കഴിഞ്ഞ അഞ്ച് വർഷക്കാലം പതിമൂന്നോളം നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രിച്ച് നിർത്താൻ നമുക്ക് കഴിഞ്ഞു. ഇത് ഇന്ത്യൻ സംസ്ഥാനങ്ങൾക്കുതന്നെ മാതൃകയാണ്. ഈ മേഖലയിലും നമുക്ക് ഇടപെടാൻ കഴിയണം. കോവിഡ് നിയന്ത്രണങ്ങളിൽ നിർമ്മാണത്തൊഴിലിന് ഇളവ് നൽകിയെങ്കിലും നിർമ്മാണ മേഖലയിലെ സ്തംഭനം കാരണം സർക്കാർ മേഖലയിലെ വികസന പ്രവർത്തനങ്ങളടക്കം ചിലയിടങ്ങളിൽ നിർത്തിവയ്ക്കേണ്ടി വന്നിരിക്കുകയാണ്. ഇതോടുകൂടി ഈ മേഖലയിലെ പ്രതിസന്ധി അതിരൂക്ഷമായിരിക്കുകയാണ്. ഈ മേഖലയിലെ സ്തംഭനം നിമിത്തം

തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ ലഭിക്കാത്ത സാഹചര്യംകൂടി സംജാതമായിരിക്കുകയാണ്. അതുകൊണ്ടുതന്നെ നിർമ്മാണ രംഗത്ത് നിലനിൽക്കുന്ന സ്തംഭനാവസ്ഥയും ഇതേത്തുടർന്ന് തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയും പരിഹരിക്കാനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുകയാണ്.

[11.00 am]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നിർമ്മാണത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധിയെ സംബന്ധിച്ച് പറയുമ്പോൾ, തുടർച്ചയായുള്ള ഇന്ധന വില വർദ്ധനവിന്റെയും മറ്റും ഭാഗമായി അഖിലേന്ത്യാ തലത്തിൽ വിവിധ നിർമ്മാണ സാമഗ്രികൾക്ക് വില വർദ്ധിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് അവയ്ക്ക് ലഭ്യതക്കുറവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കോവിഡിന്റെ പ്രത്യാഘാതം സമഗ്ര മേഖലകളും നേരിടുന്നുണ്ട്. സമഗ്ര മേഖലകളിലെയും പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനുള്ള ഇടപെടൽ സംസ്ഥാന സർക്കാർ നടത്തിവരികയാണ്. കേരളത്തിൽ നിർമ്മാണ മേഖലയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുത്തുവരുന്നു. നിർമ്മാണ ത്തൊഴിലാളികളുടെയും പെൻഷൻകാരുടെയും ക്ഷേമം ഉറപ്പ് വരുത്തുകയാണ് നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. രണ്ടാം കോവിഡ് തരംഗത്തിന്റെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിച്ചെങ്കിലും നിർമ്മാണ മേഖലയ്ക്ക് ലോക്ഡൗൺ ഇളവുകൾ നൽകിയതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇങ്ങനെ ലോക്ഡൗൺ ഇളവുകൾ നൽകിയതിലൂടെ തദ്ദേശീയരായ തൊഴിലാളികൾക്കും അതിഥി ത്തൊഴിലാളികൾക്കും ഈ മേഖലയിൽ ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണത്തൊഴിലാളി ക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് 2020-ൽ കൊവിഡ്-19-ന്റെ ഭാഗമായി പ്രത്യേക ധനസഹായമായ ആയിരം രൂപ വീതം വിതരണം ചെയ്യുകയുണ്ടായി. തുടർന്നുവന്ന കൊവിഡ്-19-ന്റെ രണ്ടാം ഘട്ടത്തിലും അംഗങ്ങളായ എല്ലാ തൊഴിലാളികൾക്കും ആയിരം രൂപ വിതരണം ചെയ്യുന്നതിന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർമാരെ ചുമതലപ്പെടുത്തുകയും ഫണ്ട് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. രാജഗോപാലൻ: സർ, എല്ലാ പ്രതിസന്ധി ഘട്ടത്തിലും അതിജീവനത്തിന്റെ കരുത്ത് പകർന്നുകൊണ്ട് ജനപക്ഷത്ത് നിൽക്കുന്ന മഹാ പ്രസ്ഥാനമാണ് കേരളത്തിലെ സഹകരണ മേഖല. നിർമ്മാണ മേഖലയിലെ

പ്രതിസന്ധി പരിഹരിക്കാൻ നിർമ്മാണ സാമഗ്രികളുടെ വിപണിയിൽ കൺസ്യൂമർഫെഡ് ഉൾപ്പെടെയുള്ള സഹകരണ മേഖലയിലെ സാധ്യതകളെ പ്രയോജനപ്പെടുത്തിക്കൊണ്ട് സർക്കാർ ഇടപെടുന്നതിനെക്കുറിച്ച് ആലോചിക്കാമോ?

ശ്രീ. വി. ശിവൻകുട്ടി: സർ, നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു. അതിനുള്ള കാരണം ഞാൻ വ്യക്തമാക്കുകയുണ്ടായി. സിമന്റ്, കമ്പി, കരിങ്കല്ല് തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ് ഇന്ന് പൊതുവിൽ ഉണ്ടായിട്ടുണ്ട്. അതോടൊപ്പം തന്നെ എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതിന്റെ ഫലമായിട്ടുള്ള ബുദ്ധിമുട്ടും അനുഭവിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇതുമായി ബന്ധപ്പെട്ട് ഉത്തരവിറക്കിയിട്ടുണ്ട്. അതെല്ലാം ഈ രംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്.

ഡാമുകളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് അതിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മണൽ നീക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ആലോചിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ലോക്ഡൗൺ കാലത്ത് സിമന്റിന്റെയും കമ്പിയുടെയുമൊക്കെ വില വർദ്ധിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഇതെല്ലാം കുത്തകകൾക്ക് നൽകിയിരിക്കുകയാണ്. അതുകൊണ്ടുതന്നെ നിർമ്മാണ രംഗത്ത് സഹകരണ പ്രസ്ഥാനത്തിന്റെകൂടി സഹായം തേടിക്കൊണ്ടുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത് സംബന്ധിച്ച് സഹകരണ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) യു.ജി.സി. അംഗീകാരം ലഭ്യമാക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കുമെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽത്തന്നെ ബഹുമാന്യനായ മുഖ്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങൾ ഇന്ന് യാഥാർത്ഥ്യമായിരിക്കുകയാണ്. അതിൽനിന്ന് ഒരിക്കലും നമുക്ക് മാറിനിൽക്കാൻ കഴിയാത്ത ഒരു അവസ്ഥാവിശേഷം കേരളത്തിൽ സംജാതമായിട്ടുണ്ട്. ഏകദേശം 650-ഓളം സ്വാശ്രയ സ്ഥാപനങ്ങൾ ഈ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ലക്ഷക്കണക്കിന് കുട്ടികളാണ് അവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. എഴുപത് ശതമാനം വരുന്ന ഈ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ ശ്രദ്ധക്ഷണിക്കലിലൂടെ പറയാനാഗ്രഹിക്കുന്നത്. ഏകജാലക സംവിധാനത്തിലൂടെ

യൂണിവേഴ്സിറ്റിയാണ് സ്വാശ്രയ സ്ഥാപനങ്ങളിൽ പഠിക്കുന്ന അമ്പത് ശതമാനം കുട്ടികളെ അഡ്മിറ്റ് ചെയ്യുന്നത്. അങ്ങ് ആ മേഖലയിൽ പ്രവർത്തിച്ച ആൾ കൂടിയായതുകൊണ്ട് അങ്ങേയ്ക്ക് അത് അറിയാമായിരിക്കും. അങ്ങനെ അഡ്മിറ്റ് ചെയ്യുന്ന കുട്ടികൾക്കടക്കം കേന്ദ്ര ഗവൺമെന്റിന്റെ RUSA (Rashtriya Uchchatar Shiksha Abhiyan) അടക്കമുള്ള ധാരാളം പദ്ധതികളിലൂടെ സാമ്പത്തിക സഹായം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് പഠനത്തിനും റിസർച്ചിനും പ്രോജക്ടുമായി ബന്ധപ്പെട്ടും, അദ്ധ്യാപകർക്ക് ക്വാളിറ്റി ഇംപ്രൂവ്മെന്റിന് വേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുമൊക്കെ ലക്ഷക്കണക്കിന് രൂപ സാമ്പത്തിക സഹായം കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. പക്ഷേ കേരളത്തെ സംബന്ധിച്ചിടത്തോളം എഴുപത് ശതമാനം കുട്ടികൾക്കും ഇതിൽനിന്നും നയാപൈസപോലും കിട്ടുന്നില്ലെന്നത് വളരെ വ്യക്തമാണ്. അതിന് ഒരു കാരണം, UGC ആക്ടിലെ സെക്ഷൻ 2(f), 12(b) എന്നിവ അനുസരിച്ചാണ് കോളേജുകൾക്ക് സാമ്പത്തിക സഹായം നൽകുന്നത്. 2(f) പ്രവർത്തന മികവ് നോക്കിയാണ് നൽകുന്നതെന്ന് അങ്ങേയ്ക്കുതന്നെ അറിയാം. എന്നാൽ, യൂണിവേഴ്സിറ്റി പെർമനന്റ് അഫിലിയേഷൻ നൽകിയാലേ 12(b) അനുസരിച്ച് സ്വാശ്രയ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽനിന്ന് ഇത്തരം സാമ്പത്തിക സഹായങ്ങൾ ലഭിക്കുവെന്നുള്ളതാണ് വസ്തുത. പെർമനന്റ് അഫിലിയേഷൻ ഇല്ലാതെ ഇത്തരം സ്വാശ്രയ സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്കോ വിദ്യാർത്ഥികൾക്കോ ഗവൺമെന്റിൽനിന്നും, RUSA അടക്കമുള്ളവയിൽനിന്നും സാമ്പത്തിക സഹായം ലഭിക്കില്ല. മറ്റ് സംസ്ഥാനങ്ങളിലൊക്കെ ഇതുപോലുള്ള സ്വാശ്രയ സ്ഥാപനങ്ങൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകിയിട്ടുണ്ട്. അതുകൊണ്ടുതന്നെ അവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്നുമുണ്ട്. ആവശ്യമായ മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് സ്വാശ്രയ സ്ഥാപനങ്ങൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകുന്നതിനുള്ള നടപടിയുണ്ടാകണമെന്നതാണ് ഞാൻ ഇതിലൂടെ ആവശ്യപ്പെടുന്നത്. ഇപ്പോൾ ധാരാളം ഗ്രാന്റുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നതിന്റെ ബലത്തിലാണ് യൂണിവേഴ്സിറ്റികൾ പലതും പ്രവർത്തിക്കുന്നത്. ആ സാമ്പത്തിക സഹായം നഷ്ടപ്പെടുത്താതെ തന്നെ, പെർമനന്റ് അഫിലിയേഷൻ കൊടുക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ കേരളത്തിലെ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്കും പഠനത്തിനും റിസർച്ചിനും പ്രോജക്ടിനുമെല്ലാം സാമ്പത്തിക സഹായം ലഭ്യമാകും. അതുപോലെതന്നെ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന ഫീ കൺസഷനും ലംപ്സം ഗ്രാന്റും പോലുള്ള സാമ്പത്തിക സഹായങ്ങളും ഐ.എച്ച്.ആർ.ഡി.-യിലും എൽ.ബി.എസ്.-ലും പഠിക്കുന്ന കുട്ടികൾക്ക് ലഭിക്കുന്ന സഹായങ്ങളും ലഭിക്കുന്നില്ല. ഇതിനെല്ലാം കാരണം

യൂണിവേഴ്സിറ്റി പെർമനന്റ് അഫിലിയേഷൻ നൽകാത്തതാണ്. അതുകൊണ്ട് ഗവൺമെന്റ് നയത്തിൽ മാറ്റംവരുത്തി ഈ കുട്ടികളെ സഹായിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കാൻ കഴിയുമോയെന്നതാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ഉന്നതവിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (പ്രൊഫ. ആർ. ബിന്ദു): സർ, സംസ്ഥാനത്തെ സർവ്വകലാശാലകളുടെ ആക്ട്സും സ്റ്റാറ്റ്യൂട്ട്സും പ്രകാരം സ്വാശ്രയ കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ നൽകുന്ന വ്യവസ്ഥകൾ നിലവിലില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ കോളേജുകൾക്ക് പെർമനന്റ് അഫിലിയേഷൻ അനുവദിക്കാൻ കഴിയുന്നതല്ല. സ്വാശ്രയ കോളേജുകളുടെ ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതയും അക്കാദമിക് ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി സർവ്വകലാശാലയുടെ മേൽനോട്ടവും നിരീക്ഷണവും ആവശ്യമാണെന്നതിനാൽ അഫിലിയേഷൻ സംബന്ധിച്ച് നിലവിലുള്ള രീതി തുടരുന്നതാണ് ഉചിതം. ഇപ്പോൾ നിലവിൽ സർവ്വകലാശാലകളിലെ ഗവൺമെന്റ് കോളേജുകളിലോ എയ്ഡഡ് കോളേജുകളിലോപോലും പെർമനന്റ് അഫിലിയേഷൻ നൽകുന്നില്ല. 2012-ൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നിരീക്ഷിക്കുകയും സി.&എ.ജി. ചൂണ്ടിക്കാണിക്കുകയും ചെയ്ത കാര്യത്തിലേയ്ക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധകൊണ്ടുവരികയാണ്. കേരളത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് 'പെർമനന്റ് അഫിലിയേഷൻ' എന്ന പദപ്രയോഗം ഉപയോഗിച്ചിട്ടില്ലെന്നുള്ളതുകൊണ്ട് പ്രൊവിഷണൽ അഫിലിയേഷനാണ് ഗവൺമെന്റ് കോളേജുകൾക്കും എയ്ഡഡ് കോളേജുകൾക്കുംപോലും ഇപ്പോൾ കൊടുത്തുവരുന്നത്. സ്വാശ്രയ കോളേജുകളെ സംബന്ധിച്ചിടത്തോളം അദ്ധ്യാപക നിയമനമുൾപ്പെടെ യു.ജി.സി. മാനദണ്ഡങ്ങൾ പലപ്പോഴും പാലിക്കപ്പെടാത്തതിനാൽ സ്വാശ്രയ കോളേജുകൾക്ക് സ്ഥിരം അഫിലിയേഷൻ നൽകുന്ന കാര്യം സർവ്വകലാശാലകൾക്ക് പരിഗണിക്കാൻ കഴിയില്ല. യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള 2009-ലെ റെഗുലേഷന്റെ clause No.5.3 പ്രകാരം 'All the teaching and non-teaching staff are appointed on permanent (appointed on regular basis, in case of Government College) on the UGC/Government scales of pay' എന്നുപറയുന്നുണ്ട്. യു.ജി.സി.യും ഗവൺമെന്റും നിഷ്കർഷിക്കുന്ന സ്കെയിൽ ഓഫ് പേ-യിൽ യു.ജി.സി. മാനദണ്ഡങ്ങൾക്ക് വിധേയമായി അദ്ധ്യാപക നിയമനം നടത്തുന്ന സ്ഥാപനങ്ങളെന്നാണ് ഉദ്ദേശിക്കുന്നത്. സ്വാശ്രയ കോളേജുകൾ ഈ രീതി പിന്തുടരുന്ന സ്ഥിതി ഇല്ലാത്തതുകൊണ്ട് സർവ്വകലാശാലകൾക്ക് ഈ അഫിലിയേഷൻ വിഷയം പരിഗണിക്കാൻ കഴിയുന്ന സാഹചര്യം ഇപ്പോൾ നിലവിലില്ല. സ്വാശ്രയ കോളേജുകൾക്ക് പെർമനന്റ്

അഫിലിയേഷൻ നൽകണമെന്ന ആവശ്യം വിശദമായ പരിശോധനയും നയപരമായ തീരുമാനവും ആവശ്യമുള്ള കാര്യമാണ്. കൂടാതെ കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നതും അഫിലിയേഷനുമായി നേരിട്ട് ഒരു ബന്ധവും നിലനിൽക്കുന്നതല്ല. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്കോളർഷിപ്പിന്റെ കാര്യത്തിൽ അവരുടെ ബൈലോയിൽ ഗവൺമെന്റ്, എയ്ഡഡ്, നോൺ പ്രൊഫഷണൽ കോളേജസ് എന്ന് പ്രത്യേകം പറയുന്നുണ്ട്. പെർമനന്റ് അഫിലിയേഷനുമായി ബന്ധപ്പെട്ട് സ്കോളർഷിപ്പുകളുടെയും മറ്റ് ഗ്രാന്റുകളുടെയും കാര്യത്തിൽ നേരിട്ടുള്ള യാതൊരുവിധ ബന്ധവും നിലനിൽക്കുന്നതല്ല. പെർമനന്റ് അഫിലിയേഷൻ സ്വാശ്രയ കോളേജുകൾക്ക് നൽകണമെന്ന ആവശ്യം വിശദമായ പരിശോധനയും നയപരമായ തീരുമാനവും ആവശ്യമുള്ള കാര്യമാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, അതുകൊണ്ടാണ് മാനദണ്ഡം മാറ്റിയാലേ സാധ്യമാകുകയുള്ളൂവെന്ന് ഞാൻ സൂചിപ്പിച്ചത്. പെർമനന്റ് അഫിലിയേഷൻ ഇല്ലാത്തതുകൊണ്ടുതന്നെയാണ് കുട്ടികൾക്ക് സ്കോളർഷിപ്പ് കിട്ടാത്തത്; അതാണ് വസ്തുത. അങ്ങ് അത് ശ്രദ്ധിക്കണം. എന്റെ ചോദ്യം, as per UGC regulation 2009, published in the Government of India Gazette on February 2010, 'Colleges which have completed at least five years of satisfactory performance can be sanctioned permanent affiliation' എന്നാണ്. അഞ്ച് കൊല്ലം സുസ്ഥിരമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പെർമനന്റ് അഫിലിയേഷൻ കൊടുക്കാവുന്നതാണെന്ന യു.ജി.സി.യുടെ നിയമപരമായ പ്രസ്താവന കേരളത്തിലെ വിവിധങ്ങളായ യൂണിവേഴ്സിറ്റികളുടെ സ്റ്റാറ്റ്യൂട്ടുകളിൽ ഉൾപ്പെടുത്താനുള്ള ശ്രമം നടത്താൻ കഴിയുമോ എന്നാണ് എന്റെ ചോദ്യം.

പ്രൊഫ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ആ വാചകം മുഴുവൻ പറഞ്ഞില്ല എന്ന് ഞാൻ സവിനയം ചൂണ്ടിക്കാണിക്കുകയാണ്. 'The college shall have completed at least five years of satisfactory performance', അവിടെ വരെ മാത്രമാണ് അങ്ങ് സൂചിപ്പിച്ചത്. അതിനുശേഷമുള്ളത് after getting temporary affiliation and attain the academic and administrative standards as prescribed by University' എന്നാണ്. അടുത്ത clause-ൽ വളരെ വ്യക്തമായി teachers-ന്റെ നിയമനവും സേവന-വേതന സാഹചര്യങ്ങളും യു.ജി.സി.യും ഗവൺമെന്റും നിഷ്കർഷിക്കുന്ന വിധത്തിലാകണമെന്ന് സൂചിപ്പിക്കുന്നുണ്ട്. അത് ഞാൻ നേരത്തെ വായിച്ചുകഴിഞ്ഞതാണ്. അക്കാര്യത്തിൽ നമ്മുടെ സ്വാശ്രയ സ്ഥാപനങ്ങൾ വളരെ പരിമിതികൾ നേരിടുന്നവയാണെന്നുള്ളതുകൊണ്ട് തീർച്ചയായും വളരെയേറെ പ്രയാസകരമായ സ്ഥിതിയാണ് അഫിലിയേഷൻ ഗ്രാന്റ് ചെയ്യുന്ന കാര്യത്തിലുണ്ടാകുക.

## V. സബ്മിഷൻ

### (1) വായ്പാ കുടിശ്ശിക തിരിച്ചടവ്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ കുറേ മാസങ്ങളായി ലോക്ഡൗൺ അനിശ്ചിതമായി തുടരുകയാണ്. മാത്രമല്ല, മഹാമാരിയുടെ രണ്ടാംവരവിൽ നമ്മുടെ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടിയിരിക്കുകയാണ്. നല്ലൊരു ശതമാനം ആളുകൾക്ക് ജോലിക്ക് പോകാൻ കഴിയുന്നില്ല. ശമ്പളക്കാരല്ലാത്തവർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യം നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ നാട്ടിലെ ഏകദേശം ആളുകളും, പ്രത്യേകിച്ച് പ്രതിമാസ ശമ്പളക്കാരല്ലാത്ത മുഴുവൻ ആളുകളും ഏതെങ്കിലും തരത്തിലുള്ള കട ബാധ്യതയുള്ളവരായിരിക്കും. കടബാധ്യതയില്ലാത്ത ഒരു മലയാളിയെയും നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയില്ല. വായ്പ തിരിച്ചടയ്ക്കുന്നതിനുവേണ്ടിയുള്ള ഒരുപാട് സൗകര്യങ്ങൾ കോവിഡിന്റെ ഒന്നാം വരവിന്റെ കാലത്തുണ്ടായിരുന്നു. ബാങ്കുകളുമായി ആലോചിച്ച് ബാങ്ക് വായ്പകൾക്ക് അന്ന് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു, തിരിച്ചടവിനുള്ള സമയം നീട്ടിക്കൊടുത്തിരുന്നു. നമുക്ക് നേരിട്ട് ചെയ്യാൻ കഴിയുന്ന സഹകരണ ബാങ്ക് വായ്പകൾക്കും സമയം നീട്ടിക്കൊടുത്തിരുന്നു. അതുപോലെതന്നെ ഒരു പ്രവർത്തനവും നടക്കാത്ത സാഹചര്യത്തിൽ കുടുംബശ്രീ ലോണുകൾ തിരിച്ചടയ്ക്കുന്നതിന് സാവകാശം നൽകണം. സ്വർണ്ണം പണയം വച്ച ആളുകളെ സ്വർണ്ണം എടുത്തില്ലെങ്കിൽ അത് ഉടനെ ലേലം ചെയ്യുമെന്ന് പറഞ്ഞ് സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ വല്ലാതെ നിർബന്ധിക്കുകയാണ്. മാത്രമല്ല മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളും ഇത്തരത്തിൽ എല്ലാ ആഴ്ചകളിലും വീടുകളിൽ വന്ന് ലോൺ തിരിച്ചടയ്ക്കുന്നതിനുവേണ്ടി സ്ത്രീകളെ നിർബന്ധിക്കുകയാണ്. ഇതുകൂടാതെ വ്യവസ്ഥാപിതമല്ലാത്ത, മറ്റ് സംസ്ഥാനങ്ങളിൽ നിന്നൊക്കെ വരുന്ന ധാരാളം ഏജൻസികൾ കേരളത്തിൽ സാധാരണക്കാർക്ക് ലോൺ കൊടുത്തിട്ടുണ്ട്. ഒന്നാം കോവിഡ് കാലത്ത് ഇതിനൊക്കെ ഒരു വ്യവസ്ഥാപിതമായ സംവിധാനം സർക്കാർതന്നെ മുൻകയ്യെടുത്ത് ഏർപ്പെടുത്തിയിരുന്നു. ഇപ്പോൾ ഇതൊന്നും നിലവിലില്ല. എല്ലാവരും വല്ലാതെ പ്രയാസപ്പെടുകയാണ്. ജനപ്രതിനിധികളായ നമ്മളെല്ലാം എവിടെച്ചെന്നാലും ആളുകൾ ഇതാണ് പരാതി പറയുന്നത്. വായ്പ തിരിച്ചടയ്ക്കേണ്ട കാലാവധി കുറഞ്ഞത് മൂന്ന് മാസമെങ്കിലും നീട്ടിക്കൊടുക്കേണ്ട സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. എല്ലാവരെയും ബാധിക്കുന്ന പ്രശ്നമാണിത്. എങ്ങനെയാണ് ഒരു ലോൺ തിരിച്ചടയ്ക്കാൻ പറ്റുന്നത്? സഹകരണ ബാങ്ക് ലോണോ കുടുംബശ്രീ ലോണോ ഒന്നും തിരിച്ചടയ്ക്കാൻ പറ്റാത്ത ഏറ്റവും

പ്രയാസം നിറഞ്ഞ ഒരു കാലഘട്ടമാണിത്. അതുപോലെ ഹോസ്പിറ്റാലിറ്റി ഇൻഡസ്ട്രിയെക്കുറിച്ച് നമ്മൾ കഴിഞ്ഞ ദിവസം ഇവിടെ സംസാരിച്ചു; അവ മുഴുവൻ തകർന്നുപോയിരിക്കുകയാണ്. ലോക്ഡൗണിന്റെ ഭാഗമായി ടാക്സി, ഓട്ടോ, ചരക്കുവാഹനങ്ങൾ ഇതൊന്നും മൂവ് ചെയ്യുന്നില്ല. ടൂറിസ്റ്റ് ബസ്സുകൾ, പ്രൈവറ്റ് ബസ്സുകൾ എന്നിവയുടെ ഉടമസ്ഥരുടെ കാര്യവും വലിയ പ്രശ്നത്തിലാണ്, പ്രതിസന്ധിയിലാണ്. അവർക്ക് വായ്പ തിരിച്ചടയ്ക്കാൻ സാധിക്കുന്നില്ല. ടാക്സി, ടൂറിസ്റ്റ് ബസ്സുകൾ, ഓട്ടോ, ചരക്ക് വാഹനങ്ങൾ ഇവയൊന്നും ഓടുന്നില്ല. അതുകൊണ്ട് ലോക്ഡൗൺ സമയത്തേയ്ക്കുള്ള വാഹന നികുതി റദ്ദാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവകരമായി ആലോചിക്കണം. മാത്രമല്ല, അവർക്ക് ലോൺ തിരിച്ചടയ്ക്കുന്നതിനുവേണ്ടിയുള്ള സമയപരിധികൂടി സർക്കാർ നിശ്ചയിക്കണം. ധനകാര്യ വകുപ്പുമന്ത്രിതന്നെ മുൻകയ്യെടുത്ത് നാഷണലൈസ്ഡ് ബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും യോഗം അടിയന്തരമായി വിളിച്ചുകൂട്ടി, അവരുടെ മുന്നിൽ ഗവൺമെന്റ് ഒരു റിക്വസ്റ്റ് വച്ചാൽ ഇതിനൊരു നടപടിയുണ്ടാകും. അത്തരത്തിലുള്ള കീഴ്വഴക്കങ്ങൾ ഇതിനുമുമ്പ് നമ്മുടെ സംസ്ഥാനത്ത് ധാരാളമുണ്ടായിട്ടുണ്ട്. ഇല്ലെങ്കിൽ ആളുകൾ വല്ലാതെ പ്രയാസപ്പെടുന്ന, ഒരു നിവൃത്തിയുമില്ലാത്ത, ജപ്തിയും പ്രശ്നങ്ങളുമൊക്കെയായി പോകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ പോകും. അടിയന്തരമായി സർക്കാർ ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വളരെ ഗൗരവകരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചത്. കോവിഡ്-19-ന്റെ രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021-വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-5-2021-ലെ കത്ത് പ്രകാരം കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കോവിഡ് വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ സൂക്ഷ്മ/ഇടത്തരം സംരംഭങ്ങളുടെ നിലവിലുള്ള വായ്പകൾക്ക് വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പാ റീസ്ട്രക്ചറിംഗ് അനുവദിക്കുന്ന രീതിയിൽ " Resolution Framework 2.0 - Resolution of Covid-19 related stress of Micro, Small and Medium Enterprises (MSMEs)" പ്രകാരം വ്യക്തികളുടെ ചെറിയ സംരംഭങ്ങളുടെ അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെതന്നെ വായ്പ റീഷെഡ്യൂളിംഗ് അനുസരിച്ച് അനുവദിച്ചിട്ടുണ്ട്. രണ്ടുവർഷംവരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള

ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of individual and small Business പ്രകാരവും ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിംഗ് ഇതര സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെയുള്ള എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. ഹ്രസ്വകാല കാർഷിക ഉല്പാദന വായ്പയെടുത്തിട്ടുള്ള കർഷകർക്ക് പലിശ സബ്സിഡി നഷ്ടപ്പെടാതെയും പിഴപ്പലിശ ഈടാക്കാതെയും പുതുക്കി നൽകുന്നതിനുള്ള നിർദ്ദേശം ബാങ്കുകൾക്ക് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുണ്ട്. ഈ ആനുകൂല്യപ്രകാരം 2021 മാർച്ച് 1-നും 2021 ജൂൺ 30-നും ഇടയിൽ പുതുക്കേണ്ട കാർഷിക വായ്പകൾ 2021 ജൂൺ 30-നകം പുതുക്കി നൽകിയാൽ പലിശ സബ്സിഡിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്. പ്രാഥമിക സംഘങ്ങളുടെ ലോണുകൾക്ക് നിശ്ചിത കാലയളവിൽ മൊറട്ടോറിയം ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ച് ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വാഹന നികുതിയുടെ കാര്യത്തിൽ സമയപരിധി നീട്ടിക്കൊടുക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കണം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അതിനെ സംബന്ധിച്ച് ആലോചിക്കാം. തീരുമാനം ഇപ്പോൾ പറയാൻ സാധിക്കില്ല.

(2) കിഫ്ബി ലാൻഡ് അക്വിസിഷൻ ഓഫീസിന്റെ പ്രവർത്തനം

ശ്രീമതി സി. കെ. ആശ: സർ, കോട്ടയം, ഇടുക്കി ജില്ലകളിലെ കിഫ്ബി പ്രോജക്ടുകൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് വൈക്കത്ത് ആരംഭിച്ച ഓഫീസിന്റെ പരാധീനതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. എന്റെ മണ്ഡലത്തിൽ കിഫ്ബിയിലൂടെ പ്രഖ്യാപിക്കപ്പെട്ട അഞ്ച് പദ്ധതികൾക്ക് ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇതിനുവേണ്ടി ആരംഭിച്ച ഓഫീസിൽ വേണ്ടത്ര ജീവനക്കാരോ മറ്റ് സൗകര്യങ്ങളോ ഇല്ലാത്തതുമൂലം ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഒട്ടുംതന്നെ മുന്നോട്ടുപോകാത്ത അവസ്ഥയാണുള്ളത്. ഭൂമി ഏറ്റെടുക്കൽ ഓഫീസിൽ ഏറ്റവും അത്യാവശ്യം വേണ്ട സർവ്വേയർ തസ്തികയിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ ഏറ്റെടുക്കേണ്ട ഭൂമി അളന്ന് തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല. ജീവനക്കാരുടെ കുറവ് മാത്രമല്ല, ഓഫീസിൽ അവശ്യം വേണ്ട കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തതയും ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതിനാൽ വൈക്കത്ത് പ്രവർത്തിക്കുന്ന കിഫ്ബി ലാൻഡ് അക്വിസിഷൻ ഓഫീസിലേയ്ക്കാവശ്യമായ സർവ്വേയർ ഉൾപ്പെടെയുള്ള ജീവനക്കാരെയും കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങളും വളരെ അടിയന്തരമായി ലഭ്യമാക്കി കോട്ടയം, ഇടുക്കി

ജില്ലകളുടെ വികസന പദ്ധതികൾക്ക് ആവശ്യമായ അടിയന്തര സഹായം നൽകണമെന്ന് ഈ സബ്മിഷനിലൂടെ വിനീതമായി ആവശ്യപ്പെടുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കോട്ടയം ജില്ലയിലെ വിവിധ കിഫ്ബി പ്രോജക്ടുകളുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കായി അർത്ഥനാധികാരിയായ കിഫ്ബിയുടെ അഭ്യർത്ഥന പ്രകാരം 7-5-2020-ലെ ഗവൺമെന്റ് ഉത്തരവ് (Rt) നമ്പർ 1716/2020/ആർ.ഡി. പ്രകാരം 17 തസ്തികകൾ അടങ്ങിയ ഒരു സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി യൂണിറ്റ് വൈക്കം താലൂക്കിൽ കുലശേഖരപുരം വില്ലേജ് ഓഫീസിന് സമീപമുള്ള റവന്യൂ ക്വാർട്ടേഴ്സിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രസ്തുത സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കിഫ്ബി ഓഫീസിൽ വൈക്കം-വെച്ചൂർ റോഡ് വികസനത്തിനുവേണ്ടി 5.5402 ഹെക്ടർ, മൂലേക്കടവ് പാലം പദ്ധതിക്കുവേണ്ടി 0.5161 ഹെക്ടർ, ഏറ്റുമാനൂർ കുടിവെള്ള പദ്ധതിക്കുവേണ്ടി 0.4323 ഹെക്ടർ, കരുനൃകയം കുടിവെള്ള പദ്ധതിക്കുവേണ്ടി 0.2752 ഹെക്ടർ, ചങ്ങനാശ്ശേരി ഫ്ലൈ ഓവർ പദ്ധതിക്കുവേണ്ടി 0.396 ഹെക്ടർ, കടുത്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി 0.538 ഹെക്ടർ, അക്കരപാടം അപ്രോച്ച് റോഡിനുവേണ്ടി 0.1589 ഹെക്ടർ, കങ്ങഴ സാംസ്കാരിക നിലയത്തിനുവേണ്ടി 2.023 ഹെക്ടർ തുടങ്ങിയ സ്ഥലങ്ങളുടെ പൊന്നുംവില നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത ഓഫീസിൽ സ്പെഷ്യൽ ഓഫീസർക്ക് പുറമെ രണ്ട് വാല്യുവേഷൻ അസിസ്റ്റന്റ്, മൂന്ന് റവന്യൂ ഇൻസ്പെക്ടർ, ഒരു സർവ്വേയർ, രണ്ട് സീനിയർ ക്ലാർക്ക്, മൂന്ന് ക്ലാർക്ക്, ഒരു ടൈപ്പിസ്റ്റ്, ഒരു വില്ലേജ് അസിസ്റ്റന്റ്, രണ്ട് ചെയിൻമാൻ, ഒരു പി.ടി.എസ്. എന്നീ തസ്തികകളാണുള്ളത്. നിലവിൽ പ്രസ്തുത ഓഫീസിൽ സ്പെഷ്യൽ തഹസിൽദാർക്ക് പുറമെ ഒരു വാല്യുവേഷൻ അസിസ്റ്റന്റ്, മൂന്ന് റവന്യൂ ഇൻസ്പെക്ടർമാർ, രണ്ട് സീനിയർ ക്ലാർക്കുമാർ, ഒരു ടൈപ്പിസ്റ്റ്, ഒരു വില്ലേജ് മാൻ, രണ്ട് ചെയിൻമാൻമാർ എന്നിവരാണ് ജോലി ചെയ്തുവരുന്നത്. ജില്ലാ കളക്ടറുടെ 12-6-2020, 28-10-2020 എന്നീ തീയതികളിലെ ഉത്തരവ് പ്രകാരം നിലവിലുള്ള മൂന്ന് ക്ലാർക്കുമാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) ജനറൽ കോട്ടയം ഓഫീസ്, കോട്ടയം കളക്ടറേറ്റ് എന്നിവിടങ്ങളിൽ നിയമിച്ചിട്ടുണ്ട്. ഒരു സർവ്വേയർ തസ്തികയിൽ ഉണ്ടായിരുന്ന ഉദ്യോഗസ്ഥനെ ഇടുക്കി ജില്ലയിലെ റീസർവ്വേ ജോലികൾക്കായി ജോലി ക്രമീകരണ വ്യവസ്ഥയിൽ വിട്ടുനൽകുകയും ചെയ്തു. നിലവിൽ ഒരു സർവ്വേയർ, ഒരു വാല്യുവേഷൻ അസിസ്റ്റന്റ്, മൂന്ന് ക്ലാർക്ക്, ഒരു പി.ടി.എസ്. എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചതുപോലെ ജോലി ക്രമീകരണ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്നവരെ തിരിച്ചുവിളിക്കുകയോ ഒഴിഞ്ഞ്

കിടക്കുന്ന തസ്തികകളിൽ പുതിയതായി നിയമനം നടത്തുകയോ ചെയ്ത് ഓഫീസിന്റെ പ്രവർത്തനം പൂർണ്ണതോതിൽ സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും. പ്രസ്തുത ഓഫീസിലേയ്ക്കാവശ്യമായ ഫർണിച്ചർ, നിർത്തലാക്കിയ ഓഫീസിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ആവശ്യമായ ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവ നിലവിലുള്ള നിയമപ്രകാരം ഇൻവോയിസ് സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാക്കാമെന്ന് കിഫ്ബി അറിയിച്ചതിനെ തുടർന്ന് ആയത് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം സ്പെഷ്യൽ തഹസിൽദാർക്ക് നൽകിയിട്ടുണ്ട്.

(3) കടൽഭിത്തി നിർമ്മാണം

ശ്രീ. വി. ജോയി: സർ, തീരപ്രദേശത്തെ എം.എൽ.എ.മാരുടെ സ്ഥിരമായ ഒരു സബ്മിഷനാണിത്. വർക്കലയെ സംബന്ധിച്ച് അഞ്ചുതെങ്ങ് ഒന്നാംപാലം മുതൽ കാപ്പിൽവരെ വരുന്ന 15 കിലോമീറ്റർ തീരദേശ മേഖലയാണ്. നിലവിൽ മൂന്നോ നാലോ കിലോമീറ്റർ മാത്രമാണ് കടൽഭിത്തിയുള്ളത്. തുടരെത്തുടരെയുള്ള കടൽക്ഷോഭത്തിന്റെ ഭാഗമായി കടൽഭിത്തി ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യമുണ്ട്. അവിടത്തെ പ്രധാനപ്പെട്ട മുസ്ലീം ദേവാലയമായ ഓടയം മുസ്ലീം ദേവാലയത്തിന്റെ നിലനിൽപ്പ് ഭീഷണിയുടെ വക്കിലാണ്. ഇടവയിലാണെങ്കിൽ വെറ്റക്കട എന്ന സ്ഥലത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ജോലിക്ക് പോകുന്ന പ്രദേശമുണ്ട്. അവരുടെ വള്ളങ്ങളെല്ലാം കയറ്റിവയ്ക്കുന്നത് അവിടെയാണ്. കഴിഞ്ഞ തവണയുണ്ടായ കടൽക്ഷോഭത്തിന്റെ ഭാഗമായി ആ തീരം പൂർണ്ണമായും ഇല്ലാതായി. അവിടത്തെ കുന്നുകളും വീടുകളും റിസോർട്ടുകളും എല്ലാം ഇടിഞ്ഞുപോവുകയോ നശിക്കുകയോ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കടൽഭിത്തി അടിയന്തരമായി നിർമ്മിക്കേണ്ടതുണ്ട്. അതുകൊണ്ട് ഓടയം മുതൽ വെറ്റക്കട വരെയുള്ള പ്രദേശത്തെങ്കിലും അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വർക്കല നിയോജകമണ്ഡലത്തിൽ ഒന്നാംപാലം മുതൽ കാപ്പിൽ വരെ 15 കിലോമീറ്റർ നീളത്തിൽ കടൽത്തീരമുണ്ട്. അതിൽ പല ഘട്ടങ്ങളിലായി 5 കിലോമീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. വെട്ടൂർ ഭാഗത്ത് ഏകദേശം 3.5 കിലോമീറ്റർ ദൂരം പ്രകൃതിദത്ത സംരക്ഷണമുള്ള സ്ഥലമാണ്. ഏകദേശം 5.5 കിലോമീറ്റർ ദൂരം ക്ലിഫാണ്. കാലാവസ്ഥാ വ്യതിയാനങ്ങളുടെ ഭാഗമായി പല പ്രദേശങ്ങളിലും വ്യത്യസ്ത രൂപത്തിൽ കടലാക്രമണം ഉണ്ടാവുകയും പല

ഭാഗത്തെയും കടൽഭിത്തികൾക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. കടലാക്രമണം ഏറ്റവും രൂക്ഷമായ സ്ഥലങ്ങളിലെ കടൽഭിത്തികളുടെ കേടുപാടുകൾ തീർക്കുന്നതിനനുയോജ്യമായ എസ്റ്റിമേറ്റുകൾക്ക് ലഭ്യതയനുസരിച്ച് അനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നുണ്ട്. കല്ല് കിട്ടാനുള്ള ബുദ്ധിമുട്ടും പ്രവൃത്തി ഏറ്റെടുക്കാൻ കോൺട്രാക്ടർമാർ തയ്യാറാകാത്തതും പ്രവൃത്തി നടപ്പിലാക്കുക എന്ന ലക്ഷ്യത്തിന് മങ്ങലേൽപ്പിക്കുന്നു. അനുമതി കിട്ടുന്ന ഓരോ പ്രവൃത്തിയും രണ്ടും മൂന്നും തവണ ടെണ്ടർ ചെയ്താലും പാറയുടെ ദൗർലഭ്യംമൂലം കോൺട്രാക്ടർമാർ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് 2016-ൽ അനുമതി നൽകിയെങ്കിലും പ്രവൃത്തി തുടങ്ങാത്ത സാഹചര്യത്തിൽ റീ-അറേഞ്ച് ചെയ്ത് മറ്റൊരു കോൺട്രാക്ട് ഏൽപ്പിക്കുകയും പ്രവൃത്തി രണ്ടാഴ്ചയ്ക്കകം തുടങ്ങാൻ കരാറുകാരന് ഫൈനൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ ഒന്ന്, ഓടയം ഭാഗത്ത് 20 മീറ്ററും അതോടൊപ്പംതന്നെ ഓടയം ഭാഗത്തിന്റെ മറ്റൊരു മേഖലയിൽ 30 മീറ്ററും അങ്ങനെ 14,20,000 രൂപയുടെയും 24,50,000 രൂപയുടെയും പ്രവൃത്തികൾ താമസിയാതെ അവിടെ ആരംഭിക്കാൻ സാധിക്കും. കൂടാതെ വെറ്റക്കട ഭാഗത്ത് മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്ന കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി രണ്ടരലക്ഷം രൂപയുടെ ജിയോബാഗ് അടക്കമുള്ള പ്രവൃത്തി നടന്നുവരുന്നു. അതിനോടനുബന്ധിച്ച് ബാക്കി ഭാഗങ്ങളുടെ സംരക്ഷണത്തിനായി എം.എൽ.എ.-യുടെ ആവശ്യപ്രകാരം 5 ലക്ഷം രൂപയുടെ ജിയോബാഗ് അടക്കമുള്ള പ്രവൃത്തികൾക്കും അനുമതി നൽകിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടി നടന്നുവരികയാണ്. ഇതിന്റെ വടക്ക് ഭാഗത്ത് തീര സംരക്ഷണത്തിനായി ഏകദേശം 40 മീറ്റർ ദൂരം കടൽഭിത്തി നിർമ്മിക്കുന്ന പ്രവൃത്തി കരാറുകാർ ഏറ്റെടുത്തെങ്കിലും കല്ല് കിട്ടാത്തതുകൊണ്ടും കോവിഡ് പശ്ചാത്തലത്തിലേർപ്പെടുത്തിയ നിയന്ത്രണവും കാരണം തുടങ്ങാൻ കഴിയാത്ത അവസ്ഥയിലാണ്. വർക്കല പാപനാശം മുതൽ വെറ്റക്കടവരെ 10 മുതൽ 15 മീറ്റർ വരെയുള്ള ക്ലിഫാണുള്ളത്. തിരശ്ചീനമായി നിൽക്കുന്ന ഈ കുന്നുകളുടെ അടിഭാഗത്ത് ശക്തിയായ തിരമാലകൾ അടിക്കുമ്പോൾ അടിഭാഗത്തെ മണ്ണ് ഒലിച്ചുപോകുകയും അടുത്ത മഴ പെയ്യുമ്പോൾ മുകൾഭാഗം ഇടിഞ്ഞുവീഴുകയുമാണ് ചെയ്യുന്നത്. ഇതിന്റെ സംരക്ഷണത്തിനുവേണ്ടി സാധാരണ രീതിയിലുള്ള കടൽഭിത്തി നിർമ്മാണം അപര്യാപ്തമാണ്. ഈ കുന്നുകളുടെ സംരക്ഷണത്തിന് പരിസ്ഥിതി സൗഹൃദവും ടൂറിസ്റ്റുകളെ ആകർഷിക്കുന്ന തരത്തിൽ സ്വാഭാവികതയ്ക്ക് കോട്ടം തട്ടാതെയുമുള്ള പ്രത്യേക സംരക്ഷണ പ്രവൃത്തി ആവശ്യമാണ്. ഐ.ഐ.ടി.പോലെയുള്ള സാങ്കേതിക സ്ഥാപനങ്ങളുടെ പഠനമനുസരിച്ചുള്ള

ഡിസൈനുകൾ മാത്രമേ ഫലവത്താകുകയുള്ളൂ. സാങ്കേതിക പഠനത്തിനുവേണ്ടി ഒരു പ്രൊപ്പോസൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിക്ക് സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ പ്രസക്തമായ ഒരു വിഷയം, വെറ്റക്കട മുതൽ കാപ്പിൽവരെ ഏതാണ്ട് 1100 മീറ്റർ ദൂരം വരുന്ന ഭാഗത്തെ നിർമ്മാണത്തിന് ഏകദേശം 7.75 കോടി രൂപ ആവശ്യമായി വരും. അത് നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കടൽക്ഷോഭം കൂടുതൽ രൂക്ഷമാകുന്ന പ്രദേശത്തെ വിഷയങ്ങൾ ശാശ്വതമായി പരിഹരിക്കാമെന്ന് തന്നെയാണ് കരുതുന്നത്. ഗവൺമെന്റ് അക്കാര്യത്തിൽ വലിയ മുൻകരുതൽ നടപടി സ്വീകരിക്കുന്നുണ്ട്.

(4) വന്യമൃഗശല്യം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കരുവാരക്കുണ്ട്, ചോക്കാട്, കാളികാവ് പഞ്ചായത്തുകൾ പശ്ചിമഘട്ട മലനിരകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന വനമേഖലയാണ്. ഈ മേഖലയിലുള്ള കർഷകരും സാധാരണ ജനങ്ങളും വലിയ ആശങ്കയിലാണ്. വന്യമൃഗങ്ങളുടെ ശല്യം ഇപ്പോൾ കാർഷികമേഖലയ്ക്ക് മാത്രമല്ല മനുഷ്യജീവനുതന്നെ ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. കർഷകരെ സംബന്ധിച്ചിടത്തോളം ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച പ്രയാസങ്ങളും കാർഷിക വിളകൾക്ക് ആവശ്യമായ വില ലഭ്യമാകുന്നില്ലെന്ന പരാതിയുമുണ്ട്. ഇത്തരം പ്രശ്നങ്ങളൊക്കെ നിലനിൽക്കുന്നതിനിടയിലാണ് വന്യമൃഗശല്യം അതിരൂക്ഷമായിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം കാട്ടിൽനിന്ന് നാട്ടിലിറങ്ങിയ ഒരു കാട്ടുപോത്ത് 40 വയസ്സുള്ള ഷാജി എന്ന ചെറുപ്പക്കാരനെ അദ്ദേഹത്തിന്റെ വീടിന് സമീപംവച്ച് കുത്തിക്കൊന്ന സാഹചര്യമുണ്ടായി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അതിനെക്കുറിച്ച് സൂചിപ്പിച്ചു. 15 വയസ്സിനുതാഴെയുള്ള മൂന്ന് കുട്ടികളാണ് അദ്ദേഹത്തിനുള്ളത്. ആ കുടുംബം ഇന്ന് അനാഥമാണ്. ആശ്രിത നിയമനമുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യണമെന്ന് ഞാൻ ബഹുമാന്യനായ മന്ത്രിയെ നേരിൽ കണ്ട് അപേക്ഷ നൽകുകയുണ്ടായി. എനിക്ക് വ്യക്തിപരമായി ഏറെ അടുപ്പമുള്ള ഒരു കുടുംബത്തിലെ അംഗം കൂടിയാണ് ഷാജി. അദ്ദേഹത്തിന്റെ മരണത്തോടുകൂടി ഇന്ന് ജനങ്ങൾ വളരെ ഭീതിയിലാണ്. കാട്ടാനകൾ നിരന്തരമായി നാട്ടിലിറങ്ങിക്കൊണ്ടിരിക്കുന്നു. അതോടൊപ്പംതന്നെ കൃഷി നശിപ്പിക്കുന്ന കാര്യത്തിൽ കാട്ടുപന്നികളും കുരങ്ങന്മാരും ഒരുപോലെ പ്രയാസം സൃഷ്ടിക്കുന്നു. അടുത്ത ദിവസം കാട്ടുപന്നി കുറുകെ ഓടിയതിന്റെ ഫലമായി ഒരു പോലീസ് ജീപ്പ് മറിഞ്ഞുവീഴുകയും ചെയ്തു.

ഭാഗ്യംകൊണ്ടാണ് ആളപായമുണ്ടാകാതിരുന്നത്. മനുഷ്യജീവന് ഭീഷണിയായ കാട്ടുപന്നിയെ ഒരു വർഷത്തേയ്ക്ക് ശല്യജീവിയായി പ്രഖ്യാപിക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ സഹായം തേടണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും നാഷണൽ വൈൽഡ് ലൈഫ് ബോർഡിന്റെയും നിർദ്ദേശങ്ങളുള്ളതായി അറിയുന്നു. അതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും പറഞ്ഞ് മുന്നോട്ടുപോകുന്നില്ല. കാട്ടിൽ വിഹരിക്കേണ്ട വന്യമൃഗങ്ങൾ ഇന്ന് നാട്ടിൽ വിഹരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ്. കാട്ടുപോത്ത്, കാട്ടാന, കാട്ടുപന്നി, കുരങ്ങ് തുടങ്ങിയവയുടെ ശല്യമൊക്കെ കേൾക്കുന്നതിനോടൊപ്പംതന്നെ ഏറ്റവും ഒടുവിലായി വന്നിട്ടുള്ള വാർത്ത ആ മേഖലയിൽ പുലി സാന്നിദ്ധ്യമുണ്ടെന്നു കൂടിയാണ്. ഇതൊക്കെ ജനങ്ങളിൽ വലിയ ആശങ്കയുളവാക്കുന്നു. അതുകൊണ്ട് എത്രയും പെട്ടെന്ന് മനുഷ്യ ജീവനുകൾക്ക് ഭീഷണിയായ ഇത്തരം കാര്യങ്ങളിൽനിന്ന് ജനങ്ങളെ രക്ഷിക്കുന്നതിനും അതുപോലെ കാർഷിക മേഖലയിലെ വിളകൾ സംരക്ഷിക്കുന്നതിനും വേണ്ട അടിയന്തര നടപടി വനം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കേരളത്തിന്റെ വനാതിർത്തിയുമായി ബന്ധപ്പെടുന്ന എല്ലാ പ്രദേശങ്ങളിലെയും ഗുരുതരമായ പ്രശ്നമാണ് ബഹുമാനപ്പെട്ട വണ്ടൂർ എം.എൽ.എ. ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത്. മലപ്പുറം ജില്ലയിലെ കാളികാവ് റേഞ്ചിന്റെ പരിധിയിൽ വരുന്ന നിക്ഷിപ്ത വനമേഖലയാണിത്. സൈലന്റ്‌വാലി ബഫർസോണുമായി അതിർത്തി പങ്കിടുന്ന പ്രദേശവുമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ തരിശ്, കൽക്കുണ്ട് മേഖലകളാണ് ഏറ്റവും ഗുരുതരമായ വന്യജീവിശല്യമുള്ളതായി കണ്ടെത്തിയിട്ടുള്ളത്. സൈലന്റ്‌വാലിയുടെ വനാതിർത്തിയുടെ ഒരു കിലോമീറ്റർ ദൂരത്ത് സ്ഥിതി ചെയ്യുന്ന പ്രദേശത്താണ് 18-5-2021-ൽ കാട്ടുപോത്തിന്റെ ആക്രമണമുണ്ടായത്. കൃഷിയിടങ്ങളിൽ കാട്ടുപോത്ത് ഇറങ്ങിയപ്പോൾ വിരട്ടിയോടിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് ഇങ്ങനെയൊരു ജീവൻ നഷ്ടപ്പെടാനിടയായത്. 24 മണിക്കൂറിനകം സഹായധനമായി 5 ലക്ഷം രൂപ എത്തിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സഹായധനങ്ങൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്ന മുറയ്ക്ക് നൽകാൻ സാധിക്കുന്നതാണ്. അക്രമം തടയുന്നതിന് നിലമ്പൂർ സൗത്ത് ഡിവിഷനിൽ എലിഫന്റ് സ്ക്വാഡ് പ്രവർത്തിച്ചുവരുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിൽ പ്രത്യേക വാച്ചർമാരെ നിയോഗിച്ച് ആയത് പ്രതിരോധിക്കാനും ശ്രമിക്കുന്നുണ്ട്. സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ പരിധിയിൽവരുന്ന വനമേഖലകളിൽ നിന്നും വന്യമൃഗങ്ങൾ പുറത്തുകടക്കാതിരിക്കുന്നതിനുവേണ്ടി നടപ്പു സാമ്പത്തിക

വർഷം ഹാങിംഗ് സോളാർ ഫെൻസ് ചെയ്യാനുദ്ദേശിക്കുന്നുണ്ട്. അതിന് ഒരു കിലോമീറ്ററിന് 5 ലക്ഷം രൂപയാണ് ചെലവുവരുന്നത്. 5 കിലോമീറ്റർ ദൂരത്തിൽ ഇത് ചെയ്യാനാണ് ഇപ്പോൾ 25 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചത്. ആയതിന് ഇതിനകംതന്നെ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചാൽ മതിയാകുന്നതാണ്. ജനങ്ങൾ നേരിടുന്ന വന്യജീവി ആക്രമണത്തിന് പരിഹാരമായി ഇതുസംബന്ധിച്ച് വേഗത്തിൽ വിവരം നൽകുന്നതിന് നബാർഡ് വഴി പാലക്കാട് ഫോറസ്റ്റ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. കണ്ണമ്പള്ളി, കൽക്കണ്ട്, പീച്ചിപ്പാറ, ടി. കെ. കോളനി തുടങ്ങിയ അഞ്ച് ക്യാമ്പ് ഷെഡ്ഡുകളിൽ തദ്ദേശീയരായ മസ്ദൂർമാരെ വർഷം മുഴുവൻ വന്യമൃഗങ്ങളെ തുരത്തുന്നതിനുവേണ്ടി പട്രോൾ ചെയ്യാനായി നിയോഗിച്ചിട്ടുണ്ട്. ഈ വനമേഖലയോട് ചേർന്ന് ഡിവിഷൻ പരിധിയിലുള്ള ഉപ്പുവളം ഭാഗത്ത് നിലവിൽ ജനജാഗ്രതാ സമിതി രൂപീകരിച്ചുവരുന്നുണ്ട്. ഇവിടെ ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതിന്റെ സാധ്യതകളെക്കുറിച്ച് പരിശോധിക്കാൻ അംഗം ഒരു നിവേദനം എനിക്ക് നൽകിയതിന്മേൽ തുടർനടപടികൾക്കായി നിർദ്ദേശം നൽകിയിട്ടുണ്ട്. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ വനമേഖലയുമായി ബന്ധപ്പെട്ട എം.എൽ.എ.മാരെ പങ്കെടുപ്പിച്ചുകൊണ്ട് റേഞ്ച് അടിസ്ഥാനത്തിലോ ഡിവിഷൻ അടിസ്ഥാനത്തിലോ യോഗങ്ങൾ വിളിച്ചുകൂട്ടണമെന്നൊരു നിർദ്ദേശം ഇതിനകം നൽകിയിട്ടുണ്ട്. കൊവിഡ് മാനദണ്ഡങ്ങളും നിയമസഭാ സമ്മേളനവുമുള്ളതുകൊണ്ടാണ് പെട്ടെന്ന് കാര്യങ്ങൾ നടക്കാത്തത്. ഇത് അവസാനിച്ചാൽ തീർച്ചയായും മനുഷ്യരെയും വന്യജീവികളെയും സംരക്ഷിക്കാനുള്ള സമൂർത്തമായ പരിപാടിക്ക് രൂപം നൽകുന്നതാണ്.

(5) ഭൂമി ഏറ്റെടുക്കൽ

ഡോ. സുജിത് വിജയൻപിള്ള: സർ, ചവറ കെ.എം.എം.എൽ. ടൈറ്റാനിയം ഡയോക്സൈഡ് ട്രീറ്റ്മെന്റ് പ്ലാന്റും പരിസരവും കമ്പനിയുടെ പ്രവർത്തനംമൂലം മലിനീകരിക്കപ്പെട്ടിട്ട് കാലങ്ങളായി. വിഷലിപ്തമായ മാലിന്യങ്ങൾ ഊർന്നിറങ്ങി പരിസരത്ത് ജീവിതം നന്നേ ദുസ്സഹമായിരിക്കുന്നു. കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നയുടനെ ഈ വിഷയത്തിൽ ഇടപെടുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റവന്യൂ സ്പെഷ്യൽ തഹസിൽദാർ ഭൂമിയുടെ വില കണക്കാക്കുന്ന ജോലി ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. തുടർനടപടികളുടെ നിർദ്ദേശമില്ലാ

ത്തതിനാൽ സ്പെഷ്യൽ തഹസിൽദാർ ആഫീസ് നിർത്തലാക്കി. ഭൂമി ഏറ്റെടുക്കണമെന്ന ആവശ്യം ഗൗരവമായി പരിഗണിക്കേണ്ട സ്ഥിതിയാണുള്ളത്. ആയതിനാൽ കെ.എം.എം.എൽ.മൂലം മലിനീകരിക്കപ്പെട്ട ഭൂമി ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണം. അതിനായി സ്പെഷ്യൽ തഹസിൽദാരുടെ ആഫീസ് പുനഃസ്ഥാപിച്ച് പ്രവർത്തനം ഉടൻതന്നെ ആരംഭിക്കേണ്ടതാണ്.

വ്യവസായവും നിയമവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട ചവറ മെമ്പർ ഡോ. സുജിത് വിജയൻപിള്ള ഉന്നയിച്ചതുപോലെ 1-3-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിന്റെ പ്രവർത്തനംമൂലം മലിനീകരിക്കപ്പെട്ട ഏകദേശം 180 ഏക്കർ ഭൂമി കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾക്കായി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഈ സ്ഥലം ഏറ്റെടുത്ത് കെ.എം.എം.എൽ.-ന്റെ ഭാവി പ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കണമെന്നാണ് തീരുമാനിച്ചിരുന്നത്. അതനുസരിച്ച് നെഗോഷ്യേറ്റ് പർച്ചേസ് പ്രകാരം ഏറ്റെടുക്കാനും അതുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനും കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശവാസികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ വെളിച്ചത്തിൽ 2-11-2018-ൽ ചേർന്ന സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ഇനിയുള്ള ഭൂമി ഏറ്റെടുക്കൽ 2013-ലെ എൽ.എ.ആർ.ആർ. ആക്ട് പ്രകാരമായിരിക്കുമെന്ന് തീരുമാനമെടുത്തിരുന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ ചേമ്പറിൽ 13-3-2020-ൽ ഒരു യോഗം ചേരുകയുണ്ടായി. മലിനീകരിക്കപ്പെട്ടുവെന്ന് പറയുന്ന ഏകദേശം 180 ഏക്കർ ഭൂമി ഘട്ടംഘട്ടമായി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ഒന്നാംഘട്ടമെന്ന നിലയിൽ ഏറ്റവും കൂടുതൽ മലിനീകരിക്കപ്പെട്ടുവെന്നുപറയുന്ന 76.2 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള സ്ഥലത്തിന്റെ ഏരിയ നിർണ്ണയിക്കുന്നതിനും ഭൂമി വില പുനർനിർണ്ണയിച്ച് നൽകുന്നതിനും കൊല്ലം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം ഒന്നാംഘട്ടമായി ഏറ്റെടുക്കുന്നതിന് തീരുമാനിച്ച 76.2 ഏക്കർ ഭൂമി വില പുനർനിർണ്ണയിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ റവന്യൂ വകുപ്പ് പരിശോധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ 2014 മുതൽ ആരംഭിച്ചതാണെങ്കിലും ഇതുവരെയും ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. പല തടസ്സങ്ങൾ

ഉണ്ടായിരുന്നു. അവയെല്ലാം പരിഹരിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(6) <u>പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം</u>

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പൊതുവിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ 5 വർഷക്കാലംകൊണ്ട് വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് നമ്മുടേത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞമെന്ന മിഷനും വിദ്യാഭ്യാസ സമീപനവുമാണ് അക്കാര്യത്തിൽ നേട്ടമുണ്ടാക്കാൻ സഹായിച്ചിട്ടുള്ളത്. 6 വർഷം മുമ്പ് അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്കൂളുകളിൽ ഇന്ന് കൂടുതൽ കുട്ടികൾ വരുന്നൊരു സ്ഥിതിവിശേഷം നമുക്ക് കാണുവാനായി. അതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നത് പ്രൈമറി വിദ്യാഭ്യാസമാണ്. പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടി സ്കൂളുമായി അറ്റാച്ച് ചെയ്ത് നടത്തിക്കൊണ്ടുപോകാൻ കഴിഞ്ഞത് വലിയ നേട്ടമാണ്. 2012 വരെയുള്ള പ്രീ-പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം നൽകാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ 2012-ന് ശേഷമുള്ള പ്രീ-പ്രൈമറി ടീച്ചർമാർക്കും ആയമാർക്കും ഓണറേറിയം നൽകുന്നതിനും അത്തരം സ്കൂളുകളിലേയ്ക്ക് വരുന്ന കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കുന്നതിനും ആവശ്യമായ നടപടികൂടി സ്വീകരിക്കണം. പലയിടത്തും കുട്ടികളിൽനിന്ന് ഫീസ് വാങ്ങാൻ സാധിക്കില്ല. പി.ടി.എ.യുടെ പരിമിതമായ ഫണ്ടുപയോഗിച്ച് അവർക്ക് ശമ്പളം നൽകാൻ സാധിക്കാത്ത അവസ്ഥയുമുണ്ട്. അവരെക്കൂടി പരിഗണിക്കുന്ന കാര്യത്തിൽ നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഗവൺമെന്റിനോട് ആവശ്യപ്പെടാനുള്ളത്.

പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ഡി. കെ. മുരളി ഉന്നയിച്ചതുപോലെ സംസ്ഥാന സർക്കാർ സ്കൂളുകളോടനുബന്ധിച്ച് അദ്ധ്യാപക-രക്ഷകർത്തൃ സമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്കും ആയമാർക്കും 7-2-2012-ലെ 385/12 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സർക്കാർ ഓണറേറിയം നൽകിവരുന്നത്. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ സംസ്ഥാനത്ത് പുതുതായി പ്രീ-പ്രൈമറി ആരംഭിക്കാൻ പാടില്ലായെന്ന നിർദ്ദേശം നിലനിൽക്കുന്നതിനാലാണ് 2012-നുശേഷം ആരംഭിച്ച ഗവൺമെന്റ് പ്രീ-പ്രൈമറി സ്കൂളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്കും ആയമാർക്കും ഓണറേറിയം നൽകാൻ കഴിയാത്തത്. എന്നാൽ 2021-22-ലെ ബഡ്ജറ്റിന്മേലുള്ള മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം 2012-നുശേഷം ആരംഭിച്ച ഗവൺമെന്റ് പ്രീ-പ്രൈമറി

സ്കൂളിലെ 2267 ടീച്ചർമാർക്കും 1097 ആയമാർക്കും 1000 രൂപ 1-4-2021 മുതൽ വർദ്ധിപ്പിക്കുന്നതിന് തത്വത്തിൽ തീരുമാനിച്ച് ധനകാര്യ വകുപ്പിന്റെ 23-2-2021-ലെ 32/2021 നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഈ ഉത്തരവിൽ എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി വിഭാഗത്തെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച ഫയൽ ധനകാര്യ വകുപ്പിന്റെ പരിശോധനയിലാണ്. 2011-12 വരെ ആരംഭിച്ചിട്ടുള്ള പ്രീ-പ്രൈമറി സ്കൂളുകളിലാണ് നിലവിൽ ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണം നൽകിവരുന്നത്. 2012-13 മുതൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കാൻ അനുവാദം നൽകാത്ത സാഹചര്യത്തിലാണ് ഉച്ചഭക്ഷണം നൽകാൻ കഴിയാത്തത്. കൂടാതെ 2015-ലെ കേന്ദ്ര ഉച്ചഭക്ഷണ പദ്ധതി നിയമപ്രകാരം (മിഡ്-ഡേ മീൽ റൂൾസ്, 2015) സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമെ അർഹതയുള്ളൂ. എന്നിരുന്നാലും രണ്ടുലക്ഷത്തി അമ്പതിനായിരത്തോളം വരുന്ന പ്രീ-പ്രൈമറി കുട്ടികളെക്കൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2012-ന് ശേഷമാരംഭിച്ച പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളെ ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(7) മുണ്ടൂർ-തൂത റോഡ് നിർമ്മാണം

ശ്രീമതി ശാന്തകുമാരി കെ.: സർ, പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ ഭാഗമായി റീ-ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിക്കൊണ്ട് കോങ്ങാട്-മലമ്പുഴ-ഒറ്റപ്പാലം-ഷൊർണ്ണൂർ മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന, മലപ്പുറം ജില്ലയെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു റോഡ് ഗതാഗതമാണ് മുണ്ടൂർ മുതൽ തൂത വരെ നീണ്ടുനിൽക്കുന്ന 38 കി. മീ. ദൂരം. അതിന്റെ ഭാഗമായി 360 കോടി രൂപ വകയിരുത്തിക്കൊണ്ട് കെ.എസ്.ടി.പി. വഴി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തിക്ക് നാളിതുവരെയും ത്വരിതഗതിയിലുള്ള പ്രവർത്തനമുണ്ടായിട്ടില്ലെന്ന് മാത്രമല്ല ഈ പദ്ധതി പ്രകാരം യൂട്ടിലിറ്റി ഷിഫ്റ്റിംഗും മണ്ണെടുപ്പും തുടങ്ങിയ അനുബന്ധ പ്രവർത്തനങ്ങൾ മഴക്കാലമാകുന്ന ഈ ഘട്ടത്തിൽ വലിയ രൂപത്തിലുള്ള പ്രതിസന്ധി തദ്ദേശവാസികൾക്ക് ഉണ്ടാക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിരിക്കുകയാണ്. ഞാൻ മനസ്സിലാക്കിയത്, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയായതുകൊണ്ട് കമ്പൽസറി അക്വിസിഷൻ ഉണ്ടാകുന്നില്ലായെന്നതു കൊണ്ടും അതിന്റെ അലൈൻമെന്റ്സ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കൃത്യമായി നിർണ്ണയിക്കേണ്ടതുണ്ടെന്നുള്ളതുകൊണ്ടും ഇതിന്റെ പ്രവർത്തനം ഏത് നിലയിലായെന്നത് സംബന്ധിച്ച വിവരം ലഭിക്കേണ്ടതുണ്ട്. ഇതിൽ ഗവൺമെന്റിന്റെ സ്ഥലം കൃത്യമായി കണ്ടെത്താനും തിട്ടപ്പെടുത്താനും സ്പെഷ്യൽ

സർവ്വേയർ ഉൾപ്പെടെയുള്ളവരെ നിയമിക്കേണ്ട കാര്യങ്ങൾ, യൂട്ടിലിറ്റി ഷിഫ്റ്റിംഗിന്റെ അടിയന്തര പ്രാധാന്യത്തോടുകൂടി മാറ്റേണ്ട കാര്യങ്ങൾ എന്നിവ സംബന്ധിച്ച തൽസ്ഥിതി വിവരങ്ങൾ നൽകാമോ?

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയം മുണ്ടൂർ-തൂത റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ടതാണ്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും പാലക്കാട്, മലപ്പുറം ജില്ലകളിലൂടെ കടന്നുപോകുന്നതുമായ മുണ്ടൂർ-തൂത റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തി ലോക ബാങ്കിന്റെ ധനസഹായത്തോടെയാണ് നടപ്പിലാക്കുന്നത്. 337.63 കോടി രൂപ കരാർ തുകയുള്ള പ്രവൃത്തി 27-01-2021-ന് ആരംഭിച്ചു. ഇരുവശങ്ങളിലെയും ഓട നിർമ്മാണം, യൂട്ടിലിറ്റി ഡക്റ്റ്, മീഡിയൻ എന്നിവ സഹിതമുള്ള റോഡ് നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. മുണ്ടൂർ ജംഗ്ഷനിലാരംഭിച്ച് തൂത ജംഗ്ഷനിൽ അവസാനിക്കുന്ന ഈ റോഡിന്റെ ആകെ നീളം 36.80 കി. മീ. ആണ്. മുണ്ടൂർ ജംഗ്ഷനിൽ നിലവിലുള്ള പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മാണം, നിരവധി ചെറിയ പാലങ്ങൾ, കലുങ്കുകൾ എന്നിവയുടെ നിർമ്മാണം, വികസനം എന്നിവയും ഈ പ്രവൃത്തിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രവൃത്തിയുടെ രൂപകൽപ്പന വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. ലഭ്യമായ ഡിസൈനനുസരിച്ചുള്ള ഓട നിർമ്മാണം പുരോഗമിക്കുന്നു. നിലവിലുള്ള ജല വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിന് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള എസ്റ്റിമേറ്റും മരം മുറിക്കുന്നതിന് വനം വകുപ്പിൽനിന്നുള്ള അനുമതിയും ലഭ്യമാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### (8) മുളന്തുരുത്തി ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡ്

ശ്രീ. അനൂപ് ജേക്കബ്: സർ, ലെവൽ ക്രോസ്സുകളില്ലാതെയുള്ള സമീപനം റോഡുകളിൽ സ്വീകരിക്കുകയെന്നത് ഗവൺമെന്റിന്റെ നയമായി പറയുകയുണ്ടായി. തീർച്ചയായും ഏറെ സ്വാഗതം ചെയ്യുന്ന ഒന്ന് തന്നെയാണത്. ലെവൽ ക്രോസ്സിൽക്കിടന്ന് സമയനഷ്ടമുണ്ടാകുന്നതിന് പുറമെ ആംബുലൻസുകൾക്കുപോലും കടന്നുപോകാനാകാതെ ജീവൻ നഷ്ടപ്പെട്ട സന്ദർഭങ്ങളും അനവധിയുണ്ട്. ഇവിടെ സൂചിപ്പിക്കുകയും എഴുതി തരുകയും ചെയ്തത് എന്റെ നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം അനന്തമായി വൈകിപ്പോയിട്ടുള്ള

വിഷയമാണ്. 2013-ൽ അവിടെ റെയിൽവെ മേൽപ്പാലം പൂർത്തിയായെങ്കിലും അതിനോടനുബന്ധിച്ചുള്ള അപ്രോച്ച് റോഡ് ഇതുവരെ പൂർത്തിയായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഏറെ സാങ്കേതിക പ്രശ്നങ്ങളുണ്ടായിരുന്നു. 2019-ൽ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുത്തു. പിന്നീടതിന്റെ ഭരണാനുമതി പുതുക്കേണ്ട സാഹചര്യം വന്നപ്പോൾ തുക തികയാതെ വന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മൂന്ന് തവണ ഞാൻ ഈ വിഷയം ഉന്നയിച്ചിരുന്നു. 19.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചുവെങ്കിലും ടെണ്ടർ നടപടികളുടെ സാങ്കേതിക പ്രശ്നങ്ങളിൽ കുടുങ്ങി വീണ്ടും മുമ്പോട്ടുപോകാത്ത സാഹചര്യമാണ്. റെയിൽവേ മേൽപ്പാലത്തിനായി പതിറ്റാണ്ടുകളായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനത്തിന്റെ പ്രാരംഭഘട്ടം മുതൽ ഇപ്പോൾ 2021 ആയിട്ടും പ്രവൃത്തി പൂർത്തിയായിട്ടില്ല. ഏകദേശം പത്ത് കൊല്ലത്തോട് അടുക്കുകയാണ്. സ്വാഭാവികമായും ഇതുണ്ടാക്കുന്ന പ്രശ്നം വളരെ വലുതാണ്. എങ്ങനെ ഒരു പദ്ധതി വൈകിപ്പോകുന്നുവെന്നത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒന്നാണ്. പദ്ധതികൾ വൈകിപ്പോകുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന പ്രയാസം വളരെ വലുതാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഉദാഹരണം പറയുമ്പോൾ ഇത് മാത്രമല്ല, ഇങ്ങനെ അനവധി പദ്ധതികൾ ഒരുപക്ഷേ നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ളതും വിസ്മരിക്കേണ്ടതായിട്ടില്ല. മുളന്തുരുത്തി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി പൂർത്തിയാക്കി അത് ഗതാഗതത്തിനായി തുറന്ന് കൊടുക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ച വിഷയത്തിൽ മുളന്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടി 2019 സെപ്റ്റംബറിലാണ് പൂർത്തിയായത്. അപ്രോച്ച് റോഡ് നിർമ്മാണത്തിനായുള്ള 19.16 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 1-10-2020-ൽ നൽകിയിട്ടുണ്ട്. തുടർന്ന് എറണാകുളം ജില്ലയിലെ മുളന്തുരുത്തി റെയിൽവേ മേൽപ്പാലവും കോട്ടയം ജില്ലയിലെ കാരിത്താസ് റെയിൽവേ മേൽപ്പാല നിർമ്മാണവുമുൾപ്പെടുത്തി 22-12-2020-ൽ 25,31,90,737 രൂപയ്ക്ക് ടെണ്ടർ ചെയ്യുകയും ചെയ്തു. എന്നാൽ ക്വാട്ട് ചെയ്ത കുറഞ്ഞ തുകയായ 37,74,84,552 രൂപ എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതലായതിനാൽ കരാറുകാരനുമായി നെഗോഷ്യേഷൻ നടത്തുകയും 34,25,86,622 രൂപയായി കുറയ്ക്കുകയും ചെയ്തു. ഈ തുക എസ്റ്റിമേറ്റ് തുകയേക്കാൾ 35.30% കൂടുതലും ലോക്കൽ മാർക്കറ്റ് റേറ്റ് തുകയേക്കാൾ 18.41% കൂടുതലുമായതിനാൽ വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(9) ഞാവളിങ്കടവ് പാലം നിർമ്മാണം

ശ്രീ. പി. പി. സുമോദ്: സർ, എന്റെ മണ്ഡലമായ തരൂരിനെയും സമീപ സ്ഥലമായ ഒറ്റപ്പാലത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ഞാവളിങ്കടവ് പാലം. തരൂർ മണ്ഡലത്തിലെ പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിനെയും ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതാണ് ഈ പാലം. പെരിങ്ങോട്ടുകുറിശ്ശി വില്ലേജിലെ 308.40 സെന്റ് സ്ഥലം പരിവർത്തനം ചെയ്യുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ലക്കിടി പേരൂർ വില്ലേജിലെ സ്ഥലത്തിന് പരിവർത്തനം ചെയ്യുന്നതിനുള്ള അനുമതി ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. റെയിൽവേ മേൽപ്പാലമുള്ളതിനാൽ റെയിൽവേയ്ക്ക് സെന്റേജ് ചാർജ്ജായി 8.6 ലക്ഷം രൂപ കൈമാറിയിട്ടുണ്ട്. അടിയന്തര പ്രാധാന്യത്തോടുകൂടി ഞാവളിങ്കടവ് പാലത്തിന്റെ പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി നിർമ്മാണ പ്രവർത്തനം തുടങ്ങുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് മന്ത്രിയോട് ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയ പെരിങ്ങോട്ടുകുറിശ്ശി - പാമ്പാടി - ലക്കിടി കൂട്ടുപാത - പത്തിരിപ്പാല റോഡിന്റെയും പെരിങ്ങോട്ടുകുറിശ്ശി - കോട്ടായി - വാവുള്ളിയാൽ - മലങ്കര - പത്തിരിപ്പാല റോഡിന്റെയും പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ലക്കിടി പേരൂർ വില്ലേജിലെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. സ്ഥലമേറ്റെടുപ്പിനായി നൽകിയ സർക്കാർ ഉത്തരവ് റീ-വാലിഡേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണുള്ളത്. ഇക്കാര്യങ്ങളിൽ തീരുമാനമെടുത്ത് റവന്യൂ വകുപ്പ് സ്ഥലമേറ്റെടുത്ത് നൽകുന്ന മുറയ്ക്ക് പ്രവൃത്തികൾ യാഥാർത്ഥ്യമാക്കാനാകും. ഈ സബ്മിഷന്റെ വിശദമായ കാര്യങ്ങൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.*

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(10) വേങ്ങര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, വേങ്ങരയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കോവിഡ് പ്രതിരോധ പ്രവർത്തനത്തിനായി ഓക്സിജൻ സൗകര്യവും

* അനുബന്ധമായി ചേർക്കുന്നു.

എക്സ്റേ യൂണിറ്റുമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് നിർദ്ദേശിക്കുകയാണ്. കോവിഡ് രണ്ടാം തരംഗം കഴിഞ്ഞ് ഇനി മൂന്നാം തരംഗം ഉണ്ടാകുമെന്ന് അറിയില്ല. അപ്പോൾ ഓരോ നിയോജകമണ്ഡലത്തിലുമുള്ള ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ ഇത്തരം സൗകര്യങ്ങളുണ്ടായാൽ നല്ലതാണ്. അതിനൊരു ഉദാഹരണമാണ് എന്റെ മണ്ഡലത്തിലുള്ള കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. അവിടെ ഓക്സിജൻ നൽകാനുള്ള സൗകര്യവും എക്സ്റേ പ്രിന്റർ സൗകര്യവും വർദ്ധിപ്പിക്കണം. ഇങ്ങനെ വന്നുകഴിഞ്ഞാൽ കോവിഡ് രോഗികൾക്ക് അതാതു സ്ഥലത്തുതന്നെ ചികിത്സാസൗകര്യമുണ്ടാകും. ഇത് വളരെ ഗൗരവത്തിലെടുക്കേണ്ട കാര്യമാണ്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വേങ്ങര നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന വേങ്ങര സാമൂഹികാരോഗ്യ കേന്ദ്രം 35 കിടക്കകളുള്ള ആശുപത്രിയാണ്. കോവിഡ് 19-ന്റെ സാഹചര്യത്തിൽ നിലവിലെ പ്രതിദിന ശരാശരി ഒ.പി. 212 ആണ്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 2017-ൽ കിടത്തി ചികിത്സ നിർത്തലാക്കിയിരുന്നുവെങ്കിലും 2020-ൽ കെട്ടിട നിർമ്മാണം പൂർത്തിയായതോടെ കിടത്തി ചികിത്സ പുനരാരംഭിച്ചിട്ടുണ്ട്. ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങൾ ഈ ഉത്തരത്തിലുണ്ട്. ഞാൻ എല്ലാം വായിക്കുന്നില്ല. സിവിൽ സർജൻ മുതൽ പാർട്ട് ടൈം സ്വീപ്പർ വരെ 42 തസ്തികകൾ അവിടെയുണ്ട്. അതുകൂടാതെ എൻ.എച്ച്.എം. (National Health Mission) മുഖേന ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാരുടെ എണ്ണം 7 ആണ്. കോവിഡ് സെക്കന്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററായി ഇപ്പോൾ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 10-11-2020 മുതൽ കോവിഡ് രോഗികളുടെ കിടത്തി ചികിത്സയും ആരംഭിച്ചിട്ടുണ്ട്. 62 രോഗികളെ ചികിത്സിക്കാനുള്ള സൗകര്യമാണ് നിലവിലുള്ളത്. കോവിഡ് ആശുപത്രിയിൽ ജോലി ചെയ്യുന്ന എൻ.എച്ച്.എം. ജീവനക്കാരുടെ എണ്ണം 48 ആണ്. അതുപോലെ ബ്ലോക്ക് പഞ്ചായത്ത് മുഖേന ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം 3 ആണ്. 62 രോഗികളെ ചികിത്സിക്കാനുള്ള സൗകര്യത്തിൽ ഓക്സിജൻ സൗകര്യമുള്ള 35 കിടക്കകൾ സജ്ജമാക്കിയിട്ടുണ്ട്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായ ഈ ആശുപത്രിയിൽ 5 ഐ.സി.യു. ബെഡ്ഡുകളും ഒരു വെന്റിലേറ്റർ സൗകര്യവും നിലവിലുണ്ട്. കോവിഡ് രോഗികളുടെ എണ്ണത്തിൽ വലിയ രീതിയിലുള്ള വർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ ഓക്സിജൻ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട എം.പി.-യുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും ലഭ്യമാക്കിയ പോർട്ടബിൾ എക്സ്റേ മെഷീൻ

പ്രവർത്തിപ്പിക്കുന്നതിനായി ഡാർക്ക് റൂം സ്ഥാപിച്ചിരുന്നു. എന്നാൽ മാന്വലായി പ്രിന്റെടുക്കാനുള്ള ഫിലിം മാർക്കറ്റിൽ ലഭ്യമായിരുന്നില്ല. ആയതിനാൽ ദേശീയ ആരോഗ്യ ദൗത്യം മുഖേന കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രഫി മെഷീൻ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## VI. ക്രമപ്രശ്നം

### (1) ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ റിപ്പോർട്ട്

ശ്രീ. സി. ആർ മഹേഷ്: സർ, 2016 ജൂലൈ 20-ന് ഹൈക്കോടതിയുടെ മുന്നിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്നുണ്ടായ പോലീസ് ലാത്തി ചാർജ്ജിലേയ്ക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിക്കുന്നതിന് ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷനെ സർക്കാർ 2016 നവംബർ 8-ാം തീയതി നിയമിച്ചിരുന്നു. ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ച പ്രസ്തുത കമ്മീഷന്റെ കാലാവധി 43 മാസവും 18 ദിവസവും വരെ ദീർഘിപ്പിച്ചു നൽകിയശേഷം 2020 ജൂൺ 30-ാം തീയതി കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിരുന്നു. 1952-ലെ The Commissions of Inquiry Act-ലെ Section 3 (4) പ്രകാരം എൻക്വയറി കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാൽ സർക്കാർ 6 മാസത്തിനുള്ളിൽ അതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സഹിതം നിയമസഭയിൽ സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത ആക്ടിലെ Section 3(4) പ്രകാരം, 'The appropriate Government shall cause to be laid before each House of Parliament or, as the case may be, the Legislature of the State, the report, if any, of the Commission on the inquiry made by the Commission under sub-section (1) together with a memorandum of the action taken thereon, within a period of six months of the submission of the report by the Commission to the appropriate Government.' ഈ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ട് 11 മാസം കഴിഞ്ഞിരിക്കുന്നു. 'Government shall' എന്ന പദമാണ് നിയമത്തിലുള്ളത്. സർക്കാരിന് താൽപ്പര്യമുള്ള വിഷയങ്ങളിൽ ആറ് മാസത്തിനുള്ളിൽത്തന്നെ റിപ്പോർട്ട് സഭയിൽ സമർപ്പിക്കാനായി പ്രത്യേക നിയമസഭാ സമ്മേളനം വരെ വിളിച്ചുകൂട്ടിയിട്ടുള്ള കാര്യം ഓർമ്മിപ്പിക്കുന്നു. 2,77,44,814 രൂപ കമ്മീഷന്റെ പ്രവർത്തനത്തിന് ചെലവായിട്ടുണ്ട്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയുമധികം തുക ഒരു ജുഡീഷ്യൽ

അന്വേഷണ കമ്മീഷനും ചെലവാക്കിയിട്ടില്ല. റിപ്പോർട്ട് ലഭിച്ച് 11 മാസം കഴിഞ്ഞിട്ടും അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുൾപ്പെടെ സഭയിൽ വയ്ക്കാത്തത് പ്രസ്തുത നിയമത്തിന്റെ ലംഘനമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

[12.00 Noon]

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം അന്വേഷണ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചാൽ ലഭിക്കുന്ന തീയതി മുതൽ ആറുമാസത്തിനുള്ളിൽ അതിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട് സഹിതം സർക്കാർ നിയമസഭയിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. 2016 ജൂലൈ 20-ാം തീയതി ഹൈക്കോടതിയുടെ മുമ്പിൽ അഭിഭാഷകരും മാധ്യമ പ്രവർത്തകരും തമ്മിലുണ്ടായ സംഘർഷത്തെ ത്തുടർന്നുണ്ടായ പോലീസ് ലാത്തിച്ചാർജ്ജിലേയ്ക്ക് നയിച്ച സംഭവങ്ങളെപ്പറ്റി അന്വേഷിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ, 30-6-2020-ന് റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ പരിഗണനാവിഷയങ്ങളിലെ പ്രാധാന്യവും ഉള്ളടക്കത്തിലെ വ്യാപ്തിയും കണക്കിലെടുത്ത് ഇക്കാര്യത്തിലുള്ള സമ്പൂർണ്ണ നടപടി റിപ്പോർട്ട് (ആക്ഷൻ ടേക്കൺ റിപ്പോർട്ട്) തയ്യാറാക്കാൻ കൂടുതൽ പരിശോധന ആവശ്യമായി വന്നു. കോവിഡ് മഹാമാരിമൂലം ഓഫീസുകളുടെ സുഗമമായ പ്രവർത്തനം തടസ്സപ്പെട്ടതിനാലും നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തിയാക്കി കമ്മീഷൻ റിപ്പോർട്ടും നടപടി റിപ്പോർട്ടും നിയമസഭ മുമ്പാകെ സമർപ്പിക്കാൻ സാധിച്ചിരുന്നില്ല. നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ടും ആക്ഷൻ ടേക്കൺ റിപ്പോർട്ടും അടുത്ത നിയമസഭാ സമ്മേളനത്തിൽ സമർപ്പിക്കുന്നതാണ്.

(2) നിയമസഭാ ചട്ടങ്ങളുടെ മലയാളം തർജ്ജമ

ശ്രീ. എ. പി. അനിൽ കുമാർ: സർ, മലയാളം ഔദ്യോഗിക ഭാഷയായി അംഗീകരിച്ച സംസ്ഥാനമാണ് നമ്മുടേത്. മലയാളം ശ്രേഷ്ഠഭാഷയാണെന്ന് അങ്ങേയ്ക്കറിയാം. നിയമസഭയുടെ നടപടികളും നിയമങ്ങളും ഇന്ന് പൂർണ്ണമായും അവതരിപ്പിക്കുന്നത് മലയാളത്തിലാണ്. അതിലേയ്ക്ക് നമ്മുടെ നിയമസഭ വന്നതിന് ഒരു വലിയ ചരിത്രമുണ്ട്. തിരുവിതാംകൂർ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളുടെ നക്കൽ 9-8-1954-നാണ്

തിരുവിതാംകൂർ നിയമസഭ പരിഗണിച്ച് പാസ്സാക്കിയത്. പനമ്പള്ളി ഗോവിന്ദമേനോനാണ് ഈ ചട്ടം അംഗീകരിക്കണമെന്ന പ്രമേയം സഭയിൽ അവതരിപ്പിച്ചത്. 1954 ആഗസ്റ്റ് 31-ന് ഈ ചട്ടം നിലവിൽവന്നു. 1956-ൽ കേരളം രൂപീകൃതമായപ്പോൾ റീ-ഓർഗനൈസേഷൻ ആക്ടിന്റെ ഭാഗമായി നമ്മുടെ നിയമസഭയിലും അതേനിയമം പിന്തുടർന്നു. നിയമസഭയിൽ മുമ്പ് ചർച്ചകൾ നടന്നത് ഇംഗ്ലീഷിലായിരുന്നുവെന്ന് അങ്ങേയ്ക്കറിയാം. 1950 കാലഘട്ടത്തിൽത്തന്നെ മന്ത്രിമാർ മലയാളത്തിൽ മറുപടി പറയണമെന്ന ആവശ്യം വളരെ സജീവമായി ഉയർന്നുവന്നിരുന്നു. 23-3-1950-ലെ ചട്ടപ്രകാരം മലയാളത്തിൽ സംസാരിക്കണമെന്ന് നിർബന്ധിക്കാൻ നിർവ്വാഹമില്ലെന്ന ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെത്തുടർന്ന് തരിയത്ത് കുഞ്ഞിത്തൊമ്മനെന്ന അംഗം സഭയിൽ നിന്നിറങ്ങിപ്പോയത് ചരിത്രത്തിന്റെ ഭാഗമാണ്. 11-4-1950-ൽ ഹിന്ദു റിലീജിയസ് ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ടിന്റെ മലയാളം പതിപ്പ് കിട്ടണമെന്ന് മന്നത്ത് പത്മനാഭൻ ആവശ്യപ്പെട്ടിരുന്നു. മലയാളം മാത്രം പഠിച്ചിട്ടുള്ള നിർഭാഗ്യവാൻമാരായ എന്നെപ്പോലുള്ള എം.എൽ.എ.മാരുടെ അവകാശങ്ങൾ ഇങ്ങനെ അടിക്കടി ലംഘിക്കുന്നത് കഷ്ടവും പാപവുമാണെന്ന് അതുമായി അനുബന്ധിച്ച് അദ്ദേഹം പറഞ്ഞു. 1969-ലെ കേരള ഒഫിഷ്യൽ ലാംഗ്വേജസ് ആക്ട് പ്രകാരം നിയമസഭയിൽ അവതരിപ്പിക്കുന്ന എല്ലാ ബില്ലുകളും നിയമസഭ പാസ്സാക്കുന്ന എല്ലാ നിയമങ്ങളും സർക്കാർ പുറപ്പെടുവിക്കുന്ന എല്ലാ ഓർഡിനൻസുകളും ഉത്തരവുകളും ചട്ടങ്ങളും ബൈലാകളും മലയാളത്തിലോ ഇംഗ്ലീഷിലോ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മലയാളത്തെ കേരളത്തിന്റെ ഔദ്യോഗിക ഭാഷയായി പ്രഖ്യാപിക്കുകയെന്നതായിരുന്നു അന്നത്തെ ഉദ്ദേശ്യം. പിന്നീടത് പ്രഖ്യാപിച്ചു. ഇത് ഞാൻ സൂചിപ്പിക്കാനുള്ള കാരണം, ഇതൊക്കെയായിട്ടും കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ ഇന്ന് നമ്മൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ 'ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല' എന്നാണ് പറയുന്നത്. മലയാളത്തിൽ അവതരിപ്പിക്കുന്ന നിയമങ്ങൾപോലും ഇന്ന് ആധികാരികമാണ്. ഞാൻ രേഖകളെടുത്ത് പരിശോധിച്ചപ്പോൾ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ എന്ന ഇതേപുസ്തകം 2006-ൽ പ്രസിദ്ധീകരിച്ചതിൽ ഈയൊരു ഖണ്ഡിക എഴുതിച്ചേർത്തിട്ടില്ല. 2019-ൽ പ്രസിദ്ധീകരിച്ചപ്പോൾ ഇത് ഉൾപ്പെടുത്തിയിരിക്കുകയാണ്. പഴയകാര്യങ്ങളല്ല ഇന്ന്. മാറിയ സാഹചര്യത്തിൽ ഈയൊരു കാര്യം നീക്കം ചെയ്യണം. മലയാള ഭാഷ ഔദ്യോഗിക ഭാഷയായി അംഗീകരിച്ച നമ്മുടെ സംസ്ഥാനത്തെ നിയമസഭയുടെ നടപടിക്രമങ്ങൾക്ക് വിഘാതമായി, മലയാളത്തെ അപമാനിക്കുന്ന

രീതിയിലുള്ള പരാമർശമായി കാണേണ്ടിവരും. ചട്ടം 305-ൽ മലയാള ഭാഷ ഉപയോഗിക്കുന്നത് സംബന്ധിച്ച് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും നടപടിക്രമവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണം ആധികാരിക രേഖയല്ലെന്ന് പറയുന്നത് നീക്കം ചെയ്തുകൊണ്ട് ഇത് ആധികാരിക രേഖയാണെന്നുള്ളത് ഉറപ്പുവരുത്താനുള്ള നടപടി ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

## റൂളിംഗ്

മി. സ്പീക്കർ: കേരള ഹൈക്കോടതി പരിസരത്തുവച്ച് 2016 ജൂലൈ 20-ന് മാധ്യമ പ്രവർത്തകരും അഭിഭാഷകരും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് നടന്ന ലാത്തിച്ചാർജ്ജിനെക്കുറിച്ച് അന്വേഷിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷൻ 2020 ജൂൺ 30-ാം തീയതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചെങ്കിലും 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ടിലെ സെക്ഷൻ 3(4) പ്രകാരം അത് ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഹിതം സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിൽ കാലതാമസമുണ്ടായതിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. സി. ആർ. മഹേഷ് ക്രമപ്രശ്നം ഉന്നയിച്ചത്.

ഇക്കാര്യത്തിൽ കാലതാമസമുണ്ടായതിനുള്ള കാരണങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അതോടൊപ്പം പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് തൊട്ടടുത്ത സമ്മേളനത്തിൽത്തന്നെ സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതാണെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം തീർപ്പാക്കുകയാണ്.

ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ ഉന്നയിച്ചത് നമ്മുടെ സഭാ ചട്ടങ്ങളുടെ മലയാള പരിഭാഷയിൽ ആമുഖത്തിന്റെ അവസാനം ചേർത്തിരിക്കുന്ന ഒരു വാചകത്തിന്റെ പ്രസക്തി സംബന്ധിച്ചാണ്. മലയാളത്തിലുള്ള സഭാ നടപടി ചട്ടങ്ങളിൽ ആമുഖത്തിന്റെ അവസാനം "ഇത് മൂലഭാഷയായ ഇംഗ്ലീഷിലുള്ള ചട്ടങ്ങളുടെ പരിഭാഷ മാത്രമായതിനാൽ നിയമപ്രകാരമുള്ള ഒരു ആധികാരിക രേഖയല്ല" എന്നാണ് ചേർത്തിരിക്കുന്നത്.

നമ്മുടെ നിയമസഭാ നടപടി ചട്ടങ്ങൾ രൂപപ്പെട്ടത് 1954 ആഗസ്റ്റ് 31-ാം തീയതി നിലവിൽ വന്ന തിരുവിതാംകൂർ കൊച്ചിൻ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ നടപടി ചട്ടങ്ങളിൽനിന്നാണ്. 1956-ലെ സ്റ്റേറ്റ്സ് റീ-ഓർഗനൈസേഷൻ ആക്ടിലെ പ്രൊവിഷൻ അനുസരിച്ചാണ് 1954-ലെ ചട്ടങ്ങൾ കേരള നിയമസഭയുടെ നടപടി

ചട്ടങ്ങളായി പിന്നീട് അംഗീകരിക്കപ്പെട്ടത്. അപ്രകാരം സഭ അംഗീകാരം നല്കിയ ചട്ടങ്ങളുടെ ഒറിജിനൽ ടെക്സ്റ്റ് ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നത് നിമിത്തമാണ് ഇന്നും സഭാചട്ടങ്ങളുടെ ആധികാരിക ടെക്സ്റ്റ് ഇംഗ്ലീഷായി തുടർന്നുവരുന്നത്. മലയാള ഭാഷയിൽ നാം ഉപയോഗിച്ചുവരുന്നത് ഇംഗ്ലീഷിൽനിന്നും മലയാളത്തിലേയ്ക്ക് തർജ്ജമ ചെയ്ത വേർഷൻ മാത്രമാണ്. അത് ആധികാരികമാണെന്ന് പറയാനാകില്ല. നിയമ വകുപ്പ് തയ്യാറാക്കിയ പ്രസ്തുത പരിഭാഷയുടെ ഏതെങ്കിലും വ്യവസ്ഥ വ്യാഖ്യാനിക്കുന്ന വേളയിൽ ഒറിജിനൽ ടെക്സ്റ്റുമായി വൈരുദ്ധ്യമുണ്ടാകുന്നപക്ഷം ഇംഗ്ലീഷ് ടെക്സ്റ്റിനായിരിക്കും മുൻതൂക്കം എന്നൊരു നിയമപരമായ മുന്നറിയിപ്പാണ് മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്നത്. ഇതൊരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് മാത്രമാണ്. നമ്മുടെ ഔദ്യോഗിക ഭാഷയായ മലയാളത്തിന്റെ പ്രാധാന്യത്തെയോ പ്രാമുഖ്യത്തെയോ ഈ പ്രയോഗം ഒരു തരത്തിലും ഹനിക്കുന്നില്ലെന്ന് മാത്രമല്ല മലയാളഭാഷയെ അപമാനിക്കുന്നുമില്ലെന്നുകൂടി ഇത്തരുണത്തിൽ അങ്ങയേയും ഈ സഭയേയും അറിയിക്കാൻ ചെയർ ആഗ്രഹിക്കുന്നു.

ഒരു കാര്യംകൂടി ഇതിനോടനുബന്ധിച്ച് അറിയിക്കാൻ ചെയർ ആഗ്രഹിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടേയും കാലാകാലങ്ങളിലുണ്ടാകുന്ന അതിന്റെ ഭേദഗതികളുടേയും ഹിന്ദിയിലുള്ള പരിഭാഷ എല്ലാ അർത്ഥത്തിലും ഇംഗ്ലീഷ് ഭാഷയിലുള്ളതുപോലെതന്നെ ആധികാരികമായ രേഖ ആയിരിക്കുന്നതാണെന്ന് ഭരണഘടനയിലെ അനുച്ഛേദം 394 A-യിൽ അനുശാസിച്ചിരിക്കുന്നു. അതേ മാതൃകയിൽ നമ്മുടെ സഭാചട്ടങ്ങളുടെ മലയാള പരിഭാഷയും ആധികാരിക തർജ്ജമയായി സഭ അംഗീകരിക്കുന്ന പക്ഷം ആയത് ഇംഗ്ലീഷ് വേർഷൻപോലെ ആധികാരിക രേഖയായി അംഗീകരിക്കാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അപ്രകാരമുള്ള ഒരു നടപടിക്രമം പൂർത്തീകരിക്കുന്നതുവരെ നിലവിൽ മലയാളം പരിഭാഷയുടെ ആമുഖത്തിൽ ചേർത്തിരിക്കുന്ന സ്റ്റാറ്റ്യൂട്ടറി പ്രസ്താവന ഒഴിവാക്കാൻ കഴിയില്ലെന്നാണ് കാണുന്നത്. അതിനായുള്ള പരിശ്രമം നമുക്ക് കൂട്ടായി നടത്താവുന്നതാണെന്നുകൂടി അറിയിക്കുന്നു.

## VII. ധനകാര്യം

### 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. മുരളി പെരുനെല്ലി: സർ, ഒന്നാം പിണറായി സർക്കാരിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ ഇല്ലാതിരുന്ന ചില പ്രത്യേക പ്രശ്നങ്ങളുംകൂടി ചേർത്തുകൊണ്ട് ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഒരിക്കൽ സംഭവിക്കുന്നത് യാദൃശ്ചികമാകാം. രണ്ടാമത്തേത് തീർച്ചയായും അതിനപ്പുറമാണ്. രണ്ടു വർഷംമുമ്പ് പ്രളയത്തിലകപ്പെട്ട കേരളത്തെ തളരാതെ പിടിച്ചുനിർത്തിയ ആ ശബ്ദം ഇപ്പോൾ വീണ്ടും കേൾക്കുകയാണ്. ഇതെന്റെ വാചകമല്ല. 2021 ജനുവരി 18-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ ഒരു വാചകമാണ്. 2020 മാർച്ച് മാസം ടെലഗ്രാഫ് പത്രത്തിൽ വന്ന വാർത്തയാണിത്. ആ ശബ്ദം ആരുടേതാണെന്ന് ഇന്നും പ്രസക്തമായി നിലകൊള്ളുകയാണ്. ഒരു വർഷംകൂടി കഴിഞ്ഞു. ആരോഗ്യ വിദഗ്ദ്ധർ കോവിഡ്-19-ന്റെ മൂന്നാം തരംഗം പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ എല്ലാ ശക്തിയും സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ട് ഒരാളെയും ഒഴിവാക്കാതെ എല്ലാവരെയും ചേർത്തുപിടിച്ചുകൊണ്ട്, ഉൾക്കൊണ്ടു കൊണ്ട് കോവിഡ് വൈറസിന് ചുറ്റും പ്രതിരോധ കവചം തീർത്ത് മുന്നോട്ടുപോകുന്ന, ജനമനസ്സുകളിൽ നിറഞ്ഞുനിൽക്കുന്ന കേരളത്തിലെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ ശബ്ദത്തെയാണ് 2020-ൽ ടെലഗ്രാഫ് സൂചിപ്പിച്ചത്. ഓഖിയെയും നിപയെയും പ്രളയത്തെയും അതിജീവിച്ച കേരളമാണ് നമ്മുടെ പ്രിയപ്പെട്ട കേരളം. കോവിഡ്-19 മഹാമാരിയെ പ്രതിരോധിക്കാൻ ഈ ഗവൺമെന്റ് തുടക്കം മുതലെടുത്ത നടപടികൾ വളരെയേറെ അഭിമാനകരമാണ്; ജനങ്ങൾ അംഗീകരിക്കുന്നതാണ്. അത് ലോകം മുഴുവനും പ്രശംസ നേടിയ നടപടികളാണെന്നതും പ്രത്യേകം കാണേണ്ടതാണ്. രണ്ടാം തരംഗത്തെ ദുർബലമാക്കി മൂന്നാം തരംഗത്തിന്റെ വരവിനെ ഒഴിവാക്കാൻ ആറ് ഇനങ്ങളടങ്ങുന്ന ഒരു കർമ്മ പദ്ധതിക്കാണ് ഈ ബഡ്ജറ്റിലൂടെ രൂപം കൊടുത്തിരിക്കുന്നത്. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ സാമ്പത്തികമായി ഞെരുക്കുമ്പോൾ നികുതികൾ കൂട്ടി ചെലവ് ചുരുക്കി ജനങ്ങളെ ഞെക്കിപ്പിഴിയാനല്ല ഈ ഗവൺമെന്റ് പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും പുതിയൊരു നികുതി നിർദ്ദേശവും അടിച്ചേൽപ്പിച്ചിട്ടില്ലെന്ന് മാത്രമല്ല, ജനങ്ങൾക്ക് ഒരുപാട് ആശ്വാസവും പകരുന്ന ഒരു ബഡ്ജറ്റാണ് സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഒരു ഇടതുപക്ഷ സർക്കാരിന് മാത്രമേ ഇത്തരം ഒരു ബദൽ അവതരിപ്പിക്കാൻ കഴിയുകയുള്ളൂ എന്നകാര്യം നമ്മൾ നല്ലതുപോലെ കാണേണ്ടതുണ്ട്. കോവിഡ്മൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം പകരാൻ നടപ്പിലാക്കിയ 20,000 കോടി രൂപയുടെ ഉത്തേജക പാക്കേജിന് പിന്നാലെയാണ് 20,000 കോടി രൂപയുടെ പുതിയ പാക്കേജ് മുന്നോട്ടുവച്ചിരിക്കുന്നത്. ആരോഗ്യ അടിയന്തരാവസ്ഥയുടെ പശ്ചാത്തലത്തിൽ 'എല്ലാത്തിനും മുൻപേ ആരോഗ്യം',

'ഒന്നാമത് ആരോഗ്യം' എന്നുള്ള ദിശാബോധത്തിലൂന്നിയ ഒരു ബഡ്ജറ്റാണ് ഈ ബഡ്ജറ്റെന്ന് നമുക്ക് കാണാൻ കഴിയും. മഹാഭാരത യുദ്ധം വിജയം കണ്ടത് 18 ദിവസം കൊണ്ടാണെങ്കിൽ 21 ദിവസംകൊണ്ട് കോവിഡിനെ തുരത്തുമെന്ന് വീമ്പിളക്കിയ ആ മോദി ഭരണം ഇന്ന് 16 മാസം പിന്നിടുമ്പോൾ മൂന്നാം തരംഗത്തിന്റെ ഭീഷണിക്കുമുന്നിൽ ഇന്ത്യയൊട്ടുക്ക് പകച്ചുനിൽക്കുന്ന ഒരു കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഉത്തർപ്രദേശിലെ ഗ്രാമങ്ങളിലും നഗരപ്രദേശങ്ങളിലും ആരോഗ്യ സംവിധാനം ദൈവത്തിന്റെ കരുണയ്ക്കുമുന്നിൽ നിൽക്കുകയാണ്; കാത്തുകിടക്കുകയാണെന്നാണ് അലഹബാദ് ഹൈക്കോടതി തന്നെ നിരീക്ഷിക്കുന്നത്. അലഹബാദ് ഹൈക്കോടതി ഒരുപാട് വിധികൾ പുറപ്പെടുവിച്ച ഹൈക്കോടതിയാണെന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ മൂന്നരക്കോടി മലയാളികൾ സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിന്റെ കീഴിൽ, ഇടതുപക്ഷ സർക്കാർ തീർത്ത ആ സുരക്ഷാ വലയത്തിനുള്ളിൽ ആശ്വാസം കൊള്ളുകയാണെന്നുള്ളത് നമുക്ക് നിസ്സംശയം പറയാൻ കഴിയുന്ന ഒരു കാര്യമാണ്. യുദ്ധകാലാടിസ്ഥാനത്തിൽ മൂന്നാം തരംഗത്തെ അതിജീവിക്കാൻ കഴിയാവുന്ന എല്ലാ സജ്ജീകരണങ്ങളും ഈ സർക്കാർ ഒരുക്കിക്കഴിഞ്ഞിട്ടുണ്ടെന്നത് ബഡ്ജറ്റിലൂടെ നാം കാണുന്നുണ്ട്. മൂന്നാം തരംഗം കുട്ടികളെ ബാധിക്കുന്നതിനാൽ ജില്ലകളിൽ ശിശുരോഗ തീവ്രപരിചരണ വിഭാഗം ഈ ബഡ്ജറ്റുവഴി സർക്കാർ ഉറപ്പാക്കുകയാണ്. നവജാത ശിശുക്കൾക്കും കുട്ടികൾക്കുമായി പ്രത്യേകം ICU ഒരുക്കാനാവശ്യമായ നടപടികളും ഈ ബഡ്ജറ്റിൽ നമുക്ക് കാണാൻ കഴിയുന്നു. അതുപോലെ ജില്ലകളിൽ കുട്ടികൾക്കായി നോഡൽ ആശുപത്രികൾ സജ്ജമാക്കുന്ന നടപടി എടുക്കുകയാണ്. ഓക്സിജൻ ലഭ്യത ഉറപ്പാക്കാനാവശ്യമായ കാര്യങ്ങൾ ഈ ബഡ്ജറ്റുവഴി ചെയ്യുന്നുണ്ട്. 18 വയസ്സിന് മുകളിലുള്ളവർക്ക് കേന്ദ്ര നയത്തിൽനിന്നും വ്യത്യസ്തമായി സൗജന്യ വാക്സിൻ നൽകുമെന്ന് പറഞ്ഞ മുഖ്യമന്ത്രിയാണ് കേരളത്തിന്റെ പ്രിയപ്പെട്ട മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ. ജൂലൈ 15-നകം 40 വയസ്സിന് മുകളിലുള്ള എല്ലാവർക്കും ആദ്യ ഡോസ് വാക്സിൻ കൊടുക്കുമെന്ന് ഇവിടെ പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. സാമൂഹിക പ്രതിരോധശേഷി വർദ്ധിപ്പിച്ച് കോവിഡിനെ അതിജീവിക്കുക എന്ന നയമാണ് ഇടതുപക്ഷ സർക്കാർ ഇവിടെ നടപ്പാക്കുന്നത്. സൗജന്യ വാക്സിൻ പ്രഖ്യാപിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിക്കഴിഞ്ഞിരിക്കുകയാണ്. അഭിമാനത്തോടെ നമുക്കത് പറയാൻ കഴിയുന്ന ഒരു കാര്യമാണ്. നിഷേധാത്മക നിലപാടുമായി മുന്നോട്ടുപോകുന്ന മോദി സർക്കാരിന്റെ നയംമാറ്റം ഇപ്പോൾ വളരെയേറെ

സ്വാഗതാർഹമാണ്. സുപ്രീംകോടതിയുടെ പ്രഹരം കിട്ടിയപ്പോൾ മോദിക്ക് തലയ്ക്ക് വെളിച്ചം വന്ന ഒരനുഭവമാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. വാക്സിൻ നയമാറ്റത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ വളരെയേറെ പ്രശംസനീയമാണ്. 18 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ സൗജന്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പ്രധാനമന്ത്രിക്ക് പലവട്ടം കത്തുകൾ അയയ്ക്കുകയുണ്ടായി. അതുപോലെ ഇതുമായി ബന്ധപ്പെട്ട യോജിച്ച നീക്കത്തിന് സഹകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർക്ക് സഖാവ് പിണറായി വിജയൻ പല തവണ കത്തയച്ചു. മറ്റു സംസ്ഥാനങ്ങളും കേന്ദ്ര നയത്തിനെതിരായി ഇതുമൂലം രംഗത്തുവരുന്ന കാഴ്ച നമ്മൾ കാണുകയുണ്ടായി. അങ്ങനെയാണ് ഇന്നലെ ബഹുമാനപ്പെട്ട സുപ്രീംകോടതികൂടി ഇടപെട്ടതോടെ മോദിക്ക് പിടിച്ചുനിൽക്കാൻ കഴിയാതായത്. സംസ്ഥാനങ്ങളിൽനിന്ന് ലഭിച്ച പരാതികളുടെയും കൂടി അടിസ്ഥാനത്തിലാണ് ഈ നയംമാറ്റമെന്നുള്ള കാര്യവും മോദി ഇന്നലെ പറയുന്ന ഒരു സ്ഥിതിവിശേഷവും കണ്ടു. മോദിയെപ്പറ്റി കേന്ദ്രത്തിലെ മുൻ ആരോഗ്യ വകുപ്പ് സെക്രട്ടറി 'ഭയന്നുവിറച്ച ഒരു ദുർബല ജീവി' എന്നാണ് പറഞ്ഞത്. കോവിഡ്മൂലം പ്രതിസന്ധിയിലായി തൊഴിൽ നഷ്ടപ്പെട്ട യുവാക്കളെ കാർഷിക മേഖലയിലേയ്ക്ക് ആകർഷിക്കുന്നതിനും കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിനും പല പദ്ധതികളും നമ്മുടെ ഈ ബഡ്ജറ്റിനകത്ത് കാണാൻ കഴിയുന്നുണ്ട്. കാർഷിക മേഖലയുടെ ഉത്തേജനത്തിന് വഴിവയ്ക്കുന്ന ഈ പദ്ധതികൾ വളരെയേറെ സ്വാഗതാർഹമാണ്. കേരളത്തിലെ കർഷക സമൂഹം ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുമെന്ന കാര്യം നമുക്കറിയാൻ കഴിയും.

നാട് നന്നാക്കാൻ യു.ഡി.എഫ്. വരണമെന്ന് പറഞ്ഞവർ എന്തിന്റെ പേരിലാണ് നാടിന്റെ വികസനത്തെ മുന്നോട്ടുനയിക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നടപടികളെ എതിർക്കുന്നതെന്ന് ഒരെത്തുംപിടിയും കിട്ടുന്നില്ല. ഇവരെങ്ങാനും അധികാരത്തിൽ വന്നിരുന്നുവെങ്കിൽ കേരളത്തിന്റെ അവസ്ഥ എന്താകുമായിരുന്നുവെന്ന മുൻകാല അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്; ചിന്തിക്കാൻപോലും കഴിയാത്ത നടപടികളാണ് ആ കാലഘട്ടത്തിൽ കേരളത്തിൽ നടന്നിരുന്നത്. 2011-16 കാലഘട്ടത്തിലെ ആ ഭരണം ആവർത്തിക്കാൻ അതിന്റെ വിശദീകരണത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

"അവനവനാത്മ സുഖത്തിനാചരിക്കുന്നവ

അപരന്നു സുഖത്തിനായ് വരേണം"

എന്നാണ് ഗുരുവചനം കാണിക്കുന്നത്. പ്രതിപക്ഷത്തിന്റെ വാക്കും പ്രവൃത്തിയും അവരുടെ ആത്മസുഖത്തിനല്ലാതെ കേരള സമൂഹത്തിന് ഒരു സുഖവും പ്രദാനം ചെയ്യുന്നില്ലെന്നുള്ളത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. സമൂഹത്തിലാരും ഇവരുടെ വാക്കുകളെ വിലയ്ക്കെടുക്കുന്നില്ലെന്ന് നമുക്ക് കാണാൻ കഴിയും. ഇവിടെ അഴിമതിക്കാർക്ക്, വർഗ്ഗീയവാദികൾക്ക് അതുപോലെ സമ്പന്നർക്ക് ആത്മസുഖം പകരുന്ന ഒരു പ്രതിപക്ഷ ധർമ്മം കൃത്യമായി ഇവിടെ കൈകാര്യം ചെയ്യുന്നുവെന്നുള്ളത് നമുക്ക് കാണാൻ കഴിയും. 'തിന്ന ചോറിന് നന്ദി കാണിക്കുക' എന്നൊരു ചൊല്ലുതന്നെ കേരളത്തിലുണ്ട്. 'ഞങ്ങൾ പറയുന്നതെല്ലാം ശരിയായിരുന്നു, സർക്കാർ യു-ടേൺ അടിച്ചുകൊണ്ടിരിക്കുകയാണ് ' - ഇതാരാണ് പറയുന്നത്? ഭരണപക്ഷ പോസ്റ്റിലേയ്ക്ക് ഗോളടിക്കാൻ ജേഴ്സിയണിഞ്ഞ മുൻ പ്രതിപക്ഷനേതാവ് പുറകോട്ട് യു-ടേൺ അടിക്കുന്ന കാഴ്ചയാണ് നമുക്ക് ഈ തെരഞ്ഞെടുപ്പുവഴി കാണാൻ കഴിയുന്നത്. ഇവിടെ അക്കരെ നിന്നൊരു മാരനുണ്ടായിരുന്നു. സഭയിൽ ഇപ്പോൾ കാണാനില്ല. വടക്കാഞ്ചേരി മണ്ഡലമെന്ന പെൺകിടാവിനെ മോഹിച്ച്, ആ പെൺകിടാവിന്റെ ലൈഫ് തകർക്കാൻ ബി.ജെ.പി.യുമായും കേന്ദ്ര സർക്കാരുമായും കൈകോർത്ത് പ്രവർത്തിച്ചപ്പോൾ വടക്കാഞ്ചേരിക്കാർ അയാളെക്കൊണ്ട് യു-ടേൺ അടിപ്പിച്ച കാര്യം മുൻ പ്രതിപക്ഷനേതാവ് കണ്ടില്ലെന്നാണോ മനസ്സിലാക്കേണ്ടത്! ആർക്കാണ് യു-ടേൺ പലതിലും വേണ്ടിവന്നതെന്ന് നമുക്ക് നല്ലതുപോലെ കാണാൻ കഴിയുന്നുണ്ട്.

'ആലിബാബയും നാല്പത്തിയൊന്ന് കള്ളന്മാരും' നമ്മളെല്ലാവരും പലവട്ടം വായിച്ചിട്ടുള്ള കഥകളാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്കെതിരായി എന്തെല്ലാം നുണകളും അപവാദങ്ങളുമാണ് ഒരുപറ്റം മാധ്യമങ്ങളുടെയും കോർപ്പറേറ്റുകളുടെയും പിൻബലത്തോടുകൂടി തീവ്രവാദ വർഗ്ഗീയ ശക്തികളെയും കൂട്ടുപിടിച്ചുകൊണ്ട് ഇന്ത്യയിൽ നടത്തിയിരുന്നതെന്ന് നമ്മൾ കണ്ടതാണ്. ജനവിധിയെ അട്ടിമറിക്കാൻ കേന്ദ്ര കുറ്റാന്വേഷണ ഏജൻസികളെയും അവരുടെ സേവനങ്ങളെയും യു.ഡി.എഫ്. പ്രയോജന പ്പെടുത്തുന്ന കാഴ്ചയാണ് നമ്മൾ കണ്ടത്. കച്ചവടത്തിലൂടെ ബി.ജെ.പി.-യുടെ വോട്ട് യു.ഡി.എഫ്-ന്, അങ്ങനെ ജയിച്ചുവരുന്ന എം.എൽ.എ.മാരെ വിലയ്ക്കെടുക്കാൻ ബി.ജെ.പി.യും പരസ്യമായി കൈകോർക്കുന്ന ഒരു ബന്ധമാണ് നമ്മൾ ഈ തെരഞ്ഞെടുപ്പിൽ കണ്ടത്. അധാർമ്മിക ശക്തികളെ യു-ടേൺ അടിപ്പിച്ച് എൽ.ഡി.എഫ്. ചരിത്ര വിജയം നേടിയത് നിങ്ങൾ മറന്നുപോയോ; 99 സീറ്റ് നേടി ഇടതുപക്ഷ ജനാധിപത്യമുന്നണി യു-ടേൺ അല്ല മുന്നിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നമുക്കിവിടെ കാണാൻ കഴിയുന്നത്. ആ യു-ടേൺ ഓട്ടത്തിൽ അടിതെറ്റി തട്ടിത്തെറിച്ച് ചിലരെല്ലാം സഭയ്ക്കകത്ത് വന്നിട്ടുണ്ട്.

ആരാണ്? പ്രതിപക്ഷ നേതാവും നാല്പതു പേരുമാണ് (നാല്പത് + ഒന്ന്) ഇന്ന് സഭയിലെത്തിയത്. താമരയിൽ വിരിഞ്ഞ ഭരണമല്ല; താമരയിൽ വിരിഞ്ഞ പ്രതിപക്ഷമാണ്, താമരക്കുട്ടന്മാരാണ് പ്രതിപക്ഷത്തിരിക്കുന്നതെന്ന് നമുക്ക് കൃത്യമായി കാണാൻ കഴിയും. മുഖ്യമന്ത്രി ഇവിടെ വിവരിച്ച കാര്യങ്ങളാണത്. ഇവിടെ താമരമൊട്ടുകളാണ് 41 പേർ. ഇത് കേരളമാണ്. വിരിയാൻ വെമ്പുന്ന താമരമൊട്ടുകളെ വിരിയാൻ ഈ കേരളം അനുവദിക്കില്ല. മതനിരപേക്ഷ മനസ്സുള്ള മനസ്സാണ് കേരളത്തിന്റേത്. ആ കേരളം ഒരുകാരണവശാലും വർഗ്ഗീയ ശക്തികൾക്ക് വിളഭൂമിയാകാൻ നിന്നുകൊടുക്കില്ലെന്നുള്ളത് നാം നല്ലതുപോലെ കാണേണ്ടതുണ്ട്. നിങ്ങളുടെ സഹായത്തോടെയല്ലേ നേമത്ത് ബി.ജെ.പി. അക്കൗണ്ട് തുറന്നത്? പക്ഷേ ആ അക്കൗണ്ട് ക്ലോസ് ചെയ്യുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. പക്ഷേ നിങ്ങൾക്കത് വിശ്വസിക്കാൻ കഴിഞ്ഞില്ല; ഇപ്പോൾ ആ അക്കൗണ്ട് പൂട്ടിച്ചു, ഇതാണ് ഈ സർക്കാർ. ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ പറയും; ആ പറഞ്ഞ കാര്യം നടപ്പാക്കും. അതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ.

അഞ്ചുവർഷത്തിൽ ഒരുതവണ മാത്രമാണ് വാർഷിക പദ്ധതി 80 ശതമാനത്തിൽ താഴെ വന്നിട്ടുള്ളത്. 2019-2020 മഹാപ്രളയ കാലഘട്ടത്തിലാണ് അത്തരമൊരവസ്ഥ നമുക്ക് നേരിടേണ്ടി വന്നത്. മഹാമാരിയുടെ കാലത്തുപോലും പദ്ധതിച്ചെലവ് ഉയർത്തിക്കൊണ്ടുതന്നെ ജനങ്ങൾക്കുവേണ്ടി മുന്നോട്ടുപോകുന്ന കാഴ്ച നമുക്ക് കാണാൻ കഴിയുന്നു. ഒരുപാട് വാഗ്ദാനങ്ങൾ നൽകി, അവ വെറും വാക്കുകളല്ല, നടപ്പാക്കാനുള്ളതാണ്. ഫയലുകൾ അതിവേഗം തീർപ്പാക്കുമെന്നാണ് മുഖ്യമന്ത്രി മറുപടി പറഞ്ഞത്. അതുപോലെ റോഡുകളെക്കുറിച്ച് പരാതി അറിയിക്കാൻ മൊബൈൽ ആപ്പ്, പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തൽ, പാവപ്പെട്ടവർക്ക് ഗുണമേന്മയുള്ള ജീവിതം തുടങ്ങി സർക്കാരിന്റെ പരിഗണന കിട്ടാത്ത ഒരാളും ഈ കേരളത്തിൽ ഉണ്ടാകില്ലെന്നുള്ളത് മുഖ്യമന്ത്രി തീർത്തുപറഞ്ഞ കാര്യമാണ്. വീട്ടമ്മമാർക്കുൾപ്പെടെ പെൻഷൻ കൊടുക്കുന്ന സംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. 25 വർഷത്തിനുള്ളിൽ വികസിത രാജ്യത്തിന് സമാനമായ രീതിയിലേയ്ക്ക് ഈ കേരളത്തെ എത്തിക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. കാർഷിക മേഖലയിൽ ഉത്പാദനക്ഷമത, ലാഭസാധ്യത, സുസ്ഥിരത എന്നത് മുദ്രാവാക്യമാക്കും. തേങ്ങ, സുഗന്ധവിള സംസ്കരണത്തിന് വ്യവസായശാലകളുടെ ശ്രേണിയുണ്ടാക്കും. മുഴുവൻ ഭൂരേഖകളുടെയും സമകാലിക വിവരങ്ങൾ കൂട്ടിച്ചേർക്കാൻ സമയബന്ധിത പദ്ധതിയുണ്ടാകും. പൊതുമേഖലാ സ്ഥാപനങ്ങൾ നവീകരിക്കും. ഐ.ടി. വകുപ്പ്, ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരളത്തിലെ ഐ.ടി. വ്യവസായം എന്നിവയ്ക്ക് പ്രത്യേക വെബ് പോർട്ടൽ ഉണ്ടാക്കും. കേരളത്തിന്റെ വികസനത്തിന് സാധ്യമായ കാര്യങ്ങളെല്ലാം ചെയ്യുന്ന

നടപടികളാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി നടപ്പാക്കി ക്കൊണ്ടിരിക്കുന്നത്. ഇവിടെ കാർഷിക രംഗത്തും വ്യവസായ രംഗത്തും വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും തുടങ്ങി എല്ലാ മേഖലകളുമെടുത്ത് പരിശോധിച്ചാൽ വളരെയേറെ ശ്രദ്ധേയമായ ഇന്ത്യാ മഹാരാജ്യത്ത് കോൺഗ്രസ്സോ ബി.ജെ.പി.യോ ഭരിക്കുന്ന ഒരു സംസ്ഥാനത്തിനും അവകാശപ്പെടാൻ കഴിയാത്ത നേട്ടങ്ങളുമായിട്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ അത്തരം പ്രവർത്തനങ്ങളെ മുന്നോട്ടുനയിക്കാൻ സഹായകമായ നടപടിയുമായാണ് പോകുന്നതെന്നത് കൃത്യമായി കാണാൻകഴിയും.

എത്ര താഴ്ചകൾ കണ്ടവർ നമ്മൾ

എത്ര ചുഴികളിൽ പിടഞ്ഞവർ നമ്മൾ

എത്ര തീയിലമർന്നവർ നമ്മൾ

ഉയർത്തെണീക്കാനായി ജനിച്ചവർ നമ്മൾ

മരിക്കിലും തോൽക്കില്ല നമ്മൾ

ഡോ. തോമസ് ഐസക്കിന്റെ കഴിഞ്ഞ ബഡ്ജറ്റിലെ ചില വരികളാണിത്. ഈ വരികൾ അർത്ഥപൂർണ്ണമാക്കി കേരളത്തെ മുന്നോട്ടുനയിക്കുന്ന സഖാവ് പിണറായി വിജയൻ സർക്കാരിനുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ പുതുക്കിയ ബഡ്ജറ്റിനെ സന്തോഷപൂർവ്വം പിന്തുണയ്ക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കേരളത്തിന്റെ ധനസ്ഥിതി കഴിഞ്ഞ കുറച്ച് വർഷങ്ങളായി അതീവ ഗുരുതരമായ അവസ്ഥയിലാണ്. ഒന്നാം എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതുമുതൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്ന ഒരു കാര്യമാണിത്. ആദ്യത്തെ നാലുവർഷം കേരളത്തിന്റെ ധനസ്ഥിതി മെച്ചപ്പെടുത്താനുള്ള ക്രിയാത്മകമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നുള്ളത് നമുക്ക് അറിവുള്ള കാര്യമാണ്. അപ്പോഴാണ് കോവിഡ് പ്രതിസന്ധി ലോകത്തെമ്പാടും ഉയർന്നുവന്നത്. പണ്ട് ഐ.സി.യു.വിലായ സമ്പദ്‌വ്യവസ്ഥ ഇപ്പോൾ വെന്റിലേറ്ററിലായെന്നുവേണം പറയാൻ. Economic cycle-ൽ സാധാരണ യുണ്ടാകുന്ന മാന്ദ്യമായി ഇപ്പോഴത്തെ അവസ്ഥയെ കാണാൻ കഴിയുകയില്ല. ഇത് ഡിപ്രഷന് സമാനമായ ഒരവസ്ഥയാണ്. ഇവിടെ നമുക്ക് തൊലിപ്പുറത്തെ

ചികിത്സയല്ല, മേജർ സർജറിതന്നെ ആവശ്യമായി വരും. ഡോ. ടി. എം. തോമസ് ഐസക്കിന്റെ 20,000 കോടി രൂപയുടെ ഒന്നാം കോവിഡ് പാക്കേജും ശ്രീ. കെ. എൻ. ബാലഗോപാലിന്റെ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജും നിർഭാഗ്യവശാൽ തൊലിപ്പുറത്തെ ചികിത്സയായെന്ന് പറയേണ്ടിവന്നതിൽ ഞങ്ങൾക്ക് വിഷമമുണ്ട്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഒന്നാം പാക്കേജ്, ബിൽ കുടിശ്ശികകൾ കൊടുക്കാനുള്ള പദ്ധതിയായിരുന്നു. പുതിയതായി ഒന്നുംതന്നെ അതിലുണ്ടായിരുന്നില്ല. കൊടുക്കാനുള്ള പണമെല്ലാം ഒന്നിച്ച് കൊടുത്തുതീർക്കുന്നുവെന്ന് പറയുന്നതിനെ ഒരു കാരണവശാലും ഒരു പാക്കേജായി കണക്കാക്കാൻ കഴിയില്ല. അങ്ങ് 20,000 കോടി രൂപയുടെ രണ്ടാം പാക്കേജ് പ്രഖ്യാപിച്ചു. അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ direct benefit transfer ഉൾപ്പെടെ പരാമർശിച്ചപ്പോൾ ഞങ്ങളും കേരള സമൂഹവും വലിയ പ്രതീക്ഷയോടെയാണ് നോക്കിക്കണ്ടത്. പക്ഷേ അങ്ങയുടെ ബഡ്ജറ്റും സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കുന്ന ഒരു പ്രഖ്യാപനം മാത്രമാണെന്ന് പിന്നീട് മനസ്സിലാക്കാൻ കഴിഞ്ഞു. ജനങ്ങളുടെ കയ്യിലേയ്ക്ക് പണം എത്തിക്കുന്ന, മാർക്കറ്റിനെ ചലനാത്മകമാക്കുന്ന സർജിക്കൽ സ്ട്രൈക്ക് ആയിരുന്നു നമുക്ക് ആവശ്യം. അത് നിർഭാഗ്യവശാൽ ഉണ്ടായില്ല. കേരളത്തിന്റെ ആളോഹരി വരുമാനം 2.78 ശതമാനം കുറഞ്ഞുവെന്ന് കണക്കുകൾതന്നെ സൂചിപ്പിക്കുകയാണ്. എങ്ങനെ വരുമാനം വർദ്ധിപ്പിക്കാമെന്ന് അല്ലെങ്കിൽ എങ്ങനെ വരുമാനമുണ്ടാക്കാമെന്ന് ബഡ്ജറ്റിൽ കൃത്യമായി പറയുന്നില്ല. കോവിഡ് മഹാമാരി ഉളവാക്കിയിരിക്കുന്ന രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങൾ, ഒന്ന് കോവിഡ്മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളും മറ്റൊന്ന് ലോക്ഡൗൺ മൂലമുണ്ടായിരിക്കുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധിയുമാണ്. ഈ രണ്ട് പ്രശ്നങ്ങളേയും നമുക്ക് കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. ആരോഗ്യ രംഗത്തുണ്ടായിരിക്കുന്ന ഇത്തരം പ്രതിസന്ധികളെ ഫലപ്രദമായി പ്രതിരോധിക്കാനുള്ള long term, short term measures ആവശ്യമായിട്ടുണ്ട്. ഇതിൽ ആവശ്യമായ ചില നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ടെന്നതും യാഥാർത്ഥ്യമാണ്. എന്നാൽ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ കൃത്യമായി ഈ ബഡ്ജറ്റിൽ ഇല്ലെന്നുള്ളതാണ് ഏറ്റവും വലിയ തർക്കവിഷയം. 2020-21 ജനുവരിയിൽ നിയമസഭയിൽ സമർപ്പിച്ച ഇക്കണോമിക് റിവ്യൂ അനുസരിച്ച് unemployment rate among youth stood at 36 percent in 2018-19. ദേശീയ ശരാശരിയുടെ ഏകദേശം ഇരട്ടിയോളമാണിത്. ഇന്ന് കേരളത്തിൽ ഗ്രാമീണ മേഖലയിലെ തൊഴിലില്ലായ്മ 35.8 ശതമാനവും നഗര മേഖലയിൽ അത് 34.6 ശതമാനവുമാണ്. ഇതോടൊപ്പമാണ് ക്ലനിൻമേൽ കുരു

എന്ന നിലയിൽ ലക്ഷക്കണക്കിന് പ്രവാസികൾ കോവിഡ് പ്രതിസന്ധിയുടെ സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട് കേരളത്തിലേയ്ക്ക് തിരിച്ചെത്തിക്കൊണ്ടിരിക്കുന്നത്. ഒരു ഡ്രൈവറുടെ ജോലി കിട്ടുമോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ജോലി കിട്ടുമോയെന്ന് ചോദിച്ചുകൊണ്ട് നിത്യേന നിരവധിയാളുകളാണ് ഞങ്ങളെ ഓരോരുത്തരേയും സമീപിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ഗ്രാമീണ മേഖലയിലും നഗര മേഖലയിലും ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടുവരുന്ന ആളുകളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനുള്ള, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനുള്ള എന്ത് നിർദ്ദേശമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിരിക്കുന്നതെന്ന് അങ്ങ് പറയണം.

ഇതിനോട് ചേർത്തുവായിക്കേണ്ട മറ്റൊരു വിഷയമാണ് സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ അവസ്ഥ. സർക്കാരിന് എപ്പോഴും റവന്യൂ ലഭ്യമാക്കുന്നതും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ ഒരു മേഖലയാണിത്. ഏകദേശം 24 ലക്ഷത്തോളം എം.എസ്.എം.ഇ-കൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കുന്നത്. നോട്ട് നിരോധനം, വികലമായ ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ പ്രതിസന്ധി, 2018-ലേയും 2019-ലേയും മഹാപ്രളയങ്ങൾ, അതിനുശേഷമുള്ള കോവിഡ് മഹാമാരി ഇവയെല്ലാം ഈ എം.എസ്.എം.ഇ.-കളുടെ നട്ടെല്ല് തന്നെ ഒടിച്ചിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയിൽ പല എം.എസ്.എം.ഇ. യൂണിറ്റുകളുടേയും ബാങ്ക് അക്കൗണ്ടുകൾ എൻ.പി.എ. ആയിമാറി. അവരുടെ CIBIL score-നെ കാര്യമായി ബാധിച്ചു. ഈ സാഹചര്യത്തിൽ ഈ എം.എസ്.എം.ഇ.കൾക്ക് മുന്നോട്ടുപോകാൻ സാധിക്കാത്ത, അവർക്ക് വായ്പകൾ തിരിച്ചടയ്ക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിരിക്കുന്നു. അതുകൊണ്ട് കൂടുതലായി തൊഴിൽ നഷ്ടവും കാര്യമായ സാമ്പത്തിക നഷ്ടവും സാമ്പത്തിക പ്രതിസന്ധിയും ആ മേഖലയിലുണ്ടാകും. ഇതിന് പരിഹാരം കാണാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടതുണ്ട്.

എന്താണ് ഇന്ന് നമ്മുടെ നാട്ടിലെ സാധാരണക്കാരന്റെ അവസ്ഥ? പാവപ്പെട്ട കർഷകർ, ഓട്ടോറിക്ഷ തൊഴിലാളികൾ, ടാക്സി തൊഴിലാളികൾ, കൂലിപ്പണിക്കാർ, ടൂറിസ്റ്റ്/പ്രൈവറ്റ് ബസ് ഓപ്പറേറ്റർമാർ, അവിടെ തൊഴിലെടുക്കുന്ന തൊഴിലാളികൾ, ടൂറിസം മേഖലയിലെ സംരംഭകരും തൊഴിലെടുക്കുന്നവരും, സിനിമ പോലുള്ള വിനോദമേഖലയിൽ ജോലിചെയ്യുന്നവർ, കലാകാരൻമാർ ഇവരുടെയെല്ലാം അവസ്ഥ വളരെ പരിതാപകരമാണ്. ചെറുകിട വ്യാപാരികളുൾപ്പെടെയുള്ളവർക്ക് ഒരു കിറ്റ് കിട്ടിയതുകൊണ്ടുമാത്രം അവരുടെ പ്രശ്നം പരിഹരിക്കപ്പെടുന്നതല്ല. കാരണം അവരുടെ പ്രശ്നം അതിലും ഗുരുതരമായിട്ടുള്ളതാണ്. അതിന് പരിഹാരം കാണാനായിട്ടുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന്

ഉണ്ടാകുന്നില്ലെന്നുള്ളത് വളരെ ഖേദകരമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ബാംബൂ കോർപ്പറേഷൻപോലുള്ള സ്ഥാപനങ്ങളുണ്ട്. ബാംബൂ കോർപ്പറേഷനിൽ ജോലിയെടുക്കുന്ന ആളുകൾക്ക് കഴിഞ്ഞ 50, 60 മാസങ്ങളായി ഡി.എ. കുടിശ്ശികപോലും കൊടുത്തുതീർത്തിട്ടില്ലെന്നത് യാഥാർത്ഥ്യമാണ്. നിരവധി തവണ മന്ത്രിമാരുടെയുൾപ്പെടെ ശ്രദ്ധയിൽകൊണ്ടുവന്നിട്ടുള്ള വിഷയമാണിത്. പക്ഷേ അതിന് പരിഹാരം കാണാൻ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് യാതൊരു നടപടിയും ഉണ്ടായിട്ടില്ലെന്നത് വളരെ ഖേദകരമാണ്. അതുപോലെതന്നെ പ്ലാന്റേഷൻ മേഖലയിൽ ജോലിചെയ്യുന്ന, തോട്ടം തൊഴിലാളികൾ കേരളത്തിലും എന്റെ നിയോജകമണ്ഡലത്തിലും എമ്പാടുമുണ്ട്. ഇത്തരം തൊഴിലാളികൾക്ക് ഒരു കിറ്റ് കിട്ടിയതുകൊണ്ടുമാത്രം അവരുടെ പ്രശ്നങ്ങൾ തീരുന്നില്ല. മാസങ്ങളോളം വീടുകളിലിരുന്ന് പരിഹരിക്കാവുന്ന പ്രശ്നങ്ങളല്ല അവരുടെ ജീവിതത്തിലുള്ളത്. അവരുടെ വരുമാനം വർദ്ധിപ്പിക്കാവുന്ന, അവരുടെ കൈകളിലേയ്ക്ക് നേരിട്ട് പണം എത്തിക്കാവുന്ന സംവിധാനം നമുക്ക് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്കും ഏറ്റവും താഴെത്തട്ടിലുള്ള ആളുകൾക്കുമൊക്കെ കിറ്റുകൾ കൊടുക്കുന്നുണ്ട്. മറ്റു പല സന്നദ്ധസംഘടനകളും ഇടപെട്ടുകൊണ്ട് അവരെ സഹായിക്കാൻ മുന്നോട്ടുവരുന്നുണ്ട്. എന്നാൽ ഇതൊന്നും കിട്ടാത്ത, ആരും തിരിഞ്ഞുനോക്കാത്ത ഇടത്തരക്കാരും നമ്മുടെ നാട്ടിലുണ്ട്. അവരെ അവഗണിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ഇത്രയേറെ പ്രതിസന്ധികൾ നിൽക്കുമ്പോഴാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവ്. മോദിജി കഴിഞ്ഞ ദിവസം ഇതിൽ സെഞ്ച്വറി അടിച്ചു. രാജ്യത്ത് ആദ്യമായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില 100 രൂപ കടന്നിരിക്കുകയാണ്. ഇത് മോദിജി മാത്രമടിച്ച സെഞ്ച്വറിയല്ല. ഇതൊരു പാർട്ട്ണർഷിപ്പിലുണ്ടായ സെഞ്ച്വറിയാണ്. Strikers end-ൽ നിന്നുകൊണ്ട് മോദിജി ഓരോ ദിവസവും വിലകൂട്ടി സിംഗിളും ഡബിളുമൊക്കെയെടുത്ത് മുന്നോട്ടുപോയപ്പോൾ non strikers end-ൽ സംസ്ഥാനം നിൽക്കുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം നമ്മൾ തിരിച്ചറിയാതെ പോകരുത്. അങ്ങനെ non strikers end-ൽ നിൽക്കുന്ന സംസ്ഥാനം ഈ സെഞ്ച്വറി പാർട്ട്ണർഷിപ്പിൽ ഏകദേശം 23 റൺസ് - 23 രൂപയോളം കൂട്ടിയത് സംസ്ഥാനത്തിന്റെ സംഭാവനയാണെന്ന് നമ്മൾ കാണാതെ പോകരുത്. ഇവിടെ പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവിനെ സംബന്ധിച്ച് ഭരണകക്ഷിയിലുള്ള ആളുകൾ ഓരോ ദിവസവും ശബ്ദമുയർത്തുമ്പോഴും പ്രതിസന്ധി കാലഘട്ടത്തിൽ കേന്ദ്രസർക്കാർ നടത്തുന്ന ഈ കൊള്ള, അത് മരണവീട്ടിൽ പോക്കറ്റടിക്കുന്നതിന് തുല്യമാണ് എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ആ കൊള്ള നടക്കുമ്പോൾ ഉള്ളിൽ സന്തോഷിക്കുന്ന

ആളാണ് കേരളത്തിന്റെ ധനകാര്യമന്ത്രിയെന്ന് നമുക്കെല്ലാവർക്കുമറിയാം. കാരണം ആ വർദ്ധിപ്പിച്ച നികുതിയുടെ ആനുകൂല്യം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. ചുരുങ്ങിയപക്ഷം ആ വർദ്ധിച്ച നികുതിയെങ്കിലും കുറച്ചുകൊണ്ട് ഈ അധിക വരുമാനം കുറച്ചുകൊണ്ട്, ഈ പ്രതിസന്ധി ഘട്ടത്തിലെങ്കിലും ആ ഭാരം സംസ്ഥാനത്തുള്ള സാധാരണക്കാരന് ഒഴിവാക്കിക്കൊടുക്കാൻ സർക്കാർ തയ്യാറാകണം. ഈ പ്രതിസന്ധിഘട്ടത്തിൽ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളില്ലാത്ത ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യം കോവിഡ് മഹാമാരിയിൽ വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ ഒരു ബദൽ മുന്നോട്ടുവച്ച് എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് മഹാമാരി വിതച്ച സാമൂഹിക-സാമ്പത്തിക ആഘാതത്തിൽ നിന്ന് കരകയറാനുള്ള ദിശാബോധം നൽകുന്ന ഒരു ബഡ്ജറ്റാണിത്. ഇത് ഒരു ശതമാനത്തിനുവേണ്ടി 99 ശതമാനം ആളുകളുടെയും താല്പര്യം ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റാണ്. കോവിഡിനുശേഷം പോസ്റ്റ് കോവിഡ് ഫിനാൻഷ്യൽ റിക്കവറി സാധ്യമാക്കുന്ന ബഡ്ജറ്റാണ്. കോവിഡിനെ അതിജീവിക്കുക എന്ന ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യത്തോടുകൂടി ഈ ബഡ്ജറ്റിൽ 20,000 കോടി രൂപയുടെ രണ്ടാമത്തെ പാക്കേജ് പ്രഖ്യാപിച്ച ഈ സർക്കാരിനെ ഞാൻ അഭിനന്ദിക്കുകയാണ്. സാധാരണക്കാർക്കും വരുമാനമാർഗ്ഗമില്ലാതെ ജീവിക്കാനുള്ള ആശ്രയമെന്ന നിലയ്ക്ക് ഒരു പാക്കേജ് പ്രഖ്യാപിക്കാൻ തയ്യാറായ ഇൻഡ്യയിലെ ആദ്യത്തെ ഗവൺമെന്റും കേരളത്തിലാണെന്നതിൽ നമുക്ക് അഭിമാനിക്കാം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി]

കഴിഞ്ഞ 5 വർഷക്കാലത്തെ മികച്ച ഭരണത്തിന്റെ തെളിവായി സുസ്ഥിര വികസന സൂചികയിൽ ഒന്നാമതായി വീണ്ടും കേരളം തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിലും മികവിന്റെ സൂചികയിലും ഒന്നാമതാണ് കേരളം. ആഭ്യന്തര ഉല്പാദനത്തിൽ ഇടിവ് സംഭവിച്ചപ്പോൾ, ലോക്ക്ഡൗൺ കാരണം സംസ്ഥാനത്തിന്റെ വരുമാനം കുറഞ്ഞപ്പോൾ, ജി.എസ്.ടി.-യുടെ വിഹിതം സംസ്ഥാനത്തിന് നൽകാതെ കേന്ദ്രം പിടിമുറുക്കിയപ്പോൾ, സാമ്പത്തികമായി ഞെരുക്കമുണ്ടാകുമ്പോൾ സാധാരണക്കാരന്റെ മേൽ നികുതിഭാരം അടിച്ചേല്പിക്കാത്ത ഈ ഗവൺമെന്റിന്റെ തീരുമാനം തികച്ചും ശ്ലാഘനീയമാണെന്ന് അറിയിക്കുകയാണ്. മലബാർ കൾച്ചറൽ സർക്ക്യൂട്ട് ടൂറിസത്തിന്റെ വലിയൊരു സാധ്യത ഞങ്ങളുടെ പ്രദേശത്തുകൂടി സാധ്യമാക്കിയിട്ടുണ്ട്. ഭാരതപ്പുഴയെയും

കുന്തിപ്പുഴയെയും സംയുക്തമായി നിർമ്മിച്ചെടുത്ത ഒരു നിളാ നദീതട സംസ്കാരമുണ്ട്. അത് വള്ളുവനാടിന്റെ സംസ്കാരമാണ്. പട്ടാമ്പി വള്ളുവനാടിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രദേശമാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രദേശമായ ചെറുതുരുത്തിയും അതിന്റെ കുറച്ചുഭാഗങ്ങളും അതിൽപ്പെടും. ഭാരതപ്പുഴയുടെ തീരത്തുള്ള ഈ പ്രദേശങ്ങളെയൊക്കെ ഉൾപ്പെടുത്തി നിരവധി മഹാരഥന്മാർ, എഴുത്തുകാർ, രാഷ്ട്രീയമേഖല അങ്ങനെ എല്ലാ മേഖലയിലുള്ളവരെയും അതിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന് അറിയിക്കുകയാണ്. സമയം കുറഞ്ഞതുകൊണ്ട് ഞാൻ വിശദമായി പറയുന്നില്ല. പ്രവാസികളുടെ കാര്യത്തിലും നിരവധി പദ്ധതികളുമായി മുന്നോട്ടുപോകുന്ന ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് നേരത്തെ ജനകീയ കോടതിയിൽ പാസ്സായ ബഡ്ജറ്റ് കൂടിയാണ്. നമ്മൾ മുന്നോട്ടുവച്ച പ്രകടന പത്രികയിൽ പറഞ്ഞ ബദലാണ് ജനങ്ങൾ അംഗീകരിച്ചത്. ആരോപണങ്ങളും കേന്ദ്ര ഏജൻസികളടക്കം ഗവൺമെന്റിനെ അട്ടിമറിക്കാൻ നടത്തിയ ശ്രമങ്ങളും അതിന്റെ കൂടെ പ്രതിപക്ഷം നിന്നിട്ടും, ജനങ്ങൾ ഈ ഗവൺമെന്റിനെ അംഗീകരിച്ചതിന്റെ തെളിവാണ് ആ പ്രകടന പത്രികയ്ക്കുള്ള അംഗീകാരമായി വലിയ വിജയം നമുക്ക് നേടാനായത്. ഈ ബഡ്ജറ്റ് പ്രസംഗം ധനകാര്യ വകുപ്പുമന്ത്രി നടത്തിയതിനുശേഷം ഈ ബഡ്ജറ്റിൽ മുഴുവൻ രാഷ്ട്രീയമാണെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത്. പാവപ്പെട്ടവന് 20,000 കോടി രൂപ പ്രഖ്യാപിച്ചത്, ഗവൺമെന്റ് തലത്തിലെ ചികിത്സയ്ക്ക് ഇൻഫ്രാസ്ട്രക്ചറിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചത്, ഇൻഡ്യയിൽ ആദ്യമായി സൗജന്യ വാക്സിനുവേണ്ടി പണം കരുതിയത് ഇതൊക്കെ ഇടതുപക്ഷത്തിന്റെ രാഷ്ട്രീയമാണെന്ന് പറയാൻ ഈ സമയം ഞാൻ ആഗ്രഹിക്കുകയാണ്. കടലാക്രമണംകൊണ്ട് പൊറുതിമുട്ടുന്ന തീരദേശ ജനതയെ സംരക്ഷിക്കാനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ പണം അനുവദിച്ചതും ഇതിന്റെ ഭാഗമായാണ്. അങ്ങനെ നിരവധി കാര്യങ്ങൾ നടപ്പാക്കിയ ആ രാഷ്ട്രീയം നിങ്ങൾ തിരിച്ചറിയണം. കേരളം എന്ന ഈ തുരുത്തിൽ ഒരു ബദൽ രാഷ്ട്രീയം മുന്നോട്ടുവരികയാണ്. സാധാരണക്കാരനെ പരിഗണിക്കുന്ന, വർഗ്ഗീയതയില്ലാത്ത, എല്ലാവരെയും ഉൾക്കൊള്ളുന്ന രാഷ്ട്രീയമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവയ്ക്കുന്നത്. സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ആൾട്ടർനേറ്റീവാണ് ഇൻഡ്യയ്ക്ക് മുന്നിൽ വയ്ക്കുന്നത്. ബി.ജെ.പി.യുടെയും കോൺഗ്രസ്സിന്റെയും സാമ്പത്തിക നയങ്ങൾ ഏതാണ്ട് ഒന്നാണ്. ആസിയാൻ കരാർ അടക്കമുള്ള കാര്യങ്ങൾ നമുക്കറിയാം. നമ്മുടെ തോട്ടം വിളകളടക്കം വിദേശ നാണ്യങ്ങൾ ലഭ്യമാക്കിയതെല്ലാം തകർന്നത് ആസിയാൻ കരാർകൊണ്ടാണെന്ന് നമുക്കറിയാം.

ഇന്ന് രാജ്യവ്യാപകമായി സമരം നടക്കുന്ന, ഫാർമേഴ്സ് ബിൽ ആദ്യമായി ഇൻട്രൊഡ്യൂസ് ചെയ്തതും ജനങ്ങൾക്ക് ഏറ്റവും ദുരിതം നൽകുന്ന അതിലെ നിയമങ്ങൾ കൊണ്ടുവരാൻ തയ്യാറായതും ബി.ജെ.പി.ക്ക് മുമ്പേ കോൺഗ്രസ്സായിരുന്നു. കോൺഗ്രസ്സ് കൊണ്ടുവന്നത് കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ബി.ജെ.പി. നടപ്പിലാക്കുന്നു. കോൺഗ്രസ്സ് തുടങ്ങിവയ്ക്കുന്നു, ബി.ജെ.പി. പൂർത്തീകരിക്കുന്നു. പെട്രോളിന്റെ വില നിശ്ചയിക്കുന്നതിനുള്ള അധികാരമടക്കം ഇതിൽ ഒരു രാഷ്ട്രീയ ആൾട്ടർനേറ്റീവും പ്രതിപക്ഷത്തിന് പറയാനില്ല. ഭക്ഷ്യകിറ്റിനെ കീറത്തുണിയെന്ന് പറഞ്ഞാണ് ഇവിടെ പലരും അധിക്ഷേപിച്ചത്. കോവിഡ് പ്രവർത്തനത്തെ അട്ടിമറിക്കാൻവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ഒരു രൂപപോലും കൊടുക്കരുതെന്ന് ജനങ്ങളോട് ആജ്ഞാപിച്ചതും നമ്മൾ കണ്ടതാണ്. അതിനുള്ള മറുപടി തദ്ദേശഭരണ സ്ഥാപന തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും ജനങ്ങൾ നൽകിയെന്നതും സത്യമാണ്. മതംപറഞ്ഞ് വോട്ടുപിടിക്കാനുള്ള ശ്രമങ്ങളാണ് ഈ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷം നടത്തിയത്. മുൻ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഐശ്വര്യ കേരള യാത്രയ്ക്ക് തുടക്കം കുറിച്ചിട്ട് ശബരിമല ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറഞ്ഞു. പ്രളയംകൊണ്ട് പൊറുതിമുട്ടിയ, കോവിഡ്കൊണ്ട് പൊറുതിമുട്ടിയ, യാതൊരു നിവൃത്തിയുമില്ലാത്ത ജനങ്ങളുടെ മുമ്പിലാണ് ജനങ്ങളെ വിഭജിക്കാൻ ഓർഡിനൻസ് കൊണ്ടുവരുമെന്ന് പറയുന്നത്. അങ്ങനെ കൊണ്ടുവരുമെന്ന് പറഞ്ഞ അന്നത്തെ പ്രതിപക്ഷനേതാവിന്റെ സീറ്റുമാറി. ആ സ്ഥാനംതന്നെ തെറിക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ ബി.ജെ.പി. ശബരിമലയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ് വോട്ട് പിടിക്കാനിറങ്ങിയത്. ആ ബി.ജെ.പി.യുടെ രാഷ്ട്രീയവും വർഗ്ഗീയതയായിരുന്നുവെങ്കിൽ അവരുടെ അവസ്ഥ എന്തായി? ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് രണ്ട് മണ്ഡലങ്ങളിലും മത്സരിച്ചു. എന്നാൽ രണ്ട് സ്ഥലത്തും നിലം തൊട്ടില്ല എന്നുമാത്രമല്ല, എപ്പോഴാണ് ജയിലിലേയ്ക്ക് പോകുന്നതെന്നറിയാതെ കാത്തിരിക്കുകയാണ്. ശബരിമല അയ്യപ്പന്റെ പേരിൽ രാഷ്ട്രീയം കളിച്ചുകൊണ്ട് വിശ്വാസികളെ മുഴുവൻ കബളിപ്പിക്കാനുള്ള ശ്രമങ്ങൾ നടത്തിയതെല്ലാം ഇപ്പോൾ തിരിച്ചുകിട്ടിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ്സ് ജയിക്കുകയാണെങ്കിൽ എം.എൽ.എ.മാരെ വിലയ്ക്കുവാങ്ങാൻവേണ്ടി പണം കരുതിയത് ഇപ്പോൾ കുഴലിലാണ്. ഭൂതത്തെ കുഴലിൽ പൂട്ടുന്നത് എന്നാണെന്നുള്ളത് അടുത്ത ദിവസങ്ങളിൽ നമുക്കറിയാം. ഖുർആൻ-ന്റെ മറവിൽ സ്വർണ്ണം കടത്തിയെന്ന് പറഞ്ഞുകൊണ്ട് ഈ സഭയിൽ ഖുർആൻ-ന്റെ പേര് വലിച്ചിഴച്ച ആ പ്രതിനിധി ഇന്ന് ഒരു പഞ്ചായത്ത് മെമ്പർ പോലുമായില്ലെന്ന സത്യം കൂടി നാം മനസ്സിലാക്കണം. കോൺഗ്രസ്സിന്റെ നിലപാട്

രാജ്യത്തിന് ഗുണം ചെയ്തിട്ടില്ല. കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി കേരളത്തെ ആക്ഷേപിക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. നെഹ്റുവിന്റെയും ഗാന്ധിജിയുടെയും ഐഡിയോളജികൾ മറന്നു. 'ഗാന്ധി'-യെന്ന് പറയുന്നത് കോൺഗ്രസ്സിന് ഒരു കുടുംബപ്പേരിന്റെ വാൽ മാത്രമായി മാറി. നെഹ്റുവിനെയും മറന്നു. നെഹ്റുവിന്റെ ആശയങ്ങളിൽ, "Socialism is not only a way of life, but a certain scientific approach to social and economic problems." മനുഷ്യരുടെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾക്ക് സയന്റിഫിക്കായ അപ്രോച്ച് നടത്തുന്ന നെഹ്റുവിയൻ കാഴ്ചപ്പാടുകൂടിയാണ് ഇടതുപക്ഷ ഗവൺമെന്റ് അവതരിപ്പിച്ച ഈ ബഡ്ജറ്റെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്നാൽ ആ നെഹ്റുവിൽ നിന്ന് എത്രയോ അകലെയാണ് ഇന്ന് കോൺഗ്രസ് പോയിരിക്കുന്നത്. വർഗ്ഗീയതയുടെ കാര്യത്തിൽ ബി.ജെ.പി.യും കോൺഗ്രസ്സും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്; ബാബ്റി മസ്ജിദ് തകർക്കാനുള്ള കാരണമെന്തായിരുന്നു; അന്ന് രാജ്യം ഭരിച്ചിരുന്നത് ആരായിരുന്നു; ഇവർ തമ്മിൽ എന്താണ് വ്യത്യാസം? ബാബ്റി മസ്ജിദ് പൊളിക്കാൻ കോൺഗ്രസ്സിന് കഴിഞ്ഞു. അവിടെ രാമക്ഷേത്രം പണിയാൻ മാത്രം അവർക്ക് കഴിഞ്ഞില്ല. ബി.ജെ.പി.ക്ക് രാമക്ഷേത്രം പണിയാനുള്ള കാര്യങ്ങളുണ്ടായി. ആ രാമക്ഷേത്രം പണിയുന്നുവെന്നത് മാത്രമാണ് വ്യത്യാസം. വിഭജനത്തിന്റെ രാഷ്ട്രീയമാണ് ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കിയത്. നമുക്കറിയാം, 1985-ൽ Assam Accord-ൽ സൈൻ ചെയ്തതോടുകൂടിയാണ് CAA (Citizenship (Amendment) Act), NRC (National Register of Citizens), NPR (National Population Register) എന്നീ ആശയങ്ങൾ ഉയർന്നുവന്നതും തുടർന്നുള്ള പ്രവർത്തനങ്ങളും. ഡിറ്റൻഷൻ സെന്റർ ആദ്യമായി ഇന്ത്യയിൽ കൊണ്ടുവരാനുള്ള ശ്രമങ്ങൾ നടത്തിയത് ബി.ജെ.പി. അല്ല, അവർ നടപ്പിലാക്കിയിട്ടേയുള്ളൂ. 2009 മുതൽ മിനിസ്ട്രി ഓഫ് ഹോം അഫയേഴ്സ് സംസ്ഥാനങ്ങളോട് ഡിറ്റൻഷൻ സെന്ററുകൾ (തടങ്കൽ കേന്ദ്രങ്ങൾ) ആരംഭിക്കാൻ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. 2009-ലും 2012-ലും കോൺഗ്രസ് ഭരിക്കുന്ന സന്ദർഭത്തിലായിരുന്നു ഡിറ്റൻഷൻ സെന്ററുകൾ തുറക്കാൻ സംസ്ഥാനങ്ങളോട് ആവശ്യപ്പെട്ടത്. നെഹ്റുവിന്റെ കാഴ്ചപ്പാടുകളെല്ലാം മാറ്റി ക്കൊണ്ട് തലമുറമാറ്റം വന്നാൽ നന്നാകുമെന്നാണ് നിങ്ങൾ പറയുന്നത്. തലമുറ മാറ്റത്തിന്റെ കാര്യംമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. ഇതിലും വലിയൊരു തലമുറ മാറ്റം നമ്മുടെ രാജ്യത്ത് നടന്നിട്ടുണ്ട്, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ നടന്നിട്ടുണ്ട്. 2003, ഓർമ്മയില്ലേ? സിംലയിൽ ചിന്തൻ ഷിവിർ- രാഹുൽ ടീമിന്റെ ഉദയമായിരുന്നു. സച്ചിൻ പൈലറ്റ്, ജ്യോതിരാദിത്യ സിന്ധ്യ, ജിതിൻ പ്രസാദ്, അതുപോലെതന്നെ ഡൗറ (Dorababu

Pendem), ആർ. പി. സിംഗ്, കെ. സി. വേണുഗോപാൽ, 33-ാം വയസ്സിൽ ശ്രീ. രാഹുൽഗാന്ധിയുടെ തെരഞ്ഞെടുപ്പ് രാഷ്ട്രീയ പ്രവേശനം, വലിയ പ്രതീക്ഷയായിരുന്നു; പത്തുവർഷം യു.പി.എ. ഭരണം നടത്തി; യങ് ബ്രിഗേഡുകാരെല്ലാം മന്ത്രിമാരായി; തലമുറ കൈമാറ്റത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? സ്വന്തം മണ്ഡലത്തിൽപ്പോലും തോൽക്കുന്ന സാഹചര്യമാണ് ശ്രീ. രാഹുൽ ഗാന്ധിക്കുണ്ടായത്. അതോടൊപ്പം ജ്യോതിരാദിത്യ സിന്ധ്യ ബി.ജെ.പി.യിലേയ്ക്ക് പോയി. സച്ചിൻ പൈലറ്റ് എപ്പോൾ വേണമെങ്കിലും പോകാമെന്നുള്ള അവസ്ഥയിലാണ്. സ്വന്തം പ്രസിഡന്റ് സ്ഥാനംപോലും രാജിവച്ചു. ശ്രീ. രാഹുൽ ഗാന്ധി ഭാവി പ്രധാനമന്ത്രിയാകുമെന്ന് പറഞ്ഞ് മത്സരിച്ചത് ആരോടായിരുന്നു? ഇടതുപക്ഷത്തോടായിരുന്നു. അതായിരുന്നു അവർ മുന്നോട്ടുവച്ച രാഷ്ട്രീയം. കോൺഗ്രസ് തോറ്റാലും ഫാസിസത്തിനനുകൂലമായി സഭയിൽ കൈ പൊക്കുന്ന ആളല്ല വയനാട്ടിൽ അദ്ദേഹത്തിനെതിരായി മത്സരിച്ച സ്ഥാനാർത്ഥി. അപ്പോൾ എന്ത് രാഷ്ട്രീയമായിരുന്നു വയനാട്ടിൽ ശ്രീ. രാഹുൽ ഗാന്ധി മുന്നോട്ടുവച്ചത്. ഇപ്പോൾ അദ്ദേഹത്തിന്റെ അവസ്ഥയെന്താണ്? ഗാലറിയിൽ സബ്സ്റ്റിറ്റ്യൂട്ടായി ഇരിക്കേണ്ടിവരുന്ന ഒരു ക്യാപ്റ്റന്റെ അവസ്ഥയിലേയ്ക്ക് ശ്രീ. രാഹുൽ ഗാന്ധിയും ടീമും മാറിയിരിക്കുകയാണ്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, കോൺഗ്രസ്സിന് ഐഡിയോളജി ഇല്ലാത്തതുകൊണ്ട് 35 സീറ്റ് കിട്ടിയാൽ കേരളത്തിൽ അധികാരത്തിൽ വരുമെന്നാണ് ബി.ജെ.പി. അവകാശപ്പെട്ടത്. ഇതെങ്ങനെ സാധ്യമാകും? കോൺഗ്രസ്സിന്റെ എം.എൽ.എ.മാരെ വിലയ്ക്കെടുക്കാമെന്നുള്ള ഒരു തന്ത്രമായിരുന്നു. രാജ്യവ്യാപകമായി, ഈ കോവിഡ് കാലത്ത് കച്ചവടക്കാർ, സാധാരണക്കാർ, മതനിരപേക്ഷവാദികൾ തുടങ്ങി പല ആളുകളും ഈ രംഗത്തുണ്ട്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്...അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ: കോൺഗ്രസ്സിനെ ജയിപ്പിക്കുവാൻ ഞങ്ങൾ ഏറ്റവും കൂടുതൽ ആഗ്രഹിക്കുകയാണെന്നെല്ലാം പറഞ്ഞ് ഇവിടെ ലീഗിന്റെ പല സുഹൃത്തുക്കളും പ്രസംഗിക്കാറുണ്ട്. ഇവിടെ കോൺഗ്രസ് ജയിക്കാൻ ആരാണ് ഏറ്റവും കൂടുതൽ ആഗ്രഹിക്കുന്നത്? ഈ കോവിഡ് കാലത്ത് കോൺഗ്രസ് ഒന്ന് ജയിച്ചുകിട്ടിയിരുന്നെങ്കിൽ എന്നാലോചിക്കുന്നത് ഈ രാജ്യത്തിലെ മത നിരപേക്ഷ വിശ്വാസികളല്ല; ഈ രാജ്യത്തെ റിസോർട്ടിന്റെ ഉടമകളായ ആളുകളാണ്. കച്ചവടം കിട്ടുമെന്നുള്ളതുകൊണ്ടാണ് കോൺഗ്രസ് ജയിക്കണം, അവർക്ക് കുറെ എം.എൽ.എ.മാരുണ്ടാകണമെന്നാണ് പറയുന്നത്. 120-ലധികം

വരുന്ന എം.എൽ.എ.മാരെയാണ് 2015 മുതൽ 2020 വരെയുള്ള കാലയളവിൽ വിലയ്ക്ക് വാങ്ങിയത്. ഈ രാജ്യത്ത് സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയമായി ഒരു ആൾട്ടർനേറ്റീവ് ബദൽ സംവിധാനം കൊണ്ടുവരുന്ന ബഡ്ജറ്റാണ് ഈ സർക്കാരിന്റേത്. ആ രാഷ്ട്രീയമാണ് ഈ സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. നിങ്ങളുടെ തോൽവിയുടെ കാരണമെന്താണെന്ന് നെഹ്റു പറഞ്ഞിട്ടുണ്ട്, "Failure comes only when we forget our ideals and objectives and principles."

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്....ശ്രീ. കെ. പി. എ. മജീദിന് സംസാരിക്കാം.

ശ്രീ. മുഹമ്മദ് മുഹസിൻ: തീർച്ചയായും ദേശീയ സമര കാലത്തുണ്ടായ ഐഡിയോളജി നഷ്ടപ്പെട്ടതും ഈ രാജ്യത്തെ സാധാരണക്കാരെ മറന്നതുമാണ് യു.ഡി.എഫ്.ന്റെ തോൽവിക്ക് കാരണമെങ്കിൽ സാധാരണക്കാരെയും പാവപ്പെട്ടവരേയും പരിഗണിച്ച്, അവർക്കുവേണ്ടി പ്രവർത്തിച്ച്, അവർ പട്ടിണി കിടക്കാതിരിക്കാൻ കരുതലോടെ, അവർക്ക് ചികിത്സയൊരുക്കിയ ഒരു ഗവൺമെന്റാണ് കേരളത്തിലുള്ളത്. അവരുടെ വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനുംവേണ്ട സൗകര്യങ്ങൾ ചെയ്തുകൊണ്ടാണ് ഈ വിജയം നമുക്കുണ്ടായത്.

മി. ചെയർമാൻ: പ്ലീസ്...കൺക്ലൂഡ്...

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ സംബന്ധിച്ച ചർച്ചയാണ് നടക്കുന്നത്. ബഹുമാനപ്പെട്ട പട്ടാമ്പി മെമ്പർ, കഴിഞ്ഞ തവണയും പറഞ്ഞ അതേ രാഷ്ട്രീയ കാര്യങ്ങളാണ് ഇപ്പോഴും ആവർത്തിച്ചത്. ഈ ബഡ്ജറ്റിനെ സംബന്ധിച്ച് ഒന്നും പറയാനില്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ ഭരണപക്ഷ ഭാഗത്തുനിന്നുമുണ്ടാകുന്നതെന്നാണ് എന്റെ അഭിപ്രായം. കുറെ ദിവസമായി രാഷ്ട്രീയം പറയുന്നുണ്ട്. അതുകൊണ്ട് ആരെങ്കിലും വിജയിച്ചിട്ടുണ്ടോ? അപ്പുറത്തുനിന്ന് പറയുന്ന കാര്യങ്ങൾക്ക് ഇപ്പുറത്തുനിന്നും മറുപടിയുണ്ടാകും. ഈ പറയുന്ന മെമ്പർമാരുടെ പാർട്ടി, എത്രയോ വർഷമായി ബംഗാളിൽ ഭരണത്തിലിരുന്നതാണ്. ഇപ്പോൾ അവിടെ അവരുടെ അവസ്ഥയെന്താണ്; ഒരു സീറ്റെങ്കിലും നേടാൻ കഴിഞ്ഞോ?

ശ്രീ. എ. എൻ. ഷംസീർ: അവിടെ നിങ്ങളുടെ അവസ്ഥയെന്താണ്?

ശ്രീ. കെ. പി. എ. മജീദ്: ഞങ്ങൾക്കും സീറ്റില്ല. ഞങ്ങളുടെ പാർട്ടിയും നിങ്ങളുടെ അവസ്ഥയിലാണ്. രണ്ട് പാർട്ടിയുടേയും അവസ്ഥ ഒരുപോലെയാണ്. സി.പി.ഐ.(എം.)-ന്റെ ഉന്നതരായ നേതാക്കൻമാർ ബി.ജെ.പി.യിലേയ്ക്ക് പോയി. പാർട്ടി ഓഫീസുകൾ ബി.ജെ.പി. ഓഫീസാക്കി മാറ്റി. ഈ പ്രസംഗത്തിൽ ബഡ്ജറ്റിനെ സംബന്ധിച്ച ചില കാര്യങ്ങൾ പറയാം. മറ്റ് കാര്യങ്ങൾ പറഞ്ഞുകൊണ്ട് വിജയിക്കാൻ പോകുന്നില്ല, പറഞ്ഞുകൊണ്ട് കാര്യവുമില്ല. നിങ്ങൾ പറയുന്നതിന് മറുപടി ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടാകും. അത്രയേ പറയുന്നുള്ളൂ. ഈ ബഡ്ജറ്റ് നിരാശാജനകവും വികസനമുരടിപ്പിന്റെ സൂചനകൾ കൃത്യമായി വെളിവാക്കുന്നതുമാണ്. വരാനിരിക്കുന്ന ഒരു വർഷത്തെ ക്ഷാമത്തിന്റെയും കെടുതിയുടെയും കടമെടുപ്പിനെക്കുറിച്ചുള്ള ആവലാതികളുടെയും ഒരു വിവരണപ്പത്രിക മാത്രമാണ് ഈ ബഡ്ജറ്റെന്ന് പറയേണ്ടിവരും. കോവിഡ് മഹാമാരിക്കാലത്ത്, നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെ ബാധിച്ച, ഏറ്റവും ഗൗരവമായ പ്രശ്നങ്ങളെ സത്യസന്ധമായ രീതിയിൽ അഭിമുഖീകരിക്കാൻ ഈ ബഡ്ജറ്റ് അവതരണത്തിലൂടെ സാധിച്ചില്ലെന്നതാണ് എന്റെ അഭിപ്രായം. ഈ ബഡ്ജറ്റിലെ കണക്കുകളിലേയ്ക്ക് പോയാൽ നമ്മുടെ സ്ഥിതി പരിതാപകരമാണെന്ന് മനസ്സിലാക്കാൻ കഴിയും. പുതുക്കിയ ബഡ്ജറ്റ് പ്രകാരം, റവന്യൂ കമ്മി 16,910 കോടി രൂപയും പൊതുകടം 24,419 കോടി രൂപയുമാണെന്ന് അതിൽ വ്യക്തമാക്കുന്നുണ്ട്. റവന്യൂ വരുമാനത്തേക്കാൾ കൂടുതലാണ് റവന്യൂ ചെലവ്. സമ്പദ് വ്യവസ്ഥയുടെ വളർച്ചാനിരക്ക് ഏറെ താഴ്ന്ന അവസ്ഥയിലാണുള്ളത്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനവും ജി.എസ്.ഡി.പി.യുടെ വളർച്ചാനിരക്കും പ്രതികൂലമാണ്. അത് നയപ്രഖ്യാപന പ്രസംഗത്തിൽനിന്നും മനസ്സിലാകും. ഇതുമൂലം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ കുത്തനെ ഇടിവുണ്ടായിട്ടുണ്ട്. 2020-21 കാലയളവിൽ സംസ്ഥാനം കടമെടുത്ത വകയിൽ തിരിച്ചടയ്ക്കാൻ സാധിച്ചത് 24,878 കോടി രൂപയും പലിശയിനത്തിൽ 19,850 കോടി രൂപയുമാണ്. ആകെ 44,728 കോടി രൂപയാണ് നമ്മുടെ സംസ്ഥാനത്ത് ഈയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. 2021-22 കാലയളവിൽ വായ്പാതിരിച്ചടവിനത്തിൽ 52,446 കോടി രൂപയും അതിന്റെ പലിശയിനത്തിൽ 28,940 കോടി രൂപയുമടക്കം 74,386 കോടി രൂപ നൽകേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളുടെ ബഡ്ജറ്റുമായി താരതമ്യം ചെയ്ത് നോക്കിയാൽ നമ്മൾ എവിടെയാണ് നിൽക്കുന്നതെന്ന് കാണാൻ കഴിയും. 2020-21 കാലയളവിൽ വിദ്യാഭ്യാസത്തിനുവേണ്ടി വകയിരുത്തിയത് 14.06 ശതമാനം മാത്രമാണ്. ഇത് മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. 2021-22-ൽ ഇത് 15 ശതമാനമാണ്; ദേശീയ ശരാശരിയുടെ 15.08 ശതമാനം മാത്രമാണ്. കൃഷിക്കും മറ്റ്

അനുബന്ധ ആവശ്യങ്ങൾക്കുമായി 5.02 ശതമാനമാണ് വകയിരുത്തിയിട്ടുള്ളത്. ഇത് 2021-22 കാലയളവിൽ 5.1 ശതമാനവും ദേശീയ ശരാശരിയുടെ 6.3 ശതമാനവുമാണ്. ഈ നിരക്ക് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. 2020-21-ലെ ബഡ്ജറ്റിൽ ഗ്രാമവികസനത്തിന് വകയിരുത്തിയത് 4.5 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ അത് 6.2 ശതമാനവുമാണ്. 2021-22-ൽ 4.4 ശതമാനവും ദേശീയ ശരാശരി 6.1 ശതമാനവുമാണ്. സംസ്ഥാനം പുറകിലാണ്. 2020-21-ലെ ബഡ്ജറ്റിൽ റോഡുകളും പാലങ്ങൾക്കുമായി വകയിരുത്തിയത് 3.6 ശതമാനവും മറ്റ് സംസ്ഥാനങ്ങളിൽ 4.2 ശതമാനവുമാണ്. 2021-22-ലെ ബഡ്ജറ്റിൽ 3.2 ശതമാനവും ദേശീയ ശരാശരിയിൽ 4.3 ശതമാനവും പിറകിലാണ്. ആരോഗ്യ മേഖലയിൽ മാത്രമാണ് ദേശീയ ശരാശരി കുറച്ച് കൂടുതലായി കാണുന്നത്. ഗവൺമെന്റിന്റെ നയപ്രഖ്യാപന പ്രസംഗത്തിൽ 20,000 കോടി രൂപയുടെ ചില കാര്യങ്ങൾ പറയുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെയും ഈ ഗവൺമെന്റിന്റെയും കാലത്ത് 20,000 കോടി രൂപ വകയിരുത്തിയപ്പോൾ സ്വാഭാവികമായും ഈ കോവിഡ് സാഹചര്യത്തിൽ വലിയൊരു കാര്യമെന്ന രീതിയിലാണ് മെമ്പർമാരൊക്കെ സൂചിപ്പിച്ചത്. എന്നാൽ അതിന്റെ സ്ഥിതിയെന്നുപറയുന്നത്, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽനിന്ന് 1215 കോടി രൂപയുടെ അധിക ചെലവ് മാത്രമാണ്. 20,000 കോടി രൂപ ഏത് രീതിയിൽ ചെലവഴിക്കും എന്നതിനെ സംബന്ധിച്ച് അവ്യക്തത നിലനിൽക്കുകയാണ്. അതിന്റെ ഗുണഫലം നമ്മുടെ രാജ്യത്തെ സാധാരണക്കാർക്കുണ്ടാകുമെന്ന് കരുതുന്നില്ല. നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ച ചില നടപടികളെക്കുറിച്ച് പറയുന്നുണ്ട്. നികുതി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ പുതിയ നിർദ്ദേശങ്ങളൊന്നും തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിലില്ല. ബഡ്ജറ്റ് നികുതിയേതര വരുമാനത്തിനായി പാറപൊട്ടിച്ചും മണൽവാരിയും വരുമാനം ഉണ്ടാക്കാമെന്ന വികസന വിരുദ്ധ നിലപാട് സർക്കാർ തിരുത്തിയില്ലെങ്കിൽ പ്രകൃതി ദുരന്തം തുടർക്കഥയാകുമെന്ന കാര്യത്തിൽ സംശയമില്ല. അനിയന്ത്രിതമായ തോതിൽ മണലെടുക്കുകയും പാറ പൊട്ടിക്കുകയുമൊക്കെ ചെയ്യുന്നത് നമ്മുടെ പാരിസ്ഥിതിക പ്രശ്നങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഇവ തീവ്രമായ ഉരുൾപൊട്ടലിനും മണൽ വാരൽ രൂക്ഷമായാൽ കുടിവെള്ള ക്ഷാമത്തിലേയ്ക്കും കേരള ജനതയെ തള്ളിവിടുകയാണുണ്ടാകുന്നത്. അതുകൊണ്ട് നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള ഇപ്പോൾ പ്രഖ്യാപിച്ച നടപടി ഗവൺമെന്റ് പുനഃപരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോവിഡിന്റെ ഭവിഷ്യത്തെന്നത് വെറും ആരോഗ്യ പ്രശ്നം മാത്രമല്ല, സാധാരണക്കാരുടെ

നിത്യജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന കാര്യമാണ്. ഓട്ടോറിക്ഷാ തൊഴിലാളികൾ, കൃഷിക്കാർ എന്നിങ്ങനെ എല്ലാ മേഖലയിലും നോക്കിയാൽ എല്ലാവരേയും ബാധിക്കുന്ന അതീവ ഗൗരവമായ പ്രശ്നമാണിത്. ഇതിനെ എങ്ങനെയാണ് ഗവൺമെന്റ് അഭിമുഖീകരിക്കാൻ പോകുന്നത്? കഴിഞ്ഞ കുറേ മാസങ്ങളായി തൊഴിലില്ലാതെ വിവിധ മേഖലകളിലെ ആളുകൾ ബുദ്ധിമുട്ടനുഭവിക്കുകയാണ്. പെരുന്നാൾ, ഓണം, വിഷു എന്നിവയൊക്കെ വരുമ്പോൾ ഷോപ്പുകൾ തുറന്നാലേ വസ്ത്ര വ്യാപാരികൾക്ക് കച്ചവടം കിട്ടുകയുള്ളൂ.

മി. ചെയർമാൻ: പ്ലീസ്... കൺക്ലൂഡ്.

ശ്രീ. കെ. പി. എ. മജീദ്: സർ, ഞാൻ ബഡ്ജറ്റിനെക്കുറിച്ച് മാത്രമേ പറയുന്നുള്ളൂ. ഞാൻ പുതിയൊരു മെമ്പറാണ്.

മി. ചെയർമാൻ: എല്ലാ മെമ്പർമാർക്കും തുല്യ അവകാശമാണ്. അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. പി. എ. മജീദ്: സർ, വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആളുകൾ കൊടുംപട്ടിണിയിലാണ്. ലോണെടുത്ത് കച്ചവടം തുടങ്ങിയ ആളുകൾ, ഓട്ടോറിക്ഷ ഓടിക്കുന്ന ആളുകൾ, ചെറുകിട ബസ് ഉടമകൾ തുടങ്ങിയ വരുടെയൊക്കെ ലോൺ സംബന്ധിച്ചും വാഹനത്തിന്റെ നികുതി സംബന്ധിച്ചും എന്താണ് ചെയ്യാൻ പോകുന്നതെന്നതിന് വ്യക്തതയില്ല; അവരുടെ ലോണിന് ദീർഘകാലാവധി നൽകുമോ, മൊറട്ടോറിയം നൽകുമോ, പലിശ/പിഴപ്പലിശ ഒഴിവാക്കിക്കൊടുക്കാൻ സാധിക്കുമോ എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഒരു കിറ്റ് കൊടുത്താൽ പ്രശ്നം തീരാവുന്ന സ്ഥിതിയാണോ ഇന്ന് കേരളത്തിലുള്ളത്; കേരളത്തിൽ ലോക്ഡൗണിന്റെ ഭാഗമായി കടകളെല്ലാം പൂട്ടി ആളുകൾക്ക് പുറത്തിറങ്ങാൻ കഴിയാതെ വന്നിട്ടുള്ള ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ, ആളുകൾക്കിടയിൽ ആത്മഹത്യാ പ്രവണത പെരുകുന്ന സാഹചര്യം വരികയാണ്; ആളുകൾ പട്ടിണിയായിപ്പോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ എങ്ങനെയാണ് അതിനെ പ്രായോഗികമായി നേരിടുകയെന്നത് സംബന്ധിച്ച് പറയാതിരിക്കുന്നത്? 20,000 കോടി രൂപയുടെ പാക്കേജിന്റെ കാര്യം പറഞ്ഞതുകൊണ്ട് കാര്യമുണ്ടോ? ഇക്കാര്യത്തിലൊക്കെ അടിയന്തര നിലപാടുകൾ ഉണ്ടാകണമെന്ന് ഞാൻ പറയുന്നു.

പരപ്പനങ്ങാടി കോടതിക്ക് കെട്ടിടമില്ലാത്ത കാര്യം ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അവിടെ വന്ന കുടുംബകോടതി പോയി, എം.എ.സി.ടി. കോടതി പോയി. ഈ പരപ്പനങ്ങാടി

കോടതിക്ക് ഒരു പ്രത്യേകതയുണ്ട്. ഒ. ചന്തുമേനോനെ എല്ലാവർക്കുമറിയാം. 'ഇന്ദുലേഖ' നോവൽ വായിക്കാത്തവരുണ്ടാവില്ലല്ലോ, ബഹുമാനപ്പെട്ട മന്ത്രിയും വായിച്ചിട്ടുണ്ടാകും. ഒ. ചന്തുമേനോൻ ജോലി ചെയ്തിരുന്നത് ഈ പരപ്പനങ്ങാടി മുൻസിഫ് കോടതിയിലായിരുന്നു. ആ ചന്തുമേനോനെ ഓർത്തെങ്കിലും അവിടെ അടിയന്തരമായി, സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് ഒരു കെട്ടിടമുണ്ടാക്കാൻ ധനകാര്യ വകുപ്പുമന്ത്രി ദയവ് കാണിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെയും ലോക ചരിത്രത്തിലെതന്നെ അസാധാരണമായ ഈ സന്ദർഭവും അത് സൃഷ്ടിച്ച സാമ്പത്തിക വെല്ലുവിളികൾ മറികടക്കാനായി ഉൾക്കരുത്ത് കാട്ടുന്ന ഈ ബഡ്ജറ്റിന്റെ വികസന പരിപ്രേക്ഷ്യത്തെയും ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങളിലൊന്നാണ് ഫെഡറലിസം. ആ ഫെഡറലിസത്തിന്റെ ആധാരപ്രേരണയാകുന്നത് ഫിസ്കൽ ഫെഡറലിസമാണ്. നോട്ട് നിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി. നടപ്പിലാക്കൽ, കഴിഞ്ഞ ദിവസം ശതാഭിഷേകത്തിലേയ്ക്ക് എത്തിയ ഇന്ധന വിലവർദ്ധനവ് എന്ന കൊള്ളയടി എന്നീ നടപടികളിലൂടെയെല്ലാം ഫിസ്കൽ ഫെഡറലിസത്തെ ആക്രമണോത്സുകതയോടെ തകർക്കുന്ന, കേന്ദ്ര സർക്കാർ സൃഷ്ടിക്കുന്ന പ്രതിസന്ധികളെ പൊരുതിത്തോൽപ്പിക്കുന്ന ഒരു ബഡ്ജറ്റ് കൂടിയായി ഈ ബഡ്ജറ്റ് മാറുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മറ്റൊന്ന് ലോക സാഹചര്യമാണ്. രണ്ടാം ലോക മഹായുദ്ധമാണ് ലോക സമ്പദ് വ്യവസ്ഥയിൽ വലിയ മാറ്റങ്ങൾ വരുത്തിയത്. The Bretton Woods Institutions എന്നറിയപ്പെടുന്ന International Monetary Fund (IMF)-ഉം വേൾഡ് ബാങ്കും പിറവിയെടുത്തത് യുദ്ധാനന്തര സാമ്പത്തിക ചിന്തകളിൽനിന്നായിരുന്നുവെന്ന് നമുക്കറിയാം. എന്നാൽ രണ്ടാം ലോക യുദ്ധത്തേക്കാൾ, അത് സൃഷ്ടിച്ച ആഘാതങ്ങളേക്കാൾ വളരെ വലുതാണ് കോവിഡ് മഹാമാരി ലോകത്തിന്റെ രാഷ്ട്രീയ സാമ്പത്തിക വ്യവഹാരങ്ങളിൽ വരുത്തുന്ന മാറ്റം. കോവിഡിനെ നേരിടുകയെന്നത് മാത്രമല്ല, കോവിഡിന് അപ്പുറത്തേയ്ക്ക് കോവിഡ് സൃഷ്ടിക്കുന്ന സാമ്പത്തിക ആഘാതങ്ങളെ മറികടക്കുക എന്നതുമാത്രമല്ല, അതിനുമപ്പുറം കോവിഡാനന്തര കാലത്തെ സാമ്പത്തിക സമീപനം എന്തായിരിക്കണമെന്ന ദീർഘവീക്ഷണംകൂടി ശ്രീ. കെ. എൻ. ബാലഗോപാൽ ഉയർത്തിപ്പിടിക്കുന്നു. Economics in the time of Covid-19-നെ Covidonomics എന്ന് വിളിക്കാമെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ സാമ്പത്തിക സമീപനത്തെ Covidonomics എന്നുവിളിച്ച് അഭിനന്ദിക്കാൻ കൂടിയും ആഗ്രഹിക്കുകയാണ്.

കോവിഡിനെ സത്യസന്ധമായി നേരിട്ടില്ല എന്ന വിമർശനം ഇവിടെ കേട്ടു. ഉറങ്ങുന്നവരെ നമുക്ക് വിളിച്ചുണർത്താം. ഉറക്കം നടിക്കുന്നവരെ നമുക്ക് എന്തുചെയ്യാൻ കഴിയും എന്നതാണ് അതിനെക്കുറിച്ചുള്ള മറുപടി. കോവിഡിനെ നേരിടാൻ, കോവിഡ് സൃഷ്ടിച്ച സാമ്പത്തിക പ്രയാസങ്ങളെ നേരിടാൻ ലോകത്തിലെ പല സമ്പദ് വ്യവസ്ഥകളും പകച്ചുനിന്നതിനെക്കുറിച്ച് നമുക്കറിയാം. അമേരിക്കൻ സമ്പദ് വ്യവസ്ഥ Covid-19 induced coma-യിലാണെന്ന് എഴുതിയത് Paul Krugman ആണ്. ഡോ. അമർത്യാസെന്നിന്റെ ലേഖനം കഴിഞ്ഞ ദിവസം വന്നു. കേന്ദ്ര സർക്കാരിന്റെ Schizophrenia കോവിഡിന്റെ ആഘാതങ്ങളെ വർദ്ധിപ്പിക്കുന്നുവെന്ന് അദ്ദേഹം എഴുതി. സാമ്പത്തികമായ ജി.ഡി.പി. റേഷ്യോ, അല്ലെങ്കിൽ കേരളത്തിന്റെ കടത്തെ സംബന്ധിച്ചുള്ള വിമർശനങ്ങളുണ്ടായി. അത്തരം വിമർശനങ്ങളുടെ താത്വികമായ ഉത്കണ്ഠകളിൽ ഉരുകിത്തിളച്ച് പകച്ചുനിൽക്കാനല്ല ഈ ഗവൺമെന്റ് തയ്യാറായത് മറിച്ച് 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് കോവിഡിന്റെ കാലത്ത് ഓരോ മനുഷ്യന്റെയും ജീവൻ വിലപ്പെട്ടതാണെന്ന് പറയുമ്പോൾ അതിന്റെ പിന്നിലുള്ള മാനവികതയുടെ രാഷ്ട്രീയം ഇടതുപക്ഷത്തിന്റെ രാഷ്ട്രീയമാണ്. അതിൽ ഞങ്ങൾ അഭിമാനിക്കുന്നു എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട് തരത്തിലാണ് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ ഈ ഗവൺമെന്റ് ബഡ്ജറ്റിൽ നിർവചിക്കുന്നത്. ഒന്ന് medical infrastructure development, ഏറ്റവുമധികം ആവശ്യമുള്ള ഒന്നാണ്. മറ്റൊന്ന് അമേരിക്കയിലുള്ള (NCDC) The National Centre for Disease Control Management Institute-ന്റെ അതേ മാതൃകയിൽ, ഇന്ന് രാവിലെ വന്നൊരു വാർത്തയുണ്ട്. അത് കോവിഡിന്റെ ജനിതക മാറ്റംവന്ന മറ്റൊരു വൈറസിനെക്കൂടി ഇന്ത്യയിൽ കണ്ടെത്തി എന്നതാണ്. അത്തരം സാംക്രമിക രോഗങ്ങളെക്കുറിച്ചുള്ള വലിയ ഉത്കണ്ഠകളുടെ കാലത്ത് അത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് കൂടി ആരംഭിക്കാൻ ശ്രദ്ധേയമായ ചുവടുവയ്പ്പാണ് ഈ ബഡ്ജറ്റിൽ നിർദ്ദേശിക്കുന്നതെന്ന് പറയാനും ഞാൻ ആഗ്രഹിക്കുന്നു. തുർക്കി കവിയായ Nazim Hikmet-ന്റെ ഒരു കവിതയുണ്ട്.

"കൊടുങ്കാറ്റുകൾ ഇനിയും വരും

പക്ഷേ നാം നമ്മുടെ യാത്ര തുടരുകതന്നെ ചെയ്യും."

ലോകം മുന്നോട്ട് യാത്ര ചെയ്യുമ്പോൾ ആ യാത്രയിൽ കേരളം ഏത് തീരത്താണ് അണയുന്നതെന്നതാണ് പ്രധാനം. ഇനിയുള്ള കേരളത്തിന്റെ ആരോഹണ പാതകൾ, കേരളത്തിന് ആവശ്യമുള്ള തൊഴിൽ, ആരാണ് ആ തൊഴിൽ ദാതാവായി മാറേണ്ടത്, അതിന്റെ ഉത്തരം സാങ്കേതികവിദ്യ എന്നാണ്.

Thomas L. Friedman-ന്റെ 'The World Is Flat' എന്നൊരു പുസ്തകമുണ്ട്. അതിൽ പ്രവചനാത്മകമായി ഇനിയുള്ള കാലം സാങ്കേതിക വിദ്യ ലോകത്തെ റീഡിഫൈൻ ചെയ്യുമെന്ന് പറയുന്നുണ്ട്. ഏതാനും വർഷങ്ങൾക്ക് മുമ്പ് നാമാരും കരുതിയില്ല Mark Zuckerberg ആരംഭിക്കുന്ന ഫേസ്ബുക്കിൽ ലോകത്തിലെ പല രാജ്യങ്ങളേക്കാളും ജനസംഖ്യ, അതിനൊക്കെ അപ്പുറമുള്ള ആളുകൾ ഫേസ്ബുക്കിൽ ഉണ്ടാകുമെന്ന്. അരക്ഷിതമായ ബാല്യ-കൗമാരങ്ങൾ താണ്ടി അഗതിയായി അമേരിക്കയിലെത്തിയ ഒരു ചെറുപ്പക്കാരൻ സുഹൃത്തിനൊപ്പം ആരംഭിച്ച വാട്സ്അപ്പ് വലിയ തൊഴിൽ ദാതാവാകുമെന്നും നമ്മളാരും കരുതിയില്ല. ക്രിപ്റ്റോ കറൻസിയെക്കുറിച്ച് നാം കേൾക്കുന്നു. ഇങ്ങനെ എത്രയെത്ര മാറ്റങ്ങളാണ് സാങ്കേതിക രംഗത്ത് വരാൻ പോകുന്നത്. ഏറ്റവും വലിയ തൊഴിൽദാതാവായി മാറാൻ പോകുന്നത് സാങ്കേതികവിദ്യയാണ്. ആധുനിക വൈജ്ഞാനിക സമ്പദ് വ്യവസ്ഥയായി കേരളത്തെ മാറ്റാൻ കഴിയുമെന്ന വലിയ നിർദ്ദേശം ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നു. അതിൽ ഏറ്റവും പ്രധാനമായി ഞാൻ കാണുന്നത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗത്തിന്റെ പഠനക്രമത്തെയും കോഴ്സുകളെയും മാറ്റാനുള്ള സമഗ്രമായ നിർദ്ദേശമാണ്. അറിവ് നേടാൻ കുട്ടികൾക്കറിയാം, പക്ഷേ അവരുടെ എംപ്ലോയബിലിറ്റി വളരെ പ്രധാനപ്പെട്ട ഒന്നാണ്. ആ എംപ്ലോയബിലിറ്റി വർദ്ധിപ്പിക്കാൻ കഴിയുന്ന നൈപുണ്യ വികസനം ഈ ബഡ്ജറ്റിൽ പ്രധാനപ്പെട്ട നിർദ്ദേശമായി കാണുന്നു. തൊഴിലന്വേഷകരും തൊഴിൽദാതാക്കളും തമ്മിലുള്ള കണക്ടിവിറ്റിയാണ് ഏറ്റവും പ്രധാനം. എല്ലാവർക്കും കണക്ടിവിറ്റി ഉറപ്പാക്കുന്നതുപോലെതന്നെ അതിന് കരുതുന്ന, ലോകത്തിൽ എല്ലാ രാജ്യങ്ങളിലും വലിയ ശൃംഖലയുള്ള തൊഴിൽദാതാക്കളെ കേരളത്തിലേയ്ക്ക് എത്തിക്കാനുള്ള വലിയ പരിശ്രമങ്ങൾ, ഒരു knowledge economy mission, അത് കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റുമെന്നല്ല, നാം ഏറെ പാടിപ്പുകഴ്ത്തുന്ന കേരള വികസനം നേരിടാൻ പോകുന്ന വലിയൊരു ബോട്ടിൽനെക്കിനെ അതിജീവിക്കാനുള്ള ധീരമായ പരിശ്രമമായി ഞാൻ അതിനെ കാണുന്നു. അതിന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകകൂടി ചെയ്യുകയാണ്.

1.00 pm]

ബഡ്ജറ്റിനെക്കുറിച്ചുള്ള എന്റെ ആദ്യ പ്രസംഗമാണ്. കർഷക സമരത്തെക്കുറിച്ചുകൂടി ഒരു വാക്ക് പറയാനുണ്ട്. എന്തുകൊണ്ടാണ് കർഷക സമരം നടക്കുന്നത്? വിപണിയിൽനിന്നും കർഷകരിൽനിന്നും നാം ഉൽപ്പന്നങ്ങൾ സംഭരിക്കുമ്പോൾ ന്യായമായ വില ലഭിക്കുന്നില്ല. എന്നാൽ ഈ ഉൽപ്പന്നങ്ങൾ വിപണിയിലെത്തുമ്പോൾ വലിയ വില കൊടുത്താണ് ആളുകൾ വാങ്ങുന്നത്.

മൂലധന രൂപീകരണം, നല്ല വിപണി ഉറപ്പാക്കൽ, അതിനുവേണ്ടിയുള്ള സമഗ്രമായ നിർദ്ദേശം ഇന്ത്യയ്ക്കാകെ മാതൃകയായി കേരളത്തിലെ ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നുവെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

മി. ചെയർമാൻ: പ്ലീസ്....പ്ലീസ്... കൺക്ലൂഡ്.

ശ്രീ. പ്രമോദ് നാരായൺ: സർ, രണ്ട് നിർദ്ദേശങ്ങൾ കൂടിയുണ്ട്. ഒന്ന്, നികുതിയേതര വരുമാനം വർദ്ധിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു പഠനം നടത്തണം. നികുതി വർദ്ധനവിനെക്കുറിച്ച് ആലോചിക്കുമ്പോൾ പലപ്പോഴും നാം കണ്ടുശീലിച്ച ചില ശീലങ്ങളുണ്ട്. രണ്ട്, കാരുണ്യ പദ്ധതിയാണ്. നാം യാത്ര ചെയ്യുമ്പോൾ വഴിയോരത്ത് പാട്ടുപാടി, കൈനീട്ടി വൃക്കരോഗത്തിനും കരൾമാറ്റിവയ്ക്കാനുമുള്ള പണത്തിനായി നമ്മോട് കനിഞ്ഞ് യാചിക്കുന്ന മനുഷ്യരുണ്ട്. നമുക്ക് ഒബാമ കെയർ പദ്ധതിയെക്കുറിച്ച് അറിയാം. അതേ മാതൃകയിൽ കേരളത്തിൽ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി തുടങ്ങിവച്ച കാരുണ്യ പദ്ധതി ശ്രദ്ധേയമായ ഒരു ചുവടുവയ്പായിരുന്നു. പകർച്ചവ്യാധിയുടെ ഈ കാലത്ത് അതിനുള്ള ചികിത്സ ഭരണകൂടത്തിന്റെ ഉത്തരവാദിത്തമായി മാറ്റുന്ന ഒരു പദ്ധതിയെക്കുറിച്ചുകൂടി അങ്ങ് ആലോചിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള നയപ്രഖ്യാപനത്തെയും ബഡ്ജറ്റിനെയും ഒരേ രീതിയിൽ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഇന്നത്തെ പ്രതിസന്ധിയെ പരിപൂർണ്ണമായും അഡ്രസ് ചെയ്യുന്ന ഒരു സമീപനമല്ല ഇതിൽ രണ്ടിലും ഉണ്ടായിരുന്നതെന്ന് ഞാൻ ആവർത്തിച്ചുപറയാൻ ആഗ്രഹിക്കുകയാണ്. പാക്കേജുകളുണ്ടെന്ന കാര്യത്തിൽ ആർക്കും എതിരഭിപ്രായമില്ല. 20,000 കോടി രൂപയുടെ പാക്കേജ് കോവിഡുമായി ബന്ധപ്പെട്ട് വീണ്ടും പ്രഖ്യാപിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിന്റെ ഇത്തവണത്തെ ബഡ്ജറ്റിനെ ജനങ്ങൾ നോക്കിക്കാണുന്നത് കോവിഡ് രോഗവ്യാപനത്തിലൂടെ പ്രതിസന്ധിയിലായ ഇന്നത്തെ സാമൂഹിക-സാമ്പത്തിക മേഖലയെ എങ്ങനെ മുന്നോട്ടുകൊണ്ടുവരാൻ കഴിയുമെന്നതിനെ അടിസ്ഥാനപ്പെടുത്തിയാണ്. നെൽക്കൃഷിയുടെ കാര്യമെടുത്താൽ അത് ഇന്ന് കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ചിട്ടുണ്ട്. എന്നാൽ ഗുണപരമായി ഇതിനെ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്ന ഒരു നിർദ്ദേശവും ഈ ബഡ്ജറ്റിൽ കാണാൻ കഴിയുന്നില്ല. 2017-18-ൽ മുൻകാല ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ നെല്ല് സംഭരണത്തിനായി 700 കോടി രൂപയാണ്

വകയിരുത്തിയത്. അതുപോലും ഫലപ്രദമായി വിനിയോഗിച്ചിട്ടില്ലെന്നത് കണക്കുകൾ സഹിതം നമ്മുടെ മുന്നിലുണ്ട്. നെല്ലിന്റെ താങ്ങുവില കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് എത്തിക്കുകയെന്നത് കാലാകാലങ്ങളായി മുന്നോട്ടുവയ്ക്കുന്ന ഒരു കാര്യമാണ്. കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലും ഇക്കാര്യം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അത് നാളിതുവരെ ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ലെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഉൽപ്പന്നശേഖരണത്തിലെ പോരായ്മകൾ, ഗോഡൗണുകളുടെ കുറവ്, മാർക്കറ്റിംഗ് ശൃംഖലയുടെ പോരായ്മകൾ എന്നിവയെല്ലാം കർഷകരെ പ്രതിസന്ധിയിലാക്കിയെന്ന് അങ്ങ് ഇവിടെ സമ്മതിക്കുമ്പോൾ അത് ഏത് നിലയിൽ തരണം ചെയ്യാനാണ് സർക്കാർ ലക്ഷ്യംവയ്ക്കുന്നതെന്ന് ചോദിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽ റബ്ബർ കർഷകരെ പരിപൂർണ്ണമായും അവഗണിച്ചിരിക്കുകയാണ്. ചരിത്രത്തിൽ ആദ്യമായി യു.ഡി.എഫ്. സർക്കാർ റബ്ബറിന്റെ താങ്ങുവില 150 രൂപയായി വർദ്ധിപ്പിച്ചു. കഴിഞ്ഞ സർക്കാർ 20 രൂപ വർദ്ധിപ്പിച്ച് 170 രൂപയാക്കി. ഇപ്പോൾ വിപണിയിൽ ഏകദേശം അത്രത്തോളംതന്നെ തുകയുണ്ട്. അപ്പോൾ ഇങ്ങനെ താങ്ങുവില പ്രഖ്യാപിച്ചതുകൊണ്ട് യാതൊരു അർത്ഥവുമില്ലെന്നും ഉൽപ്പാദന ചെലവിനനുസൃതമായി അത് വർദ്ധിപ്പിക്കണമെന്നതും കാലാകാലങ്ങളായുള്ള ആവശ്യമാണ്. അത് ഈ ഗവൺമെന്റ് പരിഗണിച്ചിട്ടില്ലെന്നുകൂടി ഇവിടെ സൂചിപ്പിക്കുന്നു.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് 2016-17-ൽ മാന്ദ്യവിരുദ്ധ പാക്കേജിലുൾപ്പെടുത്തി 1000 കോടി രൂപ, 2017-18-ൽ 7130 കോടി രൂപ, 2018-19-ൽ 1685 കോടി രൂപ, 2021-22-ൽ 5463 കോടി രൂപ എന്നിങ്ങനെ പ്രഖ്യാപിക്കുകയുണ്ടായി. അതായത് കഴിഞ്ഞ നാല് വർഷക്കാലയളവിനുള്ളിൽ 15,000 കോടി രൂപയുടെ വിവിധ പദ്ധതികളാണ് ഈ മേഖലയ്ക്കായി പ്രഖ്യാപിച്ചത്. കോവിഡുമായി ബന്ധപ്പെട്ട് 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. എന്നാൽ ബിൽ കുടിശ്ശിക തീർക്കാനാണ് തുക കൂടുതൽ വിനിയോഗിക്കുന്നതെന്ന് ഇവിടെ പ്രതിപാദിക്കപ്പെട്ടു. ഇവിടെ ഇത്രമാത്രം തുക കഴിഞ്ഞ നാലുവർഷം പ്രഖ്യാപിച്ച് മുന്നോട്ടുപോകുമ്പോൾ അത് കൃത്യമായി ഇംപ്ലിമെന്റ് ചെയ്തിട്ടുണ്ടോ? എം.എൽ.എ.മാരുടെ ഫണ്ടുകൾ ഇതിനായി വിനിയോഗിക്കേണ്ടതായി വരുന്നുവെന്ന് കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ സൂചിപ്പിച്ചു. ഏതുനിലയിലാണ് അത് ലക്ഷ്യംവയ്ക്കുന്നതെന്ന് അങ്ങയുടെ മറുപടി പ്രസംഗത്തിൽ പ്രതിപാദിക്കണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റ് 2012-ൽ എം.എൽ.എ.മാർക്കായി ആസ്തി വികസന ഫണ്ട് കൊണ്ടുവന്നതിനുശേഷം ഓരോ എം.എൽ.എ.മാരുടെയും

പ്രദേശങ്ങളിലുണ്ടായിട്ടുള്ള മാറ്റം, പ്രാദേശിക മേഖലകളുടെ വികസനത്തിനായി, അത് പാലങ്ങളോ, റോഡുകളോ മറ്റ് അനുബന്ധ കെട്ടിടങ്ങളോ ആകട്ടെ വളരെ വലുതാണ്. മാത്രമല്ല, എം.എൽ.എ.മാർ അവരവരുടെ പ്രദേശങ്ങളിൽ ആശുപത്രികൾക്കും സ്കൂളുകൾക്കുമായി ഫണ്ട് കൊടുക്കുന്നുണ്ട്. എം.പി. ഫണ്ടുകൾ ഇപ്പോൾ നിർത്തലാക്കിയ സാഹചര്യമാണുള്ളത്. എം.എൽ.എ. ഫണ്ടുകൂടി കണക്കാക്കിക്കൊണ്ടുള്ള പദ്ധതികൾ ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നുവെങ്കിൽ അത് മറ്റ് പ്രാദേശിക പദ്ധതികൾക്ക് തടസ്സമാകുന്ന സാഹചര്യമുണ്ടാകുമെന്നത് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അക്കാര്യത്തിൽ ക്രിയാത്മകമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. കോവിഡ് പകർച്ചവ്യാധിയുടെ മൂന്നാം തരംഗത്തെക്കുറിച്ച് അങ്ങ് ഇവിടെ സൂചിപ്പിച്ചു. ജനങ്ങളാകെ ഭയപ്പെടുന്ന മൂന്നാം തരംഗത്തെ അതിജീവിക്കാനുള്ള കൃത്യമായ ഒരു പദ്ധതിയിലേയ്ക്ക് സർക്കാർ നീങ്ങേണ്ടതാണ്. സെപ്തംബറിൽ ഇതിനുവേണ്ടിയുള്ള ടെണ്ടർ നടപടികളടക്കമുള്ള കാര്യങ്ങൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സെപ്റ്റംബർ ആകുമ്പോഴേയ്ക്കും മൂന്നാം തരംഗം മറ്റൊരു തലത്തിലേയ്ക്ക് എത്തിച്ചേരുമെന്ന ഭയം ജനങ്ങൾക്കുണ്ട്. ഐ.സി.യു. അടക്കം, പ്രത്യേകിച്ച് പീഡിയാട്രിക് മേഖലയിൽ ഇതുമായി ബന്ധപ്പെട്ട പ്രതിസന്ധി വർദ്ധിക്കുമെന്നുള്ള സൂചനകളാണ് ലഭിക്കുന്നത്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ സമയബന്ധിതമായ നടപടിയുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി മറികടക്കാനുള്ള യാതൊരു നിർദ്ദേശവും ബഡ്ജറ്റിലില്ല. ഇവിടെ ഇന്നലെയും ഇന്നുമായി ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾ അങ്ങ് ശ്രദ്ധിച്ചുകാണുമെന്ന് കരുതുന്നു. വിവിധ തൊഴിൽ മേഖലകൾ പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. ഉദാഹരണത്തിന്, ഓട്ടോറിക്ഷാ തൊഴിലാളികളാകട്ടെ, ബസ് തൊഴിലാളികളാകട്ടെ, വിവിധ തലങ്ങളിൽ കടന്നുവരുന്ന മറ്റ് ദിവസ വേതനക്കാരാകട്ടെ, എല്ലാതലത്തിലും ഈയൊരു ദുരവസ്ഥ കാണുന്നുണ്ട്. തൊഴിൽ സംരക്ഷണത്തിനായി സർക്കാർ എന്തുനടപടികളിലേയ്ക്കാണ് നീങ്ങുന്നതെന്നതിനെ സംബന്ധിച്ച് ക്രിയാത്മകമായ യാതൊരു നിർദ്ദേശവും മുന്നോട്ടുവയ്ക്കാൻ ഈ ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിഞ്ഞിട്ടില്ല. നിർമ്മാണ മേഖലയിലെ അസംസ്കൃത വസ്തുക്കളുടെ വില ഇരട്ടിയായിരിക്കുകയാണ്. അതുണ്ടാക്കുന്ന മറ്റൊരു പ്രതിസന്ധി നമ്മുടെ മുന്നിൽ നിലനിൽക്കുന്നു. ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടലുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ സൂചിപ്പിച്ച മറ്റൊരു പ്രധാന വിഷയം വിദ്യാഭ്യാസ മേഖല ഓൺലൈൻ ക്ലാസ്സുകളിലേയ്ക്ക് പോകുന്നുവെന്നതാണ്. ഓൺലൈൻ ക്ലാസ്സുകളുമായി

ബന്ധപ്പെട്ടുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ ഇന്നത്തെ ചോദ്യോത്തരവേളയിൽ ഉന്നയിക്കപ്പെടുകയുണ്ടായി. ഡിജിറ്റൽ ഡിവൈഡ് എന്നത് ആലങ്കാരികമല്ല. അക്ഷരാർത്ഥത്തിൽ അത് നമ്മുടെ പ്രദേശങ്ങളിൽ സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് വ്യക്തമായൊരു കാഴ്ചപ്പാടും പ്രഖ്യാപനവും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. താൽപ്പര്യമുള്ള വ്യക്തികളിൽനിന്നും സ്വരൂപിച്ച് ആവശ്യക്കാർക്ക് കൊടുക്കുന്ന സമീപനമാണ് പലപ്പോഴും ജനപ്രതിനിധികളെടുക്കുന്നത്. അതിനൊക്കെ ധാരാളം പരിമിതികൾ നിലനിൽക്കുന്നുണ്ട്. പ്രസ്തുത സൗകര്യം ആവശ്യക്കാർക്കെല്ലാം തുല്യമായി ലഭ്യമാക്കാനുള്ള നടപടി ഉണ്ടാകേണ്ടത് അനിവാര്യമാണ്.

ടൂറിസം സംബന്ധിച്ച് അങ്ങ് നടത്തിയ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ അത് ഏതെങ്കിലും പ്രദേശങ്ങളിൽ മാത്രമായി ചുരുങ്ങിപ്പോകുന്ന സാഹചര്യമുണ്ടാകാൻ പാടില്ല. സാംസ്കാരിക ടൂറിസമാകട്ടെ, ഇക്കോടൂറിസം പദ്ധതികളാകട്ടെ, സമഗ്രമായ നിലയിലുള്ള സമീപനം ഗവൺമെന്റിന്റെ കാഴ്ചപ്പാടിലുണ്ടാകണം. നിർഭാഗ്യവശാൽ, അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ അത് ഉണ്ടായിട്ടില്ലെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രഖ്യാപിച്ചതിനെ ഞാൻ എതിർക്കുന്നില്ല, സ്വാഗതം ചെയ്യുന്നു. പക്ഷെ, തീർച്ചയായും എല്ലാ തലങ്ങളേയും സ്പർശിച്ചുകൊണ്ടുള്ള സമീപനമാണ് ഉണ്ടാകേണ്ടത്. അതിനോടൊപ്പം പെട്രോളിയം ഉൽപ്പന്നങ്ങളുടെ അധിക നികുതി ഒഴിവാക്കാനുള്ള ആർജ്ജവം സർക്കാർ കാണിക്കണം. ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങളെയും സമീപനങ്ങളെയും ബഡ്ജറ്റിനെയുമൊക്കെ ഭരണകക്ഷി അംഗങ്ങൾ വാതോരാതെ പ്രശംസിച്ച് സംസാരിക്കുമ്പോൾ, പെട്രോളിയം ഉൽപ്പന്നങ്ങൾക്കുള്ള അധിക നികുതി ഒഴിവാക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമ്പോൾ ജനങ്ങൾക്ക് ലഭ്യമാകുന്ന ആശ്വാസം വലുതാണ്. യു.ഡി.എഫ്. ഗവൺമെന്റ് അത്തരമൊരു തീരുമാനം നടപ്പിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്. എന്തായാലും അത്തരത്തിലുള്ള ക്രിയാത്മകമായ സമീപനം ഈ ബഡ്ജറ്റിലുണ്ടാകണമായിരുന്നു. ക്രിയാത്മകമായ അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ ഇല്ലാത്തതിനാൽ ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുകയാണ്. കഴിഞ്ഞ ജനുവരി മാസം 21-ാം തീയതി മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഒരു പൂർണ്ണ ബഡ്ജറ്റാണ് അവതരിപ്പിച്ചത്. അതിനുശേഷം അധികാരത്തിലെത്തിയ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിൽ സമൂഹത്തിന് കൂടുതൽ

ഊർജ്ജം നൽകുന്ന പദ്ധതികളാണ് മുന്നോട്ടുവച്ചത്. ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റിനുശേഷം നാട്ടിലുണ്ടായിട്ടുള്ള മാറ്റങ്ങൾ വളരെ വലുതാണ്. പ്രത്യേകിച്ച് കോവിഡ്-19 മൂലമുണ്ടായിട്ടുള്ള പ്രശ്നങ്ങൾ സമസ്തമേഖലകളെയും ദോഷകരമായി ബാധിക്കുന്ന ഘട്ടത്തിലാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നതെന്നുള്ളതാണ് ഏറ്റവും പ്രസക്തമായ വിഷയം. ഈ ബഡ്ജറ്റിൽ ഏറ്റവും പ്രസക്തമായി പറയുന്നത് ആരോഗ്യ മേഖലയെക്കുറിച്ചാണ്. ആരോഗ്യമേഖലയിൽ ഒരുപിടി നല്ല കാര്യങ്ങൾ ചെയ്യുന്നുവെന്ന് എല്ലാവരും ഇവിടെ പ്രസംഗിച്ചതുകൊണ്ട് ഞാൻ ആ വിഷയത്തിലേയ്ക്ക് കടക്കുന്നില്ല. കോവിഡ് മഹാമാരിയെ നേരിടുന്നതിൽ ലോകത്തിനുപോലും മാതൃകയാകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ലോകം മുഴുവൻ ഈ രോഗത്തിന്റെ അപകടം അറിയാൻ കഴിയാതെ നിൽക്കുമ്പോൾ അതിനെ നേരിടാൻ ഈ സർക്കാർ പരമാവധി ശ്രമിക്കുന്നുണ്ട്. ഈ രോഗംമൂലം നാട്ടിലുണ്ടാകാവുന്ന ദാരിദ്ര്യവും പ്രശ്നങ്ങളും തൊഴിലില്ലായ്മയുമെല്ലാം പരിഗണിച്ചു കൊണ്ടുള്ള പരിഹാരമാർഗ്ഗങ്ങളും നമ്മൾ മുന്നോട്ടുവയ്ക്കുകയാണ്. ഏറ്റവും പ്രധാനമായി പറയുന്നത് ഡിജിറ്റൽ ഡിവൈഡിനെക്കുറിച്ചാണ്. വിദ്യാഭ്യാസ രംഗത്ത് കുഞ്ഞുങ്ങൾക്ക് പഠിക്കുന്നതിന് മൊബൈൽ ഫോണുകളുടെ അഭാവം, മൊബൈൽ ഫോൺ കിട്ടുന്നിടത്ത് ഇന്റർനെറ്റ് കിട്ടാത്ത അവസ്ഥ- ഗ്രാമപ്രദേശങ്ങളിലും മലയോര പ്രദേശങ്ങളിലും ഇന്റർനെറ്റ് ലഭിച്ചിരുന്നത് ബി.എസ്.എൻ.എൽ.-ൽ നിന്നാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന ബി.എസ്.എൻ.എൽ.-നെ തകർത്തത് ഇന്ന് കേന്ദ്രം ഭരിക്കുന്ന നരേന്ദ്ര മോദി സർക്കാരാണ്. സ്വകാര്യമേഖലയ്ക്ക് വിൽക്കാനും കുത്തക മുതലാളിമാർക്ക് വഴിമാറിക്കൊടുക്കാനുംവേണ്ടി അതിനെ തകർത്തതിന്റെ ഫലമാണ് നമ്മൾ അനുഭവിക്കുന്നത്. ബി.എസ്.എൻ.എൽ. കണക്ഷൻ കിട്ടിയിരുന്ന പലസ്ഥലത്തും നെറ്റിന് വേഗതയില്ല, 2 ജി, 3 ജി സംവിധാനങ്ങളൊന്നുമില്ല. കുഞ്ഞുങ്ങൾ പലസ്ഥലത്തും ബുദ്ധിമുട്ടുന്നു. നെറ്റ്‌വർക്കിന്റെ കാര്യത്തിലും, മൊബൈലിന്റെ കാര്യത്തിലും ഒരു തീരുമാനമുണ്ടാകുന്നതുവരെ വിക്ടേഴ്സ് ചാനൽ വഴി ക്ലാസ്സുകൾ നടത്തണം. ഇപ്പോൾ വിക്ടേഴ്സ് ചാനലിൽ നല്ല ക്ലാസ്സുകളാണ് നടക്കുന്നത്. കഴിഞ്ഞ ലോക്ക്ഡൗണിന്റെ കാലത്ത് എം.എൽ.എ.മാരും പൊതുപ്രവർത്തകരും രാഷ്ട്രീയ പ്രവർത്തകരും സാമൂഹ്യപ്രവർത്തകരും സംഘടനകളും മുൻകയ്യെടുത്തതിന്റെ ഫലമായി പരമാവധി വീടുകളിൽ ടി.വി. എത്തിക്കാൻ കഴിഞ്ഞു. എല്ലാവർക്കും മൊബൈൽ ഫോൺ വാങ്ങിക്കൊടുക്കണമെന്ന് പറയുന്നത് കേൾക്കാൻ രസമുള്ള കാര്യമാണെങ്കിലും എം.എൽ.എ.മാരും പൊതുപ്രവർത്തകരും ഇതിന്റെ പേരിൽ അഴിമതിക്കാരായി മാറേണ്ടി വരരുതെന്ന് ഓർക്കുന്നത് നന്നായിരിക്കും. ഗവൺമെന്റുതന്നെ അതിനൊരു സംവിധാനമുണ്ടാക്കണം. ഒരു മൊബൈൽ

ഫോൺ വാങ്ങിക്കൊടുക്കണമെന്ന് പറഞ്ഞാൽ വാങ്ങാം. പക്ഷെ നമ്മുടെ കയ്യിൽ നിന്നും കൊടുക്കുന്നതിന് ഒരു മര്യാദയുണ്ട്. നമ്മുടെ കയ്യിലുണ്ടെങ്കിൽ കൊടുക്കുന്നതു കൊണ്ട് കുഴപ്പമില്ല, എന്നാൽ അതിന് ഒരു പരിമിതിയുണ്ട്. ഏത് എം.എൽ.എ.യ്ക്ക് വേണമെങ്കിലും സ്വകാര്യ വ്യക്തികളെ വിളിച്ചുപറഞ്ഞ് 50 മൊബൈൽ ഫോണുകൾ വാങ്ങിക്കൊടുക്കാൻ കഴിയുമെങ്കിലും അത് മോശമാണെന്ന് മാത്രമല്ല, പൊതുപ്രവർത്തകന്റെ സൽപ്പേരിന് കളങ്കം ചാർത്തുന്നതുമാണെന്ന് പറയേണ്ടിവരുന്നതിൽ എനിക്ക് ഒരു വിഷമവുമില്ല, ഞാൻ ഉള്ളകാര്യം തുറന്നുപറയുകയാണ്.

ഈ ബഡ്ജറ്റിൽ കാർഷികരംഗത്ത് വളരെ നല്ല കാര്യങ്ങൾ മുന്നോട്ടുവയ്ക്കുകയാണ്. കൃഷിയിലൂടെയാണ് നമ്മൾ വളരേണ്ടത്. ബഡ്ജറ്റിന്റെ തുടക്കത്തിൽത്തന്നെ ശ്രീ. കെ. എൻ. ബാലഗോപാൽ പറഞ്ഞിരിക്കുന്നത് കാർഷികോല്പന്നങ്ങൾ സംഭരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുമെന്നാണ്. നമ്മൾ പച്ചക്കറി ധാരാളം ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. ഇവിടെ ശ്രീ. അനൂപ് ജേക്കബിന്റെ പ്രസംഗത്തിൽ പറഞ്ഞതുപോലെ നെല്ല് ഉൽപ്പാദിപ്പിക്കാൻ തുടങ്ങി. പക്ഷെ സംഭരിക്കാൻ കഴിയുന്നില്ലെന്ന വാർത്തകൾ ദിവസവും നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. കർഷകർ നെല്ല് ഉൾപ്പെടെയുള്ള കാർഷി കോല്പന്നങ്ങൾ ശേഖരിച്ചുവച്ചാൽ അത് വിപണനം ചെയ്യുന്നതുവരെ സംഭരിക്കാനുള്ള സംവിധാനങ്ങളില്ല. അതിന് പരിഹാരം കാണുമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ടുവച്ച മത്സ്യസമ്പത്തിനുവേണ്ടിയുള്ള ഉൾനാടൻ മത്സ്യകൃഷി - മത്സ്യ കർഷകരെ പ്രോൽസാഹിപ്പിക്കുന്ന പദ്ധതികൾ വിജയം കണ്ടതുകൊണ്ടാണ് ഈ ലോക്ഡൗൺ കാലത്ത് കടലിൽപോയി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ കഴിയാത്തപ്പോഴും മത്സ്യമില്ലാതെ ഉച്ചയ്ക്ക് ആഹാരം കഴിക്കാൻ വിഷമിക്കുന്നവർക്ക് മത്സ്യഫെഡിന്റെ സ്റ്റാളുകളിൽക്കൂടി മത്സ്യമെത്തിച്ചുകൊടുക്കാൻ കഴിഞ്ഞത്. എൽ.ഡി.എഫ്. ഗവൺമെന്റിന് സാധിച്ച ഒരു ഭരണനേട്ടമായി അത് പ്രതിഫലിക്കുകയാണ്. അക്കാര്യത്തിൽ വളരെ സന്തോഷമുണ്ട്. എല്ലാ മേഖലകളെയും പുരോഗതിയിലേയ്ക്ക് നയിക്കാൻ കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടുണ്ട്. നല്ല റോഡുകൾ നിർമ്മിക്കാൻ കഴിഞ്ഞു. ടൂറിസം രംഗത്ത് വലിയ ഉയർച്ചകൾ കൈവരിക്കാൻ കഴിഞ്ഞെങ്കിലും കോവിഡ് അതിനെ ദോഷകരമായി ബാധിച്ചു. നമുക്കത് നിഷേധിക്കാൻ കഴിയില്ല. ഇതിനെയെല്ലാം അതിജീവിക്കുന്നൊരു ബഡ്ജറ്റെന്ന് പറയുമ്പോൾ, എല്ലാ മേഖലകളെയും തളർത്തിയിരിക്കുന്ന ഈയൊരു കാലഘട്ടത്തിൽ വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. നദികളിൽനിന്നും അണക്കെട്ടുകളിൽനിന്നും മണൽ ശേഖരിക്കുമെന്ന് ശ്രീ. കെ. എൻ. ബാലഗോപാൽ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത് തീർച്ചയായും നല്ലൊരു ആശയമാണ്. 2009-ലെ ബഡ്ജറ്റിലാണെന്ന് തോന്നുന്നു,

അണക്കെട്ടിലെ മണൽ എടുക്കാൻ തീരുമാനിച്ചുവെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞിരുന്നു. പാലക്കാട് മലമ്പുഴയിലെ അണക്കെട്ടിൽനിന്നും മണൽ വാരിയിരുന്നു. ആ മണ്ണ് ചെളിയോടുകൂടിയാണ് വാരിയത്. കാരണം അതിൽ എക്കൽ അടിഞ്ഞിട്ടുണ്ട്. അത് കഴുകി വൃത്തിയാക്കാത്തതുകൊണ്ട് വിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. ഇപ്പോൾ ഈ പദ്ധതിയുമായി മുന്നോട്ട് വരുമ്പോൾ തീർച്ചയായും ഡാമുകളിലെ മണ്ണ് എടുക്കണം. എന്റെയും ശ്രീ. പി. എസ്. സുപാലിന്റെയും മണ്ഡലത്തിനടുത്താണ് കൊല്ലം ജില്ലയിലെ തെന്മല ഡാം. തെന്മല ഡാം ഒരു സാംഗ്ച്വറിക്കകത്താണ്. അവിടെനിന്നും മണലെടുക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വേണം. മണൽ എടുക്കേണ്ടത് അത്യാവശ്യമാണ്. ആ അണക്കെട്ട് നിർമ്മിക്കുമ്പോഴുണ്ടായിരുന്ന സംഭരണശേഷിയുടെ 60 ശതമാനവും നാലോ അഞ്ചോ പ്രളയത്തിലൂടെ മണ്ണുവന്ന് നിറഞ്ഞിരിക്കുകയാണ്. മണ്ണും ചെളിയും നിറഞ്ഞതിനാൽ ഡാമിന്റെ സംഭരണശേഷി നഷ്ടപ്പെട്ടിരിക്കുന്നു. അത് വീണ്ടെടുക്കാൻ മണൽ ശേഖരിച്ച് കഴുകി വൃത്തിയാക്കി വിപണനം ചെയ്യാനുള്ള സംവിധാനം ഗവൺമെന്റ് ഏർപ്പെടുത്തണം. അത് ചെയ്യുന്നതിന്റെ പ്രായോഗികതയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. തീർച്ചയായും നല്ലൊരു ആശയമാണ്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി നദികൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഒരു സാമൂഹ്യപ്രവർത്തകൻ എന്ന നിലയിൽ പ്രവർത്തിച്ചയാളാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി. എനിക്ക് നേരിട്ടറിയാം, കൊല്ലം ജില്ലയിലെ എല്ലാ മേഖലകളിലും ഇത്തരം സേവന പ്രവർത്തനങ്ങൾക്ക് സന്നദ്ധനായി അദ്ദേഹം മുന്നിലുണ്ടായിരുന്നു. നദികൾ വൃത്തിയാക്കണം, മണൽ വാരി വിൽക്കണമെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം, പലരും അങ്ങനെ തെറ്റിദ്ധരിച്ചിട്ടുണ്ട്. നദിയുടെ ഒഴുക്കിനെ, ജലം ശേഖരിക്കാനുള്ള കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ ലഭിക്കുന്ന മണൽ വിൽക്കണമെന്നാണ് പറഞ്ഞത്. പഴയകാലത്തെപ്പോലെ നദിയെല്ലാം മണൽ വാരാൻ കൊടുത്ത്, മണൽ കൊള്ളക്കാരും മാഫിയകളും ഉണ്ടാകുന്നൊരു കാഴ്ചയെക്കുറിച്ചല്ല സർക്കാർ ഉദ്ദേശിക്കുന്നത്. കൊല്ലം ജില്ലയിലെ ടൂറിസം മേഖലയിൽ വളരെ സഹായം ചെയ്യുന്ന കൊല്ലം തീരദേശം മുതൽ അച്ചൻകോവിൽ-ആര്യങ്കാവ് അടക്കമുള്ള ടൂറിസം സർക്യൂട്ടിനെക്കുറിച്ച് ബഡ്ജറ്റിൽ പറയുന്നുണ്ട്. ആ സർക്യൂട്ടിന് പണം മാറ്റിവച്ചത് തീർച്ചയായും അഭിനന്ദനമർഹിക്കുന്ന കാര്യമാണ്. അത് വളരെ ഗുണം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള മറ്റൊരു കാര്യം പ്ലാന്റേഷൻ മേഖലയെക്കുറിച്ചാണ്. പ്ലാന്റേഷൻ ഡയറക്ടറേറ്റ് ഉണ്ടാക്കുമ്പോൾ ചെയ്യേണ്ടത്, കിഴക്കൻ മലയോര മേഖലയിലെ തോട്ടങ്ങളിലെ തൊഴിലാളികൾ താമസിക്കുന്ന ക്വാർട്ടേഴ്സുകളിൽ

(ലയങ്ങളിൽ) കുടിവെള്ളത്തിനുള്ള സൗകര്യമില്ല, കെട്ടിടം ചോർന്നൊലിക്കുകയാണ്, അവർക്ക് പ്രാഥമിക കൃത്യങ്ങൾ ചെയ്യാനുള്ള ബാത്ത്റൂമുകൾ പോലുമില്ല, ആകെ തകർന്ന അവസ്ഥയിലാണ്. സ്വകാര്യ-സർക്കാർ ഉടമസ്ഥതയിലുള്ള പ്ലാന്റേഷനുകളിലെ തൊഴിലാളികളുടെ ജീവിതം വളരെ ദുസ്സഹമാണ്. അത് പരിഹരിക്കുന്നതിന് ഒരു പദ്ധതിതന്നെ തയ്യാറാക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

എല്ലാ എം.എൽ.എ.മാർക്കും അറിയാവുന്ന ഒരു കാര്യമാണ്, ചെറിയ ചെറിയ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ പണം കടം കൊടുക്കുന്നുണ്ട്, സ്ത്രീകളുടെ പേരിലാണ് കൂടുതലും കടം കൊടുക്കുന്നത്. ലോക്ഡൗൺ വന്നപ്പോൾ മൊറട്ടോറിയമൊക്കെ വന്നു, കളക്ടർമാർ ഉത്തരവ് കൊടുത്ത് പണം പിരിക്കേണ്ടെന്ന് പറയുന്നുണ്ടെങ്കിലും വീടുകളിലേയ്ക്ക് സഹോദരിമാരെയും അമ്മമാരെയും ഭീഷണിപ്പെടുത്താൻ ആളുകൾ വരികയാണ്. അങ്ങനെ ആളുകൾ വരുമ്പോൾ ആ വീട്ടിൽ സ്കൂളിൽ പോകാതെ വീട്ടിലിരുന്ന് പഠിക്കുന്ന കുഞ്ഞുങ്ങളുണ്ടാകാം. അമ്മയെ ഭീഷണിപ്പെടുത്തുകയും അസഭ്യം പറയുകയും ചെയ്യുന്നത് കാണേണ്ട ഗതികേട് നമ്മുടെ നാട്ടിലെ കുഞ്ഞുങ്ങൾക്കുണ്ട്. ആരും പിരിക്കാൻ പോകേണ്ടെന്ന് ചില കളക്ടർമാർ ഉത്തരവിടുന്നുണ്ട്. പക്ഷെ ആലപ്പുഴ കളക്ടർ ഉത്തരവ് കൊടുക്കുമ്പോൾ കൊല്ലം കളക്ടർ കൊടുക്കുന്നില്ല. കൊല്ലം കളക്ടർ കൊടുക്കുമ്പോൾ തിരുവനന്തപുരം കളക്ടർ കൊടുക്കുന്നില്ല. പൊതുവായ ഒരു തീരുമാനം ഇക്കാര്യത്തിൽ വേണം. പിരിക്കാൻ പോകുന്ന ചെറുപ്പക്കാരോട് ചോദിക്കുമ്പോൾ അവർ പറയുന്നത് മാനേജ്മെന്റിൽനിന്നും സമ്മർദ്ദമാണ്, പണം പിരിച്ചില്ലെങ്കിൽ ഞങ്ങളെ പിരിച്ചുവിടുമെന്നാണ്. ഈ അപകടത്തിൽനിന്നും ഗവൺമെന്റ് ജനങ്ങളെ രക്ഷിക്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുകയാണ്, ധനകാര്യ വകുപ്പുമന്ത്രി അതിലൊരു മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കഴിഞ്ഞതവണ ലാപ്ടോപ്പും ടി.വി.യുമൊക്കെ കെ.എസ്.എഫ്.ഇ. നൽകിയിരുന്നു. സഹകരണ സ്ഥാപനങ്ങളും വളരെയധികം സഹായിച്ചു. ഇപ്രാവശ്യവും അവർക്കത് ചെയ്യാൻ കഴിയും. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല.

ആർ. ബാലകൃഷ്ണപിള്ളയ്ക്കും കെ. ആർ. ഗൗരിയമ്മയ്ക്കും സ്മാരകം നിർമ്മിക്കാൻ പണം നൽകിയതിനെ ഞാൻ നന്ദിയോടെ ഓർക്കുകയാണ്, നന്ദി പറയുകയാണ്. ആർ. ബാലകൃഷ്ണപിള്ളയ്ക്കുവേണ്ടി കൊട്ടാരക്കരയിൽ നിർമ്മിക്കാൻ പോകുന്ന സ്മാരകവുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണ പരത്തുന്ന ചില വാർത്തകൾ പ്രചരിക്കുന്നുണ്ട്. ആർ. ബാലകൃഷ്ണപിള്ളയ്ക്കുവേണ്ടി കൊട്ടാരക്കരയിൽ നിർമ്മിക്കാൻ പോകുന്ന സ്മാരകം കൊട്ടാരക്കരയുടെകൂടി എം.എൽ.എ.യായ ശ്രീ. കെ. എൻ. ബാലഗോപാലിന്റെ നേതൃത്വത്തിലായിരിക്കും ചെയ്യുന്നത്. എല്ലാ ജനപ്രതിനിധി

കളുടെയും പൊതുപ്രവർത്തകരുടെയും രാഷ്ട്രീയ പ്രവർത്തകരുടെയും ജനങ്ങളുടെയും അഭിപ്രായം ശേഖരിച്ചുകൊണ്ട് തലമുറകൾക്കുതകുന്ന ഏറ്റവും നല്ല സ്മാരകമായിരിക്കും നിർമ്മിക്കാൻ പോകുന്നത്. അല്ലാതെ അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കാനൊന്നും പണം ഉപയോഗിക്കില്ലെന്ന് ഞാൻ നിങ്ങളോട് പറയുകയാണ്. ഗവൺമെന്റ് ഉദ്ദേശിക്കുന്നത് രാഷ്ട്രീയത്തിനതീതമായി, ജാതി-മതങ്ങൾക്കതീതമായി തലമുറകൾക്കുതകുന്ന സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് ഉയർന്ന് നിൽക്കുന്ന ഒരു സ്ഥാപനം തുടങ്ങുന്നതിനാണ് സർക്കാർ പണം മാറ്റിവച്ചതെന്നാണ് എനിക്ക് അറിയാൻ കഴിഞ്ഞത്. അത്തരത്തിലൊരു സ്മാരകമാണ് നമുക്ക് വേണ്ടത്. കെ. ആർ. ഗൗരിയമ്മയുടെ കാര്യത്തിലും അങ്ങനെ തന്നെയാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കെ.എസ്.ആർ.ടി.സി., സി.എൻ.ജി.യിലേയ്ക്ക് മാറാനുള്ള ബഹുമാനപ്പെട്ട ധനമന്ത്രിയുടെ പ്രഖ്യാപനം ഏറ്റവും സ്വാഗതാർഹവും പ്രശംസനീയവുമാണ്. ഇലക്ട്രിക് വാഹനങ്ങളിലേയ്ക്ക് പോകുമെന്ന മുൻ പ്രഖ്യാപനം ഒരു ആപത്തായിരുന്നുവെന്ന് എനിക്ക് അന്നുതന്നെ അറിയാമായിരുന്നു. മുൻ ട്രാൻസ്പോർട്ട് മന്ത്രിയെന്ന നിലയിൽ, വാഹനങ്ങളുമായി അടുപ്പമുള്ള ആളെന്ന നിലയിൽ, ആ ടെക്നോളജി പരാജയമായിരിക്കുമെന്ന് പറഞ്ഞ ഒരാളാണ് ഞാൻ. ഇപ്പോഴും ഞാൻ അതുതന്നെ പറയുന്നു. സി.എൻ.ജി.യിലേയ്ക്ക് മാറിയാൽ വലിയ ലാഭമുണ്ടാകും. കെ.എസ്.ആർ.ടി.സി.യുടെ വലിയ നഷ്ടം കുറയും. പ്രത്യേകിച്ച് എറണാകുളം, തൊടുപുഴ മേഖലകൾ കേന്ദ്രീകരിച്ച്, എറണാകുളംവരെ സി.എൻ.ജി. വന്ന സാഹചര്യത്തിൽ ആ പ്രദേശത്തെ മുഴുവൻ ബസ്സുകളേയും സി.എൻ.ജി.യിലേയ്ക്ക് മാറ്റുന്നതോടുകൂടി കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം കുറയും. അതിനുവേണ്ടി കിറ്റ് വാങ്ങുന്നതിന് ഇൻവെസ്റ്റ് ചെയ്യുന്ന പണം നഷ്ടമാകുകയില്ല. ഡീസൽ വാഹനങ്ങളെ സി.എൻ.ജി. വാഹനങ്ങളായി കൺവെർട്ട് ചെയ്യണം, അതിനുവേണ്ടി ശ്രമിക്കണം, ഇലക്ട്രിക് വാഹനങ്ങളുടെ പുറകെ പോകേണ്ട കാര്യമില്ല. അങ്ങ് ടാക്സ് വർദ്ധിപ്പിച്ചിട്ടില്ലെന്നുള്ളത് പ്രശംസനീയമായ കാര്യമാണ്, ജനങ്ങളുടെ തലയിലേയ്ക്ക് ഒരു ലോഡും വച്ചില്ല. ഇനിയൊരു ബഡ്ജറ്റ് വരുമ്പോൾ ചിലപ്പോൾ പലതും നമ്മൾ വാങ്ങേണ്ടി വരും, ജനങ്ങളിൽനിന്ന് എടുക്കേണ്ടി വരും. കടംവാങ്ങി എന്നും അങ്ങനെ മുന്നോട്ടുപോകാൻ കഴിയില്ല. അതിന് ആദ്യം ചെയ്യേണ്ടത് ചെലവ് ചുരുക്കുകയെന്നുള്ളതാണ്. നമ്മൾ ഒരു മൺകുടത്തിൽ വെള്ളം എടുത്തുവച്ച് രാത്രി കിടക്കുകയാണ്, അതിൽ ഒരു മൊട്ടുസൂചിയുടെ ഓട്ടയാണുള്ളതെങ്കിലും നേരം വെളുക്കുമ്പോൾ കുടത്തിൽ ഒരുതുള്ളി വെള്ളംപോലും കാണുകയില്ല. അതുകൊണ്ട് എല്ലാ മേഖലകളിലും ചെലവ് കുറയ്ക്കാനുള്ള നടപടി ധനകാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. സാധാരണ ചെയ്തുവരുന്നത് മുകളിൽനിന്നും ചെലവ്

ചുരുക്കാനുള്ള ഉത്തരവ് താഴോട്ട് കൊടുക്കും, അത് പൊളിച്ച് കയ്യിൽകൊടുക്കും. അതിനുപകരം താഴെത്തട്ടിൽനിന്ന്, വില്ലേജ് ഓഫീസിൽ നിന്ന്, പഞ്ചായത്ത് ഓഫീസുകളിൽനിന്ന് എങ്ങനെ ചെലവ് കുറയ്ക്കാമെന്ന ഒരു ആശയം, കേരളത്തിലെ സർക്കാർ ജീവനക്കാരിൽനിന്നും ജനങ്ങളിൽനിന്നും ശേഖരിച്ചുകൊണ്ട് അതിനനുസരിച്ചുള്ള മാർഗ്ഗനിർദ്ദേശം കൊടുത്താൽ ചെലവ് കുറയ്ക്കാൻ കഴിയും. ഐ.എ.എസ്. ഉദ്യോഗസ്ഥൻ ഡൽഹിയിൽ പോകുമ്പോൾ പ്ലെയിനിൽ പോകേണ്ട, സൈക്കിളിൽ പോയാൽ മതിയെന്ന് പറയുന്നത് ശരിയല്ല. കാർ വാങ്ങേണ്ടെന്ന് ഞാൻ പറയുന്നില്ല, വാങ്ങുന്ന കാർ മൈലേജുള്ള കാർ ആയിരിക്കണം. വിലകൂടിയ കാർ ആകാൻ പാടില്ല. മൈലേജ് കൂടുതലുള്ള കാർ വാങ്ങാൻ അനുവാദം കൊടുക്കണം. പഞ്ചായത്ത് പ്രസിഡന്റിന് കാർ വേണ്ടതല്ലേ? വേണം. കാർ വാങ്ങട്ടെ, പക്ഷെ നല്ല മൈലേജുള്ള വാഹനങ്ങൾ വാങ്ങാൻ സർക്കാർ നിർദ്ദേശം കൊടുക്കണം. ഞാൻ ആന ഉടമസ്ഥ സംഘത്തിന്റെ പ്രസിഡന്റാണ്. ആനകൾ കൂടുതൽ ആഹാരം കഴിക്കുന്നവരാണ്. അവയ്ക്ക് നമ്മളെക്കാൾ വലിയ വയറാണുള്ളത്, കോവിഡ് കാലത്ത് ആനകൾ പട്ടിണിയിലാണ്. ആനകളും ആനത്തൊഴിലാളികളും ആന ഉടമസ്ഥരും ബുദ്ധിമുട്ടിലാണ്. അവരെ സഹായിക്കുന്നതിന് ഒരു പാക്കേജ് രൂപീകരിക്കണ മെന്നൊരു ആനക്കാര്യംകൂടി ഞാൻ പറയുകയാണ്.

എന്തുകൊണ്ടാണ് ഈ സർക്കാരിന് തുടർഭരണം കിട്ടിയതെന്ന് എല്ലാവരും ചോദിക്കുകയാണ്, ഇന്ത്യയുടെയും കേരളത്തിന്റെയും ജനാധിപത്യ ചരിത്രത്തിൽ പ്രകടനപത്രിക എന്നുമൊരു തമാശയായിരുന്നു. പക്ഷെ പ്രകടനപത്രിക നടപ്പിലാക്കാനാണെന്ന് തെളിയിച്ച ഗവൺമെന്റാണ് സഖാവ് പിണറായി വിജയൻ നേതൃത്വം കൊടുത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. അതുകൊണ്ടാണ് തുടർഭരണം ലഭിച്ചത്.

<u>മി. ചെയർമാൻ</u>: പ്ലീസ്.... പ്ലീസ്..., കൺക്ലൂഡ്. രണ്ട് മിനിട്ട് കഴിഞ്ഞു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ആട്ടുപ്പിള്ളേരും അങ്ങാടിപ്പിള്ളേരും കൂടി കളിക്കാൻ പോകരുതെന്ന് നാട്ടിൻപുറത്തൊരു ചൊല്ലുണ്ട്. രണ്ടുകൂട്ടരും അങ്ങാടിയിൽപ്പോയി കളിച്ച് നടന്നാലും അങ്ങാടിപ്പിള്ളേർക്ക് വൈകിട്ട് വീട്ടിൽ ചെല്ലുമ്പോൾ ചോറ് കിട്ടും, സുഖമായി കിടന്നുറങ്ങാം. പക്ഷെ ആട്ടുപ്പിള്ളേർ അങ്ങനെയല്ല, അവർ ആടിനെമേച്ച്, ആടിന് ആഹാരം കൊടുത്ത്, കൃത്യമായി ആടിനെയെല്ലാം വീട്ടിലെത്തിച്ച്, ഉത്തരവാദിത്വത്തോടെ ചെയ്തില്ലെങ്കിൽ അവർക്ക് ശകാരം കിട്ടും. അതുകൊണ്ട് ആട്ടുപ്പിള്ളേർ സേവന സന്നദ്ധതയോടെ ജോലിചെയ്ത് നടന്നപ്പോൾ, അങ്ങാടിപ്പിള്ളേർ പരദൂഷണം പറഞ്ഞും ആളുകളെ

ആക്ഷേപിച്ചും കല്ലെറിഞ്ഞും അങ്ങാടിയിൽ കറങ്ങിയിട്ട് വീട്ടിൽ വന്നു, കിടന്നുറങ്ങി, മാർക്കിട്ടപ്പോൾ ആട്ടപ്പിള്ളേർ ജയിച്ചു, അങ്ങാടിപ്പിള്ളേർ തോറ്റു, അത്രയേയുള്ളൂ ഈ തുടർഭരണത്തിന്റെ സാമ്പിൾ. ഉത്തരവാദിത്വത്തോടെ എല്ലാവരെയും നയിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ, ഏറ്റവും ദീർഘവീക്ഷണമുള്ള ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു, നന്ദി, നമസ്കാരം.

ശ്രീമതി ശാന്തകുമാരി കെ.: സർ, ജനാധിപത്യത്തിന്റെ ശ്രീകോവിലായ പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് കന്നിപ്രവേശനം നടത്തുമ്പോൾ പാലക്കാടൻ ചുരംവഴി കടന്നുവരുന്ന കിഴക്കൻ കാറ്റടിച്ച് കല്ലടിക്കോടൻ മലനിരകളിലെ താളലയങ്ങൾക്കൊപ്പം ജീവിതം തള്ളിനീക്കുന്ന മലയോരപ്രദേശങ്ങളിൽ അധിവസിക്കുന്ന ആദിമനിവാസികളും പട്ടികജാതി വിഭാഗങ്ങളും മലയോര കർഷകരും തൊഴിലാളികളുമടങ്ങുന്ന പാലക്കാടിന്റെ വടക്കുപടിഞ്ഞാറൻ പ്രദേശമാണ് കോങ്ങാട് മണ്ഡലം. കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രമായ കാഞ്ഞിരപ്പുഴയും ഇന്ത്യയിലാദ്യമായി ഒരു തദ്ദേശഭരണ സ്ഥാപനം (പാലക്കാട് ജില്ലാ പഞ്ചായത്ത്) നിർമ്മിച്ച മൂന്ന് മെഗാവാട്ടിന്റെ ജലവൈദ്യുത പദ്ധതിക്ക് ഇടംനൽകിയ കരിമ്പ പഞ്ചായത്തിലെ മീൻവല്ലവും തൂതപ്പുഴയുടെ സംസ്കാരം നൽകുന്ന ആത്മവിശ്വാസവും കല്ലടിക്കോട് നിവാസികളുടെ കരുത്തുമായി ആധുനിക കാലഘട്ടത്തോടൊപ്പം കോങ്ങാടിന്റെ വികസന സ്വപ്നം യാഥാർത്ഥ്യമാക്കാൻ, കഴിഞ്ഞ പത്തുവർഷം കോങ്ങാട് മണ്ഡലത്തെ പ്രതിനിധാനം ചെയ്ത അകാലത്തിൽ പൊലിഞ്ഞുപോയ മുൻ നിയമസഭാ സാമാജികൻ കെ. വി. വിജയദാസിന്റെ സ്മരണകൾ നിറഞ്ഞുനിൽക്കുന്ന കോങ്ങാടിന്റെ മണ്ണിൽനിന്നും ഈ നിയമസഭയുടെ പടി കയറി വരുമ്പോൾ ഇതിലേയ്ക്ക് സാധ്യമാക്കിയ എന്റെ പ്രിയപ്പെട്ട കോങ്ങാട് നിവാസികളോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് സഭയെ ഞാൻ അഭിവാദ്യം ചെയ്യുന്നു. എല്ലാ വിഭാഗങ്ങളെയും പരിഗണിച്ചുകൊണ്ടാണ് സർവ്വതലസ്പർശിയായ സാർവ്വത്രിക ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഇവിടെ അവതരിപ്പിച്ചത്. ആ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. 1957-നുശേഷം ആറര പതിറ്റാണ്ടിനോടടുക്കുന്ന കേരള ചരിത്രത്തിന്റെ വികസനത്തിൽ 'സുവർണ്ണകാലഘട്ടം' എന്ന് രേഖപ്പെടുത്താൻ കഴിയുന്ന ഭരണനേട്ടങ്ങൾ കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിലുണ്ടാക്കി യെടുക്കാൻ സർക്കാരിന് സാധിച്ചു. സമാനതകളില്ലാത്ത വികസനത്തിന്റെ പെരുമഴക്കാലം സൃഷ്ടിച്ച് സാധാരണ മനുഷ്യരുടെ നിത്യജീവിതത്തെ തൊട്ടറിഞ്ഞ് കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിൽ മികവാർന്ന ഭരണം കാഴ്ചവയ്ക്കാൻ

കഴിഞ്ഞിട്ടുണ്ട്. പ്രതിസന്ധികളിൽ പതറി നിൽക്കാതെ കരുത്തോടെ മുന്നേറാൻ പഠിപ്പിച്ചൊരു ഗവൺമെന്റ്, നിപയും ഓഖിയും രണ്ട് മഹാപ്രളയങ്ങളും ഇപ്പോൾ കോവിഡ്-19 എന്ന നിശ്ശബ്ദ കൊലയാളിയും നമ്മെ കാർന്നുതിന്നാൻ വരുന്ന ഈ കാലഘട്ടത്തിൽ പ്രതിസന്ധികളിൽ പതറി നിൽക്കാതെ, പ്രതിസന്ധികളുടെ മുമ്പിൽ മുട്ടുമടക്കാതെ, ജനങ്ങളെ സംഘടിപ്പിച്ച് വൻമതിൽ കെട്ടി പ്രതിരോധം തീർത്ത ഈ ഗവൺമെന്റിനെ ജനങ്ങൾ ഏറ്റെടുക്കുകയായിരുന്നു. ആരോഗ്യ അടിയന്തരാവസ്ഥ പരിഗണിച്ച് കഴിഞ്ഞ ഗവൺമെന്റ് കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 20000 കോടി രൂപയുടെ കോവിഡ് പാക്കേജ് ഈ വർഷവും ആവർത്തിച്ചത് നമ്മുടെ സമൂഹത്തിലെ ജനങ്ങളുടെ ആരോഗ്യം പരിപാലിക്കാൻ ഈ ഗവൺമെന്റ് മുന്നോട്ടുവരുന്നതിന്റെ ഉദാഹരണമായി കാണാൻ കഴിയും. സൗജന്യ വാക്സിൻ പ്രഖ്യാപിച്ചും അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിലും കേരളം ഇന്ന് മുൻപന്തിയിൽ നിൽക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിന്റെ വികസന സ്വപ്നം യാഥാർത്ഥ്യമാക്കാൻ നാല് മിഷനുകൾ രൂപീകരിച്ച കാര്യം നമുക്കറിയാം. ആ മിഷനുകളുടെ പ്രവർത്തനം ഒന്നൊന്നായി നടപ്പിലാക്കി ജനങ്ങൾക്ക്, സാധാരണ മനുഷ്യർക്ക് അനുഭവവേദ്യമാക്കിയ ഒരു ഗവൺമെന്റായിരുന്നു ഈ കാലഘട്ടത്തിൽ നമ്മുടെ മുമ്പിലൂടെ കടന്നുപോയത്. അതിന്റെ ഗുണമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് നേതൃത്വം കൊടുത്ത സഖാവ് പിണറായി വിജയൻ ഗവൺമെന്റിന്റെ രണ്ടാം വരവ്. മലയാളക്കരയിലെ ഓരോ മനുഷ്യന്റെയും മനസ്സിലേയ്ക്ക് ഇടതുപക്ഷത്തിന്റെ രണ്ടാംവരവ് അനിവാര്യമാക്കുന്ന വികസന പ്രവർത്തനങ്ങൾ കേരളത്തിലുണ്ടായി.

'Gender equality' എന്ന ഭരണഘടനാപരമായ അവകാശം നടപ്പിലാക്കുന്നതിനുവേണ്ടി കേരളത്തിൽ നടപ്പാക്കിയിട്ടുള്ള വനിതാ-ശിശു വികസന മേഖലയിലെ നേട്ടങ്ങൾ പ്രത്യേകം വകുപ്പുകൾ രൂപീകരിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. കേരളത്തിലെ 45 ലക്ഷം വരുന്ന സ്ത്രീകളെ അംഗങ്ങളാക്കി മഹാവടവൃക്ഷമായി പടർന്ന് പന്തലിച്ചുനിൽക്കുകയാണ് കുടുംബശ്രീ. സമ്പത്തുല്പാദന പ്രക്രിയകളിൽ സ്ത്രീകളെ പങ്കാളികളാക്കണമെന്ന് കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാട് 1944-ൽ പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂരിൽവച്ച് നടത്തിയിട്ടുള്ള ചരിത്രപ്രസിദ്ധമായ പ്രസംഗത്തെ ഇന്ന് പ്രസക്തമായി കാണുകയാണ്. അതിന്റെ ഭാഗമായി സമ്പത്തുല്പാദന പ്രക്രിയയിൽ സ്ത്രീകൾ മുന്നോട്ടുവരേണ്ടതായിട്ടുണ്ട്. സാമൂഹ്യവികസനത്തിൽ സ്ത്രീകളുടെ പങ്ക് ചെറുതല്ല. ആ ലക്ഷ്യം മുന്നോട്ടുവച്ച് കുടുംബശ്രീയെ നമ്മോടൊപ്പം ചേർത്തുപിടിക്കാൻ കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ ഗവൺമെന്റ്

നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ - 11804 കോടി രൂപ വായ്പാ സംരംഭങ്ങളിലൂടെ കേരളത്തിലെ സ്ത്രീസമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരാനുള്ള പ്രവർത്തനം നടത്തി. കുടുംബശ്രീ രൂപീകരിച്ച കാലഘട്ടത്തിൽ ഇത് തകർക്കാനുള്ള വലിയ പ്രവർത്തനമാണ് പ്രതിപക്ഷം നടത്തിയതെന്ന് നമുക്ക് അറിയാൻ കഴിയും. ജനശ്രീ എന്നൊരു മൈക്രോ സംരംഭം മുന്നോട്ടു കൊണ്ടുവന്നുകൊണ്ട് കുടുംബശ്രീയെ ഇല്ലാതാക്കാൻ ശ്രമിച്ചപ്പോൾ സമൂഹത്തിൽ വലിയ പ്രതിഷേധങ്ങളുണ്ടായി. ജനസംഖ്യയിൽ പകുതിയിലധികം വരുന്ന സ്ത്രീസമൂഹം കേരളത്തിന്റെ ഭരണസിരാകേന്ദ്രമായ തിരുവനന്തപുരത്തെ സെക്രട്ടേറിയറ്റിന് മുമ്പിൽ രാപ്പകൽ സമരം നടത്തി. ആ ജനശ്രീയെ പിൻവലിക്കാൻ കുടുംബശ്രീ എന്ന പ്രസ്ഥാനത്തെ കാത്തുസൂക്ഷിക്കാൻ ഞങ്ങൾ മുന്നോട്ടുവന്നവരാണ്. ഈ വർഷവും ഏതാണ്ട് 1000 കോടി രൂപ വികസനത്തിനുവേണ്ടി മുന്നോട്ടുവച്ചിട്ടുണ്ടെന്ന് നമുക്കറിയാം. കേരളത്തിൽ സ്ത്രീകൾ മുന്നോട്ടുവരുന്ന പ്രവർത്തനം ത്വരിതഗതിയിലാണെന്ന് മാത്രമല്ല, ചരിത്രപരമായി മുന്നോട്ടുവരുന്ന കാഴ്ചകളാണ് കാണാൻ കഴിയുന്നത്. കഴിഞ്ഞ സഭയിൽ ഉണ്ടായിരുന്ന പ്രിയപ്പെട്ട നേതാവ് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഈ സഭയിലും ഇരിപ്പുണ്ട്. ഇവിടെ ചില ആളുകൾ 'പെണ്ണുങ്ങളാണ് അവിടെ ഭരിക്കുന്നത്' എന്നുപറഞ്ഞ് ആക്ഷേപിച്ചു. അതിനെതിരെ ഞങ്ങൾ പുറത്തുനിന്ന് അതിശക്തമായി പ്രതിഷേധിച്ചവരാണ്. എന്താണ് കുഴപ്പമുണ്ടായത്? കേരളത്തിൽ ഇന്ന് തലയെടുപ്പോടുകൂടി സ്ത്രീകളുടെ ഭരണമെന്താണെന്ന് പറഞ്ഞ് മനസ്സിലാക്കാൻ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നേടിയെടുത്ത തെരഞ്ഞെടുപ്പ് വിജയം മാത്രം മതി. ഇന്ന് ഏറ്റവും അഭിമാനത്തോടുകൂടി പറയാൻ കഴിയുന്നു, ഒരു വനിതാ മന്ത്രിയല്ല, രണ്ടാം ഇടതുപക്ഷ ഗവൺമെന്റിന്റെ ഭരണത്തിൽ നല്ല രൂപത്തിൽ ഭരിക്കാൻ കഴിയുമെന്ന് തെളിയിക്കപ്പെടുന്ന രീതിയിൽ മൂന്ന് വനിതാ മന്ത്രിമാരാണുള്ളത്. സ്ത്രീകളെ മാനിക്കുന്ന കാര്യത്തിൽ, അവരോട് പെരുമാറുന്ന കാര്യത്തിൽ നല്ല സമീപനമല്ല പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരുന്നതെന്ന് നമുക്കറിയാം. 2016-ൽ കൊല്ലം ജില്ലയിൽ നടന്ന പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തവുമായി ബന്ധപ്പെട്ട് പോലീസിന്റെ ഭാഗത്തുണ്ടായിരുന്ന നിസ്സംഗത, കെടുകാര്യസ്ഥത തുറന്നുകാണിച്ചതിന് അന്നത്തെ കൊല്ലം ജില്ലാ കളക്ടർ ശ്രീമതി ഷൈനിമോളോട് വളരെ മോശമായി പെരുമാറിയ റിപ്പോർട്ടുകൾ നമ്മുടെ മുമ്പിലുണ്ട്. ഇത് ആദ്യമായല്ല. സ്ത്രീകളെ ബഹുമാനിക്കാനും അവരെ അംഗീകരിക്കാനും പലപ്പോഴും സാധ്യമായിട്ടില്ലെന്ന് നമുക്ക് കാണാൻ കഴിയും. നാല് മിഷനുകൾ ഇവിടെ രൂപംകൊണ്ടു. ഏറ്റവും നല്ല രൂപത്തിൽ ആ മിഷനുകളുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു. ലൈഫ് മിഷനെക്കുറിച്ച്

അറിയാത്തവരില്ലല്ലോ? ലൈഫ് മിഷൻ ധനസഹായം രണ്ടരലക്ഷം രൂപയിൽനിന്നും നാല് ലക്ഷം രൂപയാക്കി മാറ്റി. 251148 വീടുകൾ ഇവിടെ നിർമ്മാണം നടത്തിയപ്പോൾ നമുക്കറിയാൻ കഴിയും ഭവനമില്ലാത്ത പാവപ്പെട്ട മനുഷ്യർ അവരുടെ സ്വപ്നതുല്യമായ ഭവനങ്ങൾ നിർമ്മിച്ച് അന്തസ്സോടെ അന്തിയുറങ്ങുന്ന, ഏതാണ്ട് പത്തുലക്ഷത്തിലധികം വരുന്ന മനുഷ്യർ അധിവസിക്കുന്ന സംസ്ഥാനത്തിന്റെ പേര് കേരളമാക്കി മാറ്റിയത് 'ലൈഫ് മിഷൻ' എന്ന പദ്ധതിയിലൂടെയാണ്. ആ പദ്ധതി മുന്നോട്ടുപോകുന്നു. ഈ ഗവൺമെന്റ് അതിനുവേണ്ടി ഫണ്ട് മാറ്റി വച്ചിരിക്കുന്നു. ഒരുകാര്യം പറയാതിരിക്കാൻ കഴിയില്ല. കേന്ദ്ര പ്ലാനിംഗ് കമ്മീഷനെ പിരിച്ചുവിട്ട് നീതി ആയോഗ് കൊണ്ടുവന്ന് ജനസംഖ്യാനുപാതികമായി നൽകേണ്ട ഫണ്ടുകൾ മാറ്റിവയ്ക്കാതെ കബളിപ്പിക്കുന്ന രീതിയാണ് പട്ടികജാതി മേഖലയിൽ കേന്ദ്ര ഗവൺമെന്റ് പലപ്പോഴും മുന്നോട്ടു വച്ചിട്ടുള്ളത്. എന്നാൽ ഈ കേരളത്തിന് അഭിമാനമുണ്ട്. ജനസംഖ്യയിലധികം ഫണ്ടുകൾ മാറ്റിവച്ചുകൊണ്ട് സാമൂഹ്യമായി പിന്നാക്കം നിൽക്കുന്ന അവരെ മുഖ്യധാരയിലേയ്ക്ക് കടന്നുവരാനും കൈപിടിച്ചുയർത്താനുമുള്ള ശ്രമമാണ് ഈ കേരളത്തിലെ ഗവൺമെന്റ് നടപ്പിലാക്കിയതെന്ന് കേരളത്തിലുള്ളവർക്ക് അഭിമാനത്തോടെ പറയാൻ കഴിയും. ഇവിടെ ഇത് മാത്രമാണോ? കഴിഞ്ഞ അഞ്ച് വർഷത്തിനകം നാം നേടിയെടുത്തിട്ടുള്ള നേട്ടങ്ങളിൽ പ്രധാനമാണ് സൈലന്റ് റെവല്യൂഷൻ എന്ന് നമുക്ക് പറയാൻ കഴിയുന്ന നിശ്ശബ്ദ വിപ്ലവം. കേരളത്തിലെ വിശ്വാസങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നിയമനത്തിൽ മുപ്പത്തിയാറ് അബ്രാഹ്മണരെ ശാന്തിനിയമനം നടത്തി. അതിൽ പത്തൊൻപത് പേർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരാണ്. ചരിത്രത്തിലാദ്യമായി ഒരു പട്ടികവർഗ്ഗ ഉദ്യോഗാർത്ഥിയുടെ ശാന്തി നിയമനം നടത്തി സൈലന്റ് റെവല്യൂഷൻ നടപ്പിലാക്കിയ ഈ കേരളത്തിൽനിന്ന് നമുക്ക് അഭിമാനത്തോടെ പറയാം. ദേവസ്വം ബോർഡുകളുടെ വകുപ്പ് കൈകാര്യം ചെയ്യാൻ ഈ ഗവൺമെന്റ് നിയമിച്ചിട്ടുള്ളത് ശ്രീ. കെ. രാധാകൃഷ്ണനെയാണ്. തുടക്കത്തിൽത്തന്നെ പല ആളുകളും അദ്ദേഹത്തിന് കൊടുത്ത വകുപ്പുകളെ സംബന്ധിച്ച് പരിഹാസ്യമായ രീതിയിൽ സംസാരിച്ചു. കേരളത്തിലെ ജനസംഖ്യയുടെ 9.5 ശതമാനം വരുന്ന പട്ടികജാതിക്കാരുടെയും 1.5 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാരുടെയും സാമൂഹ്യപുരോഗതിക്കുവേണ്ടി ഏറ്റവും മികവാർന്ന വകുപ്പ് കൈകാര്യം ചെയ്യാൻ സ്വന്തം അനുഭവംകൊണ്ട് ചരിത്രത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് ആട്ടിപ്പായിക്കപ്പെടേണ്ടതല്ല എന്ന വലിയൊരു സത്യം മനസ്സിലാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കടന്നുവരാനുള്ള പ്രവർത്തനമാണ് ഇവിടെ നടപ്പിലാക്കിയിട്ടുള്ളത്. ഇവിടെ പലപ്പോഴും പട്ടികജാതി/പട്ടികവർഗ്ഗ പിന്നാക്ക

മേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ നിലവിൽ ചില വ്യവസ്ഥകളുണ്ടെന്ന കാര്യം നമുക്കറിയാം. ചില ആനുകൂല്യങ്ങളുടെയും പ്രോജക്ടുകളുടെയും കാര്യത്തിൽ രണ്ട് ലക്ഷം രൂപ എന്ന രീതിയിൽ നിലവിൽ വാർഷിക വരുമാന പരിധിയുണ്ട്. അത്തരം പരിധികൾ മാറ്റിയെടുത്ത് ക്രീമിലെയർ വ്യവസ്ഥ അനുസരിച്ചുകൊണ്ട് എട്ട് ലക്ഷത്തിലധികം രൂപ വാർഷിക വരുമാനത്തോടെ മറ്റ് വിഭാഗങ്ങൾക്ക് കൊടുക്കുന്നുണ്ടെങ്കിൽ ഈ വരുമാന പരിധി ഉയർത്താനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതോടൊപ്പം തന്നെ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കാർഷിക പ്രാധാന്യമുള്ള, പ്രത്യേകിച്ച് നാമമാത്ര ചെറുകിട കർഷകർ ഉൾക്കൊള്ളുന്ന ഒരു ജില്ലയാണ് പാലക്കാട് ജില്ല.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി ശാന്തകുമാരി കെ.: സർ, തൃശ്ശൂർ, പൊന്നാനി കോൾനിലങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുണ്ട്. അവയുടെ ഭാഗമായി കൊയ്ത്ത് കാലഘട്ടങ്ങളിൽ ആവശ്യമായ കൊയ്ത്തുമെഷീൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പാടശേഖര സമിതികളുടെ കൺസോർഷ്യമുൾപ്പെടെ ബ്ലോക്കുകൾ രൂപീകരിച്ചുകൊണ്ട് പാലക്കാട് ജില്ലയിൽക്കൂടി ഈ പദ്ധതി നടപ്പാക്കി കൊയ്ത്തുമെഷീൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീമതി ശാന്തകുമാരി കെ.: സർ, അക്ഷരാർത്ഥത്തിൽ കേരളത്തിന്റെ വികസനത്തിന് മാതൃക കാണിക്കാൻ കഴിയുന്ന, എല്ലാ മേഖലകൾക്കും വലിയ പരിഗണന കൊടുത്തുകൊണ്ട് ഈ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ രണ്ടാം വരവ് കേരള സമൂഹം ഏറ്റെടുത്തിരിക്കുന്നു. ഒരു അടിയന്തരാവസ്ഥ കാലഘട്ടത്ത് എങ്ങനെയാണ് പ്രതികരിക്കാൻ കഴിയുക എന്ന രീതിയിൽ ഈ ഗവൺമെന്റ് മുന്നോട്ടുവച്ച ഈ ബഡ്ജറ്റിനെ എല്ലാ അർത്ഥത്തിലും പിന്താങ്ങുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ആദ്യമായി എന്നെ ഈ നിയമസഭയിലേയ്ക്ക് എത്താൻ സഹായിച്ച ബഹുമാനപ്പെട്ട പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളോടും ശ്രീ. സയ്യിദ് സാദിഖലി ശിഹാബ് തങ്ങളോടുമുള്ള കടപ്പാട് രേഖപ്പെടുത്തുന്നു. മഞ്ചേരി മണ്ഡലത്തിലെ യു.ഡി.എഫ്. നേതാക്കൾക്കും പ്രവർത്തകർക്കും ഹൃദയത്തിന്റെ ഭാഷയിൽ നന്ദി. എന്നെ വിജയിപ്പിച്ച

വോട്ടർമാരെ നെഞ്ചോട് ചേർത്ത് കൃതജ്ഞത രേഖപ്പെടുത്തുന്നു. കോവിഡ് മഹാമാരിയുടെ ഒരു victim ആണ് ഞാൻ. കോവിഡ് ബാധിച്ച് ന്യൂമോണിയയായി കോഴിക്കോട് മിംസ് ആശുപത്രിയിൽ പതിനാറ് ദിവസം വെന്റിലേറ്ററിലും ഒരു മാസം ഐ.സി.യു.വിലും കിടന്ന് രക്ഷപ്പെട്ട് രണ്ടാം ജന്മമായി വന്നതാണ്. കരുണാമയനായ, ലോകരക്ഷിതാവായ അല്ലാഹുവിനെ സ്തുതിക്കുന്നു. എന്നെ ചികിത്സിച്ച ഡോക്ടർമാർക്ക് ഒരായിരം നന്ദി. ഫിസിയോതെറാപ്പി ചെയ്ത ശ്രീ. അജയരാഘവനും നന്ദി രേഖപ്പെടുത്തുന്നു. പുതുക്കിയ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. 2018-19 ബഡ്ജറ്റിൽ 1,06,000 കോടി രൂപ വരുമാനം കാണിച്ചു. യഥാർത്ഥ വരുമാനം 93,115 കോടി രൂപ മാത്രമായിരുന്നു. ഇപ്പോൾ കോവിഡ് രണ്ടാം തരംഗ കാലത്ത് വരുമാനം കാണിച്ചത് 1,30,981 കോടി രൂപയാണ്. അത് ഊഹിക്കാൻപോലും പറ്റാത്തതാണ്. ചെലവാണെങ്കിൽ 1,47,891 കോടി രൂപയാണ്. ഇപ്പോഴത്തെ പൊതുകടം 3,27,654 കോടി രൂപയാണ്. ഇത് നാല് ലക്ഷത്തിനോട് അടുക്കാനാണ് സാധ്യത. ഇത്ര വലിയ കടക്കെണിയിൽ നിന്നുകൊണ്ട് എങ്ങനെയാണ് കോവിഡ് മുക്ത കേരളം കെട്ടിപ്പടുത്ത് ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുക? 2020-21-ൽ നികുതി വരുമാനത്തിൽ 22,148 കോടി രൂപയുടെയും മറ്റ് വരുമാനത്തിൽ 5,466 കോടി രൂപയുടെയും കുറവുണ്ടായി. ഇത് മറച്ചുവച്ചുകൊണ്ടാണ് സാധാരണക്കാരെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ ഈ ബഡ്ജറ്റ് അവതരിപ്പിച്ചത്. കേരളത്തിലെ മുഴുവൻ കച്ചവട സ്ഥാപനങ്ങളും അടഞ്ഞ് കിടക്കുകയാണ്. ലക്ഷക്കണക്കിന് വ്യാപാരി വ്യവസായി സുഹൃത്തുക്കളെ സഹായിക്കാൻ ഈ ബഡ്ജറ്റിൽ ഒരു നടപടിയുമില്ല. പതിനായിരത്തോളം വരുന്ന സ്വകാര്യ ബസ്സുകൾ കട്ടപ്പുറത്താണ്. മൂന്ന് ലക്ഷത്തോളം വരുന്ന ബസ്, ഓട്ടോ, ടാക്സി തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ തുടങ്ങിയ വിഭാഗത്തെ സഹായിക്കാൻ ബഡ്ജറ്റിൽ ഒരു ആശ്വാസവും നൽകിയിട്ടില്ല. ബഡ്ജറ്റിൽ കർഷകരെക്കുറിച്ച് പറയുന്നുണ്ട്. പക്ഷേ ഇവിടെ മൃഗസംരക്ഷണ നിയമമുണ്ട്, വന്യമൃഗ സംരക്ഷണ നിയമമുണ്ട്, എന്തിനധികം അലഞ്ഞ് നടക്കുന്ന തെരുവുനായ്ക്കളെപ്പോലും സംരക്ഷിക്കാൻ നിയമമുണ്ട്. എന്നാൽ സമ്പദ്ഘടനയുടെ നട്ടെല്ലായ കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കർഷക സംരക്ഷണ നിയമനിർമ്മാണം നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഡ്ജറ്റിൽ കെ. ആർ. ഗൗരിയമ്മയ്ക്കും ആർ. ബാലകൃഷ്ണപിള്ളയ്ക്കും സ്മാരകങ്ങൾ നിർമ്മിക്കാൻ നിർദ്ദേശമുണ്ട്, നല്ലതാണ്; പിന്തുണയ്ക്കുന്നു. എന്നാൽ സമുദായ മൈത്രിയുടെ അംബാസിഡറായിരുന്നുവെന്ന് എല്ലാവരും വിശേഷിപ്പിച്ച പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് സ്മാരകമായി ഒരു വിദ്യാഭ്യാസ ഗവേഷണ കേന്ദ്രം സ്ഥാപിക്കണമെന്ന് വിനയത്തോടെ

അഭ്യർത്ഥിക്കുകയാണ്. മറ്റ് രണ്ട് മെഡിക്കൽ കോളേജുകൾക്കും 50 കോടി രൂപ വീതം വകയിരുത്തിയപ്പോൾ മഞ്ചേരി മെഡിക്കൽ കോളേജിന് ഒന്നും നൽകിയില്ലെന്നതിൽ എന്റെ പ്രതിഷേധം രേഖപ്പെടുത്തട്ടെ. ഈ ആശുപത്രിയിൽ കോവിഡിനുമുമ്പ് രണ്ടായിരത്തിലധികം ദിവസ ഒ.പി. ഉണ്ടായിരുന്നു. അത് കോവിഡ് ആശുപത്രി ആക്കിയപ്പോൾ രോഗികൾ കഷ്ടത്തിലായി. അവിടെ നോൺ കോവിഡ് ഒ.പി.യും ചികിത്സയും അടിയന്തരമായി പുനരാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എം.ബി.ബി.എസ്. വിദ്യാർത്ഥികൾ കോവിഡ് രോഗികളെ മാത്രം കാണുന്നു. ഹൗസ് സർജൻസി വിദ്യാർത്ഥികൾക്ക് ഒരു ഓപ്പറേഷൻപോലും കാണാൻ സാധിക്കുന്നില്ല. ജനറൽ ആശുപത്രി നിലനിർത്തുകയാണ് ഇതിനെല്ലാമുള്ള പരിഹാരം. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്, അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ ടൂർണമെന്റുകൾ, സന്തോഷ് ട്രോഫിയുടെ ഭാഗങ്ങൾ എന്നിവ കൊണ്ടുവരാൻ പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പയ്യനാട് എലമ്പ്രയിൽ ഒരു എൽ.പി. സ്കൂൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

ഞാൻ രാഷ്ട്രീയം പറയാൻ ഈ ബഡ്ജറ്റ് ഉപയോഗിക്കുന്നില്ല എന്നാണ് ആഗ്രഹിച്ചത്. പക്ഷേ ഇവിടെ ഭരണപക്ഷത്തുനിന്ന് കോൺഗ്രസിന്റെ തകർച്ചയെക്കുറിച്ചും മുസ്‌ലിംലീഗിന്റെ പ്രസക്തിയെക്കുറിച്ചുമൊക്കെ കേട്ടുകേട്ട് മടുത്തു. ഞാൻ ചോദിക്കട്ടെ, നിങ്ങൾ രണ്ട് പ്രധാനപ്പെട്ട നേതാക്കന്മാരടങ്ങുന്ന ഒരു ടീമിനെ ബംഗാളിലേയ്ക്ക് പറഞ്ഞയച്ച് ഇവിടെ പ്രസംഗിച്ച നയങ്ങളും പരിപാടികളും ബദലുകളും ബംഗാൾ ജനതയെ ബോദ്ധ്യപ്പെടുത്തി അടുത്ത തെരഞ്ഞെടുപ്പിൽ ഒരു എം.എൽ.എ.യെ അസംബ്ലിയിലേയ്ക്കും ഒരു എം.പി.യെ ലോക് സഭയിലേയ്ക്കും എത്തിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നത് നല്ലതായിരിക്കും എന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഞങ്ങൾ ഇവിടെ 41 പേരുണ്ട്. അവിടെ ഒരാൾ പോലുമില്ല. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നിങ്ങൾ കമ്മ്യൂണിസ്റ്റ് ആശയത്തെക്കുറിച്ച് പറഞ്ഞോ? Dictatorship of the proletariat എന്ന കമ്മ്യൂണിസ്റ്റ് ആശയത്തെക്കുറിച്ച് ഒരു വാക്ക് നിങ്ങൾ സംസാരിച്ചോ; നവോത്ഥാനത്തെക്കുറിച്ച് സംസാരിച്ചോ; വനിതാ മതിലിനെക്കുറിച്ച് സംസാരിച്ചോ? ആശയ സംവാദം നടത്താൻ നിങ്ങൾ മുന്നോട്ട് വന്നില്ല. കിറ്റും പെൻഷനും മാത്രമായിരുന്നു നിങ്ങളുടെ വിഷയം. ഞാൻ അവസാനിപ്പിക്കട്ടെ; ഞങ്ങൾക്ക് വിശ്വാസമുണ്ട്. 'Discovery of India' എന്ന പുസ്തകത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എഴുതി, "India is a geographical and economic entity, a cultural unity amidst diversity, a bundle of contradictions held together by strong but invisible threads." ഞങ്ങൾക്ക് അതിൽ പൂർണ്ണ വിശ്വാസമുണ്ട്. ഞങ്ങൾ പ്രവർത്തിക്കും, ശക്തമായി

തിരിച്ചുവരും. കെ. എം. മുൻഷിയുടെ ഒരു വാചകം കൂടി കടമെടുത്തുകൊണ്ട് ഞാൻ അവസാനിപ്പിക്കട്ടെ. "The hour before dawn is darkest. Therefore I have the full confident todays encircling gloom is nothing but a prelude for a brighter tomorrow." ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: അങ്ങ് സമയത്തിന് പ്രസംഗം നിർത്തിയതിന് നന്ദി.

ശ്രീ. എം. മുകേഷ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2021-22-ലെ പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ബഡ്ജറ്റിനെക്കുറിച്ച് സംസാരിക്കാൻ ഈ സഭാവേദിയിൽ നിൽക്കുമ്പോൾ എനിക്ക് തികഞ്ഞ അഭിമാനവും സംതൃപ്തിയുമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി ഒരു മണിക്കൂർകൊണ്ട് അവതരിപ്പിച്ച 67 പേജുകളുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളെപ്പറ്റി കഴിഞ്ഞ ദിവസങ്ങളിൽ നടന്ന ചർച്ചകളിൽ പ്രതിപക്ഷാംഗങ്ങൾക്ക് പ്രത്യേകിച്ച് ഒന്നും പറയാനുണ്ടായിരുന്നില്ല, എങ്കിലും വിമർശിക്കാൻവേണ്ടി ചില വിമർശനങ്ങൾ ഉയർത്തുന്നതുകേട്ടു. 'ബഡ്ജറ്റിൽ കവിതയും ഉദ്ധരണികളുമൊന്നും കാണുന്നില്ല, മോശമായിപ്പോയി, ഒരു മണിക്കൂറേ വായിക്കാൻ എടുത്തിട്ടുള്ളൂ, അതും ശരിയായില്ല' എന്നൊക്കെ. രണ്ടാം കോവിഡ് പാക്കേജായി 20,000 കോടി രൂപയുടെ പ്രഖ്യാപനം കേട്ട് സർക്കാരിന്റെ കരുതൽ നടപടികളിൽ ആശ്വാസംകൊണ്ടിരിക്കുന്ന പൊതു സമൂഹത്തിനുമുമ്പിൽ വന്നിരുന്നുകൊണ്ടാണ് ഇവർ ബഡ്ജറ്റിൽ കവിത കണ്ടില്ലല്ലോ എന്നുപറഞ്ഞ് വിലപിക്കുന്നത്. കാരുണ്യവും മാനവികതയുമാണ് കവിതയുൾപ്പെടെ ഏത് കലാസൃഷ്ടിയുടെയും മഹത്തായ സന്ദേശം. അതേ സന്ദേശമാണ് ഇപ്പോൾ നാം ചർച്ച ചെയ്യുന്ന ഈ ബഡ്ജറ്റിലുമുള്ളത്. തൊഴിലവസരങ്ങളും വരുമാനവും കുറഞ്ഞ് ജീവിതംതന്നെ വഴിമുട്ടി നിൽക്കുന്ന സമൂഹത്തിലെ മഹാഭൂരിപക്ഷം ജനങ്ങളും ഈ ബഡ്ജറ്റ് നിർദ്ദേശങ്ങൾ വായിക്കുകയോ തിരിച്ചറിയുകയോ ചെയ്യുമ്പോൾ പോസിറ്റീവ് എനർജി അനുഭവിച്ച് ജീവിതസ്നേഹം ആർജ്ജിച്ച് ഉത്സാഹഭരിതരാകുമെന്നകാര്യത്തിൽ എനിക്ക് ഉറപ്പുണ്ട്. ഓരോ മനുഷ്യ ജീവന്റെയും വിലയെപ്പറ്റി ഈ ബഡ്ജറ്റ് ബോധ്യപ്പെടുത്തുന്നു. ഈ കോവിഡ് കാലത്ത് നമുക്ക് ആരോഗ്യത്തോടെ ജീവിച്ചിരിക്കാൻ കഴിയണം, ജീവന്റെ സംരക്ഷണമാണ് മുഖ്യം. അതുകൊണ്ടാണ് ആരോഗ്യ അടിയന്തരാവസ്ഥ നേരിടാൻ 2,800 കോടി രൂപയും സഹായം നേരിട്ട് ജനങ്ങളിലെത്തിക്കുന്നതിന് 8,900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി 8,300 കോടി രൂപയും ലഭ്യമാക്കുമെന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. കേരളത്തിൽ മനുഷ്യജീവന്റെ വിലയോർത്ത് നമ്മൾ ഭാരപ്പെടുന്നു, ജനജീവിതം സുരക്ഷിതമാക്കാൻ നടപടി കൈക്കൊള്ളുന്നു. മറ്റ്

ചിലർ ചെയ്യുന്നതെന്താണ്? ഒരു തെരഞ്ഞെടുപ്പ് കാലത്ത്, എൽ.ഡി.എഫ്.ന്റെ തെരഞ്ഞെടുപ്പ് പ്രചരണത്തിനായി ഞാൻ ലക്ഷദ്വീപിൽ പോയിരുന്നു. നിഷ്കളങ്കരായ ഒരുകൂട്ടം ഗ്രാമീണർ, സാഹോദര്യം അനുഭവപ്പെടുന്ന പെരുമാറ്റം. ഞാൻ സന്ധ്യാസമയത്താണ് അവിടെ എത്തിയത്. പിറ്റേദിവസം രാവിലെ 9.00 മണിക്ക് പ്രചരണം തുടങ്ങാമെന്നുപറഞ്ഞ് പിരിഞ്ഞു. രാവിലെ 9.00 മണിക്ക് ഞാൻ ഹോട്ടലിനുമുമ്പിലെത്തിയപ്പോൾ ഒരു സംഘം ചെറുപ്പക്കാർ അവിടെ നിൽക്കുന്നു. അവരോടൊപ്പം അവരുടെ കുടുംബാംഗങ്ങളും കുട്ടികളുമുണ്ട്. അവർക്ക് എന്നോടൊപ്പം ഫോട്ടോ എടുക്കണമെന്ന് പറഞ്ഞു. ഫോട്ടോ എടുത്തതിനുശേഷം 'അപ്പോൾ നമുക്ക് പ്രചരണത്തിന് പോകാം' എന്ന് ഞാൻ പറഞ്ഞപ്പോൾ അവർ ഒരു നിമിഷം അന്ധാളിച്ചുനിന്നിട്ട് ചോദിച്ചു 'ഞങ്ങളുടെ കൂടെ വരുമോ?' എന്ന്. ഞാൻ ചോദിച്ചു എന്താ കാര്യമെന്ന്? അപ്പോൾ അവർ പറഞ്ഞു 'ഞങ്ങൾ കോൺഗ്രസ്സാണ്' എന്ന്. അപ്പോൾ അടുത്ത് നിൽക്കുന്നത് ആരാണെന്ന് ഞാൻ ചോദിച്ചു, അവർ പറഞ്ഞു 'അത് എൻ.സി.പി. യാണ്, അതിന്റെ അപ്പുറത്ത് ബി.ജെ.പി.' അപ്പോൾ ഞാൻ ചോദിച്ചു ഇടതുപക്ഷം എവിടെ എന്ന്. അവർ പറഞ്ഞു, 'ജാഥയായി വരും' എന്ന്. ലക്ഷദ്വീപ് അങ്ങനെയാണ്. അവിടെ രാഷ്ട്രീയ വൈരാഗ്യമോ വർഗ്ഗീയ വിദ്വേഷമോ ഒന്നുമില്ല. അവിടത്തെ ശുദ്ധമായ കടൽപോലെയാണ് അവിടത്തെ മനുഷ്യരും. അങ്ങനെയുള്ള ഒരിടത്തേയ്ക്കാണ് വർഗ്ഗീയ അജണ്ടയുമായി കേന്ദ്ര സർക്കാർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. നമ്മൾ ഇവിടെ ഓക്സിജൻ പ്ലാന്റുകൾ സ്ഥാപിക്കുന്നു, കേന്ദ്രം അവിടെ കരിനിയമം നടപ്പിലാക്കുന്നു, ഗുണ്ടാ നിയമം പാസ്സാക്കുന്നു. നമ്മൾ ഇവിടെ ഓക്സിജൻ പ്ലാന്റുകളിൽനിന്നും ആശുപത്രികളിലേയ്ക്ക് നീണ്ട കുഴലുകൾ സ്ഥാപിച്ച് ജീവവായു നൽകാൻ നോക്കുന്നു. കുഴൽ എന്നാൽ ജീവൻ രക്ഷിക്കാനുള്ള ഒരു ഉപാധി എന്നാണ് ഓർമ്മ വരിക. എന്നാൽ ഇപ്പോൾ കുഴലിന് മറ്റൊരു അർത്ഥമാണുള്ളത്. രാജ്യം ഭരിക്കുന്ന പാർട്ടി അതിന്റെ കേരള ഘടകവുമായി നേരിട്ട് ബന്ധപ്പെടാൻ പ്രത്യേക കുഴൽ ഉപയോഗിക്കുന്നു എന്നാണ് വാർത്ത. ഭഗവാന്റെ ഓടക്കുഴലിനേക്കാൾ ബി.ജെ.പി. നേതാക്കൾക്ക് പ്രിയം ഇപ്പോൾ അവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കുഴലിനെയാണ്. തണ്ടൊടിഞ്ഞ താമരയിൽ വലിയ കാര്യമില്ല എന്ന് മനസ്സിലാക്കിയതിനുശേഷം അടുത്ത ഇലക്ഷന് താമര മാറ്റി കുഴൽ ചിഹ്നമാക്കുമോ എന്നും സംശയമുണ്ട്. സിനിമകളെപ്പറ്റി പറയുകയാണെങ്കിൽ 100 കോടി ക്ലബ്ബിൽ കയറുന്നത് വളരെ പ്രയാസമാണ്. എത്രയോ സൂപ്പർഹിറ്റ് സിനിമകളുണ്ടായിട്ടുണ്ട്, പക്ഷെ 100 കോടി ക്ലബ്ബിൽ കയറിയിട്ടില്ല, വല്ലപ്പോഴുമൊക്കെയാണ് കയറുന്നത്. മോഹൻലാലിന്റെ ഒരു സിനിമ 35-36 കൊല്ലം കഴിഞ്ഞിട്ടാണ് 100 കോടി ക്ലബ്ബിൽ കയറിയത്. എന്നാൽ ഈ ഒരൊറ്റ തെരഞ്ഞെടുപ്പോടുകൂടി ബി.ജെ.പി. 400 കോടി ക്ലബ്ബിൽ ഒറ്റയടിക്ക് കയറിയിരിക്കുകയാണ്. കുഴലും ഹെലികോപ്റ്ററും ഉപയോഗിച്ചാണ് ബി.ജെ.പി. 400 കോടി ക്ലബ്ബിൽ അംഗത്വം നിഷ്പ്രയാസം നേടിയെടുത്തത്.

വിനോദസഞ്ചാര മേഖലയിൽ കൊല്ലം ശ്രദ്ധേയമായ ഒരു ഡെസ്റ്റിനേഷനാണ്. പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങൾ യാഥാർത്ഥ്യമാകുമ്പോൾ കൊല്ലത്തിന്റെ തിളക്കമേറും. 'കൊല്ലം കണ്ടവനില്ലം വേണ്ട' എന്നൊരു ചൊല്ലുണ്ട്. ഈ ചൊല്ലിന്റെ അർത്ഥം ബഹുമാന്യനായ രാഹുൽ ഗാന്ധി എങ്ങനെയോ മനസ്സിലാക്കിയിട്ടുണ്ടെന്ന് തോന്നുന്നു. അദ്ദേഹം കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് കൊല്ലത്ത് വന്ന് നിരവധി കോൺഗ്രസ്സ് പ്രവർത്തകരെ സാക്ഷിയാക്കി കടലിലേയ്ക്ക് എടുത്തുചാടുകയാണുണ്ടായത്. ശ്രീ. രാഹുൽ ഗാന്ധിയെ അനുകരിക്കാൻ മത്സരിക്കുന്നവർ പലരും അദ്ദേഹത്തിന്റെ ചാട്ടം അനുകരിക്കാൻ തയ്യാറാകാതെ മാറിനിന്നു. ചോരയും ജീവനും നൽകുമെന്നൊക്കെ മുദ്രാവാക്യം വിളിക്കുന്ന കോൺഗ്രസ്സ് നേതാക്കൾ, അദ്ദേഹം ചാടി കുറച്ച് നീന്തിയിട്ട് മാറിനിന്ന് ബാക്കിയുള്ളവർക്ക് ചാടാൻ സ്ഥലം കൊടുത്തു. ആരും ചാടിയില്ല. കടൽ വേറെ, ശ്രീ. രാഹുൽ ഗാന്ധി വേറെ. ശ്രീ. രാഹുൽ ഗാന്ധി ലോകത്ത് എവിടെയെല്ലാം പോയിരിക്കുന്നു, ഏതെല്ലാം കടലുകളിലൂടെ എത്രയോ തവണ യാത്ര ചെയ്തിരിക്കുന്നു, ചിലപ്പോൾ നിൽക്കുന്ന നിൽപ്പിൽത്തന്നെ അദ്ദേഹം അഞ്ചോ ആറോ മാസം പുറത്തുപോയിട്ട് ആരും അറിയാതെ തിരിച്ചുവരുന്നുണ്ട്. അതൊക്കെ യാത്രാ സ്നേഹംകൊണ്ട് മാത്രമായിരിക്കും. പക്ഷെ ഒരു കാര്യം ഓർക്കണം, ലോകമെമ്പാടും യാത്ര ചെയ്ത ശ്രീ. രാഹുൽ ഗാന്ധിക്ക് കടലിൽ ചാടാൻ തോന്നിയത് കൊല്ലത്തെ കടൽ കണ്ടപ്പോൾ മാത്രമാണ്. അത്ര മനോഹരമാണ് അവിടം. ബഹുമാന്യനായ ടൂറിസം വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധിക്കാൻവേണ്ടി പറയുകയാണ്, കൊല്ലത്തെ കടലിന്റെ മനോഹാരിതയിൽ ലയിച്ച് അവിടെ ചാടിയ ശ്രീ. രാഹുൽ ഗാന്ധിയെ നമ്മുടെ ടൂറിസം അംബാസഡറായി പ്രഖ്യാപിക്കണം. അദ്ദേഹം കടലിൽ ചാടുന്ന ചിത്രങ്ങൾ ടൂറിസം വകുപ്പ് ഉപയോഗപ്പെടുത്തണം. തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കടലിൽ ചാട്ടം മറ്റുചില സംശയങ്ങളുയർത്തുന്നു. വലിയ നേതാക്കൾ പൊതുവെ ദീർഘദർശി കളായിരിക്കുമല്ലോ! സംഭവിക്കാനിടയുള്ളതിനെ മുൻകൂട്ടി കണ്ടതായിരിക്കും. യു.ഡി.എഫ്.ന്റെ കേരളത്തിലെ സ്ഥിതി സംബന്ധിച്ച് പ്രതീകാത്മകമായ പ്രവചന ചാട്ടമായിരിക്കാം ഒരുപക്ഷെ ക്രാന്തദർശിയായ ശ്രീ. രാഹുൽ ഗാന്ധി നടത്തിയതെന്ന് തോന്നുന്നു. ശ്രീ. രാഹുൽ ഗാന്ധി ഇങ്ങനെയൊക്കെ ചാടി ബഹളം വച്ച് പോയെങ്കിലും അദ്ദേഹം താമസിച്ച ഹോട്ടലിന്റെ കാശ് കൊടുത്തിട്ടില്ല എന്നൊരു പരാതിയുണ്ട്. മൈക്ക് സെറ്റിന്റെ കാശും കൊടുത്തിട്ടില്ല. അത് രണ്ടും കോൺഗ്രസ്സ് കൊടുക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ശ്രീ. പി. സി. വിഷ്ണുനാഥ്, എന്താണ് പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട അംഗം ആ സ്ക്രിപ്റ്റ് വായിക്കുന്നതിനിടയിൽ പറ്റിയ ഒരു ഗുരുതരമായ വീഴ്ച, ശ്രീ. രാഹുൽ ഗാന്ധി താമസിച്ച ഹോട്ടലിന്റെ ബില്ല് കൊടുത്തില്ല എന്നൊരു വിഷയം മുമ്പ് ഒരു അംഗം പറഞ്ഞതാണ്. ആ ഹോട്ടലിന്റെ മാനേജർതന്നെ മുഴുവൻ പണവും നൽകിയതാണെന്നും അതുസംബന്ധിച്ച വാർത്ത വ്യാജമാണെന്നും പ്രസ്സ് റിലീസ് കൊടുത്തിരുന്നു. ശ്രീ. രാഹുൽ ഗാന്ധിയെപ്പോലെ ഒരു പാർലമെന്റ് അംഗത്തെ വാസ്തവവിരുദ്ധമായ ആരോപണമുന്നയിച്ച് അധിക്ഷേപിക്കുന്നത് ശരിയല്ല. അദ്ദേഹം കുറേ കാര്യങ്ങൾ പറഞ്ഞു, ഞങ്ങൾ അതിനെയൊക്കെ ആ രൂപത്തിൽ വിടുകയാണ്. പക്ഷെ ഈ രൂപത്തിലുള്ള പരാമർശം രേഖയിലുണ്ടാകാൻ പാടില്ല. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം.

മി. ചെയർമാൻ: പരിശോധിച്ച് തീരുമാനിക്കാം.*

ശ്രീ. എം. മുകേഷ്: സർ, ഞാൻ പറഞ്ഞത് അങ്ങനെയൊരു വാർത്തയുണ്ടെന്നാണ്. ആ വാർത്ത ശരിയാണെന്നോ തെറ്റാണെന്നോ ഞാൻ പറഞ്ഞില്ല. അങ്ങനെ ഇല്ലെങ്കിൽ പോട്ടെ, കാശ് കൊടുത്തിട്ടുണ്ടെങ്കിൽ ആ ഹോട്ടലുകാരൻ രക്ഷപ്പെടട്ടെ. നമ്മുടെ പൊതുസമൂഹം എന്ത് ചിന്തിക്കുന്നു, എന്ത് ആവശ്യപ്പെടുന്നു എന്ന ബോധ്യമാണ് ഈ ബഡ്ജറ്റ് രൂപീകരണത്തിന്റെ പിന്നിലുള്ള ചിത്രം. ഇടതുപക്ഷത്തിന്റെ ജനകീയ അടിത്തറയാണ് ഇത്തരം തിരിച്ചറിവുകൾക്കുള്ള മറ്റൊരു കാരണം. തെരഞ്ഞെടുപ്പ് പ്രചാരണ കാലയളവിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുടർ ഭരണം ഉറപ്പാണെന്ന് ആവർത്തിച്ചപ്പോൾ പലരും പരിഹസിച്ചു. ചിലർ അത് മുഖവിലയ്ക്കെടുത്തില്ല. ജനങ്ങളെ തിരിച്ചറിയുന്നതിൽ പ്രതിപക്ഷത്തിന് വീഴ്ച പറ്റി. പ്രതിപക്ഷം വലിയ തയ്യാറെടുപ്പിലായിരുന്നു. ജനങ്ങൾ എങ്ങനെ ചിന്തിക്കുന്നുവെന്ന് തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല എന്നാണ് കേരളത്തിലെ തിരിച്ചടികളെപ്പറ്റി അന്വേഷിച്ച അശോക് ചവാൻ കോൺഗ്രസ്സ് ഹൈക്കമാന്റിലേയ്ക്ക് നൽകിയ റിപ്പോർട്ടിൽ പറയുന്നത്. എനിക്ക് അറിയില്ല എന്നാൽ ജനങ്ങൾ ബുദ്ധിപരമായി പ്രവർത്തിച്ചു എന്നതാണ് എന്റെ നിരീക്ഷണം.

---

*ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.9232/ഇ.ബി./2021/നി.സെ.) സഭാരേഖയിൽ നിലനിർത്തി.

ഇതിനിടയിൽ ഒരു ചിമ്പാൻസിയുടെ കഥ വന്നു, എന്റെ കഥയല്ല, ഓഷോയുടെ കഥയാണ്. കഥ എന്തെന്നാൽ ഒരു ഡോക്ടർ മനഃപൂർവ്വം ഒരു ഏത്തക്കുല ത്തൂക്കിയിട്ടിരിക്കുകയാണ്. ഒരു ചിമ്പാൻസിയുമുണ്ട്. ഡോക്ടറിന് ചിമ്പാൻസിയുടെ ബുദ്ധി പരിശോധിക്കണം. ഒരുപാട് കാലിപ്പെട്ടികൾ അവിടെ കൂട്ടിയിട്ടിട്ടുമുണ്ട്. അതായത് ആ പെട്ടികൾ എടുത്ത് അടുക്കിവച്ച് ചിമ്പാൻസി ആ ഏത്തക്കുല എടുക്കുമോയെന്ന് അറിയണം. അത്രയ്ക്ക് ബുദ്ധിയുണ്ടോയെന്ന് അറിയണം. ഡോക്ടർ ആ പെട്ടികൾ എടുത്തുകൊണ്ടിരുന്നതിനിടയിൽ ഏത്തക്കുലയുടെ താഴെ വന്നു, പെട്ടെന്ന് ചിമ്പാൻസി ചാടി ഡോക്ടറുടെ തോളിലിരുന്നിട്ട് ഏത്തക്കുല എടുത്തുകൊണ്ടു പോയി. ജനങ്ങൾ എങ്ങനെ ബുദ്ധി പ്രയോഗിക്കുമെന്നറിയാൻ ചില നേതാക്കൾ പലതരം ഒഴിഞ്ഞ പെട്ടികൾ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കേരളീയ ജനസമൂഹത്തിന് മുന്നിൽ നിരത്തുകയുണ്ടായി. ഒരു പെട്ടിക്കുമേൽ 'സ്വർണ്ണക്കടത്ത്' എന്ന് എഴുതിവച്ചു, മറ്റൊന്നിൽ 'സ്പ്രിംഗ്ലർ' എന്നെഴുതി, വേറൊന്നിൽ 'ഡോളർ കടത്ത്'. അങ്ങനെ വ്യക്തിഹത്യയുടെയും ദുരാരോപണങ്ങളുടെയും പെട്ടികൾകൊണ്ട് നിറച്ചു. ജനം സമയം വന്നപ്പോൾ ബുദ്ധിപ്രയോഗിച്ച് പെട്ടി നിരത്തുകയായിരുന്ന നേതാവിന്റെ തോളിൽ കയറിനിന്ന് ലക്ഷ്യംകണ്ടു; ഇടതുപക്ഷത്തിന് വോട്ട് ചെയ്തു. ഇപ്പോൾ ചില കാലിപ്പെട്ടികൾ അവിടെ കിടപ്പുണ്ടെന്നാണ് പറഞ്ഞത്. എനിക്കറിയില്ല. അത് എടുത്തു മാറ്റണം. തീരസംരക്ഷണത്തിനും തീരമേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനുമുള്ള ബഡ്ജറ്റിലെ ബൃഹത് പദ്ധതികൾ 37 കിലോമീറ്റർ തീരദൈർഘ്യമുള്ള കൊല്ലം ജില്ലയ്ക്ക് ഏറെ ആശ്വാസകരമാണ്. പടിഞ്ഞാറ് അഷ്ടമുടിക്കായൽ മുതൽ പശ്ചിമഘട്ടംവരെ നീളുന്ന ജൈവവൈവിദ്ധ്യ ടൂറിസം സർക്യൂട്ട് പദ്ധതി കൊല്ലത്തിന് ഏറെ പ്രതീക്ഷ നൽകുന്നു. വിശ്വഗുരു ശ്രീനാരായണ ഗുരുദേവന്റെ നാമധേയത്തിൽ സ്ഥാപിതമായ ഓപ്പൺ സർവ്വകലാശാല എന്റെ മണ്ഡലത്തിലാണ്. സർവ്വകലാശാലയ്ക്ക് സ്ഥിരമായി ഒരു കാമ്പസ് ഉണ്ടാകേണ്ടതുണ്ട്. മുമ്പ് അനുവദിച്ച 9 കോടി രൂപയ്ക്ക് പുറമെ ഇപ്പോൾ 10 കോടി രൂപകൂടി അനുവദിച്ചതിൽ ഞാൻ മന്ത്രിയോട് നന്ദി പറയുകയാണ്. അതുപോലെതന്നെ കൊല്ലത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥയ്ക്ക് പരിഹാരമായി ആധുനികവത്കരണത്തിനുള്ള കിഫ്ബി പദ്ധതി ബഡ്ജറ്റിൽ പ്രഖ്യാപിച്ചപ്പോൾ ദീർഘകാലമായുള്ള കൊല്ലം പൗരാവലിയുടെ ആവലാതിക്കാണ് ഇതിലൂടെ പരിഹാരമായത്. ബഹുമാന്യരായ മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും ഗതാഗത വകുപ്പുമന്ത്രിക്കും ഈ അവസരത്തിൽ ഞാൻ കൊല്ലം പൗരാവലിയുടെ പേരിൽ നന്ദി രേഖപ്പെടുത്തുകയാണ്.

ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം, കോവിഡ് മഹാമാരിയുടെ ഈ കാലത്ത് മറ്റേത് മേഖലയേയും പോലെതന്നെ വളരെയേറെ പ്രതിസന്ധിയിലൂടെയാണ് കലാ-സാംസ്കാരിക രംഗവും കടന്നുപോകുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ പൊതു പരിപാടികൾക്കും കലാ സാംസ്കാരിക പരിപാടികൾക്കും കൂട്ടായ്മകൾക്കും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾമൂലം കഴിഞ്ഞ ഒരു വർഷത്തിലേറെയായി സിനിമ, നാടകം, ഗാനമേള, മിമിക്രി തുടങ്ങി പരമ്പരാഗത അനുഷ്ഠാന കലാകാരന്മാർ ഉൾപ്പെടെയുള്ളവർ ഏറെ ബുദ്ധിമുട്ട് അനുഭവിച്ചുവരികയാണ്. അവർക്ക് സമരം ചെയ്യാനറിയില്ല, അവർ അസംഘടിതരാണ്. അവർക്ക് സെക്രട്ടേറിയറ്റിന് മുമ്പിൽ കൊടിപിടിക്കാൻ അറിയില്ല. വല്ലപ്പോഴും എന്നെ കാണുമ്പോൾ വളരെ അടുത്തുവന്ന് ചെവിയിൽ പറയും 'ബുദ്ധിമുട്ടാണ്, പട്ടിണിയാണ്, അധികാരികളെ ആരെയെങ്കിലും കാണുമ്പോൾ ഒന്ന് ധരിപ്പിക്കുക' എന്ന്. അത്രമാത്രമേ അവർക്ക് പറയാനുള്ളൂ, ആ മുദ്രാവാക്യം വളരെ ശക്തിയുള്ള ഒന്നാണ്. അതുകൊണ്ടുതന്നെ അവർക്കുവേണ്ടിയുള്ള ആശ്വാസ നടപടികൾക്കൂടി ബഡ്ജറ്റിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഒരിക്കൽക്കൂടി പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2021-2022 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിനെ ഞാൻ ശക്തമായി എതിർക്കുന്നു. ഇവിടെ ശ്രീ. എം. മുകേഷ്, എം.എൽ.എ. ആരോ എഴുതിക്കൊടുത്ത യാതൊരു നിലവാരവുമില്ലാത്ത സ്ക്രിപ്റ്റ് വായിച്ച് ശ്രീ. രാഹുൽ ഗാന്ധിയെപ്പോലുള്ള ആളുകളെ മോശമാക്കാൻ ശ്രമിക്കുകയാണ്. ബി.ജെ.പി.യുടെ അതേ ദൗത്യമാണ് നിങ്ങളും ഏറ്റെടുത്തിരിക്കുന്നതെന്ന കാര്യം ഓർക്കണം. ബി.ജെ.പി. ശ്രീ. രാഹുൽ ഗാന്ധിയെ മോശമാക്കാൻ എങ്ങനെയാണോ ശ്രമിച്ചത് അതേ പാറ്റേൺ തന്നെയാണ് നിങ്ങളും സ്വീകരിച്ചിരിക്കുന്നത്. ഇലക്ഷൻ സമയത്ത് ക്യാപ്സ്യൂൾ കൊടുക്കുമെന്ന് പറഞ്ഞില്ലേ അതുപോലെ ഒരു സ്ക്രിപ്റ്റിന്റെ സഹായത്തോടുകൂടി നിങ്ങളും ശ്രീ. രാഹുൽ ഗാന്ധിയെ മോശമാക്കാൻ ശ്രമിക്കുകയാണ്. മുകേഷേട്ടൻ ഒരു സാംസ്കാരിക നായകനാണ് എന്നൊക്കെയാണ് ഞങ്ങൾ വിശ്വസിക്കുന്നത്. നിങ്ങളെപ്പോലെയുള്ള ആളുകൾ ഇങ്ങനെ പറയുന്നത് പണ്ട് ഒരു സിനിമയിൽ 'തോമസ് കുട്ടി വിട്ടോടാ' എന്ന് പറഞ്ഞതുപോലെ, എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ എന്ന് ഞാൻ ആമുഖമായി പറയുന്നു. 2021 സാമ്പത്തിക വർഷം ആഭ്യന്തര ഉല്പാദനത്തിൽ 3.82 ശതമാനത്തിന്റെ കുറവ്, സംസ്ഥാനത്തിന്റെ പൊതുവരുമാനത്തിൽനിന്ന് 18.77 ശതമാനത്തിന്റെ കുറവുണ്ടായതായി ബഡ്ജറ്റ്

തന്നെ സമ്മതിക്കുന്നു. 20,000 കോടി രൂപയുടെ ഒന്നാം കോവിഡ് പാക്കേജ് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരുന്നു. ആ പ്രഖ്യാപനത്തിലൂടെ ഏതെല്ലാം മേഖലകൾക്കാണോ, ഏതെല്ലാം വിഭാഗത്തിലെ ജനങ്ങൾക്കാണോ ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് പറയാതെ വീണ്ടും 20,000 കോടിയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപനം വെറും ജലരേഖയായി മാറിയെന്ന് ജനങ്ങൾ സംശയിക്കുന്നതിൽ യാതൊരു തെറ്റുമുണ്ടെന്ന് പറയാൻ സാധിക്കില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ ഗവൺമെന്റ് തന്നെ വീണ്ടും അധികാരത്തിൽ വരില്ലായെന്നുള്ള ഉറപ്പുള്ളതുകൊണ്ടാണ് കടമെല്ലാം വാങ്ങിക്കൂട്ടിയത്. പക്ഷേ കോവിഡും ബി.ജെ.പി.യും നിങ്ങളെ വീണ്ടും അധികാരത്തിൽ കൊണ്ടുവന്നു. അതാണ് സംഭവിച്ചത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ബഹുമാന്യനായ അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല എത്രയോ ആരോപണങ്ങൾ കൊണ്ടുവന്നു. അത് ആരോപണങ്ങളല്ലായിരുന്നു, വസ്തുതയായിരുന്നു. നമുക്കറിയാം ബ്രൂവറി തുടങ്ങി ഏഴോളം ആരോപണങ്ങൾ കൊണ്ടുവന്നു. ആ ആരോപണങ്ങളെല്ലാം നിങ്ങൾക്കറിയാം, പല തീരുമാനങ്ങളിൽനിന്നും ഗവൺമെന്റിന് തിരിച്ചുപോകേണ്ട രാഷ്ട്രീയ സാഹചര്യമുണ്ടായി. എല്ലാം യു ടേൺ അടിക്കേണ്ട സാഹചര്യമുണ്ടായി. ഇന്നും നിങ്ങൾക്ക് അതിനെതിരെയാതൊന്നും പറയാൻ സാധിച്ചിട്ടില്ല. ഇന്നും ആ രാഷ്ട്രീയം മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. രണ്ടാം ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമ്പോൾ, ഇന്ന് വനം വകുപ്പിനെക്കുറിച്ച് ആക്ഷേപമുണ്ടായി. തുടർഭരണം അഴിമതി ഭരണമായി മുന്നോട്ടുപോകുന്ന സാഹചര്യമാണുള്ളത്. പ്രളയത്തെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. അതിന്റെ മുന്നൊരുക്കങ്ങളെക്കുറിച്ച് ബഡ്ജറ്റിലെ 50, 51 പാരഗ്രാഫുകളിൽ വ്യക്തമായി പറയുന്നുണ്ട്. അത് നല്ല കാര്യം തന്നെ. എന്നാൽ എല്ലാ കാലവും നിങ്ങൾ മുന്നൊരുക്കങ്ങളെക്കുറിച്ച്, പ്രളയത്തെക്കുറിച്ച് പറയുന്നതല്ലാതെ ഒരു കാര്യവും ചെയ്യുന്നില്ല. നദികളിലെ ചെളിമാറ്റുന്ന കാര്യമുൾപ്പെടെ ഒട്ടനവധി നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ടെങ്കിലും അതൊന്നും പ്രാവർത്തികമാക്കുന്നില്ല. പ്രളയ സമയത്ത് ആലുവയുൾപ്പെടെയുള്ള പ്രദേശത്തെ ജനങ്ങൾ വലിയ ദുരിതം അനുഭവിച്ചവരാണ്. പക്ഷേ അതിന്റെ മുന്നൊരുക്കങ്ങൾ വസ്തുതയാണെങ്കിൽ, അത് സത്യസന്ധമാണെങ്കിൽ അത് യാഥാർത്ഥ്യമാക്കണമെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. കോവിഡും പ്രളയവുമൊക്കെ ടൂറിസം മേഖലയെ തകർത്തു. ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ ടൂറിസം പാക്കേജുകൾ കൊണ്ടുവരണം. ഏകദേശം നാലായിരം കോടി രൂപയോളം

ലോണെടുത്ത് ടൂറിസം മേഖലയെ സഹായിക്കാമെന്നൊരു നിർദ്ദേശമുണ്ട്. അത് നല്ല കാര്യമാണ്. പക്ഷേ ആ തുക പര്യാപ്തമാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം എല്ലാ മേഖലകളിലും നമുക്കറിയാം, ടൂറിസം മേഖലയിലെ ഹോട്ടലുകൾ, ടൂറിസ്റ്റ് ബസ്സുകൾ ഉൾപ്പെടെ, ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്ന രീതിയിലുള്ള എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തുന്നത് കോവിഡൊക്കെ മാറിക്കഴിയുമ്പോൾ കേരളത്തിലേയ്ക്ക് കൂടുതൽ ടൂറിസ്റ്റുകൾ വരുന്നതിന് സഹായകരമായി മാറും. അതുകൊണ്ട് ടൂറിസ്റ്റ് മേഖലയിൽ മതിയായ ഫണ്ട് വകയിരുത്തണമെന്നാണ് ഈ അവസരത്തിൽ എനിക്ക് പറയാനുള്ളത്. അതുപോലെ കോവിഡ് കാലത്ത് കർഷകർ വലിയ പ്രതിസന്ധിയിലാണ്. ആ കർഷകരെ സഹായിക്കാനുള്ള പദ്ധതികൾ കൊണ്ടുവരണം. കർഷകർ ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്ന് നമുക്കറിയാം. മരിച്ചീനിയുൾപ്പെടെ അവർ ഉല്പാദിപ്പിച്ച വിളകൾ ഏറ്റെടുക്കാൻ ഗവൺമെന്റ് ഒരു സ്ഥാപനവും നടത്തുന്നില്ല. ഇപ്പോൾത്തന്നെ കർഷകരെ സഹായിക്കാൻവേണ്ടി നമ്മുടെ നാട്ടിലുള്ള ചില ആളുകൾ കാർഷികോല്പന്നങ്ങൾ ന്യായമായ വിലയ്ക്കെടുത്ത് മറ്റുള്ളവർക്ക് സൗജന്യമായി കൊടുക്കുന്നുണ്ട്. എന്റെ നാട്ടിൽത്തന്നെ ശ്രീ. കുര്യൻ എന്ന എന്റെ സുഹൃത്ത് 12 ടൺ കപ്പ കർഷകരിൽനിന്ന് ഏറ്റെടുത്ത് അവിടെയെല്ലാം വിതരണം ചെയ്യുന്നുണ്ട്. അവിടെ ഗവൺമെന്റ് ഉചിതമായ സമയത്ത് കർഷകരെ സഹായിക്കുന്നതിനുവേണ്ടി, അവർ ഉല്പാദിപ്പിക്കുന്ന ധാന്യങ്ങൾ അല്ലെങ്കിൽ പച്ചക്കറികൾ സംഭരിച്ച് ജനങ്ങളെ സഹായിക്കാൻ തയ്യാറാകാത്തൊരു സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ കർഷകരെ സഹായിക്കുന്നതിനുവേണ്ടി തുക മാറ്റി വയ്ക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. പെട്രോളിന്റെയും ഡീസലിന്റെയും വിലയുടെ കാര്യം പറഞ്ഞു. അതിന്റെ വിലക്കയറ്റം വലിയൊരു അപകടമാണ്. പെട്രോൾ-ഡീസൽ വിലക്കയറ്റം ഇന്ന് വലിയൊരു പ്രശ്നമായി നിൽക്കുന്നു. നമ്മുടെ വീട്ടിലേയ്ക്ക് ബൈക്കിൽ മത്സ്യവുംകൊണ്ട് ഒരാൾ വരികയാണ്. ആ മത്സ്യം കൊണ്ടുവരുന്ന ആൾപോലും മത്സ്യത്തിന് വില കൂട്ടുകയാണ്. കാരണം എന്താണ്? ഡീസലിനും പെട്രോളിനും വില കൂടുമ്പോൾ സമസ്ത മേഖലകളിലും വില വർദ്ധനവുണ്ടാകും. അതാണ് ഞങ്ങൾ പറയുന്നത് ഇക്കാര്യത്തിൽ ഉമ്മൻ ചാണ്ടി സർക്കാർ കാണിച്ച ആർജ്ജവം എന്തുകൊണ്ട് ഈ സർക്കാർ കാണിക്കുന്നില്ല; ഈ സർക്കാരിന് കിട്ടുന്ന നികുതിപ്പണം ഒഴിവാക്കാൻ ശ്രമിക്കാത്തത് എന്തുകൊണ്ടാണ്; ഏതാനും കോടികൾ കടമെടുക്കുന്നുവെന്ന് പറയുന്നു. അതുകൊണ്ട് ഈ വിഷയത്തിൽ സർക്കാർ ഉണർന്ന് പ്രവർത്തിക്കണമെന്ന് പറയാൻ ആഗ്രഹിക്കുന്നു.

മറ്റൊരു പ്രധാനപ്പെട്ട വിഷയം, കന്യാസ്ത്രീകളും വൈദിക ശ്രേഷ്ഠൻമാരും ഒട്ടനവധി കാര്യങ്ങൾ ചെയ്യുന്നവരാണ്. പാവപ്പെട്ടവരെ സഹായിക്കുന്ന, വൃദ്ധർ, അനാഥർ, മാനസികരോഗമുള്ള ആളുകൾ തുടങ്ങിയവരെയെല്ലാം സംരക്ഷിക്കുന്ന ഒരു സമീപനമാണ് കേരളത്തിലെ കന്യാസ്ത്രീകളും വൈദിക ശ്രേഷ്ഠരും ചെയ്യുന്നത്. എന്നാൽ അവരെ സാമൂഹ്യ പെൻഷൻ പദ്ധതികളിലൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 60 വയസ് കഴിഞ്ഞ എല്ലാവരേയും സാമൂഹ്യ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. അതുകൊണ്ട് കന്യാസ്ത്രീകളെയും വൈദിക ശ്രേഷ്ഠരെയും സാമൂഹ്യ പെൻഷൻ പദ്ധതിയിൽ നിർബന്ധമായും ഉൾപ്പെടുത്തണം. കാരണം അവരും നമ്മളെപ്പോലെ ഈ രാജ്യത്ത് ജീവിക്കുന്ന മനുഷ്യരാണ്. അതിനാൽ ഈ ബഡ്ജറ്റിന്മേലുള്ള ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ അവരെയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയതായി പ്രഖ്യാപിക്കുമെന്ന പ്രത്യാശ ഞാൻ പങ്കുവയ്ക്കുകയാണ്. അതുപോലെ കന്യാസ്ത്രീകൾക്കും വൈദികർക്കും റേഷൻ കാർഡ് അനുവദിച്ചത് നല്ല കാര്യമാണ്. റേഷൻകാർഡ് അനുവദിച്ചെങ്കിലും അവർക്ക് ഭക്ഷ്യധാന്യക്കിറ്റ് ലഭിക്കുന്നില്ല. അവരെല്ലാവരും ഞങ്ങളോട് പരാതി പറയാറുണ്ട്. അതുകൊണ്ട് റേഷൻ കാർഡുള്ള ആളുകൾക്ക് ലഭിക്കുന്നതുപോലെ അവർക്കും കിറ്റ് കൊടുക്കാനുള്ള തീരുമാനമെടുക്കണമെന്ന് ഈ അവസരത്തിൽ ഗവൺമെന്റിനെ ഓർമ്മിപ്പിക്കുവാൻ ശ്രമിക്കുകയാണ്. കോവിഡിന്റെ പശ്ചാത്തലമുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. കോവിഡ് സമയത്ത് ഗവൺമെന്റിനെ ഞങ്ങൾ വിമർശിക്കുന്നുവെന്ന് പറയുകയുണ്ടായി. വിമർശിക്കുകയല്ല, ഞങ്ങൾ ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അത് ഗവൺമെന്റിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് ഞങ്ങൾ എതിരാണെന്നുള്ള ഫീലിംഗാണ് നിങ്ങൾ പരത്തുന്നത്. കാരണം ഞങ്ങൾ സഹകരിക്കുമ്പോൾ അത് വേണ്ടായെന്ന് പറയുന്ന നിലപാടാണ് നിങ്ങളെടുക്കുന്നത്.

2.00 pm]

കോവിഡിനുശേഷം എത്രയോ മരണങ്ങൾ നടക്കുന്നു. കോവിഡ് നെഗറ്റീവായ ആളുകൾ, പ്രത്യേകിച്ചും ചെറുപ്പക്കാർ മരണപ്പെടുന്നതിന്റെ കാരണം ബഹുമാനപ്പെട്ട അംഗങ്ങൾ അന്വേഷിക്കുകയോ അതിനെക്കുറിച്ച് വിലയിരുത്തുകയോ പഠിക്കുകയോ ചെയ്യുന്നില്ല. നമ്മുടെ നാട്ടിൽ മരണങ്ങൾ കൂടിവരുന്നു, അത് വലിയൊരപകടമാണ്. ഇത് ചൂണ്ടിക്കാണിക്കുമ്പോൾ പ്രതിപക്ഷം കോവിഡ് പ്രതിരോധ പ്രവർത്തനത്തിന് എതിരാണെന്ന രീതിയിലുള്ള സമീപനമാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. അതുകൊണ്ട് കോവിഡിനുശേഷമുണ്ടാകുന്ന മരണങ്ങളെക്കുറിച്ച് പഠിച്ച് ജനങ്ങളെ

സഹായിക്കാനുള്ള നടപടി സ്വീകരിക്കണം. കഴിഞ്ഞ ദിവസം ബഹുമാന്യനായ ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) വെന്റിലേറ്ററിന്റെ കാര്യം സൂചിപ്പിച്ചു. ബഹുമാനപ്പെട്ട മന്ത്രി അപ്പോൾത്തന്നെ പ്രതികരിച്ചത്, 'നിങ്ങൾ കുറിപ്പ് തരൂ, ആളുടെ പേര് തരൂ' എന്നാണ്. ഞങ്ങൾ നുണ പറയുന്നതല്ല. ഞങ്ങൾ നിർദ്ദേശങ്ങൾ നൽകുമ്പോൾ, അല്ലെങ്കിൽ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ അതിനെ വേറൊരു അർത്ഥത്തിൽ എടുക്കരുത്. അത് പറയുമ്പോൾ ആ മെമ്പറെ മോശമായി പറയുന്നത് നല്ലൊരു സമീപനമല്ല. ഞങ്ങൾ ക്രിയാത്മകമായി കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നത് നിങ്ങളെ ഉണർത്തുന്നതിനാണ്. അല്ലാതെ ഞങ്ങളാരും കോവിഡ് പ്രതിരോധ പ്രവർത്തനത്തിനെതിരല്ല. ഇപ്പോൾ മൂന്നാംതരംഗം വരുന്നു, നമുക്ക് ഭയപ്പാടുണ്ട്. അതിനുള്ള വെന്റിലേറ്ററുകളും മറ്റ് സാമഗ്രികളും നമ്മൾ കണ്ടെത്തണം. ഒരു കാര്യം കൂടി പറയാനാഗ്രഹിക്കുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, കേരളത്തിലെ പ്രാദേശിക പത്രക്കാരെ കേരള സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്താമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞുവെങ്കിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും മുന്നോട്ടുപോയിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി അത് യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എച്ച്. സലാം: സർ, സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ, ഇതിഹാസ തുല്യമായ പുന്നപ്ര സമരഭൂമി അടങ്ങുന്ന അമ്പലപ്പുഴയിൽനിന്നാണ് ഞാൻ ഈ സഭയിലെത്തിയത്. മഹാരഥന്മാരായ സഖാവ് വി. എസ്. അച്യുതാനന്ദൻ, സഖാവ് പി. കെ. ചന്ദ്രാനന്ദൻ, സഖാവ് ജി. സുധാകരൻ എന്നിവരടക്കമുള്ളവരുടെ പിൻഗാമിയായിട്ടാണ് ഞാൻ ഈ സഭയിൽ വന്നിട്ടുള്ളത്. മഹാന്മാരായ ആ രാഷ്ട്രീയ മാതൃകകളോടുള്ള കടപ്പാട് രേഖപ്പെടുത്തിക്കൊണ്ടും എൽ.ഡി.എഫ്.-നെ വിജയിപ്പിച്ചതിലൂടെ എന്നെ ഈ സഭയിലെത്തിച്ച അമ്പലപ്പുഴയിലെ ജനങ്ങളോടുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. പ്രശസ്ത കവി സച്ചിദാനന്ദന്റെ 'കയറ്റം' എന്ന കവിത അവസാനിക്കുന്നത് ഇങ്ങനെയാണ്. 'വരൂ, നമുക്കാഗ്രഹിക്കാം, രോഗ, ദാരിദ്ര്യ മരണ വിമുക്തമാം ഭൂമി' എന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ വരികളെ ചേർത്തുപിടിച്ചുകൊണ്ടാണ് പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. രോഗത്തിൽനിന്ന്, ദാരിദ്ര്യത്തിൽനിന്ന് ഒരു ജനതയെ സംരക്ഷിക്കുമെന്ന ഉറച്ച പ്രഖ്യാപനമാണ് ഈ 'ഹെൽത്തി ബഡ്ജറ്റിൽ' കാണുവാൻ കഴിയുന്നത്. പ്രതിപക്ഷ നേതാവിന്റെ പ്രതികരണം

ബഡ്ജറ്റിനെക്കുറിച്ച് ആദ്യമേ വന്നു. അദ്ദേഹം പറഞ്ഞത്, "പുത്തരിക്കണ്ടത്തെ പ്രസംഗമാണ്" ബഡ്ജറ്റിന്റെ ആദ്യഭാഗത്ത് എന്നാണ്. അവിടെ മാത്രമല്ല ഞങ്ങൾ പ്രസംഗിച്ചത്. തിരുനക്കരയിലും മാനാഞ്ചിറയിലും അങ്ങനെ കേരളത്തിന്റെ തെരുവുകളിൽ ഒരുപാട് പ്രസംഗം ഞങ്ങൾ നടത്തിയിട്ടുണ്ട്. അവിടെയെല്ലാം ഞങ്ങൾ പ്രസംഗിച്ചത് ഈ കേരളത്തിന്റെ വികസന കാഴ്ചപ്പാടുകളാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ വികസന നേട്ടങ്ങളാണ്. ഭാവിയിലെ അഞ്ച് കൊല്ലം എങ്ങനെ ഭരിക്കുമെന്നാണ്. കേരളത്തിന്റെ ക്ഷേമമാണ് പറഞ്ഞത്. കേരളത്തിന്റെ ജീവിതമാണ് അവിടെയെല്ലാം ഞങ്ങൾ പ്രസംഗിച്ചത്. ആ തെരുവുകളിൽ ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കണമെന്നാണ് ജനങ്ങൾ ഞങ്ങളോട് പറഞ്ഞത്. അതുകൊണ്ടാണ് ഞങ്ങൾ 99 പേർ ഈ സ്ഥാനത്ത് എത്തിയിട്ടുള്ളത്. പ്രതിപക്ഷത്തിന്റെ കാഴ്ചപ്പാട് എന്താണ്? ബഡ്ജറ്റ് ഒരു അരാഷ്ട്രീയമായ ഡോക്യുമെന്റാകണമെന്നാണോ? ഞങ്ങളുടെ സമീപനം അങ്ങനെയല്ല. വികസന രാഷ്ട്രീയത്തിന്റെ ഉള്ളടക്കമാണ് തെരുവുകളിലെ ജനങ്ങളോട് ഞങ്ങൾ പറഞ്ഞത്. ഞങ്ങൾ അവതരിപ്പിക്കുന്ന എല്ലാ ബഡ്ജറ്റുകളും അങ്ങനെയാണ്. ഈ കാഴ്ചപ്പാടോടെ, രാഷ്ട്രീയമായ ഉള്ളടക്കത്തോടെ ഉള്ളവയായതുകൊണ്ടാണ് ഞങ്ങൾ ഇതുവരെ അവതരിപ്പിച്ച അഞ്ച് ബഡ്ജറ്റുകളുടെയും ഗുണഫലങ്ങൾ ഇന്ന് കേരളം അനുഭവിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജനങ്ങളോട് പറഞ്ഞ കാര്യങ്ങൾ കൈവിടാത്തവരാണ് ഞങ്ങൾ. അതുകൊണ്ടാണ് ഞങ്ങൾ ഇടതുപക്ഷമാകുന്നത്. അതുകൊണ്ടാണ് ഞങ്ങളെ ജനങ്ങൾ ചേർത്തുപിടിക്കുന്നത്. നിങ്ങൾക്ക് ഈ ഉള്ളടക്കമില്ലായെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാം. നിങ്ങൾ പ്രതിപക്ഷമായിത്തന്നെ ഇരുന്നുകൊള്ളുക എന്ന് ജനങ്ങൾ പറഞ്ഞതിന്റെ അടിസ്ഥാനം അതാണ്. ഒന്നാം പിണറായി സർക്കാരിന്റെ വികസന കാഴ്ചപ്പാടുകളും പദ്ധതികളും ഈ ബഡ്ജറ്റിന്റെ ഉള്ളടക്കം നോക്കിയാൽ കാണാൻ കഴിയും.

ഒരുപാട് കാര്യങ്ങൾ ഞാൻ പറഞ്ഞുപോകുന്നില്ല. പ്രതിപക്ഷം പറഞ്ഞ ഒരു പോയിന്റ്, പാക്കേജ് മാത്രമാണ്, പ്രഖ്യാപനം മാത്രമാണ്, കോടികൾ പറയുന്നു, എക്സ്പെൻഡിച്ചർ ഇല്ല എന്നാണ്. അങ്ങനെയാണോ? കഴിഞ്ഞ അഞ്ചുവർഷത്തെ ഒന്നാം പിണറായി സർക്കാരിന്റെ ഭരണവും അതിനുമുമ്പുള്ള അഞ്ചുകൊല്ലത്തെ വലതുപക്ഷ ഭരണവും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് രണ്ടുമൂന്ന് കാര്യം മാത്രം ഞാൻ പറയാം. പെൻഷൻ - യു.ഡി.എഫ്.-ന്റെ കാലത്ത് 9,011 കോടി രൂപയാണ് ചെലവഴിച്ചത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് ചെലവഴിച്ചത് 34,000 കോടി രൂപയാണ്. യു.ഡി.എഫ്.-ന്റെ കാലത്ത് പെൻഷൻകാരുടെ എണ്ണം 34 ലക്ഷമായിരുന്നത് എൽ.ഡി.എഫ്.-ന്റെ കാലത്ത് 59.5 ലക്ഷമായി വർദ്ധിപ്പിച്ചു.

പൊതുവിതരണം- 5,242 കോടി രൂപയാണ് യു.ഡി.എഫ്.-ന്റെ കാലത്ത് ചെലവഴിച്ചതെങ്കിൽ എൽ.ഡി.എഫ്.-ന്റെ കഴിഞ്ഞ അഞ്ചുകൊല്ലക്കാലം 11,000 കോടി രൂപയാണ് ചെലവാക്കിയത്. സി.എം.ഡി.ആർ.എഫ്.-ൽ നിന്ന് 802 കോടി രൂപയാണ് യു.ഡി.എഫ്.-ന്റെ കാലത്ത് നൽകിയതെങ്കിൽ 5,572 കോടി രൂപയാണ് കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് നൽകിയത്. പ്രളയ സഹായമായി മാത്രം 3,729 കോടി രൂപയാണ് ചെലവാക്കിയത്. പൊതുമരാമത്ത് റോഡുകളുടെ നവീകരണം - 7,780 കിലോമീറ്ററാണ് യു.ഡി.എഫ്.-ന്റെ കാലത്ത് നിർവ്വഹിച്ചതെങ്കിൽ കഴിഞ്ഞ അഞ്ചുകൊല്ലക്കാലം 12,000 കിലോമീറ്റർ റോഡാണ് പണിതത്. കുടിവെള്ള കണക്ഷൻ - 4.9 ലക്ഷമാണ് യു.ഡി.എഫ്.-ന്റെ കാലത്ത് നൽകിയത്. എൽ.ഡി.എഫ്.-ന്റെ കാലത്ത് അത് 11 ലക്ഷമാണ്. വൈദ്യുതി ഉൽപ്പാദനം - 88 മെഗാവാട്ട് യു.ഡി.എഫ്.-ന്റെ കാലം, 236 മെഗാവാട്ട് എൽ.ഡി.എഫ്.-ന്റെ കാലം. പ്രവാസിക്ഷേമം - യു.ഡി.എഫ്.-ന്റെ കാലത്ത് 68 കോടി രൂപയും ഇടതുപക്ഷത്തിന്റെ കാലത്ത് 180 കോടി രൂപയുമാണ് ചെലവഴിച്ചത്. സ്റ്റാർട്ടപ്പുകൾ 300 എണ്ണമാണ് യു.ഡി.എഫ്.-ന്റെ കാലത്തുണ്ടായിരുന്നതെങ്കിൽ, കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് 3900 എണ്ണമാണ് കേരളത്തിൽ തുടങ്ങാൻ കഴിഞ്ഞത്. യു.ഡി.എഫ്.-ന്റെ കാലത്ത് പൊതുവിദ്യാലയത്തിലെ കുട്ടികളുടെ എണ്ണം 4.9 ലക്ഷം കുറവായിരുന്നു. എന്നാൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ 5 കൊല്ലത്തെ ഇടതുപക്ഷ ഭരണത്തിന്റെ ബാക്കിപത്രമായി കുട്ടികളുടെ എണ്ണത്തിൽ 6.79 ലക്ഷത്തിന്റെ വർദ്ധനവുണ്ടായി. 3113 പി.എസ്.സി. റാങ്ക് ലിസ്റ്റുകളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് പ്രസിദ്ധീകരിച്ചത്. കഴിഞ്ഞ അഞ്ചുവർഷത്തെ റാങ്ക് ലിസ്റ്റുകളുടെ എണ്ണം 4012 ആണ്. പുതിയ പോസ്റ്റ് ക്രിയേഷൻ യു.ഡി.എഫ്.-ന്റെ കാലത്ത് കാര്യമായിട്ടുണ്ടായിരുന്നില്ല. എന്നാൽ കഴിഞ്ഞ അഞ്ചുവർഷം 44,000 പോസ്റ്റുകളാണ് പുതുതായി ക്രിയേറ്റ് ചെയ്യപ്പെട്ടത്. നെൽവയലിന്റെ വിസ്തൃതി യു.ഡി.എഫ്.-ന്റെ കാലം 1.78 ലക്ഷം ഹെക്ടറായിരുന്നത് എൽ.ഡി.എഫ്.-ന്റെ കാലത്ത് 2.23 ലക്ഷം ഹെക്ടറായി വർദ്ധിച്ചു. ലൈഫ് മിഷൻ പദ്ധതി പ്രകാരം വീടില്ലാത്ത 2.45 ലക്ഷം പേർക്ക് വീട് കൊടുത്തു. എല്ലാം ഞാൻ പറയുന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് എന്തെല്ലാം എക്സ്പെൻഡിച്ചർ ഉണ്ടായി എന്നുള്ള കാര്യം നിങ്ങൾക്ക് മനസ്സിലാവില്ല. കാരണം ഈ കണക്കുകൾ നിങ്ങളെ അസ്വസ്ഥമാക്കുന്നവയാണ്. അതുകൊണ്ട് നിങ്ങൾക്കിത് മനസ്സിലാവില്ല.

രാവിലെയും ചോദ്യോത്തരവേളയുടെ ഭാഗമായും കടം വാങ്ങിയതിന്റെ പ്രശ്നത്തെക്കുറിച്ച് നിങ്ങളെല്ലാവരും പറഞ്ഞു. ഇലക്ഷൻ കാലത്ത് നിങ്ങൾ പറഞ്ഞതെന്താ? കടത്തിൽ പെരുകിപ്പോകും, വാങ്ങിയാൽ തിരിച്ചുകൊടുക്കാൻ

മാർഗ്ഗം ഇല്ലാതാകും എന്നെല്ലാമല്ലേ പറഞ്ഞത്. ജനങ്ങൾ പറഞ്ഞതെന്താണ്; കടം വാങ്ങിച്ചാൽ മടക്കിക്കൊടുക്കാൻ കഴിയാത്ത നിങ്ങൾ ഭരിക്കണ്ട, ഞങ്ങൾ ഭരിക്കട്ടെ എന്നുപറഞ്ഞു. ചായക്കടയിൽ കയറി ചായ വാങ്ങിക്കുടിച്ചതിനുശേഷം ബില്ല് കിട്ടുമ്പോൾ 'കാശ് അണ്ണൻ തരും' എന്ന് പറയുന്ന ആൾക്കാർ കാശ് കടം ചോദിച്ചാൽ നാട്ടിൽ ആര് കൊടുക്കും? അതുകൊണ്ടാണ് നിങ്ങൾ പ്രതിപക്ഷത്തിരിക്കണമെന്ന് ജനങ്ങൾ പറഞ്ഞത്. കടം വാങ്ങാത്തവരാണോ യു.ഡി.എഫ്.കാർ? അഞ്ചുവർഷം ഭരിച്ച യു.ഡി.എഫ്. നേരത്തെയുണ്ടായിരുന്ന കടം ഇരട്ടിയാക്കിയവരാണ്. 2011-ൽ 72,000 കോടി രൂപയായിരുന്ന കടം 2016 ആയപ്പോൾ 1.7 ലക്ഷം കോടി രൂപയായി വർദ്ധിപ്പിച്ചവരല്ലേ യു.ഡി.എഫ്.? 5 കൊല്ലംകൊണ്ട് നേരെ ഇരട്ടിയാക്കിയവരല്ലേ? ഇപ്പോൾ 3.3 ലക്ഷം കോടി രൂപ കടമുണ്ട്. അങ്ങനെ കടമെടുത്തപ്പോൾ ഏതെങ്കിലും തരത്തിലുള്ള മാനദണ്ഡം ഗവൺമെന്റ് ലംഘിച്ചിട്ടുണ്ടോ; അങ്ങനെ പറയാൻ സാധിക്കുമോ? കടം വാങ്ങുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. ആ മാനദണ്ഡം മാറ്റിമറിച്ചുകൊണ്ട് കടം വാങ്ങിയെന്നുണ്ടെങ്കിൽ നിങ്ങൾ പറയൂ, ഒരു സംസ്ഥാനത്തിന് വാങ്ങാനാകുന്ന പരിധിക്കകത്തുനിന്നുകൊണ്ട് എല്ലാ മാനദണ്ഡങ്ങളും പാലിച്ച് കടം വാങ്ങിയെങ്കിൽ, അതുകൊണ്ട് കേരളത്തിനെ വികസനത്തിന്റെ നെറുകയിലെത്തിച്ച, അസാമാന്യമായ, അത്ഭുതകരമായ നേട്ടങ്ങളുണ്ടാക്കിയ ഗവൺമെന്റാണ് കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റ് എന്ന് ആർക്കും പറയാൻ കഴിയും. നിങ്ങൾ അങ്ങനെയാണോ; നിങ്ങൾ കടം വാങ്ങിയതെന്തിനാ? പാലാരിവട്ടംപാലം പോലെയുള്ള പാലം പണിയാനല്ലേ നിങ്ങൾ കടം മേടിച്ചത്? കയ്യിട്ടുവാരാൻ ഖജനാവിൽ കാശില്ലാതെ വന്നപ്പോൾ, ഖജനാവ് നിറയ്ക്കാൻ കടം വാങ്ങിയ കൂട്ടരുടെ പേര് യു.ഡി.എഫ്. എന്നല്ലേ? ചരിത്രത്തിലാദ്യമായിരിക്കും അങ്ങനെ. ഖജനാവ് കൊള്ളയടിക്കാൻ കാശില്ലാത്തതുകൊണ്ട് കടം വാങ്ങിയവർ എന്ന് നിങ്ങൾക്കൊരു സ്ഥാനപ്പേര് കിട്ടുമെന്നുള്ളതല്ലാതെ വേറെ ഒരു കാര്യവുമില്ല. ഞാൻ ദീർഘമായി പറഞ്ഞുപോകുന്നില്ല. നിങ്ങൾ ഈ നാടിന്റെ പ്രയാസം കാണുന്നില്ല, സാമ്പത്തിക പ്രതിസന്ധി കാണുന്നില്ല. ഒരു പ്രതിപക്ഷത്തിന്റെ സാമാന്യമായ ജനാധിപത്യ മര്യാദയനുസരിച്ച്, ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് പ്രതിപക്ഷം ഒരു വാക്കുപോലും പറയുന്നില്ലല്ലോ? നമ്മുടെ സാമ്പത്തിക വരുമാനം കുറഞ്ഞു, ആഭ്യന്തര ഉല്പാദനം 3.82% കുറഞ്ഞു. സംസ്ഥാനത്തിന്റെ പൊതുവരുമാനം 18.77% ഇടിഞ്ഞു. ഇതൊന്നും കാണാനും പറയാനും നിങ്ങൾക്ക് നാവ് പൊങ്ങില്ല. അങ്ങനെയെല്ലാം ഒരുപാട് പ്രയാസമുള്ള കാലത്താണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടതെന്നുള്ളത് ഏറ്റവും ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്.

ജനങ്ങൾക്കുമേൽ ഒരു ചെറിയ ഭാരംപോലും ഉണ്ടാക്കാത്ത ബഡ്ജറ്റാണ് സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബഡ്ജറ്റ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റുണ്ടായ കാലമാണ് കഴിഞ്ഞ അഞ്ചുവർഷക്കാലമെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ. ഇവിടെ പ്രതിപക്ഷ മെമ്പർമാരിൽ പലരും ഇപ്പോഴും കിഫ്ബിയെ വിമർശിക്കുകയാണ്. ഇത്തരത്തിൽ മോശമായ കിഫ്ബിയുടെ കാശുകൊണ്ട് ഒരു പദ്ധതിയും തങ്ങളുടെ മണ്ഡലത്തിൽ വേണ്ടായെന്നൊരു വാക്ക് അങ്ങനെ വിമർശിക്കുന്ന മെമ്പർമാർ പറയുമോ? അതെല്ലാം പോരട്ടെയെന്ന് പറയും. എന്നിട്ട് കിഫ്ബിയെക്കുറിച്ച് അനാവശ്യ വർത്തമാനം പറഞ്ഞുകൊണ്ടേയിരിക്കും. ഇതാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന കാര്യം. 63,259 കോടി രൂപയുടെ 903 പദ്ധതികളാണ് കേരളത്തിൽ കിഫ്ബി വഴി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അതിൽ 20,000 കോടി രൂപ ആറ് വൻകിട പദ്ധതികൾക്കാണ്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ ഏറ്റവും വലിയ ഇൻവെസ്റ്റ്മെന്റുണ്ടായ കാലം കഴിഞ്ഞ അഞ്ചുവർഷക്കാലമാണെന്ന് നമുക്ക് കാണാൻ കഴിയും. നമ്മൾ കടം വാങ്ങിയ പണംകൊണ്ട്, നമ്മൾ സമാഹരിച്ച തുക കൊണ്ട് സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ, കടൽഭിത്തി, പുലിമുട്ട്, കാർഷികമേഖല പദ്ധതികൾ തുടങ്ങിയവയെല്ലാം അതിസമ്പന്നമായി മുന്നോട്ടുകൊണ്ടുപോയ, സമഗ്രതയാർന്ന വികസനത്തിന്റെ കാഴ്ചപ്പാടും അതിന്റെ ഉൾച്ചേരലുകളും കിഫ്ബിയുടെ സ്കീമിൽ കാണാൻ സാധിക്കും. കേരളത്തെ സമഗ്രതയാർന്ന വികസനത്തിന്റെ നെറുകയിലെത്തിക്കുന്നതിനുവേണ്ടി കിഫ്ബിയെന്ന സംവിധാനം കൊണ്ടു വന്നൊരു സർക്കാരിനെ ശ്ലാഘിക്കുന്നതിന് പകരം അനാവശ്യമായ വർത്തമാനം പറയുന്ന പണിയാണ് നിങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. പുതുക്കിയ ബഡ്ജറ്റിൽ അദ്ദേഹം പറഞ്ഞ ധാരാളം കാര്യങ്ങളുണ്ട്. അതിൽ രണ്ട് കാര്യങ്ങൾ ഞാൻ പറയാം - 20,000 കോടി രൂപയുടെ കോവിഡ് ആരോഗ്യ പാക്കേജ്, തീരദേശ സംരക്ഷണത്തിന് 5300 കോടി രൂപ. ഇതിൽ 2300 കോടി രൂപ കിഫ്ബിയുടെ ഭാഗമാണ്. ഇതിലെല്ലാം ഒരു കാര്യം കാണുവാൻ കഴിയും. ഇന്നാട്ടിൽ ദുർബലമായി ജീവിക്കുന്ന പാവങ്ങളുടെ ജീവിതമാണ് ഞങ്ങളുടെ പ്രയോറിറ്റിയെന്ന് ഈ പുതുക്കിയ ബഡ്ജറ്റിലും കൃത്യമായി കാണാൻ കഴിയും. രണ്ടാം പിണറായി സർക്കാരും അതേ കാഴ്ചപ്പാടുമായി മുന്നോട്ടുപോകുമെന്ന വ്യക്തമായ ദിശ നൽകുന്നതാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കുന്നത്. അഞ്ചുകൊല്ലം കണ്ടതിനേക്കാളേറെ മുന്നോട്ടുപോകാൻ കഴിയുന്ന നിലയിലേയ്ക്ക് കേരളത്തെ

കൊണ്ടുപോകാൻ തീർച്ചയായും ഈ ബഡ്ജറ്റിന് കഴിയുമെന്ന ഉറച്ച വിശ്വാസമുണ്ട്. പൊന്നരിവാൾ അമ്പിളിയിൽ കണ്ണെറിഞ്ഞ മലയാളത്തിന്റെ പ്രിയപ്പെട്ട കവി ഒ.എൻ.വി. കുറുപ്പ് 'വീടുകൾ' എന്ന കവിതയിൽ വരയ്ക്കുന്നൊരു ചിത്രമുണ്ട്.

'ഒരു പരുന്തിൻ നിഴൽ മുറ്റത്തുവീശുന്നു,

കൊക്കിലെ തീറ്റയുമുപേക്ഷിച്ച് തള്ളയാ-

ക്കൊച്ചുങ്ങളെ തൻ ചിറകിനടിയിലൊതുക്കുന്നു.'

ഇത് ഒരമ്മയുടെ കരുതലാണ്, കാരുണ്യമാണ്, വൈകാരികമായ ഭാവമുള്ള മനോഹരമായ സ്നേഹമാണ്. ആകാശത്ത് പറക്കുന്ന പരുന്തിന്റെ നിഴൽ മുറ്റത്ത് വീശുമ്പോൾ കൊക്കിലെ തീറ്റയുപേക്ഷിച്ച് കൊച്ചുങ്ങളെ ചിറകിനടിയിലൊതുക്കുന്ന തള്ളപ്പിടക്കോഴിയുടെ ദൃശ്യമാണിതിൽ കാണാൻ കഴിയുന്നത്. ഏത് പരുന്ത് റാഞ്ചാൻ വന്നാലും ഏത് പ്രതിബന്ധങ്ങൾ വന്നാലും ജനങ്ങളെ ചിറകിനടിയിൽ ചേർത്തുപിടിക്കുന്ന കരുതലാണ് പിണറായി സർക്കാർ. അതുകൊണ്ട് കരുതലോടെ കാക്കുന്ന ഈ സർക്കാർ എല്ലാ പ്രതിബന്ധങ്ങളെയും തട്ടിമാറ്റി മുന്നോട്ടുപോകും. കേരളം തോൽക്കാത്ത ജനതയായി ജീവിക്കും. അങ്ങനെ തോൽക്കാത്ത ജനതയായി കേരളം ജീവിക്കുമ്പോൾ എപ്പോഴും തോറ്റു കൊണ്ടേയിരിക്കാൻ ഒരു കൂട്ടർ കാണും കേരളത്തിൽ. അക്കൂട്ടരുടെ പേര് ഐക്യജനാധിപത്യ മുന്നണി എന്നായിരിക്കും. അതുമാത്രമാണ് നിങ്ങൾക്ക് ചേരുന്ന ഭാഷ്യമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ഇവിടെ അവതരിപ്പിക്കപ്പെട്ട പുതുക്കിയ ബഡ്ജറ്റിനെ സ്വാഗതം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി, നമസ്കാരം.

ശ്രീ. ലിന്റോ ജോസഫ്: സർ, ഒന്നാം പിണറായി സർക്കാരിനുവേണ്ടി ഡോ. ടി. എം. തോമസ് ഐസക് 2021 ജനുവരിയിൽ അവതരിപ്പിച്ച ബഡ്ജറ്റും രണ്ടാം പിണറായി സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിനെയും ഞാൻ സ്വാഗതം ചെയ്യുന്നു. കഴിഞ്ഞ അഞ്ചുവർഷം ഇടതുപക്ഷ സർക്കാർ ജനങ്ങളുടെ ഹൃദയത്തിലായിരുന്നു ഇടംപിടിച്ചിരുന്നതെന്നതിനുള്ള പ്രകടമായ ഉദാഹരണമാണ് 99:41 എന്ന കണക്ക്. ഭരണപക്ഷത്തെ ഭരണപക്ഷമായും പ്രതിപക്ഷത്തെ പ്രതിപക്ഷമായും തന്നെ പുന:സ്ഥാപിച്ച കേരളത്തിലെ പ്രബുദ്ധ ജനതയോടും തിരുവമ്പാടിയിലെ വികസനത്തിന് വോട്ടുനൽകിയ ജനതയോടുമുള്ള നന്ദി ഈ അവസരത്തിൽ ഞാൻ അറിയിക്കുകയാണ്. സർവ്വതലസ്പർശിയായ ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തിൽ

കോവിഡ് പ്രതിസന്ധിമൂലം സംസ്ഥാനത്തിന്റെ ജി.ഡി.പി.യിൽ 3.82 ശതമാനത്തിന്റെ കുറവാണുണ്ടായിട്ടുള്ളത്. സംസ്ഥാനത്തിന്റെ പൊതു വരുമാനത്തിൽ 18.7% ഇടിവുണ്ടാവുകയും ചെയ്തു. സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. നഷ്ടപരിഹാരം നൽകാതെയും പ്രതിസന്ധികളിൽ കൈത്താങ്ങാകേണ്ട കേന്ദ്രം അത് ചെയ്യാതെയും ചെയ്തതിന് കൂലി വാങ്ങുകയും ചെയ്യുമ്പോഴാണ് നികുതി വർദ്ധനവുകളില്ലാതെ ഏറ്റവും പ്രശംസനീയമായ ബഡ്ജറ്റ് ഈ സഭയിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ സമസ്ത മേഖലകളിലും സഹായവും സംരക്ഷണവും വികസനവും ഉറപ്പുവരുത്തുന്ന ബഡ്ജറ്റാണ് അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ആരോഗ്യത്തിന് പ്രഥമ പരിഗണന നൽകുകയും ആരോഗ്യവും ഭക്ഷണവും ഉറപ്പാക്കുകയും തൊഴിലും വരുമാനവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ് ഈ ബഡ്ജറ്റ്. കാർഷിക മേഖലയിലൂന്നി മുന്നോട്ടുപോകുന്നൊരു മണ്ഡലമാണ് എന്റെ തിരുവമ്പാടി മണ്ഡലം. നിലവിൽ നമ്മുടെ ബഡ്ജറ്റിൽ അവതരിപ്പിച്ചിട്ടുള്ള നിരവധി പദ്ധതികൾ നമ്മുടെ കാർഷിക മേഖലയ്ക്ക് പുത്തനുണർവ് നൽകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കോവിഡ് എല്ലാ മേഖലയിലും സൃഷ്ടിച്ച പ്രതിസന്ധിപോലെ കാർഷിക മേഖലയിലും നിരവധി പ്രതിസന്ധികൾ സൃഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഈ കാർഷിക പ്രതിസന്ധികൾക്കിടയിലും ഒരു കർഷകൻ മാത്രമാണ് ഇഞ്ചികൃഷിയിലൂടെ രക്ഷപ്പെട്ടതെന്ന് ഞാൻ ഈ സഭയിൽ അറിയിക്കുകയാണ്. ഈ പ്രതിസന്ധി ഘട്ടത്തിൽ കഴിഞ്ഞ വർഷത്തെ ഗവൺമെന്റ് തിരുവമ്പാടി മണ്ഡലത്തിനുവേണ്ടി അനുവദിച്ചിട്ടുള്ള കോൾഡ് സ്റ്റോറേജ്, പഴം-പച്ചക്കറി സംഭരണ-സംസ്കരണ-കയറ്റുമതി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്ന തിനാവശ്യമായ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ ഉണ്ടാകണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. കാർഷികമേഖലയ്ക്കായി ഈ ബഡ്ജറ്റിൽ 5 അഗ്രോപാർക്കുകളാണ് അനുവദിച്ചിട്ടുള്ളത്. അതിലൊന്ന് തിരുവമ്പാടി മണ്ഡലത്തിൽ അനുവദിക്കണമെന്നുകൂടി ഈ അവസരത്തിൽ ഞാൻ അപേക്ഷിക്കുകയാണ്.

വന്യമൃഗശല്യം പ്രതിദിനം വർദ്ധിച്ചുവരികയാണ്. കാർഷിക മേഖല കോവിഡ്മൂലം പ്രതിസന്ധിയിലാകുന്ന ഘട്ടത്തിൽ ഉന്തിന്റെ കൂടെയൊരു തള്ളും എന്ന നിലയിലാണ് വന്യമൃഗശല്യം കാർഷികമേഖലയെ പിടിച്ച് കുലുക്കുന്നത്. നിലവിൽ കർഷകർക്ക് ഭീഷണിയാകുന്ന നിലയിൽ വന്യമൃഗശല്യം രൂക്ഷമാകുമ്പോൾ വന്യമൃഗങ്ങളിൽനിന്ന് കൃഷിയെയും കൃഷിക്കാരെയും സംരക്ഷിക്കാനാവശ്യമായ ഏറ്റവും നൂതനമായ പദ്ധതികൾ നമുക്ക് നടപ്പിലാക്കാൻ കഴിയണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. സംസ്ഥാന

സർക്കാരിന്റെ ഡ്രീം പ്രോജക്ടുകളായി, സംസ്ഥാനത്തിലെ ഏറ്റവും മികച്ചൊരു പ്രവർത്തിയായി മാറാൻ പോകുകയാണ് മലയോര മേഖലയുടെ സ്വപ്നപദ്ധതിയായ തുരങ്കപാത. കള്ളാടി-മേപ്പാടിയെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ തുരങ്കപാത ഒരു സ്വപ്നപദ്ധതിയായി മാറുകയാണ്. ആ സ്വപ്നപദ്ധതിയെ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞ ഗവൺമെന്റ് 658 കോടി രൂപയാണ് ബഡ്ജറ്റിലൂടെ അനുവദിച്ചത്. സർവ്വെ നടപടികൾ പൂർത്തിയായി അലൈൻമെന്റ് അംഗീകരിച്ച് ഡി.പി.ആർ. അന്തിമഘട്ടത്തിലെത്തി നിൽക്കുമ്പോൾ സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി വളരെ വേഗത്തിൽ ഈ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നിലപാടുകൾ നമുക്കുണ്ടാക്കിയെടുക്കാൻ കഴിയണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. കോവിഡാണ് ഭരണത്തുടർച്ച യുണ്ടാക്കിയതെന്ന് പ്രതിപക്ഷം ഇവിടെ വലിയ രൂപത്തിൽ പറയുകയാണ്. പ്രതിസന്ധി ഘട്ടത്തിൽ കേരളത്തിലെ ജനങ്ങളെ ചേർത്തുപിടിക്കാൻ ഒരു ഗവൺമെന്റ് തയ്യാറാകുമ്പോൾ ആ ഗവൺമെന്റിനെ ചേർത്തുനിർത്താൻ കേരളത്തിലെ ജനങ്ങൾ തയ്യാറാകുമെന്നുള്ളതാണ് കഴിഞ്ഞ ഇലക്ഷൻ റിസൾട്ട് ചൂണ്ടിക്കാണിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. കാലഘട്ടത്തിൽ അവർ ചേർത്തുപിടിച്ചത് മറ്റ് ചിലതിനെയായിരുന്നു. അത് ഈ സഭയിൽ ഞങ്ങൾ പറയുന്നില്ലായെന്ന് മാത്രമാണ് ഈ അവസരത്തിൽ ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. കോവിഡ് പ്രതിസന്ധിയെക്കുറിച്ച് സൂചിപ്പിച്ച്, ഇവിടെപ്പറഞ്ഞത് തൊലിപ്പുറത്തുള്ള ചികിത്സ എന്നാണ്. തൊലിപ്പുറത്തുള്ള ചികിത്സയല്ല, ഹൃദയത്തിലുള്ള ചികിത്സയായിരുന്നുവെന്ന് തിരിച്ചറിഞ്ഞതിന്റെ ബോധത്തിൽനിന്നാണ് ബഹുമാനപ്പെട്ട അങ്കമാലി അംഗത്തിന് ആ അങ്കലാപ്പ് ഉണ്ടായതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ സാധാരണക്കാരന്റെ കയ്യിലേയ്ക്ക് പണം എത്തിക്കണമെന്നാണ് സൂചിപ്പിച്ചത്. മുഖ്യമന്ത്രി പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ പാക്കേജ് എങ്ങനെയാണ് സാധാരണ ജനങ്ങളുടെ കയ്യിലേയ്ക്ക് എത്തിച്ചതെന്നത് കണക്കുകൾ പറയുകയാണ്. രണ്ടുമാസത്തെ ക്ഷേമ പെൻഷൻ അധികമായി നൽകാൻ 1,320 കോടി രൂപയാണ് ഈ ഗവൺമെന്റ് അനുവദിച്ചത്. ക്ഷേമ പെൻഷനുകൾ ഇല്ലാത്തവർക്ക് പ്രത്യേക ധനസഹായമായി 1,000 രൂപ വീതം നൽകാൻ ഈ സർക്കാർ തീരുമാനിച്ചു. കുടുംബശ്രീ മുഖാന്തരം 2,000 കോടി രൂപയുടെ പലിശരഹിത വായ്പയാണ് ഈ ഗവൺമെന്റ് നൽകിയത്. തൊഴിലുറപ്പ് പദ്ധതിയിൽ അധിക തൊഴിൽ നൽകാൻ 2,000 കോടി രൂപ അനുവദിച്ചു. സ്കൂൾ കുട്ടികൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തു. 87.7 ലക്ഷം കുടുംബങ്ങൾക്ക് ഒരു വിവേചനവുമില്ലാതെ ഭക്ഷ്യകിറ്റുകൾ വീടുകളിലെത്തിച്ചു നൽകി. ഇരുപത് രൂപയുടെ ഉച്ചയൂണ് ലഭിക്കുന്ന 1000 ഹോട്ടലുകളാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

കേരളത്തിൽ നടപ്പിലാക്കിയത്. ഇങ്ങനെ ജനത്തെ ചേർത്തുപിടിച്ചാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് വീണ്ടും തുടർഭരണത്തിലെത്തിയത്. അതിലുള്ള അങ്കലാപ്പും തൊലിപ്പുറത്തെ ചികിത്സയും മാറ്റിവച്ചിട്ട് ഈ പ്രവർത്തനങ്ങളോട് ഐക്യപ്പെടാനാണ് നിങ്ങൾ തയ്യാറാകേണ്ടതെന്നാണ് പ്രതിപക്ഷത്തോട് ഞങ്ങൾക്ക് ആവശ്യപ്പെടാനുള്ളത്. ഇന്നിപ്പോൾ കേന്ദ്രത്തിന്റെ വാക്സിൻ നയം തിരുത്തുകയാണ്. കോൺഗ്രസ് വലിയ രാഷ്ട്രീയകക്ഷിയായി നിലനിൽക്കുന്ന സമയത്ത്, കോൺഗ്രസ്സിനൊന്നും ചെയ്യാൻ കഴിയാതെവരുന്ന സമയത്ത് കേരളത്തിന്റെ ആരാധ്യനായിട്ടുള്ള മുഖ്യമന്ത്രി അനൗദ്യോഗിക പ്രതിപക്ഷമായി ഈ രാജ്യത്ത് മാറുകയാണ്. ബി.ജെ.പി. ഇതര ഗവൺമെന്റുകളെ ചേർത്തുപിടിച്ചുകൊണ്ട് അദ്ദേഹം നടത്തിയ ഇടപെടലുകൾ കാരണമാണ് കേന്ദ്രം വാക്സിൻ നയം തിരുത്താൻ തയ്യാറായതെന്നുള്ളതാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത. കേന്ദ്രം വാക്സിൻ നൽകിയില്ലെങ്കിൽ ജനങ്ങൾക്ക് സൗജന്യമായി വാക്സിൻ നൽകുന്നതിനുവേണ്ടി 1,000 കോടി രൂപ നീക്കിവച്ചിട്ടുള്ള ബഡ്ജറ്റാണിത്. ഇങ്ങനെയുള്ള നിരവധിയായ പ്രവർത്തനങ്ങളിലൂടെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് വീണ്ടും തുടർഭരണത്തിലേയ്ക്ക് എത്തിയതെന്നുള്ളതാണ് ഈ അവസരത്തിൽ നിങ്ങളോട് സൂചിപ്പിക്കാനുള്ളത്. ഇവിടെ കടത്തെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് രണ്ടരലക്ഷത്തിലധികം വരുന്ന ഭവനരഹിതരായിട്ടുള്ള ആളുകൾക്ക് ഈ ഗവൺമെന്റ് ഭവനം നൽകിയിട്ടുണ്ട്. ആ കടത്തെക്കുറിച്ചാണോ നിങ്ങൾ പറയുന്നത്? സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ ഗവൺമെന്റ് ഹൈടെക്ക് ആക്കിയിട്ടുണ്ട്, ആ കടത്തെക്കുറിച്ചാണോ നിങ്ങൾ പറയുന്നത്? ഇങ്ങനെ നിരവധിയായ പ്രവർത്തനങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നേതൃത്വത്തിൽ നടത്തിയിട്ടാണ് ഈ ഗവൺമെന്റ് വീണ്ടും തുടർഭരണത്തിലേറിയിരിക്കുന്നത്. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, കഴിഞ്ഞ ദിവസം ഓൺലൈൻ പഠനത്തെക്കുറിച്ച് വളരെ വലിയ ചർച്ചകൾ നടന്നു. ഞാൻ ഓർക്കുകയാണ്, 2016-ൽ ഞങ്ങളൊക്കെ തല്ലുകൊണ്ട്, ജയിലിൽപ്പോയ ഒരു സമരമുണ്ട്. ആ സമരത്തിന്റെ പേര് പാഠപുസ്തക സമരമെന്നാണ്. കുട്ടികൾക്ക് നൽകേണ്ട പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയാതിരുന്ന സമയത്ത് ഞങ്ങൾ നടത്തിയ സമരത്തെ ചോരയിൽ മുക്കിക്കൊന്ന് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഞങ്ങളോട് പറഞ്ഞത് ഓണം നേരത്തെ വന്നതുകൊണ്ടാണ് പാഠപുസ്തകം അച്ചടിച്ച് വിതരണം ചെയ്യാൻ കഴിയാതിരുന്നതെന്നാണ്. അവരാണ് ഇന്ന് ഓൺലൈൻ പഠനത്തെക്കുറിച്ച് ദീർഘവീക്ഷണപരമായിട്ടുള്ള പ്രസംഗങ്ങൾ നടത്തുന്നത്. നിങ്ങളുടെ കാലഘട്ടത്തിൽ പാഠപുസ്തകങ്ങൾപോലും കൃത്യമായി

അച്ചടിച്ച് വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ലെന്നുള്ളത് ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. കേരളത്തിൽ സംരക്ഷിത അദ്ധ്യാപകരെ സൃഷ്ടിച്ചവരാണ് യു.ഡി.എഫ്. കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭകരമല്ലെന്ന് പറഞ്ഞ് അടച്ചുപൂട്ടാൻ ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് തയ്യാറായെന്നുള്ള കാര്യം ഈ അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. എന്തുകൊണ്ടാണ് യു.ഡി.എഫ്. പ്രഖ്യാപിച്ച മോഹന വാഗ്ദാനങ്ങളിൽ കേരളത്തിലെ ജനങ്ങൾ വീണുപോകാതിരുന്നതെന്ന് നമ്മൾ ആലോചിക്കേണ്ടതാണ്. 3,000 രൂപ ക്ഷേമ പെൻഷനുകൾ നൽകും, 6,000 രൂപ ന്യായ് പദ്ധതിയിലൂടെ നൽകും, വീട്ടമ്മമാർക്ക് പ്രത്യേക പദ്ധതികൾ നൽകും എന്നിങ്ങനെയുള്ള നിരവധിയായ മോഹനവാഗ്ദാനങ്ങൾ നൽകിയിട്ടും കേരളത്തിലെ ജനങ്ങൾ വീണുപോകാതിരുന്നത്, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേവലം 600 രൂപയുണ്ടായിരുന്ന ക്ഷേമപെൻഷൻ 18 മാസം കുടിശ്ശികയാക്കി പാവപ്പെട്ട ജനങ്ങളെ ദുരിതത്തിലാഴ്ത്തിയതുകൊണ്ടാണ്. യു.ഡി.എഫ്. പറയുന്ന വാക്കുകൾ കേരളത്തിൽ നടപ്പാക്കാനുള്ളതല്ല, അത് നേരത്തെ സൂചിപ്പിച്ചതുപോലെ തൊലിപ്പുറത്തെ ചികിത്സ മാത്രമാണെന്നുള്ളത് ജനങ്ങൾക്ക് ബോധ്യപ്പെട്ടിരിക്കുകയാണ്. കേരളത്തിലെ ഈ തെരഞ്ഞെടുപ്പ് വിജയം മാധ്യമ തമ്പുരാന്മാർക്ക് ഏറ്റിട്ടുള്ള ഏറ്റവും വലിയ അടികൂടിയാണ്. മാധ്യമങ്ങൾ തോൽപ്പിച്ചിട്ടുള്ള ധാരാളം പേർ ഇന്ന് ഈ സഭയിൽ ഇരിക്കുകയാണ്. മാധ്യമങ്ങൾ ജയിപ്പിച്ചിട്ടുള്ള മുഴുവൻ ആളുകളും ഇന്ന് സഭയ്ക്ക് പുറത്തിരിക്കുകയാണ്. പ്രതിപക്ഷ ദുരാരോപണങ്ങളാൽ തകരുന്നതോ മാധ്യമ വിചാരണകളാൽ തകർക്കപ്പെടുന്നതോ അല്ല കേരളത്തിന്റെ പൊതുബോധമെന്ന് തിരിച്ചറിഞ്ഞിട്ടുള്ള ഒരു കാലഘട്ടം കൂടിയാണിത്. ഈ സഭയിൽ ഇത്തരമൊരു പ്രസംഗത്തിന് വേദിയൊരുക്കിത്തന്ന തിരുവമ്പാടിയിലെ എന്റെ ജനതയോടുള്ള അകമഴിഞ്ഞ സ്നേഹവും കടപ്പാടും ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. ചരിത്രം നമ്മെ പഠിപ്പിക്കുന്നത് മഹാന്മാരായ ഗുരുക്കന്മാർക്ക് മഹാന്മാരായ ശിഷ്യന്മാരുണ്ടാകുമെന്നാണ്. സോക്രട്ടീസിന്റെ ശിഷ്യൻ പ്ലേറ്റോ, പ്ലേറ്റോയുടെ ശിഷ്യൻ അരിസ്റ്റോട്ടിൽ, അരിസ്റ്റോട്ടിലിന്റെ ശിഷ്യൻ അലക്സാണ്ടർ ഇങ്ങനെ പോകുന്നു ആ നിര. മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ ശിഷ്യൻ തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ എന്ന് അദ്ദേഹത്തിന്റെ കന്നി ബഡ്ജറ്റുകൊണ്ടുതന്നെ തെളിയിച്ചിരിക്കുകയാണ്. എനിക്ക് പിന്നാലെ വരുന്നവർ എന്നേക്കാൾ

മുമ്പനായിത്തീരുമെന്ന ബൈബിൾ വചനം ഞാൻ ഓർമ്മിക്കുകയാണ്. ചരിത്രം സൃഷ്ടിച്ച അഞ്ചാണ്ട് ഭരണത്തിന് ജനങ്ങൾ നൽകിയ പുരസ്കാരമേറ്റുവാങ്ങിക്കൊണ്ടാണ് വിജയശ്രീലാളിതരായി ഈ ഗവൺമെന്റ് അധികാരത്തിലെത്തിയത്. ഉദിക്കുന്ന സൂര്യന്റെ മുന്നിൽ ഒളിക്കുന്ന മിന്നാമിനുങ്ങായി പ്രതിപക്ഷം മാറിയിരിക്കുകയാണ്. അവർ സ്വന്തം പ്രവൃത്തിയിൽനിന്ന് ഇരന്നുവാങ്ങിയ ദുരന്തമായി ഈ പരാജയം മാറിയിരിക്കുകയാണ്. സമ്പൂർണ്ണ പരാജയത്തിന്റെ വന്യമായൊരു ശൂന്യതയാണ് നമ്മൾ കാണുന്നത്. ഇപ്പോൾ അവർ അന്ധന്മാർ ആനയെ കാണുന്നതുപോലെ ഈ പരാജയം വിലയിരുത്തുകയാണ്. കാള വിളവ് തിന്നപ്പോൾ കഴുതയെ ശിക്ഷിക്കുന്നതുപോലെയുള്ള ചില ലൊട്ടുലൊടുക്ക് നടപടികളുമായിട്ടാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. ഇപ്പോഴും അവർക്ക് ജനങ്ങളുടെ വികാരം മനസ്സിലായിട്ടില്ല. ഇരുമ്പുലക്ക വിഴുങ്ങിയിട്ട് ചുക്കുവെള്ളം കുടിച്ചിട്ട് കാര്യമുണ്ടോ? കേരളത്തിലെ ജനമനസ്സറിയാൻ അവർക്കിനിയും കഴിഞ്ഞിട്ടില്ലെന്നതാണ് കാതലായ പ്രശ്നം. നമ്മുടെ നാട്ടിൽ എല്ലാവരും കേട്ടിട്ടുള്ളൊരു കഥയുണ്ട്. ഒരു ഗുരുവിന് രണ്ട് ശിഷ്യന്മാരുണ്ടായിരുന്നു. രണ്ട് ശിഷ്യന്മാരെയും ഗുരു അടുത്തുവിളിച്ച് കുറച്ച് തുക കയ്യിൽ കൊടുത്തശേഷം രണ്ട് മുറികൾ കാണിച്ചുകൊടുത്തു. ഈ തുക കൊണ്ട് ഓരോ മുറിയിലും എന്തെങ്കിലും വാങ്ങി നിറയ്ക്കാൻ പറഞ്ഞു. കുറച്ചുസമയം കഴിഞ്ഞ് പരിശോധിക്കാൻ വരുമെന്ന് പറഞ്ഞശേഷം ഗുരു പോയി. കുറച്ചുകഴിഞ്ഞ് അദ്ദേഹം വന്ന് പരിശോധിച്ചപ്പോൾ ഒരു ശിഷ്യന്റെ മുറി മുഴുവൻ ചന്ദനത്തിരിയുടെ സുഗന്ധമായിരുന്നു. ആ ശിഷ്യനെ ഗുരു അഭിനന്ദിക്കുകയും അനുഗ്രഹിക്കുകയും ചെയ്തു. അടുത്ത ശിഷ്യന്റെ മുറിയിൽ എത്തിയപ്പോൾ അവിടെ മുഴുവൻ മാലിന്യമായിരുന്നു. അടുക്കാൻ സാധിക്കാത്തത്ര ദുർഗന്ധമായിരുന്നു. അതുപോലെ, ഗുരുവിന്റെ സ്ഥാനത്ത് കേരളത്തിലെ ജനങ്ങളെ കണ്ടാൽ മതി. എൽ.ഡി.എഫ്. രാഷ്ട്രീയത്തിന്റെയും സർക്കാരിന്റെയും ചന്ദനത്തിരിയുടെ സുഗന്ധമാണ് ജനങ്ങളെ ആകർഷിച്ചത്. എന്നാൽ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉയർത്തിക്കൊണ്ട് മാലിന്യം തള്ളിയ പ്രതിപക്ഷത്തിന്റെ ദുർഗന്ധത്തിൽനിന്ന് അകലം പാലിക്കുകയാണ് കേരളത്തിലെ ജനങ്ങൾ ചെയ്തത്. ഈ ഗവൺമെന്റിന്റെ നന്മ പ്രതിപക്ഷം തിരിച്ചറിയണം. ഇപ്പോഴും പ്രതിപക്ഷം ഇത് ആവർത്തിക്കുകയാണ്. ഇന്നലെയും മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഗവൺമെന്റിനെ വിലയിരുത്തുന്നത് കണ്ടു. കേരളം കടക്കെണിയിൽ, മൂന്ന് ലക്ഷം കോടി രൂപയുടെ കടം, ജനിച്ചുവീഴുന്ന ഓരോ കുട്ടിയും ഒന്നരലക്ഷം രൂപയുടെ കടക്കാരനായി മാറുന്നുവെന്ന് പറഞ്ഞ് അദ്ദേഹം സംസാരിക്കുമ്പോൾ ബഡ്ജറ്റിന്റെ മികവിനെ കാണാൻ അവർക്ക് കഴിയുന്നില്ല.

ഒറ്റവാചകത്തിൽ സൂചിപ്പിച്ചാൽ, ഒരിക്കലും പ്രതിപക്ഷം ഈ സഭയിൽ പറയാത്തതും ഈ സഭാ കാലയളവിൽ അവർക്ക് പറയാൻ കഴിയാത്തതുമായിട്ടുള്ള ഒരു വസ്തുതയുണ്ട്. അതാണ് ഈ ബഡ്ജറ്റിന്റെ യഥാർത്ഥ പൊരുൾ. ഇതൊരു ബദലാണ്. കേന്ദ്ര സർക്കാർ രാജ്യത്തെ പാവപ്പെട്ടവരെ ഉപേക്ഷിക്കുമ്പോൾ കേരളത്തിലെ പാവപ്പെട്ടവരെ നെഞ്ചോട് ചേർത്തുപിടിക്കുന്നൊരു ഗവൺമെന്റിന്റെ സാമ്പത്തിക നയം, അതാണ് ഈ ബഡ്ജറ്റിലൂടെ ഗവൺമെന്റ് ചെയ്യുന്നത്. ഈ വസ്തുത എങ്ങനെയാണ് അവർക്ക് പറയാൻ കഴിയുക? കോൺഗ്രസ് തുടങ്ങിവച്ചതാണ് സ്വകാര്യവൽക്കരണം. ബി.ജെ.പി. ഇപ്പോൾ ചരിത്രത്തിൽ കറുത്ത അദ്ധ്യായം രചിക്കുകയാണ്. ഇവർ രണ്ടും ഒന്നല്ലേ? അതിനൊരു ബദൽ ഇടതുപക്ഷം സൃഷ്ടിക്കുമ്പോൾ എങ്ങനെയാണ് അവർക്ക് ഈ സത്യം സഭയിൽ അംഗീകരിക്കാൻ കഴിയുക. മുൻ പ്രതിപക്ഷ നേതാവ് പറഞ്ഞ കണക്കുകൾ പരിശോധിച്ചാൽ കടം ഇരട്ടിക്കുന്നുവെന്ന് മനസ്സിലാക്കാം. യു.ഡി.എഫ്.ന്റെ കാലത്ത് 2016-ൽ 1,57,370 കോടി രൂപയായിരുന്ന കടം എൽ.ഡി.എഫ്.ന്റെ കാലത്ത് 2,99,724 കോടി രൂപയായി ഇരട്ടിച്ചുവെന്നാണ് പറയുന്നത്. ആളോഹരി കടം യു.ഡി.എഫ്.ന്റെ കാലത്ത് 46,000 രൂപ, എൽ.ഡി.എഫ്.ന്റെ കാലത്ത് 86,000 രൂപ. എൽ.ഡി.എഫ്.ന്റെ കാലത്തെ മൂലധനച്ചെലവ് പരിശോധിക്കണം. കടം വാങ്ങി മൂലധനച്ചെലവാണ് നടത്തുന്നത്. യു.ഡി.എഫ്.ന്റെ കാലത്ത് കടം ഇരട്ടിച്ചപ്പോൾ 78,000 കോടി രൂപയിൽ നിന്ന് 1.57 ലക്ഷം കോടി രൂപ ആയപ്പോൾ മൂലധനച്ചെലവെന്ന് പറയുന്നത് വെറും 29,457 കോടി രൂപയാണ്. എന്നാൽ ഇന്ന് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂലധനച്ചെലവ് 1,31,093 കോടി രൂപയായിട്ടാണ് കേരളത്തിൽ വിനിയോഗിച്ചത്. അതാണ് ഈ ഗവൺമെന്റിന്റെ മുഖം. ഇരുപത്തിയഞ്ച് വർഷത്തിനപ്പുറം നടത്താൻ കഴിയുന്ന അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഗുണഭോക്താക്കൾ ആരാണ്? അതിന് ഉദാഹരണമായി ആരോഗ്യ മേഖലയിൽ ചെലവഴിച്ച പണം പരിശോധിച്ച് വിലയിരുത്തട്ടെ. അതുകൊണ്ടാണ് സുഗന്ധമെന്ന് ഞാൻ പറഞ്ഞത്. ഈ ഗവൺമെന്റ് വരുമ്പോൾ ആരോഗ്യ മേഖലയിൽ 67 ശതമാനം ആളുകൾ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നവരായിരുന്നു. എന്നാൽ ഇന്ന് 50 ശതമാനം ആളുകൾ സർക്കാർ ആശുപത്രികളെ ആശ്രയിക്കുകയാണ്. 17 ശതമാനം ആളുകളെ സാമ്പത്തിക ബാദ്ധ്യതയിൽനിന്നും മോചിപ്പിക്കുവാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. അതാണ് വികസനം. വിദ്യാഭ്യാസ മേഖലയിൽ 7 ലക്ഷത്തോളം കുട്ടികൾ അൺ എയ്ഡഡ് സ്കൂളുകളിൽനിന്നും മാറി സർക്കാർ സ്കൂളുകളിൽ വരുന്നു.

ഇപ്പോൾ അൺ എയ്ഡഡ് സ്കൂളുകളിലെ ഫീസ് എന്താണ്? ഒരു വർഷം 20,000 രൂപ. ആ കുടുംബങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ഈ സർക്കാരിന് കഴിഞ്ഞില്ലേ; അതാണ് ഇടതുപക്ഷത്തിന്റെ വികസനമെന്ന് മനസ്സിലാക്കാൻ പ്രതിപക്ഷത്തിന് കഴിയണം. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

കാർഷിക അനുബന്ധ മേഖലകളിലെല്ലാം നേരിട്ടുണ്ടായ ഉൽപ്പാദന വർദ്ധനവിനെക്കുറിച്ച് നമുക്കറിയാം. സാധാരണക്കാരുടെ സാമൂഹിക ജീവിതം മെച്ചപ്പെടുത്തുന്ന മുദ്രാവാക്യമാണ് ഗവൺമെന്റ് ബഡ്ജറ്റിലൂടെ നടപ്പിലാക്കുന്നത്. എൽ.ഡി.എഫ്. അവതരിപ്പിച്ച കിഫ്ബിയെ എന്തെല്ലാമാണ് പറഞ്ഞത്? സി.ബി.ഐ., എ.ജി., ഇ.ഡി., പ്രതിപക്ഷം എന്നിവരെല്ലാം ചേർന്ന് കിഫ്ബിയെ മാറിമാറി അധിക്ഷേപിക്കുമ്പോൾ അവർക്ക് മുഖമടച്ച് ലഭിച്ച അടിയല്ലേ ഇത്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിൽപ്പോലും കിഫ്ബി മാതൃകയിൽ 5 ലക്ഷം കോടി രൂപ പ്രത്യേകം ഏജൻസിയെ നിയോഗിച്ച് വിപണിയിൽനിന്ന് കടമെടുക്കുകയാണ്. അതുതന്നെയാണ് 2016-17-ൽ ഡോ. ടി. എം. തോമസ് ഐസക് സഭയിൽ പറഞ്ഞത്. ഗവൺമെന്റിനെ വിലയിരുത്തുമ്പോൾ യാഥാർത്ഥ്യ ബോധത്തോടെ മനസ്സിലാക്കണമെന്നുള്ളതാണ് ജനം ഇപ്പോൾ കാട്ടിക്കൊടുത്തത്. കേന്ദ്ര സർക്കാർ കാർഷിക വിളകളുടെ താങ്ങുവില എടുത്തുകളയുമ്പോൾ കേരളത്തിൽ സർക്കാർ താങ്ങുവില ഉറപ്പാക്കുന്നു. റബ്ബറിന്റെ താങ്ങുവില 150 രൂപ മുതൽ 170 രൂപ വരെ വർദ്ധിപ്പിച്ചു. നെല്ലിന്റെ സംഭരണവില 28 രൂപയും തേങ്ങയ്ക്ക് 32 രൂപയുമാക്കി മാറ്റി. കേന്ദ്ര ബഡ്ജറ്റിലുടനീളം സ്വകാര്യ മേഖലയെ പരിപോഷിപ്പിക്കുന്ന അതിരുകടന്ന ആഭിമുഖ്യം പുലർത്തുകയും രാജ്യത്തിന്റെ നികുതി വരുമാനം കുറച്ച് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് തന്ത്രപൂർണ്ണമായ സമീപനം സ്വീകരിക്കുകയും കേരളത്തിൽ കോർപ്പറേറ്റുകൾക്ക് കേന്ദ്രസർക്കാർ നികുതി സൗജന്യം നൽകിയതിലൂടെ നികുതി പിരിവിൽ ഇടിവ് വരികയും ചെയ്തപ്പോൾ കേരളം അതിന് ബദലായി പാവപ്പെട്ടവരെ സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചത്. അതാണ് ജനം ഏറ്റെടുത്തത്. കോവിഡ് കാലത്തെ ഈ ഗവൺമെന്റിന്റെ പ്രവർത്തനം പരിശോധിക്കണം. ജനങ്ങൾ ജോലിയും കൂലിയുമില്ലാതെ കഷ്ടപ്പെടുമ്പോൾ, സമ്പദ് വ്യവസ്ഥ സമരത്തിലേയ്ക്ക് പോകുമ്പോൾ വൻകിട മുതലാളിമാർ രാജ്യത്ത് ആസ്തിയും ലാഭവും വർദ്ധിപ്പിക്കുന്നു. 2021-ലെ ഓക്സ്ഫാം കണക്കുപ്രകാരം രാജ്യത്ത് 2020 മാർച്ചിൽ കോവിഡ് ആരംഭിച്ചതിനുശേഷം നൂറ് ശതകോടീശ്വരന്മാരുടെ ആസ്തി 12.97 ലക്ഷം കോടി രൂപയായി വർദ്ധിച്ചു. അതാണ് രാജ്യത്തിന്റെ സ്ഥിതി. ഇതിനെ അസമത്വ രോഗാണുവെന്നാണ് ഓക്സ്ഫാം പറയുന്നത്. കോവിഡുപോലെ മറ്റൊരു രോഗാണുവായി ആ സാമ്പത്തിക അന്തരം വളരുകയാണ്. 2020 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള ലോക്ഡൗൺ

കാലയളവിൽ കേന്ദ്ര ഗവൺമെന്റിന്റെ റവന്യൂ ചെലവുകളുടെ വർദ്ധനവ് കേവലം 0.7 ശതമാനവും ആകെ ചെലവിന്റെ വർദ്ധനവ് 0.4 ശതമാനവും മാത്രമാണ്. എന്നാൽ കേരളത്തിൽ 6.8% ചെലവ് കൂടി. സബ്സിഡി ചെലവിന്റെയും പാവപ്പെട്ടവനെ സഹായിക്കുന്ന സർക്കാർ നയത്തിന്റെയും കാര്യത്തിൽ കേരളം ഒന്നാമതാണ്. 217 ശതമാനമാണ് ഈ പ്രതിസന്ധി കാലഘട്ടത്തിൽ സബ്സിഡി ചെലവ് കൂടിയത്. പാവപ്പെട്ടവരെ നെഞ്ചോട് ചേർക്കുന്ന ഈ സമീപനമാണ് ചന്ദനത്തിരിയുടെ സുഗന്ധമെന്ന് പറഞ്ഞത്. കേന്ദ്ര ഗവൺമെന്റ് എന്താണ് ചെയ്തത്? സബ്സിഡി ചെലവിൽ 18.2% കുറയ്ക്കുകയാണ് ചെയ്തത്. ഇത്തരം ചെലവുകൾ ഉയർത്തേണ്ട കാലത്താണ് കേന്ദ്ര ഗവൺമെന്റ് ഇങ്ങനെയുള്ള നിലപാടുകൾ സ്വീകരിക്കുന്നത്. സർക്കാരിന്റെ ചെലവിനെ സംബന്ധിച്ച കണക്കുകൾ മറ്റു പലരും അവതരിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. സാമൂഹിക ക്ഷേമ മേഖലയിലും ഭക്ഷ്യ വിതരണ മേഖലയിലും ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലുമെല്ലാം യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ചെലവഴിച്ച തുകയും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ചെലവഴിച്ച തുകയും സഭയിൽ അവതരിപ്പിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഇതാണ് ഈ ഗവൺമെന്റിന്റെ മുഖം. പാവപ്പെട്ടവരെ ചേർത്തുപിടിച്ച് നടത്തിയ ആ പ്രവർത്തനത്തിന്റെ സുഗന്ധം ജനം തിരിച്ചറിഞ്ഞതുപോലെ പ്രതിപക്ഷവും തിരിച്ചറിയണം.

ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി പറയുകയാണ്. കൊല്ലം ജില്ലയിൽ ടൂറിസം പാക്കേജ് പ്രഖ്യാപിച്ചപ്പോൾ കായലും കടലും ഒത്തുചേരുന്ന പരവൂർ പ്രദേശത്തിനെക്കൂടി ഉൾപ്പെടുത്തി പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജനങ്ങൾക്ക് മെച്ചമായ സേവനം നൽകുന്നതിനായി സർക്കാർ ഓഫീസും വില്ലേജ് ഓഫീസും കൃഷി ഓഫീസും സബ് രജിസ്ട്രാർ ഓഫീസും സ്മാർട്ടാക്കുന്നു. ഭൗതിക സാഹചര്യങ്ങൾ സ്മാർട്ടാക്കുന്നതോടൊപ്പം തന്നെ അതിന് അക്രഡിറ്റേഷൻ നിലവാരം പ്രഖ്യാപിക്കണമെന്നാണ് എന്റെ ഒരു നിർദ്ദേശം. ഭൗതിക സാഹചര്യത്തിലെ സേവന തലത്തിലും ജനങ്ങൾക്ക് ഗുണകരമായ സേവനം ഉറപ്പാക്കണം. ഉദാഹരണമായി ആരോഗ്യ മേഖലയിൽ NABH, NQAS, KASH തുടങ്ങിയ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡുകളുണ്ട്. അതുപോലെ സേവനവും ഭൗതിക സേവനവും ഉറപ്പാക്കുന്നതിനുവേണ്ടി പൊതുഭരണ വകുപ്പിന്റെ കീഴിൽ ക്വാളിറ്റി അഷ്വറൻസ് ടീമിനെ നിയോഗിച്ച് സർക്കാർ ഓഫീസുകൾ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡിലെത്തിച്ച് സ്ഥായിയായ വികസനം ഉറപ്പാക്കാനുള്ള നിർദ്ദേശമുണ്ടാകണം. ഞാൻ ഒരുപാട് പറയുന്നില്ല. സ്വയം സംസാരിക്കുന്ന കണക്കുകളിലൂടെയും ജനങ്ങൾക്ക് സ്വയം കാണാൻ കഴിയുന്ന നേട്ടങ്ങളിലൂടെയുമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതെന്ന് പ്രതിപക്ഷം തിരിച്ചറിയണം. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, വർഗ്ഗീയ കോർപ്പറേറ്റ് ശക്തികൾ ഉയർത്തിയ വെല്ലുവിളികളെ അതിജീവിച്ച് എന്നെ വിജയിപ്പിച്ച കുന്നത്തുനാട്ടിലെ സഹോദരീ സഹോദരന്മാർക്കും എന്റെ പ്രിയപ്പെട്ട സഖാക്കൾക്കും ഞാൻ ഈ അവസരത്തിൽ നന്ദി പറയുകയാണ്.

"നേരം പുലരുകയും
സൂര്യൻ സർവതേജസ്സോടെ ഉദിക്കുകയും
കനിവാർന്ന പൂക്കൾ വിരിയുകയും
വെളിച്ചം ഭൂമിയെ സ്വർഗ്ഗമാക്കുകയും ചെയ്യും"

കഴിഞ്ഞ ജനവരിയിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ വരികളാണിത്. കേരളത്തിൽ കഴിഞ്ഞ മേയ് 2-ന് നേരം പുലരുകയും സർവ്വതേജസ്സോടുകൂടി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ വീണ്ടും അധികാരത്തിൽ വരികയും ചെയ്തു. രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിക്കുകയുണ്ടായി. ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വികസനം ആരോഗ്യ പരിപാലനത്തിലൂടെ എന്നതാണ് ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്ന അടിസ്ഥാന പ്രമാണം. എല്ലാത്തിനും മുമ്പേ ആരോഗ്യം എന്നുപറയുമ്പോൾ നാം മനസ്സിലാക്കേണ്ടത് ഈ വസ്തുതയാണ്. കോവിഡാനന്തര കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക-ആരോഗ്യരംഗം എങ്ങനെയായിരിക്കണമെന്ന് വ്യക്തമായ കാഴ്ചപ്പാടുള്ള ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. കോവിഡാനന്തര കേരളത്തിന്റെ ഗതി നിർണ്ണയിക്കുന്ന ഒരു പ്രധാന ബഡ്ജറ്റാണിത്. കോവിഡ് അടക്കമുള്ള വെല്ലുവിളികളെ അതിജീവിക്കുന്നതിലും സമ്പദ്ഘടനയെ വീണ്ടെടുക്കുന്ന കാര്യത്തിലും തികച്ചും അനുകരണീയമായതും അതോടൊപ്പം പ്രശംസനീയവുമായ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. ബ്രിട്ടീഷ് നരവംശ ശാസ്ത്രജ്ഞൻ പ്രൊഫ. ജേസൺ ഹിക്കൽ സുസ്ഥിര വികസന സൂചികയുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഒരു റിപ്പോർട്ടിൽ കേരളത്തെയും ഉൾപ്പെടുത്തിയിരുന്നു. കേരളത്തിനുപുറമെ ഈ സൂചികയിൽ ഇടം പിടിച്ചിട്ടുള്ളതെല്ലാം പരമാധികാര രാഷ്ട്രങ്ങളാണ്. ഈ പട്ടികയിൽ വിശേഷ പ്രാതിനിധ്യം കിട്ടിയ ഏക അംഗം കേരളമാണ്. വികസനത്തിന്റെ കാര്യത്തിൽ മുതലാളിത്ത രാജ്യമായ അമേരിക്കയേക്കാൾ വളരെ മുന്നിലാണ് കേരളമെന്നാണ്

അദ്ദേഹം പറയുന്നത്. ഇത്തരത്തിലുള്ള സുസ്ഥിര വികസനം മുന്നോട്ടു കൊണ്ടുപോകണമെങ്കിൽ നിശ്ചയദാർഢ്യമുള്ള പങ്കാളിത്ത രാഷ്ട്രീയ സംവിധാനത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഒരു സർക്കാർ വേണമെന്ന് ജനങ്ങൾ തീരുമാനിച്ചതുകൊണ്ടാണ് ഇടതുപക്ഷ സർക്കാരിന് വീണ്ടും തുടർഭരണം സാധ്യമായത്. ചങ്ങാത്തവും മുതലാളിത്തവും സവർണ്ണ ഫാസിസവും നവലിബറൽ സാമ്പത്തിക അന്തരീക്ഷത്തിൽ രാജ്യമൊട്ടാകെ ജനവിരുദ്ധ സാമ്പത്തിക സാമൂഹിക അരക്ഷിതാവസ്ഥ ഉണ്ടാക്കുന്നുവെന്ന ദുഃഖസത്യം നമ്മുടെ മുന്നിലുണ്ട്. കേന്ദ്ര സർക്കാരിന്റെ നോട്ടുനിരോധനവും ജി.എസ്.ടി.-യും ഇന്ധനവില നിർണ്ണയ നയവും മുതൽ ഇങ്ങോട്ട് നടപ്പിലാക്കിയ ജനവിരുദ്ധ തുഗ്ലക് നയങ്ങൾ ഒട്ടുമിക്കതും പാവപ്പെട്ട ജനതയുടെ നട്ടെല്ലൊടിച്ചിരിക്കുകയാണ്. ഫെഡറൽ സംവിധാനത്തെ പാടെ അവഗണിച്ചത് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ സാമ്പത്തിക രംഗം താറുമാറാക്കി. ഇത് വലിയ ആഘാതമാണ് നമ്മുടെ സമൂഹത്തിൽ സൃഷ്ടിച്ചത്. എന്നിട്ടും നമ്മൾ പിടിച്ചുനിന്ന് സമർപ്പണത്തിന്റെയും സാഹോദര്യത്തിന്റെയും മഹനീയ മാതൃക മാനവരാശിക്കുമുന്നിൽ വച്ചു. പ്രളയങ്ങളും മഹാമാരികളും സാമ്പത്തിക പ്രതിസന്ധികളും നേരിടുന്നതിൽ ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ സംഭാവനകൾ നന്ദിപൂർവ്വം ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. പുതിയ റിപ്പോർട്ടുകൾ പറയുന്നത് രാജ്യം കടുത്ത സാമ്പത്തിക മാന്ദ്യത്തിലേയ്ക്ക് നീങ്ങുന്നുവെന്നാണ്. എന്നാൽ ഈ സാമ്പത്തിക മാന്ദ്യത്തിലും കേരള ജനതയ്ക്ക് ഉണർവ്വിന്റെ പുതുനാമ്പുകൾ കൊടുക്കുവാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. 20,000 കോടി രൂപയുടെ കോവിഡ് പാക്കേജ്, സൗജന്യ വാക്സിനായി 1,000 കോടി രൂപ, തീരദേശം സംരക്ഷിക്കുന്നതിന് ആദ്യഘട്ടമായി 1,500 കോടി രൂപ, വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനത്തിന് രണ്ടു ലക്ഷം ലാപ്ടോപ്പുകൾ, പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുത്ത നൂറു പേർക്ക് ഏതെങ്കിലും പദ്ധതികൾ തുടങ്ങുന്നതിനായി ഈ വർഷം 10 ലക്ഷം രൂപ സഹായം തുടങ്ങി നിരവധി ക്ഷേമപദ്ധതികളാണ് ഈ ബഡ്ജറ്റിലൂടെ ജനങ്ങൾക്ക് നൽകിയിരിക്കുന്നത്. കേരളത്തിനെ ഒരു വിജ്ഞാന സമൂഹമായി കെട്ടിപ്പടുക്കുവാനുള്ള ശ്രമങ്ങൾ ഇടതുപക്ഷ ഗവൺമെന്റ് വളരെ നേരത്തെ തുടങ്ങിയതാണ്. കേരളം ഒരു ഡിജിറ്റൽ ഇക്കോണമിയായി രൂപപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഉന്നത വിദ്യാഭ്യാസരംഗം മെച്ചപ്പെടുത്തി വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ വികസന മുന്നേറ്റം ത്വരിതപ്പെടുത്തുവാൻ കഴിയുന്ന ഒരു ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വിജ്ഞാന സമ്പദ്വ്യവസ്ഥയുടെ

ആനുകൂല്യം താഴെത്തട്ടിലുള്ള ജനവിഭാഗങ്ങൾക്കുകൂടി കിട്ടത്തക്കരീതിയിൽ ക്രമീകരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ബഡ്ജറ്റിൽ അതിനുള്ള വിപുലമായ ശ്രമമുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സ്വന്തം വീട്ടിലിരുന്നു കൊണ്ട് രാജ്യാന്തര തൊഴിൽ കമ്പോളത്തിൽ നേരിട്ടിടപെടാൻ കഴിയുന്ന രീതിയിൽ ഒരു ആവാസ വ്യവസ്ഥയുണ്ടാക്കുവാൻ/ഇക്കോ സിസ്റ്റമുണ്ടാക്കുവാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നീതി ആയോഗിന്റെ ആരോഗ്യ ഇൻഡക്സിൽ കേരളം ഒന്നാം സ്ഥാനത്താണ്. പൊതുജനാരോഗ്യ രംഗത്ത് കേരളത്തിന്റെ ഈ മികച്ച പ്രകടനം ഇവിടത്തെ സാമൂഹിക സാമ്പത്തിക നീതിയുടെ പ്രതിഫലനമാണെന്ന കാര്യം നാം മറക്കരുത്. പൊതുജനാരോഗ്യ മേഖലയെ തകർക്കുന്ന നീക്കങ്ങളാണ് കോൺഗ്രസ്/ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇതിൽനിന്നും തികച്ചും വ്യത്യസ്തമായി പൊതുമേഖലയെ സംരക്ഷിക്കുന്ന നയമാണ് ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്നത്. പൊതുജനാരോഗ്യ രംഗത്തെ സംവിധാനങ്ങൾ എത്രത്തോളം വലുതാണെന്ന് ഈ കോവിഡ് കാലത്ത് നാം മനസ്സിലാക്കിയിട്ടുള്ളതാണ്. ആരോഗ്യ പരിചരണം ആവശ്യമുള്ളവരെ സ്വകാര്യ ആശുപത്രികളുടെ കഴുത്തറുപ്പൻ ചൂഷണത്തിന് വിട്ടുകൊടുക്കാതെ ആരോഗ്യനീതിയും ധർമ്മവും നടപ്പിലാക്കുവാൻ ഇടതുപക്ഷ സർക്കാരുകൾ എന്നും ശ്രമിച്ചിട്ടുള്ളതാണ്. കോവിഡ് ഉയർത്തുന്ന പ്രതിസന്ധികൾ മുന്നിൽക്കണ്ട് സാർവ്വത്രിക ആരോഗ്യ സംരക്ഷണം എന്നതാണ് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നത്. എല്ലാവർക്കും സൗജന്യ വാക്സിനേഷൻ എന്ന ആശയം ആരോഗ്യ അവകാശ സംരക്ഷണത്തിന്റെ നേർക്കാഴ്ചയാണ്. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹപരമായ വാക്സിൻ നയത്തെക്കുറിച്ച് ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിയാവുന്നതാണല്ലോ. അവകാശങ്ങൾക്കായി മുട്ടുമടക്കി യാചിക്കാതെ നെഞ്ചു നിവർത്തി പോരാടാൻ നമ്മോട് പറഞ്ഞ ഡോ. ബി. ആർ. അംബേദ്കറുടെ പാതയിലൂടെയാണ് സഖാവ് പിണറായി വിജയൻ നമ്മെ നയിക്കുന്നതെന്ന കാര്യം ഞാൻ ഇവിടെ ഓർമ്മിപ്പിക്കുകയാണ്. കർഷകർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, തോട്ടം തൊഴിലാളികൾ, വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുട്ടികൾ, തീരദേശവാസികൾ, ചെറുകിട വ്യവസായ സംരംഭകർ തുടങ്ങി നാനാവിധ ജനങ്ങളുടെ ഉന്നമനത്തിനായി ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. അതുകൊണ്ട് മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ വരുമാനത്തിൽ കാര്യമായ മാറ്റവും അതുവഴി ജീവിതത്തിൽ ഉന്നമനവും ഉണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പുതിയതായി പ്രഖ്യാപിച്ച സംഭരണ സംവിധാനങ്ങളും ധനസഹായ പദ്ധതികളും വായ്പാ പദ്ധതികളും കാർഷിക മേഖലയിലെ മാന്ദ്യം ഒരു പരിധിവരെ കുറയ്ക്കുവാൻ സഹായിക്കുമെന്ന്

ഞാൻ വിശ്വസിക്കുന്നു. ഉദാഹരണത്തിന് എന്റെ മണ്ഡലമായ കുന്നത്തുനാട്ടിൽ പൈനാപ്പിൾ കൃഷി ചെയ്യുന്ന നിരവധി ആളുകളുണ്ട്. പുതിയ മൂല്യവർദ്ധിത സംസ്കരണ സംഭരണ സംവിധാനങ്ങൾ കർഷകർക്ക് ഉപകാരപ്പെടുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്ത്രീകൾക്കുണ്ടാകുന്ന നേട്ടത്തിലൂടെ മാത്രമേ ഒരു സമുദായത്തിന്റെ വളർച്ചയുടെ തോത് നിർണ്ണയിക്കാനാകൂ എന്ന് നമ്മോട് പറഞ്ഞത് ഡോ. ബി. ആർ. അംബേദ്കറാണ്. സമാനതകളില്ലാത്ത സ്ത്രീ ശാക്തീകരണവും വികസന മുന്നേറ്റവുമായിരിക്കും അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഉണ്ടാകാൻ പോകുന്നത്. ലക്ഷക്കണക്കിനാളുകൾക്ക് തൊഴിൽ കൊടുക്കുന്ന വിപുലമായ പദ്ധതികളാണ് ഈ ബഡ്ജറ്റിൽ വിഭാവന ചെയ്തിരിക്കുന്നത്. മേൽപ്പറഞ്ഞ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കു മെന്ന കാര്യത്തിൽ എനിക്കുറപ്പുണ്ട്. ഈ ഉറപ്പ് ഇടതുപക്ഷ സർക്കാർ നൽകുന്ന ഉറപ്പാണ്. ഞങ്ങൾ മുറുകെപ്പിടിക്കുന്ന രാഷ്ട്രീയം നൽകുന്ന ഉറപ്പാണ്. മഹാത്മാ അയ്യങ്കാളിയുടെ വില്ലുവണ്ടി സമരത്തെക്കുറിച്ച് നമുക്കേവർക്കും അറിയാം. അതുപോലെയുള്ള ഒരു സമരമായിരുന്നു കല്ലുമാല സമരം. ഒരു കാലത്ത് ജാതീയതയുടെ അടയാളമായ കല്ലുമാല ധരിക്കുവാൻ താഴേക്കിടയിലുള്ള സ്ത്രീകൾ നിർബന്ധിക്കപ്പെട്ടിരുന്നു. കല്ലുമാലകളെ പൊട്ടിച്ചെറിയുവാൻ മഹാത്മാ അയ്യങ്കാളി ആഹ്വാനം ചെയ്തത് നമ്മൾ മറന്നിട്ടില്ല. സാധുജനങ്ങളുടെ ഈ സ്വാതന്ത്ര്യ പ്രഖ്യാപനത്തിന് ഇന്നും പ്രസക്തിയുണ്ട്. നവോത്ഥാന മൂല്യങ്ങളെ മുറുകെപ്പിടിച്ചു കൊണ്ട് ഇന്നിന്റെ കല്ലുമാലകൾ മനസ്സിലാക്കി അത്തരം കല്ലുമാലകളെ പൊട്ടിച്ചെറിയുവാൻ പ്രാപ്തമാക്കുന്ന ഒരു സാമൂഹിക സാമ്പത്തിക അന്തരീക്ഷം കേരള ജനതയ്ക്ക് ഉണ്ടാക്കിക്കൊടുക്കുവാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ ബഡ്ജറ്റിന് കഴിയട്ടെയെന്ന് ആശംസിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ ജനാധിപത്യവത്കരണത്തെക്കുറിച്ചും അതിന്റെ അടിത്തറയെക്കുറിച്ചും ബഹുസ്വരതയെക്കുറിച്ചുമൊക്കെയാണ് സൂചിപ്പിച്ചത്. ഈ ബഡ്ജറ്റിൽ മുഖ്യമായ പ്രാധാന്യം നൽകിയത് കോവിഡിനും അതുമായി ബന്ധപ്പെട്ട ചികിത്സയ്ക്കും അനുബന്ധ കാര്യങ്ങൾക്കുമൊക്കെയാണ്. അത് നല്ല കാര്യമാണ്. സെലിബ്രേഷൻ ഓഫ് പ്ലൂറലിസത്തെക്കുറിച്ച് പറഞ്ഞപ്പോഴും മെഡിക്കൽ പ്ലൂറലിസത്തെക്കുറിച്ച് അങ്ങ് മറന്നുപോയോ എന്ന് ഞാൻ സംശയിക്കുകയാണ്. അലോപ്പതി മാത്രമല്ലാതെ മറ്റ് ഒരുപാട് മേഖലകൾ

കോവിഡുമായി ബന്ധപ്പെട്ട ചികിത്സയ്ക്കും മറ്റു കാര്യങ്ങൾക്കുമൊക്കെ ഉപയോഗപ്പെടുത്തുമ്പോൾ പ്ലൂറലിസത്തിന്റെ ഭാഗമായി മെഡിക്കൽ പ്ലൂറലിസത്തെയും ഉപയോഗപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്. സാമൂഹികാരോഗ്യം അഥവാ സോഷ്യൽ ഹെൽത്ത് എങ്ങനെ മെഡിക്കൽ സഫ്റോളജിസ്റ്റുകളെ അടക്കം ഉപയോഗപ്പെടുത്തിക്കൊണ്ട് നടപ്പിലാക്കാൻ കഴിയുമെന്ന് താങ്കൾ ഇതിന്റെ ഭാഗമായി പരിശോധിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അതിദയനീയമാണെന്ന് ഇവിടെ എല്ലാവരും സൂചിപ്പിച്ചതാണ്. കേരളത്തിലെ ജി.എസ്.ഡി.പി. 1.50 ട്രില്യൺ രൂപയിലധികം കുറവ് കഴിഞ്ഞ സാമ്പത്തിക വർഷം രേഖപ്പെടുത്തിയെന്ന് മീഡിയം ടേം ഫിസ്കൽ പോളിസിയിൽത്തന്നെ പറയുന്നുണ്ട്. കേരളത്തിലെ പിണറായി സർക്കാർ വലിയ പ്രയാസകരമായ അനുഭവത്തിലൂടെയാണ് കടന്നുപോകുന്നതെന്ന് സാമ്പത്തികരംഗം നമ്മളോട് പറയുകയാണ്. കേരളത്തിൽ ബഡ്ജറ്റിലെ പ്രതീക്ഷിത ജി.എസ്.ഡി.പി.-യേക്കാൾ 19% കുറവാണ് കഴിഞ്ഞ സാമ്പത്തിക വർഷം രേഖപ്പെടുത്തിയത്. പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്ന പണത്തിൽ 14% വർദ്ധനവ് രേഖപ്പെടുത്തിയിട്ടുപോലും ഇത്രയും കടുത്ത സാമ്പത്തിക തകർച്ചയുണ്ടായി എന്നത് നമ്മൾ പരിശോധിക്കേണ്ടതാണ്. ഈ സാമ്പത്തിക വർഷം 2.96 മില്ല്യൺ രൂപയിൽനിന്നും 3.27 മില്യൺ രൂപയായി വർദ്ധിപ്പിക്കുമെന്നാണ് ബഡ്ജറ്റ് രേഖകൾ പറയുന്നത്. അപ്പോൾ FRBM (Fiscal Responsibility and Budget Management Act-ന്റെ പ്രസക്തി എന്താണെന്ന് ധനകാര്യ വകുപ്പുമന്ത്രി തിരിച്ചറിയേണ്ടതാണെന്ന് സൂചിപ്പിക്കുകയാണ്. കേന്ദ്രത്തിൽ യു.പി.എ. സർക്കാർ ഭരിച്ചിരുന്ന കാലത്തും കേരളത്തിൽ യു.ഡി.എഫ്. സർക്കാർ ഭരിച്ചിരുന്ന കാലത്തും FRBM Act ശരിയാംവണ്ണം പാലിച്ചുപോന്നിട്ടുണ്ടെന്ന് കാണാൻ കഴിയും. 2021-22-ലെ റിവൈസ്ഡ് ബഡ്ജറ്റിൽ സംസ്ഥാനം പ്രതീക്ഷിക്കുന്ന ജി.എസ്.ടി. തുക 32900 കോടി രൂപയാണെന്നാണ് കാണിച്ചിരിക്കുന്നത്. ഇത് 2020-21-ന്റെ ഇരട്ടിയാണ്. ഇത് കിട്ടാൻ യാതൊരു സാധ്യതയുമില്ലെന്ന് അങ്ങേയ്ക്കുമറിയാം. സംസ്ഥാനത്തിന് നികുതിയേതര പ്രതീക്ഷിത വരുമാനം ലഭിക്കാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ ഫിസ്കൽ ഡെഫിസിറ്റ് അഥവാ ധനക്കമ്മി ജി.എസ്.ഡി.പി.യുടെ 3.5 ശതമാനത്തിൽനിന്നും ഉയരാനാണ് സാധ്യത. ഇത്തരം ഊതിപ്പെരുപ്പിച്ച കണക്കുകൾക്ക് പകരം വസ്തുനിഷ്ഠമായ കണക്കുകൾ അവതരിപ്പിച്ചിരുന്നുവെങ്കിൽ സമ്പദ്‌വ്യവസ്ഥയുടെ യഥാർത്ഥ അവസ്ഥ ഈ രാജ്യത്തിനും സംസ്ഥാനത്തിനുമൊക്കെ വെളിവാകുമായിരുന്നു.

ഈ സന്ദർഭത്തിൽ ഒന്നുരണ്ടു കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. പ്രവാസികളുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ അങ്ങ് ഈ ബഡ്ജറ്റിൽ പറഞ്ഞെങ്കിലും അവരെ ആശ്വസിപ്പിക്കാനാകുന്ന തരത്തിലുള്ള യാതൊരു പ്രവർത്തനവും അങ്ങയുടെ ഭാഗത്തുനിന്നും ബഡ്ജറ്റിൽ കണ്ടില്ല. അതുമായി ബന്ധപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുന്നത്, കേരളത്തിൽ കോവിഡുമായി ബന്ധപ്പെട്ട് മരിക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ മേഖലയിലും മറ്റ് കാര്യങ്ങളിലും ഗവൺമെന്റ് സഹായം നടപ്പിലാക്കുന്നുവെന്ന് പറയുമ്പോൾ കോവിഡ് ബാധിച്ച് ഗൾഫിൽ വച്ച് മരിക്കുന്ന പ്രവാസികളുടെ കുട്ടികളെയും കൂടി വിദ്യാഭ്യാസ മേഖലയിലും അതുപോലെ മറ്റ് കാര്യങ്ങളിലും സഹായിക്കാനാവശ്യമായ നിലപാട് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ കോവിഡ്മൂലം കടക്കെണിയിലായ കച്ചവടക്കാർക്ക് വളരെയേറെ പ്രയാസമാണ്. ലോക്ഡൗൺ വീണ്ടും നീട്ടിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കടക്കെണിയിലായ കച്ചവടക്കാർക്ക് ആശ്വാസമേകുന്ന തരത്തിലുള്ള ഒരു പ്രവർത്തനവും ഇതിന്റെ ഭാഗമായി കണ്ടില്ല എന്നു പറയേണ്ടിവരികയാണ്. അവർക്ക് ആശ്വാസം നൽകാവുന്ന ഒരു നിലപാട് അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് സൂചിപ്പിക്കുകയാണ്. സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസം ആരംഭിച്ചിരിക്കുകയാണ്. മലപ്പുറം ജില്ലയിൽ മാത്രം 1429 അദ്ധ്യാപകരുടെ ഒഴിവാണുള്ളത്. അറബിക് അടക്കം പല വിഷയങ്ങളിലും പഠിപ്പിക്കാൻ ആളില്ല. നൂറുകണക്കിന് പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് ശമ്പളമില്ല. കേരളത്തിലെ 67 ഗവൺമെന്റ് കോളേജുകളിൽ 57 കോളേജുകളിലും ഇന്ന് പ്രിൻസിപ്പൽമാരില്ലാത്ത അവസ്ഥയുണ്ട്. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജൂനിയർ അദ്ധ്യാപകർ 897-ഉം സീനിയർ അദ്ധ്യാപകർ 339-ഉം അടക്കം 1236 അദ്ധ്യാപകരുടെ ഒഴിവുണ്ട്. ഇതിൽ 320 പേർക്ക് നിയമന ഉത്തരവ് കിട്ടിയിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ല. പി.എസ്.സി. നിയമന ശിപാർശ ലഭിച്ചിട്ടും നിയമന ഉത്തരവ് കിട്ടാത്തവർ 152 ആണ്. എൽ.പി., യു.പി., ഹൈസ്കൂളുകളിലുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ 6823 ഒഴിവുകളുണ്ട്. പ്രൈമറി വിഭാഗത്തിൽ 2000 അദ്ധ്യാപകർക്ക് നിയമന ഉത്തരവ് ലഭിച്ചിട്ടും ജോലിയിൽ പ്രവേശിക്കാൻ കഴിഞ്ഞിട്ടില്ല. മൂവായിരത്തോളം അദ്ധ്യാപകർക്ക് എയ്ഡഡ് നിയമനാധികാരം കിട്ടാതെ ബാക്കി കിടക്കുകയാണ്. രണ്ടായിരത്തോളം സർക്കാർ പ്രൈമറി സ്കൂളുകളിൽ എച്ച്.എം. ഇല്ലാതെ കിടക്കുകയാണ്. വിദ്യാഭ്യാസ മേഖലകളിൽ ഇങ്ങനെ ധാരാളം പ്രയാസങ്ങൾ നിലനിൽക്കുമ്പോൾ ഓൺലൈൻ വിദ്യാഭ്യാസം നടത്തുന്ന ഈ സന്ദർഭത്തിൽ ആ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നിലപാട് അങ്ങ് മറുപടി പറയുമ്പോൾ സ്വീകരിക്കണം എന്നുമാത്രമാണ് എനിക്ക് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്. ഞാൻ എന്റെ പ്രസംഗം നീട്ടിക്കൊണ്ട് പോകുന്നില്ല. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, കർഷകത്തൊഴിലാളി സമരങ്ങളും ജന്മിത്വത്തിനും അടിമത്വത്തിനും എതിരെ നടന്ന പോരാട്ടങ്ങളും നിറഞ്ഞ മാവേലിക്കരയുടെ മണ്ണിൽനിന്നും ചരിത്രം തിരുത്തിയ തെരഞ്ഞെടുപ്പിൽ രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഭാഗമാകാൻ എന്നെ അനുവദിച്ച മാവേലിക്കരയിലെ നല്ലവരായ ജനങ്ങൾക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി ഈ അവസരത്തിൽ അറിയിക്കുകയാണ്. ജനക്ഷേമത്തിനും നാടിന്റെ വികസനത്തിനു മുതകുന്ന രണ്ടാം പിണറായി സർക്കാരിന്റെ ആദ്യ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത് ജീവിത സുരക്ഷ ഉറപ്പാക്കുന്ന ബഡ്ജറ്റാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാക്കാൻ കഴിയുന്ന പദ്ധതികളാണ് ഈ ബഡ്ജറ്റിൽ വിഭാവന ചെയ്തിരിക്കുന്നത്. കോവിഡിനെ കീഴടക്കാൻ കഴിയുന്ന ആദ്യ സംസ്ഥാനമായി കേരളത്തെ പ്രാപ്തമാക്കുന്ന തരത്തിലാണ് ഈ ബഡ്ജറ്റിന്റെ അവതരണം. 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചതിലൂടെ ആരോഗ്യ മേഖലയെ ശക്തമായി പിടിച്ചുനിർത്താനും കോവിഡ്മൂലം ഉപജീവനം പ്രതിസന്ധിയിലായവരെ സഹായിക്കാനും സാധിക്കും. ആരോഗ്യവും അതിജീവനവും ഈ ബഡ്ജറ്റിന്റെ കരുത്താണ്. എല്ലാവർക്കും സൗജന്യ വാക്സിൻ ഉറപ്പാക്കുക മാത്രമല്ല മൂന്നാം തരംഗത്തെ നേരിടാനുള്ള എല്ലാവിധ മുന്നൊരുക്കങ്ങളും വിഭാവന ചെയ്യുന്നു. ഓക്സിജൻ പ്ലാന്റുകളുടെ നിർമ്മാണവും വെന്റിലേറ്റർ സജ്ജീകരണവും ഐസൊലേഷൻ വാർഡുകളുടെ സൗകര്യവുമടക്കം വർദ്ധിപ്പിക്കുവാൻ വ്യക്തമായ നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. 'ഒന്നാമത് ആരോഗ്യം' എന്നുള്ള ബഡ്ജറ്റിന്റെ ഊന്നൽ കേരളത്തിന് ഏറെ ആശ്വാസം പകരുന്നതാണ്. കരുതലാണ് സർക്കാരിന്റെ മുഖമുദ്ര. മഹാമാരിയുടെ കാലത്ത് കേരള ജനത പട്ടിണിയാകാതിരിക്കാൻ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്യുന്നു. എന്നാൽ സർക്കാർ ഭക്ഷ്യ കിറ്റുകളും ക്ഷേമ പെൻഷനുകളും വിതരണം ചെയ്തപ്പോൾ അതിനെതിരെ ഈ നാട്ടിൽ പ്രതിഷേധ പ്രസംഗങ്ങൾ നടത്തിയവരാണ് പ്രതിപക്ഷം. ഭക്ഷ്യ കിറ്റിനെതിരെയും ക്ഷേമ പെൻഷനെതിരെയും പറഞ്ഞതുകൊണ്ടാണ് തോറ്റുപോകാൻ കാരണമെന്ന് പ്രതിപക്ഷത്തിന്റെ തൊഴിലാളി സംഘടനയായ ഐ.എൻ.ടി.യു.സി.തന്നെ സമർത്ഥിക്കുന്ന രീതിയും നമ്മൾ കണ്ടതാണ്. പ്രകടനപത്രികയിൽ ക്ഷേമ പെൻഷനുകൾ 2,500 രൂപയിലേയ്ക്ക് ഉയർത്തുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. യു.ഡി.എഫ്. അപ്പോൾ ചെയ്തത് 2,500 രൂപയുടെ കൂടെ 500 രൂപയും ചേർത്ത് 3,000 രൂപ എന്നാക്കി. 'ന്യായ്' പദ്ധതിയിൽ 6,000 രൂപ എന്നുള്ള നിലയിലുമാക്കി. കേരളത്തിലെ ജനത ചിന്തിച്ചത് 600 രൂപ കൃത്യമായി കൊടുക്കാൻ

കഴിയാത്തൊരു സർക്കാരിന് എങ്ങനെയാണ് 3,000 രൂപ കൊടുക്കാൻ കഴിയുന്നതെന്നാണ്. ഞങ്ങൾക്ക് കൃത്യമായി കിട്ടുന്ന 2,500 രൂപ മതി നിങ്ങളുടെ 3,000 രൂപ വേണ്ടായെന്ന് ജനങ്ങൾ പറഞ്ഞു. ക്ഷേമ പെൻഷനും കിറ്റും വാങ്ങുന്ന ഗുണഭോക്താക്കൾ ഇത്തരം തെറ്റായ പ്രചരണം നടത്തിയ പ്രതിപക്ഷത്തിനെ അപ്പുറത്തിരുത്തുകയാണ് ചെയ്തത്. 6.28 കോടി ഭക്ഷ്യ കിറ്റാണ് ജൂൺ മാസത്തിലും വിതരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ജനകീയ സർക്കാരിന് ഒരു ബദൽ നിർദ്ദേശിക്കുവാൻ കേരളത്തിലെ പ്രതിപക്ഷത്തിന് കഴിയുമോ? ഈ കരുതലിനും ജനകീയ വികസനത്തിനും ഒരു ബദലാകാൻ നിങ്ങൾക്ക് കഴിയില്ലായെന്നുള്ളതു കൊണ്ടാണ് നിങ്ങൾ ഇപ്പോഴും അപ്പുറത്തിരിക്കുന്നതും ഞങ്ങളുടെ എണ്ണം കൂടുന്നതും. മഹാമാരിയുടെ കൊടുങ്കാറ്റിനെ ചെറുത്തുതോല്പിക്കാൻ ഗവൺമെന്റ് സാധാരണക്കാരെ സഹായിക്കുകയാണ് ചെയ്യുന്നത്. കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി 1,000 കോടി രൂപ വായ്പ അനുവദിച്ചതോടുകൂടി ഗ്രാമീണ ജീവിതത്തിൽ ഊർജ്ജസ്വലമായ പ്രവർത്തനമാണ് നടക്കാൻ പോകുന്നത്. നാടിന്റെ വികസനത്തിനും കുടുംബങ്ങളുടെ വിജയത്തിനും കുടുംബശ്രീ വഹിച്ച പങ്ക് ഈ നാട്ടിൽ ചർച്ചയാണ്. ആ കുടുംബശ്രീയെ തകർക്കാൻ ശ്രമിച്ചവരല്ലേ നിങ്ങൾ. നാട് ഇതെല്ലാം കാണുന്നുണ്ട്. എല്ലാവർക്കും വീടെന്ന സ്വപ്നം ഗവൺമെന്റ് യാഥാർത്ഥ്യമാക്കാൻ പോകുകയാണ്. അതിനുവേണ്ടി വിഭാവന ചെയ്ത ലൈഫ് മിഷനെ നിങ്ങൾ തകർക്കാൻ ശ്രമിച്ചു. ലൈഫ് മിഷനെ തകർക്കാൻ മുന്നിൽനിന്ന് ശ്രമിച്ചയാളെ വീട്ടിലിരുത്താൻ ഈ നാട് തീരുമാനിച്ചു. അയാളിപ്പോൾ വീട്ടിലിരിക്കുകയാണ്. ലൈഫ് മിഷനിൽ 40000 പട്ടികജാതി കുടുംബങ്ങൾക്കും 12000 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീടുനൽകാൻ 2,080 കോടി രൂപ നേരത്തെ വകയിരുത്തിയിട്ടുണ്ട്. അതുപോലും തകർക്കാനല്ലേ നിങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

വിദ്യാഭ്യാസ മേഖലയിൽ ഇവിടെ എനിക്ക് മുമ്പായി ശ്രീ. ലിന്റോ ജോസഫ് സൂചിപ്പിച്ചതുപോലെ ഇത്രയധികം പുരോഗതി കൈവരിച്ച ഒരു കാലഘട്ടമുണ്ടോ! സർക്കാരിന്റെ ഒരു പരസ്യവാചകമല്ല വിദ്യാഭ്യാസ മേഖല. ഇന്ന് ജനങ്ങൾ തൊട്ടറിയുന്ന ഒരു യാഥാർത്ഥ്യമാണ്. ഇന്ന് സർക്കാർ സ്കൂളുകളിലേയ്ക്ക് മക്കളെ പറഞ്ഞയയ്ക്കുന്നത് ഓരോ രക്ഷകർത്താക്കളും അഭിമാനത്തോടെയാണ് കാണുന്നത്. മേൽക്കൂര പഴകി ചോർന്നൊലിക്കുന്ന പഴയ സ്കൂൾ കെട്ടിടങ്ങൾ നിങ്ങളുടെ കാലത്താണ്. ഇന്ന് അത് ആൽബങ്ങളിൽ മാത്രമാണ് കാണാൻ സാധിക്കുന്നത്. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി തരിശു കിടന്ന കൃഷിയിടങ്ങളെയാകെ കാർഷിക സമൃദ്ധിയിലേയ്ക്ക് നയിക്കാൻ ഒന്നാം പിണറായി സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കേരളത്തെ വിഷരഹിത പച്ചക്കറി ഉൽപ്പാദന മേഖല

യാക്കുന്നതിനും സമ്പൂർണ്ണ തരിശുരഹിത കാർഷിക സംസ്ഥാനമാക്കുന്നതിനും ഈ ബഡ്ജറ്റിൽ ഊന്നൽ നൽകുന്നു. കാർഷിക സഹകരണ മേഖലയുമായി കൈകോർത്ത് ജനങ്ങളുടെ നിക്ഷേപം നാടിന്റെ വളർച്ചയ്ക്കെന്ന ബദൽ വികസന തന്ത്രത്തിന്റെ ഫലമായാണ് കാർഷിക മേഖലയിൽ രണ്ടുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്. കേരളത്തിന്റെ സൈന്യമായ മത്സ്യ ത്തൊഴിലാളികളെ വികസനത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനും അവരുടെ ജീവന് സുരക്ഷ ഉറപ്പുവരുത്തി, സുരക്ഷിതമായ ഭവനങ്ങളും ന്യായമായ വരുമാനവുമുറപ്പാക്കാൻ സർക്കാർ എന്നും മുൻപന്തിയിൽ നിന്നിട്ടുണ്ട്. തീരസംരക്ഷണത്തിന്റെ നവീന സാങ്കേതിക വിദ്യാധിഷ്ഠിത പദ്ധതിക്ക് 5,300 കോടി രൂപയാണ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. നാനാജാതി ജനവിഭാഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ജനകീയ സർക്കാരിനെ ആക്രമിക്കുവാൻ എന്തെല്ലാം തരത്തിലുള്ള കുപ്രചരണങ്ങളാണ് നിങ്ങൾ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നത്. അതെല്ലാം കഴമ്പില്ലാത്ത ആരോപണങ്ങളാണ്. വ്യക്തിപരമായും കുടുംബപരമായുമുള്ള അവഹേളനങ്ങൾ. കേന്ദ്ര ഏജൻസികളുടെ ഒത്താശയോടു കൂടിയ കരുനീക്കങ്ങൾ. എന്തെല്ലാം വിലകുറഞ്ഞ രാഷ്ട്രീയക്കളികൾ നടത്തിയിട്ടും ജനങ്ങൾ ഈ ഗവൺമെന്റിനെ നെഞ്ചോട് ചേർത്തുതന്നെയാണ് നിർത്തിയത്. നിങ്ങളെയല്ല, ഞങ്ങളെയാണ് ജനങ്ങൾക്ക് വിശ്വാസം. പ്രകടന പത്രിക നടപ്പിലാക്കാനുള്ളത് തന്നെയാണെന്ന് പ്രതിപക്ഷത്തിനും കേന്ദ്രം ഭരിക്കുന്ന പാർട്ടിക്കും ബോദ്ധ്യപ്പെട്ടത് ഇപ്പോഴാണ്. ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ മുഴുവൻ പൂർത്തീകരിച്ചവരാണ്. രാഷ്ട്രീയ പ്രവർത്തനത്തെ അവിഹിത സ്വത്തുസമ്പാദന മാർഗ്ഗമായി മാറ്റിയവരല്ലേ കോൺഗ്രസ്സും ബി.ജെ.പി.യും? കഴിഞ്ഞ അഞ്ചുവർഷം മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയ സംശുദ്ധ ഭരണത്തെ നിങ്ങൾ ഇകഴ്ത്തിക്കാണിക്കാൻ ശ്രമിക്കുകയായിരുന്നില്ലേ? ജനങ്ങൾക്ക് ഇതെല്ലാം ഓർമ്മയുണ്ട്. ഇവിടെ ഇന്നലെയും സംസാരിക്കുന്നത് അഴിമതിയുമായി ബന്ധപ്പെട്ടാണ്. എന്താണ് അഴിമതി? പാലാരിവട്ടം പാലമല്ലേ അഴിമതി, ജ്വവലറിയുടെ പേരിലുള്ള തട്ടിപ്പല്ലേ അഴിമതി. തട്ടിപ്പിനെ ഇഞ്ചി കൃഷിയാക്കിയതല്ലേ അഴിമതി. കത്വയിലെയും ഉന്നാവയിലേയും ഇരകളുടെ പേരിൽ പിരിവ് നടത്തിയതും അഴിമതിയല്ലേ. അഴിമതി നിങ്ങൾക്കൊരു അലങ്കാരമല്ലേ. കുറച്ചുമുമ്പ് ഒരംഗം ഇവിടെ പെട്രോളിന്റെ വിലകൂടുന്നതും ക്രിക്കറ്റുകളിയുമായി ബന്ധപ്പെട്ടും സംസാരിക്കുകയുണ്ടായി. മൂന്ന് പതിറ്റാണ്ടിലേറെക്കാലം നിങ്ങളല്ലേ ഇന്ത്യയുടെ ഭരണം കൈവശം വച്ചിരുന്നത്. ആ സമയത്ത് സ്രൈക്ക് നിങ്ങളുടെ കയ്യിലല്ലായിരുന്നു; നിങ്ങൾ പെട്രോളിന്റെ വിലയെടുത്തുമാറ്റുന്നു. നിങ്ങൾ

പെട്രോളിന്റെ വില മാറ്റിയതുകൊണ്ട് കുറച്ചു കഴിഞ്ഞപ്പോൾ നിങ്ങളുടെ ചേട്ടൻ വന്നിരുന്ന് ഡീസലിന്റെ വിലയുമെടുത്തുമാറ്റുന്നു. അങ്ങനെ പെട്രോളിന്റെയും ഡീസലിന്റെയും വില നിങ്ങളെടുത്തുമാറ്റിയിട്ട് ചേട്ടനും അനിയനും ഒരുമിച്ചിരുന്ന് ഞങ്ങളെ കുറ്റം പറയുന്നതിൽ എന്താണ് കാര്യമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

3.00 pm]

മറ്റൊന്ന്, ക്രിയാത്മക പ്രതിപക്ഷമാണ്. ഇന്നലെ ഇവിടെനിന്ന് ക്രിയാത്മക പ്രതിപക്ഷം എന്നുപറയുമ്പോഴും ബി.ജെ.പി.യെ സഹായിക്കുന്ന നിലപാടല്ലേ കുഴൽപ്പണക്കേസുമായി ബന്ധപ്പെട്ട് നിങ്ങൾ സ്വീകരിച്ചത്? ഇങ്ങനെയാണ് നിങ്ങൾ തുടരുന്നതെങ്കിൽ അധികം താമസിയാതെ ബി.ജെ.പി.യുടെ അക്കൗണ്ട് കേരളത്തിലെ പ്രബുദ്ധ ജനത ക്ലോസ് ചെയ്തതുപോലെ കോൺഗ്രസ്സിന്റെ അക്കൗണ്ടും കേരളത്തിലെ ജനങ്ങൾ ക്ലോസ് ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മഹാമാരിയുടെ രണ്ടാം തരംഗം ആഞ്ഞടിക്കുമ്പോൾ സാധാരണക്കാരന്റെ പ്രതീക്ഷകളെ, ജീവിതങ്ങളെ ചേർത്തുനിർത്തുന്ന സമഗ്രമായ ബഡ്ജറ്റാണ് സഭയിൽ അവതരിപ്പിച്ചത്. കോവിഡ് കവരുന്ന സമ്പദ്‌വ്യവസ്ഥയുടെ ആത്മവിശ്വാസം തിരിച്ചുപിടിക്കാനും കേരളത്തിന്റെ വികസന സ്വപ്നങ്ങളെ ബഹുദൂരം മുന്നോട്ടുനയിക്കാനും പ്രാപ്തമായ ഈ ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കോവിഡ് മഹാമാരി ഇല്ലായിരുന്നുവെങ്കിൽ ഗവൺമെന്റ് ഈ ബഡ്ജറ്റിൽ എന്ത് പ്രതിപാദിക്കുമെന്ന് ഞാൻ ആലോചിക്കുകയായിരുന്നു. അതിനുകാരണം ഞാൻ 10 ബഡ്ജറ്റിന് സാക്ഷ്യം വഹിച്ച ഒരു നിയമസഭാ സാമാജികനാണ്. കെ. എം. മാണി സാർ അവതരിപ്പിച്ച അഞ്ച് ബഡ്ജറ്റും ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 5 ബഡ്ജറ്റും ഇപ്പോഴുള്ള ബഡ്ജറ്റുമടക്കം 11 ബഡ്ജറ്റിനാണ് ഞാൻ സാക്ഷ്യം വഹിച്ചത്. ഒരു ബഡ്ജറ്റ് പുതുക്കുമ്പോൾ ആ ബഡ്ജറ്റിന്റെ ഗൗരവം കാണേണ്ടതുണ്ട്. ഇന്നത്തെ കോവിഡ് മഹാമാരി നമ്മുടെ സംസ്ഥാനത്തിന്റെ 14 ജില്ലകളിലും വലിയ വ്യാപനം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ രോഗം പിടിപെടുന്ന നമ്മുടെ സഹോദരങ്ങളെക്കൂടാതെ ഇന്ന് ജീവിക്കാൻവേണ്ടി പൊരുതുന്ന നിരവധി സഹോദരങ്ങൾ നമ്മുടെ സംസ്ഥാനത്തും ഗ്രാമങ്ങളിലുമുണ്ടെന്നുള്ള കാര്യം പരിശോധിക്കപ്പെടേണ്ടതായുണ്ട്. ഞാൻ ഓർക്കുന്നു, യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് സാധാരണക്കാരായ കുടുംബങ്ങൾക്ക്, വ്യക്തികൾക്ക്, രോഗികൾക്ക്, കേൾവിയും സംസാരശേഷിയുമില്ലാത്ത കുട്ടികൾക്ക്, അച്ഛനും അമ്മയും നഷ്ടപ്പെട്ട

കുട്ടികൾക്ക്, വിദ്യാർത്ഥികൾക്ക് അങ്ങനെ നിരവധിപേർക്ക് കാരുണ്യത്തിന്റെ പൊൻതൂവലായ നിരവധി ബഡ്ജറ്റുകൾ പ്രഖ്യാപിച്ച ഒരു സഭയാണിത്. മുതലാളിമാർ, വൻകിട ലോബികൾ എന്നിവരെ പ്രോത്സാഹിപ്പിക്കുന്ന വലിയ ബഡ്ജറ്റിലേയ്ക്ക് ഇന്നത്തെ ബഡ്ജറ്റ് പോയിക്കൊണ്ടിരിക്കുകയാണ്. ഇന്ന് കോവിഡുമായി ബന്ധപ്പെട്ട് ചർച്ച നടത്തുമ്പോൾ, ഹാർട്ടും കിഡ്നിയുമായി ബന്ധപ്പെട്ട രോഗങ്ങൾക്ക് വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ മരുന്നിനുപോലും വകയില്ലാത്ത, ട്രീറ്റ്മെന്റ് നടത്താൻ കഴിയാത്ത നിരവധി രോഗികളുണ്ട്. അത് ആരും തിരിച്ചറിയുന്നില്ല.

ഇന്ന് കർഷകർ വലിയ പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയിൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, നാല് ചുരത്തിന്റെ മുകളിൽ രണ്ട് സംസ്ഥാന അതിർത്തി പങ്കിടുന്ന വയനാടിനെ, അവിടത്തെ ജനങ്ങളെ, കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കുമെന്നാണ് ഞാൻ കരുതിയത്. തെരഞ്ഞെടുപ്പിന് ഒരു മാസം മുമ്പ് ജില്ലയിൽ ഗവൺമെന്റിന്റെ പ്രോഗ്രാം ഉണ്ടായിരുന്നു. അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ കൽപ്പറ്റയിൽ വന്നപ്പോൾ വയനാടിന് 7000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. ഇവിടെ അത് പ്രതിപാദിച്ചിട്ടില്ല. ഈ 7000 കോടി രൂപയുടെ പാക്കേജ് എവിടെ? ആ 7000 കോടി രൂപയുടെ പാക്കേജ് നടപ്പാക്കിയിരുന്നെങ്കിൽ വയനാട് ജില്ലയിലെ മൂന്ന് നിയോജക മണ്ഡലങ്ങളിലും കോവിഡ് പോലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ, കർഷകരുടെ പ്രശ്നങ്ങൾ, വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ, ആദിവാസി സഹോദരങ്ങളുടെ പ്രശ്നങ്ങൾ എല്ലാം പരിഹരിക്കാൻ കഴിയുമായിരുന്നു.

മഹാപ്രളയമുണ്ടായ ജില്ലയാണ് വയനാട്. വയനാട് ജില്ലയിൽ ഇന്നത്തെ പ്രതിസന്ധിയെന്ന് പറയുന്നത് കോവിഡ് മഹാമാരിയുടെ വ്യാപനംപോലെ തന്നെ ധനകാര്യ സ്ഥാപനങ്ങളും വിവിധ ബാങ്കുകളും ജപ്തി നടപടികൾ സ്വീകരിച്ച് സാധാരണക്കാരായ ജനങ്ങളെ നടുറോഡിലേയ്ക്ക് ഇറക്കിവിടുന്ന സാഹചര്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മൊറട്ടോറിയത്തിന്റെ കാര്യം പറഞ്ഞതിൽ വ്യക്തതയില്ല. മൊറട്ടോറിയം പ്രഖ്യാപിക്കുന്ന ഘട്ടങ്ങളിൽപ്പോലും ബാങ്ക് അമിത പലിശ ഈടാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ ഡോ. ടി. എം. തോമസ് ഐസക് കാപ്പിയുടെ വില 90 രൂപയാണ് പ്രഖ്യാപിച്ചത്. ഇന്ന് ഒരു കിലോ കാപ്പിക്ക് ആ രൂപപോലും കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. വന്യമൃഗ ശല്യം, വിലക്കുറവ്, ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സംഭരിക്കാൻ കഴിയാത്ത സാഹചര്യങ്ങൾ തുടങ്ങി കർഷകർ ഇന്ന് വളരെയേറെ പ്രയാസപ്പെടുകയാണ്. ഇത് കേരളത്തിലെ കർഷകരെ അവഗണിക്കുന്ന ബഡ്ജറ്റാണ്. കോവിഡുമായി

ബന്ധപ്പെട്ട് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങളെ സ്വാഗതം ചെയ്യുന്നു. പക്ഷെ സാധാരണക്കാരായ കർഷകർക്കുവേണ്ടി ഒന്നും ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല. വിദ്യാർത്ഥികൾക്ക് ഇന്ന് ഉപരിപഠനം നടത്തണമെങ്കിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് ലോൺ എടുക്കണം. അവർക്ക് പഠിക്കാൻ കഴിയുന്നില്ല; തൊഴിൽ ലഭിക്കുന്നില്ല; എടുത്ത ലോൺ അടയ്ക്കാൻ കഴിയുന്നില്ല. അത്തരം വിദ്യാർത്ഥികളെപ്പോലും ചൂഷണം ചെയ്യുന്ന നിലപാടുകൾ ഈ ഗവൺമെന്റിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുമ്പോൾ, അവർക്കെതിരെ ഒരു ചെറുവിരൽപോലും അനക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. പല വിദ്യാർത്ഥികളും ഇന്ന് ആത്മഹത്യയുടെ വക്കിലാണ്. ഇത് കാണാതെ പോകാൻ കഴിയില്ല. ഒരുപക്ഷെ എനിക്ക് കോവിഡ് വരട്ടെ; എനിക്ക് എന്തും സംഭവിക്കട്ടെ; ഈ ലോൺ അടയ്ക്കേണ്ടതില്ലല്ലോയെന്ന് അവർ പ്രാർത്ഥിക്കുന്നുണ്ടാകും. ആ രീതിയിലുള്ള നിലപാടുകൾപോലും സ്വീകരിക്കേണ്ട സാഹചര്യങ്ങളിലേയ്ക്ക് ഇന്ന് നമ്മുടെ സംസ്ഥാനത്തെ വിദ്യാർത്ഥികളും കർഷകരും എത്തിയിരിക്കുകയാണ്.

ഓൺലൈൻ പഠനത്തെ സംബന്ധിച്ച് പറയുമ്പോൾ ഞാൻ ഓർക്കുന്നു 2020 മാർച്ച് 13-ന് ഈ സഭ തൽക്കാലം പിരിഞ്ഞു. അതിന് കാരണം അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും, നിങ്ങൾ നിങ്ങളുടെ ജില്ലകളിൽ പോയി കോവിഡ് മഹാമാരിയെ നിയന്ത്രിക്കുന്നതിനുവേണ്ടി ഗവൺമെന്റിനോടൊപ്പം, ജില്ലാ ഭരണകൂടത്തോടൊപ്പം സഹകരിക്കണമെന്ന് പറഞ്ഞു. അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി 140 എം.എൽ.എ.മാരോടും വിദ്യാർത്ഥികൾക്കുവേണ്ടി നിങ്ങൾ നിങ്ങളുടെ മണ്ഡലങ്ങളിൽ ഓൺലൈൻ സംവിധാനമൊരുക്കണമെന്ന് വിളിച്ചുപറഞ്ഞു. ഞങ്ങൾ അത് ഒരുക്കുകയും ചെയ്തു. പക്ഷെ ഗവൺമെന്റ് ഏതെങ്കിലും വിദ്യാർത്ഥികൾക്ക് ഏതെങ്കിലും സ്ഥാപനത്തിൽ ഒരു മൊബൈൽ ഫോണോ ടി.വി.യോ കമ്പ്യൂട്ടറോ വാങ്ങിക്കൊടുത്തിട്ടുണ്ടോ? 140 നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.മാരുടെ ഇടപെടലോടുകൂടിത്തന്നെയാണ് ഇന്ന് ഓൺലൈൻ സംവിധാനത്തിൽ മുന്നോട്ടുപോകുന്നതെങ്കിൽ, രണ്ടാം ഘട്ടവും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് പോകുമ്പോൾ ഈ ഗവൺമെന്റ് അതിന് അടിസ്ഥാനപരമായിട്ടുള്ള തീരുമാനങ്ങളെടുക്കണം. ഇന്നും പല കുട്ടികളും ഓൺലൈൻ ക്ലാസ് പഠിക്കാൻ കഴിയാതെ, മൊബൈൽ ഫോൺ, ടി.വി., ഇന്റർനെറ്റ് എന്നിവ യില്ലാതെ പ്രയാസപ്പെടുകയാണ്. പട്ടികവർഗ്ഗ കോളനികളിൽ പഠനമുറികൾ കൊണ്ടുവന്നു. ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഇവിടെ ഇരിക്കുന്നുണ്ട്. അദ്ദേഹത്തെ കുറേകാലമായി പരിചയമുള്ളതാണ്. അദ്ദേഹം കഴിഞ്ഞ കാലഘട്ടത്തിൽ മന്ത്രിയായിരിക്കുമ്പോൾ ഒരുപാട് കാര്യങ്ങൾ

പട്ടികവർഗ്ഗ സമൂഹത്തിനുവേണ്ടി ചെയ്തതാണ്. ഇന്ന് പട്ടികവർഗ്ഗ കുട്ടികൾ പഠിക്കുന്ന പഠനമുറികൾ ഉപയോഗശൂന്യമായി നോക്കുകുത്തിയായി നിൽക്കുകയാണ്. ഇന്റർനെറ്റ്, ടി.വി, കമ്പ്യൂട്ടർ, ലാപ്ടോപ്പ് എന്നിവയില്ലാതെ അവർ വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. മാത്രമല്ല, അവർ അന്തിയുറങ്ങുന്ന കുടിലുകൾപോലും നമ്മൾ കാണേണ്ടതാണ്. ഇന്ന് കോളനികളിൽ മഹാമാരി വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. അതുസംബന്ധിച്ച് കഴിഞ്ഞ ദിവസം ഇവിടെ മെമ്പർമാർ സൂചിപ്പിച്ചു. സാധാരണ ജനങ്ങളുടെയിടയിൽ വരുന്നതുപോലെയല്ല പട്ടികവർഗ്ഗ കോളനികളിൽ ഈ കോവിഡ് വന്നുകഴിഞ്ഞാലുള്ള സ്ഥിതി. ഇന്ന് എന്റെ നിയോജകമണ്ഡലത്തിലെ നാലോളം കോളനികൾ അടച്ചിട്ടിരിക്കുകയാണ്. പട്ടികവർഗ്ഗ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി ബഹുമാന്യനായ മന്ത്രി വ്യക്തമായ ഇടപെടലുകൾ നടത്തുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഞാൻ മുന്നോട്ടുപോകുന്നത്.

കിഫ്ബിയെ ഞങ്ങളാരും എതിർത്തിട്ടില്ല. കിഫ്ബി നടത്തുന്ന നിലപാടുകളെ സംബന്ധിച്ച കുറവുകളാണ് ചൂണ്ടിക്കാണിച്ചത്. ഇവിടെ ഒരു മെമ്പർ സൂചിപ്പിച്ചു, കിഫ്ബിയുടെ ഫണ്ട് വേണ്ടായെന്ന് നിങ്ങൾക്ക് പറയാൻ പറ്റുമോയെന്ന്. ഞങ്ങൾ അതൊന്നുമല്ല പറയുന്നത്. കിഫ്ബിയിലുൾപ്പെടുത്തി പൂർത്തിയാക്കാൻ സാധിച്ച ഏതെങ്കിലുമൊരു പദ്ധതി ചൂണ്ടിക്കാണിക്കാൻ ഈ സർക്കാരിന് കഴിയുമോ? ഉദാഹരണമായി എന്റെ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മാനന്തവാടിയേയും ബത്തേരിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു റോഡിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ട് മൂന്ന് വർഷമായി. ഈ ടെണ്ടറിന്റെ നടപടിക്രമമനുസരിച്ച് യോഗ്യതയില്ലാത്ത കരാറുകാരനെ ഏൽപ്പിച്ചുകൊണ്ട് ഇന്ന് പദ്ധതികളെല്ലാം പാതിവഴിയിൽ നിൽക്കുകയാണ്. യോഗ്യതയുള്ള കരാറുകാരെ ഏൽപ്പിക്കേണ്ട ഉത്തരവാദിത്വം ആർക്കാണ്? അത് ഗവൺമെന്റിനാണ്. പല പദ്ധതികളും പല പ്രശ്നങ്ങളാണ് നേരിടുന്നത്. മരം മുറിച്ച് മാറ്റുന്നില്ല, ഇലക്ട്രിക് ലൈൻ മാറ്റുന്നില്ല, വാട്ടർ സപ്ലൈ ലൈൻ മാറ്റുന്നില്ല, അങ്ങനെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. എം.എൽ.എ.മാർ ഇടപെട്ട് പല യോഗങ്ങൾ വിളിച്ചിട്ടുപോലും വർക്ക് ഏറ്റെടുത്തവർ ഗൗരവമായി കാണുന്നില്ല. ഞങ്ങൾ ആരോടാണ് ഇതെല്ലാം പറയേണ്ടത്? കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയേണ്ടത് മന്ത്രിയോടാണ്. ആ മന്ത്രിയാണ് തീരുമാനങ്ങളെടുക്കേണ്ടതും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ വിളിച്ചു വരുത്തേണ്ടതും. അവർ എല്ലാം നിസ്സാരവൽക്കരിക്കുകയാണ്. ഞങ്ങൾ അവിടെ ഇത്ര കോടി രൂപ കൊടുത്തു, അപ്പുറത്തൊരു പദ്ധതി പ്രഖ്യാപിച്ചുവെന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല. ഇവിടെ പദ്ധതികൾ പൂർത്തീകരിച്ച്, ഈ പദ്ധതി ഞങ്ങൾ

കിഫ്ബിയിലൂടെയാണ് പൂർത്തീകരിച്ചതെന്ന് പറയാനുള്ള ആർജ്ജവമുള്ളൊരു സംവിധാനമാണ് നമുക്കുണ്ടാകേണ്ടത്. അങ്ങനെയൊരു സാഹചര്യം ഇന്നില്ല. ഈ സഭയിലെ പല എം.എൽ.എ.മാരും ഈ ഘട്ടത്തിൽ വലിയ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. പല റോഡുകളുടേയും പാലങ്ങളുടേയും കെട്ടിടങ്ങളുടേയും പണികൾ പൂർത്തിയാക്കാൻ കഴിയാതെ ജനങ്ങളുടെ ആക്ഷേപങ്ങളും പരാതികളും പരിഭവങ്ങളും കേട്ടുകൊണ്ടിരിക്കുകയാണ്. അത്തരം കാര്യങ്ങളിൽ വ്യക്തമായ ഇടപെടലുകളാണ് ഗവൺമെന്റ് സ്വീകരിക്കേണ്ടത്. മറ്റ് കാര്യങ്ങളൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. പ്രകൃതി മനോഹരമായൊരു ജില്ലയാണ് വയനാട്. അതെല്ലാവർക്കുമറിയാം. കഴിഞ്ഞ ദിവസം ഞാൻ ടൂറിസം വകുപ്പുമന്ത്രിയോട് ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംസാരിച്ചു. ടൂറിസം മേഖലയിൽ വലിയ മാറ്റമുണ്ടാക്കിയെടുക്കാൻ കഴിയുന്ന ജില്ലയാണ് വയനാട്. ലക്കിടി ചുരം മുതൽ ശ്രീ. ടി. സിദ്ദിഖ്, എം.എൽ.എ. പ്രതിനിധാനം ചെയ്യുന്ന കൽപ്പറ്റ നിയോജകമണ്ഡലത്തിലെ ലക്കിടി, പൂക്കോട് തടാകം, ബാണാസുരസാഗർ അണക്കെട്ട്, കുറ്റ്യാടിയിലെ തൊണ്ടർനാട്, കണ്ണൂർ ജില്ലയുടെ അതിർത്തി പ്രദേശമായ കുങ്കിച്ചിറ, പഴശ്ശി കുടീരം മാനന്തവാടി, തെക്കൻ കാശിയെന്നറിയപ്പെടുന്ന തിരുനെല്ലി ക്ഷേത്രം, കുറുവ ദ്വീപ്, വീര പഴശ്ശിത്തമ്പുരാൻ വെടിയേറ്റ് മൃഗീയമായി പിടഞ്ഞുവീണുമരിച്ച മാവിലാംതോട്, ബത്തേരി ജൈനക്ഷേത്രം, മുത്തങ്ങ ടൂറിസം സെന്റർ, അമ്പലവയൽ, എടയ്ക്കൽ ഗുഹ, അമ്പലവയൽ ഹെറിറ്റേജ് മ്യൂസിയം, കാരാപ്പുഴ ഡാം തുടങ്ങി വലിയ ടൂറിസം സാധ്യതകളുള്ള ജില്ലയാണ് വയനാട്. ടൂറിസം വികസനത്തിനുള്ള ഫണ്ട് വയനാട്ടിൽ കൂടുതൽ വിനിയോഗിച്ചാൽ ധാരാളം പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ കൊടുക്കാനും നിരവധി വിനോദസഞ്ചാരികളെ ജില്ലയിലേയ്ക്ക് ആകർഷിക്കാനും നമ്മുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണാനും കഴിയും. കാർഷിക മേഖലയിൽ നിരവധി മാറ്റങ്ങളുണ്ടാകും. കൂടുതൽ വ്യവസായികൾക്കും വ്യാപാരികൾക്കും അതിശക്തമായി കടന്നുവരാൻ കഴിയുന്ന ഒരു ജില്ലയെന്ന നിലയ്ക്ക് ഗവൺമെന്റ് ഈ കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തണമെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: ബഹുമാനപ്പെട്ട സ്പീക്കർ, കേരളത്തിന്റെ പുതിയ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കഴിഞ്ഞ പിണറായി വിജയൻ ഗവൺമെന്റിന്റെ അവസാന ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് ഡോ. ടി. എം. തോമസ് ഐസക് തുടങ്ങിയത് ഒരു കവിതയോടുകൂടിയാണ്.

*നേരം പുലരുകയും*

*സൂര്യൻ സർവതേജസോടെ ഉദിക്കുകയും*

*കനിവാർന്ന പൂക്കൾ വിരിയുകയും*

*വെളിച്ചം ഭൂമിയെ സ്വർഗമാക്കുകയും ചെയ്യും*

*നാം കൊറോണയ്ക്കെതിരെ*

*പോരാടി വിജയിക്കുകയും*

*ആനന്ദം നിറഞ്ഞ പുലരിയെ*

*തിരികെ എത്തിക്കുകയും ചെയ്യും...*

എന്നാണ് അദ്ദേഹത്തിന്റെ ബഡ്ജറ്റ് ആമുഖത്തിൽ ഒരു കവിത വായിച്ചത്. 2021 ജനുവരി 15-ന് ആ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിന്റെ കോവിഡ് പരിതസ്ഥിതി ഏറെ താഴ്ന്ന നിലയിലേയ്ക്ക് എത്തിക്കാൻ സാധിച്ചു. പക്ഷെ, രണ്ടാം പിണറായി ഗവൺമെന്റിന്റെ ആദ്യ ബഡ്ജറ്റ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിക്കുമ്പോൾ രണ്ടാം വ്യാപനത്തിന്റെ കെടുതികൾ നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ രണ്ടാം വ്യാപനം ഇന്ത്യയിലെ പല സംസ്ഥാനങ്ങളേയും ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണ്. കേരളം അതിനെ അതിജീവിക്കാൻ വലിയ പോരാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ബത്തേരി അംഗം ഇവിടെ ചോദിച്ചത് കോവിഡ് ഇല്ലാതിരുന്നുവെങ്കിൽ ബഡ്ജറ്റിൽ മറ്റെന്ത് പറയുമായിരുന്നുവെന്നാണ്. ഞാൻ അദ്ദേഹത്തോട് ചോദിക്കുന്നത് ഈ കോവിഡിന്റെ കാലത്തും പ്രളയകാലത്തും യു.ഡി.എഫ്. ഗവൺമെന്റാണ് കേരളത്തിൽ അധികാരത്തിലിരുന്നതെങ്കിൽ ഓരോ മലയാളിയുടെയും അവസ്ഥ പരിതാപകരമായി മാറില്ലായിരുന്നോ? പ്രതിസന്ധിഘട്ടങ്ങളിൽ ഈ നാടിനെ സംരക്ഷിക്കുന്ന ഏതെങ്കിലുമൊരു നിലപാടെടുക്കാൻ യു.ഡി.എഫ്.-ന് സാധിച്ചിട്ടുണ്ടോ? ക്ഷേമ പെൻഷനുകൾപോലും കുടിശ്ശികയായി വച്ച ചരിത്രമല്ലേ യു.ഡി.എഫ്.-ന് പറയാനുള്ളത്. അവിടെനിന്നാണ് പ്രകടനപത്രികയിൽ പറഞ്ഞതുപോലെ ക്ഷേമപെൻഷനുകൾ 1600 രൂപയായി വർദ്ധിപ്പിച്ച് അന്തസ്സായി ജനങ്ങളുടെ മുന്നിൽപോയി വോട്ടുചോദിച്ച് 99 സീറ്റുകൾ നേടി ഇടതുപക്ഷ മുന്നണി കേരളത്തിൽ അധികാരത്തിലേയ്ക്ക് തിരിച്ചുവന്നത്. ഇതൊരു ചരിത്രനിയോഗമാണ്. സഖാവ് പിണറായി വിജയന്റെ മുഖ്യമന്ത്രി സ്ഥാനത്തേയ്ക്കുള്ള തുടർച്ച, ആ ചരിത്രനിയോഗത്തിന് കേരള നിയമസഭ സാക്ഷ്യം വഹിക്കുകയാണ്. ധനകാര്യ

വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ഈ ബഡ്ജറ്റിൽ ഏറ്റവും പ്രാധാന്യം കൊടുത്തിരിക്കുന്നത് ആരോഗ്യ മേഖലയ്ക്കാണ്. 'എല്ലാത്തിനുംമുൻപേ ആരോഗ്യം' എന്നൊരു ഉറച്ച നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്. അതുതന്നെയാണ് വേണ്ടത്. ഈ കാര്യങ്ങളൊക്കെ ബത്തേരി അംഗം മനസ്സിലാക്കണം. കോവിഡിനെ പ്രതിരോധിച്ച് ഇല്ലാതാക്കിയാൽ മാത്രമേ നമ്മുടെ നാടിന് സാമ്പത്തിക അഭിവൃദ്ധിയിലേയ്ക്ക് വരാൻ കഴിയൂ. നമ്മുടെ നാടിന് മാത്രമല്ല, ലോകം മുഴുവനും അങ്ങനെ തന്നെയാണ്. എല്ലായിടത്തും സാമ്പത്തിക ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുകയാണ്. ഈ സമയത്ത് ജനങ്ങൾക്ക് സമാശ്വാസം കൊടുത്ത് ഇതിനെ അതിജീവിക്കാനാവശ്യമായ കാര്യങ്ങൾ ചെയ്യുകയെന്നതാണ് ലോകത്തിലെ എല്ലാ ഭരണകൂടങ്ങളും ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് തന്നെയാണ് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലും പ്രാതിനിധ്യം കൊടുത്തുകൊണ്ട് ചെയ്യാൻ തയ്യാറായിരിക്കുന്നത്. 2021 ജനുവരി 15-ലെ അവസ്ഥ മാറി കോവിഡിന്റെ സ്ഥിതി കൂടുതൽ ഗുരുതരമാകുമ്പോൾ ആ കാര്യങ്ങൾക്ക് ഈ ബഡ്ജറ്റിൽ കൂടുതൽ പ്രാമുഖ്യം കൊടുക്കും. അത് സ്വാഭാവികമായി സംഭവിക്കുന്നതാണ്. ആരോഗ്യവും ഭക്ഷണവും ഉറപ്പാക്കി തൊഴിലും വരുമാനവും സാമ്പത്തിക സ്ഥിതിയും മെച്ചപ്പെടുത്തുന്നതിനുള്ള നിരവധി നിർദ്ദേശങ്ങൾ അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഈ നയം നടപ്പാക്കുന്നതിനുള്ള വിവിധ സ്കീമുകളാണ് അദ്ദേഹത്തിന്റെ ഓരോ സ്കീമിലൂടെയും പറയാൻ തയ്യാറായിട്ടുള്ളത്. ഈ കോവിഡ് വ്യാപന സമയത്ത് ഒന്നാം പിണറായി വിജയൻ സർക്കാർ നടപ്പിലാക്കിയ കോവിഡ് പാക്കേജിന്റെ ഗുണഫലമനുഭവിക്കാത്ത ഏതെങ്കിലും കുടുംബം കേരളത്തിലുണ്ടോ? നേരത്തെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ക്ഷേമ പെൻഷനുകൾ അഡ്വാൻസായി നൽകിക്കൊണ്ടും കുടുംബശ്രീ യൂണിറ്റുകൾവഴി എല്ലാ സംഘങ്ങളിലേയ്ക്കും വായ്പകളെത്തിച്ചുകൊണ്ടും റേഷൻ കടകളിലും ഭക്ഷ്യധാന്യ സ്റ്റോറുകളിലുമെല്ലാം ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കിക്കൊണ്ടുമുള്ള ഏറ്റവും മികച്ച പ്രതിരോധ നടപടികൾ സ്വീകരിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. നമ്മുടെ ആശുപത്രി സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ സാധിച്ചു. പഞ്ചായത്തുകളേയും തദ്ദേശഭരണ സ്ഥാപനങ്ങളേയും സജ്ജമാക്കിക്കൊണ്ട് സി.എഫ്.എൽ.ടി.സി.-കൾ രൂപീകരിച്ചുകൊണ്ട് കോവിഡ് ബാധിതരായ ആയിരക്കണക്കിന് ആളുകൾക്ക് സമാശ്വാസം പകർന്നുകൊടുക്കാൻ സർക്കാരിന് സാധിച്ചു. ആ നിലയിൽ ഒരു പ്രതിസന്ധി കാലഘട്ടത്തിൽ ഈ ഗവൺമെന്റ് ജനങ്ങൾക്കൊപ്പം നിന്നു. ഇതിന്റെ തുടർച്ചയായാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പുതിയ ബഡ്ജറ്റിൽ പുതിയൊരു പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നത്. ആ പാക്കേജിനേയും ഇപ്പോൾ

ഇവർ കുറ്റം പറയുകയാണ്. ഞാൻ ആദ്യം പറഞ്ഞത് ഒന്നാം പിണറായി വിജയൻ സർക്കാർ നടപ്പാക്കിയ ഗുണഗണങ്ങളെപ്പറ്റിയാണ്. അതിന്റെ ആനുകൂല്യങ്ങൾ എല്ലാ കുടുംബങ്ങൾക്കും ലഭിച്ചിട്ടുണ്ട്. അതിൽ രാഷ്ട്രീയമൊന്നുമില്ലായിരുന്നു. എൽ.ഡി.എഫ്.-ന്റെ ഭാഗമായി നിൽക്കുന്നവർക്ക് മാത്രമല്ല അനുവദിച്ചത്. ഈ കേരളത്തിലുള്ള മുഴുവൻ ആളുകൾക്കും ലഭിച്ചിട്ടുണ്ട്. അതേ ഗുണഫലങ്ങൾ ഈ രണ്ടാം പാക്കേജിന്റെ ഫലമായും ജനങ്ങൾക്ക് ലഭിക്കാൻ പോകുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്കൊരു അഭ്യർത്ഥനയുണ്ട്. കോവിഡ് കാരണം രക്ഷകർത്താക്കൾ നഷ്ടപ്പെട്ട നിരവധി കുട്ടികളുണ്ട്. അവർക്ക് ഗവൺമെന്റ് ഇപ്പോൾ ഒരു സമാശ്വാസ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അതേ മാതൃകയിൽ വരുമാനദായകരായിട്ടുള്ള അംഗങ്ങൾ മരണപ്പെട്ട വീടുകളിൽ ഒരു സമാശ്വാസമെത്തിക്കാൻ ശ്രമിക്കണമെന്നുകൂടി ഈ അവസരത്തിൽ അദ്ദേഹത്തോട് അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ താലൂക്കാശുപത്രികളിൽ ചുരുങ്ങിയത് 10 ബെഡ്ഡെങ്കിലും ഉൾപ്പെടുത്തിക്കൊണ്ട് ഒരു സംവിധാനം ഒരുക്കുമെന്ന് പറഞ്ഞു. അതിനുവേണ്ടി എം.എൽ.എ. ഫണ്ട് ചെലവഴിക്കാൻ ഞങ്ങൾ തയ്യാറാണ്. ഒന്നാം കോവിഡ് വ്യാപന സമയത്ത് ഒരു കോടി രൂപ എം.എൽ.എ. ഫണ്ടിൽനിന്നും തിരുവനന്തപുരം ജനറൽ ആശുപത്രിക്കുവേണ്ടി അനുവദിച്ചിരുന്നു. അതേ മാതൃകയിൽ അടുത്ത എം.എൽ.എ. ഫണ്ടുപയോഗിച്ചു കൊണ്ട് ഈ പറയുന്ന സംവിധാനമൊരുക്കാൻ ഞാൻ തയ്യാറാണെന്ന കാര്യം ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. അതുപോലെ മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ ബ്ലോക്കുകളുണ്ടാക്കാനും ഓക്സിജൻ പ്ലാന്റുകളുണ്ടാക്കാനും കുട്ടികളുടെ ചികിത്സ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങളൊരുക്കാനും ഗവേഷണ പഠന പ്രവർത്തനങ്ങൾ നടത്താനും വാക്സിൻ യൂണിറ്റുകൾ പുതിയതായി നിർമ്മിക്കാനുമൊക്കെയുള്ള നിരവധി നല്ല നിർദ്ദേശങ്ങൾ ഭാവിയെ മുന്നിൽ കണ്ടുകൊണ്ട് ആ ബഡ്ജറ്റിന്റെ കാഴ്ചപ്പാടനുസരിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിരിക്കുകയാണ്. ഒന്നാം പിണറായി വിജയൻ ഗവൺമെന്റ് അതിന്റെ പ്രകടന പത്രികയിൽ പറഞ്ഞ മുഴുവൻ വാഗ്ദാനങ്ങളും നടപ്പാക്കിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അത്ര മെച്ചപ്പെട്ട സ്ഥിതിയിലല്ല, ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം അത് സൂചിപ്പിക്കുകയുണ്ടായി. ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് നിരവധി ദുരന്തങ്ങൾ നമുക്ക് അഭിമുഖീകരിക്കേണ്ടതായിവന്നു. 2017-ലെ ഓഖി ദുരന്തം, 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, നോട്ട് നിരോധനത്തിന്റെ പ്രശ്നം, ചരക്കുസേവന നികുതി തയ്യാറെടുപ്പില്ലാതെ നടപ്പാക്കിയതിന്റെ ഭാഗമായുണ്ടായ പ്രശ്നങ്ങൾ, കോവിഡ് 19-നെ തുടർന്നുള്ള

ലോക്ഡൗണുമായി ബന്ധപ്പെട്ട സാമ്പത്തിക പ്രശ്നങ്ങൾ അങ്ങനെ സംസ്ഥാനം നിരവധിയായ സാമ്പത്തിക പ്രയാസങ്ങൾ അഭിമുഖീകരിച്ച ഒരു ഘട്ടത്തിൽ നിന്നുകൊണ്ടാണ് പ്രകടനപത്രിക നടപ്പാക്കിയതും അത് അക്ഷരംപ്രതി ജനങ്ങൾക്ക് ലഭ്യമാക്കിയതെന്നുമുള്ളതാണ് ഏറ്റവും വലിയ പ്രത്യേകത. അതുപോലെ ഗൾഫ് രാജ്യങ്ങളിൽ നടപ്പാക്കിയ ദേശസാൽക്കരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും നേരിടേണ്ടിവന്നു. ആയിരക്കണക്കിന് പ്രവാസികളാണ് ജോലി നഷ്ടപ്പെട്ട് തിരികെ കേരളത്തിലേയ്ക്ക് വന്നത്. കേന്ദ്ര വിഹിതത്തിലുണ്ടായ കുറവും പദ്ധതികൾ വെട്ടിക്കുറയ്ക്കുന്ന സ്ഥിതിവിശേഷവും നമുക്ക് നേരിടേണ്ടിവന്നു. ഈ കേന്ദ്രത്തിനെതിരെ കൃത്യമായി സംസാരിക്കാൻ പോലും കോൺഗ്രസ് തയ്യാറാകുന്നില്ല എന്നുള്ളതാണ് മറ്റൊരു വിഷയം. നേരത്തെ സംസ്ഥാനത്തിന്റെ മൊത്ത വരുമാനത്തിന്റെ 30% വരുന്ന വരുമാനം എന്നുപറയുന്നത് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന വായ്പകളിൽനിന്നോ ഗ്രാന്റുകളിൽനിന്നോ ആണ്. ധനസഹായത്തിന്റെ ഘടന, നേരത്തെ 25% ആയിരുന്ന സംസ്ഥാന വിഹിതം ഇപ്പോൾ 40% ആക്കി മാറ്റിയിരിക്കുന്നു. കേന്ദ്രം നിർദ്ദേശിക്കുന്ന പദ്ധതികളിൽ കൂടുതൽ വിഹിതം ഇന്നിപ്പോൾ വയ്ക്കുന്നത് സംസ്ഥാന സർക്കാരാണ്. ഇപ്പോൾ ബി.ജെ.പി.യുടെ പല ആളുകളും കേരളമൊട്ടാകെ പ്രചരിപ്പിക്കുന്നത് വീട് കൊടുക്കുന്നതെല്ലാം പ്രധാൻമന്ത്രി ആവാസ് യോജന വഴിയാണെന്നാണ്. പഞ്ചായത്തുകളിൽ ആകെ 72,000 രൂപയാണ് അവർ കൊടുക്കുന്നത്. ബാക്കി മുഴുവൻ പണവും കേരള സർക്കാർ വിഹിതമാണ്. പ്രധാൻമന്ത്രി ആവാസ് യോജന (അർബൻ)-യിലും അങ്ങനെ തന്നെയാണ്. ഒന്നര ലക്ഷം രൂപ മാത്രമാണ് കേന്ദ്ര സർക്കാർ തരുന്നത്. നാലേകാൽ ലക്ഷം രൂപയിൽ ബാക്കി മുഴുവൻ പണവും കൊടുക്കുന്നത് സംസ്ഥാന സർക്കാരാണ്. ഈ പ്രതിസന്ധികൾക്കിടയിലും നീതി ആയോഗിന്റെ കണക്കനുസരിച്ച് സുസ്ഥിര വികസന സൂചികകളിൽ നമ്മൾ വീണ്ടും ഒന്നാം സ്ഥാനത്ത് വന്നിരിക്കുകയാണ്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും കേരളം വീണ്ടും ഒന്നാം സ്ഥാനം നിലനിർത്തിയിരിക്കുകയാണ്. കഴിഞ്ഞ സർക്കാർ നടപ്പാക്കിയ ഹരിത കേരളം, ലൈഫ് മിഷൻ, വിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ആർദ്രം പദ്ധതി എന്നിവ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നന്നായി സഹായിച്ചിട്ടുണ്ടെന്നുള്ള കാര്യം നമുക്കെല്ലാവർക്കും അറിയാം. 2011-16-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ശരാശരി സാമ്പത്തിക വളർച്ച 4.9 ശതമാനം ആയിരുന്നെങ്കിൽ 2019-20-ൽ എൽ.ഡി.എഫ്. കാലത്ത് അത് 5.9 ശതമാനമായി വർദ്ധിപ്പിക്കാൻ നമുക്ക് സാധിച്ചിരിക്കുകയാണ്. സാമൂഹ്യ സുരക്ഷാ പെൻഷനടക്കമുള്ള നിരവധി കാര്യങ്ങൾ സംബന്ധിച്ച് നേരത്തെ ഇവിടെ ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങളിലേയ്ക്ക്

കടക്കുന്നില്ല. പറയുന്ന എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി, വർദ്ധിപ്പിച്ചതടക്കം കൊടുക്കാൻ നമുക്ക് സാധിച്ചത് വളരെ അഭിമാനകരമായൊരു കാര്യമായി ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ നേട്ടങ്ങളുടെ തുടർച്ചയാണ് കഴിഞ്ഞതും ഇപ്പോഴത്തേതുമായ ബഡ്ജറ്റിൽ തുടർന്നുവരുന്നത്.

നൈപുണി വികസനത്തിന്റെ അടിസ്ഥാനത്തിൽ 5 വർഷംകൊണ്ട് 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നായിരുന്നു കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ സമ്പൂർണ്ണ ബഡ്ജറ്റിന്റെ ഭാഗമായി പറഞ്ഞത്. അത് കേരളത്തിലെ യുവജനങ്ങളെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടൊരു നേട്ടമായി മാറാൻ പോകുകയാണ്. അതിന്റെ തുടർച്ച ഈ ബഡ്ജറ്റിലും ഉണ്ടാകുകയാണ്. അതുപോലെതന്നെ കെ-ഡിസ്കിന് 300 കോടി രൂപ അനുവദിച്ചു. അഡീഷണലായി 100 കോടി രൂപ ഇപ്പോൾ അനുവദിച്ചുകൊണ്ട് ഏറ്റവും മികച്ച നിലയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോം തയ്യാറാക്കി അവസരങ്ങൾ സൃഷ്ടിക്കുന്നതിന് കെ-ഡിസ്കിനെ പര്യാപ്തമാക്കുകയാണ്. അതിന്റെ പ്രവർത്തനങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെതന്നെ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഈ നാട്ടിലെ അഭ്യസ്തവിദ്യരായ മുഴുവൻ ആളുകൾക്കും തൊഴിൽ ലഭിക്കുന്നതിന് ഇടയാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറാൻ പോകുകയാണ്. സ്കിൽ മിഷൻ രൂപീകരിക്കുമെന്ന് പറഞ്ഞു. അതും ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമായി മാറുകയാണ്. പട്ടിക വിഭാഗങ്ങൾ, മത്സ്യത്തൊഴിലാളികൾ, അന്ത്യോദയ വീടുകൾ എന്നീ വിഭാഗങ്ങളിലെ കുട്ടികൾക്ക് പകുതി വിലയ്ക്ക് ലാപ്ടോപ് നൽകുമെന്ന് നേരത്തെതന്നെ നമ്മൾ പ്രഖ്യാപിച്ചതാണ്. മറ്റ് വിഭാഗങ്ങൾക്ക് 25 ശതമാനം സബ്സിഡിയോടുകൂടി ലാപ്ടോപ് നൽകുമെന്ന് നേരത്തെയുള്ള ബഡ്ജറ്റിൽ വാഗ്ദാനം ചെയ്തതാണ്. അതിന്റെ തുടർച്ച സ്വാഭാവികമായും ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് രാവിലെ സഭയ്ക്ക് ഉറപ്പ് നൽകിയതാണ്. മൊബൈൽ ഫോണും ലാപ്ടോപ്പും ഇന്റർനെറ്റ് സൗകര്യങ്ങളുമില്ലാത്ത കുട്ടികളുടെ കണക്കെടുത്ത് ഞാൻ നേരത്തെ പറഞ്ഞ വിഭാഗങ്ങളിലെ വിവിധ കോർപ്പറേഷനുകൾവഴി കൊടുക്കാൻ നമുക്ക് സാധിക്കും. ഇപ്പോൾത്തന്നെ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഡിഗ്രിക്ക് പഠിക്കുന്ന കുട്ടികൾക്ക് പട്ടികജാതി വകുപ്പ് മുഖാന്തരം ലാപ്ടോപ്പുകൾ കൊടുക്കുകയാണ്. മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൊടുക്കാൻ നമുക്ക് സാധിക്കും. അതിനാവശ്യമായ പദ്ധതികൾ ഉണ്ടാകേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കും എം.എൽ.എ.മാർക്കും ഇക്കാര്യത്തിൽ ഫണ്ട് വിനിയോഗത്തിന് ഒരു ഉത്തരവ് നൽകിയാൽ അക്കാര്യങ്ങൾക്കും നമുക്ക് ഫണ്ട് വിനിയോഗിക്കാൻ കഴിയും എന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഉന്നത വിദ്യാഭ്യാസമാണ് നമ്മുടെ നാടിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കീ പോയിന്റായി ഇനി മാറേണ്ടത്. അതിനാവശ്യമായ നിരവധി

നിർദ്ദേശങ്ങൾ കഴിഞ്ഞ ബഡ്ജറ്റിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുണ്ട്. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാറ്റുന്നതിന്റെ ഭാഗമായി മൂന്നര ലക്ഷം പേർക്ക് പഠന സൗകര്യം ഒരുക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. സ്കോളർഷിപ്പ് അടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് സമയക്കുറവുമൂലം ദീർഘമായി സംസാരിക്കുന്നില്ല.

ബി.ജെ.പി. ഗവൺമെന്റിന്റെ തെറ്റായ നയങ്ങളെ തിരുത്തിക്കാൻ കോൺഗ്രസ്സെന്ന ദേശീയ പാർട്ടി ഏത് നിലയിലാണ് ഇടപെടുന്നത്; ഇവിടെ ശ്രീ. രാഹുൽ ഗാന്ധിയെ കേരളത്തിൽ കൊണ്ടുവന്ന് കടലിൽ ചാടിച്ചു. ആ ചാട്ടം ദില്ലിയിൽ ചാടിയിരുന്നുവെങ്കിൽ എന്തെങ്കിലുമൊരു പ്രയോജനമുണ്ടാകുമായിരുന്നു. ഇപ്പോൾ ഇന്ധനവില 100 രൂപയിൽ എത്തിയിരിക്കുകയാണ്. രാജ്യത്തെ 144 ജില്ലകളിൽ ഇന്ധനവില ഇന്ന് 100 രൂപ കടന്നിരിക്കുകയാണ്. ഒരു ചെറുവിരലനക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; ഇവിടെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ഭാഗമായുള്ള യുവജന സംഘടനകളും തൊഴിലാളി പ്രസ്ഥാനങ്ങളും ഇക്കാര്യം ഉന്നയിച്ചുകൊണ്ട് ഇപ്പോൾതന്നെ സമര രംഗത്താണ്. രാജ്യത്തെ പ്രധാനപ്പെട്ട പ്രതിപക്ഷം എന്നുപറയുന്ന കോൺഗ്രസ് ഏതെങ്കിലും നിലയിൽ ഇന്ധനവില വർദ്ധനവിനെതിരെ പ്രതിഷേധിക്കാൻ തയ്യാറായിട്ടുണ്ടോ; ഇന്ധനവില വർദ്ധനവ് മാത്രമല്ല, ചൂടപ്പംപോലെ ഓരോ നിയമങ്ങൾ പാസ്സാക്കുമ്പോൾ അന്ധൻമാരായി, ഒന്നും കേട്ടിട്ടില്ലാത്തവരായി ഇരിക്കുന്ന സമീപനമല്ലേ കണ്ടത്. ചിലയാളുകൾ പറഞ്ഞതെന്താണ്; യുദ്ധം ജയിക്കാനാണ് അങ്ങോട്ട് പോകുന്നതെന്നാണ്. അവരിപ്പോൾ സമാധാനമായി ഇവിടെ വന്നിരിക്കുകയാണ്. ഇങ്ങനെയുള്ള നിലപാടുകളെടുക്കുന്ന കോൺഗ്രസ്സും കോൺഗ്രസ്സിന്റെ ഘടകകക്ഷികളും ഇത് മനസ്സിലാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പണ്ടൊക്കെ നമ്മുടെ നാട്ടിൽ കൊച്ചിങ്ങ വച്ച് വിമാനങ്ങളും കളിപ്പാട്ടവുമൊക്കെ ഉണ്ടാക്കും. ഇപ്പോൾ കുട്ടികൾ കളിപ്പാട്ടം ഉണ്ടാക്കുന്നത് ഉള്ളിയും വലിയ ഉള്ളിയുമൊക്കെ വച്ചിട്ടാണ്. എന്റെ ഫേസ്ബുക്കിൽ ഒരു പടം വന്നിരുന്നു. സവാളയിൽ ഈർക്കിൽ വച്ചിട്ട് ഹെലികോപ്റ്റർ ഉണ്ടാക്കിയിരിക്കുകയാണ്. ഞാൻ കൗതുകം കാരണം ആ പടമെടുത്ത് ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു. ലക്ഷക്കണക്കിന് ജനങ്ങളാണ് അത് കണ്ടത്. അത് വൈറലായി. സംഗതിയെന്താണ്; ബി.ജെ.പി.യോടുള്ള വിരോധം ജനങ്ങളുടെ മനസ്സിലിങ്ങനെ നിൽക്കുകയാണ്. കാരണം ഓരോ ദിവസവും ഇന്ധനവില വർദ്ധനവ്, പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റ് തുലയ്ക്കുന്നു, തൊഴിലാളിദ്രോഹ നയസമീപനങ്ങൾ കൊണ്ടുവരുന്നു. ഇവിടെയെല്ലാം കോൺഗ്രസ് മൗനമായിരിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം പരിശോധിക്കാൻ ബഹുമാന്യരായ യു.ഡി.എഫ്. നേതാക്കൾ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ചില നിർദ്ദേശങ്ങൾകൂടി വച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ജി.എസ്.ടി. കോമ്പൻസേഷൻ - ഇനിയും ലഭിക്കാനുള്ള 4,000 കോടി രൂപ വാങ്ങിയെടുക്കുന്നതിനുള്ള പരിശ്രമമാണ് ഇപ്പോൾ നമ്മൾ കൂട്ടായി നടത്തേണ്ടത്. നമുക്കറിയാം, കേന്ദ്രം കേരളത്തോട് അങ്ങേയറ്റം ചിറ്റമ്മ നയ സമീപനം സ്വീകരിക്കുന്ന ഒരു കാലഘട്ടമാണ്. ആ കാലഘട്ടത്തിൽ അങ്ങേയറ്റം സമ്മർദ്ദം ചെലുത്തിക്കൊണ്ട് അത് വാങ്ങിയെടുക്കുന്നതിന് ആവശ്യമായ പരിശ്രമം നമുക്ക് നടത്തണം. ഒപ്പംതന്നെ നികുതി വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കാൻ നമുക്ക് സാധിക്കണം. ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുമെന്ന് കരുതി നികുതിചോർച്ച തടയുന്നതിൽ ചില പ്രശ്നങ്ങൾ ഉണ്ടായിട്ടില്ലേയെന്ന് ഞാൻ സംശയിക്കുകയാണ്. ഉദാഹരണത്തിന് ചെക്ക്പോസ്റ്റുകൾ - ജി.എസ്.ടി. വരുമ്പോൾ ചെക്ക്പോസ്റ്റുകൾ ഇല്ലാതാകുന്നൊരു സമീപനം ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായി. ആ ചെക്ക്പോസ്റ്റുകളുടെ അവസ്ഥ പരിശോധിച്ച് അവശ്യം വേണ്ട തിരുത്തലുകൾ വരുത്തിയാൽ ജി.എസ്.ടി. ചോർച്ച ഒഴിവാക്കാൻ സാധിക്കും. ജി.എസ്.ടി. ഒടുക്കാതെ സാധന സാമഗ്രികൾ കടത്തിക്കൊണ്ടുവരുന്നത് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആ നിലയിൽ നികുതി ചോർച്ച മനസ്സിലാക്കാൻ പരിശ്രമങ്ങൾ നടത്തണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. ഒപ്പംതന്നെ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് ജനങ്ങൾക്കും കച്ചവടക്കാർക്കും മറ്റ് വ്യാപാരികൾക്കും ഒക്കെത്തന്നെ അറിവ് കൊടുക്കാനുള്ള നിരവധി കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നമ്മുടെ നാട്ടിലുള്ള പ്രധാനപ്പെട്ടൊരു സ്ഥാപനമാണ്. ആ സ്ഥാപനത്തെ പ്രയോജനപ്പെടുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. അത് പരിശോധിക്കണം. ഈ ബഡ്ജറ്റിനെ എതിർക്കുന്നവർ കോർപ്പറേറ്റുകളെയും ശ്രീ. നരേന്ദ്ര മോദിയെയും അനുകൂലിക്കുന്ന കൂട്ടരാണ്.

"ചർച്ചകൾ ചൂടുചർച്ചകൾ

വിദ്യാദേവിതൻ കോവിലിൽ

അർച്ചകർ തമ്മിലെപ്പോഴും ചർച്ചകൾ

ഉദ്ധരിക്കുന്നു കാംയു കഫ്കയെ

ഉദ്ധരിപ്പിതാർ പാവമീ നാടിനെ"

എന്ന് കവി വൈലോപ്പിള്ളി ചോദിച്ചിട്ടുണ്ട്. അതിന്റെ ഉത്തരമാണ് സഖാവ് പിണറായി വിജയൻ ഗവൺമെന്റ് എന്ന് വളരെ അഭിമാനപുരസ്സരം പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഈ ബഡ്ജറ്റിനെ എതിർക്കുന്ന പ്രതിപക്ഷത്തോട്, "എന്തുദാരം ഹാ വാണിജ്യ സാമ്രാജ്യ തന്ത്രശാലികൾ ക്കുള്ളൊരാ പുഞ്ചിരി". ആ തന്ത്രശാലികളുടെ കള്ളപുഞ്ചിരിയെ നേരിടുന്നതിന് ഇടതുപക്ഷം തയ്യാറാക്കിയ ബഡ്ജറ്റാണ് ഈ സഭയിൽ അഭിമാനകരമായി സഖാവ് കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചിട്ടുള്ളത്. അചഞ്ചലമായ ഇച്ഛാശക്തിയോടുകൂടി നമ്മുടെ കേരളത്തിനെ മുന്നിൽനിന്ന് നയിക്കുന്ന സഖാവ് പിണറായി വിജയൻ സർക്കാരിന്റെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു. നമസ്കാരം.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂൺ മാസം 9-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.27-ന് പിരിഞ്ഞു.)

## അനുബന്ധം

**8-6-2021-ന് ശ്രീ. പി. പി. സുമോദ് സമർപ്പിച്ച ഞാവളിങ്കടവ് പാലം നിർമ്മാണം എന്ന വിഷയത്തിന്മേലുള്ള സബ്മിഷന് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ മേശപ്പുറത്തുവച്ച ഭാഗം**

നിലവിൽ പത്തിരിപ്പാലത്തെയും പെരിങ്ങോട്ടുകുറിശ്ശിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് പാതകൾ, 1. പെരിങ്ങോട്ടുകുറിശ്ശി - പാമ്പാടി -ലക്കിടി കൂട്ടുപാത - പത്തിരിപ്പാല റോഡും, 2. പെരിങ്ങോട്ടുകുറിശ്ശി - കോട്ടായി - വാവുള്ളിയാൽ - മലങ്കര - പത്തിരിപ്പാല റോഡുമാണ്. പ്രസ്തുത ഇരുപാതകളിലും ലെവൽ ക്രോസുകൾ നിലവിലുണ്ട്. എന്നാൽ ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിങ്കടവ് പാലവും അനുബന്ധ റെയിൽവേ മേൽപ്പാലവും യാഥാർത്ഥ്യമായാൽ ഏകദേശം 10 കിലോമീറ്ററോളം ഈ രണ്ടു പ്രദേശങ്ങൾ തമ്മിൽ യാത്ര ചെയ്യുന്നതിന് ദൂരം കുറവ് വരുന്നതാണ്.

പൊതുമരാമത്ത് വകുപ്പ് പ്രാരംഭ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ stimulus പാക്കേജിൽ ഉൾപ്പെടുത്തി 29 കോടി രൂപ അനുവദിച്ചെങ്കിലും റെയിൽവേയുടെ അനുമതി ഇല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. റെയിൽവേയുടെ അനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഡിസൈൻ തയ്യാറാക്കുന്നതിനുള്ള ടോപ്പോഗ്രാഫിക്ക് സ്കെച്ച് തയ്യാറാക്കുന്നതിനായി കൺസൾട്ടൻസി ചാർജസിന് വേണ്ടിയും തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. റെയിൽവേയ്ക്ക് സെന്റേജ് ചാർജ് ആയി 8.64 ലക്ഷം രൂപ അനുവദിച്ചതിനെത്തുടർന്ന് റെയിൽവേ പ്രസ്തുത പ്രവൃത്തി അംഗീകരിക്കുകയും സംസ്ഥാന സർക്കാരിന്റെ ഡെപ്പോസിറ്റ് വർക്കായി ROB നിർമ്മാണത്തിന് 4-2-2019-ന് അംഗീകാരം നൽകുകയും ചെയ്തു. ഭൂമി ഏറ്റെടുക്കുന്നതിന് 4.3 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ഇരുകരകളിലും 2 വില്ലേജുകളിലായി നിലം പരിവർത്തനത്തിനുള്ള അനുമതി ലഭിക്കാത്തതിനാൽ താമസം നേരിട്ടു. തുടർന്ന് 28-12-2019-ലെ സ.ഉ (എം.എസ്) നമ്പർ 174/2019/കൃഷി പ്രകാരം പെരിങ്ങോട്ടുകുറിശ്ശി വില്ലേജിലെ 308.40 സെന്റ് ഭൂമിയിലൂടെ എലിവേറ്റഡ് സ്ട്രക്ച്ചറായി നിർമ്മിക്കണമെന്ന വ്യവസ്ഥയോടെ നിലം പരിവർത്തനത്തിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ലക്കിടി - പേരൂർ വില്ലേജിലെ 196.46 സെന്റ് ഭൂമിയുടെ നിലം പരിവർത്തനത്തിനുള്ള അനുമതികൂടി കൃഷി വകുപ്പിൽനിന്നും ലഭിക്കാനുണ്ട്. എലിവേറ്റഡ് സ്ട്രക്ച്ചറായി പണിയുമ്പോൾ കൂടുതൽ നീളത്തിൽ പാലം പണിയേണ്ടത് കണക്കാക്കി പൊതുമരാമത്ത് പാലം വിഭാഗം പ്രസ്തുത ഭാഗങ്ങളിലെ മണ്ണ് പരിശോധന ഉൾപ്പെടെയുള്ള തുടർ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ പാലത്തിന്റെ അപ്രോച്ച് റോഡിന് ആവശ്യമായ സ്ഥലത്ത് പെഗ് മാർക്കിംഗ് നടത്തി അലൈൻമെന്റ് ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കായി റവന്യൂ അധികാരികൾക്ക് അപേക്ഷ നൽകുകയും പ്രാരംഭ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പിനായി നൽകിയ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

കൃഷി വകുപ്പിൽനിന്നും ലക്കിടി പേരൂർ വില്ലേജിലെ നിലം പരിവർത്തനത്തിനുള്ള അനുമതിയും തുടർന്ന് റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുത്ത് നൽകുകയും ചെയ്യുന്ന മുറയ്ക്ക് പാലം പ്രവൃത്തി പ്രാവർത്തികമാക്കാൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്